വിവർത്തനം - റവ. സുഗു ജോൺ ചാണ്ടി

# ക്ഷമിക്കുകയോ? ഏഴ് എഴുപതുപ്രാവശ്യമോ?



യോഹാൻ ക്രിസ്റ്റോഫ് ആർനോൾഡ്

# ക്ഷമിക്കുകയോ?

# ഏഴ് എഴുപതുപ്രാവശ്യമോ?

യോഹാൻ ക്രിസ്റ്റോഫ് ആർനോൾഡ്

**വിവർത്തനം**

**റവ. സുഗു ജോൺ ചാണ്ടി**

വളരെ കഠിനമായ ഒരു പ്രമാണമുണ്ട്.......
മാനസിക ക്ഷതമേൽക്കുമ്പോൾ അതിന്റെ ആഘാതത്തിൽ
നിന്ന് വിമുക്തിനേടുവാൻ ക്ഷമയാൽ മാത്രമേ സാദ്ധ്യമാകുകയുള്ളൂ.

**അലൻ പേയ്റ്റൻ**

# ഉള്ളടക്കം


| | | |
|---|---|---|
| | അവതാരിക | v |
| | ആമുഖം | 1 |
| 1. | കൈപ്പ് എന്ന അർബുദം | 3 |
| 2. | അതിശയങ്ങളിൽ വിശ്വസിക്കുക | 17 |
| 3. | വിദ്വേഷത്തിന്റെ ചക്രം ഉരുളുന്നത് ഇല്ലാതെയാക്കുക | 32 |
| 4. | നിങ്ങളെ പീഡിപ്പിക്കുന്നവരെ അനുഗ്രഹിക്കുക | 44 |
| 5. | ക്ഷമയോ നീതിയോ? | 59 |
| 6. | ദയാ പ്രവർത്തികൾ | 74 |
| 7. | അനുരഞ്ജനം അസാദ്ധ്യമാകുമ്പോൾ | 87 |
| 8. | ദൈനംദിന ജീവിതത്തിലെ ക്ഷമാശീലം | 94 |
| 9. | ക്ഷമ വിവാഹജീവിതത്തിൽ | 108 |
| 10. | മാതാപിതാക്കളോടുള്ള ക്ഷമ | 117 |
| 11. | ദൈവത്തെ പഴിക്കുക | 130 |
| 12. | നമ്മോടു തന്നെ ക്ഷമിക്കുക | 139 |
| 13. | ഉത്തരവാദിത്വം ഏറ്റെടുക്കുക | 149 |
| 14. | ക്ഷമ എന്ന ദീർഘയാത്ര | 156 |
| 15. | ഓളങ്ങൾ ഉളവാക്കുക | 176 |




# അവതാരിക

ക്ഷമ എന്ന സ്വർഗ്ഗീയവും ദൈവീകവുമായ ഗുണം ദൈവം മനുഷ്യന് നൽകിയിരിക്കുന്ന ഒരു മഹൽ ദാനം ആണ്. സാഹചര്യങ്ങളോട് പ്രതികരിക്കുക എന്നതാണ് മനുഷ്യസ്വഭാവം. ഈ പ്രതികരണത്തിന് വകഭേദങ്ങൾ ഉണ്ട്. Fight - എതിരിടുക, Flight - പിൻവാങ്ങുക, Fright- നിശ്ചലാവസ്ഥയിലാകുക എന്ന മൂന്നു വശങ്ങൾ മനുഷ്യജീവിതമാകുന്ന പോർകുളത്തിൽ വീക്ഷിക്കുമ്പോൾ സാധിക്കും. ധൈര്യം, ഭീരുത്വം, നിശ്ചലാവസ്ഥ, ഇവയാണ് അവയിൽ ഉൾക്കൊള്ളുന്നത്. ഈ തരത്തിലുള്ള പ്രതികരണം ഒരു പ്രാകൃത സ്വഭാവം മാത്രമാണ്. ക്ഷമ എന്ന ആശയം ഇവിടെ ദർശിക്കുവാൻ സാദ്ധ്യമല്ല.

മറക്കുക, പൊറുക്കുക എന്നീ വാക്കുകൾ നാം സാധാരണയായി ഉപയോഗിക്കാറുണ്ട്. Forget, Forgive എന്നീ ആശയങ്ങളാണ് അവ. ആ ഒരു പ്രത്യേക സംഗതിയോടു പ്രതികരിക്കാതിരിക്കുക എന്നതാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. ഇത് വസ്തുതകളെ കണ്ടില്ല എന്ന് നടിയ്ക്കുക അഥവാ കണ്ണടയ്ക്കുക എന്ന സമീപനമാണ്.

ആയതിനാൽ സാധാരണ മാനുഷീക പ്രതികരണങ്ങളിൽ നിന്നും ഉപരിയായി മനുഷ്യനിൽ ഉൾക്കൊള്ളുന്ന ദൈവ സാദൃശ്യത്തിൽ നിന്ന് ഉളവാകുന്നതാണ് ക്ഷമ. അഥവാ ദൈവസ്നേഹമാണ് മനുഷ്യന് ക്ഷമിക്കുവാൻ കഴിയുന്നതിന്റെ ചേതോവികാരം. ഈ ക്ഷമയുടെ മകുടോദാഹരണം യേശുക്രിസ്തു തന്നെയാണ്. തന്നെ ഉപദ്രവിക്കുന്നവരെ സ്നേഹിക്കുവാനുള്ള മനസ്സ് ആയിരുന്നു കർത്താവിന്റെ ക്ഷമയുടെ അടിസ്ഥാനം.

ക്ഷമ നിഷേധാത്മകമല്ല പ്രത്യുത തികച്ചും ക്രീയാത്മകമായ ഒരു ആത്മീയ പോരാട്ടമാണ്. “ഇവർ ചെയ്യുന്നത് എന്ത് എന്ന് അറിയായ്കയാൽ ഇവരോട് ക്ഷമിക്കേണമേ” എന്ന് കർത്താവു പറഞ്ഞത് കുരിശിൽ കിടന്നുകൊണ്ടാണ്. പക്ഷെ അതിന്റെ അടിസ്ഥാനമായ മാനസിക സംഘട്ടനം നടന്നത് ഗത്ശമനത്തോട്ടത്തിൽ വെച്ച് ആയിരുന്നു.

പഴയനിയമത്തിലെ ജോസഫിന്റെ കഥയിൽ നിന്ന് ഉത്ഭവിക്കുന്ന നിരവധി ചോദ്യങ്ങളാണ് ഈ പുസ്തകം വായിക്കുന്നതിനും പിന്നീട് അത് തർജ്ജിമ ചെയ്യുന്നതിനും എന്നെ പ്രേരിപ്പിച്ചത്. ജോസഫിന്റെ കഥയിലും സഹോദരന്മാരെ വീണ്ടും കാണുന്ന സമയത്ത് ഉളവാകുന്ന

മാനസീക സംഘട്ടനം വളരെ വ്യക്തമാണ്. ക്ഷമിക്കുവാനും തന്റെ മനസ്സിലെ നിഷേധാത്മകങ്ങളായി വികാരങ്ങളെ കഴുകികളയുവാനും നിരപ്പിന്റെയും സമാധാനത്തിന്റെയും ആത്മാവിനാൽ നിറയപ്പെടുവാനും ജോസഫ് സമയം എടുത്തു. കൂടാതെ തന്നെ ഉപദ്രവിച്ച സഹോദരന്മാരുടെ മനസ്സാക്ഷിയെ ചോദ്യം ചെയ്തു അവരെ മനസ്സാന്തരത്തിന്റെ അനുഭവത്തിങ്കലേക്ക് നയിക്കുവാനും ജോസഫിന് ദൈവകൃപയാൽ സാധിച്ചു.

മനുഷ്യജീവിതം എന്ന യാഥാർത്ഥ്യത്തിൽ ഈ ക്രിസ്തീയ ക്ഷമ പ്രദർശിപ്പിച്ച നിരവധി വ്യക്തികളുടെ അനുഭവങ്ങളാണ് ഗ്രന്ഥകാരൻ ഈ പുസ്തകത്തിൽ വിവരിക്കുന്നത്.

മാർച്ച്, 2011

റവ. സുഗു ജോൺ ചാണ്ടി
കോട്ടയം

# ആമുഖം

1995 സെപ്റ്റംബർ മാസം ഒരു ദിവസം രാവിലെ ഞാൻ വർത്തമാനപത്രം തുറന്നു നോക്കിയപ്പോൾ കണ്ടവാർത്ത എന്നെ ഞെട്ടിച്ചു. പതിനേഴുവയസ്സു പ്രായം വരുന്ന ആ സ്ഥലവാസിയായ ഒരു പെൺകുട്ടിയെ പകൽ സമയം തട്ടിക്കൊണ്ടു പോയി ലൈംഗിക പീഡനം നടത്തി വധിച്ചു എന്നതായിരുന്നു വാർത്ത. ഒരാഴ്ചയ്ക്കകം കുറ്റകൃത്യം നടത്തിയ കുടുംബസുഹൃത്ത് കുറ്റസമ്മതം നടത്തി. അവളെ അടുത്തുള്ള ഒരു കാട്ടിൽ കൊണ്ടുപോയി പീഡിപ്പിച്ചതിനുശേഷം കുലചെയ്ത് അവളുടെ മൃതദേഹം അയാൾ ഒളിപ്പിച്ചു.

സ്ഥലവാസികളുടെ പ്രതികരണം ഊഹിക്കാവുന്നതാണ്. കുറ്റകൃത്യം ചെയ്തവൻ മരണയോഗ്യൻ, തീർച്ചയായും ശിക്ഷിക്കപ്പെടണം. വധശിക്ഷയെക്കാൾ കുറവായി മറ്റൊന്നും നൽകുവാനില്ല. ആ സംസ്ഥാനത്തിന്റെ നിയമം അനുശാസിക്കുന്ന തരത്തിൽ അയാൾ ആ ശിക്ഷയ്ക്ക് അർഹനായിരുന്നു. പക്ഷേ, ഗവൺമെന്റിന്റെ വക്കീൽ ശവശരീരം കണ്ടുപിടിക്കുന്നതിൽ സഹായിക്കുകയാണെങ്കിൽ 20 വർഷത്തിൽ കുറവായ ഒരു ശിക്ഷ നൽകുവാൻ കോടതിയെ ബോധിപ്പിക്കാമെന്ന് വാഗ്ദാനം നൽകി. പക്ഷേ, മൃതദേഹം കണ്ടെടുത്തതിനുശേഷം അയാൾ തന്റെ വാഗ്ദാനത്തിൽ നിന്ന് അദ്ദേഹം പിൻമാറി എന്നു മാത്രമല്ല സമീപകാലങ്ങളിൽ വധശിക്ഷയ്ക്കു വേണ്ടി വാദിക്കുന്ന ആദ്യ വക്കീലാകുമെന്ന് കൊട്ടിഘോഷിച്ചു. ജനപ്രീതി ലഭ്യമാകുന്നതിനുള്ള ഒരു സമീപനം ആയിരുന്നു അത്. പ്രാദേശിക വാർത്ത വിതരണം ഏജൻസിയുടെ ഒരു പത്രസമ്മേളനത്തിൽ, കുറ്റവാളിയെ തങ്ങളെ ഏല്പിക്കുകയാണെങ്കിൽ അവർ തന്നെ ശിക്ഷ നടപ്പാക്കുവാൻ തയ്യാറാണ് എന്ന് പറഞ്ഞ് ചുറ്റുമുള്ള മനുഷ്യരും അവരുടെ പ്രതികാര വികാരങ്ങൾ രേഖപ്പെടുത്തി.

ഈ തരത്തിലുള്ള വികാരങ്ങളും പ്രവർത്തനങ്ങളും മനസ്സിലാക്കാവുന്നതാണ് എങ്കിലും അതിദാരുണമായി വധിക്കപ്പെട്ട പെൺകുട്ടിയുടെ കുടുംബാംഗങ്ങൾക്കും സ്നേഹിതർക്കും എപ്രകാരം സമാധാനം നൽകും എന്നതിനെക്കുറിച്ച് ഞാൻ ചിന്തിച്ചു. ഒരു പട്ടക്കാരൻ എന്ന നിലയ്ക്ക് ഞാൻ ചെയ്യേണ്ടതിനെക്കുറിച്ച് എനിക്ക് ബോധമുണ്ടായിരുന്നു. ആ പെൺകുട്ടിയുടെ ശവസംസ്ക്കാര ശുശ്രൂഷയ്ക്ക് എന്റെ സഭയിലെ ചിലരെ നിയോഗിച്ചതോടൊപ്പം ആ കുട്ടിയുടെ മാതാപിതാക്കൾക്ക് ഞാൻ കുറെ പുഷ്പങ്ങൾ കൊടുത്തയക്കുകയും ചെയ്തു. എന്നാൽ എന്റെ ഹൃദയഭാരം കഠിനമായിരുന്നു. ആ കുലയാളിയെ

നേരിൽ കാണണമെന്ന് ഞാൻ ആഗ്രഹിച്ചു. ജനസമക്ഷം അയാൾ ഒരു പൈശാചികനാണ്. അയാളുടെ പൈശാചിക ചിന്തകളെ നേരിടുവാനാണ് ഞാൻ തുനിഞ്ഞത്. അതുപോലെയുള്ള ഹീനവും പൈശാചികവും ആയ പ്രവർത്തികൾ ചെയ്തതിനുശേഷം ആയുസ്സു മുഴുവനും മനസ്സമാധാനമില്ലാതെ അയാൾക്ക് ജീവിക്കേണ്ടി വരും എന്നതും എന്റെ മനസ്സിൽ ഉണ്ടായിരുന്നു.

അയാളെ ജയിലിൽ പോയി സന്ദർശിക്കുന്നത് പൊതുജനത്തിന് തെറ്റിദ്ധാരണകൾ ഉണ്ടാക്കും എന്നതിനു സംശയമില്ലായിരുന്നു. പക്ഷെ അത് എന്റെ ചുമതലയാണ് എന്ന ബോധം എന്നിൽ ഉളവായി. അതിന്റെ അനന്തരഫലമായി കുറെ മാസങ്ങൾക്കുശേഷം അയാളെ അയാളുടെ ഏകാന്ത തടവുമുറിയിൽ ഞാൻ പോയി അയാളെ സന്ദർശിച്ചു. ഒരു കൊലയാളിയെ നേരിട്ടു മുഖാമുഖം കണ്ട് അയാളോട് ഞാൻ സംസാരിച്ചു. അയാളോടൊത്ത് മണിക്കൂറുകൾ ആ സെല്ലിൽ ചിലവിട്ടതിനെ തുടർന്ന് നാനാവിധമായ ചോദ്യങ്ങൾ എന്റെ മനസ്സിൽ ഉടലെടുത്തു. ആ ചോദ്യങ്ങളുടെ അടിസ്ഥാനത്തിൽ ഉളവായ ചിന്തകളാണ് ഈ പുസ്തകം എഴുതുവാൻ എന്നെ പ്രേരിപ്പിച്ചത്.

എന്റെ സന്ദർശനങ്ങൾ കഴിഞ്ഞ് ഏകദേശം മൂന്നുമാസത്തിനുശേഷം ആ കുലയാളി തന്റെ ക്രൂരകൃത്യത്തിന്നിരയായ പെൺകുട്ടിയുടെ കുടുംബാംഗങ്ങളെ കോടതി മുറിയ്ക്കകത്ത് നേരിട്ടു കാണുകയുണ്ടായി. ആ മുറിയിൽ ജനം തിങ്ങിയിരുന്നു. അവിടെ കൊലയാളിയോടുള്ള വിദ്വേഷവും വെറുപ്പും നിഴലിച്ചിരുന്നു. കോടതി തുടങ്ങിയതിനുശേഷം ന്യായാധിപൻ വിധിവായിക്കുക എന്നതായിരുന്നു ആദ്യമായി ചെയ്തത്. പരോൾ ഇല്ലാത്ത ജീവപര്യന്തം. ഇതു വായിച്ചതിനു പുറമെ ജഡ്ജി തുടർന്നു. 'ജയിലിൽ നീ അനുഭവിക്കുവാൻ പോകുന്ന നരകയാതന നിത്യതയിലെ നിന്റെ നരകയാതനയുടെ ഒരു മുന്നറിയിപ്പ് ആകട്ടെ'.

അതിനുശേഷം പ്രതിക്ക് സംസാരിക്കുവാനുള്ള അവസരം നൽകി. ഉച്ചത്തിലും എന്നാൽ വിറയ്ക്കുന്നതുമായ സ്വരത്തിൽ ആ പെൺകുട്ടിയുടെ മാതാപിതാക്കളോട് ആ കുലയാളി തന്റെ കുറ്റത്തെക്കുറിച്ച് അനുതാപപൂർവം ക്ഷമാപണം നടത്തി. താൻ അവർക്കു വരുത്തിവെച്ച വേദനയിൽ അതീവ ദുഃഖിതനാണ് എന്നും ദൈവീക ക്ഷമയ്ക്കു വേണ്ടി നിരന്തരം പ്രാർത്ഥിക്കുന്നു എന്നു അയാൾ പറഞ്ഞു. അവിടെ കൂടിയിരുന്നവരിൽ നിന്നും കോപത്തിന്റെ സ്വരങ്ങൾ ധ്വനിച്ചു. ഇതുപോലെ ഒരു വ്യക്തിയോട് എപ്രകാരം ക്ഷമിക്കും എന്ന് ഞാൻ എന്റെ മനസ്സിൽ ഓർത്തു – ഗാഢമായി ചിന്തിച്ചു.



**അധ്യായം – 1**

# കൈപ്പ് എന്ന അർബുദം

*"സ്വയം വിഷം കുടിച്ച് ശത്രുക്കൾ ഇല്ലാതെയാകുമെന്ന് ചിന്തിക്കുന്നതാണ് വിദ്വേഷം എന്ന വികാരം".*

NELSON MANDELA

സമാധാനത്തിന്റെയും സന്തോഷത്തിന്റെയും വാതിൽ ആണ് ദീർഘക്ഷമ. കുനിഞ്ഞ് കയറത്തക്കവണ്ണം ആ വാതിൽ ഇടുങ്ങിയതും ചെറുതുമാണ്. വളരെയധികം സമയം നൽകിയാണെങ്കിൽ പോലും ആ വാതിൽ കണ്ടെത്തിയവരെക്കുറിച്ചാണ് ഈ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. അവരെക്കുറിച്ചുള്ള വിവരണങ്ങൾ വായിക്കുന്നതിൽ കൂടി ഒരു പക്ഷെ നിങ്ങൾക്കും ആ വാതിൽ കണ്ടെത്താം. അവിടെ എത്തിയാൽ നിങ്ങൾക്കു മാത്രമേ ആ വാതിൽ തുറക്കുവാൻ സാദ്ധ്യമാകൂ.

ക്ഷമിക്കുക എന്നാൽ എന്താണ്? കണ്ണിന് കണ്ണ് എന്ന രീതിയിലുള്ള മാനുഷിക നീതിയുമായി അതിനുബന്ധമില്ല. അഥവാ, അത് മറക്കുക എന്ന തരത്തിലുള്ള തുടുച്ചുമാറ്റലും അല്ല. ജീവിതം ഒരിക്കലും നീതി സംപൂർണ്ണമല്ല. ക്ഷമിക്കപ്പെടുവാൻ പാടില്ലാത്തത് പലതും വന്നുകൊണ്ടേയിരിക്കും.

നമുക്കേറ്റ ഒരു ക്ഷതമോ മുറിവോ നാം ക്ഷമിക്കുമ്പോൾ മറന്നുകളയുന്നില്ല. അതിനു പകരം ചെയ്യുവാൻ ശ്രമിക്കുന്നതിലും ഉപരിയായി അതിനെ ബോധപൂർവം നോക്കുകയും അതിന് ഉത്തരവാദിയായ വ്യക്തിയും ആയുള്ള ഉത്തമ ബന്ധം പുനർസ്ഥാപിക്കുകയും ആണ് വേണ്ടത്.

മാനസീകമായോ ആത്മീയമായോ ഒരു ക്ഷതമേൽക്കുമ്പോൾ, അതിലേക്ക് തിരിഞ്ഞ് നോക്കുക എന്നത് സർവ്വ സാധാരണമാണ്. അതിൽ യാതൊരു അപാകതയുമില്ല. എന്നാൽ മറ്റൊരാളാണ് ഇത് ചെയ്തത് എന്ന് നാം കരുതുന്നെങ്കിൽ നമ്മുടെ വേദന ആ വ്യക്തിയോടുള്ള വിദ്വേഷമോ പകയോ ആയി മാറുന്നു.

നമ്മുടെ വേദനയുടെ കാരണം ആ വ്യക്തി ആണ് എന്നത് ശരിയും ആകാം തെറ്റായ ഒരു ധാരണയും ആകാം. എന്നാൽ ഈ വിദ്വേഷം നമ്മുടെ ഹൃദയത്തിൽ അതിന്റെ അനന്തരഫലങ്ങൾ ഉളവാകുന്നു. ആ വിദ്വേഷം നമ്മെ കാർന്നു തിന്ന് മറ്റെല്ലാ വിധ ഉത്തമ ചിന്തകളെയും പ്രവർത്തനങ്ങളെയും അത് നശിപ്പിക്കുകയും ചെയ്യുന്നു.

ഹൃദയത്തിൽ വെറുപ്പിന്റെ ആത്മാവുമായി ജീവിക്കുന്ന പലരെയും നമുക്ക് കാണുവാൻ സാധിക്കും. സ്വയം പരിതാപത്തിന്റെയും വെറുപ്പിന്റെയും കാരണഭൂതരായ സംഭവങ്ങളുടെ ഓർമകൾ അവരുടെ മനസ്സിൽ തെളിഞ്ഞു കിടക്കുന്നു. അത് പടിപടിയായി മറ്റുള്ളവരുടെ മുമ്പിൽ നിരത്തിവെച്ച് ഞങ്ങൾ എന്തുമാത്രം കഷ്ടതയിലായി ഉപദ്രവിക്കപ്പെടുന്നു എന്ന് ബോധ്യമാക്കുവാൻ ശ്രമിക്കും. പുറമെ അവർ സൗമ്യതയും ശാന്തതയും നടിക്കുമെങ്കിലും അകമെ പൊട്ടിത്തെറിക്കുവാൻ പോകുന്ന അഗ്നിപർവതത്തിന്റെ തരത്തിലുള്ള വികര സമ്മർദത്തിലാണ് അവരുടെ ജീവിതം.

വിദ്വേഷ വികാരത്തിന് അടിമപ്പെട്ടു ജീവിക്കുന്നവർ അവരുടെ വേദനകളെ നിരന്തരം പ്രകടമാക്കും. നിരന്തരം കഠിനമായി അവർ പീഡിപ്പിക്കപ്പെടുന്നു എന്ന ചിന്തയ്ക്ക് മുൻഗണന നൽകുന്ന അവർ ക്ഷമയെക്കുറിച്ചും ക്ഷമിക്കുന്നതിന്റെ ആവശ്യത്തെക്കുറിച്ചും ചിന്തിക്കുന്നില്ല. എന്നാൽ ക്ഷമയെക്കുറിച്ചുള്ള ഉത്തമബോധവും മറ്റുള്ളവരോട് ക്ഷമ പ്രകടിപ്പിക്കുക എന്നതും ഈ കൂട്ടർക്ക് വളരെ ആവശ്യമാണ്. പകയും വിദ്വേഷവും നിറഞ്ഞ് ഇവർക്ക് സ്നേഹിക്കുന്നതിനുള്ള കഴിവും ആഗ്രഹവും ഇല്ലാതെയാകും.

## ജെയിൻ & ബ്രെൻഡ (Jane & Brenda)

ഏകദേശം മുപ്പത് സംവത്സരങ്ങൾക്ക് മുമ്പ് എന്റെ പിതാവും ഞാനും സ്നേഹം എന്ത് എന്നത് പ്രകടിപ്പിക്കുവാൻ സാധിക്കാത്ത ഒരു സ്ത്രീയെ സന്ദർശിച്ചു. മറ്റുള്ളവരെ സ്നേഹിക്കുവാൻ സാധിക്കുന്നില്ല എന്ന നിരാശയിൽ ജെയ്ൻ എന്നു പേരുള്ള ആ സ്ത്രീ ഞങ്ങളെ സ്വീകരണമുറിയിലേക്ക് ആനയിച്ചു. ജെയ്നിന്റെ ഭർത്താവ് മരണാസന്നനായി കിടക്കുന്നു. എന്നാൽ തന്റെ ഭർത്താവിന് ആശ്വാസവചനങ്ങൾ നൽകുവാനോ സമാധാനമേകുവാനോ ശുശ്രൂഷിക്കുവാനോ ജെയിനിന് സാധിച്ചിരുന്നില്ല.

കുറ്റമറ്റ ഒരു വനിത ആയിരുന്നു ജെയിൻ. അവൾ വളരെയധികം കഴിവുകളുള്ളവളും അതോടൊപ്പം അദ്ധ്വാനശീലമുള്ളവളും





വിശ്വസ്തയും ആയിരുന്നു. എന്നാൽ സംസാര വേളയിൽ പാറ പോലെ ഉറപ്പുള്ള ഹൃദയകാഠിന്യം അവൾ പ്രകടമാക്കി. സ്നേഹിക്കുവാൻ അവൾ മറന്നുപോയിരുന്നു.

കുറെ മാസങ്ങൾ നീണ്ടു നിന്ന കൗൺസിലിങ്ങിന്റെ ഫലമായി ഈ ഹൃദയകാഠിന്യത്തിന്റെ ഉറവിടം വെളിവാക്കപ്പെട്ടു. മറ്റുള്ളവരോട് ക്ഷമിക്കുവാൻ അവൾക്ക് കഴിഞ്ഞില്ല. ഇതിനു കാരണമായ ഏതെങ്കിലും ഒരു പ്രത്യേക സംഭവത്തെ എടുത്തു കാട്ടുവാൻ അവൾക്കു സാധിച്ചില്ല എങ്കിലും ജീവിതത്തിലെ നിരവധി ചെറിയ ചെറിയ സംഭവങ്ങൾ അവളുടെ ഹൃദയത്തിൽ കുമിഞ്ഞു കൂടിയിരുന്നു. ആയിരക്കണക്കിനുള്ള ചെറിയ ചെറിയ വിദ്വേഷങ്ങളാൽ അവൾ കെട്ടപ്പെട്ടിരുന്നു.

ദൈവീക കൃപയാൽ ഈ വക ബന്ധനങ്ങളിൽ നിന്ന് വിടുതൽ പ്രാപിപ്പാനും ജീവിതത്തിന്റെ സന്തോഷം വീണ്ടെടുപ്പാനും ജയിനിന് സാദ്ധ്യമായി. എന്നാൽ ബ്രെൻഡ എന്ന സ്ത്രീയുടെ കഥ ഇതായിരുന്നില്ല. വർഷങ്ങളായി സ്വന്തം മാതുലനാൽ ലൈംഗീക പീഠനത്തിന് അവൾ ഇരയായിരുന്നു. ആയത് മൂലമേറ്റ മാനസിക വിദ്വേഷം മറയ്ക്കുവാൻ അയാൾ അവളിൽ മദ്യാസക്തി വർദ്ധിപ്പിച്ചു. പീഡിപ്പിച്ചിരുന്ന അങ്കിൾ എല്ലാ ദിവസവും വോഡ്കാ എന്ന മദ്യം അവൾക്ക് നൽകി. ഒടുവിൽ അയാളിൽ നിന്ന് രക്ഷപ്രാപിക്കാൻ സാധിച്ചു എങ്കിലും അയാളുടെ സ്വാധീനങ്ങൾ അവളിൽ നിലനിന്നു.

ഞാൻ ബ്രെൻഡയെ പരിചയപ്പെടുമ്പോൾ തന്നെ അവൾ സൈക്രിയാട്രിക് കൗൺസിലിംഗിന് വിധേയയായിരുന്നു. അവൾക്ക് ഉത്തമമായ ഒരു ജോലിയും സഹൃദയരായ നിരവധി സ്നേഹിതരും ഉണ്ടായിരുന്നു. അവർ ആത്മാർത്ഥമായി ബ്രെൻഡയെ ഉത്തമജീവിതത്തിന് സഹായിച്ചു എങ്കിലും പഴയ അനുഭവങ്ങളെ മറക്കുവാൻ അവൾക്ക് സാധിച്ചിരുന്നില്ല. അവളുടെ മാനസിക വികാരങ്ങൾ രണ്ടുതലത്തിലേക്ക് അവളെ നയിച്ചു. ആ വികാരസമ്മർദ്ദം ചിലപ്പോൾ ചിരിയിൽ തുടങ്ങി അട്ടഹാസത്തിൽ കൂടി കരച്ചിലിലേക്കും അവൾ നീങ്ങി. ഒരു ദിവസം അമിതമായി ഭക്ഷണം കഴിച്ചു എങ്കിൽ അവൾ മറ്റൊരു ദിവസം ഉപവാസവും ശുദ്ധീകരണവും താല്പര്യപ്പെട്ടു. അവളുടെ മദ്യാസക്തി മൂലം ഓരോ ദിവസവും നിരവധി മദ്യകുപ്പികൾ അവൾ കാലിയാക്കി.

ബ്രെൻഡ കാമാസക്തനായ ഒരുവന്റെ നിരപരാധിയായ ഇര ആയിരുന്നു എന്നതിന് തർക്കമില്ല. എന്നാൽ അവൾ തന്റെ സ്വന്തം സാഹചര്യങ്ങളിൽ നിന്നു വിടുതൽ പ്രാപിപ്പാൻ ശ്രമം നടത്തിയില്ല. അവ

ളുടെ അങ്കിളിനോടു ക്ഷമിക്കുവാൻ സാധിക്കാത്തതിനാൽ നിരാശയുടെയും കോപത്തിന്റെയും വികാരങ്ങൾക്കടിമപ്പെട്ടു അങ്കിളിന്റെ ദുഃസ്വാധീന വലയിൽ തന്നെ കഴിഞ്ഞു.

ഞാൻ സഹായിക്കുവാൻ ശ്രമിച്ചിട്ടുള്ളവരിൽ ഏറ്റവും വിഷമം പിടിച്ച ഒരു വ്യക്തിയാണ് ബ്രെൻഡ. തന്റെ അങ്കിളിനോടു ക്ഷമിക്കുന്നതിൽ കൂടി മാത്രമേ അവളുടെ സാഹചര്യങ്ങളിൽ നിന്ന് വിടുതൽ പ്രാപിക്കുവാൻ സാധിക്കുകയുള്ളു എന്ന് ഞാൻ കൂടെക്കൂടെ അവളെ ഉപദേശിച്ചുവന്നു. എങ്കിലും അവളെ സ്വാധീനിക്കുവാൻ എനിയ്ക്ക് സാധിച്ചില്ല. അവളെ അയാൾ പീഡിപ്പിക്കും എന്ന ചിന്ത അകറ്റി മറ്റു ചിന്തകളിലേക്ക് വരുന്നില്ല എങ്കിൽ വിടുതൽ ലഭ്യമാകയില്ല എന്ന സത്യവും ഞാൻ അവളോടു പറഞ്ഞു. എന്നാൽ അവൾ കൂടുതൽ നിരാശയിലേക്ക് അകപ്പെട്ടു. ആത്മഹത്യാ ശ്രമം നടത്തി, ഹോസ്പിറ്റലിൽ പ്രവേശിക്കപ്പെട്ടു.

ലൈംഗീക പീഠനത്തിനിരയാകുന്നവരുടെ മുറിവുകൾ ഉണങ്ങുവാൻ താമസം നേരിടുന്നു. എന്നാൽ അവർ ആയുഷ്ക്കാലം മുഴുവൻ നിരാശയ്ക്കടിമപ്പെട്ട് ആത്മഹത്യയ്ക്ക് മുതിരേണ്ട കാര്യമില്ല. ബ്രെൻഡയുടെ അനുഭവത്തിന് സമാനമായ ചില സംഭവങ്ങളിൽ ഇരയായിത്തീർന്നവർ ക്ഷമയുടെ പാഠങ്ങളിൽ കൂടി സന്തോഷവും സമാധാനവും ഒരു പുതിയ ജീവിതവും കണ്ടെത്തിയിട്ടുണ്ട്.

## ഗ്ലെൻ ഫീൽഡർ (Glen Fielder)

പതിനാറുവയസ്സു പ്രായമായപ്പോൾ ഗ്ലെൻ ഫീൽഡർ നല്ല ഒരു കായിക താരവും ഫുട്ബോൾ കളിക്കാരനും ആയി തീർന്നു. സുപ്രസിദ്ധ ഫുട്ബോൾ താരമായ ഡേവിഡ് ബെക്കാം തന്റെ തുടക്കത്തിൽ പരിശീലനം നേടിയ ലയ്റ്റൺ ഓറിയന്റ് ഫുട്ബോൾ കമ്പനിയിൽ ഗ്ലെൻ ഒരു അംഗമായിരുന്നു. ബെക്കാം (Beckham) അവിടെ ലോക പ്രശസ്തി നേടിയപ്പോൾ അതേ സ്ഥലത്തു വളർന്നു വന്ന ഗ്ലെൻ, ജീവിതത്തിന്റെ നിശ്ചലതയിലേക്ക് ഒരു നിമിഷം കൊണ്ടു വീണുപോയി.

"1987 ജനുവരിയിൽ Chingford Community Hall ൽ വെച്ച് നടന്ന ഒരു പാർട്ടിയിൽ പങ്കെടുക്കുവാൻ എനിക്ക് ക്ഷണം ലഭിച്ചു. ആ ക്ഷണം ലഭിക്കുന്നതിനു വേണ്ടി ഞാൻ ആഗ്രഹിച്ചിരുന്നു. അതു കൊണ്ട് വളരെ സന്തോഷത്തോടു കൂടി ഞാൻ ആ പാർട്ടിയിൽ പങ്കെടുത്തു. പാതിരാത്രിയ്ക്ക് സ്വല്പം മുമ്പ് എന്റെ ഒരു സ്നേഹിതനും ഞാനും കൂടി





പുറത്തേക്ക് നടന്നു. ഒരു ചെറിയ ദൂരം കഴിഞ്ഞപ്പോൾ അഞ്ചെട്ടുപേർ അന്യോന്യം വഴക്കു കൂടുന്നതു കണ്ടു. അതുകൊണ്ട് ഞങ്ങൾ മറുവശത്തേക്ക് നടക്കുവാൻ തുടങ്ങി. അതിൽ പങ്കെടുക്കുന്നതിന് ഞങ്ങൾ യാതൊരു താല്പര്യവും ഇല്ലായിരുന്നു. ഏകദേശം ആറു മീറ്റർ നടന്നു കഴിഞ്ഞപ്പോൾ ഒരു വ്യക്തി വഴിയിൽ കിടക്കുന്നതു കണ്ട് ഞങ്ങൾ അവിടെ നിന്നു. അടിയേറ്റ് അവശനിലയിലായിരുന്നു അയാൾ. ഞാൻ കുനിഞ്ഞ്, അയാൾക്ക് സഹായം നൽകുവാനായി എന്റെ കോട്ട് അയാളുടെ തലയ്ക്കടിയിൽ വെച്ചു. എന്റെ സ്നേഹിതൻ ഒരു ആംബുലൻസ് വിളിക്കുന്നതിനായി അടുത്ത കെട്ടിടത്തിലേക്ക് ഓടുകയും ചെയ്തു.

സഹായത്തിനു വേണ്ടി ഞങ്ങൾ കാത്തിരുന്നു. എന്നാൽ വഴക്കും അടിപിടിയും കൂടിക്കൂടി വന്നു എന്നു മാത്രമല്ല അത് ഞങ്ങളുടെ സമീപത്തേക്ക് മാറിക്കൊണ്ടും ഇരുന്നു. ഒരു ചെറിയ ഭയത്തോടു കൂടി ആ സമയം ഞാൻ എഴുന്നേറ്റു നിന്നു. ആ സമയം എന്റെ തലയുടെ പുറകിൽ ഒരു അടി കിട്ടിയതായി എനിക്ക് അനുഭവപ്പെട്ടു. അതോടെ എന്റെ ബോധം നഷ്ടപ്പെടുകയും ചെയ്തു. യഥാർത്ഥത്തിൽ, ഒരു കത്തി എന്റെ പുറംതോളിന്റെ മധ്യത്തിൽ കയറിയിരുന്നു. ഞാൻ ഒരു കുത്തേറ്റു എന്ന് മാത്രമല്ല മൂന്നു നാലുപേർ കൂടി എന്നെ അതിഭീകരമായ രീതിയിൽ മർദ്ദിക്കുകയും ചെയ്തു. എന്നാൽ അത് ഒന്നും തന്നെ ഓർക്കുവാൻ എനിക്ക് സാധിച്ചില്ല. ഞാൻ ബോധാവസ്ഥയിലായിക്കഴിഞ്ഞതിന് ശേഷം മാത്രം ആണ് എനിയ്ക്ക് എന്താണ് സംഭവിച്ചത് എന്ന് മനസ്സിലായത്. എന്റെ നട്ടെല്ലിന് ക്ഷതമേറ്റ് ഞാൻ ആശുപത്രിയിൽ കിടക്കേണ്ടി വന്നു. ഏകദേശം മൂന്നാഴ്ചയോളം വേദന സംഹാരത്തിനും ഉറക്കത്തിനും ഉള്ള മരുന്നുകൾ അവർ എനിക്ക് നൽകി. ബോധാവസ്ഥയിലായിക്കഴിഞ്ഞതിനു ശേഷം എന്റെ അവസ്ഥയെക്കുറിച്ച് പിതാവ് എന്നോടു പറഞ്ഞു. വീൽ ചെയറിൽ എന്റെ ശിഷ്ടമുള്ള ജീവിതം നയിക്കേണ്ടി വരും എന്ന യാഥാർത്ഥ്യവും എന്റെ പിതാവ് എനിക്ക് വെളിപ്പെടുത്തി.

എന്റെ ജീവിതം അവസാനിച്ചു എന്ന ചിന്ത എന്നെ അലട്ടി. എന്റെ ഹൃദയം എന്നിൽ നിന്ന് പാടെ പിടിച്ചെടുത്തതുപോലെ എനിക്ക് അനുഭവപ്പെട്ടു. ഫുട്ബോൾ കളി എന്നതായിരുന്നു എന്റെ ജീവിതം. ഒരിക്കലും ആ കളിയിൽ പങ്കാളിയാകുവാൻ സാദ്ധ്യമല്ല എന്ന് എനിക്ക് മനസ്സിലായി. ജീവിതം അധഃപ്പതിച്ചു. എന്നും ഇതിൽ കൂടുതൽ ഒന്നും തന്നെ വരാനില്ല എന്നും ഞാൻ ചിന്തിച്ചു. പതിനൊന്നു മാസം ഞാൻ

ഹോസ്പിറ്റലിൽ കിടന്നു. പുറത്തു വന്നപ്പോൾ ഞാൻ തികച്ചും അസ്വ സ്ഥനായിരുന്നു. ഫുട്ബോളിനെ കുറിച്ചു ചിന്തിക്കുന്നത് തന്നെ എനിക്ക് മനോവേദന ഉളവാക്കി. ഞാൻ പങ്കെടുത്ത റ്റീമിന്റെ ഫോട്ടോ കൾ ഞാൻ വലിച്ചു കീറി. എന്റെ മെഡലുകളെല്ലാം തന്നെ ഞാൻ ദൂരേക്ക് വലിച്ചെറിഞ്ഞു. റ്റി.വി. യിൽ ഫുട്ബോൾ കളി കാണുന്നതു ഞാൻ വെറുത്തു."

ഗ്ലെന്നിനെ കുത്തി മുറിവേല്പിച്ചതുമായി ബന്ധിച്ച് ആറുപേർ അറ സ്റ്റിലായി. അതിൽ 18 വയസ്സുള്ള ഒരാൾക്ക് ആറ് വർഷം തടവുശിക്ഷ വിധിച്ചു. പക്ഷെ നാലുവർഷം മാത്രം ആണ് അയാൾ തടവിൽ കിട ന്നത്. ഇതിൽ ഗ്ലെൻ അത്യന്തം കോപിഷ്ടനായിത്തീർന്നു. യാതൊരു കാരണവും ഇല്ലാതെ നടന്ന ഒരു കത്തിക്കുത്തിന് ആറുവർഷം മാത്രം? ഇതിൽ എവിടെയാണ് നീതി? ആയുസ്സുമുഴുവൻ നീണ്ടുനിൽക്കുന്ന ഒരു ശിക്ഷയാണ് അകാരണമായി ഞാൻ അനുഭവിക്കേണ്ടി വരുന്നത്. പ്രതികാര വാഞ്ച എന്നിൽ വളർന്നു കൊണ്ടിരുന്നു." ഒരു വർഷത്തി നുശേഷം ഗ്ലെൻ സാധാരണ ജീവിതത്തിലേക്കുള്ള ഗമനത്തിന് ശ്രമിച്ചു.

"അത് ഇംഗ്ലണ്ടിലെ ഒരു നല്ല ഹോസ്പിറ്റൽ ആയിരുന്നു. അംഗ വൈകല്യമുള്ളവരുടെ ജീവിത രീതികൾ ക്രമപ്പെടുത്തുന്നതിന് വള രെയധികം സഹായം നൽകുകയും പുതിയ ജീവിത ചിട്ടകൾ പരിശീ ലിപ്പിക്കുകയും ചെയ്തു. എന്നാൽ എന്റെ ജീവിതം അവസാനിച്ചു എന്ന ധാരണയാണ് എന്റെ മനസ്സിൽ മുന്നിൽ നിന്നത്. അവസാനം എന്റെ മനസ്സിന്റെ ഉന്നമനത്തിന് കൂടുതൽ ബലം ലഭിച്ചു. വിവിധ ജോലികൾ ചെയ്യുന്നതിന് ഞാൻ ശ്രമിച്ചു. ആദ്യം ലഭ്യമായ ഗവൺമെന്റ് ജോലി എനിക്ക് ഇഷ്ടമായില്ല. പുറത്തുള്ള ജോലികളിലായിരുന്നു എനിക്ക് താല്പര്യം. പക്ഷെ എനിക്ക് എന്ത് ചെയ്യുവാൻ സാധിക്കും. പിന്നീട് ഞാൻ ഒരു കച്ചവട സ്ഥാപനത്തിൽ വില്പന വിഭാഗത്ത് ജോലി നോക്കി. ആ സമയത്ത് ഞാൻ എന്റെ ഭാര്യ ജൂലിയെ ആദ്യമായി കണ്ടുമുട്ടി. അവിടെ ഞാൻ തുടർന്നു. ഒരു പുതിയ ജീവിതം തുടങ്ങി.

എന്നാൽ എന്റെ മനസ്സിൽ നിറഞ്ഞു നിന്നിരുന്ന നിഷേധാത്മക മായ വികാരങ്ങൾ എന്നെ അലട്ടി. ഞാൻ ഒരു വികലാംഗനാണ് എന്ന് കാണുന്ന ഏവർക്കും മനസ്സിലാകും. എന്തുകൊണ്ട് വൈകല്യം വന്നു എന്ന് മറ്റുള്ളവർ ചോദിക്കുമ്പോൾ കുത്തുകൊണ്ടതാണ് എന്ന് പറ യേണ്ടിവരും. എന്നാൽ എന്റെ ഉള്ളിൽ നിറഞ്ഞു നിന്നിരുന്ന പകയും





വിദ്വേഷവും വെളിപ്പെടുത്തുവാൻ സാദ്ധ്യമായിരുന്നില്ല. വർഷങ്ങളോളം എന്റെ മനസ്സ് ഇളകിമറിഞ്ഞു. എന്നെ ഉപദ്രവിച്ചവനെ വകവരുത്തുന്ന തിന് ഞാൻ ആഗ്രഹിച്ചു. കിടക്കയിൽ കിടന്ന് ആ വിധത്തിലുള്ള ആഗ്ര ഹങ്ങൾ രൂപീകരിക്കുകയും ആയതിനെക്കുറിച്ചു ദിവാസ്വപ്നം കാണു കയും ചെയ്തു.

എന്നിൽ സഹതാപം പ്രകടിപ്പിക്കുന്നവരുടെ സംഭാഷണ ശകല ങ്ങൾ ഒട്ടും തന്നെ എനിക്ക് പ്രയോജനം ചെയ്തില്ല. എനിക്ക് ഇത് ഭവിച്ചിരുന്നു എങ്കിൽ അവന്റെ കാൽ ഞാൻ വെടിവെച്ച് തകർത്തേനെ – ആദിയായ തരത്തിലുള്ള പ്രസ്താവനകൾ പലരും എന്നെ സമാശ്വ സിപ്പിക്കുവാനായി നൽകിയിരുന്നത് എന്റെ വിദ്വേഷ വികാരങ്ങൾ വർദ്ധിപ്പിക്കുകയാണുണ്ടായത്.

ഭാഗ്യവശാൽ പ്രതികാരേച്ഛയിൽ നിന്ന് എന്തോ എന്നെ പിടിച്ചു പുറകോട്ടു മാറ്റി. അത് എന്തായിരുന്നു എന്ന് എനിക്ക് അറിയുവാൻ പാടില്ല. എങ്കിലും ആ ചിന്തയ്ക്കായി ഞാൻ ദൈവത്തിന് സ്തോത്രം അർപ്പിക്കുന്നു. കാലക്രമത്തിൽ എനിക്ക് ഇങ്ങനെ പറവാൻ സാധിച്ചു. "ആലോചിക്കുക, നീ ഇപ്പോഴും ജീവിക്കുന്നു. സൗന്ദര്യവും സ്നേഹവും ഉള്ള ഒരു ഭാര്യയെ നിനക്ക് ലഭിച്ചു. അരോഗദൃഢഗാത്രരായ രണ്ടു കുട്ടികളുമായി. ഒരു ജോലിയുണ്ട് സ്വന്തം ഭവനം ഉണ്ട്. ചില കടമകൾ വഹിപ്പാനുള്ള സാമ്പത്തിക ശേഷിയും ഉണ്ട്.

എന്നെ ഉപദ്രവിച്ച ആളെക്കാളും മെച്ചമായ സാഹചര്യങ്ങളിലും രീതികളിലും ഞാൻ ജീവിക്കുന്നു. എന്നെ മാരകമായി മുറിവേല്പിച്ച ആളെക്കുറിച്ച് കൂടുതലായി പലതും ഞാൻ മനസ്സിലാക്കി. അയാൾ മയക്കുമരുന്നുകൾക്ക് അടിമയും ജയിൽ വാസം പലപ്രാവശ്യം അനു ഭവിച്ചവനും ആയ ഒരു മനോരോഗി ആയിരുന്നു. അയാളുടെ കുടും ബാംഗങ്ങൾ അയാളെ വെറുത്തു. അയാളെ ഓർത്ത് അവർ ലജ്ജിച്ചു. ഇതുമായി തലനം ചെയ്തു ഞാൻ എന്നെക്കുറിച്ച് തന്നെ ഓർക്കു വാൻ തുടങ്ങി. ഞാൻ ചിന്തിച്ചു – "എന്നിൽ ഉൾക്കൊണ്ടിരിക്കുന്ന കോപവും വിദ്വേഷവും നീക്കികളയുന്നില്ല എങ്കിൽ എനിക്ക് സൃഷ്ടി പരമായി മുന്നോട്ടു ഗമിക്കുക എന്നത് അസാദ്ധ്യമാണ്." ഈ ചിന്തക ളുടെ അടിസ്ഥാനത്തിൽ അയാളോടു ക്ഷമിക്കുവാൻ ഞാൻ ശ്രമിക്കും എന്ന് ഞാൻ തീരുമാനമെടുത്തു. ഇത് ഒരു രാത്രി കൊണ്ട് സംഭവിച്ച ഒന്നല്ല. ഞാൻ സ്വയാഭിമാനിയായ ഒരു വ്യക്തിയാണ്. പെട്ടെന്ന്

അയാളുടെ അടുത്ത് ചെന്ന് ഞാൻ ക്ഷമിച്ചിരിക്കുന്നു എന്ന് പറയുവാൻ എനിക്ക് സാദ്ധ്യമായിരുന്നില്ല. ക്ഷമിക്കുന്നതിനു വേണ്ടി ഞാൻ എടുത്ത സമയം ദൈർഘ്യമുള്ളതായിരുന്നു. പെട്ടെന്നുള്ള ഒരു വൈകാരിക പ്രകടനമെന്നതിലും ഉപരിയായി വളരെ സാവധാനത്തിലുള്ള ഒരു പ്രക്രിയ ആയിരുന്നു അയാളോടും അയാൾ ചെയ്തതിനോടും ഉള്ള എന്റെ ക്ഷമ. മാനസീകവും ആത്മീകവും ആയ എന്റെ അവസ്ഥ മെച്ച മായി. എനിക്ക് ഒരു പുതിയ ജീവനും ഉന്മേഷവും യഥാർത്ഥ സൗഖ്യവും ലഭ്യമായി.

അധികനാൾ കഴിയുന്നതിനുമുമ്പെ എന്റെ ഇളയ സഹോദരൻ ഡാനി (Danny) എന്നെ ഫോണിൽ വിളിച്ചു ഒരു സന്ദേശം നൽകി – "ജേഷ്ഠനോടു പറവാൻ എനിക്ക് ഒരു ന്യൂസ് ഉണ്ട്. അച്ചായനെ ഉപദ്ര വിച്ച മനുഷ്യൻ മരിച്ചു കിടക്കുന്നതായി കാണപ്പെട്ടു". ഞാൻ മറുപടി പറഞ്ഞു, "ഡാനി, ഈ ന്യൂസിൽ എനിക്ക് യാതൊരു വികാരവും അനു ഭവപ്പെടുന്നില്ല. അയാളുടെ കുടുംബത്തെ ഓർത്ത് എനിക്ക് ദുഃഖം ഉണ്ട്. എനിക്ക് അയാളോടു യാതൊരു വിദ്വേഷവും ഇല്ല. ഞാൻ എന്റെ ജീവിത പാതയിൽ ക്രിയാത്മകമായും സൃഷ്ടിപരമായും മുന്നേറുന്നു."

ക്ഷമിക്കുക എന്നാൽ വെറുക്കുക എന്നതിന് എതിരായ തീരുമാനം എടുത്ത് അതിൽ നിരന്തരം മുന്നേറുക എന്നത്രെ ഗ്ലെന്നിന്റെയും മറ്റു പലരുടെയും ജീവിതം വെളിവാക്കുന്നത്. വിദ്വേഷം വൈരാഗ്യം ഇവ കൊണ്ട് നാം ഒന്നും തന്നെ നേടുന്നില്ല. "ക്ഷമിക്കുക മറക്കുക" ("for-give and forget") എന്ന പഴമൊഴി പലപ്പോഴും പ്രായോഗികമല്ല. മറക്കുക എന്നത് യാഥാർത്ഥ്യ ബോധത്തിന് നിരക്കാത്തതാണ്. ചെറുപ്പത്തിൽ തെറ്റായ രീതിയിൽ ലഭ്യമായ മുറിവുകൾ എങ്ങനെ മറക്കുവാൻ സാധ്യ മാകും? ഒരു വീൽചെയറിൽ ജീവിതം നയിക്കുന്ന ഒരാൾക്ക് തനിക്ക് ഒരിക്കലും നടക്കുവാൻ സാധ്യമല്ല എന്ന വസ്തുത എങ്ങിനെ മറക്കു വാൻ സാധ്യമാകും? വേദനയ്ക്കും മുറിവുകൾക്കു കാരണഭൂതനായ വനെ നേരിടേണ്ട കാര്യമുണ്ടോ? ലൈംഗികാക്രമണത്തെ തുടർന്നുള്ള വിദ്വേഷത്തള്ളലിൽ അങ്ങനെയുള്ള ആളെ കാണാതിരിക്കുകയാണ് ഉചിതമായുള്ളത്. എന്നാൽ ചിലരുടെ കാര്യത്തിൽ ഉപദ്രവിച്ചവരെ നേരിടുന്നത് ഉചിതമാണ്. അത് ജീവിതത്തിന് പുതുമ നൽകുവാൻ ഉപകാരപ്രദമാകും എന്നത് അടുത്ത കഥയിൽ വ്യക്തമാക്കപ്പെടുന്നു.





## ചാൾസ് വില്യംസ് (Charles Williams)

ജീവിതം എന്നത് 10% നിങ്ങൾക്ക് സംഭവിക്കുന്നതും 90% നിങ്ങൾ തന്നെ നിർമ്മിക്കുന്നതുമാണ്. ഇത് പറഞ്ഞത് എന്റെ സ്നേഹിതനും ഹഡ്സൺ വാലി പോലീസ് മേധാവി ആയി വിരമിച്ച ചാൾസ് വില്യംസ് (Charles Williams) ആയിരുന്നു. ആ ഡിസ്ട്രിക്ടിലെ വിദ്യാഭ്യാസ പ്രവർത്തകരുടെ ഒരു സമ്മേളനത്തിൽ അദ്ദേഹം പ്രസംഗിക്കുകയായി രുന്നു. ഞാനും അദ്ദേഹത്തിന്റെ വാക്കുകളെ ശ്രദ്ധിച്ചു. തദവസ്സരത്തിൽ അദ്ദേഹത്തെ ആദ്യമായി കണ്ടു പരിചയപ്പെട്ട സന്ദർഭം എന്റെ മന സ്സിൽ ഓർമ്മ വന്നു. അത് ഒരു ഹൈസ്ക്കൂൾ അസംബ്ളിയിൽ വെച്ച് ആയിരുന്നു. അഹിംസാമാർഗ്ഗത്തിലൂടെ സംഘട്ടനങ്ങളെ നേരിടുക എന്നതായിരുന്നു അന്നത്തെ ചിന്താവിഷയം. ഒരു കുറ്റകൃത്യത്തിനിര യായ താൻ തന്നെ ഉപദ്രവിച്ച എതിരാളിയോടു എപ്രകാരം ക്ഷമിച്ചു എന്ന് പ്രാസംഗികൻ വിവരിച്ചു. പോലീസ് മേധാവി ഈ വിവരണം ശ്രവിച്ച് അത്ഭുത സ്തബ്ധനായിത്തീർന്നു. ആയതിനെ തുടർന്നുള്ള അദ്ദേഹത്തിന്റെ മതപരിവർത്തനത്തെക്കുറിച്ച് ശ്രദ്ധിക്കുക.

ഞാൻ ചിന്തിച്ചു, "എന്തൊരു സന്ദേശം – അഹിംസാമാർഗ്ഗത്തിൽ കൂടി എതിർപ്പുകളെ നേരിടുന്നതിന് കുട്ടികളെ പഠിപ്പിക്കുക. അത് ഒരു മാന്ത്രിക ശക്തിയായി എനിക്ക് അനുഭവപ്പെട്ടു. എന്നാൽ ഞാൻ എന്നോടു തന്നെ പറഞ്ഞു. "മറന്നു കളയുവാൻ യാതൊരു മാർഗ്ഗവു മില്ല. അത് സാദ്ധ്യമല്ല. ആതരത്തിലുള്ള രീതി അസാദ്ധ്യമാണ്. അത് എന്നെ കോപിഷ്ടനാക്കും". "ഈ ക്ഷമാശീലം എന്നത് എന്നെ പറഞ്ഞു മനസ്സിലാക്കുക. എനിക്ക് അതു ഒട്ടും തന്നെ മനസ്സിലാകുന്നില്ല". പിന്നീട് ആ മീറ്റിംഗിൽ പങ്കെടുത്ത ചിലരോട് ഞാൻ ആവശ്യപ്പെട്ടു. ഞങ്ങൾ ഇതിനെക്കുറിച്ച് കൂടുതലായി സംസാരിച്ചു. ആ സമയത്ത് കൂടുതൽ കൂടുതലായി എന്റെ മനസ്സിൽ ഒരു സംഗതി വെളിപ്പെട്ടു വന്നു. എന്റെ സ്വന്ത ജീവിതത്തിൽ, ക്ഷമ ആവശ്യമുള്ളവർക്കു അത് നല്കാതെ ക്ഷമയുടെ അർത്ഥം മനസ്സിലാക്കുവാൻ സാദ്ധ്യമല്ല എന്ന വസ്തുത. എന്റെ ജീവിതത്തിൽ ഞാൻ ക്ഷമിക്കേണ്ടുന്ന ഒരു പ്രത്യേക ബന്ധം ഉണ്ടായിരുന്നു എന്റെ മാതാവുമായിട്ടുള്ള ബന്ധം.

മദ്യാസക്തിയുടേതായ ഒരു ഭവനത്തിലായിരുന്നു ഞാൻ ജനിച്ചു വളർന്നത്. എന്റെ മാതാവ് മദ്യാസക്തിയ്ക്ക് അടിമ ആയിരുന്നു എന്ന് മാത്രമല്ല കോപാകുലയായി വീട്ടിലെ പാത്രങ്ങളും മറ്റും വലിച്ചെറിയു

കയും ചെയ്തിരുന്നു. ചിലപ്പോൾ കസേരകളും മറ്റും വലിച്ചെറിഞ്ഞ്, “ഈ ലോകം ഞാൻ മടുത്തു ഇവിടെ നിന്ന് ഞാൻ പോകുന്നു' എന്ന് പറയുന്നത് ഞാൻ ഓർക്കുന്നു. ഒരു ദിവസം പിതാവിന്റെ അപേക്ഷയെയും അദ്ദേഹം തടസ്സപ്പെടുത്തുന്നതും വകവെയ്ക്കാതെ അമ്മ പുറപ്പെട്ടു പോയി. പിതാവിനു അമ്മയെ പിടിച്ചു നിർത്തുവാൻ സാധിച്ചില്ല. രണ്ടു ദിവസം കഴിഞ്ഞിട്ടും അമ്മ ജീവിച്ചിരിപ്പുണ്ടോ മരിച്ചുവോ എന്നു പോലും ഞങ്ങൾക്ക് അറിയുവാൻ പാടില്ലായിരുന്നു.

യൗവനത്തിലേക്ക് പ്രവേശിച്ചപ്പോൾ ഞാൻ കോപാകുലനാകുമായിരുന്നു. എന്റെ അമ്മയോട് എനിക്ക് അത്യധികം കോപമുണ്ടായിരുന്നു. ആ കോപത്തിൽ ഞാൻ സന്തോഷിക്കുകയും ചെയ്തു. അമ്മയോട് ക്ഷമിക്കേണ്ടതാണ് എന്ന് ഞാൻ മനസ്സിലാക്കിയതിനു ശേഷം അത് നിവർത്തിക്കുവാൻ നീണ്ട അഞ്ചുവർഷം എടുത്തു എന്നതാണ് യാഥാർത്ഥ്യം. എന്നാൽ അവസാനം ഞാൻ പൂർണമായി ക്ഷമിച്ചു. അത് ഒരു ചൊവ്വാഴ്ച ആയിരുന്നു. എന്റെ സ്വന്ത സ്ഥലമായ ലോങ്ങ് ഐലൻഡിലേക്ക് ഞാൻ കാറോടിച്ചുപോയി. അമ്മയുടെ അടുത്തുള്ള ഒരു സ്ഥലത്ത് നിന്ന് വെറും പതിനഞ്ചുമിനിറ്റ് മാറിയുള്ള ഒരു സ്ഥലത്തു നിന്ന് ഞാൻ അമ്മയ്ക്കു ഫോൺ ചെയ്തു. എനിക്ക് മറുപടി ലഭിച്ചത് പ്രത്യുത്തരം നൽകുന്ന ഉപകരണത്തിൽ നിന്ന് ആയിരുന്നു. (Answering machine). ഞാൻ തിരിഞ്ഞു പോകുവാൻ ഒരുമ്പെട്ടു. എന്റെ കടമ നിർവ്വഹിക്കപ്പെട്ടു എന്നു ഞാൻ ഒരു നിമിഷം ചിന്തിച്ചു. എന്നാൽ അവിടെ നിൽക്കുവാൻ എന്റെ മനസ്സ് ആവശ്യപ്പെട്ടു. അതിനെ തുടർന്ന് ഞാൻ ഒരു സന്ദേശം അമ്മയ്ക്ക് നൽകി. അധികം താമസിയാതെ അമ്മ തിരിച്ചു വിളിച്ചു.

എന്റെ കഥ ചുരുക്കി പറയാം. ഞാൻ ഭവനത്തിലേക്ക് കയറിച്ചെന്നു അമ്മയുടെ സമീപം ഇരുന്നു, എന്റെ ബാല്യകാലം അസ്സഹനീയമാക്കിത്തീർത്ത അമ്മയോടു പൂർണ്ണമായി ക്ഷമിച്ചു. ഒരു സംഗതി എനിക്ക് വെളിപ്പെടുത്താം. ക്ഷമിക്കുക എന്നത് അത്ര എളുപ്പമുള്ള ഒന്നായിരുന്നില്ല. എന്നാൽ, എന്റെ മനക്കണ്ണുകളിൽ ഭീകരതയുടെ സ്വരൂപം സൃഷ്ടിച്ച ഈ സ്ത്രീ വളരെ വേഗത്തിൽ സഹതാപം അർഹിക്കുന്ന ഒരു രൂപമായി അവിടെ കിടക്കുന്നു. അമ്മ ഓക്സിജൻ മുഖംമൂടി ധരിച്ചിരുന്നു. മരണാസന്നയായിരുന്നു. എനിക്ക് ഒരിക്കലും ഇല്ലാതിരുന്ന മാതാവായി ആ സ്ത്രീ ആ സമയത്തു മാറി.





അമ്മയോടു ക്ഷമിക്കുക എന്നത് എളുപ്പമായിരുന്നില്ല. ഞാൻ അമ്മയെ അതികഠിനമായി വെറുത്തിരുന്നു. ഒരു വ്യക്തി എന്ന നിലയിൽ അത് എന്നെ അലട്ടി. ഞങ്ങളുടെ വിവാഹ ബന്ധത്തിന് അത് ഉലച്ചിൽ ഉണ്ടാക്കി. ഒരു നല്ലപിതാവായിരിക്കുന്നതിന് എനിക്ക് വൈഷമ്യം നേരിട്ടു. സകലത്തെയും കളങ്കപ്പെടുത്തുന്നതായിരുന്നു എന്നിൽ അടങ്ങിയിരുന്ന രൗദ്രം.

അധികം താമസിയാതെ വില്യമിന്റെ മാതാവിന് തലച്ചോറിൽ മുഴ (Brain Tumor) ഉണ്ട് എന്ന് സ്ഥിരീകരിച്ചു. അതോടൊപ്പം ശ്വാസകോശത്തിൽ കാൻസറും ഉണ്ടായിരുന്നു. അവരുടെ മനസ്സിൽ ഒരു മൽപ്പിടിത്തം നടന്നു. തന്റെ പുത്രനുമായുള്ള ബന്ധത്തിന്റെ വീണ്ടെടുപ്പ് ആയിരുന്ന് ജീവിതാന്ത്യത്തിലെ മൽപിടുത്തം.

“എനിക്ക് എല്ലാം ശരിയാക്കണം” അമ്മ എന്നോടു പറഞ്ഞു. “ഞാൻ അമ്മയോടു പൂർണ്ണമായും ക്ഷമിച്ചിരിക്കുന്നു”. ഞാൻ മറുപടിയായി പറഞ്ഞു. അമ്മ റേഡിയേഷനു വേണ്ടി പോയി. കുറെ ദിവസം കഴിഞ്ഞ് എന്റെ സഹോദരിയുടെ ഒരു ഫോൺ സന്ദേശം എനിക്ക് ലഭിച്ചു. “വേഗം വരുക അമ്മയുടെ സ്ഥിതി വഷളാകുന്നു”. ഞാൻ ഉടൻ തന്നെ വിമാനത്തിൽ ടിക്കറ്റ് എടുത്ത് അമ്മയെ കാണുവാനായി വന്നു. ആശുപത്രിയിൽ അമ്മ കിടന്നിരുന്ന മുറിയിലേക്ക് കടന്നു ചെന്നപ്പോൾ തിരിച്ചറിയാൻ പാടില്ലാത്ത വിധം അമ്മ മാറിപ്പോയിരുന്നു. യഥാർത്ഥത്തിൽ അവർ മറ്റൊരു രൂപമായി തോന്നി. പല്ലുകൾ മുഴുവനായി നഷ്ടപ്പെട്ടിരുന്നു. മുടിപകുതിയും കൊഴിഞ്ഞു പോയിരുന്നു. അതിലും ഉപരിയായി കാഴ്ച നഷ്ടപ്പെട്ട് അന്ധയും ആയിത്തീർന്നിരുന്നു. സംസാരശക്തിയും കേൾവിയും കുറഞ്ഞ ഒരവസ്ഥ.

ഞാൻ അമ്മയുടെ സമീപം ചെന്നു പറഞ്ഞു. “അമ്മേ ഞാൻ പൂർണമായും ക്ഷമിച്ചിരിക്കുന്നു. ഞാൻ അമ്മയെ അതിയായി സ്നേഹിക്കുന്നു”. അത് ശ്രവിച്ച അമ്മ മന്ദസ്മിതം തൂകി. അതിന് ശേഷം ലോങ്ങ് ഐലൻഡിലെ (Long Island) പ്രത്യേക സംഭാഷണ ശൈലി ഉപയോഗിച്ച് ഞാൻ പറഞ്ഞു “അമ്മയുടെ പുതിയ കേശാലങ്കാരം (Hair style) ഞാൻ ഇഷ്ടപ്പെടുന്നു.” അതിനു മറുപടിയായി അമ്മയും തമാശ രൂപത്തിലുള്ള സംസാരം എന്നോട് തുടർന്നു.

അതിനെ തുടർന്ന് ഞാൻ അമ്മയുടെ അടുത്ത് ഇരുന്നു. ഞാൻ അമ്മയെ എന്തു മാത്രം സ്നേഹിക്കുന്നു എന്ന് വളരെ ശാന്തമായ

രീതിയിൽ അമ്മയോടു പറഞ്ഞു. ഇത് ഒരു പക്ഷെ അമ്മയെ കാണുന്ന അവസാന സമയമായിരിക്കും. ഒരു സമയത്ത് അമ്മയെ വിദ്വേഷിച്ചതി നാൽ കൂടുതലായി ഞാൻ അമ്മയെ ആ സമയം സ്നേഹിച്ചു. പല പ്പോഴും ഇതു മനസ്സിലാക്കുവാൻ വിഷമമാണ് – സ്നേഹവും വിദ്വേ ഷവും വേർതിരിക്കുന്ന ഒരു രേഖ ഉണ്ട് എന്ന വസ്തുത.

ആ സമയമായപ്പോൾ ഞാൻ കരയുവാൻ തുടങ്ങി. ഒരു മാതാവിനെ നഷ്ടപ്പെടുന്ന പുത്രന്റെ ദുഃഖത്തോടു കൂടിയുള്ള രോദനം എന്നിൽ നിന്ന് പുറപ്പെട്ടു. നിശ്ചലതയോടെ കിടന്നിരുന്ന അമ്മ ആ സമയം തന്റെ കൈകൾ ഉയർത്തി എന്റെ കൈകളിൽ വെച്ച് എന്നെ മൂന്നു പ്രാവശ്യം തലോടി. മരണത്തിന് 24 മണിക്കൂർ മുമ്പ് എന്റെ അമ്മ എനിക്ക് സാന്ത്വനം നൽകി.

എന്റെ അമ്മയെക്കുറിച്ച് ഓർക്കുവാൻ ഞാൻ താല്പര്യപ്പെടുന്ന ഈ അനുഭവം ഇതാണ്. പക്ഷെ ഓർക്കുക. നേരത്തെ തന്നെ ക്ഷമയുടെ അനുഭവത്തിൽ കൂടി, തകർന്നു തരിപ്പണമായ ബന്ധങ്ങളെ പുനർ സ്ഥാപിക്കുവാൻ സാധിച്ചതു മുഖാന്തരം മാത്രമാണ് ഈ ഒരു പ്രത്യേക അനുഭവം ലഭ്യമാകുവാൻ ഇടയായത്. ഈ അനുഭവത്തിന്നായി ഞാൻ ദൈവത്തിന് സ്തോത്രം കരേറ്റുന്നു."

## ഡാനിയേൽ, ഫ്രാൻസിസ്, ആൻ കോൾമാൻ (Daniel, Frances and Ann Coleman)

മുൻ കഥയിൽ സൂചിപ്പിച്ചതുപോലെ വിദ്വേഷവും പകയും ജീവിത ത്തിൽ നിഷേധാത്മകമായ കൈപ് ആണ് നൽകുന്നത്. അത് ഒരു നശീകരണ ശക്തിയാണ്. സ്വയം നശീകരണം ആണ് അതു മുഖാ ന്തരം ഉളവാകുന്നത്. കാൻസറുള്ള ഒരു സെല്ലിൽ നിന്ന് മറ്റു സെല്ലുക ളിലേക്ക് പകർന്നു പിടിക്കുന്ന വേഗത്തിൽ നമ്മുടെ ഹൃദയത്തിലെ എല്ലാ ചിന്തകളിലേക്കും ഈ കയ്പിന്റെ ആത്മാവ് പടർന്നു പിടിക്കുന്നു. ഭയം അൾസർ വലുതാക്കുന്നതു പോലെയോ ഭാരം ഹൃദയത്തിന്റെ നില വഷളാക്കുന്നതുപോലെയോ, ശാരീരികമായും വൈകാരിക മായുള്ള ഈ കയ്പ് അസ്വസ്ഥതകൾ സൂചിപ്പിക്കുന്നു. ശരിയായ രീതി യിൽ ഇതിനെ നേരിടുന്നില്ല. എങ്കിൽ ഈ കൈപ്പ് മാരകവുമാണ്. കൺഫൂഷിയസ് നൽകുന്ന ഒരു ചൈനീസ് ശകലം ഇപ്രകാരമാണ്. "പ്രതികാരത്തിന് ഒരുങ്ങുന്നവൻ രണ്ടു ശവക്കുഴി തോണ്ടണം". ഇതാണ് യഥാർത്ഥത്തിൽ എനിക്ക് പരിചയമുണ്ടായിരുന്ന ആൻ





കോൾമാൻ (Ann Coleman) എന്ന സ്ത്രീയുടെ അനുഭവം. അവരുടെ വാക്കുകളിൽ "1985 –ൽ ഒരു ദിവസം ലോസ് ആഞ്ജലസിൽ (Los Angeles) ഉള്ള എന്റെ സഹോദര പുത്രിയുടെ ഫോൺ സന്ദേശം എനിക്ക് ലഭിച്ചു. 'ആൻ, ഫ്രാൻസിസിനെ (Frances) ആരോ വെടിവെച്ചു. അവൾ മരിച്ചു പോയി.' ഇത് ശ്രവിച്ച ഉടൻ ഞാൻ അലറിക്കരഞ്ഞു. ഉടൻ തന്നെ ഒരു വിമാനത്തിൽ ഞാൻ കാലിഫോർണിയായ്ക്ക് യാത്ര ചെയ്തു. ആരെയെങ്കിലും ഞാൻ കൊല്ലും എന്ന ചിന്ത ആ സമയം എന്നിൽ വന്നുകൊണ്ടിരുന്നു. എന്റെ കൈവശം ഒരു ആയുധവും ഫ്രാൻസീസിനെ കൊന്ന ആൾ എന്റെ മുമ്പിലും ഉണ്ടായിരുന്നുവെ ങ്കിൽ ഒരു പക്ഷെ ആ കൃത്യം ഞാൻ നിർവഹിക്കുമായിരുന്നു.

വിമാനത്തിൽ നിന്ന് ഇറങ്ങിയ അവസരം എന്നിൽ എന്റെ പുത്രൻ ഡാനിയേലിനെ (Daniel) എപ്രകാരം നേരിടും എന്ന ചിന്ത നിറഞ്ഞി രുന്നു. ഡാനിയേൽ ഹാവായിൽ നിന്ന് ലോസ് ആൻജലീസിലേക്ക് പറന്നു. സർജന്റായ ഡാനിയേൽ മറ്റുള്ളവരെ വധിക്കുന്നതിന് പ്രത്യേക പരിശീലനം ലഭിച്ചിരുന്ന ഒരു പട്ടാളക്കാരൻ ആയിരുന്നു.

പിറ്റേദിവസം രാവിലെ പോലീസ് സ്റ്റേഷനിൽ എത്തിയപ്പോൾ ഞങ്ങൾക്ക് ലഭിച്ച ഏക വിവരം എന്റെ മകൾ മരിച്ചുപോയി എന്നതാ യിരുന്നു. അന്വേഷണവും മറ്റു ചുമതലകളും പോലീസിന്റേതാണ്. നാലു ദിവസത്തിനകം കുറ്റവാളികളെ കണ്ടുപിടിക്കുവാൻ സാധിക്കുന്നില്ല എങ്കിൽ പിന്നീട് ഒരു അറസ്റ്റിന് സാദ്ധ്യതയില്ല. ഇതുപോലെയുള്ള കുറ്റകൃത്യങ്ങൾ വളരെ ആയതിനാൽ നാലുദിവസത്തിൽ കൂടുതൽ ഒരു കൃത്യത്തിന്റെ അന്വേഷണത്തിന് അവർ സമയം നൽകാറില്ലായി രുന്നു.

ഇത് ഡാനിയേലിനെ വളരെയധികം പ്രകോപിപ്പിച്ചു. പോലീസ് ഡിപ്പാർട്ട്മെന്റിന് തന്റെ സഹോദരിയുടെ കൊലയാളികളെ കണ്ടുപി ടിക്കുന്നതിന് താല്പര്യമില്ല എന്ന് മനസ്സിലായപ്പോൾ ഡാനിയേൽ കുപിതനായി. ഒരു വലിയ ട്രക്കർ കൊണ്ട് സകലരെയും ഉഴുതുമറിക്ക ണമെന്ന ചിന്തയയാണ് അയാളുടെ മനസ്സിൽ കുടികൊണ്ടത്.

ഞങ്ങൾ എന്തിനെയാണ് നേരിടുവാൻ പോകുന്നത് എന്നതിന് വേണ്ട മുന്നറിയിപ്പുകൾ അവർ ഞങ്ങൾക്ക് നൽകിയിരുന്നില്ല. ഫ്രാൻസിസിന്റെ കാർ ഞങ്ങൾ വീണ്ടെടുത്തു. കാറിൽ അവളുടെ രക്ത ക്കറകൾ പുരണ്ടിരുന്നു. ആ കാറിലായിരുന്നു അവളുടെ അന്ത്യം. അവ ളുടെ രക്തധമനിയിൽ കൂടി ബുള്ളറ്റുകൾ പാഞ്ഞു. അവളുടെ ഹൃദയ

ത്തിലും ശ്വാസകോശത്തിലും ബുള്ളറ്റുകൾ ഉണ്ടായിരുന്നു. രക്തം ശ്വാസകോശത്തിൽ കയറിയാണ് അവൾ മരണമടഞ്ഞത്. ഞായറാഴ്ച രാവിലെയാണ് അവൾ മരണമടഞ്ഞത്. ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് അവളുടെ കാർ ഞങ്ങൾ എടുത്തു. അതിൽ നിന്നുള്ള ദുർഗന്ധം ഡാനിയേലിന്റെ (Daniel) മനസ്സിൽ നിറഞ്ഞു നിന്നു. ഏറ്റവും ഭയാനകരമായ രീതിയിൽ പ്രതികാരം ചെയ്യണമെന്ന് ഡാനിയേൽ (Daniel) ആഗ്രഹിച്ചു. ആരെങ്കിലും ഇതുമായി ബന്ധപ്പെട്ട എന്തെങ്കിലും ചെയ്യുമെന്ന് അവൻ പ്രത്യാശ പ്രകടിപ്പിച്ചു. ഏതെങ്കിലും തരത്തിലുള്ള നീതി തന്റെ സഹോദരിയ്ക്ക് ലഭിക്കണമെന്നും അവൻ ആഗ്രഹിച്ചു.

ഏകദേശം രണ്ടര വർഷക്കാലം ഡാനിയേൽ ഉയരത്തിൽ നിന്ന് കുത്തനെയുള്ള പാറയുടെ താഴേക്ക് എന്നപോലെ ഗമിക്കുന്നത് ഞാൻ കണ്ടു. അവസാനം തന്റെ സഹോദരിയുടെ ശവക്കുഴിക്ക് സമീപം തന്നെ ഡാനിയേലിനെയും ശവക്കുഴിയിലേക്ക് ഇറക്കി. അങ്ങനെ ഡാനിയേൽ പ്രതികാരം ചെയ്തു. പ്രതികാരത്തിന്റെ നിഷേധക ശക്തി വളരെയാണ്. ഒരുവന്റെ ആത്മാവിനെയും മനസ്സിനെയും ശരീരത്തെയും അത് നശിപ്പിക്കും.

അധ്യായം – 2

# അതിശയങ്ങളിൽ വിശ്വസിക്കുക

*"കടലിനക്കരെ കോപത്തിന്റെ മറുവശത്ത്*
*പ്രത്യാശാപൂർവ്വം കാത്തിരിക്കുക*
*മറ്റൊരു കരയിൽ എത്താമെന്ന*
*ഉത്തമ വിശ്വാസത്തിൽ ജീവിക്കുക*
*സൗഖ്യദായകങ്ങളായ അതി*
*ശയങ്ങളിലും സൗഖ്യത്തിലും വിശ്വസിക്കുക."*

SEAMUS HEANEY

## ഗോർഡൻ വിൽസൻ (Gordon wilson)

1987 –ൽ ഗോർഡൻ വിൽസൻ വടക്കെ ഐർലൻഡിൽ തന്റെ മകളുടെ കൈയ്ക്ക് പിടിച്ച് സമാധാനപരമായ ഒരു ഓർമ്മ പ്രാർത്ഥനാ സമ്മേളനത്തിൽ പങ്കുകൊള്ളുകയായിരുന്നു. ആ സമയത്ത് ഭീകരപ്രവർത്തകരുടെ ഒരു ബോംബു പൊട്ടി, അവർ അതിന്റെ അടിയിലായി. അതിന്റെ ഫലമായി മകൾ മാറി (Marie) യും വേറെ ഒൻപതു പേരും മരിച്ചുപോയി. അറുപത്തി മൂന്നു പേർ ഹോസ്പിറ്റലിനെ അഭയം പ്രാപിക്കേണ്ടിയും വന്നു.

ഗോർഡൻ പ്രതികാരത്തിന് മുതിർന്നില്ല. കഠിനമായ വാക്കുകൾ പ്രയോഗിച്ചാലും മകളെ തിരിച്ച് ലഭ്യമാകുകയോ ബെൽഫോസ്റ്റിൽ സമാധാനം കൈവരിക്കുകയോ ചെയ്യുക അസ്സാദ്ധ്യം എന്ന് അദ്ദേഹത്തിന് മനസ്സിലായി. ബോംബിങ്ങിന് ശേഷം കുറെ മണിക്കൂറുകൾ കഴിഞ്ഞ് അദ്ദേഹം BBC യോടു പറഞ്ഞു: "എനിക്ക് എന്റെ മകൾ നഷ്ടമായി. ആ നഷ്ടബോധം ഞങ്ങളുടെ ഹൃദയത്തിൽ നിലനിൽക്കുന്നു. പക്ഷെ എനിക്ക് ആരോടും പകയില്ല, വിദ്വേഷമില്ല. അവയ്ക്കൊന്നും തന്നെ എന്റെ മകളെ തിരിച്ചു നൽകുവാൻ സാദ്ധ്യമല്ല. ഇതിന്റെ അർത്ഥമോ ഉദ്ദേശമോ എന്നോടു ചോദിക്കരുത്. എനിക്ക് അതിനൊന്നും ഉത്തരം നൽകുവാൻ സാദ്ധ്യമല്ല. ഇതിന്റെയെല്ലാം പശ്ചാ

ത്തലത്തിൽ ദൈവികോദ്ദേശങ്ങളുണ്ട് എന്ന് ഞാൻ വിശ്വസിക്കുന്നു. ആ വിധത്തിൽ ചിന്തിക്കുന്നില്ല എങ്കിൽ ഒരു പക്ഷെ ഞാൻ ആത്മഹത്യയ്ക്ക് വിധേയനാകുമായിരുന്നു. ഇത് ഏറ്റവും വലിയ ഒരു പദ്ധതിയുടെ ഭാഗമായിരുന്നിരിക്കാം. ഏതായാലും ഞങ്ങൾ ഒരുമിച്ച് വീണ്ടും കൂട്ടിച്ചേർക്കപ്പെടും."

തന്റെ മകളുടെ മരണത്തിന് വേദശാസ്ത്രപരമായ ഒരു പ്രതികരണം നൽകുവാൻ താൻ ഉദ്ദേശിച്ചിരുന്നില്ല എന്ന് ഗോർഡൻ പിന്നീട് വിശദീകരിച്ചു. തന്റെ ഹൃദയത്തിന്റെ ആഴത്തിൽ വന്ന ചിന്തകൾ പുറത്തേക്കു കൊണ്ടുവരികമാത്രമാണ് താൻ ചെയ്തത്. ബോംബിങ്ങ് കഴിഞ്ഞുള്ള ദിവസങ്ങളിലും ആഴ്ചകളിലും താൻ ഉച്ചരിച്ച വചനങ്ങൾക്കനുസരിച്ച് ജീവിക്കുവാൻ ഗോർഡൻ പരിശ്രമിച്ചു. അത് എളുപ്പമായിരുന്നില്ല. എന്നാൽ അദ്ദേഹത്തിന് മുറുകെപിടിക്കുവാൻ എന്തോ ഉണ്ടായിരുന്നു. അന്ധകാരത്തിന്റെയും സങ്കടത്തിന്റേതുമായ മണിക്കൂറുകളിൽ മുറുകെ പിടിക്കുവാനുണ്ടായിരുന്നത് ദൈവവിശ്വാസം മാത്രമായിരുന്നു.

തന്റെ മകളുടെ ജീവൻ അപഹരിച്ചവർ അറിവില്ലാത്ത ദുഷ്ടന്മാർ ആണ് എന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. അവർ വിചാരണ ചെയ്യപ്പെട്ട് ശിക്ഷിക്കപ്പെടട്ടേയെന്ന് അദ്ദേഹം ചിന്തിച്ചു. എന്നാൽ പ്രതികാരത്തിന്നു വേണ്ടിയുള്ള ആഗ്രഹം അദ്ദേഹം പ്രകടിപ്പിച്ചില്ല.

"ഈ പ്രവൃത്തി ചെയ്തവർ തീർച്ചയായും ദൈവസന്നിധിയിൽ ദൈവ നീതിക്കു മുന്നിൽ നിൽക്കേണ്ടവരാണ്. എന്റെ ക്ഷമയെക്കാൾ ഉപരിയായ ഒന്നാണത്. ഭീകരപ്രവർത്തകർ വഴിയിൽ നിർലോഭം വിളയാടുന്നത് അനുകൂലിക്കുവാൻ സാധ്യമല്ല. അവർ ഈ ലോകത്തിന്റേതായുള്ള നീതിന്യായകോടതികളാൽ ശിക്ഷിക്കപ്പെട്ടാലും ഇല്ല എങ്കിലും, മാനുഷിക തലത്തിൽ ഞാൻ ക്ഷമിക്കുവാൻ തയ്യാറാകും. എന്നാൽ അവസാന വാക്ക് ദൈവത്തിന്റേതാണ്."

ഗോർഡന്റെ ഈ നിലപാട് തെറ്റിദ്ധാരണകൾക്കും പരിഹാസത്തിനും ഇടയാക്കി. എന്നാൽ ഗോർഡന്റെ ക്ഷമിക്കുവാനുള്ള തീരുമാനം ഇല്ലായിരുന്നു എങ്കിൽ തന്റെ മകൾ മടങ്ങി വരികയില്ല എന്നത് അംഗീകരിക്കുവാൻ അസ്സാദ്ധ്യമാകുമായിരുന്നു. മാത്രമല്ല, ജീവിതം മുന്നോട്ട് ഗമിക്കുന്നതിന് അത് വിലങ്ങു തടിയും ആകുമായിരുന്നു. യുക്തിപരമായ ജീവിതത്തിലും ഉപരിയായി അദ്ദേഹത്തിന്റെ ക്ഷമയിൽ കൂടി വിപുലമായ ഫലങ്ങൾ സമൂഹത്തിൽ ഉണ്ടായി. താൽക്കാലികമായാണെ





ങ്കിലും, പകയുടെയും അതിനെ തുടർന്നുള്ള നരഹത്യകളുടെയും സംഭവ പരമ്പരകളുടെയും ആയ ചക്രത്തിന് അത് അറുതിവരുത്തി. ഗോർഡന്റെ ധൈര്യം മനസ്സിലാക്കിയ പ്രോട്ടസ്റ്റന്റ് പാർലമെന്ററി വിഭാഗം ഏതെങ്കിലും തരത്തിലുള്ള പ്രതികാരത്തിനുതിരാതെ ആ പ്രശ്നം സമാധാനപരമായി തീർക്കുവാൻ ശ്രമിച്ചു.

## പിരി തോമസ് (Piri Thomas)

ഗോർഡൻ വിൽസന്റെ പെട്ടന്നു ക്ഷമിക്കുവാനുള്ള സ്വഭാവ വൈശിഷ്ട്യം അഭിനന്ദനാർഹമാണ്. എന്നാൽ അസാധാരണവുമാണ്. പക്ഷെ ഇത് വളരെ ചുരുക്കം സാഹചര്യങ്ങളിൽ മാത്രം കാണുന്ന ഒന്നാണ്. നമ്മിൽ പലർക്കും ക്ഷമ എന്നത് വേഗത്തിൽ ലഭിക്കുന്ന ഒന്നല്ല. (Down These Mean Streets) 'വൃത്തിഹീനമായ ചേരികളിലൂടെ' എന്ന പുസ്തകത്തിന്റെ എഴുത്തുകാരനായ പിരി തോമസിന്റെ (Piri Thomas) അനുഭവം ഇത് വ്യക്തമാക്കുന്നു.

ക്ഷമിക്കുകയും മറക്കുകയും ചെയ്യുക ('Forgive and forget') എന്ന വാക്യം ശ്രവിക്കുന്ന സമയത്ത് നാല്പതുകളിലും അമ്പതുകളിലും ന്യൂയോർക്ക് നഗരത്തിലെ ചേരികളിലെ ജീവിതമാണ് ഓർമ്മയിൽ വരുന്നത്. അക്രമം എന്നത് അന്നും ഇന്നും അവിടുത്തെ പ്രധാന ജീവിത ശൈലിയാണ്. ക്ഷമയാചിക്കുമ്പോൾ അത് നൽകുവാൻ വിസമ്മിക്കുന്നത് അവിടെ നിരവധി പ്രാവശ്യം ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. എന്നാൽ ചിലപ്പോൾ മറുപടിയായ 'ശരി ഞാൻ ക്ഷമിച്ചിരിക്കുന്നു എങ്കിലും ഒരിക്കലും ഈ സംഭവം ഞാൻ മറക്കുകയില്ല' എന്ന രീതിയിലുള്ള പ്രതികരണവും കാണുവാൻ സാധിക്കും.

ആ തരത്തിലുള്ള വാഗ്ദാനം നൽകിയിട്ടുള്ള നിരവധി ആളുകളുടെ കൂട്ടത്തിൽ ഞാനും ഉൾപ്പെടുന്നു. എന്റെ മാതാവായ ഡോളറെസിന്റെ (Dolores) മരണ വേളയിൽ ഞാൻ അനുഭവിച്ച വേദന ഇപ്പോഴും എന്റെ സ്മരണകളിൽ നിറഞ്ഞു നിൽക്കുന്നു. ആ സമയത്ത് എനിക്ക് പതിനേഴു വയസ്സായിരുന്നു. എന്റെ മാതാവിനെ ഈ ലോകത്തിൽ ജീവിക്കുവാൻ അനുവദിക്കാതെ എടുത്തതിന് ദൈവത്തോട് എനിക്ക് അതികഠിനമായ കോപവും വിദ്വേഷവും ഉണ്ടായി. കരുതലില്ലാത്ത ആ ദൈവത്തോടു ക്ഷമിക്കുവാൻ ഞാൻ വിസമ്മതം പ്രകടിപ്പിച്ചു. കാലാന്തരത്തിൽ ഞാൻ ദൈവത്തോടു ക്ഷമിച്ചുവെങ്കിലും അമ്മയുടെ മരണം എന്റെ ഹൃദയത്തിൽ സൃഷ്ടിച്ച വേദന ഒരിക്കലും എനിക്ക് മറക്കുവാൻ സാദ്ധ്യമല്ല.

എനിക്ക് ഇരുപത്തിരണ്ടു വയസ്സായപ്പോൾ മറ്റു മൂന്നുപേരുടെ കൂടെ ഞാനും ആയുധങ്ങൾ ഉപയോഗിച്ചുള്ള ഒരു കവർച്ച സംഘത്തിന്റെ അംഗമായിത്തീർന്നു. കവർച്ചകളുടെ ഒരു പരമ്പരയുടെ അവസാന വേളയിൽ ഒരു പോലീസ് സംഘത്തെ നേരിടുകയും അതിൽ അന്യോന്യം വെടിവെപ്പ് നടക്കയും ചെയ്തു. ഒരു പോലീസുകാരൻ എന്നെ വെടിവെച്ചു പകരം ഞാൻ അങ്ങോട്ടും വെടി വെച്ചു. ആ വെടി പോലീസുകാരന് ഏറ്റു. പക്ഷെ അയാൾ മരിച്ചില്ല. അയാളുടെ മുറിവ് ഉണങ്ങി അയാൾ രക്ഷ പ്രാപിച്ചു. അയാൾ മരിച്ചിരുന്നുവെങ്കിൽ മരണക്കസേരയിലിരുത്തി എന്നെ വധശിക്ഷയ്ക്ക് വിധിക്കുമായിരുന്നു.

ഹോസ്പിറ്റലിലെ തടവുകാരുടെ വാർഡിൽ മുറിവുകൾ ഉണങ്ങുന്നതിന് കിടക്കുന്ന അവസരത്തിൽ ആൻജലോ (Angelo) എന്ന പേരുള്ള കവർച്ച സംഘത്തിലെ എന്റെ സ്നേഹിതൻ എനിയ്ക്കെതിരെ സാക്ഷി പറഞ്ഞു. അങ്ങനെ കേസ് എനിയ്ക്കെതിരായി തിരിഞ്ഞു. ആൻജലോ എനിക്ക് ഒരു സഹോദരനെപ്പോലെ ആയിരുന്നു. ഞങ്ങൾ രണ്ടുപേരും 104 -ാം സ്ട്രീറ്റിലെ ഒരേ ബ്ലോക്കിൽ താമസിച്ചു വളർന്നവരായിരുന്നു. സ്വന്തം അമ്മയ്ക്കുപോലും മനസ്സിലാകാത്ത വിധത്തിൽ അയാളെ അടിച്ചു ശരിപ്പെടുത്തും എന്ന് പോലീസുകാർ ആൻജലോയെ (Angelo) ഭീഷണിപ്പെടുത്തി. പിടിച്ചുനിൽക്കാവുന്നടത്തോളം നിന്നതിനുശേഷം ആൻജലോ കുറ്റകൃത്യങ്ങളുടെ പഴി എന്നിൽ ചാരി. ഹോസ്പിറ്റലിൽ നിന്ന് വിടുതൽ കിട്ടിയപ്പോൾ മാത്രമാണ് എനിക്ക് വരാനിരിക്കുന്നതിനെക്കുറിച്ച് ഞാൻ മനസ്സിലാക്കിയത്.

ചുരുക്കി പറയുകയാണെങ്കിൽ, എനിക്ക് പതിനഞ്ചുവർഷം വരെ നീണ്ടുനിൽക്കുന്ന കഠിന തടവിനുള്ള ശിക്ഷ ലഭിച്ചു. സിങ്ങ് സിങ്ങ്, കോറസ് റോക്ക് എന്നീ രണ്ടു തടവറകളിലായി ഞാൻ ശിക്ഷ അനുഭവിച്ചു.

ആൻജലോയുടെ കൃത്യം എന്നെ കോപാകുലനാക്കിത്തീർത്തു. എന്റെ സെല്ലിൽ കിടക്കുമ്പോൾ രാത്രികാലങ്ങളിൽ അവനോടു പകരം വീട്ടുന്നതിനെക്കുറിച്ചു ഞാൻ ചിന്തിച്ചു. അവനെ എങ്ങനെയാണ് കൊല്ലേണ്ടത്, കൊല്ലുവാൻ സാധിക്കുന്നില്ല എങ്കിൽ ഏതുവിധം അവനെ വകവരുത്തണം എന്നതിനെക്കുറിച്ച് ഞാൻ തലപുകഞ്ഞ് ആലോചിച്ചു. അല്ലെങ്കിൽ അവനെ കഠിനമായി ഉപദ്രവിച്ച് ദയക്കുവേണ്ടി യാചിക്കുന്ന പരുവത്തിലാക്കണമെന്ന് ചിന്തിച്ചു.





ആൻജലോയും ഞാനും തെരുവിലെ ജീവിതത്തിൽ സഹോദരരായിരുന്നു. ജയിലിൽ കിടന്ന് അവനെ വെറുക്കുന്നതിനു സമമായി തെരുവു ജീവിതത്തിൽ ഞാൻ അവനെ സ്നേഹിച്ചിരുന്നു. ഈ വെറുപ്പിന്റെ അടിസ്ഥാനത്തിൽ കഠിനമായ ശിക്ഷ നൽകി പകരം വീട്ടണമെന്നതായിരുന്നു എന്റെ ചിന്ത. ഈ നശീകരണചിന്തകൾക്ക് എതിരായി വർഷങ്ങളായി എന്റെ മനസ്സിൽ ഒരു യുദ്ധം നടന്നു. ആ ചിന്തകളിൽ നിന്ന് വിടുതൽ ലഭിക്കുന്നതിനു വേണ്ടി ഞാൻ ആത്മാർത്ഥമായി പ്രാർത്ഥിച്ചു. പലപ്പോഴും ആൻജലോസി (Angelos) നെക്കുറിച്ചുള്ള എന്റെ ചിന്തകൾ ഇല്ലാതെയിരിക്കും പക്ഷെ വിചാരിക്കാതിരിക്കുന്ന സമയം അവ കടന്നുവരും. 1957 ൽ ഞാൻ ജയിൽ വിമോചിതനായി. എല്ലാ ആഴ്ചയും പരോൾ ഓഫീസറെയും പ്രൊബേഷൻ ഓഫീസറെയും ഞാൻ കാണേണ്ടിയിരുന്നു. എപ്പോഴെങ്കിലും തെരുവീഥികളിൽ നടക്കുമ്പോൾ ആൻജലോയെ കണ്ടുമുട്ടുമോ എന്ന് ഞാൻ ഭയന്നു. ആൻജലോയെ കണ്ടാൽ ഞാൻ അവനെ എപ്രകാരം നേരിടും എന്നത് എനിക്ക് ചിന്തിക്കുവാൻ സാദ്ധ്യമായിരുന്നില്ല. അവൻ എവിടെയാണ് എന്ന് ഞാൻ അന്വേഷിച്ചില്ല. അവനെ കണ്ടുമുട്ടരുതെന്നായിരുന്നു എന്റെ ഇംഗിതം.

118 -ാമത് സ്ട്രീറ്റിലുള്ള ഒരു ചെറിയ ദേവാലയത്തിൽ ഞാൻ ആരാധനയ്ക്ക് പങ്കെടുത്തു വന്നു. എന്റെ മനസ്സിന്റെ ഭാരങ്ങളെ അകറ്റുവാൻ ഇത് എന്നെ സഹായിച്ചു. ആൻജലോയെക്കുറിച്ച് ചിലപ്പോഴൊക്കെ ചിന്തിക്കുകയും ആ സമയം അവനെക്കുറിച്ചുള്ള വിദ്വേഷം ഉണർത്തപ്പെടുകയും ചെയ്യും. എങ്കിലും അവനെ നേരിടാതെ ആ വികാരങ്ങളെ അതിജീവിക്കുന്ന രീതിയിൽ ക്രിയാത്മകവും ഉത്തമവും ആയ പല പ്രവർത്തനങ്ങളിലും ഏർപ്പെടുവാൻ ദൈവം എന്നെ സഹായിച്ചു. ജയിലിൽ കിടന്ന് എഴുതുവാൻ തുടങ്ങിയ പുസ്തകം പൂർത്തിയാക്കുവാനും അതുപോലെ നെലിൻ (Nelin) എന്ന സ്ത്രീയുമായി പരിചയപ്പെടുവാനും സ്നേഹബന്ധത്തിലേർപ്പെടുവാനും അതിൽ കൂടി ജീവിത സന്തോഷങ്ങൾ അനുഭവിപ്പാനും ഇടയായി. കാലക്രമേണ ആഞ്ചലോസിനെക്കുറിച്ചുള്ള ചിന്തകൾ എന്റെ മനസ്സിൽ നിന്ന് മാഞ്ഞു പോയിരുന്നു.

ഒരു സായം കാലം ഞാനും നെലിനും കൂടി മൂന്നാം അവന്യൂവിൽ (3rd Avenue) കൂടി നടക്കുകയായിരുന്നു. അവിടെയുണ്ടായിരുന്ന ആഭരണക്കടകളിൽ പ്രദർശിക്കപ്പെട്ടിരുന്ന വിവാഹ മോതിരങ്ങളുടെയും മറ്റും വില താരതമ്യപ്പെടുത്തുന്നതിലായിരുന്നു ഞങ്ങളുടെ ശ്രദ്ധ. ഒരു ആഭരണക്കടയിൽ നിന്ന് മറ്റൊന്നിലേക്ക് പോയ സമയത്ത് ആരോ

ഒരാൾ എന്റെ പേരുവിളിക്കുന്നത് ഞാൻ കേട്ടു. 'ഒയ് പിരി' (Piri) ആ ശബ്ദം സംശയമെന്യേ ആഞ്ചലോയുടേതാണ് എന്ന് ഞാൻ മനസ്സി ലാക്കി. ഞാൻ തിരിഞ്ഞു നിന്നു. ഒരു സമയത്തു ചെറുപ്പമായിരുന്ന അവന്റെ മുഖം ചുളിവുകളും വരകളും കൊണ്ടുനിറഞ്ഞിരുന്നു. ഭാര ങ്ങളും വേദനകളും അവന്റെ മുഖത്ത് വ്യക്തമായിരുന്നു. ദീർഘ നാളു കൾ എന്റെ ഹൃദയത്തിലുണ്ടായിരുന്ന വിദ്വേഷത്തിന്റെയും കോപത്തി ന്റെയും വികാരം ഉണർന്നു എങ്കിലും അവയെ ഞാൻ ആകും വിധം നിയന്ത്രണവിധേയമാക്കി. ആൻജലോയ്ക്കു പറയുവാനുള്ളത് ശ്രദ്ധ യോടെ കേൾക്കുവാൻ ഞാൻ തയ്യാറായി.

ഈ സമയം നെലിൻ എന്റെ കൈകളിൽ പിടിച്ചു വലിച്ച് ഈ മനു ഷ്യൻ ഞാൻ സൂചിപ്പിച്ചിട്ടുള്ള ആഞ്ചലോ തന്നെയാണോ എന്നർത്ഥം വരത്തക്ക വിധത്തിൽ നോക്കിയതിനുശേഷം അടക്കിയ സ്വരത്തിൽ എന്നെ ഉപദേശിച്ചു. "പിരി (Piri) നമ്മൾ തമ്മിൽ ഈ വിഷയത്തെക്കു റിച്ച്, ക്ഷമയെക്കുറിച്ച് സംസാരിച്ചത് മറക്കരുത്."

ഞാൻ തല കുലുക്കിയതിനുശേഷം ആൻജലോയെ നോക്കി. ഭയം കൊണ്ട് വിറച്ചിരുന്ന ആൻജലോ വാക്കുകൾ പുറത്തേക്ക് കൊണ്ടുവ രുവാൻ ഭയങ്കരമായി പ്രയത്നിച്ചു. വളരെ പതിഞ്ഞ സ്വരത്തിൽ അയാൾ സംസാരിച്ചു.

"പിരി, (Piri) എന്നെ സ്നേഹിച്ചവരെയെല്ലാം ഞാൻ വേദനിപ്പിച്ചു. നീയും അതിൽ ഉൾപ്പെടുന്നു. പോലീസ് സ്റ്റേഷനിൽ അവർ അതി കഠിനമായി എന്നെ തല്ലിച്ചതച്ചു. എനിക്ക് അത് വളരെ വിഷമമായി. സഹോദരാ നീ എന്നോടു ക്ഷമിക്കുമോ?"

ഞാൻ അവനെ തുറിച്ചു നോക്കി. 'സഹോദരാ' എന്ന് എങ്ങിനെ എന്നെ അഭിസംബോധന ചെയ്യുവാൻ അവന് സാധിക്കും എന്ന് ഞാൻ ചിന്തിച്ചു. എന്നാൽ 'സഹോദരാ' എന്ന് അവൻ എന്നെ വിളിച്ചതിൽ എനിക്ക് വളരെ സന്തോഷം തോന്നി. എന്നാൽ ഞാൻ അവനെ വീണ്ടും തുറിച്ച് നോക്കിക്കൊണ്ടിരുന്നു. നെലിൻ എന്റെ കൈകളിൽ അമർത്തിയ പ്പോൾ മാത്രമാണ് എന്റെ വായിൽ നിന്ന് വാക്കുകൾ ഉതിർന്ന് വീണത്. അതോടൊപ്പം എന്റെ ഹൃദയത്തിൽ നിന്ന് വലിയോരു ഭാരം നീങ്ങി എന്റെ ആത്മാവ് സ്വതന്ത്രമായി.

"തീർച്ചയായും 'സഹോദരാ' ഞാൻ നിന്നോടു ക്ഷമിച്ചിരിക്കുന്നു. ഏവരുടെയും ജീവിതത്തിൽ തകർന്നു പോകുന്ന, ഒരു സമയമുണ്ട്.





അത് എന്റെ ജീവിതത്തിലും ഉണ്ടായി. എന്നാൽ ദൈവനാമത്തിൽ ഞാൻ പറയുന്നു. ഞാൻ നിന്നോടു പരിപൂർണമായി ക്ഷമിച്ചിരിക്കുന്നു എന്നു മാത്രമല്ല കഴിഞ്ഞ കാലസംഭവങ്ങളെ ഞാൻ മറന്നുകളകയും ചെയ്തിരിക്കുന്നു."

ഞങ്ങളുടെ രണ്ടുപേരുടെയും കണ്ണുകളിൽ നിന്ന് കണ്ണുനീർ ധാര ധാരയായി ഒഴുകി.

പിരി, (Piri) നന്ദി. നിനക്കെതിരായി പറഞ്ഞതിനെക്കുറിച്ചുള്ള ഹൃദ യഭാരവും ആയി വർഷങ്ങളായി ഞാൻ ജീവിച്ചു. വീണ്ടും ഇത് സംഭ വിക്കുകയാണെങ്കിൽ, അവർ എന്നെ അടിച്ചു കൊന്നാലും ഇതുപോലെ പറവാൻ ഞാൻ തുനിയുകയില്ല. നീ ക്ഷമിക്കുകയും മറക്കുകയും ചെയ്ത തിന് നന്ദി."

ആൻജലോ തന്റെ കൈകൾ സാവധാനം ഉയർത്തി എന്നിട്ട് പതുക്കെ പുറകോട്ടു വലിയ്ക്കുവാൻ തുടങ്ങി. ഞാൻ വലത്തുകൈ കൾ കൊണ്ട് അവന്റെ കൈകളിൽ മുറുകെ പിടിച്ചു ഹസ്തദാനം ചെയ്തു. ആൻജലോ എന്റെ കൈകളിൽ മുറുകെ പിടിച്ചു. ചെറുതായി ഞങ്ങൾ അന്യോന്യം ആശ്ലേഷിച്ചു കെട്ടിപ്പുണർന്നു. അതിനുശേഷം ഒരു ചെറുപുഞ്ചിരിയോടെ നെലിനെയും എന്നെയും വണങ്ങി "വീണ്ടും കാണാം" എന്ന് പറഞ്ഞു സാവധാനം നടന്നകന്നു. നെലിന്റെ (Nelin) തോളുകളിൽ ഞാൻ കൈവെച്ചു. നെലിൻ തന്റെ കൈകളാൽ എന്നെയും വലയം ചെയ്തു. ആൻജലോ വഴിയുടെ വളവുതിരിഞ്ഞ് അപ്രത്യക്ഷ മാകുന്നത് ഞങ്ങൾ രണ്ടുപേരും നോക്കിനിന്നു. നെലിൻ താൻ എവിടെ യൊവെച്ച് എന്നോടു പറഞ്ഞത് ആസമയത്ത് എന്റെ മനസ്സിൽ തിങ്ങി നിന്നു. "തെറ്റുകൾ വരുക എന്നതു മാനുഷീകമാണ്. എങ്കിൽ ക്ഷമി ക്കുക എന്നത് ദൈവീകമാണ്."

ക്ഷമിക്കുക എന്നത് തീർച്ചയായും വൈഷമ്യമേറിയതാണ്. എന്റെ പിതാവ് സാധാരണ പറയാറുണ്ടായിരുന്ന ഒരു ശൈലി ഓർമ്മ വരുന്നു. "ഒരു സംഗതി പഠിക്കുമ്പോൾ അത് വിഷമകരമായി തോന്നും. എന്നാൽ പഠിച്ചു കഴിയുമ്പോഴോ അതിന്റെ വൈഷ്യമം ഇല്ലാതെയാകും". 'ക്ഷമ'യെ സംബന്ധിച്ചും ഇത് വളരെ ശരിയാണ്. ആൻജലോ എന്ന എന്റെ തെരുവു സഹോദരനോടു ഞാൻ പൂർണമായി ക്ഷമിച്ചു എന്നു മാത്രമല്ല ഞാൻ എന്റെ ഉള്ളിൽ കൊണ്ടുനടന്ന പകയുടെയും വിദ്വേ ഷത്തിന്റെയും ആത്മാവിനെ ഇല്ലാതെയാക്കി എന്നോടു തന്നെ ക്ഷമി ക്കുവാനും ഞാൻ പഠിച്ചു. എന്റെ ഹൃദയത്തിൽ പ്രഭാത സൂര്യൻ ഉദിച്ചു

വരുന്നതായി അനുഭവപ്പെട്ടു. നെലിന്റെ കൈയ്ക്കു പിടിച്ചു കൊണ്ട് ചെറുപുഞ്ചിരിയോടും സന്തോഷത്തോടും സമാധാനത്തോടുകൂടി ഞങ്ങൾ അടുത്ത ആഭരണക്കടയിലേക്ക് ഞങ്ങൾ നടന്നു. വിദ്വേഷത്തിന്റെയും പകയുടെയും ആയ ഭാരത്തിൽ നിന്ന് എന്റെ ഹൃദയത്തിലെ സ്നേഹം വിടുതൽ പ്രാപിച്ചു.

ആൻജലോ മറ്റൊരു നഗരത്തിലേക്ക് മാറി താമസിച്ചതിനാൽ ഞാൻ പിന്നീട് ഒരിക്കലും അവനെ കണ്ടില്ല. കുറെ വർഷങ്ങൾക്കു ശേഷം അവനെ ആരോ വധിച്ചു എന്ന വാർത്ത ഞാൻ ദുഃഖത്തോടെ ശ്രദ്ധിച്ചു. കടംതിരിച്ചടയ്ക്കാൻ സാധിക്കാതെ വന്നതിനാൽ അമിത പലിശ ഈടാക്കിയിരുന്ന മാഫിയാ തലവൻ ആണ് അവനെ കുലപ്പെടുത്തിയത്.

ആൻജലോയോട് ക്ഷമിക്കുവാൻ സാധിച്ചതിൽ എനിയ്ക്ക് വളരെയധികം സന്തോഷം ഉണ്ട്. ക്ഷമിക്കുവാൻ സാധിക്കാത്ത ഒരു മനസ്സും ആത്മാവും ആണ് ഏറ്റവും ഭീകരമായ തടവ് എന്ന് ഞാൻ എന്റെ ജീവിതാനുഭവങ്ങളിൽ കൂടി പഠിക്കുവാൻ ഇടയായി.

ക്ഷമയുടെ ആവശ്യം മനസിലായാലും അതിന് സാദ്ധ്യമല്ല എന്ന രീതിയിൽ നാം പരീക്ഷിക്കപ്പെടുന്നു. അത് കഠിനമാണ്, വൈഷമ്യമുള്ളതാണ്; അത് വിശുദ്ധർക്ക് വേണ്ടി മാത്രമുള്ളതാണ് സാധാരണക്കാരായ നമുക്കു വേണ്ടിയുള്ളതല്ല എന്ന രീതിയിൽ നാം ചിന്തിക്കും. നാം ഉപദ്രവിക്കപ്പെട്ട്, വേദനിക്കുന്ന സമയം ആ വേദനയിൽ നമ്മുടെ മനസ്സ് കേന്ദ്രീകൃതമാകുന്നു. ആ വേദനയിലേക്ക് മറ്റുള്ളവരുടെ ശ്രദ്ധയെ ആകർഷിക്കുവാനും ഒരുപക്ഷെ നാം ശ്രമിച്ചേക്കാം.

ഗോർഡന്റെയും പിരിയുടെയും കഥകളിൽ നിന്ന് വെളിപ്പെടുന്ന ശ്രദ്ധേയമായ വസ്തുത നിമിഷനേരം കൊണ്ട് അവർ ക്ഷമിക്കുവാൻ നിശ്ചയിച്ചു എന്നതാണ്. അവരുടെ ഹൃദയത്തിന്റെ അന്തർഭാഗങ്ങളിൽ നിന്നാണ് ആ ക്ഷമ പുറപ്പെട്ടത്. ആ സമയം വളരെ പ്രാധാന്യമർഹിക്കുന്നു. ആ സമയം ക്ഷമയ്ക്കുവേണ്ടി ഉപയോഗിക്കാതെ പിന്നൊരവസരത്തിലേക്ക് മാറ്റിവെച്ചിരുന്നുവെങ്കിൽ ആ അവസരം അവർക്ക് പിന്നീട് ലഭിച്ചു എന്ന് വരികയില്ലായിരുന്നു. ഏവർക്കും ഈ വേഗതയിൽ ക്ഷമിക്കുവാൻ സാധിച്ചു എന്ന് വരികയില്ല. എന്നാൽ ക്ഷമിക്കുവാനുള്ള കഴിവ് ഇല്ലാതെയാകുമെന്ന് അതുകൊണ്ട് അർത്ഥമാകുന്നില്ല എന്നാണ് അടുത്ത കഥ വ്യക്തമാക്കുന്നത്.





## ഹാഷിം ഗാരറ്റ് (Hashim Garett)

നിറച്ച തോക്കുമായി, ഒരു സംഘത്തിന്റെ കൂടെ ന്യൂയോർക്ക് നഗരത്തിലെ ബ്രൂക്ക്ലിൻ തെരുവുകളിൽ കൂടി ഹാഷിം വിലസിയിരുന്നു. എന്നാൽ ഇന്ന് ഹാഷിം (Hashim) സുപ്രസിദ്ധനായ ഒരു പ്രാസംഗീകനാണ്. രാജ്യമാസകലം ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രസംഗിക്കുന്ന ഹാഷിമിന് സ്വന്തമായി 'Wisdom and Understanding' എന്ന പേരിൽ ഒരു കൗൺസിലിംഗ് സ്ഥാപനം ഉണ്ട്. വെറും പതിനഞ്ചു വയസ്സു മാത്രം ഉണ്ടായിരുന്ന സമയത്തെ വെടിവെയ്പിൽ പരുക്കേറ്റ ഹാഷിം അരമുതൽ താഴോട്ട് തളർന്നാണിരിക്കുന്നത്. നടക്കുന്നത് വടിയുടെ (crutches) സഹായത്താൽ വളരെ വിഷമിച്ചുമാത്രമാണ്. എന്നാൽ ആ സംഭവത്തെക്കുറിച്ച്, അഥവാ ആ അനുഭവത്തെക്കുറിച്ച് ഹാഷിം ജീവിതത്തിലെ ഏറ്റവും നല്ല ഒരു ദിവസമായാണ് വിവരിക്കുന്നത്. ജീവിതത്തെക്കുറിച്ചു പുതിയതും ഉത്തമവും ആയ ഒരു കാഴ്ചപ്പാട് ലഭിക്കുവാനും ജീവിതത്തിന് പുതുമ നല്കുവാനും അത് സഹായിച്ചു എന്ന് ഹാഷിം അവകാശപ്പെടുന്നു. ആ വിധത്തിലുള്ള ഒരു ജീവിത സമീപനം മനസ്സിലാക്കുവാൻ പലർക്കും വിഷമമാണ്. എന്നാൽ ഹാഷിമിന് വളരെ ലളിതമായ ഒരു ഉത്തരം ആണ് നൽകുവാനുള്ളത്. ക്ഷമയിൽ അടിസ്ഥാനമാക്കി മാത്രമാണ് പുതുമയുള്ള ജീവിതം – നന്മ നിറഞ്ഞ ജീവിതം.

"ഒരു കുട്ടിയായി ബ്രൂക്ക്ലിനിൽ വളരുമ്പോൾ വളരെയധികം സമയം ഞാൻ തെരുവുകളിൽ അലഞ്ഞു നടന്നു. എന്റെ സ്നേഹിതൻമാർ എല്ലാവരും തന്നെ എന്നേക്കാൾ പ്രായമുള്ളവരായിരുന്നു. വിദ്യാഭ്യാസത്തെ അവർ നല്ലതായി കരുതിയില്ല. അധികം താമസിയാതെ ഞാനും ജീവിതത്തിൽ തെറ്റായ തീരുമാനങ്ങൾ സ്വീകരിക്കുവാൻ തുടങ്ങി. എന്നാൽ അവ തെറ്റാണ് എന്ന് ആ സമയത്ത് എനിക്ക് തോന്നിയില്ല. മുതിർന്ന കൂട്ടുകാരുടെ പ്രവൃത്തികളിൽ ഞാൻ ആകൃഷ്ടനാകയും അത്ഭുതപ്പെടുകയും ചെയ്തു. അവർ സ്കൂളിൽ പോയിരുന്നില്ല. നിരവധി പെൺകുട്ടികൾ സ്നേഹിതരായി അവരോടൊപ്പം നടന്നുവന്നു. അവർക്കിഷ്ടമുള്ളതെല്ലാം അവർ ചെയ്ത് ആർത്തുരസിച്ചു. അതൊക്കെയും ഞാൻ ഇഷ്ടപ്പെട്ടു. അവരോടൊപ്പം പോകരുത് എന്ന് അമ്മ എന്നെ വിലക്കമായിരുന്നു. എന്നാൽ എനിക്ക് പതിനഞ്ചു വയസ്സ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. എനിക്ക് അമ്മയുടെ നിർദ്ദേശങ്ങൾ ആവശ്യമില്ലായിരുന്നു. ജീവിതത്തെക്കുറിച്ച് എനിക്ക്

അറിയാം എന്ന് അമ്മയോടു സ്നേഹത്തോടു കൂടി ഞാൻ മറുപടി പറയുമായിരുന്നുവെങ്കിലും അമ്മയുടെ സദുപദേശം ഞാൻ കൈക്കൊണ്ടില്ല.

തെരുവിലെ സ്നേഹിതന്മാരുമായുള്ള ബന്ധത്തിൽ ഒരു വഴിത്തിരിവു ഉളവായി. ഞാൻ അവരുമായി തർക്കങ്ങളിൽ ഏർപ്പെടുവാൻ തുടങ്ങി. ആദ്യ കാലങ്ങളിൽ അവർ പറയുന്നത് എല്ലാം ഞാൻ ചെയ്യുമായിരുന്നു. ആരെയെങ്കിലും അടിക്കുവാൻ പറഞ്ഞാൽ ഞാൻ അടിക്കും. എനിക്ക് എന്തുമാത്രം മനക്കരുത്ത് ഉണ്ട് എന്ന് കാട്ടുവാൻ ഞാൻ താല്പര്യപ്പെട്ടു. അതോടൊപ്പം മോശമായതും തെറ്റായതുമായ പലതും അവർക്ക് വേണ്ടി ചെയ്തിരുന്നു. എന്നാൽ കാലാന്തരത്തിൽ അതിനെക്കാൾ ഹീനവും ക്രൂരവും ആയ കാര്യങ്ങൾ ചെയ്യുവാൻ അവർ എന്നോട് ആവശ്യപ്പെട്ടു. എന്നെക്കൊണ്ട് അതുചെയ്യുവാൻ സാദ്ധ്യമല്ല എന്ന് ഞാൻ അവരോടു പറഞ്ഞു. അവരുടെ ഉത്തരവുകൾ അനുസരിക്കാതെ വരുമ്പോൾ അവർ തലക്കടിക്കുമായിരുന്നു. അങ്ങനെ ഞങ്ങൾ തമ്മിൽ ഉരസ്സലുകൾ ഉളവായിക്കൊണ്ടിരുന്നു. ചില സ്നേഹിതരുടെ സ്നേഹം അവരുടെ ആവശ്യങ്ങൾ നമ്മളിൽ നിവർത്തിക്കപ്പെടുമ്പോൾ മാത്രം നിലനിൽക്കുന്നതാണ്.

ഞാൻ ഒരു തോക്ക് കൊണ്ടു നടക്കുന്നത് നല്ലതായിരിക്കും എന്ന് അവർ എന്നെ ഉപദേശിച്ചു. ആവശ്യം വന്നാൽ സ്വയരക്ഷയ്ക്ക് ഉപയോഗപ്രദമാകും എന്നും അവർ എന്നോടു നിർദ്ദേശിച്ചു. 1990 മെയ് മാസം ഏഴാം തീയതി പാതയുടെ മൂലയിലുണ്ടായിരുന്ന സ്റ്റോറിലേക്ക് ഞങ്ങൾ നടന്നു. ആ സമയം എന്തോ അപാകത ഉണ്ട് എന്ന് എനിക്ക് തോന്നി. പെട്ടെന്ന് എന്റെ അടുത്തു നടന്നയാൾ ഉച്ചത്തിൽ പറഞ്ഞു ("Look out, Run") "ഓടിക്കോ" ഞാൻ ഓടി. തിരിഞ്ഞു നോക്കാതെ തന്നെ ഓടി. പെട്ടെന്ന് തിരിഞ്ഞു നോക്കിയപ്പോൾ ഞാൻ അവനെ കണ്ടു. ഒരു മെഷീൻഗൺ (Sub machine gun) ഉപയോഗിച്ച് അവൻ തുടരെ തുടരെ വെടിയുതിർത്തു കൊണ്ടിരുന്നു. ആ സമയം എന്റെ പാന്റ്സിൽ കൂടെ എന്തോ പായുന്നതുപോലെ തോന്നി. പിന്നീട് എന്തോ എന്റെ പിൻവശത്ത് ശക്തിയായി തട്ടി. പാന്റ്സിൽ തടഞ്ഞത് കാലിൽ ഒരു ബുള്ളറ്റ് തറച്ചതാണ് എന്നും പിൻവശത്തെ വേദന മറ്റൊരു ബുള്ളറ്റ് തറച്ചതാണ് എന്നതും പിന്നീടാണ് ഞാൻ മനസ്സിലാക്കിയത്.

ഞാൻ തറയിൽ വീണു. എഴുന്നേൽക്കാൻ ശ്രമിച്ചിട്ട് സാധിച്ചില്ല. എന്റെ കാലുകളുടെ ചലനശക്തി നഷ്ടപ്പെട്ടതായി അനുഭവപ്പെട്ടു.





ഞാൻ ഏകനായി അവിടെ കിടന്നു. എന്റെ സ്നേഹിതരെല്ലാവരും അവരുടെ ജീവനുവേണ്ടി ഓടി മറഞ്ഞിരുന്നു. ഞാൻ എന്റെ കണ്ണുകൾ അടച്ചു. മരണഭയം എന്നെ പിടിച്ചിരുന്നു. മെഷീൻ ഗൺ വഹിച്ചിരുന്ന പയ്യൻ എന്നെ വെടിവെച്ചു കൊല്ലുമെന്ന് ഞാൻ ഭയന്നു. നിമിഷങ്ങൾക്ക് ശേഷം ഞാൻ പതിയെ കണ്ണുതുറന്നു. ആരെയും കാണുവാൻ ഉണ്ടായിരുന്നില്ല. അവനും അവിടെ നിന്ന് പോയിരുന്നു."

മേൽ സൂചിപ്പിച്ച രണ്ടു ബുള്ളറ്റുകൾക്കു പുറമെ മറ്റു നാലുബുള്ളറ്റുകൾ കൂടി ഹഷിമിന്റെ മേൽ പതിഞ്ഞിരുന്നു. എല്ലാം കൂടി ആറു ബുള്ളറ്റുകൾ ശരീരത്തിലൂടെ തുളഞ്ഞു കയറി. അങ്ങനെ പന്ത്രണ്ടു മുറിവുകൾ ശരീരത്തിൽ ഉണ്ടായി.

"ആകാശത്തേക്ക് തുറിച്ച് നോക്കി രക്തം വാർന്ന് അവിടെ ഞാൻ മലർന്നു കിടന്നു. "ദൈവമേ എന്നെ കൈവെടിയരുതേ. എന്നെ ജീവിക്കുവാൻ അനുവദിക്കണമേ" എന്ന് ഞാൻ കരഞ്ഞു പ്രാർത്ഥിച്ചു. ദൈവം എന്റെ നിലവിളി ശ്രദ്ധിച്ചു എന്ന് എന്റെ ഹൃദയത്തിൽ ബോധ്യം വന്നു. എന്റെ വിശ്വാസം ആ സമയം ദൃഢമാക്കപ്പെട്ടു. ആ വാക്കുകൾ എന്റെ വായിൽ നിന്ന് പുറപ്പെട്ടപ്പോൾ ലോകത്തിൽ എന്തോ വ്യത്യാസം വന്നതുപോലെ തോന്നി. ഞാൻ ദൈവത്തോടുള്ള വാക്കുകൾ ഉച്ചരിക്കുന്നതിനു മുമ്പെ എന്റെ ഹൃദയം ഭയാധികൃത്താൽ ഭാരപ്പെട്ടിരുന്നു. ഹൃദയ സ്പന്ദനം ഉച്ചത്തിൽ കേൾക്കാമായിരുന്നു. എന്നാൽ ദൈവത്തോടു പ്രാർത്ഥിച്ചപ്പോൾ സകലതും വ്യത്യസ്ഥമായി. എന്റെ ഭയങ്ങൾ എന്നെ വിട്ടുപോയി. എന്റെ മനസ്സു തികച്ചും ശാന്തമായി ഒരു വിശ്വാസി എന്ന നിലയിൽ ഇതിന്റെ കാരണം എനിക്ക് അറിയാം. സൃഷ്ടിതാവിനെ വിളിക്കുന്ന അവസരത്തിൽ ശാന്തതയും സമാധാനവും നമുക്ക് ലഭ്യമാകും.

കുറെ കഴിഞ്ഞതിനുശേഷം ആരോ ഒരു ജാക്കറ്റ് എന്റെ തലയ്ക്കടിയിൽ വെയ്ക്കുന്നതായി അനുഭവപ്പെട്ടു. എന്റെ രണ്ടു സ്നേഹിതർ ആ സമയത്ത് അവിടെ നിന്ന് എന്നെ മാറ്റുവാൻ എപ്രകാരം സാധിക്കും എന്നതിനെക്കുറിച്ച് ചർച്ച ചെയ്തു കൊണ്ടിരുന്നു. എന്നെ അവിടെ നിന്ന് മാറ്റുവാൻ ഞാൻ അവരോട് ആവശ്യപ്പെട്ടു. എന്നെ ഉയർത്തുവാൻ അവർ ശ്രമിച്ചു. ആ സമയം എന്തോ താഴേക്കു വീഴുന്നതുപോലെ ഒരു ശബ്ദം കേട്ടു. അവർ ഉടൻ തന്നെ എന്നെ താഴെവെച്ചു. ഒരു പക്ഷെ നട്ടെല്ലിന്റെ താഴെവശം ഒടിയുന്നതിന്റെ ശബ്ദമായിരിക്കും കേട്ടത്. ഏതായാലും എന്റെ അര മുതൽ താഴോട്ട് ചലനരഹിതമായി

രുന്നു. ഹാഷിമിന്റെ ജീവിതം അടുത്ത ഒരു വർഷക്കാലം മുഴുവൻ ന്യൂയോർക്ക് സിറ്റി ഹോസ്പിറ്റലിൽ ആയിരുന്നു. ആ സമയമൊക്കെയും തന്നെ വെടിവെച്ചവനെ എങ്ങനെ വകവരുത്താം എന്ന് ഹാഷിം ചിന്തിച്ചു.

"പകയും വിദ്വേഷവും എന്നെ വിഴുങ്ങി. എനിക്ക് സുഖമാകട്ടെ, അപ്പോൾ കാണിച്ചുകൊടുക്കാം എന്ന ചിന്തയുമായി ഞാൻ അവിടെ കിടന്നു". ആരാണ് എന്നെ വെടിവെച്ചത് എന്ന് അറിയാമെന്ന് പോലീസ് ഉദ്യോഗസ്ഥർ എന്നോടു പറഞ്ഞു. "അവനല്ല, അവനെ വിട്ടേക്ക്" എന്ന് ഞാൻ അവരോട് മറുപടിയും നൽകി. എന്നെ വെടിവെച്ചവന് പകരം നൽകേണ്ടത് എന്റെ മാത്രം ചുമതലയാണ് എന്ന് ഞാൻ വിശ്വസിച്ചു. അവൻ തന്നെയാണ് എന്ന് പോലീസുകാർ വീണ്ടും തറപ്പിച്ചു പറഞ്ഞു. ഞാൻ പകരം വീട്ടാനുള്ള ശ്രമത്തിലാണോ എന്ന സന്ദേഹത്തിൽ 'അതിനു മുതിരരുത്' എന്ന് അവർ എന്നെ ഉപദേശിക്കുകയും ചെയ്തു. "നിങ്ങൾ വിഷമിക്കേണ്ട, എന്റെ ഭാഗത്തുനിന്ന് യാതൊരു കുഴപ്പവും ഉണ്ടാകയില്ല" എന്ന് ഞാൻ അവരെ സമാശ്വസിപ്പിച്ചു.

ദിവസങ്ങളും ആഴ്ചകളും കടന്നുപോകുന്തോറും എന്റെ ഉള്ളിൽ ഒതുക്കിയിരുന്ന കോപം വർദ്ധിച്ചു വന്നു. എനിക്ക് ഉറങ്ങുവാൻ കഴിയാതെയായി. ഭക്ഷണം കഴിക്കുന്നതിനുള്ള എന്റെ താല്പര്യം നഷ്ടപ്പെട്ടു. മരുന്നുകൾ കഴിക്കുന്നതിനെയും ഞാൻ വെറുത്തു. എന്നെ വെടിവെച്ച പയ്യനെ എനിക്ക് സൗഖ്യമായിട്ട് കൊല്ലണമെന്ന് ചിന്തയിൽ ഞാൻ ദിവസങ്ങൾ കഴിച്ചു കൂട്ടി. എനിക്ക് അവനെ വ്യക്തിപരമായി അറിവാൻ പാടില്ലായിരുന്നു. എന്നാൽ അവനെ നേരിട്ട്, എന്തിനാണ് എന്നെ വെടിവെച്ചത് എന്ന് ചോദിച്ച് മനസ്സിലാക്കുവാൻ ഞാൻ ആഗ്രഹിച്ചു. കാലക്രമേണ ഞാൻ കാരണം മനസ്സിലാക്കി. എന്റെ സ്നേഹിതർ എനിക്ക് കെണി വെച്ചതാണ്. അവരുമായി എനിക്ക് അഭിപ്രായ വ്യത്യാസമുണ്ടായിരുന്നു. അവരുടെ ഹിതത്തിനു വിപരീതമായി ചിന്തിക്കുകയോ പ്രവൃത്തിക്കുകയോ ചെയ്യുമ്പോൾ സ്നേഹിതർ വിരോധികളായി മാറുന്നു. അവരുടെ ഹിതത്തിന് വഴങ്ങി പ്രവൃത്തിച്ചാൽ മാത്രമേ സ്നേഹിതരായി കണക്കാക്കപ്പെടുകയുള്ളൂ.

കാലാന്തരത്തിൽ എന്റെ ചിന്തകൾ വ്യത്യസ്ഥമാകുവാൻ തുടങ്ങി. "ഞാൻ അവനോട് എന്റെ പക തീർക്കുകയാണെങ്കിൽ ദൈവം ഏതു വിധത്തിൽ എന്നോട് പ്രതികരിക്കും"? ദൈവം എന്നെ ഒരു പ്രധാന പാഠം പഠിപ്പിക്കുന്നു എന്ന ചിന്ത എന്നിലേക്ക് വന്നു. ആ ദൈവികോ





ദേശത്തെ കാര്യമായി പരിഗണിക്കണമെന്ന ചിന്തയും എന്റെ മനസ്സിൽ ഉളവായി. ഈ യുവാവിനെ ഞാൻ ഉപദ്രവിച്ചാൽ കൂടുതൽ ഭവിഷത്തുകൾ എനിക്ക് ഭവിക്കാം എന്ന ചിന്തയും എന്നിൽ ഉണർന്നു. ഈ സംഭവത്തിന് ആറുമാസം മുമ്പ് ഞാൻ ഒരു ബാലനെ വെടിവെച്ചിരുന്നു. യാതൊരു കാരണവും ഇല്ലാതെയാണ് ഞാൻ അവനെ വെടിവെച്ചത്. എന്റെ ഒരു മുതിർന്ന സ്നേഹിതൻ ആവശ്യപ്പെട്ടതനുസരിച്ചാണ് ഞാൻ അത് ചെയ്തത്. ആറുമാസം കഴിഞ്ഞ വേറൊരു ബാലൻ മറ്റുള്ളവരുടെ ആവശ്യപ്രകാരം എന്നെ വെടിവെച്ചു. ഈ ലോകത്തിൽ നാം എന്തു ചെയ്താലും, നമ്മുടെ എല്ലാ പ്രവർത്തികൾക്കും ഫലം ഉണ്ടാകും അത് തിരിച്ച് നമ്മിലേക്കുവരികയും ചെയ്യും. തീർച്ചയായും അത് സംഭവിക്കും എപ്പോഴാണ് എന്നതുമാത്രം അഥവാ സമയ വ്യത്യാസം മാത്രം.

എന്റെ ജീവിത പാതകളെ വിവരിക്കുവാൻ വിഷമം തോന്നുന്നു, ജീവിതത്തിൽ ആകമാനമായ നിസ്സഹായതയെ എങ്ങിനെ വർണ്ണിക്കും. പതിനഞ്ചു വയസ്സുള്ളപ്പോൾ കുളിമുറിയിലേക്ക് പോകുന്നതു പോലും മറ്റുള്ളവരുടെ സഹായത്തോടു കൂടി മാത്രം എന്നത് ഈ നിസ്സഹായതയുടെ ഒരു ഉദാഹരണം മാത്രം. ഞാൻ ചെയ്ത അപരാധങ്ങളും കുറ്റങ്ങളും നിരവധി പ്രാവശ്യം ഏറ്റു പറഞ്ഞാലും എനിക്ക് എഴുന്നേറ്റ് നടക്കുവാൻ സാധിക്കുമോ? എന്റെ വേദനകൾ പറഞ്ഞറിയിക്കുക അസ്സാദ്ധ്യമാണ്. ശാരീരിക വേദനകളേക്കാൾ ഉപരിയായി മാനസിക വേദനകളും മാനസീക സംഘർഷങ്ങളും എന്നെ നിരന്തരമായി അലട്ടുന്നു. ശാരീരിക വേദന മാനസികവും ആത്മീയവും ആയ വേദനകളിലേക്കുള്ള ഒരു കൊളുത്തു മാത്രമാണ്. ആന്തരീകമായി ഞാൻ മുറിവേറ്റതാണ്. ഭൂമിയിലെ നരകമാണ് ഞാൻ അനുഭവിക്കുന്നത്. ആരോടെങ്കിലും അപേക്ഷിക്കുവാനോ വേദനയുടെ ഈ അനുഭവത്തെ മറികടക്കുവാനോ എനിക്ക് സാദ്ധ്യമല്ല. ഞാൻ ചെയ്ത പ്രവൃത്തികളുടെ ഫലമായുള്ള വേദനയുടെയും മറ്റും അനുഭവം എക്കാലവും എന്നെ വേട്ടയാടും.

അവസാനം ക്ഷമിക്കുവാൻ ഞാൻ തീരുമാനം എടുത്തു. ദൈവം എന്നെ രക്ഷിച്ചതിന് ഒരു പ്രത്യേക കാരണം ഉണ്ട് എന്ന് ഞാൻ വിശ്വസിച്ചു. ആ ദിവ്യോദ്ദേശം എന്റെ ജീവിതത്തിൽ കൂടി നിവർത്തിക്കേണം എന്ന് ഞാൻ തീരുമാനിച്ചു. അത് എന്താണ് എന്ന് എനിക്ക് മനസ്സിലായിരുന്നില്ല എങ്കിലും ദൈവം എന്നെ വിളിക്കുന്നതായ ഉൾബോധം എന്നിൽ നീണ്ടുനിന്നു. എനിക്ക് തിരിച്ചുപോയി ആരെയും ഉപദ്രവി

ക്കുവാൻ സാധിക്കുകയില്ല. ആ തരത്തിലുള്ള ജീവിത രീതിയിൽ നിന്ന് ഞാൻ ഇന്ന് വ്യത്യസ്തനാണ്. പകരത്തിനു പകരം, കണ്ണിന് പകരം കണ്ണ് എന്ന രീതിയിലാണ് ആ ജീവിതരീതി.

എതിരാളികളെ വെറുക്കുന്ന സ്വഭാവം മാറ്റേണ്ടതാണ് എന്ന് ഞാൻ തീരുമാനിച്ചു. ഈ ലോകത്തിൽ നമുക്ക് നൽകപ്പെട്ടിരിക്കുന്ന സമയത്തിന് നാം ദൈവത്തോട് കടപ്പെട്ടവരാണ്. നമ്മുടെ ആത്മാവ് ഈ ലോകത്തിൽ നിന്ന് എടുക്കപ്പെടുമ്പോൾ നമ്മുടെ നല്ല പ്രവൃത്തികൾ ദുഷ്ടപ്രവർത്തികളെ അതിജീവിക്കണം. ക്ഷമ എന്നത് നമ്മുടെ ഹൃദയത്തിൽ ഉണ്ട് എങ്കിൽ നല്ലതല്ലാത്തത് നമ്മുടെ ജീവിതത്തിൽ വന്നാലും അത് അനുഗ്രഹമായി മാറാം എന്ന വസ്തുതയും ഞാൻ പഠിച്ചു.

എന്നെ വെടിവെച്ചവനോടു മാത്രമല്ല ഞാൻ ക്ഷമിക്കേണ്ടിയിരുന്നത്. എന്നെ ഇല്ലാതാക്കുവാൻ അവനെ പ്രേരിപ്പിച്ചവരോടും ഞാൻ ക്ഷമിക്കേണ്ടിയിരുന്നു. അതോടൊപ്പം ഞാൻ എന്നോടു തന്നെയും ക്ഷമിക്കേണ്ടിയിരുന്നു. സൃഷ്ടിതാവായ ദൈവത്തോടും ഞാൻ ക്ഷമിക്കേണ്ടിയിരുന്നു. എന്തെന്നാൽ ഞാൻ ദൈവത്തോട് "ദൈവമെ നീ എന്നെ എന്തുകൊണ്ട് മരിക്കുവാൻ അനുവദിച്ചില്ല? ഈ സ്ഥിതി എനിക്ക് വരുത്തിയത് എന്ത്? എന്ന് എന്റെ വേദനയിൽ ഞാൻ ചോദിച്ചു.

മഹത്വപ്രകാശനാൾ പോലെ എനിക്ക് അനുഭവപ്പെട്ടു. ഞാൻ ഹോസ്പിറ്റൽ കിടക്കയിൽ ആയിരുന്നപ്പോൾ ഏതോ ഒരാൾ ഒന്ന് എന്റെ അടുത്തു വന്നു എന്നോടു പറഞ്ഞു. 'നീ ക്ഷമിക്കണം. ക്ഷമിച്ചില്ലായിരുന്നു എങ്കിൽ ഒരു പക്ഷെ നീ ഇവിടെ ഉണ്ടാകുമായിരുന്നില്ല.' തീർച്ചയായും ഇപ്പോൾ നിരവധി സ്ഥലങ്ങളിൽ യാത്ര ചെയ്ത് കുട്ടികളോടു സംസാരിക്കുന്ന പരിപാടി ഉണ്ടാകുമായിരുന്നില്ല. ക്ഷമ കൊണ്ട് അക്രമ പരമ്പരയ്ക്ക് കടിഞ്ഞാണിടാമെന്ന് ഹാഷിമിന്റെ കഥ വെളിപ്പെടുത്തുന്നു. ന്യൂയോർക്ക് ബ്രൂക്ക്ലിനിലെ അക്രമ പരമ്പരയ്ക്കു ഹാഷിമിന്റെ ക്ഷമ തടയിട്ടു. ഇറാക്ക് പോലെയുള്ള സ്ഥലങ്ങളിലും ഇതുപോലെയുള്ള ക്ഷമയ്ക്ക് വളരെയധികം സ്വാധീനം ഉണ്ടാകും.

1998 -ൽ ഞങ്ങളുടെ പഴയ കുടുംബസഹൃത്തുക്കളായിരുന്ന കാരോൾ കിംഗ്, ഡോറിസ് കിംഗ് എന്നിവർ (Caroll and Doris King) മാനുഷ്യാവകാശ കമ്മീഷന്റെ സഹായികളായി ഇറാക്ക് സന്ദർശിച്ചു. ആ സമയം അവർ ബാഗ്ദാദ് (Bagdad) ൽ ഖയിദ (Ghaida) എന്ന സ്ത്രീയെ കണ്ടുമുട്ടുന്നതിനിടയായി. ഞാൻ കണ്ടിട്ടുള്ളതിലേക്കും ഏറ്റവും





കൂടുതൽ വേദന അനുഭവിച്ചിട്ടുള്ള ഒരു സ്ത്രീ ആയിരുന്നു അവർ. എന്നാലും അവർ ക്ഷമിക്കുവാൻ തയ്യാറായിരുന്നു.

## ഖയിദ (GHAIDA)

ഖയിദ (Ghaida) യ്ക്കു ഒൻപതു മക്കളുണ്ടായിരുന്നു. ഗൾഫ് യുദ്ധത്തിന്റെ സമയത്ത് അമേരിക്കൻ സ്മാർട്ട് ബോംബ് പ്രയോഗത്താൽ ആ ഒൻപത് മക്കളും കൊല്ലപ്പെട്ടു. അതോടൊപ്പം ആയിരത്തിൽ പരം ആളുകളും ആ ബോംബിങ്ങിൽ കൊല്ലപ്പെട്ടു. അതിൽ കൂടുതൽ പേരും സ്ത്രീകളും കുട്ടികളും ആയിരുന്നു.

പ്രധാനപ്പെട്ട സ്ഥലങ്ങളിലെല്ലാം ടൂറിസ്റ്റുകളെ കൊണ്ടു പോകുക എന്നതാണ് ഖെയിദയുടെ ഇന്നത്തെ ജോലി. ഇതിന്റെ ഭാഗമായി അമേരിക്കയുടെ ബോംബിംഗ് മൂലം ഭീകരതയുണ്ടാക്കുന്ന സ്ഥലങ്ങളും അവൾ കാട്ടികൊടുത്തു. ഭാവിയിലുണ്ടാകാമാകുന്ന യുദ്ധത്തിനും ബോംബിങ്ങിനും എതിരായ വാചാലതയോടെ അവർ സംസാരിച്ചിരുന്നു.

ഖയിദയുടെ കൂടെയുള്ള യാത്രയ്ക്കുശേഷം കാരോളും ഡോറിസും അമേരിക്കയിൽ ചെയ്ത ക്രൂരതകൾക്കുവേണ്ടി, വിശേഷാൽ ഖയിദായോടും കുടുംബത്തോടും ചെയ്ത പാതകത്തിനുവേണ്ടി, അവളോട് മാപ്പ് അപേക്ഷിച്ചു. രണ്ടാം യുദ്ധകാലത്ത് ഒരു Airforce Pilot ആയി യൂറോപ്പിന് മുകളിൽ പറന്ന കരോളിന് യുദ്ധത്തിന്റെ കെടുതികളെക്കുറിച്ച് വ്യക്തമായ ബോദ്ധ്യം ഉണ്ടായിരുന്നു. കാരോളിന്റെ കൈകൾ പിടിച്ചു കുലുക്കിയതിനുശേഷം ഡോറിസിനെ ആശ്ലേഷിച്ച ഖയിദാ പൊട്ടിക്കരഞ്ഞു കൊണ്ടു പറഞ്ഞു "ഞാൻ ക്ഷമിച്ചിരിക്കുന്നു."

ഖയിദക്ക് ഒരിക്കലും മാനുഷിക തലത്തിലുള്ള നീതി ലഭ്യമാകയില്ല. എങ്ങിനെയാണ് മരണമടഞ്ഞ ഒൻപതു മക്കളെ തിരിച്ചു നൽകുവാൻ സാധിക്കുന്നത്? ആ അമ്മയ്ക്ക് ഒരിക്കലും അവരെ മറക്കുവാൻ സാദ്ധ്യമല്ല. എന്നാൽ ക്ഷമ അപേക്ഷിപ്പാൻ താല്പര്യമുള്ള രണ്ടു ഹൃദയങ്ങളെ കണ്ടെത്തിയതിൽ കൂടി അവൾ യഥാർത്ഥ സമാധാനം കണ്ടെത്തി. അതിന്റെ വില ആർക്കും ഗണിക്കുവാൻ സാദ്ധ്യമല്ല.

**അധ്യായം – 3**

# വിദ്വേഷത്തിന്റെ ചക്രം ഉരുളുന്നത് ഇല്ലാതെയാക്കുക

*'ദുഷ്ടത പ്രവർത്തിക്കുന്നവരെ നമ്മിൽ നിന്ന് വേർതിരിച്ച് ഇല്ലാതെ യാക്കുന്നുവെങ്കിൽ എത്ര നന്നായിരുന്നു എന്ന് നാം ചിന്തിച്ചേക്കാം. പക്ഷെ നന്മയെയും ദുഷ്ടതയെയും വേർതിരിക്കുന്ന ചരട് നമ്മുടെ ഓരോരുത്തരുടെയും ഹൃദയത്തിൽ കൂടിയാണ് കടന്നുപോകുന്നത്. ഹൃദയത്തിന്റെ ഒരു ഭാഗം നഷ്ടപ്പെടുത്തുവാൻ ആരാണ് താല്പര്യ പ്പെടുന്നത്?'* ALEKSANDR SOLZHENITSYN

"ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങ ളുടെ കുറ്റങ്ങളെയും പാപങ്ങളെയും ഞങ്ങളോട് ക്ഷമിക്കേണമേ". ചെറുപ്പകാലം മുതൽ നാം എല്ലാവരും ചൊല്ലുന്ന ഒരു പ്രാർത്ഥന യാണ് ഇത്. നമുക്ക് ഏവർക്കും സുപരിചിതമായ ഒരു പ്രാർത്ഥന ആണ് എങ്കിലും അതിന്റെ ശരിയായ അർത്ഥത്തിലേക്ക് നാം പ്രവേ ശിക്കുന്നുവോ? നമ്മുടെ ജീവിതത്തിൽ അത് നാം പ്രായോഗികമാക്കു ന്നുവോ? ജീവിത്തിൽ ക്ഷമയുടെ ആവശ്യബോധം വന്നാൽ മാത്രമേ നമുക്ക് മറ്റുള്ളവരോടു ക്ഷമിക്കുവാൻ സാദ്ധ്യമാകൂ എന്നാണ് ആ വാക്യ ങ്ങളിൽ നിന്ന് ഞാൻ മനസ്സിലാക്കുന്നത്. ഈ ചിന്ത വേഗത്തിൽ നമുക്ക് ലഭ്യമാകുന്ന ഒന്നല്ല. അതിന് വളരെയധികം താഴ്മ ആവശ്യമാണ്. ക്ഷമയ്ക്ക് അടിസ്ഥാന ഘടകം താഴ്മയാണ് എന്നതിന് രണ്ടു തർക്കമില്ല.

വിശുദ്ധമത്തായിയുടെ സുവിശേഷത്തിൽ ആണ് കർത്താവിന്റെ പർവ്വതപ്രസംഗം നൽകപ്പെട്ടിരിക്കുന്നത്. "താഴ്മയുള്ളവർ ഭാഗ്യവാ ന്മാർ അവർ ഭൂമിയെ അവകാശമാക്കും" എന്നാണ് അവിടെ പറയു ന്നത്. കരുണയില്ലാത്ത ദാസന്റെ ഉപമയിൽ കൂടി യേശു പറയുന്നു നമ്മെ മറ്റുള്ളവർ എപ്രകാരം കരുതണമെന്ന് ആഗ്രഹിക്കുന്നുവോ അതു പോലെ നാമും മറ്റുള്ളവരെ കരുതണം എന്നു പറയുന്നു.

വി. മത്തായിയുടെ സുവിശേഷം 18-ാം അധ്യായം 21-35 വരെയുള്ള വാക്യങ്ങളിൽ കരുണയില്ലാത്ത ദാസന്റെ ഉപമ കാണാം.





എന്റെ അനുഭവത്തിൽ ക്ഷമിക്കുവാനുള്ള ഏറ്റവും ശക്തമായ ഉൾപ്രേ രണ ലഭിക്കുന്നത് നമ്മുടെ ജീവിതത്തിൽ നമുക്ക് ക്ഷമ ലഭിക്കുന്നതു കൊണ്ടാണ്. ഈ ഉൾപ്രേരണ നമുക്ക് ഇല്ല എങ്കിൽ നാം അപൂർണ രാണ് നമ്മുടെ ജീവിതത്തിൽ ക്ഷമ ലഭിക്കേണ്ടിയിരിക്കുന്നു.

## ജാറഡ് (Jared)

ബോസ്റ്റനിൽ നിന്നുള്ള ഒരു (Afro - America) ആഫ്രോ അമേരിക്കൻ വിദ്യാർത്ഥി തന്റെ അനുഭവത്തെക്കുറിച്ച് ഇപ്രകാരം വിവരിക്കുന്നു.

"എനിക്ക് ആറുവയസ്സു മാത്രം പ്രായമുണ്ടായിരുന്നപ്പോഴാണ് വർണ്ണ ത്തെക്കുറിച്ചും ജാതിയെക്കുറിച്ചും ഉള്ള ബോധം എന്നിൽ ഉളവായത്. ഞാൻ എന്റെ ഭവനത്തിന്റെ സുരക്ഷിതമായ അന്തരീക്ഷത്തിൽ കഴിഞ്ഞു കൂടി എന്നാൽ ആറു വയസ്സു പ്രായമായപ്പോൾ എന്നെ എന്റെ ഭവന ത്തിന്റെ സമീപം അതേ തെരുവിലുള്ള ഒരു സ്കൂളിൽ ചേർത്തു. ഞാൻ അവിടെ ഒരു മാസം മാത്രം പഠിച്ചു. ആ സമയം നഗരത്തിന്റെ പുതിയ നിയമങ്ങൾ പരിഗണിച്ച് ബസ്സിൽ യാത്ര ചെയ്ത് പോകേണ്ട മറ്റൊരു സ്കൂളിലേക്ക് എന്നെ മാറ്റി. എന്റെ മാതാപിതാക്കൾക്ക് ഇതിനോട് അനുകൂലമല്ലായിരുന്നു. എന്നെ അറിയുകയും സ്നേഹിക്കുകയും ചെയ്യുന്ന ഒരു സ്കൂളിൽ ഞാൻ പഠിക്കണമെന്ന് അവർ ആഗ്രഹിച്ചു. നഗരത്തിന് വെളിയിൽ അവർക്ക് ഒരു ഫാം ഉണ്ടായിരുന്നു. ആയതി നാൽ ഞങ്ങൾ അവിടേക്ക് താമസം മാറ്റി. 'സിവിൾ റൈറ്റ്സ്' പ്രസ്ഥാ നത്തിൽ സജീവമായി പ്രവൃത്തിച്ചിരുന്ന എന്റെ പിതാവ് എല്ലാവരെയും വർണ്ണവ്യത്യാസമില്ലാതെ ബഹുമാനിക്കുവാനും സ്നേഹിപ്പാനും എന്നെ പഠിപ്പിച്ചിരുന്നു. വർണ്ണ വിവേചനത്തിന് കീഴ്പെടാതെ വർണ്ണ ത്തിലും ഉപരിയായി ചിന്തിക്കുവാനും കാഴ്ചപ്പാടുകൾ സ്വീകരിപ്പാനും അവർ എന്നെ ഉപദേശിച്ചു. എന്നാൽ പുതിയ സ്കൂളിൽ കറുത്ത നിറ മുള്ള ഏക വ്യക്തി ഞാൻ മാത്രമായിരുന്നു. മറ്റു പല കുട്ടികളെയും തങ്ങളുടെ മാതാപിതാക്കൾ പഠിപ്പിച്ചത് മറ്റുള്ളവരെ വെറുക്കുവാനും വിദ്വേഷിപ്പാനും ആയിരുന്നു.

അന്യോന്യം ഉള്ള വ്യത്യാസങ്ങളെ ആസ്പദമാക്കി കുട്ടികൾ ക്രൂര മായി പ്രവർത്തിച്ചു എന്ന് വരാം. 'നിങ്ങളുടെ നിറം എന്തു കൊണ്ട് കറുത്തു?' നിരുപദ്രപരവും നിർദ്ദോഷവും ആയ ഒരു ചോദ്യം ആണ് അത്. എന്നാൽ അതിനെ തുടർന്ന് അവർ ചിരിക്കുവാനും പരിഹസി ക്കുവാനും തുടങ്ങും എന്നു ഞാൻ മനസ്സിലാക്കി. അവർ വ്യത്യസ്ഥ രാണ് എന്ന ചിന്ത അവരുടെ മനസ്സിൽ ചെറുതായെങ്കിലും പതിച്ചിട്ടു

ണ്ടായിരുന്നു. വ്യത്യസ്ഥ നിറത്തെ സാധാരണയല്ലാത്തതായി, അതിൽ ഏതെങ്കിലും അപാകതയുള്ളതായി അവർ കാണുന്നു.

അവരുടെ കൂട്ടത്തിൽ ഞാൻ ഒറ്റയായി. എന്റെ അവിടുത്തെ ജീവിതം എളുപ്പമുള്ളതായിരുന്നില്ല. അവിടെവച്ചുണ്ടായ ഒരു സംഭവം ഞാൻ ഒരിക്കലും മറക്കുകയില്ല. ഞങ്ങൾ ബസ്സിൽ സഞ്ചരിച്ചപ്പോൾ ഞാൻ എന്റെ ഒരു വെള്ളക്കാരൻ സ്നേഹിതനെ മറ്റൊരു വെള്ളക്കാരൻ കുട്ടിക്കു പരിചയപ്പെടുത്തി. അതിനുശേഷം പലപ്പോഴും അവർ രണ്ടു പേരും ഒരുമിച്ചിരുന്നു എന്നു മാത്രമല്ല എന്നെ പുറത്താക്കുകയും ചെയ്തു. താമസിയാതെ ഞാൻ മറ്റൊരു സ്കൂളിലേക്ക് മാറ്റപ്പെട്ടു. എനിക്ക് പന്ത്രണ്ടു വയസ്സായപ്പോൾ സംഗതികൾ തികച്ചും വ്യത്യസ്ഥ മായിത്തീർന്നു. ഞങ്ങളുടെ ക്ലാസ്സിൽ എല്ലാവരും കറുത്ത നിറമുള്ളവ രായിരുന്നു. വെളുത്ത നിറക്കാരൻ ഷോൺ (Shawn) എന്ന ഒരു കുട്ടി മാത്രമായിരുന്നു. ആ ക്ലാസ്സിൽ മാത്രമല്ല ആ സ്കൂളിലെ ഏക വെള്ള ക്കാരനായ കുട്ടി ഷോൺ മാത്രമായിരുന്നു. അവനെ ഞങ്ങൾ ഒരു പുറം ജാതിയായി കരുതി എല്ലാത്തരത്തിലും വർണ്ണത്തിലടിസ്ഥാന പ്പെടുത്തിയുള്ള പരിഹാസ വാക്കുകൾ ഉപയോഗിക്കുകയും ശരീരിക മായി ഉപദ്രവിക്കുകയും ചെയ്തു. അവൻ ഞങ്ങളോട് യാതൊരു ദോഷവും ചെയ്തിരുന്നില്ല എങ്കിലും വെളുത്ത വർഗ്ഗക്കാരോടു ഞങ്ങൾക്കുണ്ടായിരുന്ന എല്ലാ വിദ്വേഷവും അവനിൽ തീർക്കുവാനാണ് ഞങ്ങൾ ശ്രമിച്ചത്. ഞങ്ങൾ കോപാകുലരായിരുന്നു ആ കോപമെല്ലാം അവനിൽ തീർക്കുകയും ചെയ്തു.

വെള്ളവർഗ്ഗത്തെക്കുറിച്ചും അവരുടെ ചരിത്രത്തെക്കുറിച്ചും ഞങ്ങൾ ധരിച്ചു വെച്ച സകലത്തിന്റെയും പ്രതീകമായിരുന്നു ഷോൺ. പാവം ഷോൺ ഞങ്ങളുടെ ജാതിയുടെ മേൽ ചൊരിയപ്പെട്ട നിന്ദ, തരംതാ ഴ്ത്തൽ, മർദ്ദനം, അടിമവ്യാപാരം, ഇങ്ങനെ എല്ലാ രൗദ്രവികാരങ്ങളു ടെയും ഇരയായിത്തീർന്നു.

ഞാൻ ഒരിക്കലും ഷോണിനോടു ക്ഷമ ചോദിച്ചില്ല. എന്റെ ഉള്ളിലെ വർണ്ണ വിവേചനത്തെക്കുറിച്ച് ഞാൻ ബോധവാനായപ്പോൾ ഷോൺ പോയി കഴിഞ്ഞിരുന്നു. ഷോണിനോടു ചെയ്തതിന് ഞാൻ ദൈവ ത്തോടു ക്ഷമ ചോദിച്ചു. അതുപോലെ ഞാൻ ഏകനായിരുന്നപ്പോൾ എന്നെ ഉപദ്രവിച്ചരോടു ഞാൻ ക്ഷമിക്കുകയും ചെയ്തു.





## ഹേല ഹെർലിക് (Hela ehrlich)

ഹേല (Hela) എന്ന എന്റെ യഹൂദ സ്നേഹിതയ്ക്ക് ഇതുപോലെ ഒരു കഥ പറയുവാനുണ്ട്. ഹേല (Hela) വളർന്നത് നാസികളുടെ ജർമ്മനിയിലായിരുന്നു. അവരുടെ അടുത്ത ബന്ധുക്കളൊക്കെയും രണ്ടാം ലോക മഹായുദ്ധത്തിനുമുമ്പുതന്നെ മറ്റു രാജ്യങ്ങളിലേക്ക് കുടി യേറിപ്പാർത്തു. എന്നാൽ അവളുടെ രണ്ടു വലിയപ്പന്മാരും വലിയ മ്മമാരും മറ്റു ചില ബാല്യകാലസുഹൃത്തുക്കളും ഹോളോ കോസ്റ്റ് (Holo caust) ൽ മരണമടഞ്ഞു. (യഹൂദരുടെ വംശനാശത്തിന് ഹിറ്റ്ലർ ഉപയോഗിച്ച മാർഗ്ഗം.)

കാലം പലരുടെയും ജീവിതത്തിൽ ഹൃദയവേദന കുറയ്ക്കുന്നു. എന്നാൽ ഹേലയുടെ ജീവിതത്തിൽ അത് ഉണ്ടായില്ല. സാവധാന ത്തിൽ അവളുടെ വേദന വെറുപ്പും കോപവും ആയിമാറി. മറ്റുള്ളവരെ വെറുക്കണമെന്ന് ഹേലയ്ക്ക് മോഹമുണ്ടായിരുന്നില്ല. അവൾ ജീവി ക്കുവാനും സ്നേഹിക്കുവാനും ആഗ്രഹിച്ചു. യഥാർത്ഥത്തിൽ വിദ്വേ ഷവും പകയും കോപവും ഇല്ലാതിരിപ്പാൻ, അവ ഹൃദയത്തെ കഠിന പ്പെടുത്താതിരിപ്പാൻ അവൾ വളരെയധികം ശ്രമിച്ചു. പക്ഷെ അവൾക്ക് ക്ഷമിക്കുവാൻ സാധിച്ചില്ല.

എന്നാൽ ഒരു ദിവസം അവളുടെ മനസ്സിൽ ഒരു പുതിയ ചിന്ത ഉദിച്ചു. തന്റെ കുടുംബത്തിലുള്ളവരെ വധിച്ചവരുടെ കുറ്റങ്ങളും കുറ വുകളും എന്തായിരുന്നാലും അവരും മനുഷരാണ് സഹജീവികളാണ് എന്ന് അംഗീകരിക്കാതെ അവരോടു ക്ഷമിക്കുവാൻ വിഷമമാണ് എന്ന തായിരുന്നു ആ ചിന്ത.

“ഭയത്തോടും വിറയലോടും കൂടി ഞാൻ എന്റെ ഹൃദയത്തിലേക്ക് നോക്കി അവിടെ വിദ്വേഷത്തിന്റെയും പകയുടെയും വിത്തുകൾ പാക പ്പെട്ടിരിക്കുന്നു എന്ന വസ്തുത ഞാൻ മനസ്സിലാക്കി. മറ്റുള്ളവരെക്കു റിച്ച് പുഛമായ ചിന്തകൾ, അസ്സഹിഷ്ണുത, കോപം, അസൂയ, മറ്റു ള്ളവരെ പരിഗണിയ്ക്കാതിരിക്കുക, ഇവയൊക്കെയും ആയിരുന്നു നാസി ജർമ്മനി ഉടലെടുത്തതിന്റെ വേരുകൾ. അവ എല്ലാ മനുഷ്യ രിലും ഒരളവിൽ കാണപ്പെടുന്നു.

എനിക്ക് ക്ഷമ ആവശ്യമാണ് എന്ന ബോധം ശക്തിയായി എന്നി ലേക്ക് വന്നു. എന്നാൽ മാത്രമേ മറ്റുള്ളവരോടു ക്ഷമിക്കുവാൻ സാധ്യ മാകൂ എന്നും ഞാൻ മനസ്സിലാക്കി. എനിക്ക് അവരോടു ക്ഷമിക്കു വാൻ സാധിച്ചു. ഞാൻ അതിനെ തുടർന്നു പരിപൂർണ സ്വതന്ത്രയായി.

## ജോസഫ് ബെൻ എലിയാസർ
## (Joseph Ben Eliezer)

എന്റെ മറ്റൊരു സ്നേഹിതനായിരുന്ന ജോസഫ് ബെൻ എലിയേസർ 1929 –ൽ ജർമ്മനിയിലെ ഫ്രൻക്ഫർട്ടിൽ ജനിച്ചു. അവന്റെ മാതാപിതാക്കൾ ദാരിദ്ര്യത്തിൽ നിന്നും, പീഡനത്തിൽ നിന്നും രക്ഷ നേടുവാനായി പോളണ്ടിൽ നിന്ന് കുടിയേറി പാർത്തവരായിരുന്നു. പക്ഷെ, അവർക്ക് അത് ലഭ്യമായില്ല.

"യഹൂദരോടുള്ള പൊതുവായ വിദ്വേഷത്തെക്കുറിച്ച് ഞാൻ ആദ്യമായി മനസ്സിലാക്കുന്നത് എനിക്ക് മൂന്നു വയസ്സ് മാത്രമുള്ളപ്പോഴാണ്. (Ostenostrasse) ഒസ്റ്റെൻഡ് വീഥിയിലുള്ള എന്റെ ഭവനത്തിലെ ജനലിൽ കൂടി ഞാൻ പുറത്തേക്ക് നോക്കി നിൽക്കുക ആയിരുന്നു. ആ സമയം ഹിറ്റ്ലർ യുവജനറാലി ആ വഴിയിൽ കൂടി മാർച്ച് ചെയ്ത് കടന്നു പോയി. ആ അവസരത്തിൽ അവർ പാടിയ യഹൂദരക്തം ഞങ്ങളുടെ കത്തികളിൽ നിന്ന് ഒഴുകുമ്പോൾ എന്ന പാട്ട് എന്നെ വളരെയധികം ഭയപ്പെടുത്തി. എന്റെ മാതാപിതാക്കളുടെ മുഖത്തും ആ ഭയം എനിയ്ക്കു കാണാമായിരുന്നു.

ഇതോടൊപ്പം ഞങ്ങളുടെ കുടുംബം അവിടെ നിന്ന് മാറി താമസിക്കുവാൻ തീരുമാനിച്ചു. 1933 അവസാനമായപ്പോഴേക്കും ഞങ്ങൾ പോളണ്ടിലെ (ROZWADOW) റോസ്വാഡോയിലേക്ക് താമസം മാറ്റി. അവിടെ ഒട്ടുമുക്കാൽ പേരും യഹൂദരായിരുന്നു. തയ്യൽക്കാർ, ആശാരിമാർ, കൊല്ലൻമാർ, കച്ചവടക്കാർ ഇങ്ങനെ നിരവധി തുറയിൽ അവർ പ്രവർത്തിച്ചുവന്നു. ദാരിദ്ര്യം ഉണ്ടായിരുന്നുവെങ്കിലും മദ്ധ്യവർഗ്ഗം (Middle Class) ആയി ഞങ്ങൾ പരിഗണിക്കപ്പെട്ടിരുന്നു. ആറുവർഷക്കാലത്തോളം ഞങ്ങൾ റോസ് വാഡോയിൽ താമസിച്ചു.

1939 –ൽ രണ്ടാം ലോകമഹായുദ്ധം തുടങ്ങി. ആഴ്ചകൾക്കുള്ളിൽ ജർമ്മൻ പട്ടാളം ഞങ്ങളുടെ പട്ടണം പിടിച്ചു. എന്റെ പിതാവും മൂത്ത സഹോദരനും വീടിന്റെ തട്ടുപുറത്ത് ഒളിച്ചു. ആരെങ്കിലും വാതുക്കൽ മുട്ടി അവർ എവിടെ എന്ന് ചോദിക്കുമ്പോൾ അവർ ഇവിടെ ഇല്ല എന്ന് ഞങ്ങൾ പറയുമായിരുന്നു.

അതിനുശേഷമാണ് യഹൂദന്മാർ ഏവരും നഗരമധ്യേ വരണമെന്ന ഏറ്റവും ഭയാനകരമായ ഉത്തരവ് വന്നത്. ഞങ്ങൾക്ക് ഏതാനും മണിക്കൂറുകൾ മാത്രമാണ് അവർ നൽകിയത്. ഞങ്ങൾക്ക് എടുക്കാവുന്നത്





എല്ലാം എടുത്തു ഭാണ്ഡകെട്ടാക്കി ഞങ്ങളുടെ പുറകിൽ വെച്ചു. നഗരമദ്ധ്യേനിന്ന് അനേക മൈൽ മാറിയുള്ള ഒരു നദിയുടെ സമീപത്തേക്ക് മാർച്ച്ചെയ്തു പോകുവാൻ നാസി പടയാളികൾ ഞങ്ങളോട് ആവശ്യപ്പെട്ടു. യൂണിഫോം ധരിച്ച ആൾക്കാർ ഞങ്ങളോടൊപ്പം മോട്ടോർ സൈക്കിളിൽ സഞ്ചരിച്ചു. അതിൽ ഒരാൾ ഞങ്ങളുടെ അടുത്തു വന്നു വേഗം നടക്കുവാൻ ആവശ്യപ്പെട്ടതിനുശേഷം എന്റെ പിതാവിനെ മർദ്ദിച്ചു. യൂണിഫോം ധരിച്ച മറ്റു പടയാളികൾ ആറ്ററികിൽ ഞങ്ങളുടെ വരവും കാത്ത് നിന്നിരുന്നു. പണം, ആഭരണങ്ങൾ, വാച്ചുകൾ ഇവ ഞങ്ങളുടെ സമക്ഷം ഉണ്ടോ എന്ന് അവർ പരിശോധിച്ചു. എന്റെ ചെറിയ സഹോദരിയുടെ വസ്ത്രങ്ങൾക്കടിയിൽ പണം വെച്ചിരുന്നത് അവർക്ക് കണ്ടുപിടിക്കുവാൻ സാധിച്ചില്ല. അത് കഴിഞ്ഞ് ഞങ്ങൾ എവിടെ പോകണമെന്ന് അവർ ഞങ്ങളോട് ആവശ്യപ്പെട്ടില്ല. അതുകൊണ്ട് അടുത്തു കണ്ട ഗ്രാമത്തിൽ ഞങ്ങൾ ഏവരും അന്തിഉറങ്ങി.

കുറെ ദിവസങ്ങൾ കഴിഞ്ഞതിനുശേഷം ആഭാഗത്തും ജർമ്മൻ പട്ടാളം തമ്പടിക്കുവാൻ തുടങ്ങുന്നു എന്ന് ഞങ്ങൾ കേട്ടു. അതിൽ ഭയപ്പെട്ട ഞങ്ങൾ, കാത്തു സൂക്ഷിച്ച പണം ഉപയോഗിച്ച് മറ്റു ചില കുടുംബങ്ങളോടൊപ്പം ഒരു വണ്ടിയും കുതിരയും വാങ്ങി. ഞങ്ങളുടെ സാധനങ്ങളെയും കുട്ടികളെയും അതിൽ കയറ്റി യാത്ര തുടങ്ങി.

ഞങ്ങൾ കിഴക്കുഭാഗത്തേക്ക്, റഷ്യയുടെ അതിരുകളിലേക്ക് യാത്ര തുടങ്ങി. രാത്രിക്കു മുമ്പെ അവിടെ ചെന്നെത്തുമെന്നു കരുതി. എന്നാൽ വിസ്തീർണമുള്ള ചില കൊടും കാടുകളിലാണ് ഞങ്ങൾ എത്തിച്ചേർന്നത്. രാത്രിയിൽ ആയുധ ധാരികളായ കൊള്ളക്കാരെ ഞങ്ങൾക്ക് നേരിടേണ്ടി വന്നു. ഞങ്ങളുടെ കൈവശമുള്ളതെല്ലാം അവർ ഞങ്ങളോട് ആവശ്യപ്പെട്ടു. അവ ഭയാനകമായ നിമിഷങ്ങളായിരുന്നു. ഭാഗ്യവശാൽ ഞങ്ങളോടൊപ്പമുള്ള പുരുഷന്മാർ അവരെ നേരിട്ടതിനാൽ അവർ ഞങ്ങളെ വിട്ടുപോയി. ഒരു സൈക്കിളും ഞങ്ങളുടെ മറ്റു ചില സാധനങ്ങളും മാത്രമാണ് ഞങ്ങൾക്ക് നഷ്ടമായത്.

പിന്നീടുള്ള വർഷങ്ങളിൽ ജോസഫ് സൈബീരിയ (SIBERIA) യിലാണ് കഴിച്ചു കൂട്ടിയത്. 1943 –ൽ ജോസഫ് അവിടെനിന്ന് പാലസ്തീനിലേക്ക് രക്ഷപ്പെട്ടു. യുദ്ധം കഴിഞ്ഞതിന് ശേഷം കോൺസന്റ്രേഷൻ കാമ്പുകളിൽ (Concentation Camps) തടവുകാരായി കഴിഞ്ഞ പലരുമായും ജോസഫിന് ബന്ധപ്പെടുവാൻ സാധിച്ചു.

(Bergen - Belsen) ബർഗൻ ബൽസെൻ (Bulchen Wold) ബുക്കൻ വോൾഡ് ഈ സ്ഥലങ്ങളിൽ നിന്ന് വിടുവിക്കപ്പെട്ട് 1945 -ൽ പാലസ്റ്റീനിൽ വന്ന കുട്ടികൾ, അവർ കടന്നുപോയ അവസ്ഥ കളെക്കുറിച്ച് പറഞ്ഞത് ഭയാനകരമായിരുന്നു. പന്ത്രണ്ടു മുതൽ പതി നാലുവയസ്സുവരെ പ്രായമുള്ള ആ കുട്ടികൾ വയസ്സുചെന്ന് വൃദ്ധന്മാ രായവരെ പോലെയാണ് കാണപ്പെട്ടത്. വേദനാജനകമായ ആ വാർത്ത കൾ ശ്രവിച്ച എനിക്ക് നാസികളോട് ഉണ്ടായിരുന്ന കോപവും വിദ്വേ ഷവും പതിന്മടങ്ങു വർദ്ധിച്ചു.

അതിനുശേഷം (Holocaust) ഹോളോകോസ്റ്റ് പീഡനത്തിലകപ്പെട്ട വരുടെ പാലസ്തീനിലേക്കുള്ള പ്രവേശനം ബ്രിട്ടീഷ് ഭരണകൂടം നിയ ന്ത്രിക്കുവാൻ ശ്രമിച്ചു. ആ സമയം എനിക്ക് അവരോടും അതികഠിന മായ വെറുപ്പും വിദ്വേഷവും ഉളവായി. മറ്റുള്ള യഹൂദന്മാരുടെ കൂട്ട ത്തിൽ കശാപ്പുശാലയിൽ ആടിനെ അറക്കുന്നതുപോലെ തങ്ങളെ കശാപ്പുചെയ്യുവാൻ അനുവദിക്കുകയില്ല എന്ന തീരുമാനത്തിലായി രുന്നു അവർ. വന്യമൃഗങ്ങളുടെ മദ്ധ്യത്തിൽ ജീവിക്കുന്ന പ്രതീതിയാണ് ഞങ്ങളുടെ മനസ്സിൽ ഉളവായത്. അവരെപ്പോലെ നിഷ്ഠൂരൻ ആകുന്നില്ല എങ്കിൽ അവരിൽ നിന്ന് രക്ഷപ്രാപിപ്പാൻ സാദ്ധ്യമല്ല എന്ന് ഞങ്ങൾ ചിന്തിച്ചു.

പലസ്തീനിൽ ബ്രിട്ടീഷ് ഭരണം കഴിഞ്ഞ അവസരത്തിൽ അവർക്ക് എതിരെ യുദ്ധം ചെയ്യേണ്ട ആവശ്യം ഞങ്ങൾക്കുവന്നില്ല. ആ സമയ ത്താണ് ഞങ്ങടെ താമസ സ്ഥലങ്ങൾക്ക് വേണ്ടി അവകാശവാദവും ആയി അറബികൾ വന്നത്. ആ സമയത്ത് ഞാൻ പട്ടാളത്തിൽ ചേർന്നു. എന്നെ ഇനിയും ചവുട്ടിമെതിക്കുവാൻ ആർക്കും സാദ്ധ്യമല്ലായിരുന്നു.

ഒരു മിലിട്ടറി ഓപ്പറേഷനിൽ ഞങ്ങളുടെ യൂണിറ്റ് ഒരു കൂട്ടം പല സ്തീൻകാരോടു മണിക്കൂറുകൾക്കകം അവരുടെ ഗ്രാമം വിടുവാൻ ആവശ്യപ്പെട്ടു. സമാധാനപരമായി പോകുവാൻ ഞങ്ങൾ അവരെ അനു വദിച്ചില്ല. ഞങ്ങളുടെ ഉള്ളിൽ കുമിഞ്ഞു കൂടിയ പകയും വിദ്വേഷവും ഞങ്ങൾ അവരിൽ ചൊരിഞ്ഞു. അവരോടുള്ള ചോദ്യോത്തരവേളക ളിൽ പലപ്പോഴും ഞങ്ങൾ അവരെ ക്രൂരമായി മർദ്ദിക്കുകയും ചിലരെ വധിക്കുകയും ചെയ്തിരുന്നു. മുകളിൽ നിന്നുള്ള ഉത്തരവുകളില്ലാതെ ഞങ്ങളുടെ സ്വന്തം ഇച്ഛകൾക്ക് അനുസരിച്ചാണ് ഇത് ഞങ്ങൾ ചെയ്തത്. നിഷിദ്ധമായ വികാരങ്ങളാണ് ഞങ്ങളെ ഇതിനു പ്രേരി പ്പിച്ചത്.





ഈ സമയം പോളണ്ടിൽ വെച്ച് ഇതുപോലെ ഉണ്ടായ ചെറുപ്രായ ത്തിലുള്ള അനുഭവങ്ങൾ എന്റെ മനസ്സിൽ ഓർമ്മവന്നു. എനിക്ക് പത്തു വയസ്സുമാത്രം പ്രായമുള്ളപ്പോൾ സ്വന്തം ഭവനത്തിൽ നിന്ന് പുറത്താ ക്കപ്പെട്ട ഓർമ്മകൾ എന്നെ പിടിച്ച് ഉലച്ചു. ആളുകൾ, പുരുഷന്മാരും സ്ത്രീകളും കുട്ടികളും തങ്ങൾക്ക് എടുക്കാവുന്നതെല്ലാം എടുത്തു കൊണ്ട് പോകേണ്ട സാഹചര്യം വീണ്ടും ആവർത്തിക്കപ്പെടുന്നു. അവ രുടെ കണ്ണുകളിൽ നിഴലിച്ചിരുന്ന ആ ഭയം ഞാനും അനുഭവിച്ചതാ ണ്. ഞാൻ വളരെയധികം അസ്വസ്ഥനായിത്തീർന്നു. എന്നാലും ഞാൻ ചെയ്യുന്ന പ്രവൃത്തി ഒരു ഉത്തരവ് പ്രകാരമാണ്. വിലപിടിപ്പുള്ള സാധ നങ്ങൾക്ക് വേണ്ടി ഞാൻ അവരുടെ ഇടയിൽ തിരഞ്ഞു."

ആ സമയത്ത് ജോസഫ് അക്രമത്തിന് ഇരയല്ലായിരുന്നു. പക്ഷെ ഇപ്പോൾ ലഭ്യമായിരിക്കുന്ന ആ പുതിയ ശക്തി ഒട്ടുംതന്നെ സമാ ധാനം നൽകുന്നതായിരുന്നില്ല. മുൻകാല സ്മരണകളും അതിന്റെ വേദ നകളും ജോസഫിനെ അലട്ടി.

ഇതിനെ തുടർന്ന് ജോസഫ് പട്ടാളത്തിൽ നിന്ന് മാറി. പക്ഷെ അതു കൊണ്ടും സന്തുഷ്ടനായില്ല. യഹൂദ മതത്തിൽ നിന്നും എല്ലാ മതങ്ങ ളിൽ നിന്നും ജോസഫ് പിന്മാറി. ദുഷ്ടതയുടെ അർത്ഥം മനസ്സിലാക്കി ലോകത്തെ കാണുവാൻ ജോസഫ് ശ്രമം നടത്തി. അതും ഫലപ്രദമാ യില്ല. അവസാനം യഥാർത്ഥമായി യേശുവിനെ കണ്ടെത്തിയതിൽ കൂടി, സ്വന്തം ജീവിതത്തിൽ വിദ്വേഷത്തിനോ, പകയോ, സ്ഥാനമില്ലാ തിരുന്ന യേശുവിനെ മനസ്സിലാക്കിയതിൽ കൂടി മാത്രമാണ് യഥാർത്ഥ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ബോധം ജോസഫിന്റെ മനസ്സിൽ ഉളവാ യത്.

"എന്റെ ഹൃദയത്തിൽ യേശുവിന്റെ വാക്കുകൾ ഞാൻ ഗ്രഹിച്ചു. 'കോഴി തന്റെ കുഞ്ഞുങ്ങളെ തന്റെ ചിറകിൽ മറയ്ക്കുന്നതുപോലെ നിങ്ങളെ ചേർത്തു കൊൾവാൻ ഞാൻ അതിയായി ആഗ്രഹിച്ചു. നിങ്ങളോ അതിനെ കൈക്കൊണ്ടില്ല.' ഈ വാക്കുകളുടെ ശക്തി ഞാൻ അനുഭവിച്ചു. എല്ലാത്തരം കടമ്പകളെയും, എല്ലാ ജാതിയെയും വംശ ത്തെയും മതങ്ങളെയും, ഒരുമിച്ചു ചേർക്കുവാനുള്ള ശക്തി ഈ വാക്കു കൾക്കുണ്ട്. ആ അനുഭവം എനിക്ക് ഏറ്റവും വലുതായ വ്യതിയാനം വരുത്തി. വിദ്വേഷമെന്ന രോഗത്തിന് സൗഖ്യവും എല്ലാ പാപങ്ങളിൽ നിന്നും ഉള്ള വിടുതലും എനിക്ക് ഉളവായി. എന്റെ പുതിയ വിശ്വാസ

ത്തിൽ ക്ഷമ എന്ന യാഥാർത്ഥ്യം എനിക്ക് അനുഭവിപ്പാൻ സാധിച്ചു. ഞാൻ എന്നോടു തന്നെ ചോദിച്ചു. 'മറ്റുള്ളവരോട് ക്ഷമ പ്രദർശിപ്പിക്കാതിരിപ്പാൻ എങ്ങിനെ സാധിക്കും'?"

## ബിഷാരാ ആവാദ് (Bishara Awad)

ജോസഫിനെപ്പോലെ നിരവധി പേർ (Arab - Israeli conflict) അറബി യിസ്രായേൽ പ്രതിസന്ധിയിൽ വേദനപ്പെടുന്നവരുണ്ട്. അതിൽ ഒരുവനാണ് എന്റെ സ്നേഹിതനായ ബിഷാരാ ആവാദ്. അതിനീണ്ട പോരാട്ടങ്ങളെക്കുറിച്ചും പ്രത്യേകിച്ച് സഹനശക്തിയും ക്ഷമയ്ക്കുവേണ്ടിയുള്ള യത്നങ്ങളെക്കുറിച്ചും അവൻ എന്നോടു പറഞ്ഞു.

"1948 ൽ അറബികളും യിസ്രായേലിൽ കുടിയേറിപ്പാർത്ത യഹൂദരും തമ്മിലുള്ള അതികഠിനമായ യുദ്ധത്തിൽ ആയിരക്കണക്കിന് പലസ്തീൻകാർ മരണമടയുകയും നിരവധി പേർ ഭവനരഹിതരായിത്തീരുകയും ചെയ്തു. എന്റെ ഭവനത്തിന്നും ഈ ദുർഗതി നേരിടേണ്ടിവന്നു. എന്റെ പിതാവ് ഒരു ബുള്ളറ്റിനാൽ മരിച്ചു. ശവം സംസ്ക്കരിക്കുന്നതിന് ഒരു നല്ല സ്ഥലം കിട്ടിയില്ല. ഞങ്ങളുടെ സ്ഥലത്തു നിന്നും ഭയം നിമിത്തം എവിടേക്കെങ്കിലും പോകുവാനും ഏവരും ഭയന്നു. രണ്ടുവശത്തു നിന്നുമുള്ള വെടിയുണ്ടകളാൽ മരണമടയുവാൻ സാദ്ധ്യതയുണ്ട്. ഒരു പ്രാർത്ഥന ചൊല്ലുവാൻ പുരോഹിതനോ പാസ്റ്ററോ ലഭ്യമല്ല. അതുകൊണ്ട് ഞങ്ങളുടെ മാതാവ് വേദപുസ്തകത്തിൽ നിന്ന് ഒരു ഭാഗം വായിച്ചു. അവിടെയുണ്ടായിരുന്ന പുരുഷന്മാർ വീടിനു പുറത്തുള്ള സ്ഥലത്തു തന്നെ എന്റെ പിതാവിന്റെ മൃതദേഹം സംസ്കരിച്ചു. പട്ടണത്തിലുള്ള സെമിത്തേരിയിലേക്ക് കൊണ്ടുപോകുന്നതിന് യാതൊരു നിർവാഹവും ഇല്ലായിരുന്നു.

ഇരുപത്തി ഒമ്പതാം വയസ്സിൽ എന്റെ മാതാവ് അങ്ങനെ ഒരു വിധവ ആയിത്തീർന്നു. ആ സമയത്ത് എനിക്ക് ഒൻപതു വയസ്സുമാത്രമായിരുന്നു. ഞങ്ങളുടെ പ്രദേശത്ത് അന്യോന്യം ഉള്ള വെടിവെയ്പ് ആഴ്ചകൾ നീണ്ടുനിന്നു. അതുകൊണ്ട് വീടിന്റെ അലമാരിയിൽ അഭയം പ്രാപിച്ചിരുന്ന ഞങ്ങൾക്ക് പുറത്തു പോകുവാൻ സാധിച്ചിരുന്നില്ല. ഒരു ദിവസം രാത്രി ജോർഡേനിയൻ പട്ടാളം ഞങ്ങളോട് അവിടെ നിന്ന് പഴയ നഗരത്തിലേക്ക് പലായനം ചെയ്യാനായി ആവശ്യപ്പെട്ടു. ഞങ്ങൾ കഴിഞ്ഞിരുന്ന ഭവനം പിന്നീട് ഞങ്ങൾ കണ്ടിട്ടില്ല. യാതൊന്നും എടുക്കാതെ ഞങ്ങൾ അവിടെ നിന്ന് ഓടി. ചിലർ അവരുടെ പൈജാമാ ഇട്ടുകൊണ്ടായിരുന്നു ഓടിയത്.





പഴയ നഗരത്തിൽ ഞങ്ങൾ അഭയാർത്ഥികളായിത്തീർന്നു. ഞങ്ങൾക്ക് അന്തി ഉറങ്ങുവാൻ ലഭ്യമായത് വീട്ടുപകരണങ്ങൾ ഒന്നുമില്ലാതെ മണ്ണെണ്ണ സൂക്ഷിക്കപ്പെട്ടിരുന്ന ഒരു സ്റ്റോറിൽ ആയിരുന്നു. ഒരു മുസ്ലിം കുടുംബം ഞങ്ങൾക്ക് കുറെ ഭക്ഷണവും കമ്പിളി പുതപ്പും നൽകി. ജീവിതം വളരെ ദുഃസ്സഹമായിരുന്നു. ഭക്ഷണമില്ലാതെ ഉറങ്ങിയ രാത്രികൾ ഇപ്പോഴും എന്റെ മനസ്സിൽ വ്യക്തമായി നിലനിൽക്കുന്നു.

എന്റെ മാതാവ് ഒരു നേഴ്സ് ആയി പരിശീലിക്കപ്പെട്ടിരുന്നു. അമ്മയ്ക്ക് മാസം 25 ഡോളർ വേതനത്തിൽ ഒരു ജോലി ലഭിച്ചു. അമ്മ രാത്രിയിൽ ജോലി ചെയ്തു പകൽ സമയമുള്ളപ്പോൾ കൂടുതൽ പഠിക്കുകയും ചെയ്തു. കുട്ടികളായ ഞങ്ങളെ ഒരു ഓർഫനേജിൽ പാർപ്പിച്ചു.

എന്റെ സഹോദരിമാർ ഒരു മുസ്ലിം പള്ളിക്കൂടത്തിൽ ചേർക്കപ്പെട്ടു. എന്നാൽ ഞങ്ങൾ ആൺ കുട്ടികൾ വളർന്നത് ഒരു ഇംഗ്ലീഷ്കാരി നടത്തിയ ഒരു ഭവനത്തിലാണ്. എനിക്ക് ഇത് കഠിനമായ ഒരു പരീക്ഷണമായിരുന്നു. ആദ്യം എന്റെ പിതാവിനെ എനിക്ക് നഷ്ടപ്പെട്ടു. പിന്നീട് എന്റെ കുടുംബത്തിൽ നിന്ന് ഞാൻ വേർതിരിക്കപ്പെട്ടു. മാസത്തിൽ ഒരു പ്രാവശ്യം കുടുംബത്തെ സന്ദർശിക്കുവാൻ ഞങ്ങൾക്ക് അനുവാദമുണ്ടായിരുന്നു. പക്ഷെ ഈ രീതിയിൽ പന്ത്രണ്ട് സംവത്സരം താമസിക്കുവാൻ ഞങ്ങൾ നിർബന്ധിക്കപ്പെട്ടു. എന്റെ രണ്ടു സഹോദരന്മാരും മറ്റു എട്ടു കുട്ടികൾക്കും ഒപ്പം എന്റെ യാതനകൾ തുടർന്നു. ഞങ്ങൾക്ക് ആവശ്യത്തിന് ഭക്ഷണം ലഭ്യമായിരുന്നില്ല. ഭക്ഷണം വളരെ മോശമായിരുന്നു. ഞങ്ങളോടുള്ള സമീപനം അസഹനീയം ആയിരുന്നു.

ബിഷാറാ (Bishara) പ്രായമായപ്പോൾ അമേരിക്കയിൽ പഠനത്തിനു പോകുകയും അമേരിക്കൻ പൗരത്വം സ്വീകരിക്കുകയും ചെയ്തു. പിന്നീട് യിസ്രായേലിലേക്ക് മടങ്ങി ഒരു ക്രിസ്ത്യൻ സ്കൂളിൽ ജോലി സ്വീകരിച്ചു. പുറകോട്ടു നോക്കുമ്പോൾ ബിഷാറായ്ക്ക് പറവാനുള്ളത് ഇതാണ് "ആദ്യവർഷം ഞാൻ വളരെയധികം നിരുന്മേഷവാനായിരുന്നു. അതുകൊണ്ട് എനിക്ക് അധികമൊന്നും ചെയ്യുവാൻ സാധിച്ചില്ല. എന്റെ മനസ്സിൽ പലസ്തീൻകാരെ ഉപദ്രവിച്ച യഹൂദരോടുള്ള വിദ്വേഷവും പകയും നിറഞ്ഞുനിന്നു. എന്റെ എല്ലാ വിദ്യാർത്ഥികളും പലസ്തീൻകാർ ആയിരുന്നു. ഞാൻ ഉപദ്രവിക്കപ്പെട്ട രീതിയിൽ അവർ

ഓരോരുത്തരും പീഡിക്കപ്പെട്ടിരുന്നു. എന്റെ ഉള്ളിൽ കുടികൊണ്ടിരുന്ന പകയുടെയും വിദ്വേഷത്തിന്റെ തിരതള്ളൽ കാരണം എനിക്ക് വേണ്ട വിധത്തിൽ എന്റെ വിദ്യാർത്ഥികളെ സഹായിക്കുവാൻ കഴിഞ്ഞിരുന്നില്ല. ആ പകയും വിദ്വേഷവും എന്റെ ചെറുപ്പം മുതൽ എന്നിൽ കുടികൊണ്ടിരുന്നത് വളർന്ന് കൊണ്ടേയിരുന്നു. ഒരു രാത്രി കണ്ണുനീരോടു കൂടി ഞാൻ ദൈവത്തോടു പ്രാർത്ഥിച്ചു. യഹൂദരോടുള്ള വിദ്വേഷത്തെയും പകയെയും ഏറ്റുപറഞ്ഞു ഞാൻ ക്ഷമയ്ക്കുവേണ്ടി പ്രാർത്ഥിച്ചു. ഉടൻ തന്നെ ദൈവം എന്റെ നിരാശകളെയും എതിർപ്പുകളെയും വിദ്വേഷത്തെയും എന്നിൽ നിന്ന് അകറ്റി. എന്റെ ഹൃദയം സ്നേഹം കൊണ്ട് നിറഞ്ഞു.

സ്വയപരിരക്ഷണവും സ്വയ വളർച്ചയും ഊന്നിപ്പറയുന്ന ഒരു സംസ്കാരത്തിൽ അധിഷ്ഠിതമായ ഒരു ജീവിത രീതിയിൽ ക്ഷമ എന്നതിന് വലിയ സ്ഥാനമില്ല. ബിഷാറ വിവരിച്ച രീതിയിലുള്ള അനുരഞ്ജന മനോഭാവത്തിനും സ്നേഹത്തിനും ആ തരത്തിലുള്ള സംസ്കാരത്തിൽ പ്രാധാന്യമില്ല എന്നു മാത്രമല്ല പരിഹാസ രൂപേണ ആ ചിന്താഗതിയെ വ്യാഖ്യാനിക്കുകയും ചെയ്യുന്നു. എന്നാൽ നിർഭാഗ്യവശാൽ ഈ തരത്തിലുള്ള ഒരു വ്യാഖ്യാനം പ്രശ്നങ്ങൾക്ക് ശരിയായ ഒരു ഉത്തരം നൽകുന്നില്ല എന്നതാണ് യാഥാർത്ഥ്യം. ആന്തരീകമായി അവർ ബന്ധനത്തിലാണ്. ആത്യന്തികമായി ഈ ബന്ധനം അഴിക്കുന്നതിന് ഒരു മാർഗ്ഗം മാത്രമേ ഉള്ളൂ. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പ്രത്യാശയെ മുറുകെപ്പിടിക്കുക. നിരാശയുടെ അനുഭവത്തിലും ഈ പ്രത്യാശയിൽ ഉറച്ചു നിൽക്കുക. സ്നേഹത്തിന്റെയും ക്ഷമയുടെയും (Naim Ateek) മാർഗ്ഗമാണ് ഈ പ്രത്യാശയുടെ പ്രാവർത്തിക മാർഗ്ഗം. നയിം അറ്റിക്ക് എന്ന പാലസ്തീനിയൻ പുരോഹിതന്റെ ജീവചരിത്രം ബിഷാറയുടെതുമായി സാമ്യമുള്ള ഒരു ചരിത്രം ആണ്.

“ആളുകൾ അന്യോന്യം വെറുക്കുമ്പോൾ അതിന്റെ ശക്തി അവരെ അകറ്റുന്നു. അവർ ആ വികാരത്തിന്നെതിരായി പരിശ്രമിക്കുക. ചിലപ്പോൾ നിങ്ങൾക്കു മുൻതൂക്കം ലഭ്യമായി എന്നു വരാം. മറ്റവസരങ്ങളിൽ നിങ്ങൾ പിറകോട്ടു പോയേക്കാം. ഒരിക്കലും വിദ്വേഷം നിങ്ങളെ അടിമപ്പെടുത്തരുത്.

ക്ഷമയുടെയും സ്നേഹത്തിന്റേതുമായ പ്രമാണം അനുസരിച്ച് ജീവിക്കുവാൻ ശ്രമിക്കുക. യേശുവിന്റെ സന്ദേശത്തിൽ വെള്ളം ചേർക്കാതിരിക്കുക. അതിനെ നിരാകരിക്കയുമരുത്. അതിന്റെ യാഥാർത്ഥ്യവും





പ്രായോഗികതയും അംഗീകരിക്കുക. അതിനെ നിങ്ങളുടെ തലത്തിലേക്ക് ചുരുക്കാതെയിരിക്കുക. നിങ്ങളുടെ ജീവിതശൈലിക്കനുരൂപപ്പെടാതെ യേശുവിന്റെ വെളിച്ചത്തിൽ മാത്രം അതിനെ കാണുക. അതിന്റെ അന്തർസത്ത കാത്തു പരിപാലിച്ച് അതിനെ ആഗിരണം ചെയ്ത് അതിനു വേണ്ടി ആഗ്രഹിച്ച് അതിന്റെ വിജയത്തിന്നുവേണ്ടി പരിശ്രമിക്കുക.

നമ്മെ ബലഹീനരും പരാജിതരും ആയി തള്ളാതെ ക്ഷമ, നന്മയുടെ യഥാർത്ഥ ശക്തിയെ വെളിവാക്കുന്നു. അത് നൽകുന്ന ആൾക്കും ലഭിക്കുന്ന ആൾക്കും ഒരുപോലെ ശക്തിയും സമാധാനവും പ്രദാനം ചെയ്യുന്നു. ഏറ്റവും പ്രയാസമുള്ള സാഹചര്യങ്ങളിൽ പകയുടെയും വിദ്വേഷത്തിന്റേതുമായ കടംകഥകളെ മാറ്റിയകറ്റി മനുഷ്യത്വവും നീതിയും പ്രദാനം ചെയ്തു മനുഷ്യ ഹൃദയങ്ങൾക്ക് സമാധാനം പകരുന്നു. അവസാനമായി, നമ്മുടെ ക്ഷമയുടെ ഫലം ഒരു മനുഷ്യച്ചങ്ങലയിൽ കൂടി അന്യോന്യം പകരപ്പെടുന്നു.

അധ്യായം – 4

# നിങ്ങളെ പീഡിപ്പിക്കുന്നവരെ അനുഗ്രഹിക്കുക

*"ചില ചിന്തകളുടെ പശ്ചാത്തലത്തിൽ നാം പകച്ചു നിൽക്കുന്നു. പ്രത്യേകിച്ചും മനുഷ്യരുടെ ദുഷ്ടപ്രവർത്തികളെ നോക്കി അതിനെ എപ്രകാരം നേരിടണം – ശക്തി പ്രയോഗത്താലോ? സ്നേഹത്താലോ? സ്നേഹത്തിന്റെ മാർഗ്ഗം സ്വീകരിക്കുന്നു എങ്കിൽ നമുക്ക് ലോകത്തെ മുഴുവനായി കീഴ്പെടുത്താം. താഴ്മയേറിയ സ്നേഹം ശക്തിമത്താണ്. എല്ലാറ്റിനെക്കാളും അത് ശക്തിയേറിയതാണ്. മറ്റൊന്നിനും തന്നെ ആ ശക്തി ഇല്ല."* FYODOR DOSTOEVSKY

സുവിശേഷങ്ങളിൽ കാണുന്ന പർവ്വത പ്രസംഗത്തിൽ കൂടി യേശു, 'ശത്രുക്കളെ സ്നേഹിക്കുവാൻ' പഠിപ്പിക്കുന്നതിനോടൊപ്പം നമ്മെ പീഡിപ്പിക്കുന്നവരെ അനുഗ്രഹിക്കുവാനും ആവശ്യപ്പെടുന്നു. കർത്താവ് കുരിശിൽ കിടന്ന് "പിതാവേ ഇവർ ചെയ്യുന്നത് എന്ത് എന്ന് അറിയായ്കയാൽ ഇവരോടു ക്ഷമിക്കേണമേ" എന്ന തന്റെ പ്രാർത്ഥനയിൽ കൂടി തന്റെ പ്രമാണങ്ങളെ ജീവിതത്തിൽ യാഥാർത്ഥ്യമാക്കി കാണിച്ചു കൊടുത്തു. അതുപോലെ തന്നെ ആദ്യ ക്രൈസ്തവ രക്തസാക്ഷി ആയിതീർന്ന വിശുദ്ധ സ്തേഫാനോസും തന്നെ കല്ലെറിഞ്ഞു കൊല്ലുന്ന അവസരത്തിൽ ഇങ്ങനെ പ്രാർഥിച്ചു. "പിതാവേ ഇവരുടെ മേൽ ഈ പാപം നിർത്തരുതെ".

സ്വയനശീകരണത്തിനുതകുന്ന വിഡ്ഢിത്തമായാണ് പലരും ഈ മനോഭാവത്തെ പരിഗണിക്കുന്നത്. നമ്മെ ഉപദ്രവിക്കാനോ നശിപ്പിക്കാനോ മുതിരുന്ന ഒരാളെ നാം എന്തിന് ആലിംഗനം ചെയ്യണം? സ്വയം സംരക്ഷണത്തിന് വേണ്ടി എന്തുകൊണ്ട് പ്രതിരോധിക്കുവാൻ ശ്രമിക്കുന്നില്ല? ജയിൽവാസിയായ ഒരു പരിചയക്കാരന് എന്റെ ഈ പുസ്തകത്തിന്റെ പഴയ പതിപ്പ് കാട്ടിയപ്പോൾ അയാൾ ഇപ്രകാരം പ്രതികരിച്ചു. 'യഹൂദനായാലും അമേരിക്കൻ ഇൻഡ്യൻ ആയാലും അഥവാ ചരിത്രത്തിൽ പീഡിപ്പിക്കപ്പെട്ട ഏതു വർഗ്ഗം ആയിരുന്നാലും





അവരെ പീഡിപ്പിച്ചവരോടു ക്ഷമിക്കുവാൻ അവർ എങ്ങനെ ആവശ്യപ്പെടും എന്ന് എനിക്ക് ചിന്തിക്കാൻ കൂടെ കഴിയുന്നില്ല.'

നിങ്ങളുടെ ഉത്തരം എന്ത് എന്ന് എനിക്കുപറവാൻ സാധിക്കും 'യേശു!'. പക്ഷെ യഹൂന്മാരെക്കുറിച്ച് ചിന്തിക്കുമ്പോൾ യേശുവിന്റെ പിൻഗാമികളായ 'ക്രിസ്ത്യാനികളാണ്' യഹൂദന്മാരുടെ ഏറ്റവും വലിയ എതിരാളികളായിതീർന്നത് എന്ന് കാണാം. യൂറോപ്പിൽ യഹൂദന്മാരെ ചേരികളിലേക്ക് തള്ളുകയും ആ ചേരികൾ നിറഞ്ഞപ്പോൾ അവരെ Auschwitz ൽ ഗ്യാസ് ചേംമ്പറിൽ ഇട്ടുനശിപ്പിക്കുകയും ചെയ്തപ്പോൾ, ക്രിസ്ത്യാനികൾ പ്രതികരിക്കാതെ, നിശ്ശബ്ദതയോടെ, അവയെ വീക്ഷിക്കുയാണുണ്ടായത്. അമേരിക്കൻ ഇൻഡ്യക്കാരെ വെള്ളക്കാരായ ക്രിസ്ത്യാനികൾ വംശനാശത്തിന്റെ വക്കിലെത്തിക്കുകയും അവർക്കു വേണ്ടിയുള്ള പ്രത്യേക സ്ഥലത്ത് കുടിപാർപ്പിക്കുകയും ചെയ്തു. ഏറ്റവും മോശമായ സ്ഥലമാണ് അവർക്ക് നൽകിയത്.

ആവശ്യത്തിനു ഭക്ഷണവും വസ്ത്രവും കൃഷി സ്ഥലങ്ങളും നല്ല ഭവനങ്ങളും ബിസിനസ്സും ഉള്ളവർക്ക് ക്ഷമയെക്കുറിച്ച് പ്രസംഗിക്കുവാൻ ഒട്ടും വിഷമമില്ല. എന്നാൽ തൊഴിൽ രഹിതരായി, ഭവനരഹിതരായി, പട്ടിണിയിൽ കഴിയുന്നവരോട് ("Frantz Fanon എന്ന എഴുത്തുകാരന്റെ The Wretched of the Earth എന്ന പുസ്തകത്തിലെ വിവരണം") വരോട് ക്ഷമയെക്കുറിച്ച് പറയുന്നത് യഥാർത്ഥ ബോധമോ? അവരുടെ പട്ടിണിക്ക് വേണ്ടി വോട്ട് നൽകിയ പണമുള്ളവരോടും സൗകര്യമുള്ളവരോടും അവർ എങ്ങിനെ എന്തിന് ക്ഷമിക്കണം? യുദ്ധത്തിന് വേണ്ടി വോട്ട് നൽകിയവർ, ജയിലുകൾക്ക്വേണ്ടി വോട്ട് നൽകിയവർ, പാവങ്ങളുടെ നാശത്തിനുവേണ്ടി വോട്ട് നൽകിയവർ ഇവരൊക്കെയും ക്ഷമ അർഹിക്കുന്നുവോ?

"കർത്താവേ അവരും അവരുടെ പിതാക്കന്മാരും അഞ്ഞൂറു വർഷക്കാലമായി ചെയ്തു കൊണ്ടിരിക്കുന്നതായ സംഗതികളെ അവരോട് ക്ഷമിക്കേണമേ" എന്ന തരത്തിലുള്ള ഒരു പ്രാർത്ഥന സ്വീകാര്യമോ?

ഇതുകൊണ്ടാണ് എന്റെ ഹൃദയം രാഷ്ട്രീയ തലത്തിലുള്ള പ്രവർത്തനത്തിന്നുവേണ്ടി വാഞ്ചിച്ചത്. പൈശാചികങ്ങളായ യാഥാർത്ഥ്യങ്ങളെ തിരുത്തുവാൻ, ഈ ലോകത്തിലെ നരകത്തിൽ നിന്ന് നിരവധി ആളുകളെ രക്ഷിപ്പാൻ ഞാൻ വാഞ്ചിച്ചു. അവരുടെ സാഹചര്യങ്ങൾ വ്യത്യാസമാക്കപ്പെട്ടതിനുശേഷം ക്ഷമയെക്കുറിച്ച് സംസാരിക്കാൻ സാധിച്ചേക്കും.

ഈ വാക്കുകൾ പലർക്കും ക്രൂരമായി തോന്നാം. എന്തെന്നാൽ ഈ പുസ്തകത്തിലെ മറ്റ് എഴുത്തുകാരിൽ നിന്നും വ്യത്യസ്ഥമായ നിലപാട് ആണ് ഇവിടെ നാം കാണുന്നത്. ഏകദേശം 25 വർഷംമുമ്പ് ഈ എഴുത്തുകാരനെ വധശിക്ഷയ്ക്ക് വിധിച്ചിരുന്നു. രാഷ്ട്രീയ തലത്തിലുള്ള ഒരു കുറ്റമാണ് ആരോപിക്കപ്പെട്ടിരുന്നത്. ആ കേസിന്റെ വിവിധ വശങ്ങളെക്കുറിച്ച് ഓരോ വിധത്തിലുള്ള വാദപ്രതിവാദങ്ങൾ ഉയർന്ന നീതിന്യായ കോടതികളിലും പ്രതിധ്വനിച്ചു. അനാവശ്യമായി അയാളിൽ കുറ്റങ്ങൾ ആരോപിക്കപ്പെട്ടതാണ് എന്ന ചിന്ത പലരിലും ഉണ്ടായിരുന്നു. ഏതെങ്കിലും ഒരു വ്യക്തിക്ക് ധാരാളമായി ക്ഷമിക്കുവാനുണ്ടായിരുന്നുവെങ്കിൽ അത് ഈ വ്യക്തിയ്ക്കുമാത്രമായിരുന്നു. എപ്രകാരം ക്രിസ്ത്യാനികൾ, അനീതികൾ നിറഞ്ഞ ഒരു ഘടനയ്ക്ക് എതിരെ പ്രതികരിക്കാതെ പീഡിതവർഗ്ഗത്തിൽ നിന്ന് ക്ഷമ കാംക്ഷിക്കുന്നു എന്ന അദ്ദേഹത്തിന്റെ വെല്ലുവിളി അർത്ഥവത്തായിരുന്നു, പ്രാധാന്യമർഹിക്കുന്നതുമാണ്. എന്നെ സംബന്ധിച്ച് അതിന്റെ ഉത്തരം കാണുവാൻ സാധിക്കുന്നത് അസ്സീസ്സിയിലെ ഫ്രാൻസിസ്സിന്റെ ചിന്തകളിലാണ്.

“സുവിശേഷം എല്ലാ സമയത്തും പ്രസംഗിക്കുക. ആവശ്യമുണ്ടെങ്കിൽ വാക്കുകൾ ഉപയോഗിക്കുക.” ക്ഷമയുടെ പ്രായോഗികവശങ്ങൾ വ്യക്തമാക്കുന്ന ഈ ഉപദേശം താത്വികമായി വിവരിക്കാം അതിനെക്കുറിച്ച് ഭംഗിവാക്കുകൾ പറയാം. മറ്റുള്ളവരെ ഉപദേശിക്കാം അത് മറ്റുള്ളവരുടെ ജീവിതത്തിൽ ആവശ്യപ്പെടാം. ഇതൊന്നും തന്നെ അർത്ഥവത്തല്ല. എന്നാൽ അത് നമ്മുടെ ജീവിതത്തിൽ പ്രായോഗിക തലത്തിൽ കൊണ്ടുവരുമ്പോൾ മാത്രമാണ് അതിന്റെ യഥാർത്ഥ ശക്തി വെളിപ്പെടുന്നത്.

## ഗ്രഹാം സ്റ്റെയിൻസ് (Graham Staines)

ഏകദേശം മുപ്പതുവർഷത്തോളം ഇൻഡ്യയിൽ കുഷ്ഠരോഗികളുടെ ഇടയിൽ പ്രവർത്തിച്ച നഴ്സ് ആയിരുന്ന ഗ്ലാഡിസ് സ്റ്റെയിൻസും മിഷനറി ആയിരുന്ന അവരുടെ ഭർത്താവ് ഗ്രഹാം സ്റ്റെയിൻസും ധാരാളം മരണം നേരിൽ കണ്ടിട്ടുണ്ട്. എന്നാൽ 1999 ജനുവരിയിലെ സംഭവത്തിന് അവർ ഒരുക്കപ്പെട്ടിട്ടില്ലായിരുന്നു. ആ ദിവസം അവരുടെ ഭർത്താവും രണ്ടു മക്കളും പത്തുവയസ്സു പ്രായമുണ്ടായിരുന്ന ഫിലിപ്പും ആറ് വയസ്സ് പ്രായമുണ്ടായിരുന്ന തിമത്തിയും, മീറ്റിംഗ് കഴിഞ്ഞ് വൈകു





ന്നേരം മടങ്ങി വന്നില്ല. പിറ്റെ ദിവസം മാത്രമാണ് അവരുടെ സ്വന്തം ജീപ്പിൽ അവരെ തിരിച്ചറിയാൻ പാടില്ലാത്ത രീതിയിൽ കത്തിക്കരിഞ്ഞതായ സംഭവത്തിന്റെ വിവരം ഗ്ലാഡിസിന് ലഭ്യമായത്.

ന്യൂയോർക്ക് റ്റൈംസ് (New York Times) ഇപ്രകാരം രേഖപ്പെടുത്തി. മിസ്സസ്സ് സ്റ്റെയിൻസ് സങ്കടാധിക്യത്താൽ വളരെ സാവധാനം മാത്രമാണ് നീങ്ങിയത്. ചിന്തിച്ചാണ് അവർ സംസാരിച്ചത്. ഇത് ചെയ്തത് ആരാണെങ്കിലും അവരോട് ഞങ്ങൾ ക്ഷമിച്ചിരിക്കുന്നു.” ഈ സംഭവവും ആയി ബന്ധപ്പെട്ട അന്വേഷണത്തിൽ സുപ്രധാന പങ്കു വഹിച്ചു സുപ്രീം കോടതി ജഡ്ജി ഡി.പി. വാധേവ (D.P. Wadheva), മിസ്സസ്സ് ഗ്ലാഡീസ് സ്റ്റെയിൻസിന്റെ പ്രതികരണത്തെക്കുറിച്ച് ഇപ്രകാരം രേഖപ്പെടുത്തി. ഈ കടുംകൈ പ്രവർത്തിച്ചവരെയും അതിന് പ്രേരിപ്പിച്ചവരെയും ആ ചിന്താഗതി വെച്ചുപുലർത്തുന്നവരെയും, തന്റെ ഈ മഹനീയ പ്രതികരണം കൊണ്ട് മിസ്സസ്സ് സ്റ്റെയിൻസ് ഏവരെയും ലജ്ജിപ്പിച്ചിരിക്കുന്നു.”

കിഴക്കൻ ഒറീസ്സായിലെ ബരിപാഡ (Baripada) എന്ന സ്ഥലത്ത് വളരെ വൃത്തിഹീനമായ ഒരു പട്ടണത്തിൽ തന്റെ ഭർത്താവ് ചെയ്തുകൊണ്ടിരുന്ന വേലയുടെ - കുഷ്ഠരോഗികൾക്കുവേണ്ടിയുള്ള പ്രവർത്തനം തുടരുവാനായി Mrs. Staines തീരുമാനിച്ചു. തീർച്ചയായും ദൈവം നീതിമാനും നല്ലവനും ആണ് എന്നതും എല്ലാ സംഭവങ്ങളിലും കൂടെ ദൈവത്തിന്റെ ഉദ്ദേശങ്ങൾ നിവൃത്തിക്കപ്പെടുന്നു എന്നും ഉള്ള സുവിശേഷ സത്യങ്ങൾ അവർ നൽകിക്കൊണ്ടിരുന്നു. ചിലപ്പോൾ ദൈവത്തിന്റെ ഉദ്ദേശങ്ങൾ മനസ്സിലാക്കുവാൻ മനുഷ്യമനസ്സിന് വിഷമകരമാവാം. ആ സാഹചര്യങ്ങളിൽ ഉറച്ചു വിശ്വസിക്കുക മാത്രമാണ് കമനീയമായുള്ളത്.

എന്തു കൊണ്ടാണ് ദൈവം തന്റെ ഭർത്താവിനെയും രണ്ടു മക്കളെയും എടുത്തത് എന്നത് ഗ്ലാഡിസ്സിന്റെ മനസ്സിൽ തീർച്ചയായും ഉള്ള ഒരു ചോദ്യമാണ്. എന്നാൽ അവർ അതിന് ഉത്തരം കണ്ടുപിടിക്കുവാൻ ശ്രമിക്കാതെ തല്ക്കാലം മാറ്റിവെയ്ക്കുവാനുള്ള ശ്രമത്തിലാണ്. “ഏതു തരത്തിലുള്ള മരണമാണ് അവർ നേരിട്ടത്? ആദ്യം അവരെ വധിച്ചതിന് ശേഷമാണോ ദഹിപ്പിക്കുവാൻ ശ്രമിച്ചത്? ഞാൻ കോപിഷ്ഠയോ? അല്ലയോ? ഇങ്ങനെയുള്ള പല ചോദ്യങ്ങൾ ഉണ്ടെങ്കിലും ഞാൻ അവയെക്കുറിച്ച് ആലോചിക്കുന്നില്ല. ആ വിധത്തിലുള്ള എല്ലാ

വിധ ചിന്തകളെയും എന്റെ മനസ്സിൽ നിന്ന് അകറ്റുവാൻ ആണ് ഞാൻ ശ്രമിക്കുന്നത്. ചില സമയം ഞാൻ അത്യധികം സങ്കടാവസ്ഥയിലാകുന്നു. എന്റെ പ്രിയപ്പെട്ടവർ എന്നോടൊപ്പമില്ല. എന്റെ കുട്ടികളുമൊത്ത് സമയം ചെലവഴിക്കാൻ അവർ എന്നോടൊപ്പം ഇല്ല. ഉറങ്ങുവാൻ പോകുന്നതിനുമുമ്പ് ഭർത്താവിനോട് സംസാരിക്കുവാൻ എനിക്ക് സാധിക്കുകയില്ല. എന്നാൽ ഞാൻ ഇപ്പോൾ ദൈവത്തോടു സംസാരിക്കുന്നു. എന്റെ ഹൃദയം അവനു മുമ്പിൽ തുറക്കുന്നു. എനിയ്ക്കാവശ്യമുള്ള ശക്തിയും വിവേകവും അവൻ എനിക്ക് നൽകുന്നു.

തന്റെ ഭർത്താവിനെയും കുട്ടികളെയും കുല ചെയ്തവരെക്കുറിച്ച് അവർ ഇപ്രകാരം പറഞ്ഞു. "എനിക്ക് അവർ ചെയ്ത പ്രവൃത്തി ക്ഷമിക്കുവാൻ സാധിക്കും. പക്ഷെ അവരുടെ പാപങ്ങൾ ക്ഷമിക്കുവാൻ എനിക്ക് സാദ്ധ്യമല്ല. യേശുവിനു മാത്രമേ അവരുടെ പാപങ്ങൾ ക്ഷമിക്കുവാൻ സാധിക്കുകയുള്ളൂ. അതിന് അവർ യേശുവിനെ സമീപിക്കേണ്ടിയിരിക്കുന്നു."

ആയിരക്കണിക്കിനാളുകൾ പങ്കെടുത്ത ശവസംസ്ക്കാര ശുശ്രൂഷ കഴിഞ്ഞതിനുശേഷം മിസ്സസ്സ് സ്റ്റെയിൻസും അവരുടെ പതിമൂന്നുവയസ്സു മാത്രം പ്രായമുള്ള എസ്ഥേറും ജനങ്ങളോടൊപ്പം 'Because He lives' എന്ന ഗാനാലാപനത്തോടു കൂടി സെമിത്തേരിയിൽ നിന്ന് വിടവാങ്ങി".

"Because He lives, I can face tomorrow"

Because He lives, all fear is gone"

## മാർട്ടിൻ ലൂഥർ കിംഗ് (Martin Luther King)

ക്ഷമയെക്കുറിച്ചുള്ള ഗ്ലാഡിസ് സ്റ്റെയിൻസിന്റെ ധാരണകൾ മനസ്സിലാക്കുവാൻ പലർക്കും വിഷമമാണ്. എങ്കിലും ഇത് തങ്ങളുടെ ജീവിതത്തിൽ കൂടി വെളിപ്പെടുത്തിയവർ നിരവധിയാണ്. പീഡിതരായ നിരവധി ജനങ്ങൾ, ആദിമ ക്രൈസ്തവർ, നവീകരണ സമയത്തെ അനാബാപ്റ്റിസ്റ്റ് സമൂഹം, (Ana baptists) 20 -ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ടോൾസ്റ്റോയി, മഹാത്മാഗാന്ധി, മാർട്ടിൻ ലൂഥർ കിംഗ് (Tolstoy,Gandhi, Martin Luther King) ഇവരുടെ അനുയായികൾ ആദിയായവർ ഈ പട്ടികയിൽ ഉൾക്കൊള്ളുന്നു. മാർട്ടിൻ ലൂഥർ കിംഗിന്റെ 'സ്നേഹത്തിന്റെ ശക്തി' (Strength to Love) എന്ന പുസ്തകത്തിൽ കൊടുത്തിരിക്കുന്ന ഒരു ഭാഗം ഈ ആശയം വളരെ വ്യക്തമാക്കുന്നു.





"ശത്രുക്കളെ സ്നേഹിക്കുക" എന്ന യേശുവിന്റെ ഉപദേശം പോലെ പ്രയോഗത്തിൽ കൊണ്ടുവരുവാൻ അതിവിഷമമായ മറ്റൊരു കല്പന ഇല്ല. അതിന്റെ പ്രായോഗികത അസ്സാധ്യമാണ് എന്നു കരുതുന്നവർ നിരവധിയാണ്. നമ്മെ സ്നേഹിക്കുന്നവരെ സ്നേഹിക്കുന്നതിന് വിഷമമില്ല എന്നാണ് അവരുടെ അവകാശ വാദം. പക്ഷെ നമ്മെ ഉപദ്രവിക്കുവാൻ ശ്രമിക്കുന്നവരെ, നമ്മെ തോല്പിക്കുവാൻ ശ്രമിക്കുന്നവരെ സ്നേഹിക്കുവാൻ എങ്ങിനെ സാധിക്കും?

ഒരു ദിവാസ്വപ്നമെന്നതിലും ഉപരിയായി, ശത്രുവിനെ സ്നേഹിക്കുക എന്ന കല്പന നിർവ്വഹിക്കേണ്ടത് നമ്മുടെ യഥാർത്ഥ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. ഇന്നത്തെ ലോകത്തിന്റെ പ്രശ്നപരിഹാരങ്ങൾക്ക് ഈ പ്രമാണം അനുയോജ്യമാണ്. ശത്രുവിനെ സ്നേഹിക്കുക എന്നത് ഒരു പ്രായോഗിക തത്വം എന്നതിനേക്കാൾ യാഥാർത്ഥ്യ ബോധവും പ്രായോഗികതയും കലർത്തി ആണ് തന്റെ ജീവിതത്തിൽ കൂടി യേശു വെളിപ്പെടുത്തിയത്.

വെറുപ്പിനെ അഥവാ വിദ്വേഷത്തെ വിദ്വേഷം കൊണ്ടു നേരിടുമ്പോൾ വിദ്വേഷം വർധിപ്പിക്കുക മാത്രമാണ് നാം ചെയ്യുന്നത്. നക്ഷത്രങ്ങളില്ലാത്ത അന്ധകാരപരമായ ഒരു രാത്രിയുടെ ഇരുട്ട് വർദ്ധിപ്പിക്കുന്നതിന് സമാനമായിരിക്കും അത്. ഇരുട്ടിന് ഇരുട്ടിനെ ഇല്ലാതാക്കുവാൻ സാധ്യമല്ല. വെളിച്ചത്തിന് മാത്രമെ ഇരുട്ടിനെ ഇല്ലാതാക്കാനാകൂ. വിദ്വേഷത്തിന് വിദ്വേഷത്തെ ഇല്ലാതാക്കുവാൻ സാദ്ധ്യമല്ല. സ്നേഹത്തിന് മാത്രമേ അത് സാദ്ധ്യമാകൂ. വിദ്വേഷം വിദ്വേഷത്തെ വർദ്ധിപ്പിക്കുന്നു. അക്രമം അക്രമത്തെ വർദ്ധിപ്പിക്കുന്നു. ഉറച്ച മനസ്ഥിതി, കൂടുതൽ ഉറച്ചതാകുകയും നാശത്തിലേക്ക് നയിക്കുകയും ചെയ്യുന്നു.

ഒരു ശത്രുവിനെ മിത്രമാക്കുവാൻ സഹായിക്കുന്ന ഏക ഘടകം സ്നേഹം മാത്രമാണ്. വിദ്വേഷത്തെ വിദ്വേഷം കൊണ്ട് നേരിട്ട് ശത്രുവിനെ കീഴ്പ്പെടുത്തുവാൻ സാദ്ധ്യമല്ല. എന്നാൽ ശത്രുത്വം ഇല്ലാതെയാക്കി ആണ് ശത്രുവിനെ മിത്രമാക്കി മാറ്റുന്നത്. വിദ്വേഷം അതിന്റെ സ്വഭാവമനുസരിച്ച് നമ്മെ നാശത്തിലേക്ക് നയിക്കുന്നു. എന്നാൽ സ്നേഹം അതിന്റെ വീണ്ടെടുക്കുന്ന ശക്തിയാൽ വ്യക്തിബന്ധങ്ങൾ ഉൾപ്പടെ സകലതും പുതുതാക്കുന്നു."

ഒരു രാഷ്ട്രീയ ആയുധമായി സ്നേഹത്തെ ഉപയോഗിക്കുവാൻ മാർട്ടിൻ ലൂഥർ കിംഗിന് സാധിച്ചു. അതിന്റെ അടിസ്ഥാനം അദ്ദേഹ

ത്തിന്റെ അഗാധമായ വിശ്വാസം ആയിരുന്നു. എന്നാൽ തീർച്ചയായും അതിൽ ഒരു അളവിൽ പ്രായോഗികതയും ഉൾപ്പെട്ടിരുന്നു. തന്റെയും തന്റെ കൂടെയുള്ള ആഫ്രോ അമേരിക്കൻ സ്നേഹിതരുടെയും മുമ്പിൽ ദശവർഷങ്ങളോളം നീണ്ടു നിൽക്കുന്ന പോരാട്ടമാണ് ഉള്ളത് എന്ന് അദ്ദേഹത്തിന് നല്ലതിൻ വണ്ണം അറിയാമായിരുന്നു. എതിരാളികളെ പ്രകോപിപ്പിച്ചാൽ അത് കൂടുതൽ അക്രമങ്ങളിലേക്ക് വഴിതെളിച്ച് തങ്ങ ളുടെ പ്രവർത്തനങ്ങളെ നശിപ്പിക്കുമെന്നു മാത്രമല്ല കൂടുതൽ കൂടു തൽ അക്രമവാസന വളർന്നു വരുമെന്നും കിംഗ് (King) മനസ്സിലാക്കി യിരുന്നു. വർണ്ണ വിവേചനത്തോടുള്ള വിദ്വേഷത്തെ ഇല്ലാതെയാക്കു ന്നതിനു പകരം അത് വർദ്ധിപ്പിക്കുവാൻ ഉതകുന്നതാണ് എന്ന വസ്തു തയും അദ്ദേഹം മനസ്സിലാക്കി. പീഡിപ്പിക്കുന്നവരോട് ക്ഷമിക്കുന്നതിൽ കൂടി മാത്രമേ ആഫ്രോ അമേരിക്കൻ ജാതിക്ക് വിനാശകരമായ പാത അവസാനിപ്പിക്കുവാൻ സാദ്ധ്യമാകൂ എന്ന് അദ്ദേഹം പറഞ്ഞു. ക്ഷമി ക്കുന്നതിൽ കൂടിയാണ് നീണ്ടുനിൽക്കുന്ന സമാധാനം ഉളവാകുന്നത്.

ക്ഷമിക്കുവാനുള്ള നമ്മുടെ കഴിവ് വികസിപ്പിക്കുകയും അത് കാത്തു പരിപാലിക്കുകയും ചെയ്യേണ്ടതാണ്. ക്ഷമിക്കുവാനുള്ള കഴിവ് ഇല്ലാ ത്തവർക്ക് സ്നേഹിക്കുവാനും സാധ്യമല്ല. നിബന്ധനകളുടെയും മുൻകൂട്ടിയുള്ള കരാറുകളുടെയും അടിസ്ഥാനത്തിൽ ശത്രുവിനെ സ്നേഹിക്കുന്നത് തുടങ്ങുവാൻ പോലും സാദ്ധ്യമല്ല. പ്രത്യേകിച്ചും നമ്മെ ഉപദ്രവിക്കുകയും വേദനിപ്പിക്കുകയും ചെയ്തിട്ടുള്ളവരോടുള്ള ബന്ധത്തിൽ ഇത് വളരെ പ്രാധാന്യം അർഹിക്കുന്നു.

ക്ഷമ നൽകേണ്ടുന്നത് ഒരു തെറ്റിന്റെ ഭാഗമായി മുറിവേൽക്കപ്പെട്ട വ്യക്തികൾ, അഥവാ അനീതിയ്ക്കു പാത്രമായ വ്യക്തികൾ അഥവാ പീഡിക്കപ്പെട്ടവരും പീഡിതരുമായ വർഗ്ഗം ഇവരാണ് എന്ന് നാം ഓർ ക്കേണ്ടതാണ്. തെറ്റുചെയ്തയാൾ ഒരു പക്ഷെ ക്ഷമ ചോദിച്ചേക്കാം. മുടിയനായ പുത്രൻ പൊടിപടലം നിറഞ്ഞ വഴിയിൽ കൂടി ഭാരമുള്ള ഹൃദയത്തോടു കൂടി വന്നതുപോലെ അവർ വന്നു ക്ഷമ ചോദിക്കാം. പക്ഷെ സ്നേഹവാനായ പിതാവിനേപ്പോലെ, മുറിവേറ്റ ഹൃദയത്തിന് മാത്രമേ ക്ഷമിക്കുവാൻ സാധ്യമാകൂ.

ക്ഷമ എന്നു പറയുന്നത് ചെയ്തതിനെ മറക്കുക അല്ല. അത് ഒരു കുറ്റകൃത്യത്തിനോ ദുഷ്പ്രവൃത്തിക്കോ മറ ആകുന്നില്ല. പ്രത്യുത, ക്ഷമ ഒരു ദുഷ്പ്രവൃത്തിയോ കുറ്റകൃത്യമോ മൂലം സംഭവിക്കാവുന്ന, വ്യക്തി





ബന്ധങ്ങളിലുള്ള തകർച്ചയെ ഇല്ലാതെയാക്കുന്നു. ഒരു പുതിയ തുടക്ക ത്തിന്നും ഒരു പുതിയ ബന്ധത്തിനും സഹായകരമായ ഒരു ഘടക മാണ് ക്ഷമ.

നിങ്ങൾക്ക് ഞങ്ങളെ ദ്രോഹിക്കുവാനുള്ള കഴിവിനെ, അത് സഹി ക്കുവാനുള്ള കഴിവു കൊണ്ട് നേരിടും എന്നാണ് നമ്മുടെ ഏറ്റവും വലിയ എതിരാളികളോടു നാം പറയുന്നത്. ബാഹ്യവും ശാരീരികവും ആയ ശക്തികളെ നാം നമ്മുടെ ആത്മിക ശക്തിയാൽ നേരിടുന്നു. നിങ്ങളുടെ ഹിതത്തിനനുസരിച്ച് നിങ്ങൾ ഞങ്ങളോടു പ്രവർത്തിക്കുക ഞങ്ങൾ നിങ്ങളെ സ്നേഹത്താൽ നേരിടും.

ഞങ്ങളുടെ ഉത്തമ മനസ്സാക്ഷിയെ അനുസരിക്കുമ്പോൾ നിങ്ങളുടെ അനീതിയ്ക്കു അനുകൂലമായ നിയമങ്ങൾക്ക് കൂട്ടുനിൽക്കുവാൻ ഞങ്ങൾക്ക് സാധ്യമല്ല. എന്തെന്നാൽ നന്മയോടുള്ള സഹവർത്തിത്വവും തിന്മയോടുള്ള നിസ്സഹകരണവും ആണ് ഞങ്ങളുടെ ജീവിതശൈലി. നിങ്ങൾ ഞങ്ങളെ ജയിലിൽ ഇടുകയാണെങ്കിലും ഞങ്ങൾ നിങ്ങളെ സ്നേഹിക്കും. നിങ്ങളുടെ ഭീകരപ്രവർത്തകരെ രാത്രികാലങ്ങളിൽ ഞങ്ങളുടെ ഭവനങ്ങളിലേക്ക് അയച്ചാലും ഞങ്ങളെ തല്ലിച്ചതയ്ക്കു കയും മുറിവേല്പിക്കുകയും ചെയ്താലും ഞങ്ങൾ നിങ്ങളെ സ്നേഹിക്കും. കഷ്ടത സഹിയ്ക്കുവാനുള്ള ഞങ്ങളുടെ സഹന ശക്തി യാൽ ഞങ്ങൾ നിങ്ങളെ ക്ഷീണിപ്പിക്കും.

ഒരു നാൾ ഞങ്ങൾ ഞങ്ങളുടെ സ്വാതന്ത്ര്യം കരസ്ഥമാക്കും. പക്ഷെ അതു ഞങ്ങൾക്കു വേണ്ടി മാത്രം ആയിരിക്കുകയില്ല. അതോടൊപ്പം ഞങ്ങൾ നിങ്ങളുടെ ഭയത്തെയും മനസ്സാക്ഷിയെയും അഭിമുഖീകരിച്ച് അവയെ സ്വാധീനിക്കുകയും നിങ്ങളിലുള്ള വിജയം കരസ്ഥമാക്കു കയും ചെയ്യും. അങ്ങനെ നിങ്ങളുടെമേൽ ഉള്ള ഞങ്ങളുടെ ജയം ഇരട്ടി ആകും".

1965 –ൽ എനിക്ക് മാർട്ടിൻ ലൂഥർ കിംഗിനോടൊപ്പം (Martin Luther King) അലബാമ (Alabama) ജാഥയിൽ പോകുവാനുള്ള ഭാഗ്യം ലഭ്യമായി എന്നു മാത്രമല്ല അനീതിയ്ക്കെതിരായ പോരാട്ടത്തിൽ അദ്ദേഹം പ്രദർശിപ്പിച്ച അഗാധമായ സ്നേഹവും വിനീതമായ താഴ്മയും എനിക്ക് നേരിൽ മനസ്സിലാക്കുവാനും അനുഭവിപ്പാനും സാധിച്ചു. സഹപ്രവർത്ത കരൊപ്പം ഞാൻ Tuskegee Institute സന്ദർശിക്കുമ്പോളാണ് ജിമ്മി ലീ ജാക്സൻ (Jimmie Lee Jackson) എന്ന യൗവനക്കാരന്റെ മരണവാർത്ത

ഞങ്ങൾ ശ്രവിച്ചത്. മാരിയനിലെ (Marion) ഒരു ദേവാലയത്തെ കേന്ദ്രീകരിച്ചുള്ള ജാഥയെ പിരിച്ചുവിടാനുള്ള പോലീസ് പരിശ്രമത്തിനിടയിലാണ് ജാക്സന് പോലീസിന്റെ വെടിയേറ്റത്. അലബാമ (Alabama) യിലെ വിവിധ സ്ഥലത്തു നിന്നുള്ള പോലീസ് ആ പട്ടണത്തിൽ വന്ന് ജാഥായിൽ പങ്കെടുത്തവരെ തല്ലി ചതച്ചു.

അന്നത്തെ അവിടുത്തെ കിരാതമായ അരക്ഷിതാവസ്ഥയെ കണ്ടു നിന്നവർ വിവരിക്കുന്നു. “ചിലവെള്ളക്കാർ കാമറാകൾ തല്ലി ഉടയ്ക്കുകയും വഴിവിളക്കുകൾ വെടിവെച്ച് പൊട്ടിക്കുകയും ചെയ്തു. ആ സമയം പോലീസ് ഉദ്യോഗസ്ഥർ കറുത്ത വർഗ്ഗക്കാരായ പുരുഷന്മാരെയും സ്ത്രീകളെയും തല്ലി ചതച്ചു. അവരിൽ പലരും ആ സമയം ദേവാലയത്തിന്റെ പടിക്കൽ മുട്ട് കുത്തിപ്രാർത്ഥിക്കുക ആയിരുന്നു.

തന്റെ മാതാവിനെ ക്രൂരമായി പോലീസുകാർ പീഡിപ്പിച്ചപ്പോൾ അതിന്റെ ഇടയ്ക്കുകയറിയതായിരുന്നു ജിമ്മി ചെയ്ത കുറ്റം. വയറ്റിൽ ബുള്ളറ്റും തലയ്ക്ക് അടിയുമായിരുന്നു പോലീസു നൽകിയ ശിക്ഷ. ജിമ്മി മരിക്കാറായിരുന്നു. അടുത്തുള്ള ഹോസ്പിറ്റലിൽ ജിമ്മിക്ക് പ്രവേശനം നിരാകരിച്ചു. അതുകൊണ്ട് ജിമ്മിയെ സെൽമ (Selma) എന്ന സ്ഥലത്തേക്ക് കൊണ്ടുപോയി. അവിടെ അവന്റെ കഥ പത്രറിപ്പോർട്ടർമാർക്ക് നൽകുവാൻ സാധിച്ചു. ചില ദിവസങ്ങൾക്ക് ശേഷം ജിമ്മി മരണമടഞ്ഞു.

ജിമ്മിയുടെ മരണ വാർത്ത് ശ്രവിച്ച ഞങ്ങൾ സെൽമ (Selma) യിലേക്ക് യാത്രതിരിച്ചു. അവിടെ Brown Chapel ൽ ജിമ്മിയുടെ ഭൗതീകാവശിഷ്ടം പ്രദർശിപ്പിക്കപ്പെട്ടു. ജിമ്മിയുടെ മുറിവുകൾ മറയ്ക്കുവാൻ സാധിക്കാത്ത രീതിയിൽ വലുതായിരുന്നു. ജിമ്മിക്ക് നീളത്തിൽ മൂന്നു പ്രധാന മുറിവുകൾ തലയിൽ ഉണ്ടായിരുന്നു. അതിൽ ഒരെണ്ണം തലയുടെ മുകൾ വശത്തായും ഒരെണ്ണം ചെവിയുടെ പുറകിലും മറ്റൊരെണ്ണം തലയോട്ടിയുടെ താഴ്വശത്തായും കാണപ്പെട്ടു.

വേദനയോടു കൂടി ഞങ്ങൾ ആ പ്രാർത്ഥനയിൽ പങ്കുകൊണ്ടു. ഏകദേശം മൂവായിരത്തോളം പേർ ആ ശുശ്രൂഷയിൽ പങ്കെടുത്തു. അതിലും കൂടുതൽ ജനം ആ ഹാളിന്റെ പുറത്തു കൂടി നിന്നു. ഏറ്റവും പുറകിൽ ഉണ്ടായിരുന്ന ഒരു ജനൽ പാളിയിൽ ആണ് എനിക്ക് ഇരിക്കുവാൻ സാധിച്ചത്. അവിടെ കൂടിയിരുന്നവരിൽ ആരുടെയും മനസ്സിൽ പകയുടെയോ വിദ്വേഷത്തിന്റെയോ ആയ വികാരങ്ങൾ ഉണ്ടായിരുന്നില്ല. പ്രത്യുത ധൈര്യത്തിന്റെയും ഉറപ്പിന്റെയും വികാരം ആണ്





അവിടെ കൂടിയിരുന്ന ആ കൂട്ടം പ്രദർശിപ്പിച്ചത്. "Ain't gonna let nobody turn me' round" എന്ന ഗാനം അവർ ഒരുമിച്ചു പാടി.

അതിന് ശേഷം, രണ്ടാമത് ഒരു ശുശ്രൂഷ നടത്തിയത് പോലീസ് സേനയുടെ നിരീക്ഷണത്തിൽ ആയിരുന്നു. അടുത്തുള്ള പ്രാദേശിക കോർട്ടിൽ പോലീസ് സേന അവർ രാത്രിയിൽ ഉപയോഗിക്കുന്ന പ്രത്യേക ലാത്തിയും ആയി അണിനിരന്നു. ദിവസങ്ങൾക്ക് മുമ്പ് മാരയനി (Marion) ലെ കറുത്തവർഗ്ഗക്കാരെ തല്ലിച്ചതച്ച അതേ പോലീസ് സംഘം ആയിരുന്നു അത്. ഇത് കാണുവാൻ തടിച്ചു കൂടിയ വെള്ളക്കാരുടെ സംഘവും ഉപദ്രവിക്കുന്നതിൽ ഒട്ടും പുറകോട്ടായിരുന്നില്ല. ബൈനോക്കുലേർസും ക്യാമറകളും ആയി ഞങ്ങളുടെ ഓരോ നീക്കവും അവർ നിരീക്ഷിയ്ക്കുകയും ഞങ്ങളുടെ ഫോട്ടോ എടുക്കുകയും ചെയ്തു. അവരുടെ നിരീക്ഷണം വളരെ കാര്യക്ഷമമായി തുടർന്നു. ഞങ്ങൾ ഓരോരുത്തരെയും നോട്ടപ്പുള്ളികളായി അവർ കരുതി.

ക്ഷമയെക്കുറിച്ചും സ്നേഹത്തെക്കുറിച്ചും മാർട്ടിൻ ലൂഥർ കിംഗ് സെമത്തേരിയിൽ വെച്ച് സംസാരിച്ചു. പോലീസിനുവേണ്ടിയും, കുലയാളികൾക്കുവേണ്ടിയും തങ്ങളെ പീഡിപ്പിക്കുന്ന ഏവർക്കു വേണ്ടിയും പ്രാർത്ഥിപ്പാനും അവരോടു ക്ഷമിക്കുവാനും കിംഗ് അവിടെ കൂടിയിരുന്ന ജനങ്ങളോടു ആവശ്യപ്പെട്ടു. അതിന്റെശേഷം കൈകൾ കോർത്തു പിടിച്ച് ഞങ്ങൾ ഒരുമിച്ച് "We shall overcome" എന്ന ഗാനം ആലപിച്ചു. ഒരിക്കലും മറക്കുവാനാവാത്ത ഒരു സംഭവം ആയിരുന്നു അത്. വിദ്വേഷത്തിനും പകയ്ക്കും പറ്റിയ ഒരു സ്ഥലമായിരുന്നു അത്. പക്ഷെ ആ വികാരങ്ങൾ ഒട്ടും തന്നെ അവിടെ പ്രത്യക്ഷപ്പെട്ടില്ല. പ്രത്യേകിച്ചും ജിമ്മിയുടെ മാതാപിതാക്കൾ ഉത്തമമാതൃകയായി വർത്തിച്ചു.

1965-ൽ സെൽമയിലെ കുട്ടികൾ ക്ഷമയുടെ പന്ഥാവിൽ വർത്തിച്ചതിനെക്കുറിച്ച് ഞാൻ വായിക്കുകയുണ്ടായി. അവിടെ അവർ ഒരു സമാധാന റാലി സംഘടിപ്പിച്ചു. ആ സമയത്ത് അവിടുത്തെ ഉപദ്രവകാരിയായ ഷെരിഫ് ക്ലാർക്ക് (Sheriff Clark) എന്ന പോലീസ് മേധാവി വരികയുണ്ടായി. അദ്ദേഹവും അദ്ദേഹത്തിന്റെ അനുയായികളും കൂടി അവരെ ഭയപ്പെടുത്തുകയും വിരട്ടി ഓടിക്കുകയും ചെയ്തു. തങ്ങളെ പ്രാദേശിക ജയിലിന്റെ സമീപത്തേക്ക് ആണ് ഓടിക്കുന്നത് എന്ന് കുട്ടികൾ ആദ്യം ചിന്തിച്ചു. എന്നാൽ അഞ്ചുമൈൽ ദൂരെയുള്ള പ്രധാന ജയിലിലേക്ക് ആണ് അവർ അവരെ ഓടിച്ചത്. അവർ മോഹാലസ്യ

പ്പെടുകയും ഛർദ്ദിക്കുകയും ചെയ്യുന്നത് വരെ അവരെ പോലീസു കാർ ഭയപ്പെടുത്തി ഓടിച്ചുകൊണ്ടിരുന്നു. ആയുസ്സിൽ ഒരിക്കലും ഒരു റാലിയിൽ പങ്കെടുക്കാതെവണ്ണം ഏവരെയും അതിൽ നിന്ന് വെറു പ്പിച്ച് പിന്തിരിപ്പിക്കുക എന്നതായിരുന്നു ഷെറിഫ് ക്ലാർക്കിന്റെ നയം.

ഈ സംഭവത്തിന് ശേഷം കുറെ ദിവസം കഴിഞ്ഞ് നെഞ്ചുവേദന യോടെ ഷെരിഫ് ക്ലാർക്കിനെ ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചു. ആ സമയത്ത് സെൽവയിലെ സ്കൂൾ കുട്ടികൾ മറ്റൊരു സമാധാന റാലി ഹോസ്പിറ്റലിലേക്ക് നടത്തി. ഷെറിഫ് ക്ലാർക്ക് സുഖമാകുന്നതിനു വേണ്ടിയുള്ള പ്രാർത്ഥനകൾ നടത്തിയതിനോടൊപ്പം അതിന് വേണ്ടി യുള്ള പ്ലാക്കാർഡുകളും അവർ വഹിച്ചിരുന്നു.

റോബർട്ട് കോൾസ് (Robert Coles) എന്ന പ്രശസ്ത മനശാസ്ത്ര ജ്ഞൻ ന്യൂ ഓർലീൻസ് - ഹോസ്പിറ്റലിൽ (New Orleans Hospital) 1960-കളിൽ പ്രവർത്തിച്ച സമയത്ത് കുട്ടികളുടെ ക്ഷമിക്കുവാനുള്ള മനസ്സിനെക്കുറിച്ച് ഇപ്രകാരം വിവരിക്കുന്നു. നീതിന്യായ കോടതിക ളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വർണ്ണവിവേചനത്തിന് എതിരായി നിയമ നിർമാണം നടത്തപ്പെട്ടു. അതിനോട് അനുബന്ധിച്ച് വെള്ള വർഗ്ഗക്കാരുടെയും കറുത്ത വർഗ്ഗക്കാരുടെയും കുട്ടികൾ ഒരുമിച്ച് പഠി ക്കുന്ന രീതിയിലുള്ള വിദ്യാഭ്യാസ പരിഷ്കാരങ്ങൾ നടത്തി. വെള്ള ക്കാർ ഇതിനെതിരായി പ്രതിഷേധ ശബ്ദം ഉയർത്തി. കറുത്ത വർഗ്ഗ ക്കാരുടെ കുട്ടികൾ ഉള്ള സ്കൂളുകളിൽ നിന്ന് അവർ തങ്ങളുടെ കുട്ടി കളെ പിൻവലിച്ചു. കറുത്ത വർഗ്ഗക്കാരുടെ കുട്ടികൾ ചേർന്ന ചില സ്കൂളുകൾ അവർ പിക്കറ്റ് ചെയ്തു. ആ വിധത്തിൽ കോടതി ഉത്തര വുകൾ വെള്ളക്കാർ നിരുപാധികം എതിർത്തു.

റൂബി ബ്രിഡ്ജസ് (Ruby Bridges) എന്ന പേരുള്ള ഒരു ആഫ്രോ അമേ രിക്കൻ (Afro American) കുട്ടി വെള്ള വർഗ്ഗക്കാർ താമസിക്കുന്ന സ്ഥലത്തെ ഒരു സ്കൂളിൽ പഠിക്കുന്നതിനായി ചേർക്കപ്പെട്ടു. വെളുത്ത വർഗ്ഗക്കാരുടെ കുട്ടികളെ പിൻവലിച്ചതിനാൽ ആ സ്കൂളിൽ ആ കുട്ടി ഏക വിദ്യാർത്ഥി ആയിത്തീർന്നു. ആഴ്ചകൾ പട്ടാളക്കാർ ആ കുട്ടിയെ സ്കൂളിൽ അനുധാവനം ചെയ്തു. ഒരു ദിവസം പിക്കറ്റു ചെയ്തി രുന്ന വെളുത്ത വർഗ്ഗക്കാരുടെ അസഭ്യവർഷങ്ങൾക്കിടയിൽ കൂടി പട്ടാ ളത്തിന്റെ സംരക്ഷണയോടെ സ്കൂൾ അങ്കണത്തിലേക്ക് കടന്നുവന്ന കുട്ടി ചിലവാക്കുകൾ ഉച്ചരിക്കുന്നത് അധ്യാപിക ശ്രദ്ധിച്ചു. ആ കഥ അത് റോബർട്ട് കോൾസിനോട് പറയുകയുണ്ടായി. എന്താണ് സംസാരി ക്കുന്നത് എന്ന് കോൾ (Cole) അദ്ധ്യാപികയോട് ആരാഞ്ഞു.





റൂബിയോട് ഇതിനെക്കുറിച്ച് ചോദിച്ചതിന് അവൾ മറുപടി നൽകി. "ഞാൻ വെള്ളവർഗ്ഗക്കാരായ കുട്ടികൾക്കുവേണ്ടിയും അവരുടെ മാതാ പിതാക്കൾക്കുവേണ്ടിയും പ്രാർത്ഥിക്കുന്നു. ഇതിൽ അത്ഭുത സ്തബ്ത നായ കോൾ, റൂബി (Cole,Ruby) യോട് ആരാഞ്ഞു. "നീ എന്തിനു വേണ്ടി അവർക്കു വേണ്ടി പ്രാർത്ഥിക്കണം?". "അവർക്ക് തീർച്ചയായും പ്രാർത്ഥന ആവശ്യമുണ്ട്". അവൾ മറുപടി നൽകി. യേശുക്രിസ്തു വിന്റെ ക്രൂശിൽ കിടന്നുള്ള പ്രാർത്ഥനയെക്കുറിച്ചു അവൾ ദേവാലയ ത്തിൽ ശ്രദ്ധിച്ചിരുന്നു. "പിതാവേ ഇവർ ചെയ്യുന്നത് എന്ത് എന്ന് അറി യായ്കയാൽ ഇവരോടു ക്ഷമിക്കേണമേ". ഇത് അവളുടെ മനസ്സിൽ വ്യക്തമായി പതിഞ്ഞിരുന്നു.

## ജയിംസ് ക്രിസ്റ്റെൻസെൻ (James Christensen)

റോമിലെ (Rome) ട്രാപ്പിസ്റ്റ് സമൂഹ (Trappist Monastry) ത്തിന്റെ പ്രധാനി ആയിരുന്ന ജയിംസ് ക്രിസ്റ്റെൻസെൻ (James Christensen) അവ രുടെ അനുഭവ കഥ വിവരിക്കുകയുണ്ടായി. തങ്ങളെ പീഡിപ്പിച്ചവ രോടു ക്ഷമിക്കുക എന്നതോടൊപ്പം ആ പീഡനങ്ങളെ അത് ഉണ്ടാകു ന്നതിന് മുമ്പെ കാലേകൂട്ടി കാണുവാനും അവർക്കു സാധിച്ചു. 1996 മെയ് മാസം ആ സമൂഹത്തിലെ ഏഴ് അംഗങ്ങളെ ആൾജീരിയായിൽ (Algeria) യിൽ ഉള്ള GIA എന്ന മുസ്ലിം ഭീകര സംഘടന പിടിച്ചുകൊണ്ടു പോയി. ഫ്രാൻസിൽ തടവിൽ പാർപ്പിച്ചിരുന്ന അവരുടെ സഹപ്രവർത്ത കരെ വിട്ടുകിട്ടണമെന്നതായിരുന്നു അവരുടെ ആഗ്രഹം. അനേക ആഴ്ച കൾ കഴിഞ്ഞിട്ടും ഫ്രഞ്ച് ഗവൺമെന്റ് അവരുടെ ഇംഗിതത്തിനു വഴ ങ്ങിയില്ല. അവസാനം ആ ഭീകര പ്രവർത്തകർ ഈ ഏഴു സന്യാസിമാ രെയും വധിച്ചു.

ഫ്രാൻസു മുഴുവനും ഈ വാർത്ത കേട്ടിട്ട് ഞെട്ടിവിറച്ചു. രാജ്യ ത്തുള്ള എല്ലാ കത്തോലിക്കാ ദേവാലയങ്ങളും കൊല്ലപ്പെട്ട ട്രാപ്പിസ്റ്റ് സന്യാസിമാരുടെ ഓർമ്മയെ നിലനിർത്തുവാൻ കൂട്ട മണികൾ മുഴക്കി. ഈ സംഭവത്തെക്കുറിച്ച് അതിശയകരമായി മനസ്സിലാക്കിയത് സംഭ വത്തിന് രണ്ടു വർഷങ്ങൾ മുമ്പ് ലഭ്യമായ മുന്നറിയിപ്പ് ആണ്. അൾജീ റിയൻ സന്യാസ സമൂഹത്തിന്റെ മേധാവി ആയിരുന്ന ക്രിസ്റ്റ്യൻ ഡി ഷെർഗിന് (Christian De Cherge) താൻ കൊല്ലപ്പെടും എന്ന ഒരു ചിന്ത ഉളവായി. തന്റെ ഭാവി കൊലയാളിക്ക് ക്ഷമ നൽകിക്കൊണ്ട് ഒരു എഴുത്ത് എഴുതി കവറിലിട്ട് മുദ്രവെച്ച് തന്റെ മരണശേഷം മാത്രം തുറ ക്കേണ്ടത് എന്ന് എഴുതി ഫ്രാൻസിൽ ഉള്ള തന്റെ മാതാവിന് അത് നൽകി. അത് താഴെ പറയുന്ന രീതിയിൽ ആയിരുന്നു.

“ഞാൻ വധിക്കപ്പെടും. ഒരു പക്ഷെ അത് ഇന്നാകാം. ഇന്ന് അൾജീരിയായിൽ താമസിക്കുന്ന ഏതൊരു വിദേശിക്കും സംഭവിക്കാവുന്നതാണ് ഇത്. എന്റെ സമൂഹവും, സഭയും എന്റെ കുടുംബവും ഞാൻ ദൈവത്തിന്നു വേണ്ടിയും അൾജീരിയ രാജ്യത്തിനു വേണ്ടിയും ബലിയർപ്പിക്കപ്പെട്ടു എന്ന് ഓർക്കുക. അതോടൊപ്പം തന്നെ രക്ഷിതാവായ യേശു ക്രിസ്തുവും ഇതുപോലെ ഒരു അനുഭവത്തിൽ കൂടി കടന്നു പോയി എന്ന് ചിന്തിക്കുക.

എന്നെ ഉപദ്രവിക്കുന്നവരെയും എന്നെ വധിക്കുവാൻ ഒരുങ്ങുന്നവരെയും ഞാൻ ദൈവ സമക്ഷത്തിൽ സമർപ്പിക്കുന്നു. ദൈവീക ക്ഷമ അവർക്ക് ലഭ്യമാകണമെന്ന് ഞാൻ ആഗ്രഹിക്കുകയും അതിനുവേണ്ടി പ്രാർത്ഥിക്കുയും ചെയ്യുന്നു.

ഇതുപോലെ ഒരു മരണത്തിന് ഞാൻ ആഗ്രഹിക്കുന്നില്ല. ഞാൻ സ്നേഹിക്കുന്ന അൾജീരിയൻ ജനത എന്റെ മരണത്തെക്കുറിച്ച് അതിയായി വ്യസനിക്കുന്നതിൽ ഞാൻ എങ്ങനെ സന്തോഷിക്കും?

ഞാൻ ആദർശവാദിയും പ്രായോഗികത ഇല്ലാത്തവനും ആണ് എന്ന് ചിന്തിക്കുന്നവർക്ക് എന്റെ മരണം ഏതു വിധത്തിൽ ഉത്തരം നൽകും. “എന്റെ ജീവിതം നഷ്ടമാകുന്നതിൽ കൂടി ഞാൻ ദൈവത്തിന് സ്തോത്രം അർപ്പിക്കുന്നു.” പക്ഷെ ഇത് അവർ മനസ്സിലാക്കണം. അതായത് എന്റെ ജീവിതം നഷ്ടമായതിൽ ഞാൻ ദൈവത്തെ സ്തുതിക്കുന്നു. ഞാൻ സ്തോത്രം കരേറ്റുന്ന ആ ജീവിതത്തിൽ നിങ്ങളും പങ്കുവഹിക്കുന്നു. ചെയ്യുന്നത് എന്ത് എന്ന് അറിവാൻ പാടില്ലാത്ത എന്റെ ജീവിതത്തിലെ അവസാന സ്നേഹിതനായി ഞാൻ നിങ്ങളെ കണക്കാക്കുന്നു. നിങ്ങളെ ഞാൻ പൂർണ്ണമായി ദൈവസന്നിധിയിൽ സമർപ്പിക്കുന്നു. ദൈവത്തിന്റെ മുഖം ഞാൻ നിങ്ങളിൽ ദർശിക്കുന്നു. സ്വർഗ്ഗത്തിൽ നമുക്ക് അന്യോന്യം കണ്ടുമുട്ടാം എന്ന് ഞാൻ പ്രത്യാശിക്കുന്നു. പിതാവായ ദൈവസന്നിധിയിൽ പറുദീസയിലെ അതിന്റെ അനുഭവത്തിൽ സന്തോഷിച്ച് പിതാവായ ദൈവത്തോടൊപ്പം നമുക്ക് ഒരുമിച്ച് വസിക്കാം എന്ന് ഞാൻ പ്രത്യാശിക്കുന്നു.”

ആരായിരുന്നു ഡി ഷർഗ്? De Cherge? അദ്ദേഹത്തിന്റെ സമാധാനത്തിന്റെയും ക്ഷമയുടെയും ശക്തിയെക്കുറിച്ചുള്ള അഗാധമായ ഉറപ്പുകളുടെ ഉറവിടം എവിടെയാണ് സ്ഥിതി ചെയ്തത്?

'The Monks of Tibbirine' എന്ന പുസ്തകത്തിൽ ഈ സംഭവത്തെക്കുറിച്ചും ഡി ഷർഗി (De Charge) നെക്കുറിച്ചും ഇപ്രകാരം രേഖപ്പെടു





ത്തുന്നു. 1959-ൽ ഡി ഷെർഗ് ഫ്രാൻസിലെ പട്ടാളത്തിന്റെ ഭാഗമായി സമാധാനം നിലനിർത്തുന്നതിന് അൾജീരിയയിലേക്ക് കടന്നുചെന്നു. ആ സമയത്ത് മുഹമ്മദ് (Mohammed) എന്ന മുസ്ലീം പോലീസുകാരനൊപ്പം വളരെയധികം സമയം ചിലവിടേണ്ടി വന്നു. ആഴ്ചകളോളം നീണ്ടുനിന്ന അവരുടെ ബന്ധത്തിൽ ദൈവശാസ്ത്രം, രാഷ്ട്രീയ മീമാംസകൾ, സംസ്ക്കാരം ഇങ്ങനെ വിവിധ വിഷയങ്ങളിൽ ചർച്ചകളും സംവാദങ്ങളും ഉൾക്കൊണ്ടിരുന്നു. ഈ സംഭാഷണ വേളകളിൽ വീണ്ടും വീണ്ടും പൊന്തിവന്ന ഒരു വിഷയമാണ് അൾജീരിയയിലെ ക്രൈസ്തവ മുസ്ലിം ബന്ധം, പ്രത്യേകിച്ചും ഫ്രഞ്ചുകാരായ ക്രിസ്ത്യാനികളും സ്വദേശികളായ അൾജീരിയൻ മുസ്ലിംകളും തമ്മിലുള്ള ബന്ധം. അവർ ഒരുമിച്ചുള്ള ഒരു സവാരിവേളയിൽ അൾജീരിയൻ വിപ്ലവകാരികൾ അവരെ നേരിട്ടു. ഫ്രഞ്ച് പട്ടാള വേഷധാരി ആയിരുന്ന ഡി ഷർഗ് കൊല്ലപ്പെടും എന്നത് ഉറപ്പായിരുന്നു. എന്നാൽ മുഹമ്മദ് എന്ന മുസ്ലിം പോലീസുകാരൻ അവരുടെ മധ്യത്തിൽ കയറി നിന്ന് ഡി ഷർഗ് ഒരു ദൈവിക മനുഷ്യനാണെന്നു പറഞ്ഞു. അത്ഭുതകരമെന്നു പറയട്ടെ രണ്ടുപേരെയും നിരുപാധികം അവർ വിട്ടയച്ചു. എന്നാൽ മുഹമ്മദിന് തന്റെ ജീവിതം ബലിയർപ്പിക്കേണ്ടി വന്നു. പിറ്റെ ദിവസം മുഹമ്മദ് കൊല്ലപ്പെട്ട നിലയിൽ തെരുവിൽ കിടന്നു.

ഈ സംഭവം ഡി ഷെർഗിന്റെ മനസ്സിൽ വലുതായ വ്യതിയാനങ്ങൾ വരുത്തി. ദൈവത്തിനുവേണ്ടിയും സമാധാനത്തിനു വേണ്ടിയും തന്റെ ജീവിതത്തെ സമർപ്പിക്കുവാൻ ഡി ഷെർഗ് De Cherge തീരുമാനിച്ചു. തന്റെ പട്ടാളസേവന കാലാവധി അവസാനിച്ച അവസരത്തിൽ അദ്ദേഹം ട്രാപ്പിസ്റ്റ് സന്യാസ സമൂഹത്തിൽ ചേർന്നു. അതിനുശേഷം കൂടുതൽ പഠിച്ച് ഒരു വൈദീകനായിത്തീരുകയും തന്നെ അൾജീരിയയിലേക്ക് അയക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ഈ ആവശ്യം അംഗീകരിച്ച് അദ്ദേഹത്തെ അൾജീരിയായിലേക്ക് അയച്ചു. കാലക്രമത്തിൽ അദ്ദേഹം ആഫ്രിക്കയിലെ അറ്റ്ലസ് പർവ്വതനിരകളിലെ ഒരു ഡിസ്ട്രിക്റ്റിന്റെ തലവനായിത്തീരുകയും ചെയ്തു.

സുവിശേഷീകരണം എന്നതിൽ ഉപരിയായി തൊഴിൽപദ്ധതികൾ വൈദ്യസഹായം, വിദ്യാഭ്യാസം എന്നീവേലകളിലുള്ള പുരോഗമനത്തിനായി അദ്ദേഹം യത്നിച്ചു. ഒരു വാർഷിക ക്രിസ്ത്യൻ - മുസ്ലിം മീറ്റിംഗും അദ്ദേഹം സംഘടിപ്പിച്ചു. അദ്ദേഹത്തിന്റെ സന്യാസമഠത്തിൽ മുസ്ലിം സഹോദരങ്ങളെ ക്ഷണിക്കുകയും താമസിക്കുവാൻ അനുവദി

ക്കുകയും ചെയ്തു. മുസ്ലിംകളും ക്രിസ്ത്യാനികളും ഒരുമിച്ചു ഒരേ ദൈവത്തിന്റെ കീഴിൽ ഒരുമിച്ച് സഹോദരങ്ങളായി വർത്തിക്കുന്നു എന്നതിന്റെ സാക്ഷ്യമായി ഡി ഷെർഗ് De cherge പ്രവർത്തിച്ചു. ജീവിത യാഥാർത്ഥ്യങ്ങളുമായി സന്യാസ സമൂഹത്തിന്റെ തലവൻ എന്ന നിലയിൽ പുതുമയുള്ള പലതും തുടങ്ങുവാൻ De cherge തയ്യാറായി. സഭാകേന്ദ്രത്തിന്റെ വിലയിരുത്തലുകളിൽ അസാധാരണവും അപകടകരവും ആയിരുന്നു അവയിൽ പലതും.

ദിവസേനയുള്ള യാഥാർത്ഥ്യങ്ങളുടെയിടയിൽ പ്രവർത്തിക്കുന്നതാണ് യഥാർത്ഥ ക്രിസ്തീയ സാക്ഷ്യം എന്ന് അദ്ദേഹം ലോകത്തെ അറിയിച്ചു.

എന്നാൽ കാലാന്തരത്തിൽ ഡി ഷെർഗിന്റെ ഈ സമാധാന യജ്ഞത്തെ GIA അവരുടെ വിപ്ലവ ചിന്താഗതികളുടെ പശ്ചാത്തലത്തിൽ എതിർക്കുവാൻ തുടങ്ങി. ട്രാപ്പിസ്റ്റ് സന്യാസ സമൂഹം അവരുടെ ചിന്താഗതികൾക്കും പ്രവർത്തനങ്ങൾക്കും ഒരു വിലങ്ങുതടിയായി GIA കരുതി. ഇതിന്റെ പശ്ചാത്തലത്തിൽ GIA ട്രാപ്പിസ്റ്റ് സമൂഹത്തിലെ അംഗങ്ങളെ ബന്ധികളാക്കുകയും അവസാനം അവരെ വധിക്കുകയും ചെയ്തു.

ഡി ഷെർഗിനെയും സന്യാസി സമൂഹത്തിലേ മറ്റേവരെയും വധിച്ചത് മുസ്ലിംകളുടെ ഭീകരപ്രവർത്തനമായി നിരവധി പേർ വിധിയെഴുതി. പക്ഷെ സമാധാനത്തിനു വേണ്ടി നൽകേണ്ടുന്ന വിലയായി ഡി ഷെർഗ് തന്റെ മരണത്തെ മുൻകൂട്ടി കണ്ടു. ദീർഘക്ഷമയുടെ ഉത്തമ മാതൃക ലോകമെങ്ങും നൽകുന്ന ഒരു സംഭവമായി ഞാൻ അതിനെ കരുതുന്നു. പാശ്ചാത്യ ക്രിസ്തീയ ലോകവും, ഇറാക്ക്, അഫ്ഗാനിസ്ഥാൻ, അൾജീരിയ മുതലായ സ്ഥലങ്ങളിലെ മുസ്ലിംകളും തമ്മിൽ യുദ്ധം ചെയ്യുമ്പോൾ, സമാധാനത്തിനുവേണ്ടി പോരാടുവാനും മരിക്കുവാനും തയ്യാറാകുന്നവർ എത്ര പേരുണ്ട്. തീർച്ചയായും ഡി ഷെർഗ് De Cherge അതിലൊരുവനായിരുന്നു.

അധ്യായം – 5

# ക്ഷമയോ നീതിയോ?

*സ്നേഹമില്ലാത്ത സത്യം നാശകരമാകും*
*സത്യമില്ലാത്ത സ്നേഹം അസത്യമാകും*

EBERHARD ARNOLD

മൂന്നാം അധ്യായത്തിൽ വിവരിക്കപ്പെട്ട Hela - Joseph ദമ്പതികളുടെ അനുഭവങ്ങൾക്ക് തുല്യമായ അനുഭവങ്ങളിൽ കൂടി കടന്നുപോയ മറ്റൊരു പരിചയക്കാരനാണ് യിസ്രായേൽകാരനായ ഡേവിഡ്. എന്നാൽ ഈ അനുഭവ കഥ മറ്റു ചില സംഗതികളിലേക്ക് വിരൽ ചൂണ്ടുന്നതാണ്. ക്ഷമയ്ക്ക് അതിർ വരമ്പുകളുണ്ടോ?

"ഞാൻ 1929 –ൽ ജർമ്മനിയിലെ Kassel എന്ന സ്ഥലത്തു ജനിച്ചു. അത് ലോകമെങ്ങും അതിദയനീയമായ രീതിയിലുള്ള ഒരു സാമ്പത്തീക പ്രതിസന്ധി ഉളവാക്കിയ വർഷമായിരുന്നു. ജർമ്മനിയിൽ നാസികളുടെ ദുർഭരണത്തിലേക്ക് ഈ പ്രതിസന്ധി നയിക്കുകയുണ്ടായി. എന്റെ മാതാവ് അധ്യാപനവൃത്തിയിലും പിതാവ് പത്രപ്രവർത്തനത്തിലും ഏർപ്പെട്ടിരുന്നു. സാമ്പത്തികമായി ഞങ്ങളുടെ കുടുംബം നല്ല അവസ്ഥയിൽ ആയിരുന്നു. ഞങ്ങളുടെ കുടുംബജീവിതം ഏറ്റവും സന്തുഷ്ടവും ആയിരുന്നു. ആ സമയത്താണ് ഫാസിസത്തിന്റെ കാർമേഘപടലങ്ങൾ സമൂഹ ജീവിതത്തിൽ അലയടിക്കാൻ തുടങ്ങിയത്.

മറ്റു പല യഹൂദന്മാരെപ്പോലെ തന്നെ എന്റെ പിതാവും നാസികളുടെ ചിന്താഗതികളെ കാര്യമായ ഗൗരവത്തോടെ എടുത്തില്ല. സാംസ്കാരിക ഔന്നത്യമുള്ള ജർമ്മൻ ജനത എങ്ങനെ അപ്രകാരമുള്ള ചിന്തകൾക്ക് വശംവദരാകും? ഹിറ്റ്ലർ അധികാരത്തിൽ വന്നപ്പോൾ ജർമ്മനിയിൽ നിന്ന് മാറിത്താമസിക്കുവാൻ ഞങ്ങളുടെ പല സ്നേഹിതരും എന്റെ മാതാപിതാക്കളെ ഉപദേശിച്ചു.

ഇതിനെ തുടർന്ന് ഒന്നാം ലോകമഹായുദ്ധത്തിൽ ജർമ്മനിക്കു വേണ്ടി പോരാടിയ എന്റെ പിതാവ് താൻ ജനിച്ചുവളർന്ന ഈ സ്ഥലത്തു നിന്ന് വിടവാങ്ങി. അധികം താമസിയാതെ എന്റെ മാതാവും ഞാനും പിതാവിനെ അനുഗമിച്ചു. ഫ്രഞ്ച് അതിർത്തിയിലുള്ള സ്ട്രാസ്ബർഗ് (Strasburg) എന്ന സ്ഥലത്ത് ഞങ്ങൾ ഒരുമിച്ചു കൂടി ചേർന്നു. ഞങ്ങ

ളുടെ വകയായുണ്ടായിരുന്ന ചുരുക്കം ചില സാധനങ്ങൾ മാത്രമാണ് ഞങ്ങൾ കൊണ്ടു പോയത്. ഞങ്ങൾ പരിചയിച്ചിരുന്ന ജീവിത രീതി അങ്ങനെ പരിപൂർണ്ണമായി അവസാനിച്ചു. പൗരത്വവും അവകാശങ്ങളും ഇല്ലാത്ത ഭവനരഹിതരായ യഹൂദസമൂഹത്തിന്റെ ഭാഗമായി ഞങ്ങളും അലഞ്ഞുതിരിഞ്ഞു.

മൂന്നു വയസ്സു മാത്രം പ്രായം ഉണ്ടായിരുന്ന എനിക്ക് ഇതൊക്കെയും രസകരമായി അനുഭവപ്പെട്ടു. പുതിയ ഭാഷയും പുതിയ രീതികളും വേഗത്തിൽ പഠിക്കുന്നതിനൊപ്പം പുതിയ സ്നേഹിതരെയും എനിക്ക് ലഭിച്ചു. ഒരു വർഷത്തിനുശേഷം അവിടെ നിന്നും വീണ്ടും മാറി താമസിക്കേണ്ടി വന്നു. ജർമ്മൻ അഭയാർത്ഥികൾ എന്ന നിലയിൽ അതിർത്തി പ്രദേശങ്ങളിൽ ഞങ്ങളെ സുരക്ഷിത പ്രശ്നങ്ങളായി കരുതപ്പെട്ടു. ആയതിനാൽ വോസ്ജസ് (Vosges) എന്ന സ്ഥലത്തെ ഒരു ഗ്രാമത്തിലേക്ക് ഞങ്ങൾ മാറ്റപ്പെട്ടു. ഒരു പുതിയ ഭാഷയും ഒരു പുതിയ ജോലിയും എന്റെ മാതാപിതാക്കൾക്ക് പഠിക്കേണ്ടി വന്നു. ഒരു പുതിയ സംസ്കാരത്തിൽ നേരത്തെ ഉണ്ടായിരുന്ന ജീവിത സൗകര്യങ്ങൾ ഇല്ലാതെ ദുഷ്കര സാഹചര്യങ്ങളിൽ ഞങ്ങൾക്ക് ജീവിക്കേണ്ടിയും വന്നു.

ഒരു വർഷത്തിനുശേഷം എന്റെ മാതാവ് പ്രവർത്തിച്ചിരുന്ന ഫാക്ടറിക്ക് തീ പിടിച്ചതിനാൽ ഞങ്ങൾക്ക് വീണ്ടും മാറി താമസിക്കേണ്ടതായി വന്നു. മാഴ്സെയിൽ (Maresille) എന്ന സ്ഥലത്തേക്കാണ് ഞങ്ങൾ പോയത്. അവിടെയും എന്റെ മാതാപിതാക്കൾക്ക് വളരെ പരിമിതങ്ങളായ സൗകര്യങ്ങളാണ് ലഭ്യമായത്. പാർപ്പിടങ്ങൾ ഞങ്ങൾക്ക് പലപ്പോഴും മാറേണ്ടി യിരുന്നു. അതോടൊപ്പം തന്നെ എനിക്ക് സ്കൂളുകളും സ്നേഹിതരും മാറിക്കൊണ്ടിരുന്നു. നീണ്ടുനിൽക്കുന്ന ബന്ധങ്ങളെന്നും തന്നെ ഉണ്ടാക്കുവാൻ എനിക്ക് സാധിച്ചില്ല.

അതിനുശേഷം രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു. ഉണ്ടായിരുന്ന സാഹചര്യങ്ങൾ പോലും ശിഥിലമായിരുന്നു. ഞാൻ വീണ്ടും സാഹചര്യങ്ങൾക്ക് അപരിചിതനായിത്തീർന്നു. ഞാൻ താമസിക്കുന്നിടത്ത് ഒരു പരദേശി എന്ന സ്ഥാനം മാത്രമാണ് എനിക്ക് ലഭിച്ചത്. ജർമ്മൻ പട്ടാളം ഫ്രാൻസ് ആക്രമിച്ച് പിടിച്ചെടുത്തു. ഇതിനെ തുടർന്ന് ഹിറ്റ്ലറിന്റെ ഗസ്റ്റാപ്പോ (Gestapo) പലരെയും അറസ്റ്റ് ചെയ്തു. ഞങ്ങൾ താമസിച്ചിരുന്ന അപ്പാർട്ട്മെന്റും എന്റെ മാതാപിതാക്കളുടെ ബിസിനസ്സും അവർ പിടിച്ചെടുത്തു. ഫ്രഞ്ച് സ്നേഹിതരുടെ സഹായത്തോടുകൂടി ഞങ്ങൾ ഒളിവിൽ പോകുകയും ചെയ്തു.





അവസാനം എന്റെ മാതാപിതാക്കൾ പിറനീസ് (Pyrenes) പർവ്വത നിരകളുടെ മുകളിൽ കൂടി സ്പെയിനിലേക്ക് രക്ഷപെടണമെന്ന് തീരുമാനിച്ചു. മഞ്ഞുനിറഞ്ഞ മലയിടുക്കുകളിലൂടെ നടന്ന് മൂന്ന് ദിവസം കഴിഞ്ഞ് സ്പാനിഷ് പോലീസ് അവരെ പിടികൂടി. ഭാഗ്യവശാൽ അവർ ഞങ്ങളെ പോകുവാൻ അനുവദിച്ചു. പതിനായിരത്തോളം യഹൂദന്മാർ ആണ് അന്ന് അനധികൃതമായി സ്പെയിനിൽ പ്രവേശിച്ചത്. ഫ്രാൻസിലേക്ക് ഞങ്ങളെ തിരിച്ചയച്ചിരുന്നെങ്കിൽ ഞങ്ങൾ വധിക്കപ്പെടുമായിരുന്നു.

അതിനുശേഷം ഗറോണ (Gerona) പോലീസ് സ്റ്റേഷനിൽ ഞങ്ങൾ രണ്ടായി വേർതിരിക്കപ്പെട്ടു. Miranda - Del - Ebro എന്ന സ്ഥലത്തെ ക്യാമ്പിലേക്ക് എന്റെ പിതാവിനെ മാറ്റിപ്പാർപ്പിച്ചപ്പോൾ എന്റെ മാതാവിനെ അവിടെത്തന്നെയുള്ള ഒരു ജയിലിൽ ആക്കി. എന്നാൽ ഞാൻ അവിടത്തനിയെ കഴിയേണ്ടുന്ന സാഹചര്യമായിരുന്നു. തണുത്തുവിറങ്ങലിച്ച ഒരു മുറിയിൽ ഏകനായി കഴിയേണ്ടിവന്ന ആ അവസ്ഥയിൽ എന്റെ മാതാപിതാക്കൾ എനിക്ക് എന്നന്നേക്കുമായി നഷ്ടപ്പെട്ടു എന്ന് ഞാൻ ചിന്തിച്ചു. എന്നാൽ പിറ്റേദിവസം രാവിലെ തന്നെ എന്നെ കുട്ടികൾക്കുവേണ്ടിയുള്ള ഒരു സങ്കേതത്തിലേക്ക് മാറ്റിപ്പാർപ്പിച്ചു എങ്കിലും അത് എനിക്ക് യാതൊരു പ്രോത്സാഹനവും നൽകിയില്ല. എല്ലാ യഹൂദ ബാലന്മാർക്കും 13 വയസ്സുതികയുമ്പോൾ നടത്തേണ്ടിയിരുന്ന ബാർ മിറ്റ്സ്വ (Bar - Mitzwah)എന്ന കർമ്മം എനിക്ക് നഷ്ടമായി.

കുറെ മാസങ്ങൾക്ക് ശേഷം എന്റെ അമ്മയോടൊപ്പം താമസിക്കുവാൻ എനിക്ക് അനുവാദം ലഭിച്ചു. മാഡ്രിഡിലെ (Madrid) ഒരു തടവിലേക്ക് ഞങ്ങളെ മാറ്റുകയുണ്ടായി. 1944 –ൽ യുദ്ധത്തിന്നുശേഷം മാത്രമാണ് യഹൂദപുനരധിവാസത്തിനുവേണ്ടിയുള്ള ഒരു സമൂഹത്തിന്റെ സഹായത്താൽ ഞങ്ങൾ എല്ലാവരും സംയോജിപ്പിക്കപ്പെട്ടത്. അതിനുശേഷം ഞങ്ങൾ പലസ്തീനിലേക്ക് താമസം മാറ്റുകയും ചെയ്തു.

ജർമ്മൻകാരിൽ നിന്നും എന്റെ കുടുംബാംഗങ്ങൾക്കും എന്റെ സൂഹത്തിനും ലഭിച്ച പീഡനങ്ങൾ വളരെ ആയിരുന്നുവെങ്കിലും അവരുടെ പൂർവ്വചരിത്രത്തിലും സംസ്കാരത്തിലും എനിക്ക് താല്പര്യവും അഭിമാനവും ഉണ്ടായിരുന്നു. ആയതിനാൽ ഉത്തമരായ ജർമ്മൻകാരുമായി ബന്ധങ്ങൾ പുനസ്ഥാപിക്കുവാൻ ഞാൻ ശ്രമിച്ചു. പക്ഷെ 15 ലക്ഷം ശിശുക്കൾ ഉൾപ്പടെ 60 ലക്ഷം യഹൂദന്മാരെ ഉപദ്രവിക്കുകയും നശിപ്പിക്കുകയും ചെയ്ത നാസികളോടും അവരുടെ അനുയായികളോടും ക്ഷമിക്കുവാൻ എങ്ങിനെ സാധിക്കും?

ക്ഷമ എന്നത് അന്ധമായ വിദ്വേഷത്തെയും പ്രതികാരേഛയെയും ഇല്ലാതെയാക്കുക എന്നതാണെങ്കിൽ അത് സാദ്ധ്യമാണ്. നിസ്സഹായരായി തങ്ങളുടെ പ്രതിഷേധ ശബ്ദങ്ങളെ ഉയർത്തുവാൻ സാദ്ധ്യമല്ലാത്തവരോടു ക്ഷമിക്കുക എന്നത് എളുപ്പമാണ്. പക്ഷെ നാസികൾ ഉണർത്തിയ ഭീകരവാദത്തെയും അവരുടെ ഭരണത്തിലെ ക്രൂരതകളെയും എതിർത്ത് സംസാരിക്കുന്നതിന് ധൈര്യം അത്യാവശ്യമാണ്. മനുഷ്യന്റെ ചരിത്രത്തിൽ നടത്തിയിട്ടുള്ളതിലേക്കും അതിഹീനമായ നരഹത്യയ്ക്ക് എപ്രകാരം ക്ഷമ ലഭ്യമാകും?

ഹിറ്റ്ലരോടും അയാളുടെ കൂട്ടാളികളായ ജനറൽമാരോടും ക്ഷമിക്കുക എന്നത് സാദ്ധ്യമാണോ? അതിഹീനമായ രീതിയിൽ പീഡിപ്പിക്കുകയും, വെടിവെച്ചും ഗ്യാസ് മുറിക്കുള്ളിൽ അടച്ചും പുരുഷന്മാരെയും സ്ത്രീകളെയും കുഞ്ഞുങ്ങളെയും വധിക്കുകയും ചെയ്തവരോട് എങ്ങിനെയാണ് ക്ഷമ കാട്ടേണ്ടത്. ക്ഷമയ്ക്ക് അതിർവരമ്പുകളില്ലേ?

തന്റെ കുടുംബാംഗങ്ങളെയും സമൂഹത്തെയും നശിപ്പിച്ചവരോടുള്ള വൈരാഗ്യത്തെക്കാൾ ഉപരിയായി അവരോടുള്ള ക്ഷമ അവരുടെ പ്രവർത്തനത്തിനുള്ള അംഗീകരമായി മാറുമോ എന്ന ഭയം ആണ് ഡേവിഡിന്റെ ചോദ്യത്തിൽ അന്തർലീനമായിരിക്കുന്നത്. ഇതുപോലെയുള്ള ക്രൂരതകൾ വരാതിരിക്കുന്നതിനു വേണ്ടി പ്രവർത്തിക്കുക അല്ലാതെ കുറ്റകൃത്യങ്ങൾ നടത്തിയവരുടെ ഉത്തരവാദിത്വങ്ങളിൽ നിന്നും അവരുടെ പാപഭാരങ്ങളിൽ നിന്നും വിടുതൽ നൽകുവാൻ അതിനിരയായവർക്ക് സാധ്യമല്ല. അതിനു മുതിരാതിരിക്കുകയാണ് നല്ലത്. ഹിറ്റ്ലറിനെപ്പോലെ ഒരാളുടെ മനുഷ്യജാതിയ്ക്കെതിരായുള്ള കുറ്റകൃത്യങ്ങളെ നിരുപാധികം ഇല്ലാതെയാക്കുവാൻ ആർക്കും സാധിക്കും. എന്നാൽ ക്ഷമ എന്നത് കുറ്റകൃത്യങ്ങൾക്ക് അനുകൂലമായോ അവയുടെ ഭീകരത്വത്തെയും പ്രവർത്തനങ്ങളെയും സാധൂകരിക്കുന്നതോ അല്ല.

1947–ൽ രണ്ടാം ലോകമഹായുദ്ധകാലത്തെ ഭീകരതകളുടെ തനിനിറം പുറത്തു വരുന്നതിനു മുമ്പെ സി.എസ്സ്. ലൂയിസ് (C.S. Lewis) ഇപ്രകാരം എഴുതി "ക്ഷമ എന്നതും കുറ്റവിമുക്തി നൽകുക എന്നതും വ്യത്യസ്ഥങ്ങളായ രണ്ടു സംഗതികളാണ്." തങ്ങൾ ചെയ്യുന്ന പ്രവർത്തനങ്ങളെ സാധൂകരിക്കാനാണ് സാധാരണഗതിയിൽ ഏവരും ശ്രമിക്കുന്നത്. എന്തെങ്കിലും തെറ്റു ചെയ്താലും അതിനെമറച്ചുവെയ്ക്കുവാൻ താല്പര്യപ്പെടുക എന്നതാണ് മനുഷ്യസ്വഭാവം. തങ്ങൾ ആജ്ഞകൾ





അനുസരിക്ക മാത്രമേ ചെയ്തിട്ടുള്ളു എന്നാണ് നാസികൾ പറയുന്നത്. ക്ഷമ ആവശ്യപ്പെടുന്നതിനുപകരം തങ്ങളുടെ പ്രവർത്തനങ്ങൾക്ക് ന്യായീകരണങ്ങളും നീതികരണങ്ങളും അവർ കണ്ടെത്തുന്നു. സി.എസ്സ്. ലൂയിസ് (C.S. Lewis) ഇപ്രകാരം തുടരുന്നു "ഒരുവനിൽ കുറ്റം ഇല്ല എങ്കിൽ ക്ഷമിക്കുവാനും ഒന്നും ഇല്ല. ആ തലത്തിൽ ക്ഷമ എന്നതും കുറ്റവിലോപനം എന്നതും തികച്ചും വ്യത്യസ്ഥങ്ങളാണ്."

പാപത്തെ യഥാർത്ഥമായി മനസ്സിലാക്കുന്നതാണ്, ക്ഷമയുടെ പ്രധാന ഘടകം. അതിൽ ഉൾക്കൊള്ളുന്ന ഭീകരതയും അശുദ്ധിയും, നീചത്വവും മനസ്സിലാക്കി. അത് പ്രവർത്തിച്ചവരോടു അതിലും ഉപരിയായി വർത്തിക്കുന്നതിൽ കൂടിയാണ് ക്ഷമ പ്രസക്തമാകുന്നത്.

## റോബെർട്ടോ റോഡ്റിഗെസ് (Roberto Rodriguez)

ലോസ് ആഞ്ചലോസ് (Los Angeles) പോലീസ് ഒരു യുവാവിനെ മർദ്ദിക്കുന്ന ഫോട്ടോ എടുക്കുവാൻ റോബർട്ടോ റോഡ്റിഗെസ് (Roberto Rodriguez) തയാറായി. എന്നാൽ ക്ഷിപ്ര വേഗത്തിൽ പോലീസ് ഉദ്യാഗസ്ഥർ റോബേർട്ടോ (Roberto) യെയും ആക്രമിച്ചു. അതിനെതുടർന്ന് തലപൊട്ടി അയാൾ ഹോസ്പിറ്റലിൽ അകപ്പെട്ടു എന്നു മാത്രമല്ല പോലീസ് ഉദ്യോഗസ്ഥന്മാരെ വധിക്കുവാൻ ശ്രമിച്ചു എന്ന കുറ്റാരോപണം നടത്തി അയാളെ ജയിലിൽ അടക്കുകയും ചെയ്തു.

ഒരു പത്രപ്രവർത്തകനായിരുന്ന റോബേർട്ടോ (Roberto) നിയമപരമായി പ്രതികരിച്ചു നീണ്ട ഏഴുവർഷത്തിനുശേഷം ആ നിയമ യുദ്ധത്തിൽ വിജയം കൈവരിക്കുകയും ചെയ്തു. പക്ഷെ അതിന്റെ പരിണിതഫലമായി അയാൾ പോലീസിന്റെ ഒരു നോട്ടപ്പുള്ളി ആയിത്തീർന്നു.

ഈ നീണ്ട പരിശ്രമത്തിന്നിടയിൽ ഒരു സമയം അവർ കൈവിലങ്ങുവെച്ച് ഒരു ബഞ്ചുമായി ബന്ധിപ്പിച്ച് അതിനുമുകളിലായി പോലീസുമായുള്ള എന്റെ നീണ്ട നിയമയുദ്ധത്തെക്കുറിച്ചുള്ള ഒരു ലേഖനവും പടവും മുകളിൽ പതിച്ചു. അതിലെ കടന്നുപോയ പോലീസ് ഉദ്യോഗസ്ഥന്മാർക്ക് എന്റെ ചിത്രം ഓർക്കുന്നതിനുവേണ്ടിയാണ് അവർ അത് ചെയ്തത്. അവർ ആരും എന്നെ മറന്നില്ല. തുടർന്നുള്ള വർഷങ്ങളിൽ അവർ നിരന്തരം എന്നെ ശല്യം ചെയ്തു. അറുപതു പ്രാവശ്യം അവർ എന്നെ അറസ്റ്റു ചെയ്തു.

ക്ഷമയെക്കുറിച്ച് ആലോചിക്കുമ്പോൾ റോബേർട്ടോയ്ക്ക് നിരവധി ചോദ്യങ്ങളും അതോടൊപ്പം തന്നെ ഉത്തരങ്ങളും ഉണ്ട്.

"നിങ്ങൾ ക്ഷമയെക്കുറിച്ച് എന്നോടു സംസാരിക്കുന്നുവോ? എന്നെ കഠിനമായി ദേഹോപദ്രവം ഏല്പിച്ച പോലീസ് ഉദ്യോഗസ്ഥന്മാരോട് ഞാൻ ക്ഷമിക്കണമോ? പാതിരാത്രിയിൽ എന്റെ അവസാന നിമിഷങ്ങളിലേക്ക് എന്നെ കൊണ്ടുപോകുന്നു എന്ന് എന്നെ വിശ്വസിപ്പിക്കാൻ ശ്രമിച്ച അവരോട് എന്തിനു ഞാൻ ക്ഷമിക്കണം? യാതൊരു തരത്തിലുള്ള സഹായഹസ്തങ്ങളും നീട്ടാത്ത രാഷ്ട്രീയനേതാക്കളോടും എന്നെ ഒരു കുറ്റവാളി ആയി ചിത്രീകരിച്ച പത്രപ്രവർത്തകരോടും ഞാൻ ക്ഷമിക്കണമോ? കോടതിയിൽ കേസുവാദിക്കുന്നതിന് രണ്ടു ദിവസം മുമ്പെ എന്നെ ഉപേക്ഷിച്ചുപോയ വക്കീൽ ക്ഷമ അർഹിക്കുന്നുവോ?

വിദ്വേഷം, പക, കോപം ഇവ മനസ്സിൽ വെച്ചു പുലർത്തിയാൽ മനുഷ്യത്വം നമ്മിൽ നിന്ന് അകന്നുപോകും. ഈ വികാരങ്ങൾ നമ്മുടെ ജീവിതത്തെ സ്വാധീനിക്കും. പ്രത്യേകിച്ച് ക്രൂരവും കഠിനവും ആയ രീതിയിൽ ഒരാൾക്ക് ക്ഷതം ഏല്ക്കുമ്പോൾ ഈ തരത്തിലുള്ള വികാരങ്ങളിൽ നിന്നും സൗഖ്യം പ്രാപിക്കുക അസ്സാധ്യമായിത്തീരും. എന്നാൽ യഥാർത്ഥമനുഷ്യത്വത്തിലേക്കാണ് നാം ഗമിക്കേണ്ടത്.

1998 –ലെ എന്റെ ജന്മദിനത്തിൽ ഞാൻ അതിനുവേണ്ടിയുള്ള അന്വേഷണം ആരംഭിച്ചു. കുറെ മാസങ്ങൾക്കുശേഷം ഞാൻ ചിത്രരചനയിൽ ഏർപ്പെട്ടു. അതിനുശേഷം ഞാൻ എഴുതുവാൻ തുടങ്ങി. അവസാനം ഞാൻ മനുഷ്യത്വത്തിലേക്ക് തിരിച്ചുവരുവാൻ തുടങ്ങി.

എന്റെ മാനസീകാഘാതത്തിൽ നിന്ന് പൂർണ്ണമായും ഞാൻ വിമുക്തനല്ല എങ്കിലും എനിക്ക് പുഞ്ചിരിക്കുവാനും ജീവിതത്തിൽ സന്തോഷിപ്പാനും സാധിക്കുന്നു. മറ്റുള്ളവരെ ചിരിപ്പിക്കുവാനും എനിക്ക് കഴിയുന്നു. വൃദ്ധസദനങ്ങളിലും മറ്റും പാട്ടുപാടി സന്തോഷിപ്പിക്കുന്നതിനും എനിക്ക് സാധിക്കുന്നുണ്ട്. പ്രാർത്ഥനയിൽ കൂടിയും ധ്യാനത്തിൽ കൂടിയും ആണ് ഈ സ്ഥിതിയിലേക്ക് ഞാൻ മടങ്ങിവന്നത്.

അമേരിക്കയിലെ കറുത്ത നിറമുള്ളവർക്ക് നീതിന്യായ വകുപ്പുകളിൽ നിന്ന് നിരന്തരം മോശവും ക്രൂരവുമായ പെരുമാറ്റങ്ങൾ ലഭിക്കുന്നുവെങ്കിലും എല്ലാവർക്കും റോബർട്ടോ (Roberto) യെപ്പോലെ നീതി ലഭിക്കുന്നില്ല. തങ്ങളെ ഉപദ്രവിച്ചവരോട് അവരുടെ ക്ഷമ കാട്ടേണ്ടതുണ്ടോ? അവരും ക്ഷമ കാട്ടണമെന്നാണ് റോബർട്ടോ (Roberto) അഭിപ്രായപ്പെടുന്നത്.





"ഓരോ വർഷവും അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ ഇതുപോലെയുള്ള പെരുമാറ്റങ്ങൾ ഉളവാകുന്നതിനാൽ പ്രത്യേകിച്ചും ക്രൂരമായ മർദനങ്ങളും അനാവശ്യമായ തടവുശിക്ഷകളും പലർക്കും ലഭിക്കുന്നതിനാൽ അതിനെക്കുറിച്ചുള്ള എതിർപ്പുകൾ ധാരാളമായി നിലവിലിരിക്കുന്നു. എപ്പോൾ വേണമെങ്കിലും പൊട്ടിത്തെറിക്കുവാൻ സാദ്ധ്യതയുള്ള ബോംബു പോലെയാണ് പലരും ജീവിക്കുന്നത്. വിദ്വേഷവും പ്രതികാരേച്ഛയും അവരുടെയുള്ളിൽ നിറഞ്ഞു കവിയുന്നു. 1992 ൽ റോഡ്നി കിംഗ് (Rodney King) കേസിന്റെ വിധിയ്ക്കുശേഷം ഇതാണ് സംഭവിച്ചത്. അന്നുണ്ടായ തരത്തിലുള്ള പൊട്ടിത്തെറിക്കൽ ഏറ്റവും കൂടുതൽ ദോഷം ചെയ്യുന്നത് അവർക്കു തന്നെ ആയിരിക്കും".

ഇത് വ്യക്തിപരമായ പ്രശ്നത്തെക്കാൾ സാമൂഹ്യപരമായ ഒരു പ്രശ്നമാണ്. അനിയന്ത്രിതമായ ഒരു പകർച്ച വ്യാധി പോലെയാണ് ഇത്. ക്ഷമ എന്നത് ഈ പ്രശ്നത്തിന് പരിഹാരമാവുകയില്ല എങ്കിലും അത് സമൂഹത്തിന്റെ നിലനില്പിനും വളർച്ചയ്ക്കും ഒരു ആവശ്യഘടകമാണ്. ക്ഷമാപണത്തിന് കാത്തുനിൽക്കാതെ ക്ഷമിക്കുക എന്നത് സ്വന്തം സൗഖ്യത്തിനും അഭിവൃദ്ധിക്കും ക്രിയാത്മകതയ്ക്കും ആവശ്യമാണ്. അനീതിയ്ക്കെതിരെ കണ്ണടച്ചു യാതൊരുവിധത്തിലും പ്രതികരിക്കരുത് എന്നല്ല ഇതുകൊണ്ട് അർത്ഥമാക്കേണ്ടത്. കോപം, വിദ്വേഷം, കൈപ്പ്, ഇവയെ അകറ്റി, മനുഷ്യത്വം കൈവെടിയാതെ തങ്ങളുടെ അവകാശങ്ങൾക്ക് വേണ്ടി വാദിക്കേണ്ടതാണ്.

വ്യക്തമായി പറഞ്ഞാൽ, ക്രൂരമായി വർത്തിച്ച ഒരാളോടു ക്ഷമ കാട്ടുന്നതിൽ കൂടി മനുഷ്യത്വപരമായി പെരുമാറുവാൻ അവരെ സഹായിക്കുകയായിരിക്കും ചെയ്യുന്നത്. എന്നാൽ ഇത് ഭാഗീകമായ ഒരു ഉത്തരം മാത്രമാണ്. സമൂഹ ജീവിതത്തിൽ മറ്റുള്ളവരെ അതിക്രൂരമായി ഉപദ്രവിക്കുകയും മറ്റു ഹീനപ്രവർത്തികൾ ചെയ്യുകയും ചെയ്യുന്നവർക്ക് ക്ഷമ ലഭ്യമാകുന്നതിനും എന്നാൽ അതിനേക്കാൾ കൂടുതലായി അവർ അത് വീണ്ടും ചെയ്യാതിരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതുമാണ്. അവരുടെ രോഗനിവാരണത്തിന് വേണ്ടത് ചെയ്യേണ്ടത് അത്യാവശ്യമാണ്. സ്വന്തം ദുരാത്മാക്കളെ അകറ്റാതെ അവർക്ക് യഥാർത്ഥ സൗഖ്യവും സമാധാനവും ലഭ്യമാകയില്ല.

## ബിൽ ചാഡ്‌വിക്ക് (Bill Chadwick)

കുടിച്ച് ലക്കില്ലാതെ ഒരു ഡൈവർ ഓടിച്ച ലോറി ഇടിച്ച് തന്റെ പുത്രനായ മൈക്കൾ (Michael) അകാല ചരമം പ്രാപിച്ചതിൽ നീതി ലഭ്യമാകണമെന്നു ലൂയിസിയാനായിലെ ഒരു ബിസിനസ്സുകാരനായ

ബിൽ ചാഡ്‌വിക് (Bill Chadwick) ആഗ്രഹിച്ചു. എന്നാൽ റോബർട്ടോയുടെ (Roberto) അനുഭവത്തിലെന്നപോലെ നീതി ലഭ്യമാകുന്നതു കൊണ്ട് വേണ്ട ഫലം ലഭിക്കുന്നില്ല എന്ന് അയാൾക്ക് ബോധ്യമായി.

"എന്റെ പുത്രൻ മൈക്കൾ (Michael) 1993 ഒക്ടോബർ മാസം 23-ാം തീയതി ഒരു കാറപകടത്തിൽ കൊല്ലപ്പെട്ടു. പുറകിലത്തെ സീറ്റിൽ ഇരുന്ന അവന്റെ ഉത്തമസുഹൃത്തും കൊല്ലപ്പെട്ടു. എന്നാൽ മദ്യപിച്ച് മത്തനായി ആ വാഹനം ഓടിച്ചിരുന്ന ഡ്രൈവർ ചെറുമുറിവുകളോടെ രക്ഷപ്പെട്ടു. വാഹനാപകടത്തിനുള്ള കേസ് മാത്രമേ ആ ഡ്രൈവറിൽ ആരോപിച്ചിരുന്നുള്ളൂ. മൈക്കളി (Michael) ന്റെ രക്തത്തിൽ മദ്യാംശം വളരെ നാമമാത്രമായിരുന്നുവെങ്കിൽ സ്നേഹിതന്റെ രക്തത്തിൽ ഒട്ടും തന്നെ ഇല്ലായിരുന്നു.

നീതിയുടെ ചക്രം വളരെ സാവധാനത്തിലാണ് ചലിക്കുന്നത്. കേസ് വിചാരണയ്ക്കെടുക്കുന്നതിനു തന്നെ ഒരു വർഷത്തിൽ പരം കാലതാമസം നേരിട്ടു. കേസെടുത്തതിനുശേഷം വിചാരണകൾ നീണ്ടുനീണ്ടുപോയി. പ്രതിയായ ഡ്രൈവറുടെ വക്കീൽ ആൽക്കഹോൾ പരീക്ഷണത്തെ അവഗണിക്കുവാൻ ശ്രമിച്ചു. പക്ഷെ അത് ഫലപ്രദമായില്ല. അവസാനം താൻ കുറ്റക്കാരനാണ് എന്ന് സമ്മതിക്കുവാൻ അയാൾ ശ്രമിച്ചു. അതിനെ തുടർന്ന് അയാളെ ആറുവർഷം തടവ് ശിക്ഷയ്ക്ക് വിധിച്ചു.

ഞങ്ങൾക്ക് അയാളെ ഉപദ്രവിക്കണമെന്നില്ലായിരുന്നു. അവൻ ചെയ്തതിന് ശിക്ഷ അനുഭവിക്കണമെന്ന് ഞാൻ ആഗ്രഹിച്ചു. എന്നാൽ അവന്റെ അമ്മയിൽ നിന്നും, ഞാൻ അവന് കഠിന ശിക്ഷകൾ നൽകുവാൻ ശ്രമിക്കുന്നു എന്ന രീതിയിൽ മോശമായ ഒരു എഴുത്ത് ലഭിച്ചു. മൈക്കൾ (Michael) ഓടിച്ച് അവരുടെ പുത്രൻ മരിക്കുകയായിരുന്നുവെങ്കിൽ പ്രതികാര ബുദ്ധിയോടു കൂടി അവർ പ്രവർത്തിക്കുകയില്ലായിരുന്നു എന്നും ആ എഴുത്തിൽ ഉൾക്കൊള്ളിച്ചിരുന്നു. അവരുടെ മകൻ മരിച്ചു കഴിഞ്ഞാൽ മാത്രമേ അവർ എന്തുചെയ്യും എന്തു ചെയ്യുകയില്ല എന്ന വിധത്തിൽ ചിന്തിക്കുവാൻ സാദ്ധ്യമാകൂ എന്ന് ഞാൻ അതിനു മറുപടി നൽകി.

അവസാനം അവരുടെ പുത്രന് ആറുമാസം തടവും ആറു വർഷം പരോളും ലഭ്യമായി. അതായത് ആറുമാസത്തിനകം അവരുടെ പുത്രനെ അവർക്ക് തിരിച്ച് ലഭിച്ചു. എന്നാൽ ഞങ്ങളുടെ പുത്രനെ ഞങ്ങൾക്ക് മടക്കിലഭിച്ചില്ല.





മദ്യപാനിയായ ഡ്രൈവർക്ക് ശിക്ഷലഭിക്കുമ്പോൾ നീതി നിർവ്വഹിക്കപ്പെടും എന്ന് ഞാൻ പ്രതാശിച്ചു. എന്നാൽ അത് നിരർത്ഥകാമണ് എന്ന് പിന്നീട് മത്രമാണ് മനസ്സിലാക്കിയത്. സാധാരണ ഗതിയിൽ പ്രതിക്ക് ശിക്ഷ ലഭിക്കുമ്പോൾ വാദിയുടെ വേദനയ്ക്ക് ഒരു ചെറിയ ശമനം ഉണ്ടാകും എന്നാണ് കണക്കാക്കുന്നത്. ഒരു തരത്തിലുള്ള ഒരു നീതി. വേദനകൾക്ക് ലഘുവായ ഒരു ശമനം. കാലക്രമേണ വേദനകൾ ഇല്ലാതെയാകുമെന്ന നിഗമനവും. മൈക്കളിന്റെ മരണത്തിനുശേഷം ഇതുപോലെയുള്ള നിരവധി പേരെ കാണുവാനിടയായി.

തീർച്ചയായും ആ ഡ്രൈവറുടെ പ്രവൃത്തിയിൽ ഞാൻ കോപിഷ്ടനാണ്. ആ രാത്രിയിൽ തീർച്ചയായും അയാൾ തെറ്റായ നിരവധി തീരുമാനങ്ങൾ എടുക്കുകയുണ്ടായി. സ്വന്തം ജീവനുതന്നെയും വിലകല്പിച്ചില്ല. ഈ തരത്തിലുള്ള കോപാകുലമായ ചിന്തകളുമായിരുന്നു ഞാൻ ദിവസങ്ങൾ തള്ളി നീക്കി. എന്നാൽ വിധി നടപ്പാക്കി കഴിഞ്ഞിട്ടും എന്റെ മനസ്സിന് ശാന്തത ലഭിച്ചില്ല. എന്റെ ആത്മാവിന് ഒരു വിള്ളൽ ഉളവായിരുന്നു. യാതൊന്നു കൊണ്ടും അത് അടയ്ക്കുവാൻ സാധിച്ചില്ല.

കുറെ നാൾ കഴിഞ്ഞതിനുശേഷം മാത്രമാണ് എന്റെ മനസ്സിൽ യഥാർത്ഥ വെളിച്ചം വീശിയത്. ആ ഡ്രൈവറോടു പൂർണ്ണമായും ക്ഷമിക്കുക എന്നതുമാത്രമാണ് യഥാർത്ഥ ഉത്തരം. ക്ഷമിക്കുക എന്നത് ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിയുക എന്നതിൽ നിന്ന് വ്യത്യസ്ഥമാണ്. എന്നാൽ ഞാൻ അയാളോടു ക്ഷമിക്കേണ്ടിയിരിക്കുന്നു. അയാൾക്ക് എന്തു തന്നെ ശിക്ഷ കൊടുത്താലും അത് കൂടുതലാകയില്ല. പക്ഷെ അതുകൊണ്ട് എന്റെ വേദന ഇല്ലാതെയാകുന്നില്ല. ആ വേദന ഇല്ലാതെയാകണമെങ്കിൽ ഞാൻ ആ വ്യക്തിയോട് ക്ഷമിക്കണം. ആ ഒരു പ്രക്രിയയിൽ കൂടി ഞാൻ കടന്നു പോകണം. അയാൾ എന്തു തന്നെ ചെയ്താലും എന്നിൽ വ്യത്യാസം ഉളവാകണം.

ക്ഷമയിലേക്ക് ഉള്ള ഗമനം നീണ്ടതും വേദനാജനകവും ആയിരുന്നു. ആ ഡ്രൈവറോടു മാത്രമല്ല ഞാൻ ക്ഷമകാട്ടേണ്ടത്. മൈക്കളിനോടും ദൈവത്തോടും (അങ്ങനെ സംഭവിക്കാൻ അനുവദിച്ചതിൽ) എന്നോടു തന്നെയും ഞാൻ ക്ഷമിക്കേണ്ടതാണ്. എന്നോടു തന്നെ ക്ഷമിക്കുക എന്നതാണ് ഏറ്റവും വിഷമകരമായുള്ളത്. മദ്യം ഉള്ളിൽ കഴിച്ചതിനു ശേഷം മൈക്കളിനെ ഞാൻ തന്നെ കാറിൽ പലസ്ഥലങ്ങളിലും കൊണ്ടു പോയിട്ടുണ്ട്. എന്നോടു തന്നെയുള്ള ക്ഷമ എന്നത് ഏറ്റവും

കഠിനമായ ഒരു പാഠമാണ്. മറ്റുവ്യക്തികളോടുള്ള എന്റെ കോപം യഥാർത്ഥത്തിൽ എന്റെ ഭയങ്ങളിൽ അടിസ്ഥാനപ്പെട്ടുള്ളതാണ്. എന്റെ സ്വന്തകുറ്റങ്ങൾ ഞാൻ മറ്റുള്ളവരിൽ ആരോപിക്കുവാൻ ശ്രമിച്ചു - ഡ്രൈവർ, കോടതി, ദൈവം, മൈക്കൾ അങ്ങനെ പലരും. എന്നെത്തന്നെ നോക്കുന്നതിന് ഞാൻ മടിച്ചു. എന്റെ പങ്കാളിത്തം മനസിലാക്കാതെ എന്റെ ചിന്താഗതിയ്ക്ക് വ്യത്യാസം ഉണ്ടാകയില്ല എന്ന് ഞാൻ മനസ്സിലാക്കി.

ഇതാണ് ഞാൻ പഠിച്ച പാഠം. ക്ഷമയിൽ കൂടിയാണ് ഇങ്ങനെയുള്ള ഒരു സംഭവം അവസാനിപ്പിക്കേണ്ടത്. ക്ഷമിക്കുവാനുള്ള ശക്തി പുറത്തു നിന്നല്ല ഉള്ളിൽ നിന്നാണ് ലഭ്യമാകേണ്ടത് നമ്മുടേതു പോലെ ഒരു സമൂഹത്തിൽ അക്രമത്തിന്നിരയാകുന്നവരുടെ അവകാശങ്ങൾ അപ്രസക്തങ്ങളാകുന്നു. അവരുടെ ഉൾക്കാഴ്ചകൾക്ക് ആരും വിലകല്പിക്കുന്നില്ല. നിരവധി ആളുകൾക്ക് കോടതിയിലെ ന്യായവിധി പ്രശ്നപരിഹാരമാകുന്നില്ല. പ്രതികാരം നടത്തുന്നതിൽ അവരുടെ പങ്കാളിത്വം, ആഗ്രഹിക്കുന്നു. അമേരിക്കയിലെ പല സംസ്ഥാനങ്ങളിലും വധശിക്ഷ നേരിൽ കാണുന്നതിന് ഇരിപ്പിടങ്ങൾ സജ്ജമാക്കപ്പെട്ടിട്ടുണ്ട്. മരിച്ചവരുടെ ബന്ധുക്കൾക്ക് അവിടെ ഇരുന്ന് ശിക്ഷ നടപ്പാക്കുന്നതു കാണുകയും അനുകൂലിച്ച് സംസാരിക്കുകയും ചെയ്യാം.

കുറച്ചു നാളുകൾക്ക് മുമ്പ് 1998 ൽ ഓറിഗൺ (Oregon) ലെ സ്പ്രിങ് ഫീൽഡ് (Spring field) എന്ന സ്ഥലത്ത് കിപ് കിൻകൽ Kip Kinkel എന്ന പതിനഞ്ചു വയസ്സുപ്രായമുള്ള കുട്ടി ഒരു വെടിവയ്പ് നടത്തുകയുണ്ടായി. അതിൽ ഇരകളായവരുടെ കുടുബാംഗങ്ങൾ കോടതി മുറിയിൽ ബഹളം ഉണ്ടാക്കിയതിനെ തുടർന്ന് ജഡ്ജിക്ക് അവരെ ശാസിക്കേണ്ടതായും വന്നു. ആ കോടതി മുറിയിൽ ഏറ്റവും ഹൃദയസ്പർശനകരമായ ഒരു പ്രസ്താവന ഒരു മാതാവിൽ നിന്ന് ഉതിർന്നു. "ഞാൻ ഇപ്പോൾ അനുഭവിക്കുന്ന നരക യാതന കിപ് (Kip) ആയുഷ്കാലം മുഴുവൻ അനുഭവിച്ചാൽ മാത്രമേ യഥാർത്ഥ നീതി ആകുന്നുള്ളു.

ആ സ്ത്രീയുടെ വികാരത്തെ ന്യായീകരിക്കാമെങ്കിലും അവരുടെ ആഗ്രഹത്തിന്റെ സാധൂകരണം ഫലശൂന്യമാണ്. തന്റെ സങ്കടാധിക്യത്താൽ മരണത്തിനുത്തരവാദിയായ വ്യക്തി തന്റെ വ്യഥകൾ അനുഭവിക്കുന്നതിൽ കൂടി തനിക്ക് സമാധാനം വരുമെന്നാണ് അവരുടെ ചിന്ത. പഴയ സമാധാനം അവർ ഒരിക്കലും കണ്ടെത്തുകയില്ല. അത് പ്രതികാരമാണ്. എന്റെ ഹൃദയത്തിൽ അവരോട് പൂർണ്ണ അനുകമ്പ





ഉണ്ട് എന്നു വരികിലും അവർക്ക് സൗഖ്യം ലഭ്യമാകുകയില്ല എന്നാണ് എന്റെ ഹൃദയം എന്നോടു പറയുന്നത്. മാത്രമല്ല പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമാകുക എന്നതായിരിക്കും അതിന്റെ പരിണിതഫലം.

## മേരി ഫോളി (Mary Foley)

മേരി ഫോളി (Mary Foley) എന്ന ബ്രിട്ടീഷ്കാരിയുടെ കഥ ഇതിൽ നിന്ന് വിഭിന്നമാണ്. ഷാർലറ്റ് (Charlotte) എന്ന അവരുടെ കുട്ടി യുവാക്കൾ തമ്മിലുള്ള രൂക്ഷമായ പ്രശ്നങ്ങളാൽ മരണമടഞ്ഞു. 2005 ഏപ്രിൽ മാസം നടന്ന ഒരു ജന്മദിനാഘോഷ വേളയിലാണ് മാരകമായ മുറിവ് അവൾക്ക് ഏറ്റത്.

ആ പാർട്ടിയിൽ പങ്കെടുക്കുവാൻ ഷാർലറ്റ് (Charlotte) സന്തോഷത്തോടെ ഒരുക്കങ്ങൾ ചെയ്തിരുന്നു. അതിനുപോകുന്ന മറ്റു കുട്ടികളെയും ഞങ്ങൾക്ക് അറിയാമായിരുന്നു. അതിനാൽ ഞാനധികമൊന്നും ചിന്തിച്ചില്ല. ഏകദേശം വെളുപ്പിന് ഒരു മണിയായപ്പോൾ ഫോണിന്റെ മണിമുഴങ്ങി. ഷാർലറ്റിന്റെ സ്നേഹിത ഭയത്തോടു കൂടി പറഞ്ഞു ഷാർലറ്റിനെ ആരോ കുത്തി മുറിവേല്പിച്ചു, അവളെ ആശുപത്രിയിൽ കൊണ്ടുപോയി. ആയതിനുശേഷം ഫോണിന്റെ ശബ്ദം നിലച്ചു.

ഹോസ്പിറ്റലിലെ ഒരു മുറിയിലേക്ക് ആരോ എന്നെ ആനയിച്ചു. ഒരു നേഴ്സും രണ്ടു ഡോക്ടറുമാരും ആ മുറിയിലേക്ക് കടന്നുവന്നു. ഷാർലറ്റ് മരിച്ചു പോയി. ആ നർസ് പറഞ്ഞു. എനിക്ക് അത് ഒട്ടും തന്നെ വിശ്വസിപ്പാൻ സാധിച്ചില്ല. അവൾ പോയി എന്ന യാഥാർത്ഥ്യം അംഗീകരിപ്പാൻ അസ്സാദ്ധ്യമായിതോന്നി. അവളോടു യാത്രപറയുവാൻ പോലും എനിക്ക് അവസരം ലഭിച്ചില്ല.

അവളുടെ ശരീരം തിരിച്ചറിയുന്നതിലേക്ക് ഞങ്ങൾ പോകേണ്ടി വന്നു. ഞാൻ അവളെ തുറിച്ചുനോക്കി. അവളുടെ കഴുത്തുവരെ ഒരു ഷീറ്റ് കൊണ്ടു മറച്ചിരുന്നു. അവൾ സമാധാനത്തോടെ ഉറങ്ങുന്നതു പോലെയാണ് കിടന്നിരുന്നത്. ഒരു അതിശയത്താൽ അവൾ വീണ്ടും ശ്വാസം വലിക്കുന്നതിനുവേണ്ടി ഞാൻ പ്രാർത്ഥിച്ചു. എന്താണ് സംഭവിച്ചത് എന്ന വിവരം കൂടുതൽ കൂടുതലായി ഞങ്ങൾക്ക് ലഭിച്ചു. ഷാർലറ്റിന്റെ പരിചയക്കാരി ആയിരുന്നു മാരിഷ് (Marish). മാരിഷിന്റെ പരിചയക്കാരി ആയിരുന്നു ബിയാട്രിസ് (Beatriz). പക്ഷെ അവർ തമ്മിൽ സദാ ശണ്ഠ കൂടിയിരുന്നു. വാക്കുതർക്കങ്ങളെക്കാൾ ഉപരിയായി അവർ അന്യോന്യം ഭീഷണിപ്പെടുത്തുകയും ചെയ്തിരുന്നു. ആ ജന്മദിനപാർട്ടിയുടെ ദിവസം വൈകുന്നേരം ഫോണിൽ കൂടി അവർ

തർക്കിച്ചു. പാർട്ടിയുടെ സമയത്ത് ബാക്കി തീർക്കും എന്ന പോർവിളിയും അവർ മുഴുക്കിയിരുന്നു. എന്റെ മകൾ ഷാർലറ്റ് ഇതൊന്നും അറിഞ്ഞിരുന്നില്ല.

എന്തായാലും പാതിരാത്രിസമയത്ത് ഷാർലറ്റും (Charlotte) ഉം ബിയാട്രിസും (Beatriz) ഉം തമ്മിൽ അഭിപ്രായ ഭിന്നത ഉളവായി. അതു കഴിഞ്ഞു മുഖം കഴുകി ഫ്രഷ് ആകുന്നതിനുവേണ്ടി രണ്ടാം നിലയിലുള്ള ഒരു മുറിയിലേക്ക് ഷാർലറ്റ് പോയി. ആ മുറിയിൽ നിന്നും വീണ്ടും താഴേക്ക് വന്നപ്പോൾ “നീ എന്നോട് എന്തു പറഞ്ഞു” എന്ന് ആക്രോശിച്ചു കൊണ്ട് ബിയാട്രിസ്, നാല് ഇഞ്ച് നീളമുള്ള കത്തികൊണ്ട് കുത്തി ഷാർലറ്റിന് മാരകമായ മുറിവുകൾ ഏല്പിച്ചു. അവളുടെ കൈസഞ്ചിയിൽ (Hand Bag) അവൾ രണ്ടു കത്തികൾ കരുതിയിട്ടുണ്ടായിരുന്നു. രക്തം വാർന്ന് എന്റെ മകൾ മരണമടഞ്ഞു.”

ലണ്ടൻ നഗരത്തിലെ സുപ്രസിദ്ധമായ നീതിന്യായ കോടതിയിൽ കേസ് വിസ്താരത്തിന് ഇരിക്കുമ്പോൾ മേരി (Mary) തികച്ചും അവിശ്വസനീയമായ വിധത്തിൽ കോപാകുലയായിരുന്നു. എന്നാൽ കാലക്രമത്തിൽ അവളുടെ കോപം തണുത്തു എന്നു മാത്രമല്ല ബിയാട്രിസിനോടു കരുണയും തോന്നുവാൻ തുടങ്ങി. കേസിന്റെ അവസാനഘട്ടമായപ്പോഴേക്കും ബിയാട്രിസിനോട് ക്ഷമിക്കണം എന്ന വികാരത്തിന് ശക്തി കൂടുകയും അവൾക്ക് ഒരിക്കലും ലഭിച്ചിട്ടില്ലാത്ത തരത്തിൽ ഒരു മാതൃവാത്സല്യം നൽകുവാൻ തയാറാകയും ചെയ്തു.

“ക്ഷമ ആവശ്യമാണ് എന്ന് അറിയാമായിരുന്നുവെങ്കിലും അത് ഞാൻ ആഗ്രഹിച്ചവേഗത്തിൽ എനിക്ക് ലഭ്യമായില്ല. ക്ഷമിക്കുക എന്നത് ഒരു കഠിന യത്നമാണ്. ഷാർലറ്റിനെ കുത്തിമുറിവേല്പിക്കുന്നത് ഞാൻ എന്റെ മനക്കണ്ണുകളിൽ കണ്ടുകൊണ്ടിരുന്നു. എന്നാൽ എനിക്ക് അവളെ സഹായിക്കുവാൻ സാധിച്ചിരുന്നില്ല. രക്തം വാർന്നു മരിക്കുന്നതും ഞാൻ ഉൾക്കണ്ണാൽ വീക്ഷിച്ചു. ഈ ചിത്രങ്ങളൊക്കെയും എന്റെ മനസ്സിൽ കടന്നുവരുമ്പോൾ കോപത്തിന്റേയും വിദ്വേഷത്തിന്റെയും വികാരങ്ങൾ ഹൃദയത്തിൽ ആളുന്നു. ക്ഷമിക്കുവാനാണ് എന്റെ തീരുമാനം എന്ന് ആവർത്തിച്ച് ഓർമ്മിപ്പിക്കേണ്ടിയും വരുന്നു. ക്ഷമിക്കുന്നതിൽ കൂടി എന്റെ വേദനകളും മുറിവുകളും ദൈവകരങ്ങളിൽ സമർപ്പിക്കുന്നതിനെക്കുറിച്ചും ഞാൻ ബോധവാനാകേണ്ടിയിരിക്കുന്നു.

2006 മാർച്ച് മാസം ബിയാട്രിസിന് പതിനാലുവർഷത്തെ തടവ് ശിക്ഷ വിധിച്ചു. ബിയാട്രീസിനോടു ക്ഷമ കാട്ടുവാനുള്ള മേരിയുടെ തീരുമാനത്തിന്റെ വെളിച്ചത്തിൽ ആ ശിക്ഷ കഠിനമാണോ എന്ന ചോദ്യ





ത്തിന് മേരിക്ക് അനുകൂലമായ മറുപടിയില്ല. അത്തരത്തിലുള്ള ശിക്ഷ ഈ വിധത്തിലുള്ള കഠിനകൃത്യങ്ങളിൽ നിന്ന് പലരെയും പിന്തിരിപ്പിക്കും എന്ന ചിന്താഗതിയാണ് മേരിക്കുള്ളത്. അക്രമവാസനയുള്ള ബിയാട്രിസിന്റെ പ്രതികാര ലിസ്റ്റിൽ എട്ടുപേർ ഉണ്ടായിരുന്നു എന്നത് ഒരു വസ്തുതയാണ്. പക്ഷെ ഒരു നീണ്ട തടവുശിക്ഷ നൽകുന്നത് കൊണ്ട് ഒരു വ്യക്തി മാനസ്സാന്തരപ്പെടുമെന്ന ചിന്തയും ഒരു ഉത്തമ ക്രിസ്ത്യാനി എന്ന നിലയിൽ മേരിക്ക് ഇല്ല. ബിയാട്രിസിന് ആവശ്യമായുള്ളത് യേശുവുമായി ജീവനുള്ള ബന്ധം ആയിരുന്നു. ആത്യന്തികമായി അതിനുമാത്രമേ അവൾക്ക് മാനസ്സാന്തരം നൽകുവാൻ സാധ്യമാകൂ.” തന്റെ പുത്രിയെ കുത്തിക്കൊന്ന ആളെ പൂർണ്ണമായി തള്ളിക്കളവാൻ മേരി തയാറല്ലായിരുന്നു.

ബിയാട്രിസിന്റെ പശ്ചാത്തലം സങ്കടകരമാണ്. എങ്കിലും അത് എന്റെ മകളുടെ വധത്തെ ന്യായീകരിക്കുന്നില്ല. പക്ഷെ അവളുടെ ജീവിതത്തിൽ അവൾക്ക് നിരവധി പ്രതിസന്ധികളെ നേരിടേണ്ടി വന്നിട്ടുണ്ട്. അവളുടെ സ്കൂളിലും ഭവനത്തിലും അവളുടെ സ്നേഹിതനോടും അവൾക്ക് നിരവധി പ്രശ്നങ്ങൾ വന്നുകൊണ്ടിരുന്നു. അവളുടെ മാതാവിനെ കൊല്ലുവാൻ ശ്രമിച്ചു എന്ന കാരണത്താൽ പിതാവിനെ പോലീസ് തിരഞ്ഞുകൊണ്ടിരിക്കുന്നു. ഒരു സമയത്ത് അവൾ ഭവനരഹിത ആയിരുന്നു. സ്വയം മതിപ്പ് അവൾക്ക് നഷ്ടപ്പെട്ടിരുന്നു. അവൾക്ക് സംസാരിപ്പാൻ കൂട്ടായി ആരും തന്നെ ഇല്ലായിരുന്നു. ഈ വിടവു നികത്തുവാൻ ആണ് ഞാൻ പരിശ്രമിക്കുന്നത്. അവൾക്ക് മാതൃവാത്സല്യം നൽകുവാൻ ഞാൻ ശ്രമിക്കുന്നു. ഷാർലറ്റിന്റെ അമ്മ ആയതുകൊണ്ട് അവൾ ജയിലിൽ കിടക്കുമ്പോൾ നല്ലതു പഠിക്കുവാൻ ഉത്തമ സ്വാധീനം എനിക്കു നൽകുവാൻ സാധിക്കും എന്ന് ഞാൻ കരുതുന്നു.

ഇന്ന് ലണ്ടൻ നഗരത്തിലെ വിദ്യാഭ്യാസ സ്ഥാപനകളിൽ മേരി ഒരു പ്രശസ്തിയുള്ള ഒരു പ്രാസംഗിക ആണ്. തന്റെ കഥ വിവരിക്കുന്നതിൽ കൂടി അവിശുദ്ധ കൂട്ടുകെട്ടുകളെക്കുറിച്ചും അവ തമ്മിലുള്ള ബന്ധങ്ങളെക്കുറിച്ചും വിദ്യാർത്ഥികളെ മനസ്സിലാക്കുന്നു. അതുപോലെ തന്നെ ക്ഷമയെക്കുറിച്ചും അക്രമരഹിതമായ ഒത്തുതീർപ്പുകളെക്കുറിച്ചും അവർ സംസാരിക്കുന്നു. അതോടൊപ്പം തന്നെ ബിയാട്രിസും ആയി എഴുത്തു കുത്തുകളും നടത്തുന്നു. ബിയാട്രിസിൽ നിന്നും ലഭിച്ച ഒരു എഴുത്ത് താഴെ കൊടുക്കുന്നു.

പ്രിയപ്പെട്ട മിസ്സസ്സ് ഫോളി

ബിയാട്രിസ് ആണ് ഈ കത്ത് എഴുതുന്നത്. മെച്ചവും ഉത്തമവും ആയ ഒരു കത്ത് എഴുതുവാൻ എനിക്ക് വാക്കുകളില്ല. എന്റെ വാക്കുകൾ കൊണ്ട് എന്തെങ്കിലും വ്യത്യാസങ്ങൾ വരുമെന്ന് കരുതുവാനും സാദ്ധ്യമല്ല. എന്നാൽ ഞാൻ ചെയ്തതിനെക്കുറിച്ചുള്ള അതീവ ദുഃഖവും പശ്ചാത്താപവും അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. നിമിഷ നേരത്തെ എന്റെ ഭ്രാന്ത് ഇല്ലാതിരുന്നെങ്കിൽ ഷാർലറ്റ് ഇവിടെ ജീവനോടെ കാണുമായിരുന്നു. ഒരിക്കലും ചെയ്യരുതാത്തത് ഞാൻ ചെയ്തുപോയി. ഞാൻ ചെയ്ത അകൃത്യം നിമിത്തം നിങ്ങൾക്കും നിങ്ങളുടെ ഇളയ കുട്ടികൾക്കും ഉളവായ വേദനയെയും സങ്കടത്തെയും കുറിച്ച് ഞാനും ഖേദിക്കുന്നു. മിസ്സസ്സ് ഫോളി, നിങ്ങളുടെ മകളെ ഉപദ്രവിച്ചതിൽ എനിക്ക് വളരെയധികം ദുഃഖവും വേദനയും ഉണ്ട്. അവളുടെ ജീവൻ ഒടുക്കണമെന്ന് ഞാൻ ചിന്തിച്ചിരുന്നില്ല. അവളെ കുത്തി മുറിവേല്പിക്കണമെന്നും ഞാൻ ചിന്തിച്ചില്ല. അത് എന്റെ ഉദ്ദേശം അതല്ലായിരുന്നു. എന്തുകൊണ്ട് ഞാൻ അത് ചെയ്തു എന്നത് എനിക്ക് പറവാൻ സാധിക്കുന്നില്ല. കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടപ്പോഴും എനിക്ക് ഉത്തരം നൽകുവാൻ സാധിച്ചില്ല. മിസ്സസ്സ് ഫോളി എന്തുകൊണ്ട് എന്റെ കൈ ഷാർലറ്റിന് എതിരായി ഉയർന്നു എന്ന് എനിക്ക് അറിവാൻ പാടില്ല. എന്റെ പ്രവർത്തനം അനേകർക്കും ദുഃഖവും വേദനയും ഉളവാക്കി. പക്ഷെ നടന്നത് തുടച്ചുമാറ്റുവാൻ എന്തുമാത്രം ഞാൻ ആഗ്രഹിക്കുന്നു എന്നത് എനിക്ക് മാത്രം അറിയാം. മിസ്സസ്സ് ഫോളി ഞാൻ നിങ്ങളോടും ക്ഷമ യാചിക്കുന്നു. ഷാർലറ്റിനോടും ഞാൻ ക്ഷമ യാചിക്കുന്നു. അവൾ ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ എന്ന് ഞാൻ ആഗ്രഹിക്കുന്നു. ക്ഷമ പറയുകയല്ലാതെ എനിക്ക് വേറൊന്നും പറവാനില്ല. എന്റെ ദുഃഖം തെളിയിക്കുവാൻ എന്തെങ്കിലും മാർഗം ഉണ്ടെങ്കിൽ എന്ന് ഞാൻ ആഗ്രഹിക്കുന്നു. ഞാൻ ഇതിൽ എല്ലാം വളരെയധികം ദുഃഖിതയാണ്. മിസ്സസ്സ് ഫോളി ദുഃഖിക്കരുത് എന്ന് ഞാൻ ആഗ്രഹിക്കുന്നു. മിസ്സസ്സ് ഫോളി ഞാൻ നിങ്ങൾക്ക് എഴുതുന്നതിൽ വിരോധമില്ലല്ലൊ? ഒരു ദിവസം നിങ്ങൾ സന്തോഷവതി ആയിത്തീരുമെന്ന് ഞാൻ കരുതുന്നു. നിങ്ങളെ ദുഃഖിപ്പിച്ച വ്യക്തി ഞാൻ ആയതിൽ ഖേദിക്കുന്നു. ഷാർലറ്റിനോടു ഞാൻ ചെയ്ത കടുംകൈഓർത്തു ഞാൻ ഖേദിക്കുന്നു. ഇങ്ങനെയൊക്കെവരുമെന്ന് ഞാൻ കരുതിയില്ല. മിസ്സസ്സ് ഫോളി ഞാൻ അതീവ ദുഃഖിതയാണ്. നിങ്ങൾക്ക് എഴുതുവാൻ തക്ക വാക്കുകൾ എനിക്ക് ലഭിക്കുന്നില്ല. നിങ്ങൾ എനിക്ക് മറുപടി അയക്കു





ന്നില്ല എങ്കിൽ അത് എനിക്ക് മനസ്സിലാക്കാം. എന്നാൽ നിങ്ങളിൽ നിന്ന് മറുപടി ലഭിക്കുന്നതിന് ഞാൻ ആഗ്രഹിക്കുന്നു. അത് എനിക്ക് വളരെയധികം പ്രയോജനം ചെയ്യും. നിങ്ങളുടെ മകളെ ഉപദ്രവിക്കണമെന്ന് ഞാൻ ആഗ്രഹിച്ചില്ല.

അത്യധികം സ്നേഹത്തോടെ, ബിയാട്രിസ്

ഷർലറ്റ് P.S. ഷാർലറ്റിനെ തിരിച്ചുകൊണ്ടുവരുന്നതിന് എന്തും ചെയ്യുവാൻ ഞാൻ തയ്യാറാണ്."

ബിയാട്രിസിന്റെ കത്തിനെക്കുറിച്ച് മേരിയുടെ പ്രതികരണം ആരാഞ്ഞു. മേരിയുടെ ചിന്ത എഴുത്തിന്റെ അവസാന വാക്കുകളിലാണ് പതിഞ്ഞത്. ഷാർലറ്റിനെ തിരിച്ചു കൊണ്ടുവരിക എന്നത് അസ്സാദ്ധ്യം. എന്നാൽ ബിയാട്രിസിന്റെ എഴുത്ത് ലഭിച്ചതു കൊണ്ട് അവളെക്കുറിച്ച് വളരെ കൂടുതൽ സംഗതികൾ മനസ്സിലാക്കുവാൻ സാധിച്ചു. ബിയാട്രിസ് മനുഷ്യജീവിയാണ്, യൗവ്വനയുക്തയും വികാരഭരിതയുമാണ്.

ഷാർലറ്റിന്റെ മരണത്തെച്ചൊല്ലി ഞങ്ങളുടെ കുടുംബാംഗങ്ങൾ പല തട്ടിലാണ്. മേരിയുടെ പുത്രനായ ഡയോൺ (Dion) ക്ഷമയെക്കുറിച്ച് ചിന്തിച്ചിട്ടുപോലുമില്ല. മേരിയുടെ ഭർത്താവ് പോൾ (Paul) ക്ഷമകാട്ടുവാനാണ് തീരുമാനമെടുത്തത്.

"ഞാൻ ചെയ്തത് ഭോഷത്വമാണ് എന്നാണ് എന്റെ ചാർച്ചക്കാർ ചിന്തിക്കുന്നത്. അത് തുറന്ന് പറയണമെന്ന് ആഗ്രഹിക്കുന്നുവെങ്കിലും എന്റെ വികാരങ്ങളെ വേദനിപ്പിക്കുമെന്ന് കരുതി അവർ അത് ചെയ്യുന്നില്ല. ഒരു പക്ഷെ മുഖത്തു നോക്കി അവർ ഏറെ വിമർശിക്കുകയില്ലായിരിക്കും. അവരുടെ ചിന്തകളെ ക്രോഡീകരിക്കുവാനും ശ്രമിക്കുകയില്ലായിരിക്കാം. പക്ഷെ എന്നോടുള്ള ചോദ്യങ്ങൾ എനിക്ക് ശ്രവിക്കുവാൻ സാധിക്കും. ഈ വിമർശനങ്ങൾ എന്നെ നിരുത്സാഹപ്പെടുത്തുകയില്ല. ദൈവത്തിന് എന്നെക്കുറിച്ച് ഒരു ഉദ്ദേശം ഉണ്ട് എന്ന ചിന്ത രാവിലെ ഉണരുമ്പോൾ വരുന്നതാണ് എന്റെ ജീവിതത്തിന്റെ പ്രേരകാശക്തി. ഞാൻ കടന്നുപോയ കഷ്ടതകൾ വളരെയാണെങ്കിലും എന്റെ ഈ വേദനകൾ ദൈവനാമ മഹത്വത്തിന് ഉപയോഗിക്കപ്പെടും എന്ന് എനിക്ക് ഉറച്ചവിശ്വാസം ഉണ്ട്. എന്റെ കഥ ശ്രവിക്കുമ്പോൾ പലരുടെയും ജീവിതത്തിൽ അത് ഉത്തമ പ്രചോദനം നൽകും എന്നതിൽ ഞാൻ അതീവ കൃതാർത്ഥതയാണ്.

അധ്യായം – 6

# ദയാപ്രവർത്തികൾ

*നീതിയ്ക്കു വേണ്ടിയാണ് പ്രാർത്ഥനയെങ്കിൽ ആ പരിശ്രമത്തിൽ നാം രക്ഷനേടുന്നില്ല. എന്നാൽ ദയയ്ക്കു വേണ്ടി പ്രാർത്ഥിക്കുക. ആ പ്രാർത്ഥനയിൽ കൂടി ദയാപ്രവർത്തികൾ എന്താണെന്ന് നാം മനസ്സിലാക്കും.*

WILLIAM SHAKESPEARE

'Too late the Phalarope' എന്ന നോവലിൽ അതിന്റെ ഗ്രന്ഥകർത്താവായ അലൻ പേറ്റൺ (Alan Paten) സമൂഹത്തിൽ വെറുക്കപ്പെട്ട പാപം ആയ വ്യഭിചാര വൃത്തി നടത്തിയ ഒരു മാന്യനെക്കുറിച്ചു വിവരിക്കുന്നു. അതു പുറത്തായ അവസരം അയാളുടെ കുടുംബം അയാൾക്ക് ഭ്രഷ്ടു കല്പിച്ചു. അയാളുടെ സ്നേഹിതർ അയാളെ കൈവിട്ടു. ബന്ധുക്കൾ അയാളെ വെറുത്തു. അപമാന ഭാരത്താൽ പിതാവ് മരണമടഞ്ഞു. എന്നാൽ ഈ വാർത്തയിൽ മനസ്സുനൊന്ത ഒരാൾ ഇപ്രകാരം പറഞ്ഞു. "ഒരു കുറ്റവാളിയെ ശിക്ഷിക്കാം. എന്നാൽ വീണ്ടെടുക്കാതെ ശിക്ഷിക്കുന്നതാണ് ഏറ്റവും വലിയ തെറ്റ്. ശിക്ഷിക്കുവാനുള്ള ദൈവ ചുമതല ഒരുവൻ ഏറ്റെടുക്കുന്നു എങ്കിൽ ദൈവീക വാഗ്ദാനമായ വീണ്ടെടുപ്പു നൽകുവാനും തയ്യാറാവണം."

ക്ഷമ എന്നത് മനുഷ്യജീവിതത്തിൽ വൈഷമ്യമുളവാക്കുന്ന നിഗൂഢമായ വൈരുദ്ധ്യമാണ് എങ്കിലും അത് നിവർത്തിക്കപ്പെടേണ്ട ഒരു ക്രൈസ്തവ ഗുണമാണ്. എന്നാൽ നമ്മിൽ പലർക്കും അത് വൈഷമ്യമുളവാക്കുന്നു. ഒരു ചെറിയ ക്ഷതം പോലും മറന്ന് അനുരഞ്ജനത്തിന്റെ പാത സ്വീകരിക്കുവാൻ വൈമനസ്യം പ്രദർശിപ്പിക്കുന്നു. ഇതുപോലെയുള്ള എതിർപ്പുകളെയും വിദ്വേഷങ്ങളെയും പൂർണ്ണമായി മറന്ന് പകയ്ക്കു പകരം ശത്രുവിനെ സ്നേഹത്തോടു കൂടി ആശ്ലേഷിക്കുവാൻ ആണ് ക്രിസ്തീയ മതം ആവശ്യപ്പെടുന്നത്.

## ക്രിസ് കാരിയർ (Chris Carrier)

വെറും പത്തുവയസ്സുമാത്രം പ്രായമുള്ളപ്പോൾ ഒരു പഴയ കുടംബ സേവകൻ ക്രിസ് കാരിയറിനെ (Chris carrier) പിടിച്ചുകൊണ്ടു പോയി





ഉപദ്രവിച്ച് വെടിയുണ്ടയാൽ തലയിൽ മുറിവേല്പിച്ച് ഫ്ളോറിഡായിലെ കാടുകളിൽ ഉപേക്ഷിക്കുകയുണ്ടായി. സ്വന്തം അനുഭവം ക്രിസ് വിവരിക്കുന്നു.

"1974 ഡിസംബർ 20-ാം തീയതി – ക്രിസ്തുമസ്സിനു മുൻപുള്ള അവസാന ദിവസം ഞാൻ സ്കൂളിൽ നിന്ന് ഭവനത്തിലേക്ക് പതിവിലും നേരത്ത് തന്നെ മടങ്ങി. ഒരുമണിക്കുള്ള ബസ്സിൽ കയറി ഭവനത്തിനു സമീപമുള്ള ബസ്സ് സ്റ്റോപ്പിൽ ഇറങ്ങി വീട്ടീലേക്ക് നടന്നു. ആ സമയം പ്രായമുള്ള ഒരു മനുഷ്യൻ എന്റെ സമീപം വന്നു. സ്വഭവനത്തിൽ നിന്ന് രണ്ട് വീടുകൾ അപ്പുറത്തായിരുന്നു ഞങ്ങൾ നിന്നിരുന്നത്. എന്റെ പിതാവിന്റെ സ്നേഹിതനാണ് എന്ന രീതിയിൽ അയാൾ സ്വയം പരിചയപ്പെടുത്തി. എന്റെ പിതാവിനു വേണ്ടി അയാൾ ഒരു പാർട്ടി സംഘടിപ്പിക്കുന്നതിൽ അലങ്കരിക്കുന്നതിന് സഹായിക്കാൻ അയാൾ എന്നോടു ആവശ്യപ്പെട്ടു.

അതിന് ഞാൻ സമ്മതിച്ച് അയാളോടൊപ്പം അടുത്തുള്ള യൂത്ത് സെന്ററിലേക്ക് നടന്നു. അതിന്റെ കാർ പാർക്കിൽ അയാളുടെ കാരവാനിൽ ഞങ്ങൾ രണ്ടുപേരും കയറി. ഞാൻ എന്റെ സാധനങ്ങൾ പുറകിൽവെച്ച് സീറ്റിൽ ഇരുന്നു.

മയാമിയിൽ എനിക്ക് പരിചയമുണ്ടായിരുന്ന സ്ഥലങ്ങളിൽ നിന്നും ഞങ്ങളുടെ കാരവാൻ ഓടി മറഞ്ഞു. അധികം താമസിയാതെ നഗരത്തിന്റെ പ്രാന്തപ്രദേശങ്ങളിലെ വിജനമായ ഒരു സ്ഥലത്ത് ആ വാൻ വഴിയരികിൽ നിർത്തി. വഴി തെറ്റി എന്നു പറഞ്ഞു വഴികൾ അടയാളപ്പെടുത്തുന്ന മാപ്പ് എന്റെ കയ്യിൽ എടുത്തു തന്ന് ഒരു പ്രത്യേക നമ്പർ തിരഞ്ഞു കണ്ടുപിടിക്കുവാൻ എന്നോടു ആവശ്യപ്പെട്ടതിനുശേഷം എന്തോ എടുക്കുവാനെന്നുള്ള ഭാവേന അയാൾ വാനിന്റെ പുറകുവശത്തേക്കു നടന്നു.

അയാൾ തന്ന ഭൂപടം ഞാൻ പഠിക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്ന സമയത്ത് എന്റെ തോളിൽ എന്തോ കുത്തുന്നതായി അനുഭവപ്പെട്ടു. ഉടൻ തന്നെ വേറൊരു കുത്ത്. ഞാൻ തിരിഞ്ഞു നോക്കിയപ്പോൾ ഒരു 'ഐസ് പിക്ക്' കൊണ്ട് ആവർത്തിച്ച് എന്റെ പുറത്ത് ശക്തിയായി കുത്തുന്നതായി ഞാൻ മനസ്സിലാക്കി. അതിനുശേഷം അയാൾ ആ വാനിൽ നിന്ന് എന്നെ പുറത്തേക്ക് വലിച്ചിട്ടു. വഴിയരികിൽ താഴെ വീണുകിടന്ന എന്റെ നെഞ്ചിന്റെ ഭാഗത്ത് വീണ്ടും അയാൾ ഐസ്

പിക്ക് കൊണ്ട് പലതവണ കുത്തി മുറിവേല്പിച്ചു. അയാളുടെ ഈ പീഢനം നിർത്തുവാൻ ഞാൻ കേണപേക്ഷിച്ചു. എന്നെ പോകുവാൻ അനുവദിക്കുകയാണെങ്കിൽ ഈ സംഭവത്തെക്കുറിച്ച് ആരോടും പറയുകയില്ല എന്ന് ഞാൻ അയാൾക്ക് വാഗ്ദാനവും ചെയ്തു.

പീഢനം നിർത്തി അയാൾ എഴുന്നേറ്റ് നിവർന്ന് നിൽക്കുന്നത് കണ്ടപ്പോൾ എനിക്ക് ആശ്വാസമായി. എന്നെ സൗകര്യമുള്ള ഒരു സ്ഥലത്ത് ഇറക്കി. ഞാൻ എവിടെയാണ് എന്ന വാസ്തവം പിതാവിനെ വിളിച്ചു പറയാമെന്ന് പറഞ്ഞ് അയാൾ എന്നെ സമാധാനിപ്പിച്ചു. വാൻ ഓടിച്ചു മുന്നോടുപോയ അവസരം വാനിന്റെ പിൻസീറ്റിൽ കിടക്കുവാൻ അയാൾ എന്നെ അനുവദിച്ചു. എനിക്ക് യാതൊന്നും ചെയ്യുവവാൻ സാദ്ധ്യമല്ല എന്ന എന്റെ നിസ്സഹായവസ്ഥ, ശാരീരിക വേദനയോടൊപ്പം എന്നെ അസ്വസ്ഥനാക്കി. എന്തുകൊണ്ടാണ് അയാൾ എന്നോട് നിഷ്ഠൂരമായി വർത്തിച്ചത് എന്ന് ചോദിച്ചപ്പോൾ അയാൾ പ്രതിവചിച്ചു. "നിന്റെ പിതാവ് എനിക്ക് വളരെയധികം ധനനഷ്ടം വരുത്തി. അതിന്റെ പ്രതികാരമാണ് ഞാൻ നിന്നോട് ചെയ്യുന്നത്."

ഒരു മണിക്കൂറോളം വാഹനം ഓടിച്ചു കഴിഞ്ഞതിനുശേഷം വിജനമായ ഒരു ഇടവഴിയിലേക്ക് അയാൾ തിരിഞ്ഞു. ഒരു കാട്ടുപ്രദേശത്ത് അയാൾ എന്നെ ഇറക്കി. എന്റെ പിതാവ് എന്നെ കൊണ്ടുപോകുവാൻ അവിടെ വരുമെന്നു പറഞ്ഞു. അതിനുശേഷം കാടുകളുടെ ഉള്ളിലേക്ക് എന്നെ കൊണ്ടുപോയി. അവിടെ ഒരു സ്ഥലത്ത് ഇരുത്തി. അയാൾ അവിടെനിന്ന് പോകുന്നതായി ഞാൻ കണ്ടു. അതാണ് എന്റെ ഓർമ്മയിൽ നിറഞ്ഞു നിൽക്കുന്ന ചിത്രം."

ആറു ദിവസം കഴിഞ്ഞതിനുശേഷം 26-ാം തീയതി മാനിനെ വെടിവയ്ക്കുന്നതിനുവന്ന ഒരു വേട്ടക്കാരൻ അബോധാവസ്ഥയിൽ കിടന്ന ക്രിസ്സിനെ കണ്ടു. അവന്റെ തലയിൽ മുറിവുകൾ ഉണ്ടായിരുന്നു. കണ്ണുകൾ കലങ്ങി ചുറ്റും നീലച്ചിരുന്നു. അവന്റെ തലയിൽ ഒരു വെടിയേറ്റിരുന്നു എങ്കിലും അത്ഭുതകരമായി അത് തലച്ചോറിനെ സ്പർശിച്ചില്ല. പക്ഷെ വെടിയേറ്റതിനെക്കുറിച്ച് അവന് ഓർമ്മ ഇല്ലായിരുന്നു.

തന്നെ കൊണ്ടുപോയി ഉപദ്രവിച്ച ആ ഭീകരൻ വീണ്ടും വരും എന്ന ഭയത്തിൽ ക്രിസ്സ് ജീവിച്ചു. "ഞാൻ സഞ്ചരിച്ച സ്ഥലങ്ങളിലെല്ലാം തന്നെ, മുക്കിലും മൂലയിലും എന്നെ പീഢിപ്പിച്ചവൻ എന്നെ പിന്തുടരുന്നു എന്ന ഭയം എന്നിൽ നിലനിന്നു. എല്ലാ വിധ ചലനങ്ങളും, ശബ്ദങ്ങളും എന്നെ ഭയപ്പെടുത്തി. അത് ഏതെങ്കിലും മൃഗമാണോ





അതോ കാറ്റിന്റെ ചലനമാണോ എന്ന് ഞാൻ ചിന്തിച്ചു. അടുത്ത മുറിയിലെ ഞരക്കം എന്താണ്? വാതിലിനു പുറകിൽ ആരെങ്കിലും ഒളിച്ചിരിക്കുന്നുവോ? എന്നെല്ലാം ഞാൻ സന്ദേഹിച്ചു. മൂന്നു വർഷക്കാലത്തോളം മാതാപിതാക്കളുടെ കിടയ്ക്കക്ക് സമീപം ഉള്ള ഒരു കിടക്കയിൽ ആണ് ഞാൻ ഉറങ്ങിയത്."

ദേഹോപദ്രവങ്ങളുടെ വേദനയും ക്രിസ്സിനെ അലട്ടിയിരുന്നു. ക്രിസ്സിന്റെ ഒരു കണ്ണു നഷ്ടപ്പെട്ടിരുന്നു എന്നു മാത്രമല്ല കളികളിൽ പങ്കുകൊള്ളുന്നതും അസ്സാദ്ധ്യമായിരുന്നു. എല്ലാ യുവാക്കളെയും പോലെ തന്നെ തന്റെ ആകാരത്തെ ചൊല്ലിയും ക്രിസ്സു പരിഭ്രാന്തി പൂണ്ടു.

തന്നെക്കുറിച്ചും താൻ എത്ര അത്ഭുതകരമായി രക്ഷപ്പെട്ടു എന്നതിനെക്കുറിച്ചും പൊതുജനം സംസാരിക്കുന്നതു പോലും ക്രിസ്സിന് അസ്സഹ്യമായിതോന്നി. പതിമൂന്നു വയസ്സ് ആയപ്പോൾ തന്റെ അത്യാഹിതത്തെക്കുറിച്ച് അവന് ഒരു പുതിയ കാഴ്ചപ്പാട് ഉണ്ടായി. തന്റെ മുറിവുകൾ ഇതിനെക്കാൾ വലുതാകുമായിരുന്നു. ഒരു പക്ഷെ അവ മരണകാരണമാകുമായിരുന്നു എന്ന് അവൻ ചിന്തിക്കുവാൻ തുടങ്ങി. കോപാകുലനും ദുഃഖിതനും ആയിരിക്കുന്നതുകൊണ്ട് ഒന്നും തന്നെ നേടുവാൻ സാദ്ധ്യമല്ല എന്നും അവൻ മനസ്സിലാക്കി. സ്വയം പരിതപിക്കുന്നത് നിർത്തുവാൻ അവൻ തുനിഞ്ഞു. അതിന് പകരമായി ജീവിതയാത്ര വിജയകരമായി തുടരുവാൻ അവൻ തീരുമാനിച്ചു.

1996 സെപ്റ്റംബർ മാസം മൂന്നാം തീയതി ക്രിസ്സിന് ലഭിച്ച ഒരു ഫോൺ കോൾ സന്ദേശം അവന്റെ ജീവിതത്തിന് കാര്യമായ വ്യതിയാനം ഉളവാക്കി. (Coral Gables Police Department) കോറൽ ഗാബിൾസ് പോലീസ് സേനയിലെ ഒരു ഡിക്ടറ്റീവ് ആണ് ആ ഫോണിൽ വിളിച്ചത്. അടുത്തുള്ള ഒരു ആശുപത്രിയിൽ കിടന്ന ഡേവിഡ് മക്കാലിസ്റ്റർ (David Mc Allister) എന്ന മദ്ധ്യവയസ്കനാണ് ക്രിസ്സിനെ പിടിച്ചുകൊണ്ട് പോയത് എന്ന വിവരമായിരുന്നു അത്. ഈ കുറ്റകൃത്യത്തിന് സാക്ഷികൾ ആരുമില്ലായിരുന്നു. എന്നാൽ മക്കാലിസ്റ്റർ (Mc Allister) കുറ്റസമ്മതം നടത്തി. ക്രിസ്സിന്റെ കുടുംബത്തിലെ വൃദ്ധനായ ഒരു അങ്കിളിന്റെ പരിചാരകനായി ഡേവിഡ് സേവനം നടത്തിയിരുന്നു. എന്നാൽ ഡേവിഡിന്റെ മദ്യാപാനാസക്തിമൂലം ആ ജോലിയിൽ നിന്നും അയാളെ പിരിച്ചുവിട്ടു. അതിന്റെ പകരം വീട്ടലിനു ബലിയാടായത് ക്രിസ്സ് ആയിരുന്നു. പിറ്റെ ദിവസം ക്രിസ്സ് ഡേവിഡിനെ കാണുവാനായി ചെന്നു.

"വളരെയധികം വിഷമിച്ചാണ് ഞാൻ ആ മുറിയിലേക്ക് കടന്നു ചെന്നത്. പക്ഷെ അയാളെ കണ്ടമാത്രയിൽ എന്റെ ഹൃദയം അനുകമ്പാപൂരിതമായി. എന്നെ അപഹരിച്ചു കൊണ്ടുപോയി ഉപദ്രവിച്ച വ്യക്തിയായ, ഒരു ഭീകരനിൽ നിന്നും വ്യത്യസ്ഥനായി അനുകമ്പ അർഹിക്കുന്ന, എഴുപത്തി ഏഴുവയസ്സ് പ്രായവും ആറ് വർഷമായി അന്ധനായി കഷ്ടപ്പെടുന്നവനായ ഒരു വയോധികനെയാണ് ഞാൻ അവിടെ ദർശിച്ചത്.

മദ്യപാനം, പുകവലി എന്നിവ മൂലം ഡേവിഡ് ശോഷിച്ച് വെറും അറുപതു പൗണ്ട് മാത്രം ഭാരമുള്ളവനായി തീർന്നിരുന്നു. അയാൾക്ക് കുടുംബമോ മറ്റു ബന്ധുക്കളോ ഇല്ലായിരുന്നു. ഉണ്ടായിരുന്നുവെങ്കിൽ തന്നെ അവർ അയാളെ വെറുത്തിരുന്നു. തന്റെ അടുത്തുള്ള സ്കൂളിലെ ചില കുട്ടികൾ വരച്ച ചിത്രങ്ങൾ മാത്രമായിരുന്നു അയാളുടെ ആകെ സമ്പാദ്യം. ഡേവിഡിന്റെ മുറിയിൽ ഉണ്ടായിരുന്ന അപരൻ ഡേവിഡുമായി സംസാരിച്ചില്ല. മരണത്തെ മുന്നിൽ കണ്ട് പഴയ കാലത്തെ പാപപ്രവർത്തികൾ മാത്രം തുണയ്ക്കായി ഉള്ള ഒരു വ്യക്തിയായിരുന്നു അയാൾ.

ഞാൻ ഡേവിഡിനോടു സംസാരിക്കുവാൻ തുടങ്ങിയപ്പോൾ അയാൾ ഭയാകുലനായി. ഒരു പക്ഷെ ഞാൻ ഒരു പോലീസ് ഉദ്യോഗസ്ഥൻ ആണ് എന്ന് അയാൾ ചിന്തിച്ചുകാണും. എന്റെ കൂടെ വന്ന ഒരു സ്നേഹിതൻ ബുദ്ധിപൂർവമായ ചില ചോദ്യങ്ങൾ ചോദിച്ചു. എന്നെ തട്ടിക്കൊണ്ടുപോയ സംഭവത്തിലേക്ക് അയാളുടെ ശ്രദ്ധ തിരിച്ചു. അതിനുശേഷം ആ സ്നേഹിതൻ അയാളോടു ചോദിച്ചു ആ കുട്ടിയോട് ക്ഷമ യാചിക്കണം എന്ന ആഗ്രഹം എന്തെങ്കിലും തോന്നിയിട്ടുണ്ടോ? 'തീർച്ചയായും ആ ആഗ്രഹം എനിക്ക് ഉണ്ട്' എന്ന് ഡേവിഡ് തറപ്പിച്ച് പറഞ്ഞു. ആ സമയം എന്നെത്തന്നെ ഞാൻ ഡേവിഡിന് പരിചയപ്പെടുത്തി.

അപ്പോൾ ഡേവിഡ് എന്റെ കൈകളിൽ മുറുകെപ്പിടിച്ച് ആ അനിഷ്ടസംഭവത്തെക്കുറിച്ച് തന്റെ അഗാധ ഖേദം പ്രകടിപ്പിച്ചു. ആ സമയം ഞാൻ അയാളെ ആർദ്രതയോടെ നോക്കി ഇപ്രകാരം ചിന്തിച്ചു. കുടുംബവും സ്നേഹിതരും ജീവിതത്തിന്റെ സന്തോഷവും, പ്രത്യാശയും ഇല്ലാത്ത ഒരാൾക്ക് മരണത്തെ എങ്ങിനെ നേരിടുവാൻ സാദ്ധ്യമാകും? അയാൾക്ക് ക്ഷമയും, സ്നേഹവും നൽകുക എന്നതിലുപരിയായി എനിക്ക് ഒന്നും തന്നെ ചെയ്യുവാൻ സാദ്ധ്യമല്ല."





നാടകീയമായ ഈ സന്ദർശനത്തിന്നുശേഷം ക്രിസ്സ് പലതവണ ഡേവിഡിനെ സന്ദർശിക്കുകയുണ്ടായി. ആ സമയം തന്റെ ഭാര്യ ലിസ്സ് അവരുടെ രണ്ടുപെൺമക്കൾ ഇവരെയും കൂടെ കൊണ്ടുപോകും. ആ പുരുഷന്മാർ ഒരുമിച്ച് സംസാരിച്ചു എന്ന മാത്രമല്ല വായനയുടെ പ്രാർത്ഥനയ്ക്കും സമയം ചെലവഴിച്ചു. കാലക്രമത്തിൽ ആ വൃദ്ധന്റെ ഹൃദയകാഠിന്യം അലിഞ്ഞു.

"ആ ആഴ്ചമുതൽ ഞാൻ എന്റെ അത്ഭുതകരമായ രക്ഷപെടലിനെക്കുറിച്ചും അതിനുശേഷം ഞാൻ എപ്രകാരം പഠിച്ചു പരീക്ഷകൾ പാസ്സായി എന്നതിനെക്കുറിച്ചും അയാളോടു പറഞ്ഞു. എന്റെ വിവാഹത്തെക്കുറിച്ചും കുടുംബത്തെക്കുറിച്ചും ഞാൻ സംസാരിച്ചു. വേദപുസ്തകത്തിൽ ജോസഫ് തന്റെ സഹോദരന്മാരെ അവരുടെ ജീവിതത്തെക്കുറിച്ച് മനസ്സിലാക്കുവാൻ സഹായിച്ചതുപോലെ ആ മനുഷ്യനോടു പെരുമാറുവാൻ ഞാൻ ശ്രമിച്ചു. 'നിങ്ങൾ എനിക്കെതിരെ ദോഷം വിചാരിച്ചു.' ദൈവമോ, ഇന്നുള്ളതുപോലെ അനേകം ജനത്തിന് ജീവരക്ഷ വരുത്തേണ്ടതിന് അതിനെ ഗുണമാക്കിത്തീർത്തു." അയാൾ എന്റെ ജീവിതത്തെ നശിപ്പിച്ചില്ല. തങ്ങൾ തമ്മിൽ യാതൊരു വൈരാഗ്യത്തിനും സ്ഥാനമില്ല് എന്നത് അയാളെ മനസ്സിലാക്കുവാൻ ഞാൻ ശ്രമം നടത്തി."

മൂന്ന് ആഴ്ചകൾക്ക് ശേഷം ഒരു ദിവസം ക്രിസ്സ് തന്റെ സ്നേഹിതൻ ഡേവിഡിനെ കിടക്കയിൽ ഉറങ്ങുവാനായി കിടത്തി. താമസിയാതെ ആ രാത്രിയിൽ ഡേവിഡ് മരണമടഞ്ഞു.

ഡേവിഡിനോടു ക്ഷമിക്കുവാൻ ക്രിസ്സിന് ഒട്ടുംതന്നെ വൈഷമ്യം തോന്നിയില്ല. എന്നാൽ ഇത് പത്രങ്ങളിൽ റിപ്പോർട്ട് ചെയ്യുവാൻ ആഗതരായ ലേഖകർക്ക് മനസ്സിലാക്കുവാൻ വിഷമം തോന്നി. ക്ഷമിക്കുവാനുള്ള ക്രിസ്സിന്റെ കഴിവിനെ അവർ അഭിനന്ദിച്ചു എങ്കിലും ആയതിന്റെ ചേതോവികാരം മനസ്സിലാക്കുന്നതിൽ അവർ പരാജയമടഞ്ഞു. ക്ഷമയുടെ കാര്യം വരുമ്പോൾ അവർ അതിന്റെ പ്രാധാന്യത്തെ അവഗണിക്കുകയും തട്ടിക്കൊണ്ടുപോകലിന് അവർ അമിതപ്രാധാന്യം നൽകുകയും ചെയ്തു എന്ന് ക്രിസ്സ് പറയുന്നു. എന്നാൽ എന്തുകൊണ്ട് താൻ ഡേവിഡിനോടു ക്ഷമിച്ചു എന്നതിനെക്കുറിച്ച് ക്രിസ്സിന് ബോധ്യം ഉണ്ടായിരുന്നു.

"ക്ഷമ എന്നതിന് വളരെ പ്രായോഗികമായ ഒരു കാരണമുണ്ട്. നമ്മെ വേദനിപ്പിക്കുന്നവരോട് രണ്ടു തലത്തിലുള്ള പ്രതികരണങ്ങളുടെ സാദ്ധ്യതകളാണ് മുന്നിൽ നിൽക്കുന്നത് പ്രതികാരം, ക്ഷമ. പ്രതികാരത്തിന് ഒരുമ്പെടുകയണെങ്കിൽ നമ്മുടെ ജീവിതം കോപത്താൽ നിറയും. പ്രതികാരേഛവരുമ്പോൾ ജീവിതം ശൂന്യമാകും. കോപം എന്ന വികാരം തണുപ്പിക്കുവാൻ വിഷമമാണ്.

ക്ഷമിക്കുവാൻ പ്രേരണ നൽകുന്ന മറ്റൊരു സുപ്രധാന കാരണവും ഉണ്ട്. ക്ഷമ ഒരു ദാനമാണ്, അത് കരുണയാണ്, അത് എനിക്ക് ലഭ്യമായതിനാൽ മറ്റുള്ളവർക്ക് പങ്കുവെയ്ക്കുന്നത് പ്രാധാന്യം അർഹിക്കുന്നു. രണ്ടുതരത്തിലും അവ പരിപൂർണ്ണമാണ്, സംതൃപ്തവുമാണ്."

## കാർലാ ഫേയ് റ്റക്കർ (Karla Faye Tucker)

കോടാലി കൊലയാളി (pick - axe murderer) എന്ന അപരനാമത്താൽ അറിയപ്പെട്ടിരുന്ന കാർള ഫേയ് റ്റക്കർ 1998 ഫെബ്രുവരി മൂന്നാം തിയതി മരണശിക്ഷയ്ക്ക് വിധിക്കപ്പെട്ടതിനാൽ മരണമടഞ്ഞു. അവൾ ജയിൽ വാസമനുഭവിച്ച് ശിക്ഷാവിധി നേരിട്ട ജയിലിന്റെ മുമ്പിൽ ഒരു കൂട്ടം ആളുകൾ-മരണശിക്ഷയെ എതിർക്കുന്നവർ - മെഴുകുതിരി കത്തിച്ചു. എന്നാൽ അതിനേക്കാൾ വളരെ കൂടുതൽ ജനം അതേ ജയിലിന്റെ പുറത്തുനിന്ന് അവളുടെ വധശിക്ഷ ശരിവെച്ച് ആർത്തു വിളിച്ചു. ഒരു മനുഷ്യൻ വഹിച്ച ഒരു പ്ലാക്കാർഡിൽ ഇപ്രകാരം രേഖപ്പെടുത്തിയിരുന്നു. "സ്വർഗ്ഗം നിന്നെ രക്ഷിക്കട്ടെ... നരകത്തിനാണു ഞങ്ങൾ നിന്നെ സഹായിക്കുകയില്ല".

എന്നാൽ ജയിലിനുള്ളിൽ റോൺ കാർബൺ (Ron Carbon) എന്ന വ്യക്തി കാർലായ്ക്ക് വേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരുന്നു. Karla യാൽ വധിക്കപ്പെട്ടവരുടെ ബന്ധുക്കൾക്ക് കാർല ശിക്ഷിക്കപ്പെടുന്നത് ദർശിക്കുന്നതിന് വേണ്ടി തയ്യാറാക്കപ്പെട്ട മുറിയിലല്ല പ്രത്യുത വധശിക്ഷയ്ക്കു വിധിക്കപ്പെട്ടവരുടെ ബന്ധുക്കൾക്കുവേണ്ടിയുള്ള മുറിയിലാണ് റോൺ തനിച്ചിരുന്ന് പ്രാർത്ഥിച്ചത്.

രണ്ടുവർഷം മുമ്പുമാത്രമാണ് വെറുപ്പിൽനിന്നും വിദ്വേഷത്തിൽ നിന്നും അനുരഞ്ജനത്തിന്റെയും സ്നേഹത്തിന്റെയും തലത്തിലേക്കുള്ള തീർത്ഥയാത്രാ വിവരണം റോണിൽ നിന്ന് ഞാൻ ശ്രവിച്ചത്. എന്നാൽ അവ ഇന്നലെയെന്നവണ്ണം എന്റെ കർണ്ണങ്ങളിൽ പതിഞ്ഞു നിൽക്കുന്നു.





"1983 ജൂലൈമാസം 13-ാം തീയതി പകലത്തെ കഠിനാദ്ധ്വാനത്തിനു കഴിഞ്ഞ് ഭവനത്തിൽ അഞ്ചുമണിയോടു കൂടിവന്നെത്തി. ഉടൻ തന്നെ എന്റെ ഫോൺ മണിമുഴങ്ങി. എന്റെ പിതാവ് ഫോണിൽ ഇപ്രകാരം പറഞ്ഞു. "റോണീ നീ കടയിലേക്ക് ഉടൻ തന്നെ വരിക. നിന്റെ സഹോദരിയെ ആരോ കുലപ്പെടുത്തി എന്ന് വിചാരിക്കുന്നു. എനിക്കത് വിശ്വസിപ്പാൻ കഴിഞ്ഞില്ല. ഞാൻ നിലത്ത് ഇരുന്നുപോയി. ഒരു അപ്പാർട്ട്മെന്റിൽ നിന്ന് അവളെ എടുത്തു കൊണ്ട് പോകുന്നത് ടി.വി. യിൽ കണ്ടിട്ടും അത് വിശ്വസിപ്പാൻ എനിക്ക് കഴിഞ്ഞില്ല.

എന്നെ വളർത്തിയ എന്റെ ഏക സഹോദരി ആയിരുന്നു ദെബോറ (Deborah). എന്റെ ചെറുപ്രായത്തിൽ തന്നെ എന്റെ മാതാപിതാക്കൾ തമ്മിലുള്ള ബന്ധം വേർപെടുത്തിയിരുന്നു. എനിക്ക് ആറുവയസ്സായപ്പോൾ എന്റെ അമ്മ മരണമടഞ്ഞു. എനിക്ക് മറ്റു സഹോദരീ സഹോദരന്മാർ ഇല്ലായിരുന്നു. ആകെയുണ്ടായിരുന്നത് ഒരു സഹോദരി - ദെബോറ മാത്രം. അതുകൊണ്ട് ദെബോറ എനിയ്ക്ക് ഏറ്റവും വിലപ്പെട്ട വ്യക്തി ആയിരുന്നു.

എനിക്ക് ധരിക്കുവാനുള്ള വസ്ത്രങ്ങൾ അവളാണ് എനിയ്ക്ക് നൽകിയിരുന്നത്. എനിക്കുള്ള ഭക്ഷണവും അവൾ തയ്യാറാക്കിയിരുന്നു. എന്റെ ഗൃഹപാഠങ്ങൾ ചെയ്യുന്നതിന് അവൾ എന്നെ സഹായിച്ചു എന്നു മാത്രമല്ല ഞാൻ തെറ്റു ചെയ്യുമ്പോൾ അവൾ എന്നെ ശിക്ഷിക്കുകയും ചെയ്തു. യഥാർത്ഥത്തിൽ ദെബോറ എനിക്ക് മാതാവായിരുന്നു.

എന്നാൽ ഇപ്പോൾ എന്റെ പ്രിയപ്പെട്ട സഹോദരി ദെബോറ മരണമടഞ്ഞിരിക്കുന്നു. അവളുടെ ദേഹം മുഴുവൻ Pick axe കൊണ്ട് (മഴു പോലെ ഒരു ആയുധം) മുറിവേറ്റിരിക്കുന്നു. മുറിവുകൾ വരുത്തിയ pick axe അവളുടെ ഹൃദയത്തിൽ തന്നെ തറച്ചിരിക്കുന്നു. ദെബോറയ്ക്കു ശത്രുക്കൾ ആരും തന്നെ ഉണ്ടായിരുന്നില്ല. തെറ്റായ സ്ഥലത്ത് വന്നു പോയി എന്നു മാത്രം. അവൾ താമസിച്ചിരുന്ന സ്ഥലത്ത് മോട്ടോർ സൈക്കളിന്റെ ഭാഗങ്ങൾ (spare parts) മോഷ്ടിക്കുവാനാണ് കൊലയാളികൾ എത്തിയത്. ദെബോറയുടെ പ്രതിശ്രുത വരനായിരുന്ന Jerry Dean എന്ന യുവാവ് അവരെ കണ്ടു. അവർ അയാളെ മഴുകൊണ്ട് വെട്ടി കൊലപ്പെടുത്തി. അവർ മയക്കുമരുന്നുകൾക്ക് അടിമപ്പെട്ടിരുന്നു. അപ്പോൾ ദെബോറയെ കാണുകയും തുടർന്ന് അവളെ കൊലപ്പെടുത്തുകയും ചെയ്തു."

ഈ സംഭവം നടന്ന ഹ്യൂസ്റ്റൺ (Houston) നഗരത്തിൽ ബഹളമായി. കൊലയുടെ വിവരണങ്ങൾ മാധ്യമങ്ങളിൽ വൻവാർത്തയായി വന്നു. തുടർന്നു നഗരം മുഴുവനും ഭയത്തിൽ ജീവിച്ചു. കുറെ ആഴ്ചകൾക്കു ശേഷം ഈ കുല ചെയ്ത മയക്കുമരുന്നുകൾക്ക് അധീനരായ Karla Faye Tucker, Daniel Royan Garett (കാർല ഫെയ് റ്റക്കർ, ഡാനിയേൽ റോയൺ ഗാരറ്റ്) എന്നിവരെ അവരുടെ ബന്ധുക്കൾ തന്നെ പോലീസിൽ ഏല്പിച്ചു. കോടതിയിലെ വിസ്താരം കഴിഞ്ഞതിനുശേഷം രണ്ടുപേരും മരണശിക്ഷയ്ക്ക് വിധിക്കപ്പെട്ടു. മാരകമായ മരുന്നുകൾ കുത്തിവെച്ചാണ് മരണശിക്ഷനടപ്പാക്കേണ്ടിയിരുന്നത്. ഡാനിയിൽ പിന്നീട് ജയിലിൽ മരണമടഞ്ഞു. എന്നിട്ടും റോണിന് മനസ്സമാധാനമുണ്ടായില്ല.

“അവർ പിടിക്കപ്പെട്ടപ്പോൾ ഞാൻ സന്തോഷിച്ചു എങ്കിലും എനിക്കു തന്നെ അവരെ വധിക്കണമെന്ന ആഗ്രഹം എന്നിൽ ഉളവായി. എന്റെ ഹൃദയം വിദ്വേഷത്താൽ നിറഞ്ഞു. പകരം വീട്ടണമെന്നതായിരുന്നു എന്റെ ആഗ്രഹം. അതേ മഴു കാർളായുടെ ഹൃദയത്തിൽ കുത്തി ഇറക്കണമെന്നു ഞാൻ ആഗ്രഹിച്ചു. എന്റെ സഹോദരിയോട് അവർ അതായിരുന്നവല്ലേ ചെയ്തത്.

തന്റെ സഹോദരിയുടെ മരണത്തിന് മുമ്പ് താൻ മദ്യപാനിയും മയക്കുമരുന്നുകൾക്ക് അടിമയും ആയിരുന്നു എന്ന് റോൺ (Ron) എന്നോടു പറഞ്ഞു. എന്നാൽ സഹോദരിയുടെ ശവസംസ്കാരത്തിനുശേഷം മദ്യത്തോടും മയക്കുമരുന്നുകളോടും ഉള്ള അവന്റെ ആസക്തി വർദ്ധിക്കുകയാണ് ഉണ്ടായത്. ഒരു വർഷത്തിനുശേഷം അവന്റെ പിതാവും വെടിയുണ്ടയാൽ വധിക്കപ്പെട്ടു.

“ഞാൻ പലപ്പോഴും മദ്യത്തിന്റെ ലഹരിയ്ക്ക് അടിമപ്പെട്ടിരുന്നു. LSD, മരിജുവാന എന്നിങ്ങനെ കിട്ടാവുന്ന മയക്കുമരുന്നുകളൊക്കെയും ഞാൻ ഉപയോഗിച്ചു. എന്റെ പ്രിയ ഭാര്യയുമായി ഞാൻ എപ്പോഴും കലഹിച്ചു കൊണ്ടിരുന്നു. ഞാൻ അത്യന്തം കോപാകുലനായിരുന്നു. ആത്മഹത്യയ്ക്ക് ഒരുങ്ങി.

എന്നാൽ ഒരു ദിവസം രാത്രി എനിക്ക് ജീവിതം സഹിക്കാനാവാതായി തോന്നി. എന്നിൽ കുടികൊണ്ടിരുന്ന വിദ്വേഷം, പക എന്നിവയെക്കുറിച്ച് എന്തെങ്കിലും ചെയ്യണമെന്ന് എനിക്ക് തോന്നി. ഈ വിദ്വേഷം വർദ്ധിക്കുമ്പോൾ സാധനങ്ങൾ നശിപ്പിക്കുക, മറ്റുള്ളവരെ





കൊല്ലുക ഇങ്ങനെയുള്ള ചിന്തകളാണ് എന്റെ മനസ്സിൽ വന്നത്. എന്റെ സഹോദരിയെയും പിതാവിനെയും വധിച്ചവരുടെ പാതകൾ പിന്തുടരുക മാത്രമാണ് ഞാൻ ചെയ്തത് എന്ന ബോധം എന്നിൽ ഉദിച്ചു. ഞാൻ വേദപുസ്തകം തുറന്നുവായിക്കുവാൻ തുടങ്ങി.

എനിക്ക് ഒന്നും മനസ്സിലായില്ല. ഞാൻ മയക്കുമരുന്നുകൾക്ക് അധീനനായിരുന്നു. മയക്കുമരുന്നിന്റെ പുകവലിച്ചുകൊണ്ടുതന്നെയാണ് ഞാൻ ദൈവവചനം വായിച്ചത്. എന്നാൽ ‘അവർ യേശുവിനെ ക്രൂശിൽ തറച്ചു’ എന്ന ഭാഗം വായിച്ചപ്പോൾ ഞാൻ ശക്തിയോടെ വേദപുസ്തകം അടച്ചു. നേരത്തെ ഒരിക്കലും മനസ്സിലാകാത്ത രീതിയിൽ ആ വാചകം എന്റെ മനസ്സിൽ തറച്ചു. എന്റെ ദൈവമേ അവർ യേശുവിനെപ്പോലും കൊന്നു.

അതിനെതുടർന്ന് ഞാൻ മുട്ടിൻമേൽ നിന്നു. ഞാൻ ആദ്യമായിട്ടാണ് അങ്ങനെ ചെയ്തത്. എന്റെ ജീവിതത്തിലേക്ക് കടന്നുവരേണമേ എന്ന് ഞാൻ ദൈവത്തോടു പ്രാർത്ഥിച്ചു. അവന്ന് ഹിതമുള്ള രീതിയിൽ ഒരു വ്യക്തിയായി എന്ന മാറ്റിത്തീർക്കേണമേ എന്നും ഞാൻ അപേക്ഷിച്ചു. എന്റെ ജീവിതത്തിന്റെ നാഥനാകേണമേ എന്ന് ഞാൻ പ്രാർത്ഥിച്ചു. യഥാർത്ഥത്തിൽ അതാണ് ആ രാത്രിയിൽ സംഭവിച്ചത്.

അതിനുശേഷം ഞാൻ തുടർന്ന് ബൈബിൾ വായിച്ചു. കർത്താവിന്റെ പ്രാർത്ഥനയിലെ ഒരു വരി ‘ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ’ – ഈ വാക്യം എന്നെ തുറിച്ചു നോക്കി. അതിന്റെ അർത്ഥം തികച്ചും വ്യക്തമായിരുന്നു. നീ ക്ഷമിക്കാതെ നിനക്ക് ക്ഷമ ലഭ്യമാകയില്ല.’ എനിക്കത് ചെയ്യുവാൻ സാദ്ധ്യമല്ല എന്ന് ഞാൻ എന്നോടു തന്നെ വാദിച്ചു. ഞാൻ അതു ചെയ്യുകയില്ല. ആ സമയം ദൈവം എന്നോടു സംസാരിക്കുന്നതായി എനിക്ക് തോന്നി.’ റോൺ നിനക്ക് തനിയെ സാദ്ധ്യമല്ല. പക്ഷെ എന്നോടൊപ്പം അത് നിനക്ക് സാദ്ധ്യമാകും.

അതിനുശേഷം ഒരിക്കൽ എന്റെ ഒരു സ്നേഹിതനോട് ഞാൻ ഫോണിൽ സംസാരിച്ചുകൊണ്ടിരുന്നു. കാർള ആ നഗരത്തിലെ ഹാരിസ് പ്രാദേശിക ജയിലിൽ (Harris Country Jail) ഉണ്ട് എന്ന് നിനക്ക് അറിയാമോ’. അയാൾ എന്നോട് ചോദിച്ചു. അവളെ കണ്ട് നിന്റെ മനസ്സിലെ വിദ്വേഷം വേണമെങ്കിൽ വെളിപ്പെടുത്തുക’. എന്റെ മനസ്സിൽ എന്താണ് ആത്മീകമായി സംഭവിച്ചത് എന്നത് എന്റെ സ്നേഹിതന് അറിവാൻ പാടില്ലായിരുന്നു. ഞാൻ അത് അയാളോടു പറഞ്ഞതുമില്ല.

ഏതായാലും കാർളയെ കാണുവാൻ പോകേണമെന്ന് ഞാൻ തീരുമാനിച്ചു.

കാർള (Karla) യെ സന്ദർശിക്കുവാൻ ഞാൻ ഹാരിസ് പ്രാദേശിക ജയിലി (Harris Country Jail) ലേക്ക് പോയി. ജയിലിൽ ചെന്നതിനു ശേഷം അവളുടെ സമീപത്തേക്ക് നടന്നു. അവളുടെ സമീപം ചെന്ന് അവളോടു പറഞ്ഞു. 'ഞാൻ ദബോറയുടെ സഹോദരനാണ്.' ഞാൻ മറ്റൊന്നും തന്നെ സംസാരിച്ചില്ല. അവൾ എന്നെ തുറിച്ചുനോക്കി ചോദിച്ചു. 'നീ ആരാ' – ഞാൻ ആവർത്തിച്ചു. ഞാൻ ദബോറയുടെ സഹോദരനാണ്. കാർള (Karla) എന്നെ വീണ്ടും തുറിച്ചു നോക്കിക്കൊണ്ടിരുന്നു. അത്ഭുതസ്തംഭയായ അവൾക്ക് അവൾ കേൾക്കുന്നത് വിശ്വസിപ്പാൻ കഴിഞ്ഞില്ല. കുറച്ചു കഴിഞ്ഞ് അവൾ കരയുവാൻ തുടങ്ങി.

ഞാൻ അവളോടു പറഞ്ഞു, 'കാർള, ഇതിന്റെ അനന്തരഫലം എന്തു തന്നെ ആയിരുന്നാലും ഞാൻ നിന്നോടു ക്ഷമിച്ചിരിക്കുന്നു.' യാതൊരു പകയോ വിദ്വേഷമോ എന്റെ ഹൃദയത്തിൽ നിനക്ക് എതിരായിട്ടില്ല. ആ അവസരം എന്റെ എല്ലാ കോപവും വിദ്വേഷവും എന്നിൽ നിന്ന് ഇല്ലാതെയായി. ചുമലുകളിൽ നിന്ന് വലിയോരു ഭാരം മാറിയതുപോലെ ആയിരുന്നു അത്.

റോൺ കാർളായോട് ദീർഘനേരം സംസാരിച്ചു. അടുത്ത സമയത്ത് താൻ ഒരു ദൈവ വിശ്വാസി ആയിത്തീർന്നതിനെക്കുറിച്ച് കാർള റോണിനോട് പറഞ്ഞു. ഈ പുതിയ വിശ്വാസം തന്റെ ജീവിതത്തിനു തന്നെ മാറ്റം വരുത്തി എന്നും ജീവിതത്തെക്കുറിച്ചു പുതിയ കാഴ്ചപ്പാടുകൾ നൽകി എന്നും അവൾ പറഞ്ഞു. അവളെക്കുറിച്ച് കൂടുതൽ മനസ്സിലാക്കണമെന്ന താല്പര്യം റോണിന് ഉളവായി അവളെ വീണ്ടും ജയിലിൽ സന്ദർശിച്ചു.

"അവളെ കണ്ട് ഞാൻ ക്ഷമിച്ചിരിക്കുന്നു എന്ന് പറയണമെന്നതായിരുന്നു എന്റെ ആദ്യ ഉദ്ദേശ്യം. എന്നാൽ എന്റെ ആദ്യ സന്ദർശനത്തിനുശേഷം എനിക്ക് വീണ്ടും അവിടെ പോകണമെന്ന താല്പര്യം ഉളവായി. അവൾ അവകാശപ്പെടുന്ന ക്രിസ്തുവിലുള്ള അവളുടെ പുതുജീവിതം യഥാർത്ഥമോ എന്നത് മനസ്സിലാക്കുക എന്നതിലായിരുന്നു എന്റെ താല്പര്യം. എന്നാൽ അതോടൊപ്പം എന്തുകൊണ്ടാണ് മനുഷ്യർ മറ്റുള്ളവരെ കുലചെയ്യുവാൻ ശ്രമിക്കുന്നത്, അന്യോന്യം വധിക്കുന്നത് എന്നതു മനസ്സിലാക്കുവാനും ഞാൻ താല്പര്യപ്പെട്ടു. അതിനെക്കുറിച്ച് ഒന്നും തന്നെ മനസ്സിലാക്കുവാൻ എനിക്ക് സാധിച്ചില്ല





എങ്കിൽ തന്നെയും കാർളയുടെ മാനസ്സാന്തരം യഥാർത്ഥമാണ് എന്ന സത്യം മനസ്സിലാക്കുവാൻ എനിക്ക് കഴിഞ്ഞു. ദൈവം യഥാർഥമാണ് എന്ന വസ്തുതയും അവളിൽ കൂടിയും അവളുടെ വാകൃത്തിൽ കൂടിയും ദൈവത്തിന്നു മറ്റുള്ളവരിലും വ്യത്യാസം ഉണ്ടാക്കുവാൻ സാധിക്കും എന്നതിനെക്കുറിച്ചും എനിക്ക് ബോദ്ധ്യമായി.

കാർള Karla യുടെ മാതാവ് ഒരു അഭിസാരികയും മയക്കുമരുന്നുകൾക്ക് അടിമപ്പെട്ടവളും ആയിരുന്നു. കാർളാ (Karla) യുടെ യൗവന പ്രായത്തിൽ തന്നെ ഈ ദുസ്വാധീനങ്ങൾ അവളിൽ പകർത്തപ്പെട്ടു. പത്തുവയസ്സുള്ളപ്പോൾ കാർളാ മയക്കുമരുന്നുകൾക്ക് അടിമപ്പെട്ടു. ജയിലിൽ കിടന്ന അവസരത്തിൽ മാത്രമാണ് കാർളായുടെ ജീവിതത്തിൽ മാനസ്സാന്തരത്തിന്റെ അനുഭവം ഉണ്ടായത്. ഹാരിസ് പ്രാദേശിക ജയിൽ Harris Country Jail ൽ സ്ത്രീകളുടെ മാനസ്സാന്തരത്തിനും ഉന്നമനത്തിനും വേണ്ടിയുള്ള ഉത്തമ പ്രവർത്തനം നടന്നുവന്നു. അവർക്ക് സൗജന്യമായി വേദപുസ്തകം നൽകപ്പെട്ടു എന്നതോടൊപ്പം ഉത്തമ ജീവിത ലക്ഷ്യങ്ങൾ നൽകപ്പെടുവാനുള്ള ശ്രമവും ഉണ്ടായിരുന്നു.

എല്ലാ രണ്ടാം ശനിയാഴ്ചകളിലും റോൺ, കാർളാ (Ron, Karla) യെ ജയിലിൽ ചെന്ന് സന്ദർശിച്ചു വന്നു. രണ്ടുവർഷത്തോളം ഇത് നീണ്ടു നിന്നു. കൂടാതെ എഴുത്തുകളാലും അവർ ഈ ബന്ധം തുടർന്നു വന്നു. അവർ ദൃഢസുഹൃത്തുക്കളായി മാറുകയും ചെയ്തു. റോണി Ron ന്റെ വാക്കുകൾ ശ്രദ്ധിക്കുക.

"ജനത്തിന് ഈ ബന്ധം മനസ്സിലാക്കുവാൻ സാധിച്ചില്ല. എനിക്ക് കാര്യമായ കുഴപ്പം ഉണ്ട് എന്ന് അവർ ചിന്തിച്ചു. സഹോദരി ആയ ദബോറയെ വധിച്ചവളെ വെറുക്കുകയാണ് വേണ്ടതെന്നും അവളോട് സമ്പർക്കം പുലർത്തുന്നത് തെറ്റാണ് എന്നും അവർ കരുതി. എന്റെ സഹോദരിയുടെ ഓർമ്മയെ ഞാൻ അപകീർത്തിപ്പെടുത്തുന്നു എന്ന ശകാരവാക്കുകളാണ് ഒരു ബന്ധു എന്നോടു ഉച്ചരിച്ചത്. എന്റെ പ്രവർത്തികൾ കൊണ്ട് ദെബോറയുടെ ആത്മാവ് വേദനിക്കപ്പെടുന്നു എന്നും അവർ എന്നോടു പറഞ്ഞു. കാർളായുടെ വധശിക്ഷ ഉടൻ തന്നെ നടപ്പാക്കപ്പെടുമെന്നതിൽ താനും തന്റെ കുടുംബാംഗങ്ങളും വളരെയധികം സന്തോഷിക്കുന്നു എന്ന് മറ്റൊരു വ്യക്തി പൊതുവിൽ പ്രഖ്യാപനം നടത്തി."

റോണിന്റെ ഈ സമീപനം കാർളയെയും അത്ഭുതപ്പെടുത്തി. വധശിക്ഷ നടപ്പാക്കുന്നതിന് മുമ്പ് കാർളയോടു സംസാരിച്ച Dutch ടി.വി.

റിപ്പോർട്ടറോടു കാർള പറഞ്ഞു. "ഇത് തികച്ചും അവിശ്വസനീയമാണ്. അത്ഭുതകരവും ആണ്. ക്ഷമിക്കുക എന്നത് ഒരു നന്മ പ്രവൃത്തിയാണ്. എന്നാൽ അതിലും ഉപരിയായി ശത്രുവിനെ സ്നേഹിക്കുക എന്നത് ആയിരക്കണക്കിന് ആളുകൾ അവളുടെ മരണം കാത്തിരിക്കുന്ന വസ്തുതയാണ് മനസ്സിലാക്കാൻ എളുപ്പം.

"എനിക്ക് അവരുടെ വിദ്വേഷവും വെറുപ്പും മനസ്സിലാക്കുവാൻ സാധിക്കും. അത് അവരുടെ ഹൃദയമുറിവുകളുടെയും വേദനകളുടെയും പ്രതികരണം മാത്രമാണ്. ഞാൻ ക്ഷമ അർഹിക്കുന്നില്ല എന്ന് ചിന്തിക്കുന്ന നിരവധി ആളുകളുണ്ട്'. എന്നാൽ ആരാണ് ക്ഷമ അർഹിക്കുന്നത്? എനിക്ക് ഒരു പുതുജീവൻ നൽകപ്പെട്ടിരിക്കുന്നു. ഇതല്ല യഥാർത്ഥ അവസ്ഥ എന്നതിനേക്കുറിച്ച് പ്രത്യാശയും വാഗ്ദത്തവും എനിയ്ക്ക് ലഭ്യമായിരിക്കുന്നു."

കാർള തന്റെ മരണത്തെ ധൈര്യത്തോടു കൂടി നേരിട്ടു. ഒരു പുഞ്ചിരിയോടു കൂടി അവൾ തന്റെ അവസാനവാക്കുകൾ ഉച്ചരിച്ചു. "ഞാൻ പശ്ചാത്തപിക്കുന്നു...... ഇതിൽ കൂടി ദൈവം നിങ്ങൾക്ക് ഏവർക്കും സമാധാനം നൽകട്ടെ". അവളെ മരണക്കസേരയിൽ സ്ട്രാപ്പ് ഇട്ട് ബന്ധിച്ച് മാരകമായ വിഷം കുത്തിവെച്ച സമയം അവൾ മനസ്സിൽ ഗാനങ്ങൾ ആലപിച്ചു മരണത്തെ നേരിട്ടു.

കാർളയെ മരണശിക്ഷയ്ക്കു വിധിച്ചത് അനാവശ്യമാണ് എന്ന ചിന്തയാണ് റോണിനുള്ളത്. ഒരാളെ വധിക്കുന്നത് കൊണ്ട് യാതൊന്നും നേടുന്നില്ല. അത് സുരക്ഷിതത്വം ഉളവാക്കുന്നില്ല. കൂടുതൽ കുറ്റവാളികളെ സൃഷ്ടിക്കുകയാണ് ചെയ്യുന്നത്. ഞാൻ എന്റെ സഹോദരി നഷ്ടപ്പെട്ടതിൽ ദുഃഖിതനാണ്. കാർളയെ നഷ്ടപ്പെട്ടതിലും ഞാൻ ദുഃഖിക്കുന്നു.

അധ്യായം – 7

# അനുരഞ്ജനം അസാദ്ധ്യമാകുമ്പോൾ

*ഒരു കുല ചെയ്യുക എന്നതിനേക്കാൾ കഠിനമാകാം യഥാർത്ഥ ക്ഷമ. ഇതിൽ ആദ്യത്തേത് ഒരു നിമിഷത്തിന്റെ ക്ഷിപ്രകോപമാണെങ്കിൽ രണ്ടാമത്തേത് ഹൃദയത്തിന്റെ തീരുമാനത്തിൽ നിന്നു മാത്രം ഉളവാകുന്നതാണ്.* GEORGE MACDONALD

മരിയെറ്റ ജയ്ഗറിന്റെ (Marietta Jaegar) ഏഴുവയസ്സുമാത്രം പ്രായമുള്ള കുട്ടി അമേരിക്കയിലെ മൊണ്ടാനാ എന്ന സ്ഥലത്തെ ഒരു ക്യാമ്പിൽ നിന്ന് മോഷ്ടിക്കപ്പെട്ട സമയം അവരുടെ ആദ്യ പ്രതികരണം അതികഠിനമായ കോപം ആയിരുന്നു. "വിദ്വേഷത്തിന്റെയും പ്രതികാരേഛയുടെയും വികാരങ്ങൾ എന്നിൽ കുമിഞ്ഞു കൂടി." സൂസിമോളെ ജീവനോടും സൗഖ്യത്തോടും തിരിച്ചേല്പിച്ചാലും മോഷ്ടാവിനെ വകവരുത്തണമെന്ന ചിന്തയായിരുന്നു എനിക്കുണ്ടായിരുന്നത്. ഇതു ഞാൻ എന്റെ ഭർത്താവിനോടു തന്നെ പറകയും ചെയ്തു.

ഈ തരത്തിലുള്ള പ്രതികരണം ന്യായീകരിക്കാവുന്നതാണെങ്കിലും തന്റെ വിദ്വേഷമോ കോപമോ, തന്റെ മകളെ തിരിച്ചു ലഭ്യമാകുന്നതിന് അപര്യാപ്തമാണ് എന്ന ബോധം മാറിയെറ്റയ്ക്ക് (Marietta) കാലക്രമത്തിൽ ഉളവായി. തന്റെ കുട്ടിയെ മോഷ്ടിച്ച വ്യക്തിയോടു ക്ഷമിക്കുക എന്നത് അവളെ ഒറ്റിക്കൊടുക്കുന്നതിനു തുല്യമായി അവർ കരുതി. എന്നാൽ അയാളോടു ക്ഷമിക്കുക മാത്രമാണ് നിറഞ്ഞു നിൽക്കുന്ന തന്റെ ദുഃഖത്തിന് പരിഹാരം എന്ന ചിന്തയും അവളിൽ വരുവാൻ തുടങ്ങി.

തന്റെ മനസ്സിൽ ഉൾക്കൊണ്ടിരുന്ന ഈ ചിന്തയാണ് തന്റെ പുത്രിയ്ക്കുവേണ്ടിയും പുത്രിയുടെ മോഷ്ടാവിനു വേണ്ടിയും നിരന്തരം പ്രാർത്ഥിപ്പാൻ അവരെ പ്രേരിപ്പിച്ചത്. ഈ പ്രാർത്ഥനാ ജീവിതത്തിൽ ആഴ്ചകൾ കഴിഞ്ഞപ്പോൾ പ്രാർത്ഥിക്കുവാൻ കൂടുതൽ എളുപ്പമായി അവർക്ക് അനുഭവപ്പെട്ടു. മാസങ്ങൾ പിന്നിട്ടപ്പോൾ പ്രാർത്ഥനയുടെ വ്യഗ്രത വർദ്ധിക്കുകയും ചെയ്തു. തന്റെ പ്രിയപ്പെട്ട മകളുടെ മോഷ്ടാവിനെ കണ്ടുപിടിക്കണമെന്ന ആഗ്രഹം ഇതോടെ വർദ്ധിച്ചു. മാത്രമല്ല അയാളോട് സംസാരിക്കണം എന്ന ആഗ്രഹവും അവർക്കുണ്ടായി.

തന്റെ മകൾ നഷ്ടപ്പെട്ടു കഴിഞ്ഞ് ഒരു വർഷം പിന്നിട്ട ദിവസം രാത്രി മരിയെറ്റായ്ക്ക് ഒരു ഫോൺ സന്ദേശം ലഭിച്ചു. അത് തന്റെ മകളുടെ മോഷ്ടാവിന്റെ പതുങ്ങിയ സ്വരം ആയിരുന്നു. മരിയെറ്റാ ഭയത്തോടു കൂടിയാണ് അയാളെ ശ്രവിച്ചത്. എന്നാൽ ഫോണിന്റെ മറ്റെ അറ്റത്തുള്ള മനുഷ്യനോട് ഒരു അനുകമ്പയും അവളുടെ മനസ്സിൽ തുടങ്ങിയിരുന്നു. തന്റെ സ്വരം താഴുന്നതിനനുസരിച്ച് അയാളുടെയും സ്വരം താഴുന്നത് മരിയെറ്റ ശ്രദ്ധിച്ചു. ഏകദേശം ഒരു മണിക്കൂറോളം അവർ സംസാരിച്ചു.

ഭാഗ്യവശാൽ മരിയെറ്റായ്ക്ക് അവരുടെ ഫോൺ സംഭാഷണം ആലേഖനം ചെയ്യുവാൻ സാധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ഏതാനും മാസങ്ങൾക്കകം അയാളെ കണ്ടുപിടിക്കുവാൻ FBI യ്ക്ക് സാധിച്ചു. അയാളെ അറസ്റ്റ് ചെയ്തു കഴിഞ്ഞ് മാത്രമാണ് തന്റെ മകൾക്ക് മടങ്ങി വരുവാൻ സാധിക്കുകയില്ല എന്ന വാസ്തവം മാറിയെറ്റാ മനസ്സിലാക്കിയത്. മോഷ്ടാവിന്റെ വസ്തുവകകൾക്കിടയിൽ നിന്ന് കുറ്റാന്വേഷകർക്ക് ഒരു കുട്ടിയുടെ അസ്ഥിപഞ്ചരം ലഭിക്കുകയുണ്ടായി.

ആ ശിശു മോഷ്ടാവിന് വധശിക്ഷ വിധിക്കപ്പെട്ടു. എന്നാൽ മാറിയെറ്റായ്ക്ക് പ്രതികാരേഛ ലേശം പോലും ഇല്ലായിരുന്നു. അവൾ എഴുതി "യഥാർത്ഥ നീതി എന്നത് ശിക്ഷ അല്ല, വിണ്ടെടുപ്പും പുനരധിവാസവും ആണ്, എന്ന ചിന്തയിലേക്കാണ് ഞാൻ എത്തുന്നത്." മനോരോഗവിദഗ്ധന്റെ സഹായം ലഭ്യമാകുന്ന ഒരു ജയിൽ വാസം നൽകണമെന്ന് മാറിയെറ്റാ അയാൾക്ക് വേണ്ടി എഴുതി. എന്നാൽ കുറ്റബോധത്തിൽ ആ മനുഷ്യൻ ആത്മഹത്യ ചെയ്യുകയാണ് ഉണ്ടായത്. തന്റെ തീരുമാനത്തിൽ മാറിയെറ്റാ ദുഃഖിതയായില്ല. സമാധാനത്തിനുള്ള ശ്രമങ്ങൾ അവൾ വീണ്ടും തുടർന്നു. കൊലയാളികളും കൊല ചെയ്യപ്പെട്ടവരുടെ കുടുംബങ്ങളും തമ്മിൽ അനുരഞ്ജനത്തിന്നും രമ്യതയ്ക്കും ശ്രമിക്കുന്ന ഒരു സംഘടനയിൽ സജീവമായി മാറിയെറ്റാ പ്രവർത്തിക്കുന്നു.

## കെല്ലി (Kelly)

വിവാഹത്തിനു പത്തു ദിവസം മുമ്പ് കെല്ലിയ്ക്ക് തന്റെ പ്രതിശ്രുതവരനെ നഷ്ടമായി. ആ ദിവസമാണ് അവൾ അയാളെ അവസാനമായി കണ്ടത്. അവരുടെ വിവാഹസമ്മതം നടത്തിയിട്ട് (engagement) ഒരു വർഷം കഴിഞ്ഞിരുന്നു. ചില്ലറ അഭിപ്രായവ്യത്യാസങ്ങൾ ഒക്കെ ഉണ്ടാകുമായിരുന്നുവെങ്കിലും എല്ലാം നേരെയാകുമെന്ന ചിന്താഗതി





യിൽ ആയിരുന്നു കെല്ലി (Kelly). അവൾ അയാളെ അഗാധമായി സ്നേഹിച്ചു. അവൾ വളരെ സന്തോഷവതിയും ആയിരുന്നു. നേഴ്സിംഗ് സ്കൂളിൽ പഠിച്ച് അവൾ പാസ്സായി. അവളുടെ വിവാഹ വസ്ത്രവും തയ്പിച്ച് റെഡിയാക്കി. പക്ഷെ എല്ലാം തകർന്നു തരിപ്പണമായി.

തന്റെ പ്രതിശ്രുതവരന്റെ അവിശ്വസ്തതയെക്കുറിച്ച് അയാൾ തന്നെ ഒരു ദിവസം എനിക്ക് വെളിപ്പെടുത്തി. ഞങ്ങളുടെ വിവാഹ ജീവിതത്തിന് പ്രതിബന്ധമാകുന്ന വസ്തുതകളെ അയാൾ വിശദീകരിച്ചു. അതിനെയൊക്കെയും നേരിടുന്നതിനു പകരം അതിൽ നിന്ന് ഒളിച്ചോടുവാൻ അയാൾ ശ്രമിച്ചത് എന്നെ കൂടുതൽ അസ്വസ്ഥയാക്കി. ഞാൻ പരിപൂർണ്ണമായി തകർന്നു അനേക ദിനങ്ങൾ ഞാൻ കരഞ്ഞു. വർഷങ്ങളോളം തകർന്ന ഹൃദയത്തോടു കൂടി ജീവിച്ചു. അയാളുടെ അവിശ്വസ്ഥതയിൽ ഞാൻ എന്നെത്തന്നെ കുറ്റപ്പെടുത്തി. ഞാൻ കയ്പ്പു നിറഞ്ഞവളായിത്തീർന്നു.

മുപ്പതു വർഷങ്ങൾക്കുശേഷം കെല്ലി (Kelly) ഇന്നും അവിവാഹിതയാണ്. ഹൃദയതകർച്ചയിൽ നിന്നു വിടുതൽ പ്രാപിച്ച അവൾ യഥാർത്ഥത്തിൽ തന്നെ വഞ്ചിച്ചവനോടു ക്ഷമിച്ചു കഴിഞ്ഞിരുന്നു. ഒരു പക്ഷേ നേരിൽ അയാളോടു പറഞ്ഞില്ല എങ്കിൽ തന്നെ. നഷ്ടപ്പെട്ട വിവാഹ ജീവിതത്തെ ചൊല്ലിയും സ്നേഹത്തെ ചൊല്ലിയും ചിലപ്പോഴൊക്കെ സങ്കടപ്പെട്ടുവെങ്കിലും മറ്റുള്ളവരെ സേവിക്കുന്നതിൽ കൂടി, പ്രത്യേകിച്ചും പ്രായാധിക്യത്തിലുള്ളവരെയും, രോഗികളെയും, ഗർഭിണികളെയും അംഗവൈകല്യമുള്ള കുട്ടികളെയും പരിചരിക്കുന്നതിൽ കൂടി അവർ ജീവിത സാഫല്യം കൈവരിച്ചു. ഉല്ലാസവതിയായും സന്തോഷവതിയായും കാണപ്പെടുന്ന കെല്ലിയുടെ വേദനാജനകമായ പശ്ചാത്തലത്തെക്കുറിച്ച് ആർക്കും അറിയാൻ പാടില്ല എന്നു മാത്രമല്ല ജീവിത ദുഃഖങ്ങളെക്കുറിച്ച് പശ്ചാത്താപിക്കുവാൻ അവൾക്കുസമയവും ഇല്ല.

"ഞാൻ അവിവാഹിത ആയതുകൊണ്ട് ഭാര്യമാർക്കും മാതാക്കൾക്കും ചെയ്യുവാൻ സാധിക്കാത്തത് എനിക്ക് ചെയ്യുവാൻ സാധിക്കുന്നു. എന്നെ ആവശ്യമുള്ളടത്തെല്ലാം എനിക്ക് എത്തിച്ചേരുവാനും അവരെ സഹായിക്കുവാനും എനിക്ക് സാധിക്കുന്നു. വളരെയധികം കുട്ടികളെ സ്നേഹിക്കുവാനും കരുതുവാനും എനിക്ക് കഴിയുന്നു. എന്നാൽ ഇതിനുമുമ്പു ഞാൻ എന്നെക്കുറിച്ചും എന്റെ നഷ്ടങ്ങളെക്കുറിച്ചും മാത്രം ചിന്തിച്ചു സമയം ചെലവഴിച്ചു. ഇത് സാധിച്ചത് എനിക്ക് ക്ഷമിക്കുവാൻ കഴിഞ്ഞതു കൊണ്ടുമാത്രമാണ്.

## ജൂലി (Julie)

തന്റെ ഭർത്താവായ മൈക്ക് (Mike) തങ്ങളുടെ പുത്രിയെ ശാരീരിക മായി പീഡിപ്പിക്കുന്നു എന്ന വസ്തുത മനസ്സിലാക്കിയപ്പോൾ ജൂലി കോപാകുലയായി. ഈ പ്രശ്നത്തെ നേരിട്ട് തന്റെ ദുസ്വഭാവങ്ങൾ മാറ്റാമെന്ന ഭർത്താവിന്റെ വാഗ്ദത്തത്തിന്റെ വെളിച്ചത്തിൽ അവർ ഒരുമിച്ചു ജീവിച്ചു. ഇനിയും ഒരിക്കലും ഇത് ആവർത്തിക്കില്ല എന്നു പറഞ്ഞപ്പോൾ അത് പൂർണ്ണ മനസ്സോടെ വിശ്വസിപ്പാൻ ജൂലി തയാറായി. തന്റെ ഭർത്താവിനെ ഉപേക്ഷിക്കുന്നത് ജൂലിക്ക് വിഷമകരമായി തോന്നി. എന്നാൽ ആ കുടുംബം തകർന്നു എന്നതാണ് യാഥാർത്ഥ്യം.

'ഗത്യന്തരമില്ലാത്ത ഒരു അവസ്ഥയിൽ ഞാൻ ആടി ഉലഞ്ഞു. മൈക്ക് എനിക്ക് ഒരു അപരിചിതനെപ്പോലെ ആയിത്തീർന്നു. നരകതുല്യ മായിത്തീർന്ന ഞങ്ങളുടെ ഭവനത്തിൽ മൈക്കിനോടൊപ്പം ജീവിക്കുക അസാദ്ധ്യമായിത്തീർന്നു. ബന്ധങ്ങൾ പുനസ്ഥാപിക്കപ്പെടുമെന്ന പ്രതീക്ഷയിൽ ഞങ്ങൾ ഒരു വർഷത്തോളം ഒന്നിച്ചു രാപാർത്തു. അഥവാ ബന്ധങ്ങൾ കൂടുതൽ വഷളാകാതിരിപ്പാനുള്ള ശ്രമത്തിൽ ഞങ്ങൾ ദിനങ്ങൾ കഴിച്ചു കൂട്ടി.

അവസാനം കുട്ടികളെയും കൂട്ടി ഞങ്ങൾ മൈക്കിനോടു വിട പറഞ്ഞു. ജനിച്ചുവളർന്ന എന്റെ സ്വന്തസ്ഥലത്ത് ഞങ്ങൾ താമസമാക്കി. എന്റെ അന്നത്തെ വികാരങ്ങൾ പറഞ്ഞറിയിക്കാൻ വാക്കുകൾ പോര, വിദ്വേഷം, കോപം, സങ്കടം, തള്ളപ്പെടൽ, ഇങ്ങനെ പോകുന്ന അവയുടെ നീണ്ട പട്ടിക. വലിയോരു പോരാട്ടമായിരുന്നു മനസ്സിൽ നടന്നത്.

മൈക്കിനോട് ക്ഷമകാട്ടുവാൻ ഹൃദയത്തിന്റെ ഒരു ഭാഗത്ത് നിന്ന് ധ്വനി കേൾക്കുമ്പോൾ പ്രതികാരത്തിന്റെ പെരുമ്പറയാണ് മറ്റെഭാഗത്ത് മുഴങ്ങിയിരുന്നത്. ഹൃദയത്തിലെ ഈ പോരാട്ടം കൂടുതലായി അനുഭവപ്പെട്ടത് മൈക്ക് എന്നെ ഉപേക്ഷിച്ചതിനുശേഷമാണ്. മൈക്കിന്റെ പുതിയ ഭാര്യയെക്കുറിച്ച് ചിന്തിക്കുന്ന അവസരത്തിൽ എന്നിലുള്ള കോപാഗ്നി ആളിക്കത്തുമായിരുന്നു.

ഇതായിരുന്നു എന്റെ മനസ്സിലെ പോരാട്ടം. ഹൃദയത്തിന്റെ അടിത്തട്ടിൽ മൈക്കിനോട് ക്ഷമിക്കണം എന്ന ആഗ്രഹം. എന്നാൽ പ്രായോഗീക തലത്തിൽ എങ്ങിനെയാണ് ഈ ക്ഷമ പ്രദർശിപ്പിക്കുക. എന്നോടു യാതൊരു കരുണയും കാണിക്കാത്ത സാഹചര്യത്തിൽ എനിക്ക് എന്തു ചെയ്യുവാൻ സാധിക്കും?

മൈക്കിന്റെ പ്രവർത്തിയെ യാതൊരു തരത്തിലും അംഗീകരിക്കാനാവില്ല. വേർപിരിഞ്ഞ സമയത്ത് ഇത് ഞാൻ വ്യക്തമാക്കുകയും





ചെയ്തു. മാത്രമല്ല കുഞ്ഞുങ്ങളെ മൈക്കിന്റെ കൂടെ താമസിപ്പിക്കാൻ സാദ്ധ്യമല്ല. അതുകൊണ്ട് എന്റെ പ്രവർത്തികളെ സാധൂകരിക്കുകയല്ലാതെ എനിയ്ക്ക് യാതൊരു വഴികളും ഉണ്ടായിരുന്നില്ല. ഞങ്ങളുടെ വിവാഹബന്ധം വേർപെടുത്തുകയല്ലാതെ ഗത്യന്തരം ഇല്ലായിരുന്നു. മറ്റു മാർഗ്ഗങ്ങൾ അവശേഷിച്ചിരുന്നില്ല.

എന്റെ പോരാട്ടം സുഗമമായിരുന്നില്ല. അത് ഇപ്പോഴും തുടർന്നു വരുന്നു. മൈക്കിന്റെ ദുഷ്പ്രവർത്തനങ്ങളുടെ ഫലം ഞങ്ങളുടെ അഞ്ചു മക്കൾ അനുഭവിക്കുന്നു. ക്ഷമ എന്നതിനെക്കുറിച്ചും ഞാൻ കൂടുതലായി മനസ്സിലാക്കി. ഒരു പ്രാവശ്യം മാത്രമായി നൽകേണ്ടുന്ന ഒന്നല്ല പ്രത്യുത നീണ്ടുനിൽക്കുന്ന ഒരു പ്രക്രിയയാണ് ക്ഷമിക്കുക എന്നത്. വീണ്ടും വീണ്ടും ആവർത്തിച്ച് നാം ക്ഷമ പറയേണ്ടിയിരിക്കുന്നു. മൈക്കിനോട് ഞാൻ ക്ഷമിച്ചുവോ എന്നതും എന്റെ മനസ്സിൽ ഒരു ചോദ്യചിഹ്നമത്രെ. ഒരു പക്ഷെ അതിനെച്ചൊല്ലിയും എന്റെ മനസ്സു വ്യാകുലപ്പെടുന്നു. പക്ഷെ ആത്യന്തികമായി മൈക്ക് എന്നോടു ചെയ്ത ദ്രോഹങ്ങളാൽ ഞാൻ നശിക്കപ്പെടുകയില്ല.

## ആൻ കോൾമാൻ (Anne Coleman)

ആൻകോൾമാനെക്കുറിച്ച് ഒന്നാമത്തെ അദ്ധ്യായത്തിൽ വിവരിച്ചത് വായനക്കാർ ഓർക്കുമല്ലോ. ആനിന്റെ പുത്രി ഫ്രാൻസിസ് കൊല്ലപ്പെടുകയും അതിനെത്തുടർന്ന് പുത്രൻ സഹോദരിയുടെ മരണം സഹിക്കാനാവാതെ പുത്രൻ ഡാനിയേൽ സ്വയം ജീവനൊടുക്കുകയും ചെയ്തു. തന്റെ രണ്ടുമക്കളുടെ ദാരുണ മരണം കണ്ട ആൻ പതറാതെ ജീവിതത്തിൽ ധൈര്യത്തോടെ മുന്നേറാൻ ഒരുമ്പെട്ടു. സ്വന്തം മുറിവുകളിൽ സങ്കടപ്പെടാതെ മറ്റുള്ളവരുടെ മുറിവുകൾക്ക് ആശ്വാസം പകരുവാനാണ് ആൻ ശ്രമിക്കുന്നത്. Delaware ൽ വധശിക്ഷ കാത്തു കിടക്കുന്ന ജയിൽപുള്ളികൾക്ക് കൗൺസലിംഗ് നൽകുന്ന ഒരു വോളണ്ടിയർ ആയി ആൻ ഇന്ന് പ്രവർത്തിക്കുന്നു.

ജയിൽ അന്തേവാസികളുടെ ഇടയിലെ പ്രവർത്തനം യാദൃശ്ചികമായിട്ടാണ് ഉടലെടുത്തത്. വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട മകനെ കാണുവാനായി ജയിലിലേക്ക് പോയ ബർബറാ ലൂയിസിന് അകമ്പടിയായിട്ടാണ് ആൻ കോൾമാൻ തന്റെ ആദ്യ ജയിൽ സന്ദർശനം നടത്തിയത്. അതിനെ തുടർന്നു മറ്റു തടവുകാരെയും സന്ദർശിക്കുവാൻ അവർ തയാറായി.

'ഞാൻ അങ്ങനെയാണ് ബില്ലി എന്ന തടവുകാരനെ കണ്ടെത്തിയത്. അയാൾക്ക് സന്ദർശകർ ഉണ്ടായിരുന്നില്ല. അവൻ വളരെ ഏകാന്തത അനുഭവിച്ചു. അവന്റെ മരണം ഓർത്തു ഞാൻ കരഞ്ഞു. ആ തണുത്ത കാറ്റത്ത് സാക്ഷികൾ വരുന്നതും കാത്ത് അവർ അവനെ പതിനഞ്ചുമിനിറ്റോളം വധശിക്ഷയ്ക്കു മുമ്പായി നിർത്തുകയുണ്ടായി. ആ വധശിക്ഷ നടപ്പാക്കിയതിനു ശേഷം അവിടെ പോകുവാൻ സാദ്ധ്യമല്ല എന്ന് ഞാൻ ചിന്തിച്ചു.

മാർക്കസ് എന്ന പേരുള്ള ഒരു കുട്ടിയെയും ഞാൻ അവിടെ പരിചയപ്പെട്ടു. അവന്റെ പിതാവ് വധശിക്ഷയ്ക്ക് വിധിക്കപ്പെട്ടിരിക്കുന്ന വ്യക്തി ആണ്. അവന്റെ മാതാവും രണ്ടു സഹോദരികളും മരിച്ചു പോയിരുന്നു. തന്റെ പിതാവിനെയും നഷ്ടപ്പെടുവാൻ പോകുന്നു എന്ന ഭീതിയയാൽ അവൻ ദുഃസ്വപ്നങ്ങൾ കാണുന്നുണ്ടായിരുന്നു.

ആരെയെങ്കിലും വെറുക്കുന്നതു കൊണ്ട് എനിക്ക് എന്റെ മകളെ തിരിച്ചു കിട്ടുകയില്ല എന്ന് എനിക്ക് വ്യക്തമാണ്. എന്റെ മകളെ ആരാണ് വധിച്ചത് എന്നത് പോലും ഒരു പക്ഷെ ഞാൻ മനസ്സിലാക്കി എന്നുവരികയില്ല. പക്ഷെ മുറിവുകൾക്ക് സൗഖ്യം കൈവരിക്കേണ്ടത് അത്യാവശ്യമാണ്. ഈ ലോകത്തിലുള്ള ബാർബറാമാരെയും മാർക്കസുമാരെയും സഹായിക്കുന്നതിൽ കൂടി ഞാൻ എന്റെ മുറിവുകൾക്ക് സൗഖ്യവും മനസ്സിന് സംതൃപ്തിയും കണ്ടെത്തുന്നു.

## ബ്രാഡ് & മിസ്റ്റി ബെർണാൾ (Brad & Misty Bernall)

1999 ഏപ്രിൽ 20 -ാം തീയതി, കോളറാഡോയിലെ ലിറ്റിൽടൺ (Littleton) എന്ന സ്ഥലത്തെ സ്കൂളിൽ നടന്ന വെടിവെയ്പിൽ മേൽപ്പറഞ്ഞ ദമ്പതികളുടെ പുത്രി കാസ്സി (Cassie) വെടിയേറ്റ് മരണമടഞ്ഞു. പതിനാലു കുട്ടികൾ വെടിയേറ്റുമരിച്ചതിൽ ഒന്നായിരുന്നു കാസ്സി. ആനിനെപ്പോലെ തങ്ങളുടെ പുത്രിയുടെ മരണത്തെ അംഗീകരിക്കുവാൻ ഈ ദമ്പതികളും വിഷമിച്ചു. തങ്ങളുടെ പ്രിയ പുത്രിയെ മറക്കുക എന്നത് മാതാപിതാക്കൾക്ക് സാദ്ധ്യമല്ല. അതുപോലെ തന്നെ ഈ ദാരുണ സംഭവത്തിന്റെ തുടർച്ചയായി ക്ഷമിക്കുക എന്നതും അസ്സാദ്ധ്യം. എന്നാൽ പ്രതികാര ചിന്തകൾക്കുപരിയായി ക്ഷമയ്ക്കു വേണ്ടിയുള്ള ശ്രമം ആണ് മിസ്റ്റി ചെയ്തത്.

മാതാപിതാക്കളും സ്കൂൾ അധികൃതരും നീതിന്യായ പരിപാലകരും ഒക്കെ ഇടപെട്ടിരിന്നുവെങ്കിൽ ഈ അത്യാഹിതം ഒഴിവാക്കാമായിരുന്നു എന്ന വസ്തുതയിൽ ബ്രാഡും മിസ്റ്റിയും തുല്യ ദുഃഖിതരാണ്. എന്നാൽ നിരവധി കുടുംബങ്ങൾ വ്യവഹാരങ്ങൾ കൊണ്ടും മറ്റു രീതിയിലും ഉള്ള ബഹളങ്ങൾ സൃഷ്ടിച്ചതിനെ ബ്രാഡ് മിസ്റ്റി ദമ്പതികൾ അനുകൂലിച്ചില്ല. ആറുമാസം കഴിഞ്ഞ് മിസ്റ്റി തന്റെ പുത്രിയെക്കുറിച്ച് എഴുതിയ പുസ്തകത്തിൽ ഇപ്രകാരം രേഖപ്പെടുത്തുന്നു.





കോപം നശീകരണത്തിന്റെ ആത്മാവാകുന്നു. മനസ്സിന്റെ എല്ലാ ശാന്തതയും സമാധാനവും അത് നശിപ്പിക്കുന്നു. അവസാനം നമുക്കുള്ള വേദന ദുരീകരിക്കുന്നതിനു പകരം അത് വർദ്ധിപ്പിക്കുന്നു. മറ്റുള്ളവർക്ക് കോപാകുലരായ ദുഃഖിതരെ സമാശ്വസിപ്പാനും സാദ്ധ്യമല്ലാതെ വരുന്നു.

പ്രതികാരം എന്നതും പ്രധാനവിഷയം തന്നെ. കേസു കൊടുക്കുന്നതിൽ കൂടെയോ അല്ലാതെയുള്ള മാർഗ്ഗങ്ങളിൽ കൂടി പ്രതികരിക്കുക എന്നത് സാധാരണയാണ്. എന്നാൽ കാസ്സിയുടെ മരണവും ആയി ബന്ധപ്പെട്ട് അത്പോലെ ചെയ്യുവാൻ ഞങ്ങൾക്ക് താല്പര്യമില്ല. ഒരു കേസ് ജയിച്ച് ധാരാളം പണം ലഭ്യമായാലും ഞങ്ങൾക്ക് ഞങ്ങളുടെ മകളെ തിരിച്ച് ലഭിക്കുകയില്ല.

എല്ലാ സംഭവങ്ങളും ശുഭമായി പര്യവസാനിക്കുന്നില്ല. ലിറ്റിൽറ്റണിൽ സംഭവിച്ചതു പോലെ കൊലയാളികൾ പലപ്പോഴും ആത്മഹത്യയ്ക്ക് മുതിരുന്നു. ചിലപ്പോൾ ആനിന്റെ കഥയിലെന്നപോലെ അവർ പിടിക്കപ്പെടുന്നില്ല. ഫ്രാൻസിസിന്റെ കഥയിൽ പ്രതിശ്രുത വരൻ തികച്ചും അപ്രത്യക്ഷനായി എന്നാൽ മാരിയേറ്റ തന്റെ മകളുടെ മോഷ്ടാവിനെ കണ്ടെത്തുകയും സഹായഹസ്തം വാഗ്ദാനം ചെയ്യുകയും ചെയ്തുവെങ്കിലും തന്നത്താൻ വ്യഥകൾ വിളിച്ചു വരുത്തി. ജൂലി ക്ഷമിക്കുവാൻ തയ്യാറായെങ്കിലും അതിന് പ്രതികരണം ലഭിച്ചില്ല. പലരുടെയും കാര്യത്തിൽ മുറിവുകളുമായി അവർ ജീവിതകാലം മുഴുവൻ കഴിയേണ്ടതായിവരുന്നു.

വേദനകൾ കൂടുതൽ സഹിക്കുന്നവർക്ക് പലപ്പോഴും പരിഹാരം ലഭ്യമായില്ല എന്നു വരാം. അതുപോലെ നീതി ലഭ്യമാകണമെന്ന് ആശിച്ചു കഴിയുന്നവർക്കും അവരുടെ പ്രത്യാശകൾക്ക് അനുസരിച്ചുള്ള നീതി ഈ ലോക ജീവിതത്തിൽ ലഭ്യമായി എന്നുവരുകയില്ല. മനസ്സിലെ വൈരാഗ്യത്തിന്റെ അഗ്നിക്ക് ശമനമില്ല. എന്നാൽ ക്ഷമിക്കുവാനുള്ള ഒരു ഹൃദയത്തിൽ നിന്നുള്ള സ്നേഹം ഒരിക്കലും നഷ്ടത്തിൽ പര്യവസാനിക്കുകയില്ല. ഏറ്റവും കഠിനമായ മുറിവുകളിലും അത് ഇറങ്ങിച്ചെന്ന് അഗാധമായ വേദനകൾക്ക് ശാശ്വതപരിഹാരവും സൗഖ്യവും നൽകുവാൻ സ്നേഹം നിറഞ്ഞ ഹൃദയത്തിന് കഴിയും.

## അധ്യായം – 8

# ദൈനംദിന ജീവിതത്തിലെ ക്ഷമാശീലം

ഒരു കൊലയാളിയോടോ ബലാൽസംഗം ചെയ്ത ഒരാളോടോ ക്ഷമിക്കുവാൻ മിക്കവാറും ഏവർക്കും തന്നെ വൈഷമ്യമുള്ള ഒരു കാര്യമാണ്. എന്നാൽ ഭാര്യാഭർത്തൃ ബന്ധങ്ങളിൽ ജീവിത പങ്കാളിയോടോ, കുട്ടികളോടോ, സ്നേഹിതനോടോ, പ്രവർത്തന പങ്കാളികളോടോ അങ്ങനെ ദൈനം ദിന ജീവിതത്തിലുള്ള ബന്ധങ്ങളിൽ ക്ഷമ എന്നത് നിരവധി പ്രാവശ്യം ജീവിതത്തിൽ വരേണ്ടതാണ്. ഇത് ആദ്യം സൂചിപ്പിച്ചതിൽ നിന്ന് ലളിതമാണ് എങ്കിലും ഓരോ ദിവസവും നാം ഇതിനെക്കുറിച്ച് ബോധവാന്മാരാകേണ്ടതാണ്. ജീവിത യാത്രയിൽ ഈ ക്ഷമാശീലം സുപ്രധാനമാണ്. "A Poison Tree" (വിഷവൃക്ഷം) എന്ന തന്റെ കവിതയിൽ വില്യം ബേയ്ക്ക് എന്ന കവി ഒരു ചെറിയ വിദ്വേഷം എപ്രകാരം മാരകമായ ഫലം പുറപ്പെടുവിക്കും എന്നത് ചൂണ്ടിക്കാട്ടുന്നു.

"ഞാൻ എന്റെ സ്നേഹിതനോടു കോപിച്ചു
ഞാൻ കോപത്തോട് പറഞ്ഞു. എന്റെ കോപം ഇല്ലാതെയായി.
ഞാൻ എന്റെ എതിരാളിയോടു കോപിച്ചു:
ഞാൻ മിണ്ടാതിരുന്നു. കോപം വളർന്ന് പന്തലിച്ചു.
എന്റെ ഭയങ്ങളാൽ ഞാൻ അതിനെ വളർത്തി വലുതാക്കി.
രാത്രിയും പകലും എന്റെ കണ്ണുനീരുകൊണ്ട് അതിനെ നനച്ചു.
എന്റെ മന്ദസ്മിതത്താൽ ഞാൻ അതിനെ മറച്ചു.
കാപട്യമുള്ള മധുരവാക്കുകളാൽ ഞാൻ അതിനെ പൊതിഞ്ഞു.
പകലും രാത്രിയും അതു വളർന്നു പന്തലിച്ചു.
അവസാനം അത് ഫലം കായിച്ചു.
അതിന്റെ പ്രഭ എന്റെ എതിരാളികൾ ദർശിച്ചു.
അത് എന്റേതെന്ന് അവൻ മനസ്സിലാക്കി.
എന്റെ തോട്ടത്തിലേക്ക് അവൻ അതിക്രമിച്ചു കടന്നു.
രാത്രിയുടെ മറവ് അവന് തുണയായിരുന്നു.





പ്രഭാത പുലരിയിൽ ഞാൻ സന്തോഷിച്ചു.
എന്റെ എതിരാളി മരണത്തിന്റെ തണലിലെത്തുകയും ചെയ്തു.

ബ്ലേയ്ക്ക് വിവരിക്കുന്ന മരത്തിന്റെ വിത്തുകൾ ദൈനംദിന ജീവിതത്തിലെ വിദ്വേഷങ്ങളിൽ നമുക്ക് ദർശിക്കുവാൻ സാധിക്കും. അദൃശ്യമാം വിധത്തിൽ അവ പലപ്പോഴും ചെറുതായിരിക്കും. ആദ്യം അവയെ നാം കണ്ടെത്തിയെന്നു വരികയില്ല. അതിനെ നാം പരിചരിച്ചു വളർത്തുന്നില്ല എങ്കിൽ തന്നെയും അവ തനിയെ തഴച്ചുവളരും. ആയതിനാൽ അവയെ വളരുവാൻ അനുവദിക്കാതെ എത്ര തന്നെ ചെറുതായിരുന്നാലും അവയെ പറിച്ചു കളവാൻ നാം ശ്രമിക്കേണ്ടതാണ്.

വിദ്വേഷങ്ങൾ വളരാതിരിപ്പാൻ ചെറുപ്പത്തിൽ തന്നെ എനിക്ക് പഠിക്കേണ്ടിയിരുന്നു. എന്റെ ചെറുപ്പകാലം സന്തോഷപ്രദമായിരുന്നുവെങ്കിലും അസുഖകരമായ അനുഭവങ്ങൾ എനിക്കും ഉണ്ടായി. ഞാൻ അസുഖ ബാധിതനായ ഒരു കുട്ടി ആയിരുന്നു. തലയ്ക്കകത്ത് വെള്ളം കെട്ടിക്കിടക്കുക എന്ന രോഗമായിരുന്നു എനിക്ക്. (Hydro cephelus) ഞാൻ ജനിച്ച സമയത്ത് എനിക്കു നടക്കുവാൻ സാധ്യമാകുകയില്ല എന്ന് ഒരു ഡോക്ടർ പറയുകയുണ്ടായി. എന്നാൽ രണ്ടരവയസ്സായപ്പോൾ ഞാൻ നടന്നു - എന്റെ സതീർത്ഥ്യർ എന്റെ രോഗം മനസ്സിലാക്കി "water head" എന്ന് വിളിച്ച് എന്നെ പരിഹസിച്ചിരുന്നു. ഇതെന്നെയും കൂടുതലായി എന്റെ മാതാപിതാക്കളെയും വേദനിപ്പിച്ചു.

എനിക്ക് ആറു വയസ്സു പ്രായമുള്ളപ്പോൾ എന്റെ കാലിൽ നിന്ന് വലിയ ഒരു റ്റ്യൂമർ ശസ്ത്രക്രിയയാൽ മാറ്റേണ്ടി വന്നു. മുന്നു ദശവർഷങ്ങളിൽ നടന്നിട്ടുള്ള ഇത്തരം നിരവധി ശസ്ത്ര ക്രിയകളിൽ ആദ്യത്തേത് ആയിരുന്നു ഇത്. ആ ശസ്ത്രക്രിയ രണ്ടു മണിക്കൂർ നീണ്ടുനിന്നു. പരാഗ്വേയിലാണ് അന്ന് ഞങ്ങൾ താമസിച്ചിരുന്നത്. ആ കാലയളവിൽ ആന്റി ബയോട്ടിക്കുകൾ പ്രചാരത്തിൽ വന്നിരുന്നില്ല. ആയതിനാൽ പഴുപ്പിനുള്ള സാദ്ധ്യതയും കൂടിയിരുന്നു. എന്റെ കാലിൽ തുണികെട്ടിയതിനുശേഷം ആശുപത്രിയിൽ നിന്ന് നടന്നാണ് ഭവനത്തിലേക്ക് പോയത്. ഊന്നുവടിയും (Crutches) വാഹനവും അന്ന് ലഭിച്ചില്ല. ഞാൻ നടന്നു വരുന്നത് കണ്ട് എന്റെ പിതാവ് പകച്ചു നിന്നു. അത്ഭുത സ്തംഭിതനായി എങ്കിലും അദ്ദേഹം അത് മറച്ചു വെയ്ക്കുവാൻ ശ്രമിച്ചു. ഞാൻ ഭവനത്തിലേക്ക് മുടന്തി ആയിരുന്നു കയറിയത്. അത് കണ്ട പിതാവ് അഭിപ്രായം ഒന്നും പറഞ്ഞില്ല.

എന്റെ മാതാപിതാക്കൾ ആരെയും ഒന്നിനും കുറ്റം പറയുകയില്ല. അവർ ആരെക്കുറിച്ച് എങ്കിലും ദുഷിച്ചു പറയുന്നത് ഞങ്ങൾ കേട്ടിട്ടില്ല. അങ്ങനെയെന്തെങ്കിലും പറവാൻ അവർ ഞങ്ങളെയും അനുവദിക്കുമായിരുന്നില്ല. മറ്റെല്ലാ മാതാപിതാക്കളെയും പോലെ ഞങ്ങൾ കുട്ടികൾ ആരെയെങ്കിലും, അധ്യാപകരോ മറ്റു മുതിർന്നവരോ ശകാരിക്കുന്നത് അവർ ഇഷ്ടപ്പെട്ടിരുന്നില്ല. എങ്കിലും അവർ അവരുടെ വികാരങ്ങൾ മനസ്സിൽ ഒതുക്കിയിരുന്നു. അങ്ങനെയുള്ള സന്ദർഭങ്ങളെ അതിജീവിക്കുവാൻ സാധിക്കുന്നത് ക്ഷമയിൽ കൂടിമാത്രമാണ് എന്ന് അവർ വിശ്വസിക്കുകയും അത് അവർ ഞങ്ങളെ പഠിപ്പിക്കുകയും ചെയ്തിരുന്നു.

എനിക്ക് പതിന്നാലു വയസ്സായപ്പോൾ ഞങ്ങൾ അമേരിക്കയിലേക്ക് താമസം മാറ്റി. തെക്കേ അമേരിക്കയിലെ ഒരു ഗ്രാമപ്രദേശത്തു നിന്ന് ന്യൂയോർക്ക് നഗരത്തിലെ ഒരു ഹൈസ്കൂളിലേക്ക് പഠനം മാറ്റിയത് വലിയോരു വ്യതിയാനം ആയിരുന്നു. എനിക്ക് ഇംഗ്ലീഷ് ഭാഷ വലിയോരു പ്രശ്നമായി തോന്നി. എന്നാൽ അതോടൊപ്പം തന്നെ മറ്റു പലവിധ പ്രശ്നങ്ങളിൽ കൂടിയും എനിക്ക് കടക്കേണ്ടി വന്നു. എന്റെ വസ്ത്രധാരണ രീതിയും ശരീരപ്രകൃതിയും വ്യത്യസ്തമായിരുന്നു എന്നു മാത്രമല്ല എന്റെ ലജ്ജാ ശീലവും എനിക്ക് പ്രതിബന്ധങ്ങൾ സൃഷ്ടിച്ചു. എനിക്ക് എന്നിൽ തന്നെയുള്ള മതിപ്പ് കുറവായിരുന്നു.

എല്ലാ കുട്ടികളും തങ്ങളുടെ സ്നേഹിതരുടെ അംഗീകാരം ആഗ്രഹിക്കുന്നു. അതിൽ നിന്നും ഞാൻ വ്യത്യസ്ഥനായിരുന്നില്ല. മറ്റുള്ളവരാൽ അംഗീകരിക്കപ്പെടണമെന്ന് ഞാൻ വളരെയധികം ആഗ്രഹിച്ചു. എന്റെ സതീർത്ഥ്യരെ സ്വാധീനിക്കുവാൻ ഞാൻ അമിതമായി പരിശ്രമിച്ചു. എന്നാൽ അവർ, പ്രത്യേകിച്ചും അവരുടെ നായകൻ എന്നെ പരിഹസിക്കുകയാണ് ഉണ്ടായത്. ഞാൻ അതിന് പ്രതികാരം ചെയ്യുവാൻ ശ്രമിച്ചു. ഉപദ്രവകാരിയെ കളിയാക്കുകയും അയാളെ അനാവശ്യം പറയുകയും ചെയ്തു. അതിന് പകരമായി അയാൾ എന്നെ മർദ്ദിച്ചു.

എനിക്ക് ഇരുപത് വയസ്സ് ആയപ്പോൾ ഞാൻ സ്നേഹിച്ചിരുന്ന പെൺകുട്ടി എന്നെ നിരാകരിച്ചു. തള്ളിപ്പറഞ്ഞു എന്നു മാത്രമല്ല ബന്ധം പൂർണ്ണമായി വേർപ്പെടുത്തുകയും ചെയ്തു. ഇത് വികാരപരമായി എന്റെ ഹൃദയത്തിന് ആഴമേറിയ മുറിവുകൾ ഉളവാക്കി. വേദനയുടേതായ ആ





വികാരങ്ങളെ തുടച്ചുനീക്കി അവളോടു ക്ഷമിക്കുക എന്നത് വിഷമമേറിയ ഒന്നായി അനുഭവപ്പെട്ടു. പ്രത്യേകിച്ചും ബന്ധം വേർപ്പെടുത്തിയതിന്റെ കാരണം പോലും എനിക്ക് മനസ്സിലായിരുന്നില്ല. പിന്നീട്, സംഭവിച്ചതെല്ലാം എന്റെ മാത്രം കുഴപ്പം കൊണ്ടാണ് എന്ന് ചിന്തിക്കുവാൻ തുടങ്ങി അതിന് കാരണമായി എന്റെ പ്രാകൃത രീതികൾ ആയിരിക്കും എന്നു ഞാൻ ചിന്തിച്ചു. എന്നോടു തന്നെ ക്ഷമിക്കേണ്ടതിന്റെ ആവശ്യത്തെക്കുറിച്ചും ഞാൻ ചിന്തിച്ചു.

കുറെ വർഷങ്ങൾക്കു ശേഷം എന്റെ പ്രത്യാശകൾ വീണ്ടും അസ്തമിച്ചു. മറ്റൊരു യുവതി അനേകമാസങ്ങൾ നീണ്ടുനിന്ന ബന്ധം വിച്ഛേദിച്ചു. എന്റെ ലോകം എന്റെ ചുറ്റുമായി പൊട്ടിത്തകർന്നു. കാരണം കണ്ടു പിടിക്കുവാൻ ഞാൻ ശ്രമിച്ചു. എന്ത് തെറ്റാണ് ഞാൻ ചെയ്തത്.

രണ്ടാം തവണ ബന്ധം തകർന്നത് വൈകാരികമായി കൂടുതൽ വൈഷമ്യമുള്ളതായിരുന്നു. എന്നാൽ സമയം വരുമ്പോൾ യഥാർത്ഥ ജീവിത പങ്കാളിയെ കണ്ടെത്തും എന്ന് എന്റെ പിതാവ് എന്നെ ആശ്വസിപ്പിച്ചു. കുറച്ചു വർഷങ്ങൾക്ക് ശേഷം അത് ഒരു യാഥാർത്ഥ്യമായിത്തീർന്നു.

## ക്ലേയ്ർ സ്റ്റോബർ (Clare Stober)

ദൈനംദിന ജീവിതത്തിൽ ക്ഷമയുടെ ആത്മാവിന്റെ പ്രവർത്തനം പ്രായോഗീകമാക്കണമെങ്കിൽ നമ്മുടെ വികാരങ്ങളെ അഥവാ നമ്മുടെ വികാരങ്ങളിൽ അടങ്ങിയിരിക്കുന്ന യാഥാർത്ഥ്യങ്ങളെ നാം ശരിയായി മനസ്സിലാക്കണം. ഒരു പക്ഷേ നാം വീണ്ടും ഒരിക്കലും കാണാത്ത ഒരു അപരിചിതനോട് ക്ഷമ കാട്ടുവാൻ വിഷമമാണ്. എന്നാൽ നാം സ്നേഹിക്കുകയും വിശ്വസിക്കുകയും ചെയ്യുന്ന ഒരാളോടു ക്ഷമിക്കുവാൻ നമുക്ക് അതിലും കൂടുതലായി വിഷമം തോന്നും. നമ്മുടെ കുടുംബാംഗങ്ങൾ, നമ്മുടെ സ്നേഹിതർ, നമ്മുടെ പ്രവർത്തന രംഗത്തെ സഹപ്രവർത്തകർ പ്രത്യേകിച്ചും അവരിൽ അടുപ്പവും സ്നേഹവും ഉള്ളവർ – അവർക്ക് നമ്മുടെ സ്വഭാവത്തിന്റെ ഗുണങ്ങളും ദോഷങ്ങളും, നമ്മുടെ നേട്ടങ്ങളും, കോട്ടങ്ങളും, വിജയങ്ങളും, പരാജയവും അറിയാവുന്നവരാണ്. അവർ നമുക്ക് എതിരാകുമ്പോൾ നാം ആകെ തളരുന്നതായി അനുഭവപ്പെടും. വ്യവസായ പ്രമുഖനും എന്റെ സഭാംഗവുമായിരുന്ന ക്ലേയ്ർ സ്റ്റോബറിന് അതാണ് അനുഭവമായത്.

''പത്തുവർഷമായി ഒരു പാർട്ട്നറോടൊത്ത് നടത്തിവന്ന അഡ്വർടൈസിങ്ങ് ഏജൻസി വിട്ട് മറ്റൊരു സ്ഥലത്തേക്ക് മടങ്ങേണ്ടി വന്നപ്പോൾ അതിന്റെ ബിസിനസ്സ് കാര്യങ്ങൾ തീർത്തു പങ്കാളിത്വം വേർപെടുത്തേണ്ടിയിരുന്നു. വളരെയധികം ബുദ്ധിമുട്ടുള്ള ഒന്നായിരുന്നു ഇത്. ഈ പങ്കാളിയും അയാളുടെ ഭാര്യയും ആയി പതിനഞ്ചു വർഷം നീണ്ടു നിന്ന ഒരു സ്നേഹബന്ധം ആണ് എനിക്ക് ഉണ്ടായിരുന്നത്. ഞങ്ങൾ ഒരേ സഭയുടെ അംഗങ്ങളും ആയിരുന്നു. എന്നാൽ കാലക്രമത്തിൽ ഞങ്ങൾ തമ്മിൽ വിടവുകൾ ഉളവാകുകയും വർദ്ധിക്കുകയും ചെയ്ത് ഒരുമിച്ച് പ്രവർത്തിക്കുക അസ്സാദ്ധ്യമായിത്തീർന്നു.

ഞങ്ങളുടെ ഉപദേശകർക്ക് എപ്രകാരം ഏറ്റവും മെച്ചമായ രീതിയിൽ ബിസിനസ്സ് പങ്കിടണമെന്നതിനെക്കുറിച്ച് അറിവില്ലായിരുന്നു. ഏറ്റവും ശരിയും അഭികാമ്യവും ആയ രീതിയിൽ – എന്റെ മനസ്സാക്ഷിയെ ഒട്ടും തന്നെ വേദനിപ്പിക്കാത്ത രീതിയിൽ – ഏറ്റവും മെച്ചമായ ഒരു ഓഫർ ഞാൻ അവർക്ക് നൽകി. ഏറ്റവും ഉദാരമായ ഒന്നാണ് അത് എന്ന് ഞാൻ ചിന്തിച്ചു. എന്നാൽ എന്റെ പങ്കാളിയുടെ കാഴ്ചപ്പാടുകൾ തികച്ചും വ്യത്യസ്തമായിരുന്നു. പങ്കാളിത്വം അവസാനിപ്പിക്കുവാനാണ് എന്റെ ശ്രമം എന്ന് ഞാൻ അയാളോടു പറഞ്ഞ സമയം മുതൽ തന്നെ അയാൾ എന്നോടു സംസാരിക്കാതായി. എന്നാൽ ഈ പ്രക്രിയ നീണ്ടതും കഠിനവും നിശ്ശബ്ദവും അന്യോന്യം ശകാരവർഷങ്ങൾ നിറഞ്ഞതും ആയിരിക്കും എന്ന് മനസ്സിലാക്കുവാൻ രണ്ടു മാസങ്ങൾ കൂടി വേണ്ടിവന്നു.

ഒരു ഉടമ്പടി ഉണ്ടാക്കി ഒപ്പു വെയ്ക്കുന്നതിനു മുമ്പ് തന്നെ എനിക്ക് അവിടെ നിന്ന് പോകേണ്ടി വന്നു. രണ്ടുവശത്തു നിന്നും വക്കീലന്മാരെ കൊണ്ടുവന്നുവെങ്കിലും അവർ സംഗതികൾ കൂടുതൽ വഷളാക്കുകയാണ് ചെയ്തത്. ഒത്തു തീർപ്പിന് പുറത്തു നിന്ന് ഒരു മദ്ധ്യസ്ഥനെ (Arbitrator) കൊണ്ടുവരുവാൻ ഞാൻ തയ്യാറായി. എന്നാൽ എന്റെ പങ്കാളി ഈ മദ്ധ്യസ്ഥനെ പുറത്താക്കി പകരം ഒരു അക്കൗണ്ടന്റിനെ നിയമിച്ചു. ഏഴുവർഷം ഈ അക്കൗണ്ടന്റ് എന്റെ പങ്കാളിയും ഒത്ത് പ്രവർത്തിച്ചിരുന്നു. തന്റെ ഭാവി എന്റെ മുൻ ബിസിനസ്സ് പങ്കാളിയുടെ കൂടെയാണ് എന്ന് മനസ്സിലാക്കിയ ഈ അക്കൗണ്ടന്റ് പങ്കാളിത്തത്തിൽ നിന്നുള്ള എന്റെ വിടുതൽ കൂടുതൽ വിഷമകരമാക്കിത്തീർത്തു.





ഒരു അവസാന ഭാഗപത്രം എഴുതി അതിൽ അടിസ്ഥാനമാക്കി ഒരു ഉടമ്പടി സൃഷ്ടിക്കുന്നതിനുമുമ്പായി അന്യോന്യം നിരവധി കടമ്പകൾ കടക്കേണ്ടി വന്നു. അതിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. അവസാനം ജനുവരി മുതൽ ഡിസംബർ വരെയുള്ള കമ്പനിയുടെ ചിലവുകൾക്ക് ഞാൻ പങ്കും ഉത്തരവാദിത്വവും വഹിക്കേണ്ടിയും വന്നു. പക്ഷെ ജനുവരി മുതൽ ജൂൺവരെ ഞാൻ പിരിയുന്നതു വരെയുള്ള വരവിന്റെ പങ്ക് മാത്രമാണ് ഞാൻ പറ്റിയിരുന്നത്. അവസാനം അവർ നൽകേണ്ടിയിരുന്ന നികുതിയായി 50,000 ഡോളറും ഞാൻ നൽകി.

അവരുടെ ആസൂത്രിതമായ പദ്ധതിയുടെ ഭവിഷ്യത്തുക്കൾ മനസ്സിലാക്കിയപ്പോൾ കോപാവേശയായ എനിക്ക് നിരവധി രാത്രികളിൽ ഉറങ്ങുവാൻ സാധിച്ചില്ല. അവർ ഒത്തുകൂടി എന്നെ തകർക്കുവാൻ ശ്രമിച്ചു എന്ന ഭീതി എന്നിൽ ഉളവായി. എന്റെ ജീവിതത്തിൽ പലവിധ പ്രതിബന്ധങ്ങളിൽ കൂടി ഞാൻ കടന്നു പോയിട്ടുണ്ട് എങ്കിലും ഇതുപോലെ തിരിഞ്ഞുമറിഞ്ഞു കിടന്ന് ഉറങ്ങാതെയുള്ള രാവുകൾ അന്നെങ്ങും എനിക്കുണ്ടായിട്ടില്ല. ഹൃദയമുറിവുകളും അതികോപവും നിമിത്തം എനിക്ക് സംഭവിച്ചത് എന്താണ് എന്ന് പകൽ സമയത്ത് ഓർക്കുമ്പോൾ ഞാൻ കോപാഗ്നിയാൽ വിറച്ചുതുള്ളി.

“എന്തിനാണ് വിഷമിക്കുന്നത്”? നിനക്ക് കുറച്ചു പണം നഷ്ടപ്പെട്ടു എന്നല്ലേ ഉള്ളൂ. എന്ന ഒരു സ്നേഹിതൻ പറഞ്ഞപ്പോൾ ഞാൻ കലികൊണ്ടു തുള്ളി. ശരിയാണ് പണം എനിക്ക് നഷ്ടപ്പെട്ടു. ആ സമയത്ത് എനിക്ക് അത് ആവശ്യമില്ലായിരുന്നു. എന്നാൽ ആ പണം എന്റേതാണ്. ഞാൻ കബളിക്കപ്പെട്ടു. അവർ എന്നോട് വിശ്വാസവഞ്ചന കാട്ടി. ദൈവത്തിന്റെ പ്രതികാരത്തിൽ സർവ്വവും സമർപ്പിച്ചു.

ക്ഷമയിലേക്കുള്ള എന്റെ യാത്രയ്ക്ക് ദീർഘവർഷങ്ങൾ വേണ്ടി വന്നു. ഒരു രാത്രി റേഡിയോയിൽ ഒരു പാട്ട് കേട്ടു. അത് ഒഴുകുന്ന അരുവിയിൽ പൊന്തി നിൽക്കുന്ന കല്ലുകളിൽ ചവുട്ടി അക്കരെ കടക്കുന്ന രീതിയിൽ ആയിരുന്നു അത്. അതിൽ ആദ്യത്തെ പടി ക്ഷമയെക്കുറിച്ച് ഉള്ള ഒരു ഗാനം ആയിരുന്നു. ഒരു രാത്രി ഞാൻ തനിയെ കാറ് ഓടിച്ചു പോകുകയായിരുന്നു. ആ സമയം റേഡിയോയിൽ കൂടിയാണ് ആ ഗാനം ഞാൻ ശ്രവിച്ചത്. പാടുന്നതിനു മുമ്പായി ആ ഗായകൻ ക്ഷമയെക്കുറിച്ചുള്ള ആ ഗാനത്തിന്റെ അർത്ഥം വിവരിക്കുകയു

ണ്ടായി. ഒരു അലമാരിയിലെന്ന പോലെ ഹൃദയത്തിന്റെ അറകളിൽ ക്ഷതങ്ങളും മുറിവുകളും സൂക്ഷിക്കുകയും കാലാകാലങ്ങളിൽ അവയെ പുറത്തെടുക്കുകയും ചെയ്യുന്നതിനെ പ്രകീർത്തിക്കുന്നതായിരുന്നു ആ ഗാനത്തിന്റെ ഉള്ളടക്കം. ഇതും തികച്ചും ശരി തന്നെ. നാം നമ്മുടെ മുറിവുകളെയും ക്ഷതങ്ങളെയും എപ്പോഴും പരിചരിക്കും.

ആ ഗാനത്തിന്റെ അവസാന ഭാഗം ഒരു സന്ദേശത്തോടു കൂടി ആയിരുന്നു. നമ്മെ ക്ഷതമേല്പിച്ചവരോടു ക്ഷമിക്കാതെയിരിക്കുന്നതിൽ കൂടി, അവരോടുള്ള പകയും വിദ്വേഷം വെച്ചുപുലർത്തുന്നതിൽ കൂടി, അവരെ ശിക്ഷിക്കുന്നതായി, ജയിലിലടക്കുന്നതായി നാം ചിന്തിക്കുന്നു. എന്നാൽ ആ ശിക്ഷിക്കപ്പെടുന്ന വ്യക്തിയുടെ മുഖം നോക്കുന്ന അവസരത്തിൽ അത് നാം തന്നെയാണ് എന്ന് നമുക്ക് ബോദ്ധ്യമാകും. ആ നിമിഷം ഒരു യാഥാർത്ഥ്യം എനിക്ക് ബോദ്ധ്യമായി. എന്റെ ജീവിതത്തിന്റെ മുന്നോട്ടുള്ള ഗമനത്തിന് ക്ഷമ എന്നത് ഏറ്റവും ആവശ്യമാണ്.

എന്റെ രണ്ടാമത്തെ പടി മറ്റൊരു യാഥാർത്ഥ്യം ഞാൻ മനസ്സിലാക്കി എന്നതാണ്. എന്റെ ബിസിനസ്സ് പങ്കാളി പരദൂഷണ വാക്കുകളാൽ എന്നെ വേദനിപ്പിച്ചു എന്നതിലുപരി പണത്തോട് എനിക്ക് അതിമോഹം ഉണ്ട് എന്ന യാഥാർത്ഥ്യം എനിക്ക് ബോദ്ധ്യമായി. ക്രിസ്തീയ തത്വങ്ങൾ എന്നെ നയിക്കുന്നതിനേക്കാൾ കൂടുതൽ പണം എന്റെ ജീവിതത്തെ സ്വാധീനിക്കുകയും നയിക്കുകയും ചെയ്യുന്നു എന്ന വസ്തുതയിൽ ഞാൻ കൂടുതൽ അസ്വസ്ഥയായി.

മൂന്നാമത്തെ പടി കയറുവാൻ ഒരു വർഷം കൂടി കാത്തിരിക്കേണ്ടി വന്നു. ഒരു പുതിയ സ്ഥലത്ത് ഞാൻ ജീവിതത്തിന്റെ ഒരു പുതിയ അദ്ധ്യായം തുറക്കുന്നതിന് ശ്രമിച്ചു. ഒരു ദിവസം എന്റെ പഴയ പങ്കാളിയെ പരിചയമുണ്ടായിരുന്ന എന്റെ ഒരു സ്നേഹിതയോടൊപ്പം ഞാൻ നടന്നുപോകുകയായിരുന്നു. ആ സമയം എന്റെ മുൻ പങ്കാളിയോട് ഞാൻ പൂർണ്ണമായും ക്ഷമിച്ചുവോ എന്ന് അവൾ ചോദിച്ചു. തീർച്ചയായും ഞാൻ ക്ഷമിച്ചു എന്നു മറുപടി ഞാൻ നൽകുകയുണ്ടായി. എന്നാൽ ആ മറുപടിയിൽ അവൾ തൃപ്ത ആയില്ല. രണ്ടു പേരുടെയും ഭാവി പ്രവർത്തനങ്ങൾക്ക് അന്യോന്യം ക്ഷമിക്കുക എന്നത് ഏറ്റവും പ്രാധാന്യം അർഹിക്കുന്നു എന്ന് അവർ പറഞ്ഞു. മാത്രമല്ല പലപ്പോഴും ക്ഷമിക്കാതെയിരിക്കുന്നതിൽ കൂടി എതിരാളിയെ കെട്ടിയിട്ട് അയാൾക്ക്





തന്റെ ജീവിതത്തിൽ മുന്നോട്ടു പോകുവാനുള്ള അവസരം നഷ്ടപ്പെടുത്തുന്ന സാഹചര്യങ്ങൾ ആണ് ഉണ്ടാകുന്നത് എന്ന് അവർ പറഞ്ഞു. അങ്ങിനെയാണ് സംഗതികൾ എങ്കിൽ യഥാർത്ഥ ക്ഷമ എങ്ങിനെ പ്രാവർത്തികമാക്കുവാൻ സാധിക്കും എന്ന് ഞാൻ അവരോട് ചോദിച്ചു. ഒരു സമ്മാനം നൽകുന്നതുപോലെയാണ് ക്ഷമ എന്നായിരുന്നു അവരുടെ മറുപടി. അതിനെ തുടർന്നു ഞാൻ തിരുമാനമെടുത്തു. ക്ഷമ എന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കിത്തീർക്കേണം. എന്നാൽ വിഭിന്ന ചിന്താഗതികൾ എന്റെ മനസ്സിൽ വന്നുകൊണ്ടിരുന്നു. എന്റെ പങ്കാളിയാണ് തെറ്റുകാരൻ. അതുകൊണ്ട് അയാളല്ലേ എന്നോടു ക്ഷമ ചോദിക്കേണ്ടത്? ഞാൻ എന്തിന് അയാളോടു ക്ഷമ ചോദിക്കേണം?

അഗാധമായ ഒരു ആത്മപരിശോധനാ വേളയിലാണ് അവസാന പടികടക്കുവാൻ എനിയ്ക്ക് കഴിഞ്ഞത്. എന്റെ ഹൃദയത്തിലെ സകലവിധ പാപങ്ങളും കറകളും തുടച്ചു മാറ്റി വെടിപ്പോടു കൂടി ദൈവസന്നിധിയിൽ ചെല്ലുവാനുള്ള ശ്രമത്തിലായിരുന്നു ഞാൻ. എന്നാൽ യഥാർത്ഥത്തിൽ എന്റെ മുന്നോട്ടുള്ള ഗമനത്തിൽ തടസ്സം ഉണ്ടായിരുന്നു. എനിക്ക് വെടിപ്പാക്കുവാൻ യാതൊന്നും തന്നെ ഇല്ല എന്ന ചിന്തയിലായിരുന്നു ഞാൻ.

ആ സമയത്താണ് വസ്തുതകളുടെ യാഥാർത്ഥ്യം ഒരു ടൺ ഭാരമുള്ള കല്ല് എന്റെ മേൽ വന്നിടിക്കുന്ന രീതിയിൽ എനിക്ക് ബോദ്ധ്യമായത്. തീർച്ചയായും എന്റെ ബിസിനസ്സ് പങ്കാളി അരുതാത്തതാണ് എന്നോടു ചെയ്തത്. എന്നാൽ ആ പങ്കാളിയോടും മറ്റു പലരോടും ഒരു പക്ഷേ ഇതേ തരത്തിൽ ഞാനും പ്രവർത്തിച്ചിട്ടുണ്ടാവാം. ആ ചിന്തകളുടെ അടിസ്ഥാനത്തിൽ ഞാൻ ഒരു കത്ത് എഴുതി. എന്റെ മനസ്സിൽ ഞാൻ കൊണ്ടു നടന്ന വിദ്വേഷത്തെക്കുറിച്ചും കോപത്തെക്കുറിച്ചും ഞാൻ ആ എഴുത്തിൽ ഉൾക്കൊള്ളിച്ചു. ഇതിനെ ആസ്പദമാക്കി ഞാൻ മുൻ ബിസ്സിനസ്സ് പങ്കാളിയോടു ആ എഴുത്തിൽ കൂടി ക്ഷമയും ചോദിച്ചു. ഒരു കവറിൽ ഉൾക്കൊള്ളിച്ച് അത് പശവെച്ച് ഒട്ടിച്ച സമയം എന്റെ മനസ്സിൽ നിന്ന് വലിയോരു ഭാരം ഒഴിഞ്ഞതുപോലെയായി. അതു ഞാൻ ഉടൻ തന്നെ തപാൽ പെട്ടിയിൽ ഇടുകയും ചെയ്തു. അതോടൊപ്പം എന്റെ കോപത്തിൽ നിന്ന് എനിക്ക് വിടുതൽ ലഭ്യമാകയും ചെയ്തു.

ഏകദേശം ഒരു മാസത്തിന് ശേഷം എന്നോടു ക്ഷമയേക്കുറിച്ച് സംസാരിച്ച അതേ സ്നേഹിത എന്നെ ഫോൺ വിളിച്ച് എനിക്ക് ഒരു സമ്മാനം (gift) എന്നതുപോലെ ക്ഷമ നൽകുവാൻ സാധിച്ചുവോ എന്ന് ചോദിച്ചു. അതിനുസാധിച്ചതിനാൽ എനിക്ക് പൂർണ്ണ വിടുതൽ ലഭ്യ മായി എന്ന ഉത്തരമാണ് അതിന് ഞാൻ നൽകിയത്. "നീ അതു ചെയ്തു എന്ന് എനിക്ക് ബോദ്ധ്യമായി. കാരണം നിന്റെ മുൻ ബിസി നസ്സ് പങ്കാളിയിലും ഞാൻ ഒരു വ്യതിയാനം നിരീക്ഷിച്ചു."

## ഹൈൻറിച്ച് & ആൻമേറി ആർനോൾഡ് (Heinrich & Annmarie Arnold)

യവ്വന കാലത്തിൽ എന്റെ പിതാവ് ഒരു ഉത്തമ കൗൺസലറായി മറ്റുള്ളവരെ സഹായിച്ചുവന്നു. പ്രായപൂർത്തി ആയതിനുശേഷം മാത്രം ഇംഗ്ലീഷ് സംസാരിക്കുവാൻ പഠിച്ച അദ്ദേഹം ഉപദേശങ്ങൾ പറഞ്ഞു കൊടുക്കുന്നതിനേക്കാൾ കൂടുതലായി മറ്റുള്ളവരുടെ പ്രശ്നങ്ങൾ സഹിഷ്ണുതയോടെ ശ്രദ്ധിച്ച് അത് മനസ്സിലാക്കി തന്റെ വ്യക്തിപര മായ അഭിപ്രായങ്ങൾ അവരോടു പറഞ്ഞു. ആ വിധത്തിൽ അവരെ സഹായിച്ചുവന്നു. ഉപദേശങ്ങൾ നൽകുന്നതിൽ ഉപരിയായി പ്രശ്ന ങ്ങളുടെ പ്രതിവിധി സ്വയം കണ്ടെത്തുന്നതിൽ ഏവരെയും സഹായി ക്കുവാൻ അദ്ദേഹം താല്പര്യം പ്രകടിപ്പിച്ചു.

എന്റെ പപ്പ പോകുന്ന സ്ഥലങ്ങളിലെല്ലാം തന്നെ അദ്ദേഹത്തോടു സംസാരിക്കുന്നതിന് ആളുകൾ താല്പര്യം പ്രകടിപ്പിച്ചു. പലർക്കും അവരുടെ ഹൃദയഭാരങ്ങൾ അദ്ദേഹത്തോടു പറയുന്നതിൽ കൂടി ലഘൂ കരിക്കുവാൻ സാധിച്ചിരുന്നു. മറ്റു ചിലർക്ക് തങ്ങളെ ശ്രദ്ധിക്കുന്ന ഒരാളെ ലഭ്യമാകുന്നതിലാണ് താല്പര്യം. എന്നിരുന്നാലും തങ്ങൾക്ക് വേണ്ടി എന്റെ പപ്പാ സമയം ചിലവഴിക്കുമെന്ന് അവർക്ക് അറിയാമാ യിരുന്നു. നിർഭാഗ്യവശാൽ പപ്പായുടെ ചില സഹപ്രവർത്തകർക്ക് അദ്ദേ ഹത്തിന്റെ പ്രവൃത്തിയിൽ അസൂയയും വിദ്വേഷവും ഉളവാക്കി അദ്ദേ ഹത്തെ വിമർശിക്കുകയും പലതരത്തിൽ ഉപദ്രവിക്കുകയും ചെയ്തു.

ഏകദേശം ഞാൻ ജനിച്ച സമയം പപ്പായ്ക്ക് വൃക്കരോഗം പിടി പെട്ടിരുന്നു. ഞാൻ വളർന്നു വരുന്നതിനൊപ്പം തന്നെ അദ്ദേഹത്തിന്റെ രോഗവു വർദ്ധിക്കുകയുണ്ടായി. ഗ്രാമപ്രദേശത്തു ഉണ്ടായിരുന്ന ഒരു ക്രിസ്തീയ സമൂഹത്തിലായിരുന്നു ഞങ്ങൾ ജീവിച്ചിരുന്നത്. ജീവിത സൗകര്യങ്ങൾ കുറവും, ബുദ്ധിമുട്ടുകൾ കൂടുതലും അതോടൊപ്പം





ഉഷ്ണമേഖലയിലെ അസുഖങ്ങളും ഞങ്ങൾ നേരിടേണ്ടി വന്നു. ശിശു മരണവും ആ കാലയളവിൽ കൂടുതലായിരുന്നു. രണ്ടാം ലോക മഹാ യുദ്ധകാലത്ത് യുദ്ധത്തിനെതിരായി അഹിംസാമാർഗ്ഗം സ്വീകരിച്ച വരുടെ ഒരു ക്രിസ്തീയ കൂട്ടായ്മ ആയിരുന്നു ഞങ്ങളുടെ സമൂഹം. യൂറോപ്പിൽ നിന്ന് ലാറ്റിൻ അമേരിക്കയിലേക്ക് കുടിയേറി പാർത്തവ രായിരുന്നു. സമൂഹത്തിന്റെ അംഗങ്ങൾ സമൂഹ ജീവിതത്തിന്റേതായ പിരിമുറുക്കങ്ങളും ഞങ്ങളെ അലട്ടിയിരുന്നു.

ഞങ്ങളുടെ ക്രിസ്തീയ സമൂഹത്തിന്റെ നേതൃത്വം പപ്പയുടേതായി രുന്നു. ഈ സാഹചര്യത്തിൽ സമൂഹ ജീവിതത്തിന്റെയും സമൂഹത്തി ന്റെയും ചുമതലകളും ഭാരങ്ങളും പപ്പായുടെ ആരോഗ്യത്തെ വളരെ യധികം ബാധിച്ചു. രോഗം മൂർദ്ധന്യാവസ്ഥയിൽ എത്തിയ ഒരു അവ സരം പപ്പായെ വെറും നാല്പതു മണിക്കൂറുകൾ മാത്രമേ ജീവിക്കുക യുള്ളു എന്ന് ഡോക്ടർമാർ വിധിയെഴുതി. ഈ സമയം സമൂഹത്തിന്റെ എല്ലാ അംഗങ്ങളെയും അദ്ദേഹം തന്റെ കിടക്കക്കരികിൽ വിളിച്ചു കൂട്ടി തന്റെ ചുമതലകൾ ഓരോരുത്തരെ ആയിട്ടേല്പിച്ചു. അതിൽ ഒരാൾ ഭാര്യാസഹോദരനായിരുന്നു.

അത്ഭുതകരമായി പപ്പാ തന്റെ മാരകമായ രോഗത്തിൽ നിന്ന് വിടു വിക്കപ്പെട്ടു. എന്നാൽ സമൂഹത്തിന്റെ പുതിയ സാരഥികൾ തങ്ങളെ ഏല്പിച്ച ചുമതലകൾ മടക്കി നൽകുന്നതിനു പകരം തന്റെ പ്രവർത്തന കാലം കഴിഞ്ഞു എന്ന് എന്റെ പിതാവിനെ ധരിപ്പിക്കുവാനാണ് ശ്രമി ച്ചത്. നേതൃത്വത്തിന്റെ ചുമതലകൾ സ്വീകരിക്കുന്നതിന് അപ്രാപ്ത നാണ് എന്ന് ഡോക്ടർ വിധിയെഴുതി എന്നാണ് അവർ വ്യാഖ്യാനിച്ചത്.

ഏതാനും ആഴ്ചകളുടെ വിശ്രമം മാത്രമാണ് ഡോക്ടർമാർ ഉപദേ ശിച്ചത്. തെറ്റിദ്ധാരണ ഉളവാക്കുവാനുള്ള ശ്രമം കരുതി കൂട്ടിയാണ് ഉണ്ടായത്. പപ്പായുടെ ശുശ്രൂഷയിൽ നിന്നും പപ്പായെ അകറ്റിനിർത്തുക എന്നതായിരുന്നു അവരുടെ ഉദ്ദേശം. അതിനുള്ള മറ്റൊരു ആവനാഴി യായി അസുഖത്തിന്റെ സമയത്ത് പപ്പായ്ക്ക് ഉണ്ടായ ദർശനങ്ങളെ മാനസീക വിഭ്രാന്തിയായി ചിത്രീകരിച്ച് അദ്ദേഹത്തെ പ്രവർത്തനരം ഗത്തു നിന്നും അകറ്റുവാൻ ശ്രമിച്ചു. മുപ്പതു വർഷത്തിനു ശേഷം ഒരു ഡോക്ടർ അന്നു നൽകിയ ബ്രോമൈഡ് ചേർന്ന മരുന്നുകളുടെ അന ന്തരഫലമായിരുന്നു അദ്ദേഹത്തിന്റെ അന്നത്തെ വൈകാരിക പ്രക ടനം എന്നു പറയുകയുണ്ടായി. അവരുടെ ഈ തരത്തിലുള്ള സമീപ

നത്തെ ചെറുത്തു നിൽക്കുവാൻ ശ്രമിക്കാതെ പപ്പാ അടുത്തുള്ള ഒരു മിഷണറി ഹോസ്പിറ്റലിൽ ജോലി സ്വീകരിച്ചു.

എന്നാൽ അധികം താമസിയാതെ ഒരു പുതിയ പ്രശ്നം രൂപം കൊണ്ടു. തങ്ങളുടെ സമൂഹത്തിന്റെ അടിസ്ഥാന തത്വങ്ങളായ വിശ്വാസം, അന്യോന്യം ഉള്ള ശുശ്രൂഷ, സഹോദരസ്നേഹം ഇവയെ ബലി കഴിച്ച് നിയമങ്ങളെയും ചട്ടങ്ങളെയും അടിസ്ഥാനമാക്കിയുള്ള ഒരു കമ്മറ്റിയുടെ മേധാവിത്വത്തിൽ സമൂഹം വ്യതിചലിക്കുന്നതിൽ ദുഃഖിതരായ ഒരു കൂട്ടം വിശ്വാസികൾക്കൊപ്പം എന്റെ പിതാവും പ്രസ്തുത താല്പര്യങ്ങളെ ചൂണ്ടിക്കാട്ടുവാൻ ശ്രമിച്ചു. എന്നാൽ അവ ശ്രദ്ധിക്കപ്പെട്ടില്ല. അവരുടെ ചോദ്യങ്ങളെ പരിഗണിക്കുന്നതിനുപകരം അവർ ഭിന്നിപ്പിക്കുന്നതിന് ശ്രമിക്കുന്നു എന്ന് ആരോപിച്ച് അവരെ സഭയിൽ നിന്ന് മുടക്കി. അങ്ങനെ എന്റെ പിതാവും സഭയ്ക്കു പുറത്തായി.

സൂറിച്ച് (Zurich) എന്ന നഗരത്തിൽ കൃഷിശാസ്ത്രം അഭ്യസിച്ച എന്റെ പിതാവ് ഒരു നല്ല കൃഷിക്കാരൻ ആയിരുന്നു എങ്കിലും ഒരു ജോലി ലഭ്യമാകുന്നതിന് വൈഷമ്യങ്ങൾ ഉളവായി. നാസി തത്വങ്ങളെ എതിർത്തിരുന്ന എന്റെ പിതാവിനെ, ഹിറ്റ്ലറിനോട് അനുകമ്പ ഉണ്ടായിരുന്ന ജർമ്മൻകാർ സംശയത്തോടു കൂടി വീക്ഷിച്ചു. എന്നാൽ ആ സ്ഥലത്ത് ഉണ്ടായിരുന്ന ബ്രിട്ടീഷുകാരും അമേരിക്കക്കാരും, പപ്പ ജർമ്മൻ വംശജനായതു കൊണ്ട് ജോലി നൽകുന്നതിനു ഭയന്നു. അവസാനം കുഷ്ഠരോഗികളുടെ ഒരു കോളനിയിൽ ഫാം മാനേജർ ആയി എന്റെ പപ്പയ്ക്ക് ജോലി ലഭിച്ചു.

1940 -കളിൽ കുഷ്ഠരോഗ നിവാരണത്തിനുള്ള മരുന്നുകൾ തുലോം ദൗർലഭ്യമായിരുന്നു. ആ രോഗം പകരുന്നതാണ് എന്ന് കരുതപ്പെട്ടിരുന്നു. ആ ജോലി സ്വീകരിച്ചാൽ തിരിച്ചു ഭവനത്തിലേക്ക് മടങ്ങി ഭാര്യയേയും മക്കളെയും കാണുവാൻ സാദ്ധ്യമല്ലാതെവരും എന്ന മുന്നറിയിപ്പും പപ്പായ്ക്ക് പലരും നല്കി. എന്നാൽ പപ്പാ ആ ജോലി സ്വീകരിക്കുകയാണുണ്ടായത്.

അവസാനം പലമാസങ്ങൾക്കുശേഷം ഞങ്ങളുടെ സമൂഹത്തിലേക്ക് മടങ്ങിവരുന്നതിന് പപ്പായ്ക്ക് അനുവാദം ലഭ്യമായി. അദ്ദേഹത്തിന്റെ തിരിച്ചുവരവിൽ ഞാൻ അത്യധികം ആഹ്ലാദിച്ചു. അദ്ദേഹത്തെ കണ്ടുയുടനെ അദ്ദേഹത്തിന്റെ ആശ്ലേഷത്തിൽ ഞാൻ അമർന്നു. പപ്പായുടെ ചുമലിൽ കയറി ഞങ്ങൾ ഭവനത്തിലേക്ക് തിരിച്ചു. വഴിയിൽ കണ്ടവ





രോടെല്ലാം പപ്പായുടെ തിരിച്ചുവരവിനെ ഞാൻ വിളിച്ചറിയിച്ചു. അത്രുതമെന്നു പറയട്ടെ അത് കേട്ടവരെല്ലാം ഞങ്ങളെ തുറിച്ചുനോക്കി. എന്നാൽ വർഷങ്ങൾ കഴിഞ്ഞതിനുശേഷം മാത്രമാണ് സമൂഹത്തിലേക്ക് മടങ്ങിവരുവാൻ പപ്പായെ അനുവദിച്ചുവെങ്കിലും പപ്പായോട് അവർ ക്ഷമ കാട്ടിയില്ല എന്ന് ഞാൻ മനസ്സിലാക്കിയത്.

എന്റെ മാതാപിതാക്കൾ അന്ന് അനുഭവിച്ച വ്യഥയുടെ ദുർഫലങ്ങൾ അവരെ അഗാധമായി ബാധിച്ചിരിക്കണം. അവർ എന്തിൽ കൂടിയൊക്കെയാണ് കഴിഞ്ഞു പോയത് എന്ന് ദശാബ്ദങ്ങൾ കഴിഞ്ഞതിനുശേഷം മാത്രമാണ് ഞങ്ങൾക്ക് വെളിവായത്. അത് അവരിൽ നിന്നല്ല പ്രത്യുത ചില സ്നേഹിതരിൽ കൂടിയാണ് ഞങ്ങൾ മനസ്സിലാക്കിയത്. തങ്ങളുടെ അവകാശങ്ങൾക്കു വേണ്ടി അവർ എന്തു കൊണ്ട് നിലകൊണ്ടില്ല എന്നുള്ള അവരോടുള്ള എന്റെ ചോദ്യത്തിന് പിതാവ് ഇപ്രകാരം മറുപടി നല്കി. “എത്ര തവണ ഒറ്റി കൊടുക്കപ്പെട്ടാലും കോപത്തിന്റേയും അവിശ്വാസത്തിന്റെയും ആത്മാവ് ഉൾക്കൊണ്ട് ജീവിക്കുന്നതിനേക്കാൾ മെച്ചമായുള്ളത് ക്ഷമിക്കുക എന്നതാണ്.

അദ്ദേഹത്തിന്റെ ഈ ചിന്താഗതി എന്നെ വളരെയധികം ആകർഷിച്ചു എങ്കിലും ആയതിനെ ഞാൻ ഭയന്നു. ആരെങ്കിലും എന്നോട് ആവിധത്തിൽ പ്രവർത്തിച്ചാൽ എന്റെ പ്രതികരണം എന്തായിരിക്കും എന്ന് ഞാൻ ചിന്തിച്ചു. 1980-ൽ ഞാൻ അതു മനസ്സിലാക്കി. പത്തുവർഷം മുമ്പ് എന്റെ പിതാവിന്റെ കീഴിൽ സഭയുടെ രണ്ടാം സ്ഥാനത്ത് പ്രവർത്തിക്കുവാൻ ഞാൻ നിയമിക്കപ്പെട്ടിരുന്നു. പെട്ടെന്ന് ഒരു ദിവസം ആ സ്ഥാനം ഒഴിവാൻ എന്നോട് ആ സമൂഹം ആവശ്യപ്പെട്ടു. അതിന്റെ കാരണം എന്താണ് എന്ന് ഇന്നുവരെയും എനിക്ക് മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ല. ഒരുപക്ഷെ നാല്പത വർഷങ്ങൾക്കുമുമ്പ് എന്റെ പിതാവ് പ്രവർത്തിച്ച രീതികളും കാരണങ്ങളും എന്റെ ജീവിതത്തിലും ആവർത്തിക്കപ്പെടുകയായിരിക്കും - അതായത് അസൂയയും പകയും. കാരണം എന്താണെങ്കിലും എന്നെ പ്രകീർത്തിച്ച എന്റെ സ്നേഹിതരും സഹപ്രവർത്തകരും, ബന്ധുക്കളും ഏവരും ഞാൻ ചെയ്യുന്ന എല്ലാറ്റിനും കുറ്റാരോപണങ്ങൾ നടത്തുവാൻ മടിച്ചില്ല.

അന്ധകാര തിമിരത്താൽ കോപാവേശനായ ഞാൻ അതിനെ ചെറുക്കുവാൻ ശ്രമം നടത്തി. ആ സമയം എന്റെ പിതാവ് നാലു വലിയ സഭകളുടെ ഉത്തരവാദിത്വം ഏറ്റെടുത്തിരുന്നു. അദ്ദേഹത്തിന് എന്റെ

സഹായം അത്യാവശ്യവും ആയിരുന്നു. അതിന് ഒരാഴ്ച മുമ്പ് എന്റെ മാതാവ് കാൻസർ രോഗം വന്ന് മരണമടഞ്ഞു. അതിലും ഉപരിയായി എന്റെ തെറ്റുകൾ എന്താണ് എന്ന് എനിക്ക് അശേഷം മനസ്സിലായില്ല. തുറന്നു സംസാരിക്കുന്ന എന്റെ സ്വഭാവം പലർക്കും ഇഷ്ടപ്പെട്ടിരുന്നില്ല. സംഗതികളുടെ യാഥാർത്ഥ്യത്തെയും യഥാർത്ഥ സ്വഭാവങ്ങളെയും മറയ്ക്കുന്ന രീതിയിലുള്ള സംസാരവും പ്രതികരണ രീതികളും ഞാൻ വശമാക്കിയിരുന്നില്ല. എന്നാൽ താഴ്മയും വിനയവും മറ്റുള്ളവരോടുള്ള കരുതലും എനിക്ക് കൈമുതലായി ഉണ്ടായിരുന്നുതാനും. അങ്ങനെയുള്ള സന്ദർഭത്തിലാണ് എനിക്കെതിരായുള്ള ആരോപണങ്ങൾ ഉയർന്നു വന്നത്. അതിനെ ചെറുത്ത് എന്റെ അവകാശപ്പെട്ട സ്ഥാനം നിലനിർത്തുന്നതിലായിരുന്നു എനിക്ക് താല്പര്യം. എന്നാൽ എന്റെ ചെറുത്ത് നില്പിനെ പപ്പാ ഒട്ടും തന്നെ അനുകൂലിച്ചില്ല. പ്രത്യുത യേശുവിന്റെ പർവ്വത പ്രസംഗം ആണ് അദ്ദേഹം എനിക്ക് ചൂണ്ടിക്കാട്ടിയത്. "ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ കുറ്റങ്ങളെയും ദോഷങ്ങളെയും ക്ഷമിക്കേണമേ." മറ്റുള്ളവരോട് എങ്ങിനെ വർത്തിക്കുന്നു എന്നതാണ് ദൈവം നോക്കുന്നത് എന്ന് അദ്ദേഹം എന്നോടുപദേശിച്ചു.

എന്റെ ഭാഗത്തും കുറ്റങ്ങളും കുറവുകളും ഉണ്ട് എന്ന ചിന്ത പെട്ടന്നാണ് എന്നിൽ ഉദിച്ചത്. എന്റെ ഹൃദയത്തിന്റെ അഗാധതയിൽ ഞങ്ങളുടെ സഭയിലുള്ള പലരോടും ഞാൻ വിദ്വേഷം വെച്ച് പുലർത്തുന്നു എന്ന ബോദ്ധ്യം എനിക്ക് ഉളവായി. എന്നെത്തന്നെ നീതികരിക്കുന്നതിനു പകരം മുട്ടിന്മേൽ നിന്ന് ദൈവിക ക്ഷമയ്ക്ക് വേണ്ടി പ്രാർത്ഥിക്കുന്നതാണ് ഉചിതം എന്നും ഉള്ള ബോദ്ധ്യം എന്നിൽ ഉളവായി.

അതനുസരിച്ച് ഞാൻ മുട്ടിന്മേൽ നിന്ന് പ്രാർത്ഥിച്ചു. വെള്ളം കെട്ടി നിർത്തിയിരിക്കുന്ന ഒരു അണപൊട്ടി ഒഴുകുന്നതു പോലെ എന്റെ ഹൃദയാന്തർഭാഗത്ത് ശേഖരിക്കപ്പെട്ട ദുർവികാരങ്ങൾ പൊട്ടി ഒഴുകി. മുമ്പ് എന്റെ വേദനകളെയും മുറിവുകളെയും ചുറ്റിപ്പറ്റി ഞാൻ ജീവിച്ചു. എന്നാൽ ഇപ്പോൾ പുതിയ കാഴ്ചപ്പാടിന്റെ അനുഭവത്തിൽ വസ്തുതകളെ നേരിടുവാൻ സാധിക്കുന്നു.

ഇതിനെ തുടർന്ന് എടുത്ത പുതിയ തീരുമാനങ്ങളുമൊത്ത്, കഴിഞ്ഞ കാലങ്ങളിൽ ഞാൻ വേദനിപ്പിച്ചിരിപ്പാൻ സാദ്ധ്യതയുള്ള ഓരോരുത്തരുടെയും സമക്ഷം ചെന്ന് അവരുടെ ക്ഷമയ്ക്കു വേണ്ടി ഞാൻ





അഭ്യർത്ഥിച്ചു. ഓരോരുത്തരുടെയും സമീപത്തു ചെന്ന് ഈ പ്രക്രിയ തുടരുമ്പോൾ എന്റെ ഹൃദയത്തിന്റെ ഓരോ കെട്ടുകളും ഓരോന്നായി അഴിയപ്പെടുന്ന പ്രതീതി എനിക്ക് ഉളവായി. അതോടൊപ്പം ഞാൻ ഒരു പുതിയ മനുഷ്യനായിത്തീർന്നു.

ആ വർഷം വേദനയുടെ ഒരു വർഷം ആയിരുന്നുവെങ്കിലും ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു വർഷവും ആയിരുന്നു. നിരവധി വിലയേറിയ ജീവിത പാഠങ്ങൾ പ്രസ്തുത വർഷം ഞാൻ പഠിക്കുകയുണ്ടായി. ഒന്നാമതായി മറ്റുള്ളവർ നിങ്ങളെ തെറ്റിദ്ധരിക്കുകയും അനീതിപരമായും അനാവശ്യമായി കുറ്റാരോപണങ്ങൾ നടത്തുകയും ചെയ്യുന്നതിൽ നിരാശപ്പെടാതിരിക്കുക. ദൈവത്തിന്റെ മുമ്പിൽ മാത്രമാണ് യഥാർത്ഥ നീതി നമുക്ക് ലഭ്യമാകുന്നത്. രണ്ടാമതായി ക്ഷമയ്ക്കുള്ള തീരുമാനം ഉള്ളിൽ നിന്നാണ് വരുന്നത് എങ്കിലും അത് മനസ്സിന്റെ നിശ്ചയദാർഢ്യം മാത്രമല്ല. ക്ഷമയ്ക്കു വേണ്ടിയുള്ള ആവശ്യം ആണ് അതിലുൾക്കൊള്ളുന്ന പ്രധാന ശക്തി. ബലഹീനതകളുടെ ഏറ്റുപറച്ചിൽ, അതോടൊപ്പം ക്ഷമ ലഭ്യമാകുന്നതിന്റെ അനുഭവം. അവസാനമായി നിങ്ങളുടെ ക്ഷമ ഫലം കായിക്കണമെങ്കിൽ അതിന്റെ ചുറ്റുമുള്ള മണ്ണ്, നിങ്ങളുടെ ഹൃദയമാകുന്ന നിലം – വളക്കൂറുള്ളതായിരിക്കണം. അത് ആർദ്രമല്ല എങ്കിൽ, വഴങ്ങുവാനും താഴ്മയോടെ നടപ്പാനും ഉള്ള ഒരു ആത്മാവ് നിങ്ങൾക്ക് ഇല്ല എങ്കിൽ നിങ്ങളുടെ ക്ഷമ ഫലം കായിക്കുകയില്ല.

വഴക്കവും താഴ്മയും ഉള്ള ഒരു ഹൃദയം ലഭ്യമാകുക എന്നത് ക്ഷിപ്രസാദ്ധ്യമല്ല. അത്യദ്ധ്വാനം, നിരന്തരമായ പരിശീലനം, സഹനശീലം, വേദനിക്കുന്ന ഒരു മനസ്സ് ഇവ ഇതിനാവശ്യമാണ്. ഇവ ഇല്ലാത്ത ജീവിതം ദരിദ്രമാണ്. സ്കോട്ട് പെക്ക് (M. Scot Peck) ഇപ്രകാരം എഴുതുന്നു. "വിഷാദം, പരാജയം, ഭയം, ആകുലചിന്തകൾ, ദുഃഖം, സങ്കടം, കോപം, ക്ഷമക്കു വേണ്ടിയുള്ള പോരാട്ടം, സംശയം, അന്ധാളിപ്പ്, വിമർശനം, തള്ളപ്പെടൽ ആദിയായവയിൽ കൂടി ഉളവാകുന്ന കഷ്ടതകളിൽ കൂടി കടന്നുപോകാതെ സമ്പന്നമായ ഒരു ജീവിതം അനുഭവിപ്പാൻ സാദ്ധ്യമല്ല. ഇതുപോലെയുള്ള മാനസിക സംഘർഷങ്ങളിൽ കൂടി കടന്നു പോകാത്ത ദരിദ്രമായ ഒരു ജീവിതം നമുക്ക് ഉപയോഗശൂന്യമാണ്. മറ്റുള്ളവർക്കും അത് ഉപയോഗ ശൂന്യമാണ്. മുറിവേൽക്കാതെ സൗഖ്യം പ്രാപിപ്പാൻ സാദ്ധ്യമല്ല.

അധ്യായം – 9

# ക്ഷമ വിവാഹ ജീവിതത്തിൽ

*വിവാഹ ജീവിതത്തിലെ പ്രതിബന്ധങ്ങളിൽ വൈഷമ്യം അനുഭവിക്കുന്നവർക്ക് ഞാൻ എന്തു ഉപദേശം നൽകും – എന്നോട് പലരും ചോദിക്കുന്നതാണ് ഈ ചോദ്യം. എന്നാൽ പലപ്പോഴും ഞാൻ നൽകുന്ന ഉത്തരം ഒന്നു തന്നെയാണ്. പ്രാർത്ഥിക്കുക, ക്ഷമിക്കുക. മാതാവുമാത്രം ഉള്ള ഭവനങ്ങളിൽ പ്രത്യേകിച്ചും കുടുംബത്തിന്റെ സഹായം ഇല്ലാത്ത അവസരങ്ങളിലും എനിക്കുപറവാനുള്ളത് ഇത് തന്നെയാണ്. പ്രാർത്ഥിക്കുക – ക്ഷമിക്കുക. അതിനിഷ്ഠൂരമായ സംഭവവികാസങ്ങളുള്ള ഭവനങ്ങളിലെ യുവതലമുറയോടും ഞാനിതുതന്നെ പറയുന്നു.*

MOTHER TERESA

ഭർത്താവും ഭാര്യയും അന്യോന്യം ക്ഷമിക്കുന്നില്ല എങ്കിൽ കുടുംബജീവിതം നരകതുല്യമാകും എന്നാണ് എന്റെ ദീർഘനാളുകളിലെ വിവാഹ, കുടുംബ കൗൺസലിംഗ് അനുഭവത്തിൽ നിന്ന് ഞാൻ മനസ്സിലാക്കുന്നത്. ഏറ്റവും കൂർത്തു മൂർച്ചയുള്ള പ്രശ്നങ്ങൾ മൂന്നു വാക്കുകൾ കൊണ്ടു പരിഹരിക്കാവുന്നതാണ് – I am sorry. ഞാൻ ഖേദിക്കുന്നു.

തന്റെ പങ്കാളിയോടു ക്ഷമ ചോദിക്കുക എന്നത് വൈഷമ്യമുള്ള ഒന്നാണ്. താഴ്മ, വഴങ്ങുവാനുള്ള മനോഭാവം, സ്വന്തം കുറ്റങ്ങളെയും കുറവുകളെയും കുറിച്ചുള്ള ബോധം ഇവയൊക്കെയും സ്വഭാവ ഗുണങ്ങളായിട്ടുണ്ട് എങ്കിൽ മാത്രമേ ക്ഷമിക്കുവാനും ക്ഷമ ചോദിക്കുവാനും ഉള്ള ധൈര്യം ഉളവാകൂ. ഒരു വിവാഹ ജീവിതത്തിന്റെ വിജയത്തിന് ക്ഷമാശീലം അത്യന്താപേക്ഷിതമാണ്.

നാസി ഭരണകൂടത്തിന് എതിരായി ശബ്ദമുയർത്തിയ സുപ്രസിദ്ധ ജർമ്മൻ പാസ്റ്റർ ഡീയിറ്റ്റിക്ക് ബോൺ ഹേഫർ (Dietrich Ben hoeffer), താൻ സ്ഥാപിച്ച സമൂഹത്തിലെ അംഗങ്ങളോട് ക്ഷമയേക്കുറിച്ച് സംസാരിക്കുമായിരുന്നു. “ക്ഷമയിൽ ഒരുമിച്ച് ജീവിക്കുക” ഇതായിരുന്നു അദ്ദേഹത്തിന്റെ മുദ്രാവാക്യം. ജീവിത നിലനില്പിന് ക്ഷമ അത്യാവശ്യമാണ് എന്ന് അദ്ദേഹം കരുതി. അദ്ദേഹം ഇപ്രകാരം എഴുതി,





“അന്യോന്യം കുറ്റം പറയാതിരിക്കുക. നിങ്ങളുടെ അവകാശങ്ങൾക്ക് വേണ്ടി മുറവിളി കൂട്ടരുത്. അന്യോന്യം വിധിക്കുകയോ ആക്ഷേപിക്കുകയോ ചെയ്യരുത്. അന്യോന്യം കുറ്റങ്ങൾ കണ്ടുപിടിക്കരുത്. അന്യോന്യം അംഗീകരിക്കുക. നിങ്ങളുടെ ഹൃദയത്തിന്റെ അന്തർഭാഗത്തു നിന്ന് തന്നെ ക്ഷമിക്കുക.”

എന്റെ ഭാര്യ വെറേനയും (Verena) ഒത്ത് നാല്പത്തിമൂന്നു വർഷത്തെ കുടുംബജീവിതത്തിൽ അന്യോന്യം ക്ഷമയെ പരീക്ഷിക്കുന്ന അനവധി സന്ദർഭങ്ങൾ ഉടലെടുത്തിട്ടുണ്ട്. കല്യാണത്തിന് ശേഷം ഒരാഴ്ച കഴിഞ്ഞ് ആയിരുന്നു ആദ്യ സംഭവം. ഞങ്ങളുടെ പുതിയ അപാർട്ട്മെന്റിൽ എന്റെ മാതാപിതാക്കളെയും സഹോദരിമാരെയും ഞങ്ങൾ ഭക്ഷണത്തിന് ക്ഷണിച്ചു. വെറേന ഉച്ചസമയം മുഴുവൻ ഭക്ഷണം പാകം ചെയ്യുന്നതിനായി ചിലവഴിച്ചു. കലാകാരി ആയിരുന്ന എന്റെ സഹോദരി ഞങ്ങൾക്ക് പാത്രങ്ങൾ നൽകിയിരുന്നു. ഞാൻ നിവർക്കാവുന്ന മേശ എടുത്ത് യഥാസ്ഥാനപ്പെടുത്തി, പാത്രങ്ങൾ മേശപ്പുറത്ത് നിരത്തി.

സമയമായപ്പോൾ ഏവരും വന്നു. ഞങ്ങൾ ഭക്ഷണത്തിന്നിരുന്നു. പെട്ടെന്ന് മേശയുടെ രണ്ടു കാലുകളും ചെരിഞ്ഞ് മേശ നിലംപതിച്ചു. ഞാൻ അതിന്റെ കൊളുത്തുകൾ ശരിയായ രീതിയിൽ ഇട്ടിരുന്നില്ല. ഭക്ഷണവും പൊട്ടിയ പാത്രക്കഷണങ്ങളും ആ മുറി മുഴുവൻ ചിതറി. എന്റെ ഭാര്യ കരഞ്ഞു കൊണ്ട് ആ മുറിവിട്ട് ഇറങ്ങിപ്പോയി. അനേകം മണിക്കൂറുകൾ കഴിഞ്ഞതിനുശേഷം മാത്രമാണ് സംഭവിച്ച അപകടത്തിന് ഉത്തരവാദിയായ എന്നോടു ക്ഷമിക്കുവാനും അതേക്കുറിച്ച് ചിരിക്കുവാനും അവൾ തയാറായത്. പിൽക്കാലത്ത് ഓർത്തു ചിരിക്കുന്ന ഒരു കുടുംബകഥയായി ഇത് മാറി.

ഞങ്ങൾക്ക് എട്ടുകുട്ടികൾ ഉണ്ടായതിനിടയ്ക്ക് അഭിപ്രായ വ്യത്യാസങ്ങളുടേതായ നിരവധി അവസരങ്ങൾ ഉടലെടുത്തിട്ടുണ്ട്. എല്ലാ ദിവസവും വൈകുന്നേരം വെറേനാ കുട്ടികളെ കുളിപ്പിച്ച് നിശാവസ്ത്രങ്ങളും ധരിപ്പിച്ച് അവർക്കിഷ്ടപ്പെട്ട പുസ്തകങ്ങളുമായി സ്വീകരണമുറിയിൽ എന്റെ വരവിനെ കാത്തിരിക്കും. എന്റെ ജോലി കഴിഞ്ഞതിനുശേഷം വീട്ടിൽ വരുമ്പോൾ അവർക്ക് എന്നോടൊപ്പം കളിക്കണം. അങ്ങനെ ഞങ്ങൾ തോട്ടത്തിൽ പോയി കളിക്കും. അതിന് ശേഷം വെറേനാ വേണം അവരെ വീണ്ടും വൃത്തിയാക്കുവാൻ. അത് അത്ര

സന്തോഷമുളവാക്കുന്ന സംഗതിയല്ല എന്ന് എടുത്തു പറയേണ്ടതില്ല എങ്കിലും മുറുമുറുപ്പോടെ അവൾ അത് ചെയ്തുവന്നു.

ഞങ്ങളുടെ കുട്ടികൾക്ക് ഏവർക്കും തന്നെ ആസ്ത്മയുടെ ഉപദ്രവം ഉണ്ടായിരുന്നു. ചുമയുടെയും വലിവിന്റെയും ശല്യം നിമിത്തം അവർ രാത്രികാലങ്ങളിൽ ഉണർന്ന് അസ്വസ്ഥത പ്രകടിപ്പിക്കും. ഞങ്ങൾ തമ്മിൽ ഉള്ള ഉരസലിനും ഇത് ഒരു കാരണമായി ഭവിച്ചു. അവൾ ഉണർന്ന് അവരെ പരിചരിക്കുന്നതുപോലെ തന്നെ എനിക്കും ചെയ്യാമല്ലോ എന്ന് അവൾ എന്നോടു പറഞ്ഞിരുന്നു.

എന്റെ ജോലിയെ ചുറ്റിപ്പറ്റിയും തർക്കങ്ങൾ ഉളവാകാറുണ്ട്. ഞങ്ങളുടെ പുസ്തകങ്ങളുടെ വില്പനക്കാരൻ എന്ന നിലയിൽ എനിക്ക് വളരെയധികം യാത്ര ചെയ്യേണ്ടിയിരുന്നു. മിക്കവാറും എല്ലാ ദിവസവും എട്ടുമണിക്കൂറോളം യാത്ര ചെയ്താണ് ഭവനത്തിൽ മടങ്ങിയെത്തുന്നത്. അതിനുശേഷം എന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി, കാനഡ, യൂറോപ്പ്, ആഫ്രിക്ക, ഓസ്ട്രേലിയ മുതലായ രാജ്യങ്ങളിലും എനിക്ക് സഞ്ചരിക്കേണ്ടി വന്നു. ഈ യാത്രയുടെ പ്രാധാന്യങ്ങളെക്കുറിച്ച് ഞാൻ എല്ലായ്പ്പോഴും വാചാലനായിരിക്കും. എന്നാൽ അവ വെറേനയെ ആശ്വസിപ്പിക്കുവാൻ മതിയായ വാക്കുകളായിരുന്നില്ല. എന്റെ സൂട്ട്കേസ് അടുക്കി അവൾ എനിക്ക് നൽകി മാത്രമല്ല കുട്ടികളോടൊത്ത് അവരെ നോക്കി അവൾ വീട്ടിൽ കഴിച്ചു കൂട്ടി.

പത്രവായന എനിക്ക് ഏറ്റം പ്രിയംകരമായിരുന്നു. ഓരോ ദിവസത്തെയും അത്യദ്ധ്വാനത്തിന് ശേഷം ഭവനത്തിൽ മടങ്ങിവന്ന് ഞാൻ പത്രപാരായണത്തിൽ മുഴുകി. അപ്പോൾ കുട്ടികൾ എന്റെ ചുറ്റും കളിക്കുമായിരുന്നു. ഇതിനെക്കുറിച്ച് പലപ്പോഴും ഭാര്യയോടു ന്യായീകരിച്ചു ഞാൻ സംസാരിച്ചു. എന്നാൽ പകൽ മുഴുവൻ വേറേനയും അധ്വാനിച്ചിരുന്നു എന്നത് ഞാൻ സൗകര്യപൂർവ്വം വിസ്മരിച്ചു. അവൾ എന്നെ ഓർമ്മിപ്പിക്കുമ്പോൾ ഞാൻ അപസ്വരം പുറപ്പെടുവിക്കുകയും ചെയ്തു.

വിവാഹ ജീവിതത്തിന്റെ ആരംഭത്തിങ്കൽ അന്യോന്യം ക്ഷമിക്കുവാൻ ഞങ്ങൾ പഠിച്ചില്ലായിരുന്നുവെങ്കിൽ ഞങ്ങളുടെ ജീവിതം എപ്രകാരമായിരുന്നു എന്നതിനെക്കുറിച്ച് പലപ്പോഴും ഞാൻ ചിന്തിക്കാറുണ്ട്. നിരവധി ദമ്പതികൾ ഒരേ കട്ടിലിൽ കിടന്നുറങ്ങുകയും ഒരേ ഭവനം പങ്കിടുകയും ചെയ്യുന്നുവെങ്കിലും അവർ തമ്മിലുള്ള ആന്തരിക





അകൽച്ച വളരെയാണ്. വിദ്വേഷത്തിന്റേതായ മതിൽ കെട്ടാണ് അവരുടെ മദ്ധ്യത്തിലുള്ളത്. ഈ മതിലിന്റെ ഇഷ്ടികകൾ ഒരു പക്ഷെ വളരെ ചെറുതായിരിക്കാം. മറന്നുപോയ ഒരു വിവാഹ വാർഷികം, ഒരു തെറ്റിദ്ധാരണ, ഒരു കുടുംബ സവാരിക്ക് തയ്യാറെടുത്തപ്പോൾ വന്ന ഒരു ബിസിനസ്സ് മീറ്റിംഗ് ഇങ്ങനെ പോകുന്നു അവയുടെ നീണ്ട പട്ടിക.

പങ്കാളിയുടെ പരിമിതികൾ മനസ്സിലാക്കുവാൻ സാധിക്കുകയാണെങ്കിൽ നിരവധി കുടുംബത്തകർച്ചകൾ ഇല്ലാതാക്കുവാൻ സാധിക്കും. അഭിപ്രായവ്യത്യാസങ്ങൾ ഇല്ലാതിരിക്കുക എന്നതാണ് അഭികാമ്യമായ കുടുംബജീവിതം അഥവാ വിവാഹ ജീവിതം എന്ന് കരുതുന്നവരുണ്ട്. എന്നാൽ ഇതു കേവലം മിഥ്യയാണ്. ഈ തരത്തിലുള്ള മിഥ്യാബോധത്തിൽ ജീവിക്കുന്നവർ അവരുടെ യഥാർത്ഥ വികാരങ്ങളെ മറച്ചുവെച്ച് നീറിപുകയുന്നു. കുടുംബജീവിതം താറുമാറാക്കുന്നു.

മാനുഷീക പരിമിതകൾ മൂലം ജീവിതത്തിൽ ഉള്ള തെറ്റുകളും കുറ്റങ്ങളും സർവ്വസാധാരണയാണ്. മനുഷ്യർ അന്യോന്യം മുറിവുകൾ ഉണ്ടാക്കുന്നതും തെറ്റുകൾ ചെയ്യുന്നതും നമുക്കു എപ്പോഴും കാണുവാൻ സാധിക്കും. എന്റെ വ്യക്തിപരമായ ജീവിതത്തിൽ ഇതിനുത്തരമായി ഞാൻ മനസ്സിലാക്കുന്നത് ക്ഷമിക്കുക എന്നതു മാത്രമാണ്. ഏഴു എഴുപതുവട്ടം ക്ഷമിക്കുവാനുള്ള ഒരു കരുത്ത്.

സി.എസ്സ്. ലൂയിസ്സ് – (C.S. Lewis) ഇപ്രകാരം എഴുതുന്നു.

ദൈനംദിന ജീവിതത്തിലെ നിരവധി സംഗതികളോടു ക്ഷമകാണിക്കുക, ഭരിക്കുവാൻ വരുന്ന അമ്മായി അമ്മയോടു നിയന്ത്രിക്കുവാൻ ശ്രമിക്കുന്ന ഭർത്താവിനോട്, എപ്പോഴും പഴി പറയുന്ന ഭാര്യയോട്, സ്വസ്ഥതയില്ലാത്ത മക്കളോട്, കബളിപ്പിക്കുന്ന പുത്രനോട്, എങ്ങനെയാണ് ഇത് സാധിക്കുക? നമ്മുടെ നിലനില്പ് എവിടെയെന്ന് നാം പരിശോധിക്കുക, നമ്മുടെ ദൈനംദിനം പ്രാർത്ഥനയിൽ, ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ കുറ്റങ്ങളും കുറവുകളും ഞങ്ങളോട് ക്ഷമിക്കേണമേ' എന്ന് ഹൃദയപൂർവം പറയുക.

## ഹാൻസ് & മാർഗറീറ്റ് മേയ്ർ
## (Hans and Margrit Meir)

ക്ഷമാശീലത്തിന്റെ ശക്തി എന്റെ മാതാപിതാക്കളായ ഹാൻസ് – മാർഗറിറ്റ് ദമ്പതികളുടെ കഥയിൽ വ്യക്തമാണ്. ഹാൻസിന്റെ മുറിപ്പി

ടുത്തവും, പിടിവാശിയും നിമിത്തം അവരുടെ വിവാഹബന്ധത്തിൽ വിള്ളലുകൾ പലതവണ ഉണ്ടായിട്ടുണ്ട്.

1929 ൽ അവരുടെ വിവാഹത്തിനുശേഷം യുദ്ധ വിരുദ്ധനെന്ന നിലയിൽ സ്വിസ്സർലണ്ട് രാജ്യത്തെ പട്ടാളത്തിൽ ചേരാഞ്ഞതിനാൽ ഹാൻസ് തടവിലാക്കപ്പെട്ടു. ജയിൽ വാസം അനുഭവിച്ച് മടങ്ങി വന്നതിനുശേഷം അധികം താമസിയാതെ മാർഗറിറ്റ് എന്റെ പിതാമഹനും, പിതാമഹിയും ചേർന്ന് സ്ഥാപിച്ച വിശ്വാസ സമൂഹത്തിൽ ചേരുവാൻ താല്പര്യപ്പെട്ടു. എന്നാൽ ഹാൻസിന് അതിൽ താല്പര്യമില്ലായിരുന്നു. അവർക്ക് ആദ്യത്തെ ശിശു ജനിച്ചതിനുശേഷം സമൂഹത്തിൽ ചേരണമെന്ന് മർഗറിറ്റ് ഹാൻസിനോടു കേണപേക്ഷിച്ചു. എന്നാൽ ഹാൻസ് ഇതിനു വഴങ്ങിയില്ല. അനേകമാസങ്ങൾ കഴിഞ്ഞതിനുശേഷം മാത്രമാണ് ഭാര്യയുടെ അപേക്ഷയ്ക്ക് കീഴ്പ്പെടുവാൻ ഹാൻസ് തയ്യാറായത്.

മുപ്പതുവർഷത്തിനുശേഷം (അതോടൊപ്പം അവർക്ക് പതിനൊന്ന് കുട്ടികൾ ജനിക്കുകയും ചെയ്തു) സമൂഹ ജീവിതത്തെക്കുറിച്ചും സഭയുടെ പ്രമാണങ്ങളെക്കുറിച്ചും ഉള്ള അഭിപ്രായവ്യത്യാസങ്ങളെ ആസ്പദമാക്കി അവർ വേർപിരിഞ്ഞു. Bruenos Aires എന്ന സ്ഥലത്തേക്ക് മാറി താമസിച്ചു. ഹാൻസ് അവിടെ നീണ്ട പതിനൊന്നു വർഷം തനിയെ പാർത്തു. എന്നാൽ മാർഗ്ഗറിറ്റും കുട്ടികളും യു.എസ്സിലേക്ക് കുടിയേറി പാർത്തു.

അന്യോന്യം ഉള്ള വിദ്വേഷം ബാഹ്യമായി പ്രകടിപ്പിക്കപ്പെട്ടിരുന്നില്ല എങ്കിലും യോജിപ്പിനുള്ള ലക്ഷണവും ഇല്ലായിരുന്നു. എന്നാൽ വൈരാഗ്യത്തിന്റെ മതിൽ അവരുടെ ഇടയിൽ വളർന്ന് അവരെ എന്നന്നേക്കുമായി വേർപെടുന്ന സാഹചര്യം ഉടലെടുത്തു. 1966-ൽ അവരുടെ പുത്രി വെറേനയെ (Verena) ഞാൻ വിവാഹം ചെയ്ത ചടങ്ങുകളിലും ഹാൻസ് പങ്കെടുത്തില്ല.

1922-ൽ എന്റെ ഭാര്യാസഹോദരൻ ആൻഡ്രിയാസിനോടൊപ്പം അനുരഞ്ജനത്തിനായി Bruenos Aires ൽ ഹാൻസിനെ സന്ദർശിച്ചു. എന്നാൽ ആദ്യം ഹാൻസ് അനുരഞ്ജത്തിന് താല്പര്യം പ്രകടമാക്കിയില്ല. തന്റെ ഭാഗം മാത്രം ആവർത്തിച്ചു പറയുവാനാണ് ഹാൻസ് താല്പര്യപ്പെട്ടത്. നിരവധി തവണ തനിക്ക് ലഭ്യമായ മുറിവുകളുടെ എണ്ണവും അതിന്റെ വിവരണങ്ങളും അദ്ദേഹം ഞങ്ങളോടു ഉരുവിട്ടു.





എന്നാൽ അവിടെയുള്ള താമസത്തിന്റെ അവസാന ദിവസം അദ്ദേഹത്തിൽ ഏതോ പുതിയ മാറ്റം ഉളവായി. യു.എസ്സിൽ വന്നു ഞങ്ങളെ സന്ദർശിക്കുവാൻ താല്പര്യമുണ്ട് എന്ന് ഹാൻസ് ഞങ്ങളോടു പറഞ്ഞു. രണ്ടാഴ്ച താമസിക്കുവാനുള്ള ഒരു മടക്കയാത്ര റ്റിക്കറ്റും അദ്ദേഹം വാങ്ങി. അത് ഒരു തുടക്കം ആയിരുന്നു.

അവസാനം അദ്ദേഹം വന്നു എങ്കിലും യാതൊരു വ്യതിയാനവും കാണാത്തതിൽ ഞങ്ങൾ ഭയാശയരായി. എല്ലാ തെറ്റിദ്ധാരണകളും അകറ്റാൻ ഞങ്ങൾ പരമാവധി പരിശ്രമിച്ചു. ഞങ്ങളുടെ ഭാഗത്ത് ഉണ്ടായ എല്ലാ വിധ തെറ്റുകളെയും ഞങ്ങൾ ഏറ്റു പറയുകയും ചെയ്തു. എന്നാൽ ഒരു അനുരഞ്ജനം ഉടലെടുത്തില്ല. ക്ഷമിക്കുവാനുള്ള കഴിവുകേട് ആണ് അനുരഞ്ജനത്തിന്നു വിലങ്ങുതടിയായി നിൽക്കുന്നത് എന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. എന്നാൽ അത് അദ്ദേഹത്തിന് സാധിച്ചില്ല.

ഒരു വഴിത്തിരിവ് അവസാനം ഉളവായി. എങ്ങോട്ടെന്നില്ലാതെ ചർച്ചകൾ പുരോഗമിക്കുമ്പോൾ കാൻസർ രോഗത്താൽ മരണാസന്നനായ എന്റെ അമ്മാവൻ Hans - Herrnann എഴുന്നേറ്റ് നിന്ന് തനിക്കുള്ള സർവ്വ ശക്തിയും സംഭരിച്ച് ഹാൻസ് മെയറുടെ നെഞ്ചത്ത് കൈവെച്ച് പറഞ്ഞു, "ഹാൻസ് നിനക്ക് ഇപ്പോൾ വ്യത്യാസം വരണം". മൂക്കിൽ കൂടി ശ്വാസോച്ഛ്വാസത്തിന് സഹായകമായി ഓക്സിജൻ റ്റ്യൂബ് ഇട്ട അവസരമാണ് ഏറ്റവും ദയനീയമായ രീതിയിൽ ഈ അപേക്ഷ നടത്തിയത്. അദ്ദേഹത്തിന് ആ സമയത്ത് സംസാരിക്കുന്നതുപോലും വിഷമകരമായിരുന്നു.

ഇതോടെ ഹാൻസ് മേയറിന്റെ പ്രതിരോധശക്തി പരിപൂർണ്ണമായി നഷ്ടപ്പെട്ടു. അദ്ദേഹത്തിന്റെ ഹൃദയ കാഠിന്യം വെണ്ണ പോലെ ഉരുകി. ആ സമയം തന്നെ ക്ഷമിക്കുവാനുള്ള തീരുമാനം എടുത്തു. കൂടാതെ തന്റെ ഭാര്യയോടും കുട്ടികളോടും ഒത്തു ജീവിക്കണമെന്നും തീരുമാനിച്ചു. അദ്ദേഹം അർജന്റീയിലേക്ക് മടങ്ങിപ്പോയി അവിടെയുള്ള തന്റെ സംഗതികളൊക്കെയും തീർത്തതിനുശേഷം യു.എസ്സിലേക്ക് മടങ്ങി തന്റെ കുടുംബത്തോടൊപ്പം ജീവിച്ചു.

വേർപാടിന്റെ വർഷങ്ങൾ നീണ്ടതായിരുന്നുവെങ്കിലും ഹാൻസും മാർഗറേയ്റ്റും തമ്മിൽ ഉണ്ടായിരുന്ന ബന്ധം പൂർണ്ണമായും വേർപ്പെട്ടിരുന്നില്ല. ഹാൻസ് പരസ്ത്രീകളുമായി ഒരിക്കലും ബന്ധം പുലർത്തി

യിരുന്നില്ല. അതുപോലെ മാർഗ്ഗറിറ്റ് ഹാൻസിന്റെ മടങ്ങിവരവിനു വേണ്ടി ദിവസവും പ്രാർത്ഥിച്ചു പോന്നു. എങ്കിലും അവർ തമ്മിലുള്ള ബന്ധം പുനസ്ഥാപിക്കപ്പെടേണ്ടതിന് അനേകം നീണ്ടവർഷങ്ങൾ വേണ്ടിവന്നു. എന്നാൽ ഇതിന്റെ താക്കോൽ ക്ഷമിക്കുവാനുള്ള കഴിവു മാത്രമായിരുന്നു. അവസാനം അവരുടെ വിവാഹജീവിതം പുനർസ്ഥാപിക്കപ്പെടുകയും സന്തോഷത്തോടും സ്നേഹത്തോടും കൂടി അവർ തുടർന്നു ജീവിക്കുകയും ചെയ്തു. പതിനാറു വർഷക്കാലം മാർഗറിറ്റിന്റെ മരണം വരെയും ആ ബന്ധം നീണ്ടുനിന്നു.

## എഡ് & കാരോൾ (Ed and Carol)

എന്റെ ഭാര്യാമാതാപിതാക്കളുടെ തകർന്ന ദാമ്പത്യ ജീവിതത്തിന്റെ മുറിവുകൾ സൗഖ്യമാക്കപ്പെട്ടത് വിവരിച്ചുവല്ലോ. എന്നാൽ പരസംഗത്താൽ തകർന്ന ദാമ്പതബന്ധം ശരിയാക്കുവാൻ സാദ്ധ്യമോ? ദാമ്പത്യബന്ധത്തിൽ കബളിക്കപ്പെട്ട ഭർത്താവോ ഭാര്യയോ ക്ഷമിക്കുക എന്നത് സാധ്യമോ? ക്ഷമിച്ചാലും അവർക്ക് വീണ്ടും ഒരുമിക്കുവാൻ സാദ്ധ്യമോ?

മൂന്നു വർഷം മുമ്പ് ഞാൻ എഡ് – കാരോൾ ദമ്പതികൾക്ക് കൗൺസലിംഗ് നൽകുകയുണ്ടായി. അവരുടെ വിവാഹത്തിനു മുമ്പു തന്നെയും എഡ് ഒരു മദ്യപാനിയായിരുന്നു. വിവാഹ ജീവിതത്തിന്റെ ആദ്യ ദശകളിൽ തന്നെയും ഈ മദ്യാസക്തി പ്രശ്നങ്ങൾ സൃഷ്ടിച്ചു. ഇതൊഴിച്ചാൽ മറ്റു പ്രശ്നങ്ങളൊന്നും ഇല്ലാതെ കുടുംബം തള്ളിനീക്കി. അധികം താമസിയാതെ അവർക്ക് കുട്ടികളും ഉണ്ടായി. ആദ്യം ഒരു ആൺകുട്ടി പിന്നീട് ഒരു പെൺകുട്ടി. പുറത്തു നിന്നു നോക്കുമ്പോൾ ഒരു സംതൃപ്ത കുടുംബം. എന്നാൽ ആന്തരീകമായി എഡും കാരോളും അന്യോന്യം അകന്നുകൊണ്ടിരുന്നു. ഇതിനെ തുടർന്നു എഡ് ഒരു അയൽവാസിയും ആയി പ്രണയബന്ധത്തിലായി.

ഈ ദമ്പതികൾ കുറെവർഷങ്ങൾക്കു ശേഷം ഞങ്ങളുടെ സഭയിൽ അംഗത്വം സ്വീകരിച്ചു. ഏകദേശം ഈ സമയം എഡ് തന്റെ കുറ്റം ഏറ്റു പറവാൻ തയാറായി. തന്റെ ഭാര്യ കാരോളിനോടും പിന്നീട് എന്നോടും അയാൾ കുറ്റസമ്മതം നടത്തി. തന്റെ മനസ്സാക്ഷി തനിക്ക് സമാധാനം നൽകിയിരുന്നില്ല എന്നും അതുപോലെ ഒരു രഹസ്യം കാത്തു സൂക്ഷിക്കുന്നതിന്റെ സമ്മർദ്ദം താങ്ങാനാവുന്നതിലധികമായിരുന്നു എന്നും എഡ് ഏറ്റു പറഞ്ഞു.





എന്നാൽ കാരോളിന് ഇത് ഇടിത്തീ വീണതുപോലെയായി. കുടുംബജീവിതത്തിൽ എന്തോ കുഴപ്പങ്ങളൊക്കെയും ഉണ്ട് എന്ന് അവൾ മനസ്സിലാക്കിയിരുന്നുവെങ്കിലും താൻ നിരന്തരം കബളിക്കപ്പെടുകയാണ് എന്നതവൾ സ്വപ്നേ ചിന്തിച്ചില്ല. തങ്ങളുടെ വിവാഹ ജീവിതം എന്നന്നേക്കുമായി അവസാനിച്ചു എന്നും എഡിനോടു ക്ഷമിക്കുവാൻ തനിക്ക് ഒരിക്കലും സാദ്ധ്യമല്ല എന്ന കാരോൾ തീർത്തു പറഞ്ഞു.

കാരോളിന്റെ കോപവികാരത്തോടു അനുകമ്പ കാട്ടുവാൻ ഒരു പക്ഷേ കഴിഞ്ഞേക്കും എന്നാൽ "ഞാൻ ഒരിക്കലും നിന്നോടു ക്ഷമിക്കുകയില്ല" എന്നു കാരോളിന്റെ പ്രതികരണത്തോടു നൂറുശതമാനം യോജിക്കുവാൻ സാദ്ധ്യമല്ല. ക്ഷമ എന്നുള്ള വികാരത്തേക്കാൾ ഉപരിയായി ഒരു നീതി ബോധം അല്ലേ അവിടെ കൂടുതലായി പ്രദർശിപ്പിക്കപ്പെടുന്നത്. അവളുടെ ഉള്ളിന്റെ ഉള്ളിൽ താൻ സ്നേഹിക്കുന്ന പുരുഷനുമൊത്ത് സമാധാനത്തോടെ ജീവിക്കണമെന്നുള്ള ആഗ്രഹമാണ്. അയാൾ തന്റെ കുട്ടികളുടെ പിതാവുമാണ്. എന്നാൽ ആദ്യം മദ്യപാനം പിന്നീട് പരസംഗം. ഇതിന് നീതിപൂർവ്വമായ പരിഹാരം ആയി അവൾ കണ്ടത് അയോളോട് ക്ഷമിക്കാതിരിക്കുക എന്നതുമാത്രമാണ്. അയാൾ അർഹിക്കാത്ത ക്ഷമ നൽകുവാൻ അവൾ തയ്യാറല്ല. അതാണ് നീതിയുക്തമായ ചിന്താഗതി.

എഡിനും കാരോളിനും തങ്ങളുടെ പ്രശ്നങ്ങൾ തീർക്കുന്നതിന് കൂടുതൽ സമയം ആവശ്യമാണെന്ന് എനിക്ക് അറിയാമായിരുന്നു. അവർ ഒരുമിച്ച് താമസിക്കുക എന്നത് അസ്സാദ്ധ്യമായിരുന്നു. അവർ തമ്മിൽ ഒരു പുതിയ ബന്ധം വളർത്തിയെടുക്കേണ്ടിയിരുന്നു. ഒരു താൽക്കാലിക വേർപിരിയൽ മുഖാന്തരം പുതിയകാഴ്ചപ്പാടുകൾ ലഭ്യമാകുവാൻ അവർക്ക് അവസരം ഒരുക്കി എന്ന് ഞാൻ കരുതി. ഒരു പക്ഷെ തങ്ങളുടെ സ്നേഹത്തെക്കുറിച്ച് അയവിറക്കുവാനും ഇത് സഹായകരമാകും എന്നും ഞാൻ ചിന്തിച്ചു.

അങ്ങനെ അവർ അന്യോന്യം മാറിത്താമസിച്ചു. അവരെ രണ്ടുപേരെയും ഞാൻ മാറി മാറി കൗൺസലിംഗ് നടത്തി. തന്റെ അവിശ്വസ്ഥതയുടെ ആഴത്തെക്കുറിച്ച് എഡിന് ബോധം വരുവാൻ ഞാൻ അയാളെ സഹായിച്ചു. അതുപോലെ തന്നെ എഡിനോട് ക്ഷമിക്കുവാൻ തയ്യാറാകുന്നില്ല എങ്കിൽ കാരോളിന്റെ ജീവിതത്തിൽ അയാൾ തന്റെ ജീവിതത്തിൽ വരുത്തിയ മുറിവുകൾ ഉണങ്ങുകയില്ല എന്ന വാസ്തവം

കരോളിനെ ബോദ്ധ്യപ്പെടുത്തുവാനും ഞാൻ ശ്രമിച്ചു. എന്നാൽ കൗൺസലിംഗിന്റെ ഭാഗമായി എഡ് തന്നെ എന്നന്നേക്കുമായി ഉപേക്ഷിച്ചു പോകുമോ എന്ന ഭയവും, അതു സംഭവിക്കാതിരിപ്പാൻ എഡിനെ സ്വീകരിക്കുവാനുള്ള മനസ്സും കൂടുതലായി വെളിപ്പെട്ടു.

അവസാനം കരോളിന്റെ ആവശ്യപ്രകാരം അവർ അന്യോന്യം ഫോൺ സംഭാഷണങ്ങൾ നടത്തുകയും അത് അവരുടെ കോപവികാരങ്ങളെ തണുപ്പിക്കുയും, സ്നേഹത്തിന്റെയും സമാധാനത്തിന്റെയും വികാരങ്ങൾ തളിർത്ത് വളരുകയും ചെയ്തു. അവസാനം അവർ മുഖാമുഖം കാണുവാൻ തയാറായി. മാനസീകമായുള്ള ഉയർച്ചയും താഴ്ചയും  കരോളിന് അനുഭവപ്പെട്ടുവെങ്കിലും എഡിനോടൊപ്പം തുടർന്നു ജീവിക്കാനുള്ള ആഗ്രഹം പ്രകടിപ്പിക്കുവാൻ അവൾ സന്നദ്ധയായി. തങ്ങളുടെ കുട്ടികളുടെ സംരക്ഷണയ്ക്കു വേണ്ടി മാത്രമായിരുന്നില്ല സ്വന്തം സമാധാനത്തിനും സ്നേഹത്തിനും പ്രാധാന്യം കല്പിച്ചതു മൂലമായിരുന്ന ആ തീരുമാനം. അങ്ങനെ ആ ഭവനത്തിൽ നിന്ന് മാറി താമസിച്ച എഡിന് മാത്രമല്ല, തനിക്കും കൂടി ഒരു പങ്ക് അതിൽ ഉണ്ട് എന്ന ബോധവും അവളുടെ ക്ഷമയുടെ ഭാഗമായിട്ടുണ്ടായിരുന്നു. ഇതോടൊപ്പം എഡ് തന്റെ മദ്യപാനം നിർത്തുകയും തങ്ങളുടെ കുടുംബജീവിതം മെച്ചമാക്കുവാൻ തന്നാൽ ആവുന്നതു ചെയ്യും എന്ന വാഗ്ദാനം നൽകുകയും ചെയ്തു.

അവസാനം പത്തു മാസത്തിന്നുശേഷം അവർ ഒന്നിച്ചുചേർന്നു. അവരുടെ പുതിയ തുടക്കത്തിനുവേണ്ടി ഒരു പ്രത്യേക ശുശ്രൂഷ നടത്തി. ആ ശുശ്രൂഷാമദ്ധ്യേ അവർ പരസ്യമായി പരസ്പരം ക്ഷമിക്കുകയും തങ്ങളുടെ വിവാഹത്തിന്റെ പുനർ പ്രതിഷ്ഠനടത്തുകയും ചെയ്തു. സന്തോഷത്തോടു കൂടി അവർ മോതിരം കൈമാറി.

വിവാഹമോചനം സുലഭമായ നമ്മുടെ ഇന്നത്തെ സമൂഹത്തിൽ, നാം ഒരുമിച്ച് താമസിക്കാത്ത ദമ്പതികളെ പഴിചാരാറുണ്ട്. അങ്ങനെ ചെയ്യുന്നതു ശരിയല്ല. പക്ഷെ ഈ ദമ്പതികളുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ, അതുപോലെ ക്ഷമിച്ച അനേകം ദമ്പതികളും ആയുള്ള കൗൺസലിംഗിന്റെയും അനുഭവത്തിന്റെയും വെളിച്ചത്തിൽ അനേകായിരങ്ങളെ കുടുംബത്തകർച്ചയിൽ നിന്ന് വിടുവിക്കാമെന്നുള്ള പ്രത്യാശയാണ് എനിക്കുള്ളത്.

അധ്യായം – 10

# മാതാപിതാക്കളോടുള്ള ക്ഷമ

*ഭൂതകാലത്തിന്റെ പിടിയിൽ നിന്ന് വിടുതൽ ലഭിച്ചു പുതിയ രീതികൾ സ്വായത്തമാക്കുവാൻ സാധിക്കും എന്നത് അഭികാമ്യമായ കാര്യമാണ്. ഈ പുതുമ ലഭ്യമാകുന്നതിന് അതിപ്രധാനമായ ഒരു പടികടക്കേണ്ടതായുണ്ട്. ക്ഷമയുടേതാണ് പ്രസ്തുത കാൽവെയ്പ്. സ്നേഹം വളരെ പരിമിതമായ രീതിയിൽ മാത്രം മനസ്സിലാക്കിയിട്ടുള്ളവർക്ക് എന്തെങ്കിലും പകരമായി ലഭിക്കുമോ എന്ന ചിന്തയില്ലാതെ ക്ഷമ ലഭ്യമാകുന്നു.*

HENRI J.M. NOUWEN

മാനസികമായും, ശാരീരികമായും, ലൈംഗീകമായും ശൈശവത്തിൽ സംഭവിക്കുന്ന വളരെയധികം ശിശുപീഡനത്തിന്റെ വാർത്തകൾ, ടി.വി., പത്രങ്ങൾ ഇങ്ങനെ എല്ലാമാദ്ധ്യമങ്ങളിൽ കൂടെയും ശ്രദ്ധിക്കപ്പെടുന്ന ഒരു കാലയളവിലാണ് നാം ജീവിക്കുന്നത്. പൊതുജനങ്ങളെ ഈ ശ്രദ്ധയിലേക്കു തിരിക്കുവാനുള്ള നിരവധി സംഭവങ്ങളും കഥകളും ദർശിക്കുവാൻ സാധിക്കും. എന്നാൽ ഈ പ്രശ്നത്തിന് യഥാർത്ഥ പരിഹാരമോ ഇതിൽ കൂടി മുറിവേറ്റവരുടെ സൗഖ്യമോ ആരും തന്നെ പരിഗണിക്കുന്നില്ല. എവിടെ എപ്പോൾ ഇതിന് പരിഹാരം ഉണ്ടാകും?

ഓരോ കുടുംബത്തിന്റെയും സ്വഭാവങ്ങളും സ്ഥിതിവിശേഷങ്ങളും ഓരോ കുറ്റകൃത്യങ്ങളുടെ സാഹചര്യങ്ങളും വ്യത്യസ്ഥങ്ങളായതിനാൽ പൊതുവായ ഒരു മാർഗ്ഗനിർദേശം നൽകുന്നതിൽ വൈഷമ്യമുണ്ട്. എന്നാൽ അനുരഞ്ജനത്തിന്റെ മാർഗ്ഗങ്ങൾ ഒരിക്കലും ഉപേക്ഷിക്കരുത് എന്നാണ് താഴെ കൊടുത്തിരിക്കുന്ന ഉദാഹരണങ്ങൾ വെളിവാക്കുന്നത്. അടിച്ചമർത്തിയാലും ഉയിർത്തെഴുന്നേൽക്കപ്പെടുന്ന മനുഷ്യന്റെ മാനസിക ശക്തിയും ഹൃദയത്തിന്റെ അഗാധതയിൽ ദൃശ്യമാകുന്ന, പ്രത്യാശനൽകുന്ന സ്നേഹത്തിന്റെ വികാരവും ആണ് ഇതിന്റെ പിന്നിലെ ചേതോവികാരം.

## ഡോൺ (Don)

ഏകദേശം നാല്പതോളം ബന്ധുക്കൾ ഒരുമിച്ചു കഴിഞ്ഞുകൂടിയ ഒരു കൂട്ടുകുടുംബത്തിലായിരുന്നു ഡോൺ ജീവിച്ചിരുന്നത്. അപ്പലേച്ചിയൻ (Appalachian) കൃഷിയിടത്തിലെ അതിന്റെ വരുമാനത്തിൽ അവർ ഏവരും ഒരുമിച്ച് കഴിഞ്ഞുകൂടി. ക്രൂരമായ പല പെരുമാറ്റ രീതികളും ആ കൂട്ടുകുടുംബത്തിൽ നടമാടി. ചിലർ സ്വന്തം കുടുംബാംഗങ്ങളെ അന്യോന്യം മരത്തിൽ കെട്ടിത്തൂക്കുവാൻ ശ്രമിക്കുമായിരുന്നു. ഒരു ചെറിയ തോക്കിൽ ഉപ്പുനിറച്ച് വലിയമ്മ കുട്ടികളുടെ നേരെ നിറയൊഴിച്ച് അനുസരണ പഠിപ്പിച്ചിരുന്നു.

ഡോണിന് ഏകദേശം പത്തുവയസ്സു പ്രായമുണ്ടായിരുന്നപ്പോൾ മാതാപിതാക്കൾ ലോങ്ങ് ഐലൻഡ് (Long Island) എന്ന സ്ഥലത്തേക്ക് മാറി താമസിച്ചു. അവിടെ താമസം തുടങ്ങിയപ്പോൾ കുടുംബത്തിന്റെ സാമ്പത്തിക നില മെച്ചപ്പെട്ടു. എന്നാൽ അവരുടെ കുടുംബബന്ധങ്ങൾ ഒട്ടുംതന്നെ മെച്ചപ്പെട്ടില്ല. അധികം താമസിയാതെ ഡോണിന്റെ മാതാവ് തന്റെ കുട്ടികളെയും ഉപേക്ഷിച്ചു. അങ്ങനെ കുട്ടികൾ പിതാവിന്റെ മേൽനോട്ടത്തിലായി. അയാൾ പതിവായി കുട്ടികളെ മർദ്ദിച്ചുവന്നു. അയാളെ ഭയന്ന് അവർ ജീവിച്ചു. സ്കൂളിൽ നിന്നുവരുമ്പോൾ തങ്ങൾക്ക് എന്തെല്ലാം ലഭിക്കും എന്ന ഭീതി അവരെ അലട്ടി.

അധികം താമസിയാതെ ഡോണിന്റെ പിതാവ് ഒരു അപകടത്തിൽ പെട്ട് ശരീരം തളർന്നുപോയി. ഒരു സമയം ക്രൂരനായി വർത്തിച്ച പിതാവ് മറ്റുള്ളവരുടെ ദയാപുരസ്സമായി പെരുമാറ്റത്തിൽ ജീവിക്കേണ്ടുന്ന സാഹചര്യത്തിലായിത്തീർന്നു.

ആ തരത്തിലുള്ള ഒരു സാഹചര്യത്തിൽ നിന്ന് രക്ഷനേടാനാണ് ഏവരും ശ്രമിക്കാറുള്ളത്. എന്നാൽ ഡോൺ അങ്ങനെ ആയിരുന്നില്ല. ദയനീയാവസ്ഥയിൽ കഴിഞ്ഞ പിതാവിന്റെ അടുക്കൽ തന്നെ അവൻ സഹായത്തിന്നായി നിലകൊണ്ടു. തന്റെ പിതാവിന് ഭക്ഷണം നൽകുകയും കുളിപ്പിക്കയും വസ്ത്രം ധരിപ്പിക്കുകയും, ചലനമില്ലാത്ത കൈകാലുകൾക്ക് വ്യായാമം നൽകുകയും ചെയ്യുവാൻ ഡോൺ തയാറായി. ഒരു സമയത്ത് തന്നെ ഉപദ്രവിച്ച കൈകാലുകൾക്ക് ജീവൻ നൽകുവാനാണ് അവൻ ശ്രമിച്ചത്. തന്റെ വിവാഹത്തിനുശേഷം പിതാവിനെ പരിചരിക്കുവാൻ മുഴുവൻ സമയം ഒരു നേഴ്സിനെ നിയമിക്കുകയും ചെയ്തു. എങ്കിലും നിരാലംബനായ പിതാവിനെ അവൻ പതിവായി സന്ദർശിക്കുമായിരുന്നു.





എന്തുകൊണ്ട് ഡോൺ ഇതുചെയ്തു എന്ന ചോദ്യത്തിന് ഉത്തരം ഒന്നും തന്നെ അവന് നൽകുവാൻ ഇല്ലായിരുന്നു. ഭവനത്തിൽ തുടർന്നു താമസിക്കുവാനുള്ള തീരുമാനം ഒരു വീര കൃത്യമായോ ഒരു സൽപ്രവർത്തിയായോ ഡോൺ ചിന്തിച്ചില്ല. നിസ്സാഹായനായ തന്റെ പിതാവിനെ പരിചരിക്കുക എന്നതല്ലാതെ മറ്റുമാർഗ്ഗങ്ങൾ ഒന്നും തന്നെ അവന്റെ മുമ്പിൽ ഉണ്ടായിരുന്നില്ല. "പിതാവിന് എന്നെ ആവശ്യമുണ്ടായിരുന്നതിനാൽ ഞാൻ താമസിച്ചു" എന്നു മാത്രമായിരുന്നു അവന്റെ പ്രതികരണം.

ഭൂതകാലത്തിന്റെ കയ്പു നിറഞ്ഞ ഓർമ്മകൾ ഡോണിനെ അലട്ടാറുണ്ട്. തന്റെ പിതാവിനും ഉള്ളിലെ പിശാചുക്കളോട് പൊരുതേണ്ടതായിട്ടുണ്ട് എന്നവനറിയാം പക്ഷെ തങ്ങളുടെ ഉള്ളിലെ നിഷേധാത്മകമായ വികാരങ്ങളെക്കുറിച്ച് തുറന്നു സംസാരിക്കുവാനും ഭാരങ്ങളെ അന്യോന്യം ചുമക്കുവാനും ഇപ്പോൾ അവർക്ക് സാധിക്കുന്നു. മാത്രമല്ല തന്റെ പിതാവിനെ ശുശ്രൂഷിക്കുന്നതിൽ കൂടി ഒരു സമയത്ത് തനിക്ക് ലഭിക്കാതിരുന്ന സ്നേഹം ലഭിക്കുന്നതായും അനുഭവപ്പെടുന്നു. ഇതിനെ യഥാർത്ഥ ക്ഷമയുടെ അനുഭവമായി കരുതാം എന്ന് ഡോൺ അവകാശപ്പെടുന്നു എന്തായിരുന്നാലും ഒരു പരിപൂർണ്ണതയും സൗഖ്യവും ഡോണിന് ലഭ്യമായി.

## കാൾ കീഡെർലിംഗ് (Karl Keiderling)

കുറച്ചു വർഷങ്ങൾക്കു മുമ്പ് എൺപതിൽപരം വയസ്സുള്ളപ്പോൾ മരണമടഞ്ഞ കാളിനു വേദനാജനകവും ദുഃഖപൂർണ്ണവും ആയ ഒരു ബാല്യകാലം ഉണ്ടായിരുന്നു. ഒരു ജർമ്മൻ തൊഴിലാളി കുടുംബത്തിൽ ജനിച്ച കാളിന്റെ ബാല്യകാലത്തായിരുന്നു ഒന്നാം ലോകമഹായുദ്ധം. അതിനെ തുടർന്നുണ്ടായ സാമ്പത്തിക പ്രതിസന്ധികളിൽ കൂടി കാളിന് കടന്നുപോകേണ്ടി വന്നു. സ്വന്തം മാതാവ് നാലുവയസ്സുള്ളപ്പോഴും രണ്ടാനമ്മ കാളിന് പതിനാലുവയസ്സുള്ളപ്പോഴും മരണമടഞ്ഞു. പിതാവ് കാളിനെ ഒരു പ്രശ്നമായി കണക്കാക്കി എന്നതിനാൽ സംഗതികൾ കൂടുതൽ വഷളായി. കാളിന്റെ പിതാവ് രണ്ടാം ഭാര്യയുട മരണശേഷം ഒരു പരസ്യം നൽകി. അത് ഇപ്രകാരമായിരുന്നു. "വിഭാര്യനായ ഒരാൾക്ക് മൂന്നു പെൺകുട്ടികളെ നോക്കി ഭവനം കാത്തു സൂക്ഷിക്കുവാനായി ഒരു സ്ത്രീയെ ആവശ്യമുണ്ട്. വിവാഹത്തിനുള്ള സാധ്യതയും അതോടൊപ്പം വാഗ്ദാനം ചെയ്യുന്നു." എന്നാൽ ഈ പരസ്യത്തിൽ കാളിന്റെ പേര് ഉൾപ്പെടുത്തിയിരുന്നില്ല.

ഈ പരസ്യം കണ്ടു പല സ്ത്രീകളും അപേക്ഷകൾ സമർപ്പിച്ചു. അവസാനം ഒരു സ്ത്രീ ഈ ജോലി ഏറ്റെടുത്തു. എന്നാൽ അവർ കാളിന്റെ സാന്നിദ്ധ്യം മനസ്സിലാക്കിയത് കുറെ കഴിഞ്ഞു മാത്രമായിരുന്നു. കാളിന്റെ ഭക്ഷണം വളരെ മോശമായിരുന്നു എന്നു മാത്രമല്ല, അവർ കാളിനെക്കുറിച്ച് എപ്പോഴും കുറ്റം പറയുകയും മോശമായി സംസാരിക്കുകയും ചെയ്തുവന്നു.

എന്നാൽ കാളിന്റെ പിതാവ് ഇതേക്കുറിച്ച് നിശ്ശബ്ദനായിരുന്നു എന്നു മാത്രമല്ല അവനെ സഹായിക്കുവാൻ യാതൊന്നും ചെയ്തില്ല. ക്രമേണ അവർ കൂടെക്കൂടെ ശകാരവാക്കുകൾ വർഷിക്കുവാനും ഉപദ്രവിക്കാനും തുടങ്ങി. അതിനുവേണ്ടി ഉള്ള പ്രത്യേക ഉപകരണം തുകൽകൊണ്ടുള്ള ഒരു ചാട്ടവാറായിരുന്നു. അതിന്റെ ഒരറ്റത്ത് (ബ്രാസ്സ്) പിച്ചള കൊണ്ടുള്ള ഒരു വളയവും ഉണ്ടായിരുന്നു. കാൾ പ്രതികരിക്കുവാൻ ശ്രമിച്ചുവെങ്കിലും അത് പിതാവിന്റെ കോപം വർദ്ധിപ്പിക്കുകയും അടിയുടെ ശക്തി കൂട്ടുകയും ചെയ്തു.

ഡോണിന്റെ കഥയിൽ നിന്നും വ്യത്യസ്ഥമായി കാൾ തന്റെ ഭവനത്തിൽ നിന്ന് ഓടിപ്പോയി. അധികം താമസിയാതെ സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിൽ ചേർന്ന് യുവജനങ്ങളോടൊപ്പം താമസിച്ചു പ്രവർത്തിച്ചു. അവസാനം എന്റെ വലിയപ്പനും വലിയമ്മയും താമസിച്ചിരുന്ന സമൂഹത്തിൽ വന്നുചേർന്നു. എന്റെ വലിയപ്പൻ കാളിനെ സന്തോഷത്തോടുകൂടി ആ സമൂഹത്തിൽ സ്വീകരിച്ചു, അവനെ ആശ്ലേഷിച്ചു കൊണ്ട് പറഞ്ഞു. "നിന്റെ വരവിനായി ഞങ്ങൾ കാത്തിരിക്കുകയായിരുന്നു."

ഇതിൽ സന്തുഷ്ടനായ കാൾ അവരോടൊപ്പം താമസിക്കുവാൻ തീരുമാനിച്ചു. അവിടെയുള്ള പ്രവർത്തനങ്ങളിലെല്ലാം തന്നെ, സന്തോഷത്തോടു കൂടി പങ്കാളിയായി. വെള്ളം കോരുകയും വിറകുവെട്ടുകയും കൃഷിപ്പണി ചെയ്യുകയും ചെയ്തു അവൻ സമൂഹജീവിതത്തിൽ പങ്കുകൊണ്ടു. എന്നാൽ അവന്റെ ചെറുപ്പകാലത്തെ വേദനകൾ, അവന്റെ പിതാവിനോടും രണ്ടാനമ്മയോടുമുള്ള വിദ്വേഷം അവനെ വിട്ടുമാറിയില്ല. ദിവസം തോറും ഈ വിദ്വേഷം വർദ്ധിച്ചുവന്നു. അവന്റെ ഈ ദുർവികാരങ്ങൾ അവന്റെ എല്ലാ നന്മകളെയും മറയ്ക്കുന്ന ഒന്നായിത്തീർന്നു.

അവസാനം കാൾ എന്റെ പിതാവിന്റെയടുത്തു വന്ന് തന്റെ പ്രശ്നങ്ങൾ പങ്കുവെച്ചു. എന്നാൽ പിതാമഹന്റെ പ്രതികരണം കാളിനെ അമ്പരിപ്പിച്ചു. "നീ നിന്റെ മാതാപിതാക്കളോട് ക്ഷമ ചോദിച്ച് എഴുതുക" അവരുടെ കുറവുകളെ പഴിക്കാതെ നിന്റെ കുറവുകളെ ശ്രദ്ധിക്കുക." ഇത് മനസ്സിലാക്കുവാനും ആ ഉപദേശം അംഗീകരിക്കുവാനും കാൾ കുറെ സമയമെടുത്തു. എന്നാൽ അവസാനം ഈ തരത്തിലുള്ള ഒരു കത്ത് എഴുതി തന്റെ പിതാവിന് അയച്ചു. പിതാവ് ഉടൻ മറുപടിയും നൽകി. ആ മറുപടിക്കത്തിൽ പിതാവ് കാളിനോട് ക്ഷമ ചോദിച്ചില്ല എങ്കിലും അത് കാളിന് ബാധകമായില്ല. പിതാവിനോടു ക്ഷമിച്ചതിൽ തന്റെ ഉള്ളിൽ പുകഞ്ഞ വിദ്വേഷത്തിന് അറുതിവന്നു. സമാധാനത്തിന്റെ ആത്മാവ് കാളിൽ നിറഞ്ഞു. തന്റെ ബാല്യകാലത്തെക്കുറിച്ച് കാൾ പിന്നീട് ഒരിക്കലും വിലപിച്ചില്ല.





## മറിയ (Maria)

എന്റെ ഭാര്യയുടെ ബന്ധത്തിലുള്ള മറിയയ്ക്കും ഉപദ്രവകാരിയായ തന്റെ പിതാവിന്റെ സമക്ഷത്തുനിന്നും ഇതുപോലെ വിടുതൽ ലഭ്യമായി.

"എന്റെ അമ്മ 42-ാം വയസ്സിൽ എന്റെ പിതാവിനെയും ഒന്നു മുതലൽ പത്തുവയസ്സുവരെ പ്രായമുള്ള എട്ടു കുട്ടികളെയും വിട്ട് ഇഹലോകവാസം വെടിഞ്ഞു. അമ്മയുടെ മരണം ഏവർക്കും പ്രത്യേകിച്ചും ഞങ്ങളുടെ പിതാവിന്നു ഒരു ആഘാതം ആയിരുന്നു. ഞങ്ങൾക്ക് ഏറ്റവും ആവശ്യമുണ്ടായിരുന്ന സമയത്ത് പിതാവ് മാനസീകമായി തകർന്ന അസ്വസ്ഥത പ്രകടിപ്പിച്ചു. അതിന്റെ ഫലമായി സ്വയം നിയന്ത്രണം നഷ്ടപ്പെട്ട് എന്റെ സഹോദരിയെയും എന്നേയും പീഡിപ്പിക്കുവാൻ ശ്രമിച്ചു. പിതാവിന്റെ അടുക്കൽ നിന്നും മാറുവാൻ ഞങ്ങൾ അതുമൂലം ശ്രമിച്ചു. അദ്ദേഹത്തെ അതോടൊപ്പം വെറുക്കാനും തുടങ്ങി.

ഇതിനുശേഷം വിദ്യാഭ്യാസത്തിന് തെക്കേ അമേരിക്കയിൽ നിന്ന് ഞാൻ ജർമ്മനിയിലേക്ക് പോയി. പിന്നീടുള്ള ഏഴുനീണ്ട വർഷം ഞാൻ എന്റെ പിതാവിനെ കണ്ടില്ല. എന്നാൽ പിതാവിനോടുള്ള വിദ്വേഷവും വെറുപ്പും എന്റെ ഹൃദയത്തിൽ വളർന്നു കൊണ്ടിരുന്നു.

യൂറോപ്പിൽ നിന്നു മടങ്ങിവന്നതിന് ശേഷം ഒരു ബാല്യകാല സഖിയുമായി ഞാൻ പ്രണയത്തിലായി. ഞങ്ങളെ ഒരുമിച്ച് കാണുവാൻ പിതാവ് ആഗ്രഹിച്ചു. എന്നാൽ ഞാൻ അതിന് സമ്മതം നൽകിയില്ല. എന്റെ പിതാവിനെ കാണുന്നതിന് എനിക്ക് യാതൊരു ആഗ്രഹവും ഉണ്ടായിരുന്നില്ല.

ഈ കൂടിക്കാഴ്ചയെ ഞാൻ വെറുക്കുന്നതിന്റെ കാരണം എന്റെ പ്രതിശ്രുതവരനു മനസ്സിലായില്ല. എന്റെ പിതാവ് ഒരു അനുരഞ്ജന ത്തിനു ശ്രമിക്കുന്നുവെങ്കിൽ ഞാൻ അതിന് വഴിപ്പെടണമെന്ന് അദ്ദേഹം പറഞ്ഞു. സ്നേഹപൂർവമായ അദ്ദേഹത്തിന്റെ നിർബന്ധത്തിന്, ഒരു ഉഗ്രമാനസീക പോരാട്ടത്തിന് ശേഷം ഞാൻ വഴങ്ങി.

ഒരു കഫേയിൽ ഒരു മേശയ്ക്ക് ചുറ്റും ഞങ്ങൾ പിതാവിനോടൊപ്പം ഇരുന്നു. എന്തെങ്കിലും ഒരു വാക്ക് ഞാൻ ഉച്ചരിക്കുന്നതിനു മുമ്പായി നുറുങ്ങിയ ഹൃദയത്തോടെ അദ്ദേഹം എന്നെ നോക്കി എന്നോട് ക്ഷമ ആവശ്യപ്പെട്ടു. യാതൊരുമാനസീക പ്രതിരോധങ്ങളും ഇല്ലാതെ എന്റെ മനസ്സ് ആദ്രമായി. ആ നിമിഷം തന്നെ ക്ഷമിക്കുവാൻ എനിക്ക് സാധിച്ചു. അതല്ലാതെ എനിക്ക് യാതൊരു പോംവഴിയും ഇല്ലായിരുന്നു.

ശിശു പീഡനം വളരെ ഗൗരവമായ ഒന്നാണ്. ഡോൺ, മറിയ എന്നി വർക്ക് തങ്ങളുടെ പിതാവിനോട് ക്ഷമിക്കുവാൻ സാധിച്ചു. മുതിർന്ന വരും ബാലികാ ബാലന്മാരും തമ്മിൽ തുലനം ചെയ്യുമ്പോൾ മുതിർന്ന വർക്കാണ് സ്വാധീനവും ശക്തിയും ബാലികാ ബാലന്മാരാണ് ബലി യാടുകൾ. നിരപരാധികളായ ഈ ബലിയാടുകൾ എന്തിന് മുതിർന്ന വരോടു ക്ഷമിക്കണം?

നിർഭാഗ്യവശാൽ തങ്ങളും തെറ്റിന്റെ പങ്കാളികളാണ് എന്ന ചിന്ത ഈ ബലിയാടുകളായ ബാലികാ ബാലന്മാരെ അലട്ടുന്നു. തങ്ങൾക്ക് ഭവിച്ചത് തങ്ങളുടെ തന്നെ ദോഷമായി പീഡനത്തിന് ഇരയായവർ വ്യാഖ്യാനിക്കുന്നു. തങ്ങളുടെ മേൽ ഉള്ള പീഡനം അവസാനിപ്പി ച്ചാലും മുതിർന്നവർ അവരുടെ ആധിപത്യം ഇരകളുടെ മേൽ നില നിർത്തുന്നു. ഇതും പീഡനത്തിന്റെ ഭാഗമാണ്. യഥാർത്ഥത്തിൽ പീഡി പ്പിക്കുന്ന വ്യക്തിയും പീഡനത്തിന് ഇരയായവരും ഒരു അന്ധകാര തമസ്സിലാണ് ജീവിക്കുന്നത്. അവർ തങ്ങളുടെ കുറ്റങ്ങളാൽ ബന്ധന സ്ഥരാണ്. ആരെങ്കിലും വാതിൽ തുറന്ന് അവരെ പുറത്തുകൊണ്ടു വരുന്നതു വരെ അവർ ആ അവസ്ഥയിൽ തുടരുന്നു. ഇതിൽ നിന്ന് രക്ഷനേടിപുറത്തു വരുവാനുള്ള ഏകമാർഗ്ഗം 'ക്ഷമ' ഒന്നുമാത്രമാണ്.

## കേയിറ്റ് (Kate)

എന്റെ അയൽക്കാരി ആയിരുന്ന കേയ്റ്റ് തന്റെ മദ്യപാനിയായ പിതാ വിനാൽ പീഡിപ്പിക്കപ്പെട്ടിരുന്നു. തന്റെ പിതാവിനോട് ക്ഷമിക്കുക എന്നത് കേയിറ്റിന് വിഷമമായി അനുഭവപ്പെട്ടു. മറ്റുള്ളവരുടെ അനുഭ





വമെന്നതുപോലെ പീഡനത്തിന്നിരയായവരുടെ ക്ഷമ പീഡിപ്പിക്കു ന്നവരെ മാനസ്സാന്തരപ്പെടുത്താൻ ഇടയാക്കി.

"രണ്ടാം ലോകമഹായുദ്ധ കാലശേഷം ഒരു ചെറിയ കനേഡിയൻ പട്ടണത്തിലാണ് ഞാൻ ജനിച്ചത്. അഞ്ചു സഹോദരങ്ങളിൽ ഏറ്റവം മൂത്തത് ഞാനാണ്. 25 മൈൽ ദൂരെയുള്ള ഒരു കെട്ടിടനിർമ്മാണപ്ര വർത്തനത്തിലായിരുന്നു എന്റെ പിതാവ്. ആയതിനാൽ പന്ത്രണ്ടുമ ണിക്കൂർ ജോലി കഴിഞ്ഞതിനുശേഷം ഉണ്ടായിരുന്ന സമയം തുലോം ചുരുങ്ങിയതായിരുന്നു.

ഞങ്ങൾക്ക് സാമ്പത്തിക പരാധീനതകൾ വളരെ ആയിരുന്നു. അതോടൊപ്പം പറയുവാൻ വിഷമമുള്ള മറ്റുപല വിധ പ്രശ്നങ്ങളും ഞങ്ങളുടെ കുടുംബത്തെ നേരിട്ടിരുന്നു. എനിക്ക് പ്രായമാകും തോറും സംഗതികൾ കൂടുതൽ വഷളായിക്കൊണ്ടിരുന്നു. എനിക്ക് 9 വയസ്സു പ്രായമായപ്പോൾ എന്റെ ഏറ്റവും ഇളയ സഹോദരൻ ജനിച്ചു. അതിനെ തുടർന്ന് ഏറ്റവും വലുതായ ഒരു ദുരന്തം സംഭവിച്ചു. ഞങ്ങളുടെ മാതാവ് മദ്യപാനം തുടങ്ങി.

കേയിറ്റിന്റെ മാതാവ് മദ്യപിച്ച് ഭവനത്തിൽ വരുവാൻ തുടങ്ങിയ തിനെ തുടർന്നു മാതാപിതാക്കൾ തമ്മിൽവേർപിരിഞ്ഞു. കുടുംബ ജീവിതം പരിപൂർണ്ണമായി തകർന്നു തരിപ്പണമായി. ഭവനം അലങ്കോ ലമായി കിടന്നു. തുണി അലക്കുക മുതലായവയും ഇല്ലാതെയായി. പതിമൂന്ന് വയസ്സു പ്രായം വരുന്ന കേയിറ്റിന്റെ ചുമതലയിലായി സക ലതും.

ഏറ്റവും ഇളയവനായ (Jamie) ജയ്മി സ്കൂളിൽ പോകുവാൻ തുട ങ്ങി. ആ സമയം അമ്മ ഒരിക്കലും ഭവനത്തിൽ ഉണ്ടായിരുന്നില്ല. ഗൃഹ പാഠങ്ങൾ ചെയ്യുവാൻ എനിയ്ക്ക് സമയം ലഭിച്ചില്ല. എന്റെ സ്കൂൾ പഠനം വളരെ പുറകിലായി. ഒൻപതാം ക്ലാസിൽ) ഞാൻ തോറ്റു. അടു ത്തവർഷം അതേക്ലാസ്സിൽ എനിക്ക് തുടരേണ്ടി വന്നു.

എന്റെ രണ്ടു ഇളയ സഹോദരിമാർ പുതിയ ജോലികൾ സ്വീകരിച്ച് മാറിത്താമസിച്ചു. എന്നാൽ ഞാൻ സ്വഭവനത്തിൽ തുടർന്നു. ഇളയ സഹോദരങ്ങളെ പരിചരിക്കുവാൻ ഞാൻ അല്ലാതെ വേറാരുമില്ലായി രുന്നു. വളരെ പരിമിതമായിരുന്നുവെങ്കിലും അവർക്ക് ഭക്ഷണം നൽകു വാൻ എനിക്ക് സാധിച്ചു.

കൂടുതൽ പണം ലഭ്യമാകുവാൻ എന്റെ മാതാവ് ഒരു പുതിയ മാർഗ്ഗം കണ്ടുപിടിച്ചു. ശാരീരികവും മാനസീകവും ആയി വൈകല്യമുള്ള വർക്ക്വേണ്ടി നടത്തിയിരുന്ന ഹോസ്പിറ്റലിലെ തിരക്കു കുറയ്ക്കു വാൻ അങ്ങനെയുള്ളവരെ ചിലഭവനങ്ങളിൽ താമസിപ്പിക്കുവാൻ ഗവൺമെന്റ് തീരുമാനിച്ചു. അതിന് പ്രത്യേക തുകയും നൽകി. അങ്ങ നെയുള്ള രണ്ടു വൃദ്ധന്മാരെയും ഒരു സ്ത്രീയെയും അമ്മ ഭവനത്തിൽ സ്വീകരിച്ചു.

“എന്റെ കിടക്ക അതിൽ ഒരു വൃദ്ധന് ഒഴിഞ്ഞു കൊടുത്തു. ആ പുതിയ സ്ത്രീയോടൊപ്പം ഒരു ഡബിൾ ബഡ്ഡിൽ എനിക്ക് ഉറങ്ങേ ണ്ടിയിരുന്നു. ആ സ്ത്രീക്ക് ഉറക്കം അശേഷം ഇല്ലാതെ തിരിഞ്ഞും മറിഞ്ഞും കിടക്കുമായിരുന്നു. അവരെ തിരികെ ഹോസ്പിറ്റലിൽ അയ ക്കണം എന്ന് ഞാൻ നിർബന്ധിച്ചിട്ടും അമ്മ അതിന് വഴങ്ങിയില്ല. എല്ലാ മാസവും പണത്തിന്റെ ചെക്ക് ലഭിക്കുന്നതിലായിരുന്നു അമ്മ യുടെ താല്പര്യം.

വൈകുന്നേരം വന്ന് എന്നെ സഹായിക്കാമെന്ന് അമ്മ ഏറ്റിരുന്നു എങ്കിലും ആ വാഗ്ദാനം കുറച്ചുനാൾ മാത്രമായിരുന്നു പരിപാലിക്ക പ്പെട്ടത്. അതിനുശേഷം അവർ വീണ്ടും മദ്യപാനത്തിലേക്ക് തിരിഞ്ഞു. മദ്യപിച്ച് എന്നും ഭവനത്തിൽ മടങ്ങിവരും. അതിന് ശേഷം എന്നെ ഭള്ള് പറയും. ഞാൻ കാരണമാണ് എല്ലാ കുഴപ്പങ്ങളും വന്നത് എന്ന് പറഞ്ഞ് എന്നെ ശകാരിക്കും. ആ പറഞ്ഞതിന്റെ അർത്ഥം എനിക്ക് ആദ്യം മനസ്സിലായിരുന്നില്ല. വിവാഹത്തിന്നുമുമ്പ് ഗർഭം ധരിച്ച ശിശു വായിരുന്നു ഞാൻ എന്നും, ആ കാരണത്താൽ മാതാപിതാക്കളുടെ നിർബന്ധത്തിന് വഴങ്ങിയാണ് വിവാഹം നടത്തപ്പെട്ടത് എന്നുമുള്ള വസ്തു പിന്നീട് മാത്രമാണ് ഞാൻ മനസ്സിലാക്കുന്നത്.

മദ്യപാനം കഴിഞ്ഞതിനുശേഷം പലപ്പോഴും അമ്മ ഞങ്ങളെ ശാരീ കമായി പീഡിപ്പിക്കുമായിരുന്നു. എന്നാൽ പിറ്റേദിവസം രാവിലെ എന്റെ മുഖത്തുള്ള മുറിവുകൾ എങ്ങനെ സംഭവിച്ചു എന്ന് ചോദിക്കുമ്പോൾ അത് അമ്മ അടിച്ചതാണ് എന്ന് ഞാൻ ഉത്തരം പറയും. എന്നാൽ അത് ഞാൻ കള്ളം പറയുകയാണ് എന്ന് അമ്മ സങ്കല്പിച്ചു.

പതിനാറു വയസ്സു പ്രായമായപ്പോൾ കേയിറ്റിന് തന്റെ ഇളയ സഹോദരങ്ങളെ പരിചരിക്കുന്നതിന് വേണ്ടി സ്കൂൾപഠനം നിർ ത്തേണ്ടി വന്നു. എന്നാൽ ഏകദേശം ആ സമയത്ത് ഞാൻ എന്റെ





ഭാവിഭർത്താവായ റ്റോമും ആയി പരിചയപ്പെട്ടു. രണ്ടു വർഷത്തിന് ശേഷം ഞാൻ റ്റോമിനെ വിവാഹം കഴിക്കുകയും ചെയ്തു. “ആരാണ് ഭവനത്തിലെ ജോലികൾ ഇനി ചെയ്യുന്നത്” എന്ന് എന്നോട് അമ്മ ചോദിച്ചപ്പോൾ അത് അവളിൽ ഉളവാക്കിയ കുറ്റബോധം കേയിറ്റിന്റെ മനസ്സിൽ ഇപ്പോഴും നിലനിൽക്കുന്നു. വിവാഹത്തിനുശേഷം കേയിറ്റ് റ്റോമി നോടൊപ്പം താമസിച്ചു സ്വന്തം കുടുംബം രൂപീകരിച്ചു.

“എന്റെ മാതാവിനെ പരിപൂർണ്ണമായി മറക്കണമെന്ന് ഞാൻ ചിന്തിച്ചു. എനിക്ക് എന്റെ സ്വന്തം കുടുംബത്തെ പരിചരിക്കണം. എന്നോടൊപ്പം വാത്സല്യനിധികളായ റ്റോമിന്റെ മാതാപിതാക്കൾ താമസിക്കുന്നു. വാത്സല്യനിധികളായ അവർ എന്റെ കുഞ്ഞുങ്ങളെ സ്നേഹിക്കുകയും കരുതുകയും ചെയ്യുന്നു. എന്റെ മാതാവ് ബന്ധം പുനസ്ഥാപിക്കുവാൻ ശ്രമിച്ചു. എന്നാൽ ഞാൻ അതിന് വിസമ്മതിച്ചു. ഇന്ന് എനിക്ക് പ്രതി കരണശേഷിയുണ്ട്.

എന്റെ മാതാപിതാക്കളുടെ വിവാഹമോചനം കോടതിയിൽ വിധി പ്രസ്താവിച്ചു. അതിനെ തുടർന്ന് എന്റെ മാതാവ് തന്റെ മദ്യപാനം പൂർണ്ണമായും ഉപേക്ഷിച്ചു. രക്തസമ്മർദ്ദത്തിനുള്ള മരുന്നുകളും മദ്യം ഒരുമിച്ചു ചേർന്നാലുള്ള മാരകമായ ഭവിഷത്തുക്കളെക്കുറിച്ച് എന്റെ മാതാവിന് ബോധ്യം വന്നു. ഈ വ്യതിയാനങ്ങൾ എന്റെ മാതാവിൽ ഉളവായി എങ്കിലും അവരെ സന്ദർശിക്കുവാൻ എനിക്ക് മനസ്സുവന്നില്ല. അമ്മയെ വിശ്വസിക്കുവാൻ എനിക്ക് വൈഷമ്യം നേരിട്ടു.”

കുറെ വർഷങ്ങൾക്കുശേഷം കെയിറ്റിന് മറ്റൊരു കുഞ്ഞു ജനിച്ചു. ആ സമയം അവളുടെ മാതാവ് ആ പൈതലിനെ സന്ദർശിക്കുന്നതി നുള്ള താല്പര്യം ഫോണിൽ കൂടെ അറിയിച്ചു. ഭർത്താവായ റ്റോം ആയിരുന്നു ആ ഫോൺ സംഭാഷണം നടത്തിയത്. ആ സന്ദർശന ത്തിന് റ്റോം ആണ് കേയിറ്റിന്റെ മാതാവിനെ ക്ഷണിച്ചത്. എന്നാൽ അത് കേയിറ്റിനെ രോഷാകുലയാക്കി.

“ഞാൻ കലികൊണ്ട് തുള്ളിച്ചാടി. ഈ ഭവനത്തിൽ കാലുകുത്താൻ സമ്മതിക്കയില്ല എന്ന് ഫോൺ ചെയ്ത് അമ്മയോടു പറയുവാൻ ഞാൻ റ്റോമിനോട് ആവശ്യപ്പെട്ടു. “ഇത് എന്റെ പൈതലാണ് എന്റെ മാതാവും ആയി പങ്കിടുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല” എന്ന് ഞാൻ റ്റോമിനോട് കർശനമായി പറഞ്ഞു. എന്റെ അമർഷം മൂലം ഞാൻ ഹീനമായി പെരു മാറി. എന്നാൽ പിന്നീട് ഞാൻ അതിനെക്കുറിച്ച് പരിതപിച്ചു. എന്റെ

ഇടവകയിലെ പട്ടക്കാരനെ സന്ദർശിച്ച് എന്റെ വിചാരവികാരങ്ങൾ പറഞ്ഞു കേൾപ്പിച്ചു.

എന്റെ വിവരണങ്ങളെ അദ്ദേഹം ശ്രദ്ധയോടെ ശ്രവിച്ചു. ഞാൻ പറഞ്ഞു കഴിഞ്ഞും അദ്ദേഹം അഭിപ്രായമൊന്നും തന്നെ നൽകിയില്ല. അദ്ദേഹത്തിന്റെ പ്രതികരണത്തിന്നുവേണ്ടി ഞാൻ കാത്തിരുന്നു. ഞാൻ ചെയ്തത് തികച്ചും ശരിയാണ് എന്ന ചിന്തയിലായിരുന്നു അദ്ദേഹത്തോട് എല്ലാം പറഞ്ഞത്. അദ്ദേഹത്തിന്റെ ആശീർവാദം അതിന് ലഭിക്കുമെന്ന് ഞാൻ പ്രതീക്ഷിച്ചു. എന്നാൽ അദ്ദേഹം പറഞ്ഞ വാക്കുകൾ എന്നെ അത്ഭുതപ്പെടുത്തി. 'അമ്മയുമായുള്ള അനുരഞ്ജനം നിനക്ക് ആവശ്യമാണ്. താങ്കൾക്ക് എന്റെ അമ്മയെ അറിയുവാൻ പാടില്ല.' ഞാൻ പട്ടക്കാരനോടു പറഞ്ഞു. "അതുമായി ബന്ധപ്പെടുത്തരുത്" എന്നായിരുന്നു അദ്ദേഹത്തിന്റെ പ്രത്യുത്തമം.

ഏതായാലും എന്റെ അമ്മ ഞങ്ങളുടെ ഭവനത്തിൽ വന്നു. അമ്മയ്ക്ക് അസുഖം പിടിപെട്ടിരുന്നതിനാൽ വളരെയധികം പരിചരണം ആവശ്യമായിരുന്നു. എന്നാൽ ഞാൻ വളരെയൊന്നും അതിനുവേണ്ടി ചെയ്തില്ല. അമ്മയുടെ സന്ദർശനത്തിന്റെ അവസാന ദിവസങ്ങളിൽ എന്തോ എന്നോടു പറയുവാൻ താല്പര്യപ്പെടുന്നതായി എനിക്ക് അനുഭവപ്പെട്ടു. എനിക്ക് പറവാനുള്ളതെല്ലാം ശ്രദ്ധയോടെ കേൾക്കവാൻ അമ്മ തയ്യാറായിരുന്നു. സംസാര വേളയിൽ ഒരു പുതിയ ബന്ധം സ്ഥാപിക്കപ്പെണ്ടതാണ് എന്ന വിചാരം അമ്മയ്ക്കുണ്ട് എന്ന് എനിക്ക് മനസ്സിലായി. ബന്ധത്തിനു വിലങ്ങുതടിയായി നിൽക്കുന്നതെല്ലാം തന്നെ മാറ്റുവാനും അമ്മ തയാറായി. എനിക്കും ഒരു പുതിയ ബന്ധം തുടങ്ങേണ്ടതിന്റെ ആവശ്യം തോന്നിയിരുന്നു. എന്നാൽ അമ്മയുടെ ഈ ശ്രമം മുഖാന്തരം അമ്മയോട് ക്ഷമകാട്ടേണം എന്ന ചിന്ത എന്നിൽ വരികയും ഞാൻ പൂർണ്ണമായും അമ്മയോട് ക്ഷമിക്കുകയും ചെയ്തു. ഉടൻ തന്നെ എനിക്ക് ആശ്വാസവും സൗഖ്യവും ലഭ്യമായി. വർണ്ണനാതീതമാണെങ്കിലും അതിൽ കൂടെ ലഭ്യമായ ആന്തരീക സമാധാനവും സന്തോഷവും ഇന്നും നിലനിൽക്കുന്നു.

## സൂസൻ (Susan)

മാതാപിതാക്കളും കുട്ടികളും തമ്മിലുള്ള മാനസിക വിടവുകളും സംഘർഷങ്ങളും പലപ്പോഴും ശ്രദ്ധേയമല്ല. കാലിഫോർണിയാക്കാരത്തി ആയ സൂസൻ മാതാപിതാക്കളാൽ അവഗണിക്കപ്പെട്ടിരുന്നില്ല.





എന്നാൽ സ്വന്തം മാതാവിന്റെ വ്യക്തിത്വത്തിൽ അവൾ സന്തുഷ്ടയായിരുന്നില്ല. അവർ തമ്മിൽ അകലുകയും ബന്ധം തണുപ്പനായിത്തീരുകയും ചെയ്തു. കേയിറ്റിനേപ്പൊലെ സൂസനും സ്വന്തം വിദ്വേഷത്തെയും വെറുപ്പിനെയും മനസ്സിലാക്കുകയും ക്ഷമിക്കുകയും ചെയ്യുന്നതിൽ സൗഖ്യവും സമാധാനവും പ്രാപിച്ചു.

"എനിക്ക് ഓർമ്മ വന്ന നാൾമുതൽക്കുതന്നെയും എന്റെ അമ്മയും ആയിട്ടുളള ബന്ധം സുഖകരമായിരുന്നില്ല. അമ്മയുടെ ക്ഷിപ്രകോപവും കടുപ്പവും പരിഹാസകരമായ നാവും എന്നെ വളരെ ഭയപ്പെടുത്തിയിരുന്നു. അമ്മയെ സന്തോഷിപ്പിക്കുക എന്നത് എനിക്ക് അസ്സാധ്യമായിരുന്നു. ഇതിന്റെ പരിണിത ഫലമായി, അമ്മയോട് നിഗൂഢമായ വിദ്വേഷവും കോപവും എനിക്ക് ഉണ്ടായി. എന്റെ ചെറുപ്പകാലം മുതൽ ലഭിച്ചുവന്ന അനീതിപരമായ പെരുമാറ്റങ്ങളെയും, കഠിനവാക്കുകളെയും അതുപോലെ മറ്റു പീഡനങ്ങളെയും ഞാൻ എന്റെ മനസ്സിൽ കൊണ്ടുനടന്നു. അവരുടെ പെരുമാറ്റങ്ങളെക്കുറിച്ച് ഞാൻ അതീവമായി ചിന്തിച്ചു. എന്നെത്തന്നെ തള്ളപ്പെട്ടവളായി, അവഗണിക്കപ്പെട്ടവളായി കരുതി.

തുറന്നതും വിശ്വസ്തതയും ഉള്ള ഒരു ബന്ധം ഞങ്ങൾ തമ്മിൽ ഉണ്ടായിട്ടില്ല. അതിൽ നിന്നുവ്യത്യസ്ഥമായി മുതിർന്ന മറ്റു പലരിലും പ്രത്യേകിച്ചും എന്റെ അധ്യാപകരിലും ഞാൻ ശരണപ്പെട്ടു. എന്നാൽ ഈ ബന്ധങ്ങളെ വൈകാരികമായി എന്റെ അമ്മ വെറുത്തിരുന്നു. സ്വഭവനത്തിൽ നിന്ന് മാറി ഇതുപോലെ ആരുടെയെങ്കിലും ഭവനത്തിലേക്ക് ദത്തെടുത്തിരുന്നുവെങ്കിൽ എന്ന് ഞാൻ ആശിച്ചു. ഈ തരത്തിലുള്ള വികാരങ്ങളൊക്കെ ഉണ്ടായിരുന്നുവെങ്കിലും എന്നെ അംഗീകരിക്കണമെന്ന ആഗ്രഹം എന്നിൽ കൂടി വന്നു. എന്റെ യഥാർത്ഥ വികാരങ്ങളെ മറച്ചുവെച്ച് നല്ലതായി പെരുമാറുവാൻ ഞാൻ ശ്രമിച്ചു.

യൗവ്വനമായപ്പോൾ എന്റെ പലവിധ പ്രശ്നങ്ങളും വർദ്ധിച്ചു. എന്റെ കോപവികാരങ്ങളെ പുറത്തേക്കുവിടുവാനുതകുന്ന മാർഗ്ഗങ്ങളെ ഞാൻ തിരഞ്ഞെടുത്തു. എന്റെ അമ്മയെ കബളിപ്പിക്കുവാൻ പല മാർഗ്ഗങ്ങളും ഞാൻ ചിന്തിച്ചു. എന്റെ മാതാപിതാക്കളുമായി നല്ല ബന്ധമുണ്ടായിരുന്ന ഇടവകപ്പട്ടക്കാരനുമായി ഒരു അവിഹിത ബന്ധം കുറെ നാളത്തേക്ക് മാതാപിതാക്കളോടുള്ള പ്രതികാരമെന്നോണം ഉണ്ടായി. അവസാനം ആ ബന്ധം അവസാനിപ്പിച്ചു ഞാൻ കോളേജിലേക്ക് പോയി. അവിടെ എനിക്ക് ഒരു സ്ഥാനം ലഭ്യമായി. അതിന്റെ ശേഷം എന്റെ

വിവാഹവും കഴിഞ്ഞു. എങ്കിലും എന്റെ മാതാവിനോടുള്ള വിദ്വേഷം തുടർന്നു എന്നാൽ അത് പ്രത്യേകതരത്തിലുള്ള ഒരു ബന്ധം ആയിരുന്നു. എന്റെ മാതാവിനെ സന്തോഷിപ്പിക്കണമെന്നുള്ള തീഷ്ണയും ആ വിദ്വേഷത്തോടൊപ്പം നിലനിന്നു.

ശാരീരികവും മാനസീകവും ആയ പലവിധ വൈഷമ്യങ്ങളിൽ കൂടി എന്റെ മാതാവു കടന്നുപോയി. എന്നാൽ ഏതെങ്കിലും തരത്തിലുള്ള അനുകമ്പ പ്രകടിപ്പിക്കുവാൻ എനിയ്ക്ക് കഴിഞ്ഞില്ല. മദ്യപാനാസക്തിയിൽ നിന്ന് വിടുതൽ ലഭിക്കുന്നതിനു വേണ്ടിയുള്ള ഒരു പദ്ധതിയിൽ എന്റെ മാതാവ് പങ്കെടുത്തു. ആ സമയം ഞാൻ എന്റെ മാതാവും ആയി ബന്ധപ്പെട്ടു. അന്യോന്യം പങ്കുവയ്ക്കാനും സംഗതികൾ തുറന്നുപറവാനും ഉള്ള ഒരു സന്ദർഭമായി അതു മാറി. എന്നാൽ തുറക്കപ്പെട്ട ആ വാതിൽ വീണ്ടും അടഞ്ഞു. അതിന് ഞാൻ മാതാവിനെ പഴിചാരി എങ്കിലും എന്ത് കൊണ്ട് എന്നത് എനിയ്ക്ക് മനസ്സിലായില്ല.

അവസാനം ആണ് അമ്മയുടെ യഥാർത്ഥ സ്വഭാവം എനിക്ക് വെളിവായി വന്നത്. ബാഹ്യമായി വളരെ ധൈര്യവും സമചിത്തതയും പ്രകടിപ്പിക്കുമായിരുന്നുവെങ്കിലും ആന്തരീകമായി പല ദൗർബല്യങ്ങളും ഉണ്ടായിരുന്നു എന്നതാണ് യാഥാർത്ഥ്യം. ബാല്യകാലത്തെ പല വിധ മുറിവുകളും അമ്മയുടെ ഹൃദയത്തിൽ കാത്തു സൂക്ഷിച്ചിരുന്നു. പരസ്പരം ബന്ധപ്പെടുവാൻ ഞങ്ങൾ രണ്ടുപേരും ആഗ്രഹിച്ചിരുന്നുവെങ്കിലും തള്ളപ്പെടുമോ എന്ന ഭയത്താൽ അന്യോന്യം മനസ്സുതുറക്കുവാൻ രണ്ടുപേരും തയാറായില്ല. ഞങ്ങളുടെ പ്രയത്നങ്ങൾ ബാഹ്യമായ തലത്തിൽ മാത്രം ഒതുങ്ങിനിന്നു.

ചാൾസ് സ്റ്റാൻലി എന്ന ഒരു സുവിശേഷകന്റെ പ്രസംഗം കേൾക്കുവാൻ ഇടയായതിലൂടെയാണ് ഞങ്ങളുടെ ബന്ധത്തിന് ഒരു വ്യത്യാസം ഉണ്ടായത്. എന്റെ ഒരു സ്നേഹിതൻ നൽകിയ ഒരു റ്റേപ്പിൽ നിന്നാണ് ഞാൻ ആ പ്രസംഗം ശ്രവിച്ചത്. അദ്ദേഹത്തെക്കുറിച്ച് ഞാൻ കേട്ടിട്ടില്ലായിരുന്നു. പക്ഷെ എന്റെ മനസ്സിൽ നിരവധി ചോദ്യങ്ങൾ ഉണ്ടായിരുന്നതിനാൽ ഞാൻ വളരെ ശ്രദ്ധാപൂർവ്വം ആ പ്രസംഗം കേൾക്കുകയുണ്ടായി. അതു മുഴുവനായി ഓർക്കുന്നില്ല എങ്കിലും ബന്ധങ്ങളെക്കുറിച്ചുള്ള പൊരുൾ അതിൽ ഉൾക്കൊണ്ടിരുന്നു. ഞാനും അമ്മയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചു മനസ്സിലാക്കുവാൻ ആ പ്രസംഗം സഹായിച്ചു. ഞങ്ങൾ രണ്ടുപേരും കുറ്റബോധത്തോടെ ജീവിതം നയിച്ചി





രുന്നു എന്നും ആരെങ്കിലും ഒരാൾ ക്ഷമ ചോദിക്കാതെ അനുരഞ്ജനം സാദ്ധ്യമല്ല എന്നും ഞാൻ മനസ്സിലാക്കി.

അധികം താമസിയാതെ ഞാൻ എന്റെ മാതാപിതാക്കളെ സന്ദർശിച്ചു. മാതാവിനോടൊപ്പം മാത്രമായി സമയം ചെലവഴിച്ച സമയത്ത് ഞാൻ അമ്മയോട് ക്ഷമ യാചിച്ചു. കഴിഞ്ഞ കാലത്ത് മോശമായി പെരുമാറിയതിന് മാപ്പ് അപേക്ഷിച്ചതിനോടൊപ്പം അമ്മയോട് ക്ഷമിക്കുവാനും ഞാൻ തയ്യാറായി. എന്തുകൊണ്ടാണ് എന്ന് അറിവാൻ പാടില്ലായിരുന്നുവെങ്കിലും അമ്മയോട് എനിക്ക് ഉണ്ടായിരുന്ന കോപത്തിന് ഞാൻ ക്ഷമ പറഞ്ഞു. എന്റെ കോപത്തിന്റെ കാരണം അമ്മയ്ക്ക് മനസ്സിലായില്ല എങ്കിലും എന്നിൽ ഉളവാക്കിയ മുറിവുകൾക്ക് അമ്മയും ക്ഷമ ചോദിച്ചു. സംഭവിച്ചത് സംഭവിച്ചു; തിരുത്തുവാൻ സാദ്ധ്യമല്ല. നമുക്ക് മുന്നോട്ടുപോകാം' എന്നാണ് അമ്മ പറഞ്ഞത്.

തകർന്ന ബന്ധങ്ങളിൽ കൂടി ജീവിക്കുന്നവർക്ക് ഏറ്റവും ഉത്തമമായ വാക്കുകളാണിവ. കഴിഞ്ഞതിനെ മാറ്റുവാൻ ആർക്കും സാദ്ധ്യമല്ല. എന്നാൽ നാം ക്ഷമിക്കുവാൻ തയ്യാറായാൽ അനുരഞ്ജന ഭാവത്തിൽ മുന്നോട്ടു ഗമിക്കാം.

**അധ്യായം – 11**

# ദൈവത്തെ പഴിക്കുക

*എല്ലാ കഷ്ടതകളെയും ഇല്ലാതാക്കുവാൻ സാദ്ധ്യമല്ല. അവയെ ധൈര്യപൂർവ്വം സഹിക്കുക എന്നതും ശരിയല്ല. കഷ്ടതകളെ ഉത്തമ കാര്യങ്ങൾക്കായി ഉപയോഗിക്കാം. ജീവിതത്തെ സന്തോഷപർണ്ണമോ ദുഃഖപൂർണ്ണമോ ആക്കുന്നത് ബാഹ്യമായ സംഗതികളല്ല ആന്തരികമായ സമീപനങ്ങളാണ്.*

EBRHARD ARNOLD

ക്ഷമ എന്ന വിഷയത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ നമ്മെ ഉപദ്രവിക്കുകയോ പീഡിപ്പിക്കുകയോ ചെയ്തിട്ടുള്ളതിനെ ആസ്പദമാക്കി മറ്റുള്ളവരിൽ കുറ്റാരോപണം നടത്തുന്നതു നിർത്തുക എന്നതാണ് ആദ്യപടി. എന്നാൽ പല മുറിവുകൾക്കും മാനുഷീകമായ കാരണങ്ങൾ എത്ര തിരഞ്ഞാൽ തന്നെയും ഉണ്ട് എന്ന് വരികയില്ല.

ദൈവവിശ്വാസമില്ലാത്തവർക്ക് കഷ്ടത വരുമ്പോൾ അവർക്ക് ഒരു തരത്തിലുള്ള ജീവിത നൈരാശ്യം ഉളവാകുന്നു. ചിലർ വിധിയെ പഴിക്കും. എന്നാൽ ദൈവ വിശ്വാസികൾ ദൈവത്തോട് കോപം പ്രദർശിപ്പിക്കുന്നു. വേദനകൾക്ക് ഒരു യഥാർത്ഥ കാരണം കണ്ടുപിടിക്കുവാൻ സാധിക്കാതെ വരുമ്പോൾ, ദൈവത്തിന് എതിരായി തിരിഞ്ഞു ദൈവത്തെ പഴി ചാരുന്നു. "ദയാസമ്പന്നനായ ദൈവം എന്തു കൊണ്ട് ഇത് അനുവദിച്ചു"? അവസാനം ആ നിരാശാബോധം അമർഷത്തിലേക്കും അമിതമായ കോപത്തിലേക്കും അവരെ നയിക്കുന്നു.

പല കാരണങ്ങൾ കൊണ്ടും ആരെയും പഴിചാരുവാൻ ഇല്ലാത്ത അവസ്ഥയെക്കാൾ മെച്ചമായത് ദൈവത്തെ പഴിചാരുക എന്നതാണ്. യഥാർത്ഥ സങ്കടത്തിന്റെ ഒരു പ്രതികരണമാണ് കോപം. ചിലപ്പോൾ നമ്മുടെ കോപത്തിന് ചെന്നുപതിക്കുവാൻ ഒരു ഇടമില്ലാത്ത അവസ്ഥ ഉണ്ടാകാം. എന്നാൽ കോപം എന്ന വികാരത്തിന് ബഹിർഗമനം ആവശ്യമാണ്. അത് പ്രകടമാക്കുകയും അതിനെ നേരിടുകയും ചെയ്യുന്നതിൽ കൂടി മാത്രമാണ് യഥാർത്ഥ സൗഖ്യം ലഭ്യമാകുന്നത്. ജീവിതത്തിന്റെ മുന്നോട്ടുള്ള ഗമനത്തിന് ഇത് ഒരു ആവശ്യവും ആണ്.





എന്നാൽ ദൈവത്തോടു കോപിച്ചിരിക്കുന്നത് ഫലരഹിതമാണ്. നമ്മെ മുറിവേല്പിച്ചതിനുത്തരവാദിയായി നമുക്ക് ദൈവത്തെ ദർശിക്കാം പക്ഷെ ദൈവത്തിന് നമ്മോടു ക്ഷമ പറവാൻ സാദ്ധ്യമല്ല. നമ്മുടെ സാഹചര്യങ്ങൾ ഏതെങ്കിലും വ്യത്യാസപ്പെടണമെന്നു നാം ആഗ്രഹിക്കുന്നുവെങ്കിലും അത് നടപ്പാക്കുവാൻ സാധിക്കുന്നില്ല. എങ്കിൽ ആ സാഹചര്യം അംഗീകരിക്കുകയാണ് കരണീയം. അങ്ങനെ ചെയ്യുന്നതിൽ കൂടി നമ്മുടെ ഏറ്റവും വലിയ പ്രതിബന്ധം നമ്മുടെ വളർച്ചയ്ക്ക് സഹായകരമായ ഘടകമായിത്തീർന്നുവെന്നു വരാം.

ദൈവത്തെ പഴിചാരുവാൻ പ്രേരിപ്പിക്കപ്പെടുമ്പോൾ, പല വർഷങ്ങൾക്ക് മുമ്പ് എന്റെ ജീവിതത്തിൽ ഉണ്ടായ ഒരു സംഭവത്തെക്കുറിച്ചും അതിൽ നിന്നും പഠിച്ച പാഠങ്ങളെക്കുറിച്ചും ഞാൻ സ്മരിക്കും. മീൻപിടിക്കുവാൻ പോയ ഒരു അവധി സമയമാണ് അതിന്റെ ആരംഭം. തിരക്കുപിടിച്ച ജീവിതത്തിൽ നിന്ന് മാറി ഒരു വിശ്രമവേള. ആ സമയം എന്റെ ശബ്ദം നഷ്ടപ്പെടുന്നതായി എനിയ്ക്കനുഭവപ്പെട്ടു. ആദ്യ സമയങ്ങളിൽ ഞാൻ അതിനെ തികച്ചും അവഗണിച്ചു. കുറച്ചുദിവസങ്ങൾക്കുള്ളിൽ എന്റെ ശബ്ദം തിരിച്ചു വരും എന്ന് ഞാൻ പ്രത്യാശിച്ചു. എന്നാൽ ആ പ്രശ്നം കൂടുതൽ വഷളാവുകയാണുണ്ടായത്. അവസാനം എന്റെ ഡോക്ടർ എന്നെ ഒരു സ്പെഷ്യലിസ്റ്റിന്റെ സമീപത്തേക്ക് പറഞ്ഞയച്ചു. എന്നെ പരിശോധിച്ചതിനുശേഷം ആ സ്പെഷ്യലിസ്റ്റ് വിധിയെഴുതി – ശബ്ദനാളം തകർന്നു. (Paralysed Vocal Chord)

കാലക്രമത്തിൽ എന്റെ ശബ്ദം തിരിച്ചു ലഭ്യമാകും എന്ന് സ്പെഷ്യലിസ്റ്റ് എന്നെ സമാശ്വസിപ്പിച്ചു. പക്ഷെ ആഴ്ചകളും മാസങ്ങളും കടന്നുപോയി. എനിക്ക് യാതൊരു വ്യത്യാസവും ഉണ്ടായില്ല. യാതൊരു ശബ്ദവും പുറപ്പെടുവിക്കാതെ ഞാൻ പരിപൂർണ്ണ വിശ്രമം എടുക്കണം എന്ന് അദ്ദേഹം എന്നോട് ആവശ്യപ്പെട്ടു. വളരെ വിഷമകരമായിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ നിർദ്ദേശത്തെ അക്ഷരം പ്രതി ഞാൻ അനുസരിച്ചു. എന്നാൽ യാതൊരു പുരോഗതിയും ഉണ്ടായില്ല. എന്നെങ്കിലും എനിക്ക് സംസാരിക്കുവാൻ സാധിക്കുമോ എന്ന് ഞാൻ ചിന്തിച്ചു.

എന്നാൽ എന്റെ സഭയിൽ ആ സമയത്ത് പുതുതായ ചില പ്രശ്നങ്ങൾ ഉളവായി. പഴയ പല അംഗങ്ങളും സഭവിട്ടുപോയി. ഇതിനെതുടർന്നുള്ള മീറ്റിംഗുകളിൽ ഒരു മുതിർന്ന പാസ്റ്റർ എന്ന നിലയിൽ എന്റെ

അഭിപ്രായങ്ങൾ ആരാഞ്ഞുകൊണ്ടിരുന്നു. എന്നാൽ എനിക്ക് പ്രതികരിക്കുവാൻ സാധിച്ചില്ല. നിശബ്ദമായി ഇരുന്ന് എനിക്ക് പറയേണ്ട സംഗതികൾ എഴുതികാട്ടുവാൻ ഞാൻ ശ്രമിച്ചു.

സംസാരശേഷിയോ, അതുപോലെ വിലപ്പെട്ട മറ്റെന്തെങ്കിലുമോ നമ്മിൽ നിന്ന് ഇല്ലാതെയാകുമ്പോൾ അതിന്റെ നന്മകളെക്കുറിച്ച് ഒരു പുതിയ വെളിച്ചം നമുക്ക് ലഭ്യമാകും. യഥാർത്ഥത്തിൽ അത് ഒരു ദാനമാണ്. എന്നാൽ എന്റെ നൈരാശ്യം നിമിത്തം ആ വിധത്തിൽ അത് കാണുവാൻ എനിക്ക് സാധിച്ചില്ല. യഥാർത്ഥത്തിൽ ഞാൻ കോപാകുലനായിരുന്നു. ദൈവം എന്നെ പരീക്ഷിക്കുകയാണ് എങ്കിൽ പോലും ഇത്രയും മോശമായ ഒരു സമയം എന്തിന് എടുത്തു എന്ന് ഞാൻ പരിതപിച്ചു.

കുറെ സമയം കഴിഞ്ഞതിനുശേഷം മാത്രമാണ് ഒരു പുതിയ കാഴ്ചപ്പാട് എനിക്ക് ലഭ്യമായത്. ജീവിത ചിട്ടകൾക്കും ശൈലികൾക്കും ഇത് വ്യത്യാസം ഉളവാക്കി എന്നുമാത്രമല്ല ജീവിതത്തെക്കുറിച്ചു വ്യക്തവും പുതിയതും ആയ ഒരു കാഴ്ചപ്പാട് ഉളവാകുവാനും ഇത് സഹായിച്ചു. അസുഖകരമായ സാഹചര്യങ്ങളിൽ നിന്ന് ദൈവത്തിന് ഉത്തമഫലങ്ങളെ ഉളവാക്കാം എന്ന സത്യം ഞാൻ മനസ്സിലാക്കി. മൂന്നു മാസത്തിനുശേഷം എന്റെ ശബ്ദം എനിക്ക് തിരിച്ച് ലഭിക്കുവാൻ തുടങ്ങി. ഏഴുവർഷത്തിനുശേഷം ശബ്ദം സാധാരണ ഗതിയിലാണെങ്കിലും ആ പന്ത്രണ്ട് ആഴ്ചകൾ എനിക്ക് മറക്കുവാൻ സാധ്യമല്ല.

## ആൻഡ്രിയാ (Andrea)

എന്റെ സഭയിലെ അംഗം ആയിരുന്ന ആൻഡ്രിയായ്ക്ക് എന്നെക്കാൾ കൂടുതൽ ഭാരങ്ങൾ വഹിക്കേണ്ടി വന്നു. ആരോഗ്യമുള്ള ഒരു പൈതൽ ജനിക്കുന്നതിനുമുമ്പായി മൂന്നു പ്രാവശ്യം ഗർഭം അലസിപ്പോയി. ദൈവത്തെ കുറ്റം പറയുന്നതോ ക്ഷമിക്കുന്നതോ ആയ ഒന്നല്ല ആൻഡ്രിയയുടെ (Andrea) അനുഭവം. കുഞ്ഞുങ്ങളെ നഷ്ടപ്പെടുന്നത് ദൈവത്തിങ്കൽ നിന്നുള്ള ശിക്ഷാവിധി അല്ല എന്ന് അവളെ ബോദ്ധ്യമാക്കുക ശ്രമകരമായിരുന്നു. അവളുടെ പോരാട്ടങ്ങൾ ശ്രദ്ധിക്കുമ്പോൾ അവ പൊതുവിലുള്ള പ്രശ്നങ്ങൾക്ക് സമാനമായി വീക്ഷിക്കാം.

"നീലുമായുള്ള (Neil) വിവാഹം കഴിഞ്ഞ് ആറുമാസത്തിന്ന് ശേഷം ഗർഭം ധരിച്ചതിൽ ഞാൻ വളരെ സന്തോഷിച്ചു. എന്നാൽ ക്രിസ്തുമസ്സിന് മുമ്പ് ഒരു രാത്രിയിൽ എനിയ്ക്ക് അതികലശലായ വേദന





അനുഭവപ്പെട്ടു. എന്നെ ഹോസ്പിറ്റലിൽ പ്രവേശിപ്പിക്കണമെന്ന് ഡോക്ടർ പറഞ്ഞു. ഞങ്ങളുടെ അയൽക്കാരി ആയ നഴ്സ് ഞങ്ങൾ പട്ടണത്തിലേക്ക് പോകുന്നതുവരെ ഞങ്ങളോടൊപ്പം സഹായത്തിന്നായി വന്നു. എന്റെ ഭയങ്ങളെ അതായത് കുഞ്ഞിനെ നഷ്ടപ്പെട്ടേക്കാമെന്ന ഭയത്തെ അവർ സ്ഥിരീകരിച്ചു. ശാരീരികമായ വേദനയെക്കാൾ കൂടുതലായിരുന്നു മാനസീകവ്യഥ. എന്റെ ദൈവമെ എന്തിന് ഇത്? ജനിക്കുന്നതിന് മുമ്പ് എന്തിന് ഒരു ആത്മാവിനെ അവിടുന്ന് തിരികെ വിളിക്കുന്നു? ഞാൻ എന്തു തെറ്റാണ് ചെയ്തത്?

എന്നെ രക്ഷിക്കുന്നതിനു വേണ്ടി ഒരു ഓപ്പറേഷൻ ആവശ്യമായി വന്നു. ആ സമയത്ത് ഞങ്ങളുടെ ഒരു ബന്ധു ആശ്വാസവാക്കുകൾ ഉരുവിട്ടു. "സന്തോഷമായിരിക്കുക അടുത്ത പ്രാവശ്യം നിനക്ക് ഒരു കുഞ്ഞു ജനിക്കും". വാസ്തവത്തിൽ ആ വചനങ്ങൾ എന്റെ മുഖത്തടിച്ചതു പോലെ ആയി. ഞങ്ങൾക്ക് ഒരു ശിശു നഷ്ടമായി, ഒരു വ്യക്തിത്വമുള്ള ശിശു. മറ്റൊരാൾ അയച്ച കാർഡിൽ ഇപ്രകാരം രേഖപ്പെടുത്തിയിരുന്നു. "യഹോവ തന്നു യഹോവ എടുത്തു. അവന്റെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ". ആവാക്യം എന്നെ കൂടുതൽ വിഷാദമുഖിയാക്കി. ഏറ്റവും ഭയങ്കരവും വേദനാജനകവും ആയ ഒരു അനുഭവത്തിന് വേണ്ടി എങ്ങനെ ദൈവത്തിന് നന്ദി പറയുവാനാകും? എനിക്ക് അത് സാദ്ധ്യമല്ല. എനിക്ക് മനസിലാക്കുവാൻ സാധിച്ചില്ല എങ്കിലും ദൈവം എന്നെ ശിക്ഷിക്കുന്നു എന്ന ചിന്തയിൽ ഞാൻ ദിവസങ്ങൾ തള്ളി നീക്കി.

ഒരു വൈദീകൻ എന്നെ സമാധാനിപ്പിക്കുവാൻ ശ്രമിച്ചു. ദൈവം ശിക്ഷയുടെ ദൈവമല്ല പക്ഷെ സ്നേഹത്തിന്റെ ദൈവമാണ്. മുങ്ങിമരിക്കാൻ പോകുന്ന ഒരാൾ കച്ചിത്തുരുമ്പിൽ പിടിച്ച് രക്ഷ നേടാൻ ശ്രമിക്കുന്നതുപോലെ ഞാൻ ആ വാക്യത്തിൽ മുറുകെപ്പിടിച്ചു. എന്റെ ഭർത്താവായ നീലിന്റെ കൈത്താങ്ങൽ സ്നേഹത്തിന്റെ പ്രത്യക്ഷചിഹ്നമായി എന്റെ ജീവിതത്തിൽ അനുഭവപ്പെട്ടു. ഞങ്ങളുടെ വേദനകൾ ഒരു പുതിയ രീതിയിൽ ഞങ്ങളെ ഒരുമിപ്പിച്ചു. 'സന്ധ്യയിങ്കൽ കരച്ചിൽ വന്ന് രാപാർക്കും'. ഉഷസ്സിങ്കലോ ആനന്ദഘോഷം വരുന്നു' എന്ന വാക്യം എനിക്ക് വളരെയധികം സമാധാനം നൽകി.

ചുറ്റുപാടുമുള്ളവരുടെ സഹായത്താൽ സാവധാനം വേദനയുടേതായ ആ അനുഭവത്തിൽ ദൈവസ്നേഹത്തെ, കഷ്ടതയുള്ളവരെ

കരുതുന്ന ദൈവത്തെ മനസ്സിലാക്കുവാൻ എനിക്ക് സാധിച്ചു'. ദൈവം ഒരു യാഥാർത്ഥ്യമായി എനിക്ക് അനുഭവപ്പെട്ടു. അവന്റെ സ്നേഹത്തിൽ ഞാൻ എന്റെ വിശ്വാസം അർപ്പിച്ചു.

കുറച്ചുമാസങ്ങൾക്കു ശേഷം ഞാൻ വീണ്ടും ഗർഭം ധരിച്ചു. ഇപ്രാവശ്യം എല്ലാം സുഗമമായി പര്യവസാനിക്കുമെന്ന് ചിന്തിച്ചുവെങ്കിലും അതുണ്ടായില്ല. ആദ്യ തവണത്തെപ്പോലെ തന്നെ അതിവേദനയും അതിനെ തുടർന്ന് ഹോസ്പിറ്റലിലോട്ടുള്ള ഓട്ടവും എന്റെ ജീവനെ രക്ഷിക്കുവാനുള്ള ശസ്ത്രക്രിയയും നടന്നു. രണ്ടാമത്തെ ശിശുവിനെയും ജീവനോടെ ഞങ്ങൾക്ക് ലഭ്യമായില്ല. അഗാധമായ വേദനയിൽ എന്റെ ഹൃദയം കീറിമുറിയ്ക്കപ്പെട്ടു. ഞാൻ എന്റെ ഡയറിയിൽ ഇപ്രകാരം രേഖപ്പെടുത്തി. ഇത് എന്തുകൊണ്ട് സംഭവിച്ചു എന്നു കാണുവാൻ എനിക്ക് സാധിക്കുന്നില്ല; ഒരു പക്ഷെ ഒരിക്കലും എനിക്ക് മനസിലക്കുവാൻ സാധിക്കുകയില്ല. വിശ്വാസത്തിന്റെ ശക്തി എനിക്ക് ആവശ്യമാണ്. എന്നെ സഹായിക്കേണമേ".

സ്നേഹത്തോടും വിശ്വസ്തതയോടും കൂടി നീൽ എന്റെ സമീപം നില കൊണ്ടു. അദ്ദേഹത്തിന്റെ ഒരു സഹോദരി കാൻസർ രോഗം വന്നു കുറെ വർഷങ്ങൾക്ക് മുമ്പ് മരിച്ചു പോയിരുന്നു. അന്ന് അദ്ദേഹം ചില വരികൾ എഴുതിയത് ഉറപ്പും ബലവും നൽകി. "ദൈവത്തിൽ നിന്നും ഉള്ള നമ്മുടെ ദൂരം ശാരീരികമായുള്ളതാണ്. ആ ദൂരം വാസ്തവത്തിൽ വലുതല്ല". ഈ ആശയത്തെ മുറുകെപ്പിടിക്കുവാൻ ഞാൻ ശ്രമിച്ചു.

സാവധാനത്തിൽ ആഴ്ചകളും മാസങ്ങളും മുമ്പോട്ടുകടന്നുപോയി. അതോടൊപ്പം കുഞ്ഞിനെ നഷ്ടപ്പെട്ടതിലുള്ള വേദന കുറഞ്ഞു വന്നുവെങ്കിലും ആ ദുഃഖം ഒരിക്കലും ഞങ്ങളുടെ മനസ്സിനെ വിട്ടുമാറിയില്ല. ഒരു വർഷത്തിനുശേഷം വീണ്ടും ഒരു ശിശുവിനെക്കൂടെ ഞങ്ങൾക്ക് നഷ്ടപ്പെട്ടു. സങ്കടത്തിന്റേയും വേദനകളുടേതുമായ അനുഭവം ഒരു പ്രാവശ്യം കൂടി ഞങ്ങൾക്ക് നേരിടേണ്ടി വന്നു. പക്ഷെ ഈ തവണ എന്തുകൊണ്ട് എന്ന ചോദ്യം ഞങ്ങളുടെ മനസ്സിൽ ഉദിച്ചില്ല."

ഇന്ന് ആൻഡ്രിയാ ആറുവയസ്സുള്ള ഒരു പെൺകുട്ടിയുടെ മാതാവാണ്. നഷ്ടപ്പെട്ട മൂന്നു ശിശുക്കളെക്കുറിച്ച് ഓർക്കുമ്പോൾ ദുഃഖം ഉളവാകുമെങ്കിലും അതിനെച്ചൊല്ലി ഹൃദയം കയ്പ് നിറഞ്ഞതാകുന്നില്ല. എന്നാൽ അതുമൂലമുണ്ടായ രണ്ട് അനന്തരഫലങ്ങളിൽ അവൾ





സന്തുഷ്ടയാണ്. ഒന്ന് എന്നോടൊപ്പം നരകത്തിൽ പോയി മടങ്ങി വന്ന എന്റെ ഭർത്താവിനോടുള്ള കൂടുതലായ സ്നേഹം രണ്ടാമതായി ഒരു കുഞ്ഞിനെ ലഭ്യമായതിൽ ദൈവത്തോടുള്ള അകൈതവമായ കൃതജ്ഞത.

## ജോൻ & ഗ്രെച്ചൻ റോഡ്സ്
## (Jon and Gretchen Rhoads)

ജോൻ, ഗ്രച്ചൻ (Jon, Gretchen) യുവദമ്പതികൾ തങ്ങളുടെ ആദ്യ ശിശുവിന്റെ ജനനത്തെ ആകാംക്ഷയോടെ പ്രതീക്ഷിച്ചു. അത് സാധാരണ പ്രസവമായിരുന്നു. അവർ അവരുടെ പൈതലിന് അലൻ (Alan) എന്ന പേരും നൽകി. എന്നാൽ ഹോസ്പിറ്റലിൽ നിന്ന് വിടുതൽ ലഭിച്ചതിനുശേഷം ശിശുവിന് എന്തോ പ്രശ്നമുള്ളതായി മാതാപിതാക്കൾക്ക് അനുഭവപ്പെട്ടു. അലൻ ശരിയായി ഭക്ഷണം കഴിച്ചിരുന്നില്ല. മാംസപേശികൾ ശരിയായി പ്രവർത്തിച്ചില്ല. യാതൊരു ചലനവും ഇലാതെ നിശ്ചലനായി അലൻ കിടന്നു. ശ്വാസോച്ഛ്വാസത്തിന്നിടയിൽ ചില അപശബ്ദങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു.

അലനെ അടുത്തുള്ള ഒരു യൂണിവേർസിറ്റി ഹോസ്പിറ്റലിൽ (university Hospital) പ്രവേശിപ്പിച്ചു. എന്നാൽ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിന് ഏകദേശം മൂന്നുമാസത്തോളം എടുത്തു. ആ സമയം കൊണ്ട് സ്ഥിതിഗതികൾ വളരെ വ്യക്തമായി. നടക്കുവാനോ സംസാരിക്കുവാനോ അലന് സാധിക്കുകയില്ല. തലച്ചോറും, ആമാശയവും ചെവിയും അങ്ങനെ ശരീരത്തിന്റെ വിവിധ ഭാഗങ്ങളും പ്രവർത്തനരഹിതമാണ്.

ജോനും ഗ്രെച്ചനും ഈ സ്ഥിതിയിൽ അന്ധാളിച്ചു പരവശരായി. അലന്റെ ശരീരത്തിൽ എന്തോ കുഴപ്പങ്ങൾ ഉണ്ട് എന്ന് അവർക്കു അറിയാമായിരുന്നുവെങ്കിലും സംഗതികൾ ഇത്രയും വഷളാണ് എന്ന് അവർ സ്വപ്നേപി ചിന്തിച്ചില്ല. ആദ്യം അവർ തങ്ങളെത്തന്നെ പഴിചാരി. അധികം താമസിയാതെ അവർ ദൈവത്തെ പഴിചാരുവാൻ തുടങ്ങി. എന്തു കൊണ്ട് ഞങ്ങൾക്ക് ഇതു സംഭവിച്ചു എന്ന് അവർ ചിന്തിച്ചു. വളരെയധികം കോപം ഉള്ളിൽ കുമിഞ്ഞു കൂടിയിരുന്നുവെങ്കിലും അത് ആരോടു തീർക്കണമെന്നതിനെക്കുറിച്ച് അറിവാൻ പാടില്ലായിരുന്നു എന്നാണ് ജോൻ പറയുന്നത്. തന്നോടുതന്നെയോ, അഥവാ ഭാര്യ ഗ്രെച്ചനോടോ അലന്റെ ഡോക്ടറന്മാരോടോ അതോ ദൈവത്തോടോ?

ഒരു പക്ഷെ ദൈവത്തോടാകാം തന്റെ കോപം. പക്ഷെ എന്തുകൊണ്ടാണ് എന്നു പറവാൻ അവന് സാധിച്ചില്ല. ഇത്ര ആയിട്ടും അവൻ കയ്പിന്റെ മനോഭാവം പ്രദർശിപ്പിച്ചില്ല. ഒന്നുകിൽ ദൈവത്തിന്ന് തങ്ങളോടു സ്നേഹമില്ല. അഥവാ അലൻ ഇങ്ങനെ ആയിരിക്കണം എന്നാണ് ദൈവവിധി – ഇവിധത്തിൽ ഒരു സമീപനം ആണ് ജോൻ സ്വീകരിച്ചത്. വിദ്വേഷവും കയ്പും നിറഞ്ഞ ഒരു മനോഭാവമാണെങ്കിൽ അലൻ ഉള്ള സന്തോഷം കൂടി ഇല്ലാതെയാക്കും എന്നും അവർ ചിന്തിച്ചു.

ജീവിതത്തിൽ വന്ന വൈഷമ്യങ്ങളെക്കുറിച്ച് സംസാരിക്കുന്നത് എളുപ്പമാണെങ്കിലും പ്രാവർത്തിക തലത്തിൽ വളരെ വിഷമകരമാണ് എന്ന് ജോൻ ഗ്രച്ചൻ ദമ്പതികൾ സമ്മതിക്കുന്നു. ഇതിൽ നിന്നെല്ലാം ഓടിപ്പോകണമെന്ന ചിന്ത പലപ്പോഴും അവരെ ഭരിച്ചിരുന്നു. അർത്ഥമില്ലാത്തവാക്കുകളാൽ ഉള്ള അനുശോചന പ്രകടനങ്ങളെ അവർ വെറുത്തു.

ചില ദിവസങ്ങളിൽ പുരോഗതിയും പ്രത്യാശയുടെ ചിഹ്നങ്ങളും പ്രത്യക്ഷമാകും എങ്കിലും മറ്റു ദിവസങ്ങളിൽ പരീക്ഷകളും ശോധനകളും അവരെ ഗ്രസിക്കും. ശാസ്വനാളം മുറിച്ച് ദ്വാരം ഉണ്ടാക്കുക ചെറുകുടലിന്റെ അറ്റം മുറിക്കുക ഇവ ഉൾപടെ നിരവധി ശസ്ത്രക്രിയകൾക്ക് അലൻ വിധേയനായി. എന്തു മാത്രം കൂടുതൽ കഷ്ടതകളായിരിക്കും ഇനിയുള്ള വർഷങ്ങളിൽ അലന് നേരിടേണ്ടി വരിക.

സാധാരണ ഗതിയിൽ അപൂർണ്ണ ശിശുക്കളെ ഗർഭത്തിൽ തന്നെ തിരിച്ചറിയുമ്പോൾ ഗർഭഛിദ്രമാണ് ഉത്തരമായി പലരും കാണുന്നത്. എന്നാൽ അലന്റെ മാതാപിതാക്കൾ ഇതിനെതിരായ ഒരു നിലപാട് സ്വീകരിച്ചു. തങ്ങളുടെ പൈതൽ ഒരു ഭാരമായി അവർ കരുതിയില്ല. "അവന് ഞങ്ങൾക്ക് നൽകുവാൻ നിരവധി പാഠങ്ങളുണ്ട്. അവനെ കൈവിടുവാൻ ഞങ്ങൾ തയ്യാറല്ല." അവർ തങ്ങളുടെ ഡയറിയിൽ രേഖപ്പെടുത്തി.

"അവന്റെ ചെറിയ കൈകൾ അവനു ചുറ്റുമുള്ള കമ്പികൾക്കിടയിൽ കൂടി നീട്ടി എന്റെ കവിളിൽ തൊടുവാൻ ശ്രമിച്ചു. കിടക്കയിൽ നിന്ന് ഞാൻ അവനെ എന്റെ കൈകളിൽ എടുത്തപ്പോൾ ഉറക്കം നിറഞ്ഞ കണ്ണുകളിൽ കൂടി അവൻ എന്നെ നോക്കിചിരിച്ചു. ജനനം കഴിഞ്ഞുള്ള പതിനൊന്നുമാസങ്ങളിൽ അഞ്ചുപ്രാവശ്യം അവനെ ഹോസ്പിറ്റലിൽ പ്രവേശിപ്പിക്കേണ്ടതായിവന്നു. ഓരോ പ്രാവശ്യവും കൂടുതൽ ചോദ്യങ്ങളും കുറവ് ഉത്തരങ്ങളും കണ്ണുനീരുമായി ഞങ്ങൾ മടങ്ങി വന്നു.





പക്ഷെ സന്തോഷത്തിന്റേതായ ശബ്ദങ്ങളും അന്വേഷണത്തിന്റേതായ നോട്ടവും അലന്റെ ഭാഗത്ത് നിന്ന് ഉണ്ടായിരുന്നു. അവന്റെ പുഞ്ചിരി ഞങ്ങളുടെ ഹൃദയത്തിന് കുളിർമ്മയേകി.

ഇതിൽ കൂടുതലായ വേദന അലൻ സഹിക്കേണ്ടി വരുമോ? ഇനിയും എന്തെല്ലാം കടമ്പകൾ ഞങ്ങൾ കടക്കേണ്ടതുണ്ട്. അവന്റെ ശ്വാസനാളത്തിലെ ശസ്ത്രക്രിയ മുഖാന്തരം നേരത്തെ ഉണ്ടായിരുന്ന ശബ്ദങ്ങൾ ഇപ്പോൾ അവൻ പുറപ്പെടുവിക്കുന്നില്ല. അതുപോലെ ഭക്ഷണം കഴിക്കുന്നതിനുള്ള സാദ്ധ്യതകളും തടസ്സപ്പെട്ടു. ഇപ്പോൾ സന്തോഷത്തിന്റേതായുള്ള ശബ്ദങ്ങളും വേദനയുടെ കരച്ചിലുകളും അവനിൽ നിന്നു വരുന്നില്ല.

അവൻ ജീവിക്കുകയാണെങ്കിൽ അവനിൽ ഘടിപ്പിച്ചിരിക്കുന്ന റ്റ്യൂബുകൾ മാറ്റുവാൻ സാധിക്കും എന്ന് ഡോക്ടർ പറഞ്ഞു. എന്നാൽ അവൻ ജീവിക്കുമോ? ഈ ചോദ്യം എന്റെ ഹൃദയത്തെ മുറിപ്പെടുത്തുന്നതായിരുന്നു. പക്ഷെ അവന്റെ പുഞ്ചിരി എനിയ്ക്ക് പ്രത്യാശ നൽകി. ജീവിതത്തിന്റെ യാഥാർത്ഥ്യങ്ങളെ അംഗീകരിക്കുവാൻ അവൻ എന്നെ പഠിപ്പിക്കുന്നു."

അവസാനം ഗ്രെച്ചൻ തങ്ങളുടെ സാഹചര്യങ്ങളെ അംഗീകരിച്ച് എഴുതിയ കുറിപ്പ് ആണ് ദൈവത്തോടു ക്ഷമിക്കുവാനായി ഞങ്ങളെ ഒരുക്കിയത്. അതില്ലാതിരുന്നുവെങ്കിൽ ജീവിതത്തോടു മതിപ്പും വഹിക്കേണ്ട കുരിശുകളോട് പ്രതികൂല മനോഭാവവും ആയിരിക്കും പരിണിത ഫലം. എന്നാൽ ക്ഷമയുടെ ഫലമായി മറ്റുള്ളവരുടെ കഷ്ടതകളുമായി ബന്ധിപ്പിച്ച് ഞങ്ങളുടെ വേദനകളെയും ഭാരങ്ങളെയും ദർശിപ്പാനും സാധിക്കുന്നതോടൊപ്പം അവയെ വഹിക്കുവാനുള്ള ശക്തി ലഭ്യമാകുവാനും അത് സഹായിക്കുന്നു.

അലനെ പരിചരിക്കുകയും പരിശോധിക്കുകയും ചെയ്ത ഡോക്ടറന്മാരുടെ പ്രവചനങ്ങളെ അതിജീവിച്ച് അവൻ ഇന്നും ഒരു യുവാവായി ജീവിക്കുന്നു. അവന് നടക്കുവാനും ഓടുവാനും ഡാൻസ് ചെയ്യുവാനും സാധിക്കും. അവന്റെ വീടു സന്ദർശിക്കുക. മൂന്നു ചക്രമുള്ള അവന്റെ വാഹനത്തിൽ അവൻ നിങ്ങളെ വന്നു സ്വീകരിക്കും. അവന് സംസാരിക്കുവാൻ സാധിക്കുകയില്ല എങ്കിലും ആശയവിനിമയം നടത്തുന്നതിന് വിഷമമില്ല. ചില ശബ്ദങ്ങൾ പുറപ്പെടുവിച്ചും ചേഷ്ടകൾ കാട്ടിയും ആംഗ്യം കൊണ്ടും അവൻ ആശയ വിനിമയം നടത്തുന്നു.

“ആദ്യ കാലങ്ങളിൽ വൈകല്യങ്ങളുടെ വെളിച്ചത്തിൽ ഞങ്ങൾ അവനെ കണ്ടു. അവനു പൂർണ്ണ സൗഖ്യം ലഭിക്കേണമെന്നും, അവന്റെ വൈകല്യങ്ങൾ മാറ്റേണമെന്നും ഞങ്ങൾ പ്രാർത്ഥിച്ചു. എന്നാൽ കാല ങ്ങൾ കഴിയുംതോറും ഞങ്ങൾക്ക് കൂടുതൽ വിവേകം ലഭ്യമായി. എന്നാൽ ഇപ്പോൾ ഞങ്ങൾ പ്രാർത്ഥിക്കുന്നത് ഞങ്ങളുടെ സൗഖ്യ ത്തിനുവേണ്ടിയാണ്. അവന്റെ പരിപൂർണ്ണതയും ഉത്തമഗുണങ്ങൾ ഞങ്ങൾക്ക് ലഭ്യമാകുന്നതിനുവേണ്ടി. അവന്റെ നിർമ്മലത, സ്നേഹം, കണ്ണുനീരും സന്തോഷവും ഇവയെ ഞങ്ങൾക്ക് പ്രദാനം ചെയ്യപ്പെടാ നായി.

മേൽപറഞ്ഞവ അപ്പന്റെ വാക്കുകളാണെങ്കിൽ അമ്മ ഇപ്രകാരം പറ യുന്നു. "അലന്റെ കാര്യത്തിൽ എല്ലാം പൂമെത്ത അല്ല. തീരുമാനങ്ങൾ എടുക്കേണ്ടി വരുമ്പോൾ ഞങ്ങളുടെ ചിന്തകൾ ശരിയോ എന്ന് ഞങ്ങൾ ചഞ്ചലപ്പെടുന്നു. അലനെ കൂടാതെ ഞങ്ങൾക്ക് മറ്റുകുട്ടികളും ഉണ്ട്. അവർക്ക് വേണ്ടിയ സമയവും പരിചരണവും നൽകുന്നുണ്ടോ എന്നു ഞങ്ങൾ ചിന്തിക്കാറുണ്ട്. പക്ഷെ ഈ ചോദ്യങ്ങൾക്ക് ഞങ്ങളെ അല ട്ടുമ്പോൾ ഞങ്ങൾക്ക് ലഭ്യമാകുന്ന ചിന്ത ക്ഷമിക്കുക എന്നതാണ്. മാതാ പിതാക്കൾ എന്ന നിലയിലുള്ള ഞങ്ങളുടെ ചുമതലകൾ അതിൽ നിക്ഷിപ്തമായിരിക്കുന്നു. ഞങ്ങളുടെ വിവാഹം അതിൽ അടിസ്ഥാ നപ്പെട്ടിരിക്കുന്നു. അന്യോന്യവും ഞങ്ങളുടെ കുഞ്ഞുങ്ങളോടും ദൈവ ത്തോടും 'sorry' പറയുക എന്നത് പരമപ്രധാനമാണ്. എല്ലാം പുതു തായി തുടങ്ങുവാൻ സഹായിക്കുന്നത് അതാണ്. ഹൃദയത്തിന് അത് സമാധാനം നൽകുന്നതിനോടൊപ്പം അലന് ഏറ്റവും താല്പര്യമുള്ള സംഗീതത്തിനൊപ്പം അവന്റെ കൂടെ നൃത്തം ചെയ്യുവാനും അത് ഞങ്ങളെ സഹായിക്കുന്നു.

അധ്യായം – 12

# നമ്മോടു തന്നെ ക്ഷമിക്കുക

*നാം ക്ഷമിക്കപ്പെടാതെയിരിക്കുന്നുവെങ്കിൽ, നാം ചെയ്ത പ്രവർത്തികളുടെ ഫലങ്ങളിൽ നിന്നു വിമുക്തരാക്കാതെയിരിക്കുന്നുവെങ്കിൽ, ഒരു പ്രവൃത്തിയുടെ അനന്തര ഫലത്തിൽ കുടുങ്ങിക്കിടക്കുന്നുവെങ്കിൽ ഒരു മാജിക്കിന്റെ ഫലമായി നിഷ്ക്രിയത്വം നിലനിൽക്കുന്നതുപോലെ പ്രവർത്തികളുടെ ഫലത്തിന്റെ ഇരകളായി നാം എക്കാലവും ജീവിക്കേണ്ടിവരും.*

HANNAH ARENOT

## ഡെൽഫ് ഫ്രാൻഷം (Delf Fransham)

നമ്മെ ഉപദ്രവിച്ചവരോടു നാം ക്ഷമിച്ചിരിക്കുന്നു എന്ന് നാം വാഗ്ദത്തം ചെയ്യുമ്പോൾ നമ്മുടെ ദയ അവർ അംഗീകരിക്കുക എന്നത് പ്രാധാന്യം അർഹിക്കുന്നു. ചുരുക്കത്തിൽ അതായിരിക്കും നമ്മുടെ പ്രത്യാശ. പക്ഷെ സംസാരത്തിലല്ലാതെ അത് പലപ്പോഴും പ്രാവർത്തികമാകുന്നില്ല. പലർക്കും മറ്റുള്ളവർ ക്ഷമിക്കുന്നതിനാൽ സ്വന്തം കുറ്റബോധം ഇല്ലാതാകുന്നില്ല. യഥാർത്ഥ മനസ്സമാധാനം അവർക്ക് ലഭ്യമാകുന്നത് സ്വയമേവ ക്ഷമിക്കുന്നതിൽ കൂടി മാത്രമാണ്.

1953–ൽ ആണ് ഞാൻ ഡെൽഫ് ഫ്രാൻഷാമിനെ (Delf Fransham) ആദ്യമായി കാണുന്നത്. ആ വർഷം ആണ് അദ്ദേഹം അമേരിക്കയിൽ നിന്ന് തെക്കേ അമേരിക്കയിലുള്ള ഞങ്ങളുടെ ഗ്രാമത്തിൽ ഒരു അദ്ധ്യാപകനായി വന്ന് അടുത്തുള്ള സ്കൂളിൽ പഠിപ്പിക്കുവാൻ തുടങ്ങിയത്. ആ ക്ലാസ്സിലുണ്ടായിരുന്ന പതിനൊന്ന് ആൺകുട്ടികൾ എല്ലാവരും തന്നെ വികൃതികൾ ആയിരുന്നു. അദ്ദേഹം വന്ന് അധിക ദിവസങ്ങൾ കഴിയുന്നതിന് മുമ്പ് അദ്ദേഹത്തെ പരീക്ഷിക്കുവാൻ ഞങ്ങൾ ഒരു പദ്ധതി തയാറാക്കി.

ഒരു ദിവസം രാവിലെ 110 ഡിഗ്രി ചൂടുള്ളപ്പോൾ ഒരു സ്ഥലം കാണിച്ചുകൊടുക്കുന്നതിന് ഞങ്ങളുടെ കൂടെ നടക്കാൻ ഞങ്ങൾ അദ്ദേഹത്തെ ക്ഷണിച്ചു. വളരെയധികം ചുടുള്ള പറമ്പായിൽ ചതുപ്പുനിലങ്ങളിൽ കൂടിയും ഞങ്ങൾ അദ്ദേഹത്തെ നടത്തുകയുണ്ടായി. ഔദ്യോ

ഗികമായി സ്ഥലങ്ങൾ പരിചയപ്പെടുത്തുക എന്നതാണെങ്കിലും രഹസ്യമായി ഞങ്ങളുടെ മനസ്സിൽ അദ്ദേഹത്തെ ക്ഷീണിപ്പിക്കുക എന്നതായിരുന്നു ഉദ്ദേശ്യം. ഏകദേശം പത്തു കിലോമീറ്ററോളം കാട്ടിനുള്ളിൽകൂടി അദ്ദേഹത്തെ നടത്തിയതിനുശേഷം ഞങ്ങൾ പിന്തിരിഞ്ഞു. ഞങ്ങൾ തിരിച്ചു സ്കൂളിൽ വന്നതിനു ശേഷം അധികം താമസിയാതെ അദ്ദേഹം മോഹാലസ്യപ്പെട്ട് കുഴഞ്ഞുവീണു.

ഡെൽഫിന് കിടക്കയിൽ പൂർണ്ണവിശ്രമം ആവശ്യമായിരുന്നു. ഞങ്ങളുടെ അധ്യാപകനായിരുന്ന ഡെൽഫിനെ തോല്പിച്ചു എന്ന സന്തോഷത്തിലായിരുന്നു ഞങ്ങൾ. എന്നാൽ അദ്ദേഹം മടങ്ങി സ്കൂളിൽ വന്നപ്പോൾ ഞങ്ങളോടു പറഞ്ഞു. "കുട്ടികളെ നമുക്ക് ഒരു പ്രാവശ്യം കൂടി മുമ്പു നടന്നതുപോലെ നടക്കാം". അദ്ദേഹം പറഞ്ഞത് ഞങ്ങൾക്ക് വിശ്വസിക്കാനായില്ല. മുമ്പു നടന്ന സ്ഥലങ്ങളിലെല്ലാം കൂടി ഞങ്ങൾ വീണ്ടും നടന്നു. എന്നാൽ ഈ പ്രാവശ്യം അദ്ദേഹത്തിന് ഒന്നും തന്നെ സംഭവിച്ചില്ല. ആ ദിവസം അദ്ദേഹം ഞങ്ങളുടെ സ്നേഹവും ബഹുമാനവും കരസ്ഥമാക്കി. ഞങ്ങൾ അദ്ദേഹത്തെ പൂർണ്ണമായി വിശ്വസിച്ചു. അദ്ദേഹം നല്ല ഒരു കായികാഭ്യാസിയും സ്പോർട്ട് തല്പരനും ആയിരുന്നു. അദ്ദേഹം ഫുട്ബോൾ മുതലായ കളികൾ ഞങ്ങളെ പഠിപ്പിച്ചു എന്നു മാത്രമല്ല ഞങ്ങളുടെ കൂടെ കളിക്കുകയും ചെയ്തു.

പതിറ്റാണ്ടുകൾക്ക് ശേഷം മാത്രമാണ് ഡെൽഫിന്റെ സ്നേഹപ്രകടനങ്ങൾക്കും ഉന്മേഷത്തിനും പിന്നിൽ ഉളവായ ഒരു സംഭവത്തിന്റെ കഥ ഞങ്ങൾ മനസ്സിലാക്കിയത് ഡെൽഫിന് സ്വന്തം പുത്രൻ നഷ്ടപ്പെട്ടിരുന്നു. നിക്കോളാസ് എന്നായിരുന്നു ആ കുട്ടിയുടെ നാമധേയം. ഫ്രാൻഷാം ദമ്പതികൾ അമേരിക്കയിൽ ജീവിച്ചിരുന്നപ്പോഴാണ് നിക്കോളാസ് ജനിച്ചത്. ഒരു ദിവസം ഡെൽഫ് തന്റെ വാൻ ഭവനത്തിന്റെ മുൻവശത്ത് പുറകോട്ടെടുക്കുക ആയിരുന്നു. ആ സമയം പുറത്തു കളിച്ചു കൊണ്ടിരുന്ന 20 മാസം പ്രായമുണ്ടായിരുന്ന നിക്കോളാസ് തന്റെ പിതാവിനെ കണ്ട് അങ്ങോട്ട് ഓടി. ഡെൽഫ് ഇതു കണ്ടില്ല. വണ്ടി നിക്കോളാസിന്റെ ശരീരത്തു കയറിയപ്പോൾ മാത്രമാണ് അദ്ദേഹം അത് മനസ്സിലാക്കിയത്.

ഡെൽഫിന്റെ ഭാര്യ കാത്തി (Katty) ഈ സമയം ഭവനത്തിനുള്ളിലായിരുന്നു. ഡെൽഫ് തന്റെ പുത്രനെ ഭവനത്തിലേക്ക് എടുത്തുകൊണ്ടു വന്നപ്പോൾ ഉള്ള അനുഭവം അവൾ വിവരിക്കുന്നു."





"ഞാൻ എന്നെത്തന്നെ മറന്നു തികച്ചും മാനസികവിഭ്രാന്തിയിലായി. ഡെൽഫ് എന്നെ കെട്ടിപുണർന്നു. ഞങ്ങൾ നിക്കോളാസിനെ ഞങ്ങളുടെ ഡോക്ടറുടെ അടുത്തു കൊണ്ടുപോയി വിവരങ്ങൾ വിശദീകരിച്ചു.

എന്റെ ഭർത്താവായ ഡെൽഫിനോട് ഞാൻ ക്ഷമ കാട്ടേണ്ടതില്ല എന്നെനിക്ക് തോന്നി. കാരണം ഞാനും കുറ്റക്കാരിയാണ്. അതുപോലെ ഡെൽഫും എന്നെ കുറ്റം പറഞ്ഞില്ല. തന്നത്താൻ പഴിചാരുകയാണ് ചെയ്തത്. ഞങ്ങളുടെ ദുഃഖത്തിൽ ഞങ്ങൾ പങ്കാളികളായി ഒരുമിച്ച് നിലകൊണ്ടു".

ഡെൽഫിന് തന്നത്താൻ ക്ഷമിക്കാൻ സാധിച്ചില്ല. ആ അപകടത്തിന്റെ വേദന ദീർഘവർഷങ്ങൾ നീണ്ടുനിന്നു. അതുകഴിഞ്ഞതിനു ശേഷം കുട്ടികൾക്കു വേണ്ടി സമയം ചിലവഴിക്കാൻ ഡെൽഫ് അത്യധികം ശ്രമിച്ചു. അപകടത്തിൽ നഷ്ടമായ തന്റെ പുത്രന് നൽകേണ്ടിയിരുന്ന സമയം മറ്റു കുട്ടികൾക്ക് വേണ്ടി ഡെൽഫ് വിനയോഗിച്ചു.

പുറകോട്ടുതിരിഞ്ഞു നോക്കുമ്പോൾ, ഡെൽഫിന്റെ കണ്ണിൽ നിന്ന് കണ്ണുനീർ വരുന്നത് ഞാൻ ഓർമ്മിക്കുന്നു. അതിന്റെ കാരണം എനിക്ക് അജ്ഞാതമായിരുന്നു. സ്വന്തം പുത്രനെ ഞങ്ങളിൽ കൂടി അദ്ദേഹം ദർശിക്കുന്നുവോ? അദ്ദേഹത്തിന് നഷ്ടപ്പെട്ട കുഞ്ഞിനെ ഓർത്തു ദുഃഖിക്കുന്നുവോ? എന്തായിരുന്നാലും അബദ്ധവശാൽ തന്റെ പൈതലിന്റെ മരണത്തിനിടയാക്കിയതിന്റെ കുറ്റബോധം തീർക്കുന്നതിനുതകുന്ന രീതിയിൽ മറ്റുള്ളവരെ സ്നേഹിക്കുകയും കരുതുകയും ചെയ്യുവാൻ അദ്ദേഹം തയ്യാറായി. കുറ്റബോധത്തിന്റെയും നിരാശയുടെയും സങ്കടത്തിന്റെയും വികാരങ്ങളെ അടക്കി തന്റെ ശ്രദ്ധയെ മറ്റുള്ളവരുടെ നന്മയിലേക്കും വളർച്ചയിലേക്കും തിരിച്ചുവിട്ടതിൽ കൂടി അദ്ദേഹത്തിന് ആന്തരിക സമാധാനം കൈവരിക്കുവാൻ സാധിച്ചു.

## ഡേവിഡ് ഹാർവി (David Harvey)

ഏകദേശം എഴുപത് വയസ്സുപ്രായം വരുന്ന ഒരു വൃദ്ധനാണ് ഡേവിഡ് ഹാർവി. രണ്ടാം ലോകമഹായുദ്ധ കാലത്ത് അദ്ദേഹം പട്ടാളത്തിൽ ചേർന്നു യുദ്ധ സമയത്ത് മിക്കവാറും പരിശീലന ക്യാമ്പുകളിലായിരുന്നു. പരിശീലനത്തിനുശേഷം ആഫ്രിക്ക, ജർമ്മനി, ഇറ്റലി ഹോംകോങ്ങ്, ചൈന, മെഡിറ്ററേനിയൻ മുതലായ സ്ഥലങ്ങളിൽ അദ്ദേഹം സേവനം അനുഷ്ഠിച്ചു. പട്ടാള പരിശീലനവും സേവനവും

ആദ്യമൊക്കെ രസകരമായിരുന്നുവെങ്കിലും തന്റെ ജീവിതത്തെ പൂർണ്ണമായി മാറ്റിമറിച്ച ഒരു സംഭവം അദ്ദേഹത്തിനുണ്ടായി.

"പട്ടാള സേവനസമയത്ത് കുറേ നാളുകൾ ഞാൻ കെനിയയിൽ കഴിച്ചു കൂട്ടിയിട്ടുണ്ട്. ഭീകരപ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്നവരെ തിരഞ്ഞുപിടിക്കുക എന്നതായിരുന്നു ആ സമയത്തെ ദൗത്യം. അങ്ങനെയുള്ള അവസരത്തിൽ ഏറ്റവും ഭയങ്കരമായ ഒരു അപകടത്തിൽപെടുവാൻ ഇടയായി.

ഒരു കൂട്ടം ഭീകരരെ പ്രതീക്ഷിച്ച സമയം ഞങ്ങളുടെ സംഘം അങ്കലാപ്പിലായി. തെറ്റായ ധാരണകളും ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ അജണ്ടകളും അതിനെ തുടർന്നുള്ള അന്യോന്യം വെടിവെയ്പുകളും നടക്കയുണ്ടായി. പെട്രോൾ സംഘം രണ്ടായി തിരിഞ്ഞു. ഞങ്ങളുടെ സംഘം മൃഗങ്ങൾ സഞ്ചരിച്ചിരുന്ന ഒരു പാതയിൽ കൂടി മമ്പോട്ടു നടന്നു. രണ്ടാമത്തെ സംഘം കാട് വെട്ടിതെളിച്ചാണ് മുന്നേറിയത്. എന്നാൽ അവർ ഞങ്ങളേക്കാൾ വേഗത്തിൽ മുന്നേറി. അവസാനം ആളറിയാതെ ഞങ്ങൾ അന്യോന്യം വെടിവെയ്പു നടത്തി. തദവസരത്തിൽ വളരെ പെട്ടെന്ന് എന്റെ സമീപം ഉണ്ടായിരുന്ന കുറ്റിക്കാടുകൾ രണ്ടായി വേർതിരിയുന്നതായി ഞാൻ കണ്ടു. ഒന്നും ആലോചിക്കാതെ ഞാൻ വെടിവെയ്ച്ചു. അത് ചെന്ന് തറച്ചത് പെട്രോൾ സംഘത്തലവന്റെ മേലായിരുന്നു. അങ്ങനെ അയാളുടെ തലയിൽ തന്നെ ഉണ്ട തറയ്ക്കുകയും ചെയ്തു. ഞങ്ങളുടെ ദൗത്യം പൂർണ്ണമായും ഉപേക്ഷിച്ചു. മുളകൊണ്ടുനിർമ്മിച്ച ഒരു താല്ക്കാലിക കട്ടിലിൽ (streche) അദ്ദേഹത്തെ പതിനാറു മണിക്കൂർ സമയം എടുത്തുകൊണ്ട് നടന്ന് മിലിട്ടറി ഹോസ്പിറ്റലിൽ എത്തിച്ചു.

കാലക്രമത്തിൽ ഇതുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾ ഒക്കെയും ആരംഭിച്ചു. മിലിട്ടറി കോടതി എന്നെ കുറ്റവിമുക്തനാക്കി എങ്കിലും മനസ്സാക്ഷിക്കുത്തുകൊണ്ട് എനിക്ക് യാതൊരു സമാധാനവും ലഭിച്ചില്ല. നാലുവർഷത്തിനുശേഷം മിലിട്ടറി സേവനം വിട്ട് സാധാരണ ജീവിതത്തിലേക്ക് ഞാൻ തിരികെ വന്നു. എനിക്ക് ആദ്യം അത് വിഷമകരമായി തോന്നി. പട്ടാളത്തിൽ പേരിനു പകരം ഒരു നമ്പറിൽ ഓരോരുത്തരും അറിയപ്പെടുന്നു. ശരിയായി ആജ്ഞാപനങ്ങൾ അനുസരിക്കുക എന്ന ചിന്തയിലായിരുന്നു പരിശീലനം. ഇത് സാധാരണ ജീവിതത്തിൽ നിന്ന് വ്യത്യസ്ഥമാണ്. എന്നാൽ സാധാരണ ജീവിതത്തിലേക്ക് മടങ്ങിയതിനുശേഷം മിലിട്ടറി ജീവിതത്തെക്കുറിച്ച് വിലയിരുത്തുവാൻ എനിക്ക് സമയം കിട്ടി. ആ സമയങ്ങളിലെല്ലാം ഞാൻ വെടിവെച്ച പട്ടാളക്കാരനെക്കുറിച്ച് ആണ് എന്റെ ഓർമ്മകൾ വന്നത്. അയാൾ എവിടെയാണ്? എങ്ങിനെയുണ്ട്? അയാൾ രക്ഷപ്പെട്ടുകാണുമോ?





കുറെ വർഷങ്ങൾ പിന്നിട്ടശേഷം ഞാൻ എന്റേതായ അന്വേഷണങ്ങൾ നടത്തി. പക്ഷെ ഒന്നും കണ്ടെത്താനായില്ല. എന്റെ പഴയ സതീർത്ഥന്മാരോടെല്ലാം തന്നെ ഞാൻ അന്വേഷിച്ചു. എന്നാൽ 1996-ൽ എന്റെ ഭാര്യ മാരിയൻ (Marion) ഈ സംഭവത്തെക്കുറിച്ച് രേഖപ്പെടുത്തിയ പുസ്തകം വായിക്കുവാനിടയായി. ആ പുസ്തകത്തിന്റെ ഗ്രന്ഥകർത്താവിനെ ഞാൻ ഫോണിൽ വിളിച്ചു സംസാരിച്ചു. നേരിൽ കണ്ടിട്ടില്ല എങ്കിലും അയാൾ ലണ്ടനിൽ ഉണ്ടെന്ന് കരുതുന്നു എന്ന് അദ്ദേഹം പറഞ്ഞു.

ഈ വഴിയും അടഞ്ഞതിൽ ഞാൻ നിരാശനായി. ഇതിനെ തുടർന്നു ഞാൻ സഹായത്തിന് പത്രക്കാരെ സമീപിച്ചു. എന്റെ കഥയും ഒരു ഫോട്ടോയും കൂടി അവർ പ്രസിദ്ധീകരിച്ചു. നാല്പത്തി എട്ടുമണിക്കൂറിനകം ഞാൻ തിരഞ്ഞു കൊണ്ടിരുന്ന വ്യക്തി എന്നെ ഫോണിൽ വിളിച്ചു.

വിഷമകരമായ ഒരു അനുഭവം ആയിരുന്നു അത്. നിരവധി തവണയുള്ള ഫോൺ സന്ദേശങ്ങൾക്ക് ശേഷം ഞങ്ങളുടെ ഭവനത്തിൽ വെച്ചു കണ്ടുമുട്ടാമെന്ന് പരസ്പരം സമ്മതിച്ചു. അവസാനം അദ്ദേഹം നിരവധി സമ്മാനങ്ങളുമായി അദ്ദേഹത്തെ വെടിവെച്ച എന്നെക്കാണുവാൻ വന്നു. ഞാൻ വെടിവെച്ചതുമൂലം അദ്ദേഹത്തിന്റെ ഒരു വശം തളർന്നരുന്നു. നടക്കുന്നതിനും അദ്ദേഹത്തിന് വിഷമം ഉണ്ടായിരുന്നു. "താങ്കൾക്ക് എന്നോട് ക്ഷമിക്കുവാൻ സാധിക്കുമോ?" ഞാൻ ചോദിച്ചു. മറുപടിയായി അദ്ദേഹം എന്നെ ആലിംഗനം ചെയ്തു. അദ്ദേഹം ക്ഷമിച്ചു കഴിഞ്ഞിരുന്നു.

## ജോൺ പ്ലമ്മർ (John Plummer)

അമേരിക്കയിലെ വർജീനിയ എന്ന സ്ഥലത്തെ ഒരു ശാന്തമായ പട്ടണത്തിൽ ഒരു മെഥഡിസ്റ്റ് സഭയിലെ പാസ്റ്ററായി സേവനം അനുഷ്ഠിക്കുന്നയാളായിരുന്നു ജോൺ പ്ലമ്മർ. എന്നാൽ വിയറ്റ്നാം യുദ്ധകാലത്ത് 1972 ൽ ട്രാങ്ങ് ബാങ്ങ് (Trang Bang) എന്ന ഗ്രാമത്തിൽ നേപ്പാലം

(Napalam) ബോംബ് ഇടുന്നതിൽ സഹായി ആയിരുന്ന ഒരു വൈമാനി കനായി അദ്ദേഹം അമേരിക്കൻ സേനയിൽ പ്രവർത്തിച്ചിരുന്നു. ബോംബിന് ഇരയായി കരഞ്ഞ് കൊണ്ട് ഓടിയ ഫാൻ കിം ഫ്യൂക് (Phan Kim Phuc) എന്ന പെൺകുട്ടിയുടെ ചിത്രം ലോകപ്രശസ്തമായി എന്നു മാത്രമല്ല അവാർഡുകൾ നേടിക്കൊടുക്കുകയും ചെയ്തു. അമേരിക്കയുടെ വിയറ്റ്നാം ഓപറേഷനും ആയി ബന്ധപ്പെട്ടുള്ള ഒരു ചിത്രമാണിത്.

ഇതിനെ തുടർന്ന് ഇരുപത്തിനാലു വർഷക്കാലത്തോളം ഈ ചിത്രം ജോണിന്റെ (John) മനസ്സിനെ അലട്ടിക്കൊണ്ടിരുന്നു. യുദ്ധക്കെടുതികളുടെ ഭീകരതയുടെയും ചിഹ്നമായി അനേകരുടെ മനസ്സിൽ ആ ചിത്രം പതിഞ്ഞിരുന്നു. പൊള്ളിയ ശരീരത്തോടു കൂടി നഗ്നയായ ഒരു പെൺകുട്ടി, കാമറയുടെ നേർക്ക് ദയനീയമായി കരഞ്ഞുകൊണ്ട് ഓടുന്ന ചിത്രം. പുറകിൽ ആകാശത്ത് കറുത്ത പുക ഉയരുന്നു.

ഇരുപത്തിനാലു വർഷത്തോളം അതിഭയങ്കരമായ മനസ്സാക്ഷിക്കുത്ത് ജോൺ അനുഭവിച്ചു. ആ പെൺകുട്ടിയെ കണ്ടുപിടിച്ച് തനിക്ക് ഉള്ള ദുഃഖം അറിയിക്കണമെന്ന് ജോൺ അതിയായി ആഗ്രഹിച്ചു. തന്നത്താൻ പഴിചാരി നിരാശയിൽ ജോൺ കാലം കഴിച്ചു. രണ്ടുപ്രാവശ്യം വിവാഹം കഴിച്ചു എങ്കിലും അതു രണ്ടും പരാജയത്തിലെത്തി. അതിനെ തുടർന്ന് ജോൺ മദ്യപാനവും തുടങ്ങി.

പിന്നീട് ഏറ്റവും അവിശ്വസനീയമായ ഒരു സാഹചര്യത്തിൽ ജോൺ കിമ്മിനെ നേരിട്ടു കാണുവാനിടയായി. 1996-ൽ വിയറ്റ്നാം യുദ്ധത്തിന്റെ ഓർമ്മദിനം (Vietnam War Memorial Day) ദിനം ആചരിച്ചു. സമയം സമാധാനത്തിന്റെ പുഷ്പചക്രം വെയ്ക്കുവാൻ കിം വാഷിംഗ്ടണിൽ വന്നു. പശ്ചാത്താപവിവശനായ ജോണിന്റെ സഹവൈമാനികരും അതേ ചടങ്ങിൽ പങ്കെടുക്കുവാൻ വന്നെത്തിയിരുന്നു.

അന്നത്തെ ചടങ്ങിൽ കിം ആ പ്രശസ്ത ഫോട്ടോയിലെ പെൺകുട്ടി താനാണ് എന്ന് അവിടെ കൂടിയിരുന്നവരോട് വെളിപ്പെടുത്തി. തന്റെ പൊള്ളലും മുറിവുകളും തന്നെ വേദനിപ്പിച്ചിരുന്നു എങ്കിലും അതിനെക്കുറിച്ച് യാതൊരു വിദ്വേഷവും അവർ പ്രകടിപ്പിച്ചില്ല. തന്നെക്കാൾ കഷ്ടപ്പെടുകയും വേദനിക്കുകയും ചെയ്ത മറ്റനേകർ ഉണ്ട് എന്ന് അവർ സാക്ഷ്യപ്പെടുത്തി. "എന്റെ ഫോട്ടോയുടെ പശ്ചാത്തലത്തിൽ അനേകായിരങ്ങൾ കൊല്ലപ്പെട്ടു. മറ്റുനിരവധി ആളുകളുടെ ശരീരഭാഗങ്ങൾ





അറ്റുപോയിരുന്നു. നിരവധി ആളുകളുടെ ജീവിതം നശിച്ചു. പക്ഷെ അവരുടെ ചിത്രങ്ങൾ, ഫോട്ടോകൾ ആരും എടുത്തില്ല."

ഭൂതകാല ചരിത്ര സംഭവങ്ങൾ തിരുത്തുവാൻ സാദ്ധ്യമല്ല എന്നും, തന്റെ ഗ്രാമം ബോംബിട്ടുതകർത്തവരോട് താൻ പൂർണ്ണമായി ക്ഷമിച്ചിരിക്കുന്നു എന്നും അമേരിക്കയും വിയറ്റ്നാമും തമ്മിൽ സമാധാനവും സ്നേഹവും പുനസ്ഥാപിക്കപ്പെടുന്നതിനുവേണ്ടിയുള്ള ദൗത്യമാണ് തന്റേതെന്നും അവർ കൂട്ടിച്ചേർത്തു. പോലീസ് അകമ്പടിയോടു കൂടി കിം പോകുന്നതിന് മുമ്പായി ജോൺ തിരക്കിനിടയിൽ കൂടി കിമ്മിന്റെ അടുത്ത് ചെന്ന് തന്നെതന്നെ പരിചയപ്പെടുത്തി. 24 വർഷം മുമ്പ് ആ ഗ്രാമം ബോംബ് ചെയ്ത വിമാനം പറപ്പിച്ച പൈലറ്റ് താനായിരുന്നു എന്ന് ജോൺ കിമ്മിനോട് പറഞ്ഞു. ജോൺ ഇപ്രകാരം വിവരിക്കുന്നു.

"കിമ്മിന്റെ വേദനയും, സങ്കടവും, ദുഃഖവും കണ്ടു. അവൾ കൈകൾ നീട്ടി എന്നെ ആലിംഗനം ചെയ്തു. എനിക്ക് പറയാൻ സാധിച്ച ഏക വാക്കുകൾ 'I am sorry; I am sorry; എന്നായിരുന്നു വീണ്ടും വീണ്ടും ആ ക്ഷമാപണ വാക്കുകൾ ഞാൻ ആവർത്തിച്ചു പറഞ്ഞു. ആ സമയം ദയാപുരസ്സരം അവർ മറുപടി പറഞ്ഞു. 'സാരമില്ല. ഞാൻ ക്ഷമിച്ചിരിക്കുന്നു.'

കിമ്മിനെ നേരിട്ട് കണ്ട് അവൾക്ക് സംഭവിച്ച മുറിവുകളിലും വേദനകളിലും തനിക്ക് ഖേദമുണ്ട് എന്നു പറയുന്നത് ജോണിന് സുപ്രധാനമായിരുന്നു. തന്റെ ഹൃദയത്തിനുള്ളിൽ ഒതുക്കിവെച്ചിരുന്ന ഈ ഭാരം ഇറക്കാതെ സ്വയം ക്ഷമിക്കുക എന്നത് ജോണിന് അസ്സാദ്ധ്യമായിരുന്നു. എന്നാൽ താൻ വിചാരിച്ചിരുന്നതിനേക്കാൾ കൂടുതൽ ജോണിന് ലഭ്യമായി. കിം തന്നോട് ക്ഷമിച്ചിരിക്കുന്നു.

തന്റെ ജീവിതത്തിന്ന് വ്യതിയാനം ഉളവാക്കിയ ഈ സംഗമത്തെ ജോൺ വിലയിരുത്തുന്നു. "ക്ഷമ എന്നത് നമ്മുടെ അവകാശമോ അഥവാ പ്രയത്നത്താലുളവാകുന്നതോ അല്ല പ്രത്യുത അതൊരു ദാനം ആണ്". അതോടൊപ്പം ക്ഷമ എന്നത് ഒരു രഹസ്യവും അത്രെ. ഇരുപത്തിനാലുവർഷം നീണ്ടു നിന്ന ഒരു ദുഃസ്വപ്നം ഒരു ചെറിയ സംഭാഷണം കൊണ്ട് തുടച്ചുമാറ്റുവാൻ കഴിഞ്ഞത് ജോണിന്റെ മനസ്സിൽ ഇപ്പോഴും ഒരു അതിശയമായി അവശേഷിക്കുന്നു.

## പാറ്റ് (Pat)

വിയറ്റ്നാം യുദ്ധത്തിൽ പങ്കെടുത്ത പാറ്റ് മൃദുലസ്വഭാവമുള്ളവനും മിതഭാഷിയും കുഞ്ഞുങ്ങളെയും കുതിരകളെ ഇഷ്ടപ്പെടുന്നവനും ആയിരുന്നു. എന്നാൽ ഇതിൽ നിന്നും വ്യത്യസ്ഥമായ ഒരു വശം അവനിൽ ഉണ്ട് എന്ന് ഏഴുവർഷത്തെ പരിചയം കൊണ്ട് ഞാൻ മനസ്സിലാക്കി. അയാൾക്ക് അയാളോടുതന്നെ ക്ഷമിക്കുവാൻ സാധിച്ചിരുന്നില്ല.

"മരണത്തെക്കുറിച്ച് ഞാൻ പലപ്പോഴും ചിന്തിച്ചു. പല മരണങ്ങൾക്കും ഞാൻ ഒരു നിമിത്തം ആയത് – എന്റെ സ്വന്തം മരണത്തെക്കുറിച്ചുള്ള ആകാംക്ഷ – ഈ ചിന്തകളൊക്കെയും എന്റെ മനസ്സിൽ സദാ ഉളവായിരുന്നു. എന്നോടൊപ്പം ജോലി ചെയ്തിരുന്നവരോടു ഞാൻ വളരെയധികം തമാശകൾ പറഞ്ഞിരുന്നു. എന്റെ വേദനകൾ മറച്ചുവെച്ച് അവയെ മനസ്സിൽ നിന്ന് അകറ്റി ചിരിക്കേണ്ടത് എന്റെ ഒരു ആവശ്യമായി മാറി. ഈ നിരാശാ ജീവിതത്തെ മറയ്ക്കുവാൻ ചിരി എനിക്ക് ഒരു ആവശ്യമാണ്.

എനിക്ക് സ്നേഹിക്കുവാൻ സാധിച്ചിരുന്നില്ല. എന്റെ ആത്മാവിന്റെ ഒരു ദാനം നഷ്ടപ്പെട്ടിരിക്കുന്നു. അത് എനിക്ക് ഒരിക്കലും തിരികെ ലഭ്യമാകയില്ല. എന്റെ തെറ്റുകുറ്റങ്ങളെ എപ്പോഴെങ്കിലും സ്വയമേവ ക്ഷമിക്കുവാൻ സാധിക്കുമോ എന്ന് എനിക്ക് അറിയുവാൻ പാടില്ല. ഞാൻ ഓരോ ദിവസത്തിന്നായി ജീവിക്കുന്നു. പക്ഷെ ഞാൻ എല്ലായ്പ്പോഴും ക്ഷീണിതനാണ്. ക്ഷീണം എന്നെ ഗ്രസിക്കുന്നു. ഇത് എന്നെങ്കിലും അവസാനിക്കുമോ? ഇതിന്റെയൊക്കെ അവസാനം എനിക്ക് കാണുവാൻ സാധിക്കുന്നില്ല. കഴിഞ്ഞ ഇരുപത്തി അഞ്ചു വർഷങ്ങളായി ഈ ചിന്തകളുമായി ഞാൻ മുന്നോട്ട് ഗമിക്കുന്നു".

പാറ്റിനെപ്പോലെയുള്ളവർക്ക് കൗൺസിലിംഗ് ആവശ്യമാണ്. അതോടൊപ്പം സംഘം ചേർന്നുള്ള കൗൺസിലിംഗ് ഗ്രൂപ്പ് തെറാപ്പി (Group Therapy) ഒരു ഒരേ തരത്തിലുള്ളവർ ഒരുമിച്ചു വന്ന് അന്യോന്യം പ്രശ്നങ്ങൾ പങ്കുവയ്ക്കുകയും സഹായിക്കുകയും ചെയ്യുന്ന സഹായ കൂട്ടായ്മകൾ (Support group) അതുപോലെയുള്ള മറ്റെന്തെങ്കിലും ഒക്കെ ആവശ്യമാണ്. പാറ്റ് ഇതുപോലെയുള്ള പലതിലും പങ്കെടുത്തിരുന്നുവെങ്കിലും സമാധാനം ലഭ്യമായില്ല. ഒരു പക്ഷെ ജോണിനെപ്പോലെ താൻ കുലചെയ്തവരുടെ കുടുംബങ്ങളെ കണ്ടുപിടിക്കുകയാണെങ്കിൽ പാറ്റിന് സമാധാനം കണ്ടെത്താൻ സാധിച്ചേക്കും. പക്ഷെ ഇത് അപ്രായോഗി





കമാണ്. താൻ കുല ചെയ്തവരോടും ക്ഷമ അപേക്ഷിക്കുവാൻ സാദ്ധ്യമല്ല. പിന്നെ അവർക്ക് എന്തു ചെയ്യുവാൻ സാധിക്കും?

സങ്കീർണ്ണമായ മാനസീക വികാരങ്ങൾ അപഗ്രഥനം ചെയ്തിരുന്ന സുപ്രസിദ്ധ മനശാസ്ത്രജ്ഞൻ ആയിരുന്ന അന്നാ ഫ്രോയിഡും (Anna Freud) ആയി റോബർട്ട് കോലബ് (Robert Coleb) നടത്തിയ സംഭാഷണം ഈ പ്രശ്നത്തിന്റെ ഉത്തരങ്ങളിലേക്ക് വിരൽ ചൂണ്ടുന്നവയാണ്. പ്രായം ചെന്ന ഒരു മാനസീക രോഗിയുടെ കേസ് ചർച്ച ചെയ്തു കൊണ്ടിരിക്കവെ അന്നാ ഫ്രോയിഡ് ഇപ്രകാരം ഉപസംഹാരം നടത്തി.

"ഈ സ്ത്രീയോടു വിടവാങ്ങുമ്പോൾ അവരെക്കുറിച്ച് എന്താണ് ചിന്തിക്കേണ്ടത് എന്ന് നമുക്ക് സംശയം തോന്നാം. പക്ഷെ ഈ ലോകത്തിൽ അവർക്ക് വേണ്ടി നമുക്ക് എന്തു ചെയ്യുവാൻ സാധിക്കും എന്നതിനെക്കുറിച്ചാണ് നാം ചിന്തിക്കേണ്ടത്. മാനസിക ചികിത്സ (Psycho Therapy) അല്ല ഞാൻ ഉദ്ദേശിക്കുന്നത്. അത് അവൾക്ക് വേണ്ടുവോളം ലഭിച്ചിരിക്കുന്നു. മാനസീകാപഗ്രഥനത്തിന് (Psycho - Analysis) മുതിരുകയാണെങ്കിൽ അവരുടെ ശിഷ്ടമുള്ള വർഷങ്ങൾ മതിയാകയില്ല. കൗൺസലേർസിന്റെയും മറ്റു മാനസീക വിദഗ്ദരുടെയും സേവനങ്ങൾ അവർക്ക് ആവശ്യത്തിൽ കൂടുതൽ ലഭ്യമായിരിക്കുന്നു. സാധുവായ ഈ വൃദ്ധയ്ക്ക് നമ്മുടെ സേവനം ഇനിയും ആവശ്യമില്ല. അവർക്ക് വേണ്ടത് ക്ഷമയാണ്. സ്വന്തം ആത്മാവും ആയുള്ള നിരപ്പ് ആണ് അവർക്ക് ആവശ്യം. അവളെ സഹായിക്കേണ്ടത് ദൈവം മാത്രമാണ്. വിശ്വാസം സഹായിക്കുവാനും, സൗഖ്യമാക്കുവാനും ദൈവം ഉണ്ട് എന്നുള്ള ഉറപ്പ് – ഈ തലത്തിൽ നാം അല്ല അവരുടെ സഹായികൾ."

അന്നാ ഫ്രോയിഡിന്റെ (Anna Freud) ഈ പ്രസ്താവന തികച്ചും ശരിതന്നെ. ഒരാൾ ദൈവ വിശ്വാസി അല്ല. എങ്കിൽപോലും ഈ വസ്തുത അംഗീകരിക്കാതിരിപ്പാൻ സാധ്യമല്ല. ഓരോരുത്തരുടെയും ജീവിതത്തിൽ സ്വയം ക്ഷമിക്കുകയും മറക്കുകയും ചെയ്യേണ്ടുന്ന അഥവ തുടച്ചുമാറ്റേണ്ടുന്ന നിരവധി അനുഭവങ്ങൾ ഉണ്ടാകും. കുറ്റബോധം ഇല്ലാതെ ജീവിക്കുവാൻ നാം ഓരോരുത്തരും ആഗ്രഹിക്കുന്നു. ജീവിതത്തിന്റെ ഏതെങ്കിലും ഒരു തുറയിൽ ക്ഷമിക്കപ്പെടേണ്ടതിനു വേണ്ടി ഏവരും കാംക്ഷിക്കുന്നു.

ക്ഷമയെക്കുറിച്ച് വിവരിക്കുവാൻ നമുക്ക് സാധിക്കുമായിരിക്കും എന്നാൽ അത് പിടിച്ചെടുക്കുവാൻ സാദ്ധ്യമല്ല. ചിലപ്പോൾ നാം ഒരു

വനോടു തെറ്റായി വർത്തിച്ചാൽ അയാൾക്ക് നമ്മോടു ക്ഷമിക്കുവാൻ സാധിച്ചു എന്ന് വരികയില്ല. അതിനുള്ള വിനയമോ, അറിവോ അയാൾക്ക് ഇല്ലായിരിക്കാം. പലപ്പോഴും നമുക്ക് നമ്മോടു തന്നെ ക്ഷമി ക്കുവാൻ വിഷമമാണ്. ഏറ്റവും മെച്ചമായ മാനസീകാപഗ്രഥനമോ (Psycho Analysis) പാപസ്വീകാരമോ (Confession) പൂർണ്ണ സൗഖ്യത്തിന്ന് ഉത കുന്നതാകണമെന്നില്ല.

പക്ഷെ ക്ഷമയുടെ ശക്തി അതീതമാണ്. നിലനിൽക്കുന്നതാണ്. ജോൺ പ്ലമ്മർ (John Plummer) മനസ്സിലാക്കിയതുപോലെ ക്ഷമയ്ക്ക് അത്ഭുതങ്ങൾ സൃഷ്ടിക്കുവാനുള്ള സാധ്യതയുണ്ട്. അതു നമ്മുടെ അവകാശമോ പ്രയത്നമോ ഒന്നും കൊണ്ടു ലഭ്യമാകയില്ല. അർഹത യില്ല എങ്കിലും ഒരു ദാനമെന്ന നിലയിൽ അത് നമ്മിലേക്ക് വരുന്നു. അവസാനം ഏതൊരു ദാനം പോലെയും ക്ഷമയെ സ്വീകരിക്കാം അല്ലെ ങ്കിൽ നിരാകരിക്കാം. എന്തായിരുന്നാലും നമ്മുടെ ജീവിതത്തെ സഹാ യിക്കുന്ന ഗുണം അത്രെ.

അധ്യായം – 13

# ഉത്തരവാദിത്വം ഏറ്റെടുക്കുക

*ഒരു യഥാർത്ഥ പാപ സ്വീകാര്യത്തിൽ പഴയമനുഷ്യൻ മരിക്കുന്നു അഥവ ഇല്ലാതെയാകുന്നു. മറ്റുള്ളവരുടെ മുമ്പിൽ ഇത് നിന്ദാർഹമാണ്. ഈ നിന്ദ സഹിക്കുക എന്നത് അസ്സഹനീയമായതിനാൽ പാപത്തെ ഏറ്റുപറയുന്നത് മാറ്റിവെയ്ക്കുവാൻ അഥവാ മറയ്ക്കുവാൻ പലരും ശ്രമിക്കുന്നു. എന്നാൽ ഈ അഗാധമായ മാനസികവും ശാരീരികവും ആയ നിന്ദയിൽ കൂടിയാണ് നമുക്ക് വിടുതലും രക്ഷയും അനുഭവ്യമാകുന്നത്.*

DIETRICH BONHOEFFER

മാർക്ക് & ഡബി Mark & Debbie

ഈ പുസ്തകം ഇതുവരെയും വായിച്ചവർ ക്ഷമിയ്ക്കുക എന്നത് സൗഖ്യം പ്രദാനം ചെയ്യും എന്ന വസ്തുത അംഗീകരിക്കും. അതിന്റെ ശക്തി ശ്രോതസ് എവിടെയാണ് എന്ന് നമുക്ക് അറിയുവാൻ പാടില്ല. എങ്കിലും അത് യഥാർത്ഥമാണ്. ബുദ്ധിക്ക് അതീതമാണ്. എന്നാൽ ക്ഷമ എന്നത് വിലയില്ലാതെ എളുപ്പം ലഭ്യമാകുന്ന ഒന്നാണ് എന്ന് കരുതുന്നത് അർത്ഥശൂന്യമാണ്.

പലപ്പോഴും ക്ഷമയെന്നത് ലളിതവും ജീവിതത്തിന്റെ വിരൂപമായ വശങ്ങളെ തുടച്ചുമാറ്റി വെള്ള പൂശുന്നതുമാണ് എന്നത് സത്യം തന്നെ. എന്നാൽ യഥാർത്ഥമെന്നു തോന്നപ്പെടുന്ന ക്ഷമാപണങ്ങൾക്കു പോലും, മാനസാന്തരാനുഭവം അഥവാ ഹൃദയ പരിവർത്തനം എന്ന അനുഭവം ഉണ്ടാകുന്നില്ല എങ്കിൽ, അഥവാ ക്ഷമിക്കുന്ന ആൾക്കും ക്ഷമ ലഭിക്കുന്ന ആൾക്കും പരിവർത്തനം ഉണ്ടാകുന്നില്ല എങ്കിൽ, യഥാർഥ ശക്തി ഉണ്ടാകുകയില്ല. അതായത് ശാശ്വതമായ ഫലം ലഭിക്കണമെങ്കിൽ മറുവിലയായി നാം ജീവിത വ്യതിയാനത്തെ നൽകേണ്ടതുണ്ട്.

നൈമിഷികമായി ക്ഷമിക്കുകയാണെങ്കിൽ ആക്ഷമാപണ പ്രക്രിയ വ്യർത്ഥമാണ്. ക്ഷമ എന്നത് ഒരു ദാനമാണെന്നതും യാതൊന്നുമായി ബന്ധിക്കപ്പെട്ടിട്ടില്ല എന്നതു സത്യം ആണ് എങ്കിലും അത് മനുഷ്യജീവിതത്തിൽ മെച്ചമായതിലേക്കുള്ള വ്യത്യാസം ഉളവാക്കുന്നില്ല എങ്കിൽ അതുകൊണ്ടു പ്രയോജനമില്ല.

എന്റെ സ്നേഹിതരായിരുന്ന മാർക്ക് – ഡെബീ ദമ്പതികൾ എന്നോടൊപ്പം ഉള്ള ഫെലോഷിപ്പിൽ അംഗങ്ങളായിരുന്നു. ക്ഷമയുടെ ഈ യാഥാർത്ഥ്യത്തെ അവരുടെ അനുഭവങ്ങളിൽ കൂടി അവർ രേഖപ്പെടുത്തുന്നു.

"വർഷങ്ങളായി തെറ്റുകളെ മറച്ചു വെച്ചതിന്റെയും ചെറിയ കുറ്റങ്ങളെ അവഗണിക്കുകയും ചെയ്തതിന്റെ ഭവിഷത്തുകളെക്കുറിച്ചു ഞങ്ങൾ മനസ്സിലാക്കുന്നു. നിരവധി ആളുകളുള്ള ഒരു കമ്മ്യൂണിറ്റിയിലാണ് ഞങ്ങൾ താമസിച്ചിരുന്നത്. ഞങ്ങളുടെ കൂട്ടത്തിൽ അവിവാഹിതനായ ഒരാൾ, വിവാഹിതയായ ഒരു സ്ത്രീയുമായി അടുപ്പത്തിലായി. ഞങ്ങളുടെ കൂട്ടത്തിലുള്ള ചിലർ ഈ പ്രശ്നം പരിഹരിക്കുന്നതിന് ഓരോരുത്തരോടും സംസാരിച്ചുവന്നു. എന്നാൽ ഈ പ്രശ്നം വെളിച്ചത്തുകൊണ്ടുവരുവാൻ ആരും ധൈര്യപ്പെട്ടില്ല.

കുറ്റം ചുമത്തപ്പെടും എന്നുള്ള ഭയത്താൽ ഇതിന്റെ ഗൗരവം കണക്കിലെടുക്കാതെ ഏവരും കണ്ണടയ്ക്കുകയാണ് ചെയ്തത്. ഇതിൽ ഏവരും കുറ്റക്കാല്ലയോ? വിധിക്കുവാൻ നമ്മൾ ആര്? ഈ പ്രശ്നത്തെ നേരിടാൻ അവർക്ക് ലജ്ജാവഹമായി തോന്നുകയില്ലേ എന്ന ചിന്തയുണ്ടായി. അവസാനം അവരുടെ കുറ്റങ്ങളും കുറവുകളും കണ്ണടയ്ക്കുവാനും അതിനെക്കുറിച്ച് സംസാരിക്കാതിരിപ്പാനും ഞങ്ങൾ ശ്രമിച്ചു. ഈ തരത്തിലുള്ള കരുണാ സമ്പന്നമായ പെരുമാറ്റം അവസാനം പ്രശ്നം വർദ്ധിപ്പിക്കുകയാണ് ചെയ്തത്. അവിവാഹിതനായ ആ വ്യക്തി അവസാനം ഞങ്ങളുടെ കമ്മ്യൂണിറ്റി വിട്ടു എന്നു മാത്രമല്ല രണ്ടുവർഷത്തിനുശേഷം ഈ ബന്ധത്തിൽ പങ്കാളി ആയിരുന്ന സ്ത്രീയും തന്റെ ഭർത്താവിനെ ഉപേക്ഷിച്ച്, വിവാഹ ബന്ധം വേർപ്പെടുത്തി അയാളുടെ പുറകെ പോയി.

ഇതുപോലെയുള്ള സംഭവങ്ങൾ വർദ്ധിച്ചു വരികയാണ്. ബാഹ്യമായി നോക്കുമ്പോൾ ഇതിൽ ക്ഷമയ്ക്ക് വലിയ സ്ഥാനം ഉണ്ട് എന്നു തോന്നുകയില്ല. എന്തെന്നാൽ തെറ്റിനെക്കുറിച്ചുള്ള ബോധം അവിടെ കാണപ്പെടുന്നില്ല. അതുകൊണ്ട് വീണ്ടെടുപ്പിനും പ്രസക്തിയില്ല. എന്നാൽ അഗാധമായ വേരുകൾ ക്ഷമയുടെ ആവശ്യത്തെ ചൂണ്ടിക്കാട്ടുന്നു. പ്രശ്നത്തെ അത് അർഹിക്കുന്ന ഗൗരവത്തോടെ നേരിട്ടിരുന്നുവെങ്കിൽ സംഗതികൾ വ്യത്യസ്ഥമാകുമായിരുന്നില്ലയോ?





## സ്റ്റീവ് (Steve)

നമ്മുടെ കുറ്റങ്ങളും തെറ്റുകളും വേറാരോടെങ്കിലും നാം കുറ്റം ചെയ്തവരോടോ അഥവാ നാം പൂർണ്ണമായി വിശ്വസിക്കുന്ന ആരോടെങ്കിലുമോ ഏറ്റുപറയേണ്ടുന്നത് ക്ഷമയുടെ പ്രധാനഭാഗമാണ് എന്ന് നാം ഓർക്കേണ്ടിയിരിക്കുന്നു. ഇതിനെ പലരും കുമ്പസാരം എന്നു പറഞ്ഞ് അത് അർഹിക്കുന്ന ഗൗരവം അതിന് നൽകാതെ പോകുന്നുണ്ട്. വേറെ പലരും അതിനെ നല്ലതായി കരുതുന്നുവെങ്കിലും തെറ്റ് ആവർത്തിക്കാതിരിക്കുന്നതിൽ കൂടി രക്ഷനേടാമെന്ന് കരുതുന്നു. എന്നാൽ ഇത് ഭോഷത്തരം ആണ്. എന്തെന്നാൽ തെറ്റുകളെക്കുറിച്ചുള്ള ബോധം മനസ്സാക്ഷിക്കുത്ത് അഥവാ കുറ്റബോധം ആയി മാറുന്നു. തന്നത്താൻ ക്ഷമിക്കുന്നതിൽ കൂടി ഹൃദയ സമാധാനം കൈവരിക്കുന്നത്, ആത്മാവിന്റെ നിശ്ചലതയാണ് (Deadness of the soul) എന്ന് Tolstoy പറഞ്ഞിട്ടുണ്ട്. താഴ്മയോടു കൂടി ക്ഷമാപണം നടത്തുന്നവർക്കാണ് യഥാർത്ഥ ഹൃദയ സമാധാനം ലഭ്യമാകുന്നത്.

കുറ്റബോധം രഹസ്യത്തിലാണ് പ്രവർത്തിക്കുന്നത്. അത് വെളിച്ചത്ത് കൊണ്ടുവരുമ്പോൾ മാത്രമാണ് അതിന്റെ ശക്തി നഷ്ടമാകുന്നത്. നമ്മുടെ ഉള്ളിലെ നീതിബോധം പലപ്പോഴും നമ്മുടെ കുറ്റങ്ങളെയും തെറ്റുകളെയും അംഗീകരിക്കുന്നതിന് നമ്മെ വിമുഖരാക്കുന്നു. അങ്ങനെയുള്ള സംഗതികളെ നമ്മുടെ മനസ്സിന്റെ പുറകിലേക്ക് നാം തള്ളി നീക്കുമ്പോൾ ഉപബോധ മനസ്സിൽ അവപെറ്റുപെരുകും. അങ്ങനെ കുറ്റങ്ങൾ ഒന്നിനു പുറകെ ഒന്നായി വർദ്ധിച്ച് അത് നമ്മെ ഭാരപ്പെടുത്തും. നാം പാപ ഭാരത്താൽ വലയും.

എന്റെ ഒരു പഴയ സ്നേഹിതനായിരുന്നു സ്റ്റീവ്. കുറ്റങ്ങളെ ഏറ്റുപറയുന്നതിൽ കൂടി ലഭ്യമാകുന്ന സ്വാതന്ത്ര്യത്തെക്കുറിച്ച് ഇപ്രകാരം എഴുതുന്നു.

"ആന്തരീകമായ സമാധാനം ലഭിക്കുന്നതിനുവേണ്ടി ഞാൻ പലമതങ്ങളിലും തിരച്ചിൽ നടത്തി, മനശാസ്ത്രം പഠിക്കുവാൻ ശ്രമിച്ചു. പക്ഷേ അവയെല്ലാം തന്നെ ഭാഗീകമായ ഉത്തരങ്ങൾ മാത്രമാണ് നൽകിയത്. അവസാനം ഞാൻ എന്റെ ജീവിതത്തെ നോക്കി അത് എന്തു മാത്രം താറുമാറാണ്. എനിക്ക് ആന്തരീകമായ ക്ഷമയും ജീവിതത്തിന്റെ പുതിയ മാനവും ലഭിക്കേണ്ടതാണ് എന്നു മനസ്സിലാക്കിയതിനുശേഷമാണ് സമാധാനം ലഭ്യമായത്.

ഇതിനുള്ള വഴിത്തിരിവ് ഒരു പ്രത്യേക അനുഭവത്തിൽ കൂടിയാണ് ലഭിച്ചത്. തെറ്റുകളുടെ ഒരു കൂമ്പാരം എന്നിൽ ഉണ്ട് എന്ന ബോധം പെട്ടെന്ന് എന്നെ ഗ്രസിച്ചു. ഇതിനുമുമ്പ് ഈ യാഥാർത്ഥ്യത്തെ എന്റെ നീതിബോധവും അഭിമാനവും മറച്ചുവച്ചു. മറ്റുള്ളവരുടെ മുന്നിൽ നല്ല വനാകുവാനായി ഞാൻ ശ്രമിച്ചു. എന്നാൽ ഇപ്പോൾ ഞാൻ ചെയ്ത എല്ലാ വിധ തെറ്റുകളുടെയും ഓർമ്മകൾ എന്നെ അലട്ടുന്നു. ഇതിൽ നിന്നെല്ലാം ഒരു വിമുക്തി ആണ് എനിക്ക് ആവശ്യം. കറുത്തതും വൃത്തികെട്ടതുമായ എന്തെങ്കിലും എന്നിൽ ഒളിഞ്ഞിരിക്കുന്നത് അനു വദനീയമല്ല. എന്റെ ആ വിധ കറകളെ കഴുകിക്കളഞ്ഞ് ഉത്തമജീവിതം നയിക്കണം. സാഹചര്യങ്ങളെയോ, യവ്വനത്തെയോ കൂട്ടുകെട്ടിനെയോ ഒന്നും തന്നെ പഴി പറവാൻ സാദ്ധ്യമല്ല. എന്റെ പ്രവൃത്തികൾക്ക് ഞാൻ തന്നെയാണ് ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടത്.

എന്റെ തെറ്റുകളെ വിവരിച്ച് അനേകം പേജുകൾ ഞാൻ എഴുതി. അനുതാപത്തിന്റേതായുള്ള ദൈവദൂതൻ തന്റെ വാൾ എന്റെ ഹൃദയ ത്തിലേക്ക് കുത്തി ഇറക്കുന്ന വേദന എനിക്ക് അനുഭവിക്കേണ്ടി വന്നു. ഞാൻ കബളിപ്പിച്ച നിരവധി വ്യക്തികൾക്കും സ്ഥാപനകൾക്കും ഞാൻ ക്ഷമാപണ കത്തുകൾ കൈമാറി. അവസാനം ഞാൻ സ്വതന്ത്രനായി.

## മൈക്കൾ റോസ്സ് (Michael Ross)

'The Brothers Karamazov' എന്ന വിശ്വവിഖ്യാതമായ നോവലിൽ ഡൊസ്റ്റോവ്സ്കി (Dostoevsky) പതിറ്റാണ്ടുകൾകൾക്ക് ശേഷം താൻ ചെയ്ത ഒരു കൊലപാതകത്തെക്കുറിച്ച് വെളിപ്പെടുത്തിയതിൽ കൂടി സ്വാതന്ത്ര്യത്തിന്റെ അനുഭവം നേടിയ ഒരു വ്യക്തിയെക്കുറിച്ച് വിവരി ക്കുന്നു. "അനേകം വർഷത്തിന്നുശേഷം ഞാൻ ആദ്യമായി സന്തോ ഷവും സമാധാനവും അനുഭവിക്കുന്നു. ഇപ്പോൾ എന്റെ ഹൃദയത്തിൽ ഞാൻ സ്വർഗ്ഗം അനുഭവിക്കുന്നു. ഒരു യഥാർത്ഥ കൊലപാതകിക്ക് തന്റെ ഹൃദയത്തിൽ സ്വർഗ്ഗ സൗഖ്യം ലഭ്യമാകുക എന്നത് അത്ര എളു പ്പമുള്ള സംഗതിയല്ല. എന്നാൽ ആ സാദ്ധ്യത ഒരിക്കലും തള്ളിക്കള യാനാവില്ല.

കൊർണേൽ (Cornell) സർവ്വകലാശാലയിൽ നിന്ന് ബിരുദമെടുത്ത മൈക്കൾ റോസ്സ് എന്ന വ്യക്തിയും ആയി ഞാൻ നിരവധി വർഷങ്ങ ളായി എഴുത്തുകുത്തു നടത്തിയിരുന്നു. ബലാൽസംഗം ചെയ്ത് കുല നടത്തുക എന്ന ഹീനമായ കുറ്റമാണ് അയാൾ ചെയ്തത്. ഇരകളെ അതിക്രൂരമായി പീഡിപ്പിക്കുന്ന വാർത്തകൾ ഇരകളായിത്തീർന്നവ





രുടെ ബന്ധുക്കളും സ്നേഹിതരും ഭയത്തോടെ ശ്രവിച്ചു. ഏവരും റോസിനെ തികഞ്ഞ വെറുപ്പോടും വിദ്വേഷത്തോടും കൂടി വീക്ഷിച്ചു. അയാൾ വരുത്തിവെച്ച വിനകളുമായി തുലനം ചെയ്യുമ്പോൾ ആ വികാ രങ്ങളൊന്നും തന്നെ മതിയാകയില്ല എന്ന് അവരൊക്കെയും കരുതി.

എന്നാൽ മൈക്കൾ റോസ്സിന്റെ കഷ്ടതകളെക്കുറിച്ച് ഒരു നിമിഷം ചിന്തിക്കുക. ആദ്യതവണ സന്ദർശിച്ചതിനുശേഷം വിടവാങ്ങുമ്പോൾ ഞാൻ റോസ്സിനെ ആലിംഗനം ചെയ്തു. ആ സമയം റോസ്സ് ഒരു കൊച്ചു കുട്ടിയെപ്പോലെ വിതുമ്മിക്കരഞ്ഞു. അനുതാപവും ദുഃഖവും നിറഞ്ഞ ഒരു മനസ്സുമായി നിരവധി വർഷങ്ങൾ റോസ്സ് ജീവിച്ചു എന്നതിനെ ക്കുറിച്ച് ആരും ചിന്തിച്ചിരുന്നില്ല. റോസ്സ് എനിക്ക് നിരവധി എഴുത്തുകൾ എഴുതി. ഒരു എഴുത്തിൽ റോസ്സ് ഇപ്രകാരം രേഖപ്പെടുത്തി.

"അഗാധമായ കുറ്റബോധം എന്നെ ഗ്രസിക്കുന്നു. ഞാൻ ചെയ്ത പാപപ്രവൃത്തികൾ നിമിത്തം എന്റെ ആത്മാവ് അന്ധകാരത്തിലാണ് ഉഴലുന്നത്. സങ്കടത്താലും, സ്വയം ശപിക്കുന്നതിനാലും അനുതാപ ത്താലും ഞാൻ വലഞ്ഞു പരവശനായിരിക്കുന്നു. ഞാൻ കശാപ്പു ചെയ്ത ഇരകളുടെ ആത്മാക്കളോടും അവരുടെ കുടുംബങ്ങളോടും അവരുടെ സ്നേഹിതരോടും സ്വയമേ ദൈവത്തോടും നിരക്കുവാനും അനുരഞ്ജനം പ്രാപിക്കുവാനും ഞാൻ ആഗ്രഹിക്കുന്നു."

മൈക്കളിന്റെ ക്രൂരതയ്ക്ക് ഇരയായവരുടെ കുടുംബാംഗങ്ങളും സ്നേഹിതരും അവനോട് ക്ഷമിക്കുമെന്ന് കരുതുവാൻ സാദ്ധ്യമല്ല. അതുപോലെ ഇത്രയും കഠിനകൃത്യങ്ങൾ ചെയ്ത ഒരു കുറ്റവാളിയ്ക്ക് വധശിക്ഷയോ ഏറ്റവും കുറഞ്ഞത് ജീവപര്യന്തമോ ഏകാന്തതടവോ നീതിന്യായകോടതി നൽകുകയും ചെയ്യും. എന്നിരിക്കിലും നീതി ന്യായ കോടതികളുടെ വിധിയല്ല അവസാനവാക്ക് എന്ന് മൈക്കിളിനെ മനസ്സിലാക്കുവാൻ ഞാൻ പരിശ്രമിച്ചു.

എത്രതന്നെ മാനസികമായി പീഡിക്കപ്പെടുന്നവനായാലും സ്വന്തം കുറ്റങ്ങളെ ഏറ്റുപറവാൻ തയ്യാറാകുന്നവരും അതിന് വിസമ്മതിക്കു ന്നവരും ആയി തുലനം ചെയ്യപ്പെടുമ്പോൾ മൈക്കളിന് രക്ഷലഭ്യമാ കുവാനുള്ള സാദ്ധ്യതകൾ കൂടുതലാണ്. അങ്ങനെയൊരാൾ മരണസ മയം വരെയും ക്ഷമ ലഭിക്കുന്നില്ല എങ്കിൽ തന്നെയും അനു താപത്തിനും ക്ഷമയ്ക്കും വേണ്ടി ആഗ്രഹമുണ്ട് എങ്കിൽ ക്ഷമയുടെ ശക്തി അവനെ സ്വാധീനിക്കും എന്നതിന് തർക്കമില്ല. (2005, മേയ് 13ന് 45 വയസ്സുള്ള മൈക്കൾ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ടു.)

## മോട്ട്ലിങ്കെനിലെ ഉണർവ് (Mottlingen Awakening)

ക്ഷമയ്ക്ക് വ്യക്തികളിൽ വ്യതിയാനം ഉളവാക്കുവാൻ സാധിക്കുമെന്നതുപോലെ വിപുലമായ രീതിയിൽ ക്ഷമയ്ക്ക് സ്വാധീനം ഉണ്ട് എന്നത് നാം മറന്നു കളയരുത്. വെള്ളത്തിന്റെ ഓള വലയങ്ങൾ ഒരു ബിന്ദുവിൽ നിന്ന് വ്യാപിക്കുന്നതുപോലെ ഒരു വ്യക്തിയിൽ തുടങ്ങുന്ന ശക്തി സമൂഹത്തിലേക്കും ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് വ്യാപിക്കുന്നു.

ഏകദേശം നൂറ്റിഅമ്പതു വർഷങ്ങൾക്ക് മുമ്പ് (Black Forest) ബ്ലാക്ക് ഫോറസ്റ്റ് എന്ന സ്ഥലത്തെ മോട്ട്ലിങ്കൻ (Mottlingen) എന്ന ഗ്രാമത്തിൽ ഇതുപോലെ ഒരു അനുഭവം പടർന്നു വ്യാപിക്കുകയുണ്ടായി. അതിനുമുമ്പ് ആ സ്ഥലത്തെ പ്രശസ്തനായ യോഹാൻ ക്രിസ്റ്റോൾഫ് ബ്ളുംഹാർട്ട് (Johann Christoph Blumhardt) എന്ന ക്രിസ്തീയ പുരോഹിതൻ ജനങ്ങളുടെ തണുപ്പൻ രീതികളെ വിമർശിച്ചിരുന്നു. ഇന്ന് പഴയ ദേവാലയം കാണുവാൻ വരുന്ന സന്ദർശകരെ ഒഴിച്ചാൽ ആ ഗ്രാമം ഉറങ്ങിയതു പോലെതന്നെയാണ്. എന്നാൽ പഴയ ഒരു വീടിന്റെ ഭിത്തിയിൽ പതിച്ചിരിക്കുന്ന ഫലകം അന്നത്തെ ആ പ്രത്യേക സംഭവത്തിന്റെ ഓർമ്മയെന്നവണ്ണം നിലകൊള്ളുന്നു. ആ ഫലകത്തിൽ ഇപ്രകാരം രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു "മനുഷ്യാ, നിത്യജീവനെക്കുറിച്ച് ഓർക്കുക കൃപയുടെ സമയത്തെ നിന്ദിക്കരുത്. ശിക്ഷാവിധി അടുത്തിരിക്കുന്നു."

1843-ൽ പുതുവർഷപ്പിറവിയുടെ തലേരാത്രിയിലാണ് മോട്ട്ലിങ്കൻ (Mottlingen) എന്ന സ്ഥലത്തെ ആ ഉണർവ്വ് ഉണ്ടായത്. ദുഷ്പ്രവർത്തികൾ ചെയ്യുന്നതിൽ കുപ്രസിദ്ധനായിരുന്ന ഒരു ചെറുപ്പക്കാരൻ പുരോഹിതന്റെ ഔദ്യോഗിക ഭവനത്തിൽ വന്ന് ബ്ലുംഹാർട്ടിനെ (Blumhardt) കാണണമെന്ന് ആവശ്യപ്പെട്ടു. ആ അപേക്ഷയെ അദ്ദേഹം തള്ളികളഞ്ഞില്ല. അയാൾ അകത്തുവന്നപ്പോൾ ഒരാഴ്ചയായി താൻ ഉറങ്ങുന്നില്ലായിരുന്നു എന്നും തന്റെ ഉള്ളിൽ ഒതുക്കിയിരിക്കുന്ന കുറ്റകൃത്യങ്ങളെ ഏറ്റുപറഞ്ഞില്ല എങ്കിൽ താൻ മരിച്ചുപോകും എന്നും അദ്ദേഹത്തോടു പറഞ്ഞു. ബ്ലും ഹാർട്ടിന് ഈ വ്യക്തിയെ അറിയാമായിരുന്നതു കൊണ്ട് ആദ്യമൊന്നും വേണ്ട ശ്രദ്ധനൽകിയില്ല. ചെറുതും വലുതുമായ തന്റെ ദുഷ്പ്രവർത്തികളെക്കുറിച്ച് ഉള്ളുതുറന്ന് അയാൾ സംസാരിക്കുവാൻ തുടങ്ങിയപ്പോൾ അദ്ദേഹം ശ്രദ്ധാലുവായി. അത് യഥാർത്ഥത്തിലുള്ള ഒരു അനുതാപം ആണ് എന്ന് മനസ്സിലാക്കി.

ഇതിനെ തുടർന്ന് ആ ഗ്രാമത്തിലുള്ള നിരവധി പേർ അനുതാപത്താൽ ദുഖാർത്തനായിരുന്ന ആ ചെറുപ്പക്കാരന്റെ മാതൃക സ്വീകരി





ക്കുകയുണ്ടായി. 1844 ജനുവരി 27 ആയപ്പോൾ ആകെ പതിനാറുപേർ ആ വൈദിക ഭവനത്തിൽ വന്ന് തങ്ങളുടെ ഹീന പ്രവർത്തികളെ ഏറ്റു പറഞ്ഞു. മൂന്ന് ദിവസം കഴിഞ്ഞ് ആ സംഖ്യ പതിനാറിൽ നിന്ന് മുപ്പത്തി അഞ്ചായി ഉയർന്നു. പത്തു ദിവസം കഴിഞ്ഞ് അത് നൂറ്റി അൻപത് ആയിത്തീർന്നു. അതിനെ തുടർന്ന് സമീപപ്രദേശങ്ങളിൽ നിന്നും ജനങ്ങൾ വരുവാൻ തുടങ്ങി.

സാധാരണ കൊട്ടിഘോഷിക്കുന്ന തരത്തിലുള്ള ഒരു ആത്മിക ഉണർവ് യോഗമായി മോട്ട്ലിങ്കനിലെ സംഭവത്തെ കണക്കാക്കുവാൻ സാദ്ധ്യമല്ല. അതിനേക്കാൾ ശാന്തമായ ഒരു പരിവർത്തനം ആണ് അവിടെ ഉളവായത്. ഹൃദയാന്തർഭാഗത്ത് തറച്ചു കയറിയ മനസ്സാക്ഷിക്കുത്തു മുഖാന്തരം ജീവിതത്തിന്റെ വിവിധ തുറകളിൽ നിന്നുള്ള ജനം അവിടേക്ക് കടന്നുവരികയും തങ്ങളുടെ കുറ്റങ്ങളെക്കുറിച്ച് അനുതപിച്ച് മനസ്സമാധാനം നേടുകയും ചെയ്തു.

വാക്കുകൾക്കും വികാര പ്രദർശനങ്ങൾക്കും ഉപരിയായി അനുതാപത്തിന്റെയും ക്ഷമയുടെയും ആയ യാഥാർത്ഥ്യവും പ്രായോഗികവും ആയ ദൃശ്യങ്ങളാണ് അവിടെ വെളിപ്പെട്ടത്. മോഷ്ടിച്ച സാധനങ്ങൾ തിരിച്ചു നൽകപ്പെട്ടു, ശത്രുക്കൾ നിരപ്പിന്റെ അനുഭവത്തിലേക്ക് വന്നു. വിവാഹത്തിനു പുറത്തുള്ള ലൈംഗീക ബന്ധങ്ങളെക്കുറിച്ച് പലരും ഏറ്റുപറഞ്ഞു. തകർക്കപ്പെട്ടതും ശിഥിലമായതും ആയ കുടുംബബന്ധങ്ങൾ പുനസ്ഥാപിക്കപ്പെട്ടു. മദ്യപാനികൾ പോലും മാനസാന്തരപ്പെട്ട് മദ്യശാലകൾ വിട്ടുനിന്നു.

ബ്ലുംഹാർട്ടിന്റെ പിന്നീടുള്ള തലമുറയിലെ ആളുകളെ സന്ദർശിക്കുവാൻ ഞാൻ മോട്ട്ലിങ്കനിൽ (Morttlingen) പലപ്രാവശ്യം പോയിട്ടുണ്ട്. അദ്ദേഹത്തിന്റെ എഴുത്തുകൾ എന്റെ മാതാപിതാക്കൾ രണ്ടുപേരെയും വളരെയധികം സ്വാധീനം ചെലുത്തിയിരുന്നതിനാൽ അദ്ദേഹത്തിന്റെ പേരുതന്നെ അവർ എനിക്ക് നൽകുകയുണ്ടായി. മോട്ട്ലിങ്കനിലെ (Morttlingen) ആ ഉണർവ് ഒരു യാദൃശ്ചിക സംഭവമായിരുന്നുവോ എന്ന് ഞാൻ എന്നോട് തന്നെ പലപ്രാവശ്യം ചോദിച്ചിട്ടുണ്ട്. എന്നാൽ അല്ല എന്നതാണ് യാഥാർത്ഥ്യം. അനുതാപത്തോടുകൂടി വന്ന ഒരാൾക്ക് ക്ഷമ ലഭ്യമെങ്കിൽ, അതിന് വിദൂരഫലങ്ങൾ സൃഷ്ടിക്കുവാൻ സാധിക്കുമെങ്കിൽ അതേ ശക്തി തന്നെ ഇന്നത്തെ സമൂഹത്തിലും പ്രവർത്തിക്കുന്ന ക്ഷമയാണ് എന്ന് ഉറച്ചു വിശ്വസിക്കുന്നതിൽ എന്താണ് തെറ്റ്?

**അധ്യായം – 14**

# ക്ഷമ എന്ന ദീർഘയാത്ര

അപ്പോൾ പത്രോസ് അവന്റെ അടുക്കൽ വന്നു: കർത്താവേ, സഹോദരൻ എത്രവട്ടം എന്നോടു പിഴെച്ചാൽ ഞാൻ ക്ഷമിക്കേണം എന്നു ചോദിച്ചു. യേശു അവനോട്: ഏഴുവട്ടമല്ല ഏഴു എഴുപതു വട്ടം എന്ന് ഞാൻ നിന്നോടു പറയുന്നു എന്നു പറഞ്ഞു. (മത്താ. 18: 21-23)

ന്യൂയോർക്ക് പോലീസ് ഡിപ്പാർട്ട്മെന്റിലെ (NYPD) ലെ ഒരു ഓഫീസർ ആയിരുന്ന സ്റ്റീവൻ മക് ഡോനാൾഡ് തന്റെ സഹപ്രവർത്തകനായിരുന്ന സർജന്റ് പീറ്റർ കിംഗും (Sergent Peter King) ഒത്ത് ന്യൂയോർക്ക് നഗരത്തിലെ പ്രധാന പാർക്കിൽ (Central Park) റോന്തു ചുറ്റുമായിരുന്നു. 1986 ജൂലൈ മാസം 12-ാം തീയതി ആ ദിനം എന്തെങ്കിലും പ്രത്യേക പ്രശ്നമുള്ളതായി തോന്നിയില്ല. അല്ലറ ചില്ലറ മോഷണങ്ങൾ, സൈക്കിൾ മോഷണങ്ങൾ ഇത്യാദി സാധാരണ കണ്ടുവരുന്നതല്ലാതെ മറ്റെന്തെങ്കിലും നേരിടുമെന്ന പ്രതീക്ഷ ഒന്നും തന്നെ അവർക്ക് ഇല്ലായിരുന്നു. ആ സമയത്താണ് സംശയാസ്പദമായ രീതിയിൽ ഒരു കൂട്ടം ചെറുപ്പക്കാരെ അവർ കണ്ടെത്തിയത്.

"ഞങ്ങൾ പോലീസുകാരാണ് എന്ന് മനസ്സിലാക്കിയ വേളയിൽ അവർ എഴുന്നേറ്റ് ഓടി അവരെ പിന്തുടർന്ന ഞങ്ങളിൽ എന്റെ സഹപ്രവർത്തകൻ ഒരുവശത്തോട്ടും ഞാൻ മറ്റെവശത്തോട്ടും ഓടി. ഏകദേശം മുപ്പതോളം മീറ്റർ അകലത്തിൽ ഞാൻ അവരോടു വിളിച്ചു പറഞ്ഞു - ഞാൻ ഒരു പോലീസ് ഉദ്യോഗസ്ഥനാണ് എനിക്ക് നിങ്ങളോടു സംസാരിക്കേണം. അതിനുശേഷം ഞാൻ അവരോട് അവരുടെ പേരുകൾ ചോദിക്കുകയും അവസാനമായി അവർ ആ സമയം പാർക്കിൽ എന്തു ചെയ്യുകയായിരുന്നു എന്ന വിവരം ആരായുകയും ചെയ്തു.

അവരെ ചോദ്യം ചെയ്തു കൊണ്ടിരുന്നപ്പോൾ അവരിൽ ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയുടെ പാൻസിന്റെ പോക്കറ്റ് വീർത്തു നിൽക്കുന്നതായി ഞാൻ ശ്രദ്ധിച്ചു - ഒരു പക്ഷെ സോക്സിന്റെയകത്തു തിരുകി വച്ചിരിക്കുന്ന ഒരു തോക്ക് ആകാം എന്നും ഞാൻ ചിന്തിച്ചു. അതു





പരിശോധിക്കാനായി ഞാൻ കുനിഞ്ഞു. ആ സമയം ആരോ എന്റെ മുകളിലേക്ക് വരുന്നതായി എനിക്ക് തോന്നിയതിനെ തുടർന്ന് ഞാൻ മുകളിലേക്കു നോക്കി. ആ മൂന്നുപേരിൽ ഉയരം കൂടിയ ആൾ (പതിനഞ്ചുവയസ്സു പ്രായം) എന്റെ തലക്കു നേരെ ഒരു തോക്കു ചൂണ്ടിയിരിക്കുന്നതായാണ് ഞാൻ കണ്ടത്. എന്താണ് സംഭവിക്കുന്നത് എന്ന് ചിന്തിക്കുന്നതിനുമുമ്പായി തന്നെ അവൻ നിറയൊഴിച്ചു. അതിൽ നിന്ന് പാഞ്ഞ വെടിയുണ്ട എന്റെ വലതു കണ്ണിന് മുകളിലായി തറഞ്ഞു പതിച്ചു. തോക്കിന്റെ കുഴലിൽ നിന്ന് പുറപ്പെട്ട തീജ്ജ്വാലയും വെടിമരുന്നിന്റെ പുകയുടെ മണവും ഇപ്പോഴും എന്റെ മനസ്സിൽ നിലനിൽക്കുന്നു. അതെ തുടർന്ന് ഞാൻ പുറകോട്ടു മറിഞ്ഞു. ആ കുട്ടി രണ്ടാമതും എന്റെ മേൽ വെടിയുതിർത്തു. ആ വെടിയുണ്ട എന്റെ കഴുത്തിൽ ആണ് പതിച്ചത്. ഞാൻ തറയിൽ വീണു കിടക്കുമ്പോൾ അവൻ എന്റെ മുകളിൽ നിന്ന് മൂന്നാമതും വെടിവെച്ചു.

ഞാൻ വേദന കൊണ്ട് പുളഞ്ഞു. എന്റെ ശരീരം മരവിച്ചു നിശ്ചലമായി; ഞാൻ മരിക്കുവാൻ പോകുന്നു എന്ന് എനിക്ക് തോന്നി. ഞാൻ മരിക്കുവാൻ തയ്യാറായിരുന്നില്ല. ഏറ്റവും ഭയാനകമായ ഒരു അനുഭവമായിരുന്നു അത്. എന്റെ സഹപ്രവർത്തകൻ റേഡിയോ കൊണ്ട് സന്ദേശം അയച്ചു. "Ten Thirteen Central ! Ten Thirteen Central!" ആ കോറസ് സന്ദേശം കേട്ടപ്പോൾ സംഗതികളുടെ ഗൗരവം എനിക്ക് വ്യക്തമായി ഞാൻ എന്റെ കണ്ണുകൾ അടച്ചു."

പിന്നീട് എന്തു സംഭവിച്ചു എന്നതിനെക്കുറിച്ച് സ്റ്റീവന് ഓർമ്മയില്ല. സഹായത്തിനെത്തിയവർ കണ്ടത് സ്റ്റീവന്റെ ചോരയിൽ കുളിച്ച ശരീരമായിരുന്നു. സർജന്റ് കിംഗ് നിലത്ത് ഇരുന്ന് സ്റ്റീവനെ മടിയിൽ വെച്ച് ഒരു തൊട്ടിലിൽ എന്നതുപോലെ പതുക്കെ ആട്ടുന്നു. സർജന്റ് കിംഗ് (Sergent King) ആ സമയത്ത് നിസ്സഹായനായി കരയുകയായിരുന്നു. സഹായത്തിനെത്തിയവർ ഒരു നിമിഷം പോലും നഷ്ടപ്പെടുത്താതെ ഇരുപതു ബ്ളോക്കുകൾ മാറിയുള്ള ന്യൂയോർക്കിലെ ഹാർലം എന്ന സ്ഥലത്തെ പ്രധാന ആശുപത്രിയിലേക്ക് (Metropolitan Hospital) കുതിച്ചു. ഉടൻ തന്നെ ആ ഹോസ്പിറ്റലിലെ, ഡോക്ടറുമാരും നർസുമാരും കർമ്മനിരതരായി വർത്തിച്ചു. അടുത്ത നാല്പത്തി എട്ടുമണിക്കൂർ നേരം എന്റെ ജീവിതം ജീവനും മരണത്തിനും ഇടയിൽ മല്ലടിച്ചു. ഒരവസരത്തിൽ സ്റ്റീവന്റെ പ്രധാന ഡോക്ടർ, അവന് ജീവിക്കുവാനുള്ള സാധ്യത വളരെ വിരളമാണെന്നും അവസാന യാത്ര പറയുന്നതിന്

കുടുംബാംഗങ്ങളെ അറിയിക്കണമെന്നും പോലീസ് കമ്മീഷണറോടു പറയുകയുണ്ടായി.

"അസ്സാദ്ധ്യമായതാണ് അവർ ചെയ്തത്. അവർ എന്നെ രക്ഷിച്ചു. എന്റെ കഴുത്തിൽ പതിച്ച ബുള്ളറ്റ് നട്ടെല്ലിലേക്ക് കയറിയിരുന്നു. അതുകൊണ്ട് കൈകാലുകൾ അനക്കുവാനോ വെന്റിലേറ്റർ ഇല്ലാതെ ശ്വാസോച്ഛ്വാസം ചെയ്യുവാനോ എനിക്ക് കഴിഞ്ഞില്ല. കർമ്മനിരതനായ ഒരു പോലീസ് ഓഫീസർ എന്ന അവസ്ഥയിൽ നിന്ന് നിസ്സഹായാവസ്ഥയിൽ നിന്ന് നിസ്സഹായവസ്ഥയിലേക്കുള്ള ഒരു ക്രിമിനൽ കുറ്റത്തിന്റെ ഇരയായി, എന്റെ കഴുത്തുമുതൽ താഴോട്ട് ഞാൻ തളർന്ന അവസ്ഥയിലായിത്തീർന്നു.

ഇത് അറിയിക്കുന്നതിന് പ്രധാന ഡോക്ടർ എന്റെ മുറിയിൽ വന്ന അവസരം എന്റെ ഭാര്യ ആനും കൂടെ ഉണ്ടായിരുന്നു. എന്നെ ഒരു സ്ഥാപനത്തിൽ ആക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അദ്ദേഹം എന്റെ ഭാര്യയോടു പറഞ്ഞു. ഞങ്ങളുടെ വിവാഹം കഴിഞ്ഞ് വെറും എട്ടു മാസം മാത്രമേ അന്ന് ആയിരുന്നുള്ളു. 23 വയസ്സു പ്രായമുണ്ടായിരുന്ന ആനിന് മൂന്നു മാസം ഗർഭവും ഉണ്ടായിരുന്നു. ഡോക്ടർ പറഞ്ഞതു ശ്രവിച്ച ഉടനെ അവൾ നിലത്തു വീണു കരഞ്ഞു. ആ സമയം ഞാനും കരഞ്ഞു. കൈകൾ നീട്ടി അവളെ തലോടുവാനായി എനിക്ക് സാധിച്ചില്ല.

ഇതിനുശേഷം നീണ്ട പതിനെട്ടുമാസക്കാലം ആദ്യം ന്യൂയോർക്കിലും (New York) പിന്നീട് കൊളറാഡോയിലും (Colarado) ആശുപത്രികളിൽ ഞാൻ കഴിഞ്ഞു. പരസ്സഹായം കൂടാതെ എനിക്ക് യാതൊന്നും ചെയ്യുവാൻ സാദ്ധ്യമായിരുന്നില്ല. ജീവിതം വീണ്ടും പുതുതായി ആരംഭിക്കുന്ന അനുഭൂതിയാണ് എനിക്ക് ഉണ്ടായത്. പലവിധത്തിലുള്ള ദൈനംദിന കൃത്യങ്ങൾക്ക്, ഭക്ഷണം കഴിക്കുന്നതിന്, കുളിക്കുന്നതിന് ഇങ്ങനെ ഓരോന്നിനും മറ്റുള്ളവരെ ആശ്രയിക്കേണ്ടതായി വന്നു.

എന്റെ അപകടത്തിനുശേഷം ആറുമാസം കഴിഞ്ഞ് എന്റെ ഭാര്യ ഒരു ആൺകുഞ്ഞിനെ പ്രസവിച്ചു. ഞങ്ങൾ അവന് കോണോർ (Conor) എന്ന പേര് നൽകി. ഞാൻ തുടർന്ന് ജീവിക്കണമെന്ന സന്ദേശം ദൈവം നൽകുന്നതു പോലെ ആയിരുന്നു അവന്റെ ജനനം. എന്റെ ജീവിതത്തിൽ എനിക്ക് വ്യതിയാനം നൽകേണമേ എന്ന് ഞാൻ പ്രാർത്ഥിച്ചു.





എന്നെ വെടിവെച്ച യുവാവിനോടു ക്ഷമിക്കണം എന്ന ആഗ്രഹമാണ് ആ പ്രാർത്ഥനയ്ക്ക് മറുപടിയായി എനിക്ക് ലഭിച്ചത്. വേദനാജനകമായ ആ സംഭവത്തോടു അനുബന്ധിച്ചുള്ള എല്ലാവിധ ദുഷ്ചിന്തകളെയും എന്റെ മനസ്സിൽ നിന്ന് തുടച്ചു മാറ്റുവാൻ ഞാൻ ആഗ്രഹിച്ചു. കോപം, ഈർഷ്യ, പക, വിദ്വേഷം ഇത്യാദി നിഷേധാത്മകങ്ങളായ വികാരങ്ങളെ നശിപ്പിക്കുന്നതിന് ഞാൻ ശ്രമിച്ചു. എന്റെ ഭാര്യയെയും കുഞ്ഞിനെയും ചുറ്റുപാടുമുള്ള മറ്റനേകരേയും സ്നേഹിക്കുക എന്നതായിരുന്നു എന്റെ ലക്ഷ്യം.

കോണോർ (Conor) ജനിച്ചതിന് ശേഷം അധികം താമസിയാതെ ഒരു പ്രസ്സ് കോൺഫറൻസ് നടത്തപ്പെട്ടു. എന്റെ ചിന്തകളെക്കുറിച്ചും ഞാൻ എപ്രകാരം ജീവിക്കുന്നു എന്നതിനെക്കുറിച്ചും അറിവാൻ അവർ ആഗ്രഹം പ്രകടിപ്പിച്ചു. ആ സമയം എന്നെ വെടിവെച്ച യുവാവിനോടു ഞാൻ ക്ഷമിച്ചിരിക്കുന്നു എന്ന വസ്തുത പാറ്റി ആൻ (Patti Ann) വെളിപ്പെടുത്തി".

ഷാവേദ് ജോൺസ് എന്നായിരുന്നു സ്റ്റീവിനെ വെടിവെച്ച യുവാവിന്റെ നാമധേയം. രണ്ടുപേരുടെയും സാഹചര്യങ്ങൾ വളരെ വ്യത്യസ്ഥമായിരുന്നു. സ്റ്റീവ് വെളുത്ത വർഗ്ഗക്കാരനും ഷാവോദ് കറുത്ത വർഗ്ഗക്കാരനും. സ്റ്റീവ്, ലോങ്ങ് ഐലൻഡിൽ ഇടത്തരം ഒരു കുടുംബത്തിലും ഷാവോദ് ഹാർലേം (Harlem) ഹൗസിംഗ് പ്രോജക്ടിലും വളർന്നിരുന്നു. അങ്ങനെ തുലോം വ്യത്യസ്ഥങ്ങളായ പശ്ചാത്തലങ്ങളായിരുന്നു അവരുടേത്. അവർ തമ്മിലുള്ള ബന്ധം ആ വെടിവെയ്പിന്റെ പശ്ചാത്തലത്തിൽ അവസാനിക്കുമായിരുന്നു. എന്നാൽ സ്റ്റീവന് ഷാവോദും ആയി ഒരു അഭേദ്യ ബന്ധം ഉണ്ട് എന്ന തോന്നൽ ഉളവായി.

"അത്ഭുതകരമായി ഞങ്ങൾ തമ്മിൽ സ്നേഹിതരായി. അതിന്റെ തുടക്കം അയാൾക്ക് ഞാൻ എഴുതിയ എഴുത്തുകളാണ്. ആദ്യ കാലങ്ങളിൽ എന്റെ എഴുത്തുകൾക്ക് അയാൾ മറുപടി നൽകിയില്ല. പിന്നീട് അയാൾ മറുപടി അയച്ചു. ഒന്നോ രണ്ടോ വർഷം കഴിഞ്ഞതിന് ശേഷം ഒരു ദിവസം രാത്രി ജയിലിൽ നിന്ന് അയാൾ ഞങ്ങളുടെ ഭവനത്തിലോട്ട് ഫോൺ ചെയ്ത് എന്റെ ഭാര്യയോടും പുത്രനോടും ക്ഷമാപണം നടത്തി. അയാളുടെ ക്ഷമാപണം ഞങ്ങൾ സ്വീകരിച്ചു. അതോടൊപ്പം തന്നെ ഭാവിയിൽ ഒരുമിച്ച് കാണുവാനും ഒരുമിച്ച് പ്രവർത്തിപ്പാനും

ഉള്ള സന്ദർഭങ്ങളുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നതായും പറഞ്ഞു. ഒരു സമയം അമേരിക്ക മുഴുവൻ ഒരുമിച്ച് സഞ്ചരിച്ച്, ഒരു കുറ്റകൃത്യത്തിന്റെ പശ്ചാത്തലത്തിൽ ഞങ്ങൾ രണ്ടുപേരും എത്രമാത്രം വ്യത്യാസപ്പെട്ടു എന്നതിനെക്കുറിച്ചും ജീവിതത്തിന്റെ മൂല്യങ്ങളെക്കുറിച്ചും പ്രകീർത്തിക്കുവാൻ സാധിക്കും എന്ന് ഞാൻ ആശിച്ചു".

കാലക്രമേണ അന്യോന്യമുള്ള ആശയവിനിമയം കുറഞ്ഞു ഇല്ലാതെയായി. 1995–ൽ ഷാവോദ് ഒരു മോട്ടർ സൈക്കിൾ അപകടത്തിൽ കൊല്ലപ്പെടുകയാണുണ്ടായത്. ഒരു പക്ഷേ സ്റ്റീവന്റെ അനുരഞ്ജന സംരംഭങ്ങൾ ഫലശൂന്യമായെന്ന് പലരും ചിന്തിച്ചേക്കാം. എന്നാൽ അയാൾ അങ്ങനെ കരുതുന്നില്ല.

"ആ കുട്ടിക്ക് ഞാൻ ഒരു പോലീസ് ബാഡ്ജ് മാത്രമായിരുന്നു. ഗവൺമെന്റിനെ പ്രതിനിധീകരിക്കുന്ന ഒരു ബാഡ്ജ്. പാവപ്പെട്ടവരെ പിഴിയുന്ന മുതലാളിമാരെ സഹായിക്കുന്ന ഒരുദ്യോഗസ്ഥൻ – പാവപ്പെട്ടവരുടെ കേന്ദ്രങ്ങളിൽ ശക്തി പ്രകടനം നടത്തുന്ന, അവരെ കുടിയൊഴിപ്പിക്കുകയും അവരുടെ ഇടയിലെ ക്രമസമാധാനം പാലിക്കുകയും ചെയ്യുന്ന നിഷ്ഠൂരനായ ഭരണാധികാരി. ഈ വിധത്തിലുള്ള ഓരോ ചിന്തകളായിരിക്കും അവനെ ഭരിച്ചിരുന്നത്.

ഷാവോദിന് ഞാൻ ഒരു ശത്രുവായിരുന്നു. അവൻ എന്നെ ഒരു വ്യക്തിയായി കണ്ടിരുന്നില്ല. സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനും സാധിക്കുന്ന ഒരു മനുഷ്യൻ, ഒരു ഭർത്താവ് അല്ലെങ്കിൽ അധികം താമസിയാതെ പിതാവാകാൻ പോകുന്ന ഒരു വ്യക്തി. അവന്റെ തരത്തിലുള്ളവരെ സംഘടിപ്പിച്ച് വർണ്ണ വിവേചനത്തെ അനുകൂലിക്കുന്ന പോലീസിനെതിരെ ശബ്ദം ഉയർത്തേണ്ടത് ആവശ്യമാണ് എന്ന് ഒരുപക്ഷേ അവൻ കരുതിയിരുന്നിരിക്കാം. അവനെ കുറ്റം പറവാൻ എനിക്ക് സാധിക്കുകയില്ല. അവന്റെ സമൂഹം, കുടുംബം, സാമൂഹ്യപ്രവർത്തകർ ഇവരെല്ലാവരും തന്നെ എന്നെ കണ്ടുമുട്ടുന്നതിനു മുമ്പു പരാജയപ്പെട്ടിരുന്നു."

1997–ൽ ആണ് ഞാൻ സ്റ്റീവിനെ പരിചയപ്പെടുന്നത്. അതിനു ശേഷം ഞങ്ങൾ ആത്മാർത്ഥ സുഹൃത്തുക്കളായി മാറി. സ്റ്റീവിന്റെ പരിമിതികളെക്കുറിച്ച് ഞാൻ അത്ഭുതത്തോടുകൂടി ആലോചിക്കാറുണ്ട്. ഒരു പ്രായമുള്ള വ്യക്തിക്ക് പോലും വീൽ ചെയറിലുള്ള (Wheel chair) ജീവിതം അസ്സഹ്യമായി തോന്നും. എന്നാൽ യൗവനത്തിന്റെ മൂർദ്ധന്യാവസ്ഥയിൽ പൂർണ്ണാരോഗ്യത്തോടുള്ള ജീവിതചര്യകളിൽ നിന്ന് തുടച്ചു നീക്കപ്പെട്ട് വീൽ ചെയറിൽ (wheel chair) ജീവിക്കേണ്ടി വരുന്ന സാഹചര്യം ചിന്തയ്ക്കതീതമാണ്. അതിനു പുറമെ ശ്വാസനാളത്തിലെ ശസ്ത്രക്രിയയുടെ പ്രശ്നങ്ങൾ മൂലം നഴ്സിനെയും മറ്റുള്ളവരെയും ആശ്രയിക്കേണ്ടിയിരുന്നു. ഈ സാഹചര്യത്തെക്കുറിച്ച് സ്റ്റീവ് വിശദീകരിക്കുന്നു.





"തളർന്നു കിടക്കുക എന്ന സാഹചര്യം ജീവിതത്തിൽ വളരെ വൈഷമ്യമേറിയതാണ്. എന്റെ ഭാര്യയെ കൈകളിൽ കെട്ടിപുണർന്നിട്ട് രണ്ടു പതിറ്റാണ്ടു കഴിഞ്ഞിരിക്കുന്നു. എന്റെ പുത്രൻ കോണോർ (Conor) ഇന്ന് ഒരു യുവവായി മാറിക്കഴിഞ്ഞു. എനിക്ക് അവന്റെ കൂടെ കളിക്കുവാൻ സാധിച്ചിട്ടില്ല. വളരെയധികം വീർപ്പുമുട്ടുന്ന അവസരങ്ങൾ എനിക്ക് ഉളവാകുന്നു."

പക്ഷെ എന്തുകൊണ്ട് സ്റ്റീവൻസ് തന്റെ എതിരാളിയോടു ക്ഷമിച്ചു. "പകയുടെ ഹൃദയവും ആയി ജീവിക്കുന്നത് നട്ടെല്ലിൽ ബുള്ളറ്റ് കയറുന്നതിനേക്കാൾ ഭയാനകരമായ ഒരു അവസ്ഥയാണ് എന്ന് മനസ്സിലാക്കിയതിനാൽ ഞാൻ ഷാവോദിനോട് (Shavod) ക്ഷമിച്ചു. അങ്ങനെയുള്ള അവസ്ഥ തീർച്ചയായും ആത്മീയ മുറിവുകൾ ഉളവാക്കും. എന്റെ ഭാര്യയെയും പുത്രനെയും മറ്റുള്ളവരെയും ദുഃഖിപ്പിക്കും. ശാരീരിക മുറിവുകൾ വേദനാജനകവും അസുഖകരവും ആണ്. എന്നാൽ ആത്മീയ മുറിവുകൾ വരുത്താതിരിപ്പാൻ എനിക്ക് സാധിക്കും.

ജീവിതത്തിൽ എന്റേതായുള്ള നല്ല സമയവും മോശമായ സമയവും ഉണ്ട്. ചില ദിവസങ്ങളിൽ പ്രത്യേകിച്ചും അസുഖങ്ങൾ വരുമ്പോൾ എനിക്ക് ചിലപ്പോൾ കോപവും മറ്റു ചിലപ്പോൾ വിഷാദവും വരും. ചിലപ്പോൾ മരിക്കണമെന്ന ചിന്തയും എന്നെ ഗ്രസിക്കാറുണ്ട്. എന്നാൽ കോപം എന്നത് അർത്ഥശൂന്യമായ ഒരു വികാരമാണ് എന്ന് ഞാൻ മനസ്സിലാക്കിയിട്ടുണ്ട്.

ഷാവോദിനോട് ഉടനടി ക്ഷമിക്കുവാൻ എനിക്ക് കഴിഞ്ഞിരുന്നില്ല. അതിന് സമയം വേണ്ടി വന്നു. പതിന്നാലുവർഷങ്ങൾ കൊണ്ടാണ് സംഗതികൾ രൂപപ്പെട്ടു വന്നത്. ഞാൻ അതിനെക്കുറിച്ച് എല്ലാ ദിവസവും ഓർക്കും. എന്നാൽ ഒരു സംഗതി എനിക്ക് തറപ്പിച്ചു പറവാൻ സാധിക്കും. ഷാവോദിനോട് ക്ഷമിച്ചതിൽ എനിക്ക് യാതൊരു പശ്ചാത്താപവും തോന്നിയിട്ടില്ല.

അതേ തരത്തിലുള്ള ചിന്തകളാണ് എന്റെ പ്രിയഭാര്യയ്ക്കും ഉള്ളത്.

"സ്റ്റീവിനെ തോക്കുകൊണ്ട് വെടിവെച്ച കുട്ടിയോടു ക്ഷമിക്കുക എന്നത് എത്രയും ദുഷ്കരം ആയിരുന്നു. എന്തിനാണ് അവൻ അത് ചെയ്തത്? മറ്റു കുട്ടികൾക്ക് സാധിക്കുന്നതുപോലെ അവരുടെ പിതാവിനൊപ്പം കളിക്കുകയും മറ്റു പ്രവൃത്തികളിൽ ഇടപെടുകയും ചെയ്യാൻ എന്റെ പുത്രന് സാധിക്കുന്നില്ല. ഈവക ചിന്തകളിലൊക്കെയും ഞങ്ങൾ വളരെയധികം ഭാരപ്പെടുന്നു. എന്നാൽ സന്തോഷമുള്ള ദമ്പതികളായി കഴിയണമെങ്കിൽ കോപം ആദിയായ ദുഷിച്ച വികാരങ്ങൾ കളയേണ്ടത് അത്യാവശ്യമാണ് എന്ന് വളരെ മുമ്പുതന്നെ ഞാൻ പഠിച്ചിരുന്നു. അതുകൊണ്ട് മാത്രമാണ് ഞങ്ങൾക്ക് ഇത്രയും നാൾ ഒരുമിച്ച് ജീവിക്കുവാൻ സാധിച്ചത്. എന്തെന്നാൽ നിങ്ങളുടെ മനസ്സിനുള്ളിൽ എന്തെങ്കിലും പുകയുന്നുവെങ്കിൽ അകത്തുനിന്നു തന്നെയും അത് നിങ്ങളെ നശിപ്പിക്കും".

ഇന്ന് ന്യൂയോർക്ക് നഗരത്തിനും ചുറ്റുപാടും ഉള്ള നിരവധി സ്ഥലങ്ങളിലും സ്റ്റീവ് തിരക്കുപിടിച്ച പരിപാടികളുള്ള ഒരു വ്യക്തിയാണ്. സ്കൂളുകളിലാണ് പ്രധാനമായും അദ്ദേഹം പ്രസംഗങ്ങൾ നടത്തുന്നത്. വലിയ ആഡിറ്റോറിയത്തിൽ ജനാവലിയെ പിടിച്ചിരുത്തി അവരുടെ ശ്രദ്ധയെ പിടിച്ചു പറ്റുവാനുള്ള കഴിവ് സ്റ്റീവിനുണ്ട്. ആക്രമണവാസന പ്രത്യേകിച്ചും യുവജനങ്ങളുടെ മനസ്സിൽ ഇന്നും ഒരു യാഥാർത്ഥ്യമാണ്. ഷാവോദിനെ (Shavod) പ്പോലെ അതിനെ അതിജീവിക്കുവാൻ സാധിക്കും. അതിനുള്ള പ്രധാന ഘടകങ്ങളാണ് സ്നേഹം, ബഹുമാനം, ക്ഷമ ഇത്യാദി ദിവ്യഗുണങ്ങൾ.

സ്റ്റീവൻ റോബർട്ട് എഫ്. കെന്നഡിയുടെ ഒരു ഉദ്ധരണി സാധാരണ ഉപയോഗിക്കാറുണ്ട്. "കറുത്തതും വെളുത്തതും, ധനികനും ദരിദ്രനും, ചെറുപ്പക്കാരനും പ്രായമുള്ളവനും, പ്രശസ്തനും അറിയപ്പെടാത്തവനും, ഏവരും അക്രമത്തിന്റെ ഇരകളാകാം. അവർ എല്ലാവരും തന്നെ മനുഷ്യവ്യക്തികളാണ്. സ്നേഹിക്കുകയും സ്നേഹിക്കപ്പെടുകയും ചെയ്യുന്നമനുഷ്യവ്യക്തികൾ" അതുപോലെ തന്നെ എല്ലാ പ്രസംഗങ്ങളിലും മാർട്ടിൻ ലൂഥർ കിംഗിനെയും സ്റ്റീവൻ ഉദ്ധരിക്കാറുണ്ട്.

"ഞാൻ ഒരു ബാലൻ ആയിരുന്നപ്പോൾ ഡോ. കിംഗ്, ന്യൂയോർക്കിലുള്ള എന്റെ പട്ടണത്തിൽ വന്നു. അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കുവാൻ എന്റെ മാതാവ് പോയി. അദ്ദേഹത്തിന്റെ വാക്ധോരണിയിൽ എന്റെ മാതാവ് വളരെയധികം ആകർഷയായി. അദ്ദേഹ





ത്തിന്റെ വാക്കുകൾ നിങ്ങൾക്കും പ്രചോദനപരമായിരിക്കും എന്ന് ഞാൻ കരുതുന്നു. ഏറ്റവും ദുഷ്ടരായ മനുഷ്യരിൽ പോലും നന്മയുടെ ചില വശങ്ങളും അടങ്ങിയിരിക്കുന്നു എന്നാണ് മാർട്ടിൻ ലൂഥർ കിംഗ് (Dr. King) പറയുന്നത്. നാം ഇത് മനസ്സിലാക്കുമ്പോൾ മറ്റുള്ളവരെ സ്നേഹിക്കുവാനും അവരോടു ക്ഷമിക്കുവാനും നമുക്ക് താല്പര്യം തോന്നും. ഒരിക്കൽ മാത്രം ചെയ്യുന്ന ഒരു പ്രവൃത്തി എന്നതിലും ഉപരിയായി ക്ഷമ എന്നത് ഒരു സ്വഭാവ വൈശിഷ്ട്യമാണ്. വ്യായാമം കൊണ്ട് ശരീരം ആരോഗ്യത്തോടു കൂടി സൂക്ഷിക്കുന്നതു പോലെ തന്നെ മനസ്സിനെയും ഹൃദയത്തെയും ആരോഗ്യത്തോടെ കാത്തുപരിപാലിക്കേണ്ടതാണ്. ക്ഷമയെന്നത് ഒരിക്കൽ മാത്രം സംഭവിക്കുന്ന ഒന്നല്ല. ജീവിതകാലം മുഴുവൻ ഓരോ ദിവസവും ജീവിക്കേണ്ടതാണ്.

## ആലീസ് കലോംഗാ & സെയിറാ ഷെർ (Alice Calonga & Saira Sher)

സ്റ്റീവിന്റെ കഥയിൽ ക്ഷമയ്ക്കു വേണ്ടിയുള്ള അർപ്പണത്തിന്റെ പശ്ചാത്തലത്തിലെ പോരാട്ടത്തെക്കുറിച്ച് സൂചിപ്പിക്കുന്നു. എന്നാൽ എട്ടുവയസ്സുമാത്രം പ്രായമുള്ള സയിറ ഷെറിന്റെ (Saira Sher) അനുഭവത്തിന്റെ വെളിച്ചത്തിൽ ഒരു ഉത്തമ തീരുമാനമാകുന്ന ആദ്യപടി ഈ പോരാട്ടത്തിൽ വിജയിക്കുന്നതിനാവശ്യമാണ് എന്ന വസ്തുത വ്യക്തമാക്കപ്പെടുന്നു.

ന്യൂയോർക്കിലെ (New York) ട്രോയി (Troy) എന്ന സ്ഥലത്ത് തന്റെ മാതാവിനൊപ്പം നടന്ന മൂന്നുവയസ്സുകാരി സയിറായെ അതിവേഗംവന്ന കാർമുട്ടി. മാസങ്ങളോളം നീണ്ടുനിന്ന ശസ്ത്രക്രിയകൾ, ആശുപത്രി പരിചരണം, ഇവയെല്ലാം കഴിഞ്ഞിട്ടും പൂർണ്ണസ്ഥിതിയിലേക്ക് വരുവാൻ സെയ്റായ്ക്ക് സാധിച്ചില്ല. എന്നാൽ ഇന്ന് സയിറാ തന്റെ വീൽ ചെയറിലാണെങ്കിലും തന്റെ സ്വന്തം സംഗീത ഗ്രൂപ്പിൽ പ്രധാന പാട്ടുകാരിയാകുവാനും, അംഗവൈകല്യമുള്ള കുട്ടികൾക്കു വേണ്ടി ഒരു സ്ഥാപനം നടത്തുവാനും ഉള്ള പരിശ്രമിത്തിലാണ്. "ബാഹ്യമായി ഞാൻ ബന്ധനസ്ഥയാണെങ്കിലും ആന്തരീകമായി ഞാൻ സ്വതന്ത്ര്യയാണ്." അവരുടെ സ്കൂളിലെ ഒരു പ്രസിദ്ധീകരണത്തിൽ അവൾ എഴുതി. നടക്കുവാൻ സാധിക്കുന്ന ഏതൊരു വ്യക്തിയേക്കാളും കൂടുതലായി ഞാൻ പ്രവർത്തിക്കുന്നു. ഈ തളർവാതം സാരമാക്കേണ്ടതില്ല."

സയിറായെ പരിചരിക്കുന്ന ആലീസ് കലോങ്ങ (Alice Calonga) എന്ന വലിയമ്മയോടു ചോദിച്ചാൽ വ്യത്യസ്ഥമായ ഒരു ചിത്രം നമുക്ക് ലഭിക്കും.

സയിറ ഒരു പ്രചോദനമാണ്. അവൾക്ക് ആരോടും വിദ്വേഷമില്ല. ഉത്തമഗുണങ്ങളുടെ വിളനിലമാണ് സയിറ. ജീവിത നൈരാശ്യം അവളെ ബാധിക്കുന്നില്ല. എല്ലാ കുട്ടികളെയും പോലെ അവൾ സാധാരണ ഒരു കുട്ടിയായി വർത്തിക്കുന്നു. അവളിൽ നിന്ന് എടുക്കപ്പെട്ടതിനേക്കാൾ വളരെ കൂടുതലായി ആയിരം ഇരട്ടി അവൾ തന്റെ ചുറ്റുപാടുമുള്ളവർക്ക് മടക്കി നൽകുന്നു. എങ്കിലും അപകടത്തിൽ കൂടി അവൾക്ക് സംഭവിച്ച നഷ്ടത്തെ നികത്തുവാനാകയില്ല.

അപകടമുണ്ടായതിനെ തുടർന്നുള്ള രണ്ടു മൂന്ന് ദിവസങ്ങൾ ഒരിക്കലും മറക്കുവാൻ സാദ്ധ്യമല്ല. ആൽബനി എന്ന സ്ഥലത്തെ ആശുപത്രിയിലെ കുട്ടികളുടെ വിഭാഗത്തിലെ ICU വിന് സമീപം ഞങ്ങൾ കാത്തുനിന്നു. തങ്ങളുടെ കുട്ടികളെയുമായി നിരവധി ആളുകൾ ആ പരിസരത്ത് ഉണ്ടായിരുന്നു. എന്നാൽ രണ്ടു യുവാക്കൾ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്ഥരായി എനിക്ക് തോന്നി. എന്തെന്നാൽ അവർ സദാസമയവും അവിടെനിന്ന് എന്നെ തുറിച്ച് നോക്കിക്കൊണ്ടിരുന്നു. അവസാനം അവരിൽ ഒരാൾ എന്റെ സമീപം വന്ന് ‘‘ആ കാർ മുട്ടി പരിക്കുകൾ പറ്റിക്കിടക്കുന്ന കുട്ടിയുടെ ബന്ധുവാണോ ഞാൻ എന്നു ചോദിച്ചു. ‘അത് ഞാൻ തന്നെയെന്ന്’ ഉത്തരം നൽകി. അവളുടെ വലിയമ്മയാണോ എന്ന് അവർ തുടർന്നു ചോദിച്ചു. ‘അതെ’ എന്നു ഞാൻ മറുപടി നൽകി.

അതിനെ തുടർന്ന് അയാൾ ആരാണ് എന്ന മറുചോദ്യം ഞാൻ ചോദിക്കുകയുണ്ടായി. അതിനു മറുപടിയായി എന്റെ ചെറുമകളെ ഇടിച്ചുവീഴ്ത്തിയ കാറ് അവരാണ് ഓടിച്ചിരുന്നത് എന്ന് എന്നോടു പറഞ്ഞു. അതിനെ തുടർന്ന് അവരോട് ക്ഷമിക്കണം എന്നു അവർ അപേക്ഷിച്ചു. ആ സമയം ഞാൻ സ്തംഭനാവസ്ഥയിലായി. അയാളുടെ സ്ഥാനത്ത് എന്നെത്തന്നെ നിർത്തി നോക്കി. അയാളോടു ക്ഷമിക്കണം എന്ന് ഞാൻ തീരുമാനിച്ചു. അതിന്റെ സൂചകമായി ഞാൻ അയാളെ കെട്ടിപ്പുണർന്നു.

ആ സമയത്താണ് ICU വിൽ നിന്ന് എന്റെ മകൾ പുറത്തേക്കിറങ്ങി വന്നത്. ആ മനുഷ്യനുമായി സംസാരിക്കുന്നത് കണ്ട് അവൾ എന്നോട്





രോഷാകുലയായി. അതിനെ തുടർന്ന് അവർക്കുണ്ടായ അപകടത്തെക്കുറിച്ച് അവൾ എന്നോടു വിവരിച്ചു. അക്ഷമയോടെയാണ് ഡ്രൈവർ കാറോടിച്ചത് എന്ന് അവൾ എന്നോടു പറഞ്ഞു. അയാളുടെ മുന്നിൽ ഉണ്ടായിരുന്ന വാഹനത്തിന്റെ മുമ്പിൽ കയറുവാൻ അയാൾ ത്രപ്പെട്ടു. ആ സമയത്താണ് കാർ സയ്റായുടെ മേൽ വന്നിടിച്ചത്. ആ സ്ഥലത്തുനിന്നും രക്ഷപ്പെടുവാനുള്ള ബദ്ധപ്പാടിൽ വീണ്ടും സയിറായുടെ മേൽ കാർ മുട്ടുകയുണ്ടായി. ആ സമയത്താണ് അവളുടെ കഴുത്തും നട്ടെല്ലും ഒടിഞ്ഞ് ക്ഷതമേറ്റത്.

ആദ്യം അത് എനിക്ക് വിശ്വസിക്കാൻ സാധിച്ചില്ല. എന്നാൽ എന്റെ മകൾ പറഞ്ഞത് അക്ഷരം പ്രതി ശരിയായിരുന്നുവെന്ന് ഞാൻ മനസ്സിലാക്കി. അർഹതയില്ലാത്ത ഒരാളോട് ഞാൻ ക്ഷമ കാട്ടി എന്ന അന്ധാളിപ്പിലായി ഞാൻ. ഇതെല്ലാമായിരുന്നിട്ടും അയാളോടുള്ള എന്റെ ക്ഷമ യഥാസ്ഥാനത്തായിരുന്നു എന്ന് എനിക്ക് യാതൊരു സംശയവും ഇല്ല.

“മറ്റേവരെയും പോലെ എനിക്കും കോപം ഉളവായി എങ്കിലും ആ കാറിന്റെ ഡ്രൈവറോടു ക്ഷമിച്ചത് ഉചിതമായി എന്നു ഞാൻ വിശ്വസിക്കുന്നു. അത് ഒരു പക്ഷെ ഹൃദയത്തിന്റെ അഗാധതയിൽ നിന്നുള്ള സ്വഭാവിക പ്രതികരണം ആയിരുന്നിരിക്കാം. അന്നത്തെ ആ നിമിഷം അയാളോട് ക്ഷമിച്ചില്ലായിരുന്നുവെങ്കിൽ ഒരു പക്ഷെ എനിക്ക് ഒരിക്കലും അതുപോലെ ഒരു അവസരം ലഭിക്കുമായിരുന്നില്ല എന്ന് ഞാൻ വിശ്വസിക്കുന്നു. ആ മനുഷ്യൻ ക്ഷമ അർഹിക്കുന്നില്ല എന്നത് വ്യക്തമാണ്. അയാളുടെ സ്ഥാനത്ത് ഞാൻ ആയിരുന്നുവെങ്കിൽ – അയാൾ ചെയ്തത് ഞാൻ ചെയ്തിരുന്നുവെങ്കിൽ – തീർച്ചയായും ഞാൻ ക്ഷമയ്ക്കുവേണ്ടി ആഗ്രഹിക്കുമായിരുന്നു. ഞാൻ അയാളോടു ക്ഷമിച്ചപ്പോൾ എന്റെ ചിന്ത ആവിധത്തിലായിരുന്നു.

അതുകഴിഞ്ഞതിനു ശേഷം ആ വ്യക്തിയെക്കുറിച്ച് കൂടുതലായി പലതും മനസ്സിലാക്കുവാൻ സാധിച്ചു. അയാൾ തുടർന്നും യാതൊരു അനുതാപവും മറ്റുള്ളവരോടുള്ള പരിഗണനകളും ഇല്ലാതെ തന്റെ രീതികൾ തുടർന്നു വന്നു. അയാൾ ഇതുപോലെയുള്ള വിവിധ സംഭവങ്ങളിൽ അയാൾ പ്രതിയായിരുന്നു. സയ്റായ്ക്ക് അപകടം വരുന്നതിനു മുമ്പു തന്നെ പത്തൊമ്പതു പ്രാവശ്യം അയാൾ ഇതുപോലെയുള്ള കൃത്യങ്ങളിൽ പങ്കാളിയാണ്.”

തന്റെ ആദ്യക്ഷമ എന്ന ദാനത്തിൽ ഉറച്ചു നിൽക്കുന്നത് തികച്ചും ഒരു മാനസിക പോരാട്ടം ആയിരുന്നു എന്ന് ആലീസ് പറയുന്നു. എന്നാൽ ആ പോരാട്ടം ആലീസിനെ കൂടുതൽ ശക്തിയുള്ള ഒരു വ്യക്തിയായി മാറ്റി എന്നും അവർ അവകാശപ്പെടുന്നു.

നാം മറ്റുള്ളവരാൽ ഉപയോഗിക്കപ്പെടുന്നു എന്ന ചിന്തയിൽ നിന്ന് വിമുക്തമാക്കപ്പെടുവാൻ സമയമെടുക്കും. ഞാൻ ഇപ്പോൾ ആ സംഭവത്തെക്കുറിച്ച് മറന്നു കഴിഞ്ഞിരിക്കുന്നു. എന്റെ ക്ഷമ വാസ്തവത്തിൽ ആ മനുഷ്യൻ അർഹിക്കുന്നില്ലായിരിക്കും. ഞാൻ ക്ഷമിച്ചതു കൊണ്ട് എന്റെ ഹൃദയഭാരങ്ങൾ ലഘുവായിത്തീർന്നിരിക്കുന്നു. ഞാൻ ക്ഷമിച്ചില്ലായിരുന്നുവെങ്കിൽ എന്റെ കോപ ചിന്തകളും ആയി നിരാശയിലും മാനസിക ഭാരത്തിലും കഴിയുമായിരുന്നു. ക്ഷമിക്കുവാൻ തയ്യാറായതുകൊണ്ട് മെച്ചമായ ഒരു ജീവിതത്തിലേക്ക് തിരിയുവാൻ എനിക്ക് സാധിച്ചു. സയിറയെ പരിചരിക്കുന്നതിനുള്ള ശക്തിയും അതിൽ നിന്ന് എനിക്ക് ലഭ്യമായി.”

## റ്റെറി (Terry)

ക്ഷമയുടെ പാഠം തങ്ങളുടെ ജീവിതത്തിൽ കൂടി വെളിപ്പെടുത്തുവാൻ കഴിഞ്ഞ സ്റ്റീവൻ ആലീസ് ഇവരൊക്കെയും ക്ഷമാശീലം അനുകരിപ്പാനായി നമുക്കുള്ള ഉത്തമ മാതൃകകളാണ്. അങ്ങനെയുള്ളവരുടെ കഥകൾ നമ്മുടെ ഹൃദയത്തിൽ ഉൾക്കൊണ്ട് ഈ ക്ഷമാശീലം നമ്മുടെ ജീവിതത്തിൽ സ്വായത്തമാക്കുന്നില്ല എങ്കിൽ അതുകൊണ്ടു പ്രയോജനം ഉളവാകുന്നില്ല. അർത്ഥവത്തായി, അവയെ നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കണമെങ്കിൽ നമ്മുടെ വഴികളും അവരുടെ വഴികളും ബന്ധിപ്പിക്കേണ്ടതാണ്.

ആന്തരിക സൗഖ്യത്തിനും പൂർണ്ണതയ്ക്കും ഉള്ള വഴികൾ ഏവർക്കും ഒരുപോലെ ആയിരിക്കണമെന്നില്ല. എല്ലാ വ്യക്തികളും അവരവരുടെ സ്വന്തവും വ്യത്യസ്ഥവും ആയ പാതകളിൽ കൂടിയാണ് ഗമിക്കുന്നത് എങ്കിലും ലക്ഷ്യം ഒന്നുതന്നെയാണ്. ക്ഷമിക്കുന്നതിനുള്ള ശക്തി ചിലർക്ക് ലഭ്യമാകുന്നത് അവരുടെ ഉള്ളിൽ നിന്ന് തന്നെയാണ് എങ്കിൽ മറ്റു പലർക്കും ചുറ്റുപാടുമുള്ളവരുടെ സഹായത്താലാണ്. തങ്ങളുടെ സ്വന്തം പരിമിതികളെ മനസ്സിലാക്കുന്ന ചിലർ ഉന്നതമായ ദൈവീക ശക്തിയിൽ ആശ്രയിച്ച് ക്ഷമിക്കുന്നു. എന്നാൽ മറ്റു പലർക്കും ക്ഷമിക്കുവാൻ ഒരിക്കലും സാധിക്കുന്നില്ല.





എഴുത്തുകുത്തിൽ കൂടി ഞാൻ ബന്ധപ്പെട്ട റ്റെറിക്ക് 37 വയസ്സു പ്രായമുണ്ട്. അതിൽ 19 വർഷം ജയിലുകളിലും ദുർഗ്ഗുണപരിഹാര പാഠശാലകളിലും ആണ് അയാൾ ജീവിച്ചത്. സ്വന്തമക്കളെ പീഡിപ്പിച്ചിരുന്ന മാതാപിതാക്കളിൽ നിന്നും റ്റെറിയേയും സഹോദരങ്ങളെയും കുഞ്ഞുങ്ങളും സംരക്ഷണത്തിനു വേണ്ടിയുള്ള ഗവൺമെന്റിന്റെ പ്രത്യേക വിഭാഗം (Child Welfare Agency) രക്ഷിച്ച് 20-ൽ പരം വർഷങ്ങൾ അങ്ങനെയുള്ളവർക്ക് വേണ്ടിയുള്ള സ്ഥാപനങ്ങളിൽ വളർത്തി. എന്നാൽ ആ സ്ഥാപനയുടെ മേൽനോട്ടം വഹിച്ചിരുന്ന വ്യക്തി റ്റെറിയെ ശാരീരികമായി ഉപദ്രവിച്ചു. മറ്റൊരു സ്ഥാപനത്തിൽ ഒരുമിച്ച് താമസിച്ച മുറിയിലെ മുതിർന്ന കുട്ടികൾ ലൈംഗികമായി റ്റെറിയെ പീഡിപ്പിച്ചു. മൂന്നാമത്തെ സ്ഥാപനത്തിൽ ഒരു പുരോഹിതൻ റ്റെറിയെ ലൈംഗീകമായി ഉപയോഗിച്ചു. ഇവിടെ നിന്നെല്ലാം ഒളിച്ചോടി എങ്കിലും അവൻ വീണ്ടും വീണ്ടും പിടിക്കപ്പെട്ടു എന്നു മാത്രമല്ല അടച്ചു പൂട്ടപ്പെട്ട മുറികളിൽ ഏകാന്തത അനുഭവിച്ച് ജീവിക്കേണ്ടി വന്നു. അവന്റെ ഭക്ഷണം കതകിന്റെ ഒരു ചെറിയ ദ്വാരത്തിൽ കൂടി അവന് നൽകി. അടിവസ്ത്രങ്ങൾ മാത്രമേ അവന് ധരിക്കാൻ നൽകിയിരുന്നുള്ളു.

റ്റെറി മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും അടിമയായി മാറി. അവന്റെ യൗവനത്തെക്കുറിച്ചുള്ള ഓർമ്മകൾ വെറും മൂടുപടമായിത്തീർന്നു. നിരവധി തവണ അവൻ ആത്മഹത്യയ്ക്കും ശ്രമം നടത്തി. ഇതൊക്കെയാണെങ്കിലും തന്റെ ജീവിതം നരകതുല്യമാക്കിയതിൽ പങ്കുള്ള ഏവരോടും ക്ഷമിക്കണമെന്ന് അവൻ ആഗ്രഹിച്ചു. തെറ്റായ വഴികൾ സ്വീകരിച്ചതിന് തന്നോടുതന്നെയുള്ള ക്ഷമയും അവൻ ആഗ്രഹിച്ചു. അതുപോലെ തന്നെ താൻ കുറ്റ കൃത്യങ്ങൾ ചെയ്തതിൽ കൂടി (മോഷണവും മദ്യപിച്ച് കാറോടിക്കുന്നതും) വൈഷമ്യങ്ങൾ നേരിട്ടവരിൽ നിന്ന് തനിക്ക് ക്ഷമയും അവൻ പ്രതീക്ഷിച്ചു.

“ഞാൻ നിങ്ങളോടൊപ്പം ഇരുന്ന് എന്റെ പാപപ്രവർത്തികളെ ഓരോന്നായി ഏറ്റുപറയാം. ഞാൻ അറിഞ്ഞും അറിയാതെയും ചെയ്ത എന്റെ ഓരോ തെറ്റിനെയും കുറിച്ച് ഞാൻ അനുതപിക്കുന്നു. എനിക്ക് ഒരു നല്ല ഹൃദയം ആണ് ഉള്ളത്. ആര് എന്തു ചോദിച്ചാലും ഞാൻ കൊടുക്കുന്നു. ഞാൻ മറ്റുള്ളവരെ സ്നേഹിക്കുന്നു പക്ഷെ എന്നെത്തന്നെ വെറുക്കുന്നു. ഇതിന്റെ അർത്ഥം എന്താണ്? മറ്റൊരാൾ വേദനിയ്ക്കുമ്പോൾ അതോടൊപ്പം ഞാനും വേദന സഹിക്കുന്നു.

എന്റെ മനസ്സിന്റെ അടിത്തട്ടിൽ കോപം നിറഞ്ഞിരിക്കുന്നു. യഥാർത്ഥത്തിൽ സ്നേഹിക്കുവാൻ എനിക്ക് സാധിക്കുന്നില്ല. എന്റെ ഉള്ളിൽ കയറിയിരിക്കുന്ന സാത്താനെ തടയുവാനോ എല്ലാ ദിവസവും ഞാൻ സഹിക്കുന്ന വേദനകളെ ദുരീകരിക്കുവാനോ എനിക്ക് സാധിക്കുന്നില്ല.

ഞാൻ മറ്റുള്ളവരോടൊപ്പം ഇരിക്കുമ്പോൾ ഈ വികാരങ്ങളെ മറയ്ക്കുന്നു. അവരുടെ മുന്നിൽ ഞാൻ തമാശ പറയുകയും ചിരിക്കുകയും ചെയ്യുന്നു. എന്നാൽ ഞാൻ തനിയെ ആയിരിക്കുമ്പോൾ നിഷേധാത്മകങ്ങളായ എല്ലാ വികാരങ്ങളും എന്നെ വലയ്ക്കുന്നു. ഏകാന്തതയും മറ്റുള്ളവരാൽ തള്ളപ്പെട്ടു എന്ന ചിന്തയും പ്രതികാരേച്ഛയും, ആത്മഹത്യചിന്തകളും എന്നെ പിടികൂടുന്നു. മാനസീക ചികിത്സ, (Psychotherapy) കൗൺസിലിംഗ് ഇവയിലൊക്കെയും ഞാൻ പങ്കെടുത്തു. പലവിധ മരുന്നുകളും ഞാൻ കഴിച്ചു. പക്ഷെ അവയൊന്നും തന്നെ ഫലപ്രദമായില്ല.

എന്റെ ജീവിതത്തിലേയ്ക്ക് യേശു വരേണമേ എന്ന് നിരവധി തവണ ഞാൻ പ്രാർത്ഥിച്ചിട്ടുണ്ട്. യേശു കുറച്ചെങ്കിലും എന്റെ ജീവിതത്തിൽ വന്നു എന്നു ഞാൻ വിശ്വസിക്കുന്നു. ഇല്ല എങ്കിൽ ഞാൻ ഇത് എഴുതുമായിരുന്നില്ല. പക്ഷെ ഈ ദുഷ്ടചിന്തകൾ എന്തുകൊണ്ട് എന്റെ മനസ്സിൽ കടന്നുവരുന്നു. മറ്റുള്ളവരോടു വിദ്വേഷം ഇല്ലാതെയിരിപ്പാനുള്ള ഒരു തീരുമാനം എടുക്കുവാൻ എനിക്ക് സാധിക്കുന്നില്ല.

എന്റെ ബാല്യകാലം പൂർണ്ണമായി എനിക്ക് നഷ്ടപ്പെട്ടു. ഞങ്ങൾ കുട്ടികളായിരുന്നപ്പോൾ എന്നോടും എന്റെ സഹോദരങ്ങളോടും ഞങ്ങളുടെ മാതാപിതാക്കൾ ചെയ്ത നിഷ്ഠൂരകൃത്യങ്ങളെക്കുറിച്ച് ഇപ്പോഴും എന്റെ ഹൃദയത്തിൽ കോപവും ദുഃഖവും ഉണ്ട്. അവരുടെ മുഖത്ത് അടിയ്ക്കുന്നതിനെക്കുറിച്ച് രാത്രിയിൽ കിടന്ന് സ്വപ്നം കാണാറുണ്ട്. എന്നാൽ അപ്പനെയും അമ്മയെയും ബഹുമാനിക്കുക എന്നാണ് വേദപുസ്തകം പറയുന്നത്.

പക്ഷെ എത്ര ശ്രമിച്ചാലും എനിക്ക് അതിന് സാധ്യമല്ല. എന്റെ കോപത്തെ ഇല്ലാതെയാക്കുവാൻ എനിക്ക് സാധിക്കുന്നില്ല. എന്റെ ബാല്യകാലം ദുഷിച്ചതാണ്. എന്റെ മൂത്ത സഹോദരനെ എയ്ഡ്സ് ബാധിച്ച് മരിക്കാറായ നിലയിലാണ് ഞാൻ അവസാനം സന്ദർശിച്ചത്. മറ്റൊരു സഹോദരൻ കഴിഞ്ഞ 40 വർഷങ്ങളായി മാനസികാശുപത്രി





യിൽ കഴിയുന്നു. വേറൊരു സഹോദരൻ, ഞങ്ങളുടെ പിതാവ് ഞങ്ങളെ തല്ലിച്ചതച്ചിരുന്നതുപോലെ തന്റെ കുഞ്ഞുങ്ങളെ ശാരീരികമായി പീഡിപ്പിക്കുന്നു. ആ പ്രശ്നവും ആയി ബന്ധപ്പെട്ട് പലതവണ ഞാൻ ശിശു സംരക്ഷണ സമതിയെ (Child Protection Agency) യെ വിളിക്കുകയുണ്ടായി.

ക്ഷമയ്ക്കു വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. ഞാൻ മറ്റുള്ളവർക്കു വേണ്ടിയും പ്രാർത്ഥിക്കുന്നു. ദൈവത്തിന് ഹിതകരമായ രീതിയിലുള്ള ഒരു വ്യക്തിയായി എന്നെ ആക്കിത്തീർക്കണമേ എന്ന് ഞാൻ ദൈവത്തോട് അപേക്ഷിക്കുന്നു. ദൈവം ഈ ദിവസം എനിക്ക് നൽകുന്ന എന്തും കൈനീട്ടി സ്വീകരിപ്പാനുള്ള കൃപയ്ക്കായി ഞാൻ അപേക്ഷിക്കുന്നു. ഞാൻ ആരാണ് എന്നത് അംഗീകരിപ്പാനുള്ള മനസ്സിനായും ഞാൻ പ്രാർത്ഥിക്കുന്നു.

എന്നിലുള്ള കോപം എന്നെ കാർന്നു തിന്നുന്നതിനാൽ അതിനെ ഇല്ലാതെയാക്കുവാൻ ഞാൻ പഠിക്കേണ്ടിയിരിക്കുന്നു. ഈ ജയിലിൽ കിടന്ന് ഞാൻ മരണമടയുമെന്ന് ഭയപ്പെടുന്നു. എന്റെ ആത്മാവ് ഈജയിലറകളിൽ നിത്യമായി കഴിയും എന്നു ഞാൻ വ്യാകുലപ്പെടുന്നു.

ഞാൻ വെറുക്കുന്നവരോട് ക്ഷമിക്കണമെന്ന് എനിക്ക് ആഗ്രഹം ഉണ്ട്. എന്റെ മാതാപിതാക്കളും ആ ഗണത്തിൽ പെടുന്നു. എല്ലാ സമയത്തും ദുഷ്ടചിന്തകൾ എന്റെ മനസ്സിൽ പ്രവേശിക്കുന്നുവെങ്കിലും അവയെ അകറ്റുവാൻ ഞാൻ നിരന്തരം പ്രാർത്ഥിക്കുന്നു. എനിക്കും ക്ഷമ ലഭ്യമാകേണ്ടതാണ്. എന്റെ പാതകളെ നേർവഴിയിലാക്കി എനിക്ക് നല്ലവനായിത്തീരണം.

യേശു തൊട്ട് പലരുടെയും ജീവിതം രൂപാന്തരപ്പെടുത്തിയതായി ഞാൻ ബൈബിളിൽ വായിച്ചു. യേശുവിന്റെ സമീപമെത്തി യേശുവിനെ സ്പർശിക്കുന്നതിൽ കൂടി അവർക്ക് സൗഖ്യം ലഭ്യമായി. അനേകായിരങ്ങളുടെ മദ്ധ്യത്തിൽ ഞാൻ വെറും ഒരു ബിന്ദു മാത്രമാണ്. എന്നിരിക്കിലും ആ തരത്തിലുള്ള സൗഖ്യം ഞാൻ ആഗ്രഹിക്കുന്നു. ഇത് അത്യാഗ്രഹമാണോ?

റ്റെറി ക്ഷമിക്കേണ്ട വ്യക്തികളെ ഒരു പക്ഷെ ഒരിക്കലും കണ്ടുമുട്ടിയെന്നു വരികയില്ല. അങ്ങനെ ആരെയെങ്കിലും കണ്ടാൽ തന്നെയും അവരോടു പറയുവാനുള്ള വാക്കുകൾ ലഭിച്ചു എന്ന് വരികയില്ല. അവന്റെ ഭയങ്ങളും മറ്റും തെറ്റിദ്ധരിപ്പിക്കപ്പെടാം. ഒരുവന്റെ ഏറ്റവും

അഗാധമായവികാരങ്ങൾ പുറത്തേക്ക് കൊണ്ടുവരിക എന്നത് തികച്ചും വേദനാജനകമാണ്.

എന്നാൽ വാക്കുകളല്ല പ്രധാനമായുള്ളത്. റ്റെറിയ്ക്കും നമുക്കേ വർക്കും തന്നെയും നമ്മുടെ ആന്തരിക പ്രതികരണമാണ് സർവ്വ പ്രധാനമായുള്ളത്. ജീവിതത്തിന്റേതായുള്ള വഴികളുടെ ഓരോ അടിയും നാം ആഗ്രഹിക്കുന്ന രീതിയിൽ മുന്നോട്ടു നയിക്കുന്നത് ഇതുമാത്രമാണ്. ഒരുപക്ഷേ താളം തെറ്റിയ വികാരത്തള്ളലിന്റെ സമയത്തും ഇത് നമ്മെ സഹായിക്കും.

## ബഡ് വെൽഷ് (Bud Welch)

ബഡ് വെൽഷിന്റെ ജീവിതാഭിമാനമായിരുന്ന 23 വയസ്സുള്ള മകൾ ജൂലി കൊല്ലപ്പെട്ടു. ഇന്നേ ദിവസം വരെയും കൊലയാളിയോടു ക്ഷമിക്കുവാൻ അദ്ദേഹത്തിന് സാധിച്ചില്ല എങ്കിലും സ്വന്ത ജീവിതത്തിലെ നിരാശയും കോപവും വെടിഞ്ഞ് അയാൾ ജൂലിയെക്കുറിച്ചുള്ള മധുരസ്മരണകൾ അയവിറക്കി അവളിൽ അഭിമാനം കൊണ്ടു.

എട്ടുകുട്ടികളിൽ മൂന്നാമത്തവനായി ജനിച്ച ഞാൻ ഒരു ഡയറി ഫാമിലാണ് വളർന്നത്. മറ്റുള്ളവരുമായി പങ്കുവെക്കണമെന്നാഗ്രഹിച്ച് ഒക്ലഹോമ (Oklahoma) എന്ന നഗരത്തിൽ കഴിഞ്ഞ 34 വർഷമായി ഞാൻ ഒരു സർവ്വീസ് സ്റ്റേഷൻ (പെട്രോൾ നൽകുന്ന സ്ഥലം) നടത്തുകയായിരുന്നു. 1995 ഏപ്രിൽ 19-ാം തീയതി വരെ എന്റെ ജീവിതം തുലോം ലളിതമായിരുന്നു. ആദിവസമാണ് എന്റെ മകളായ ജൂലി മറ്റ് 167 പേരോടൊപ്പം ആൽഫ്രഡ് പി. മുറാ (Alfred P Murrah) എന്ന പേരിലുള്ള കെട്ടിടത്തിൽ വെച്ച് ബോംബ് പൊട്ടിത്തെറിച്ച് മരണമടഞ്ഞത്. എന്റെ ഓമനമകളായിരുന്ന ജൂലിയെ ഞാൻ വളരെയധികം സ്നേഹിച്ചിരുന്നു.

മാസം തികയുന്നതിനു മുമ്പ് ജനിച്ച് പൈതലാണ് ജൂലി (Jule). പക്ഷെ ജനനസമയത്തെ പ്രശ്നങ്ങളെ അതിജീവിച്ച് ആരോഗ്യമുള്ള ഒരു കുട്ടിയായി ജൂലീ വളർന്നു. മാർക്കെ (Marquette) എന്ന യൂണിവേർസിറ്റിയിൽ നിന്ന് സ്പാനിഷ് (Spanish) ഭാഷയിൽ ബിരുദം നേടിയതിനുശേഷം സോഷ്യൽ സെക്കൂരിറ്റിയിൽ ഗവൺമെന്റിന്റെ സാമൂഹ്യ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന വിഭാഗത്തിൽ തർജ്ജിമ ചെയ്യുന്ന ഒരു വ്യക്തി ആയി ജോലി നോക്കി. വ്യോമസേനയിൽ ലഫ്റ്റനന്റ് ആയിരുന്ന എറിക്കുമായി മരിക്കുന്ന സമയത്ത് പ്രണയത്തിലും ആയിരുന്നു. രണ്ടാഴ്ചയ്ക്കകം അവരുടെ വിവാഹ നിശ്ചയം വെളിപ്പെടുത്താൻ ഉദ്ദേശിച്ചിരുന്നുവെന്ന് ഞാൻ മനസ്സിലാക്കിയത് ജൂലി മരണമടഞ്ഞ ദിവസം ആയിരുന്നു.





വധശിക്ഷയെ ഞാൻ എക്കാലവും എതിർത്തിരുന്നു. കുടുംബാംഗങ്ങളിൽ ആരെങ്കിലും വധിക്കപ്പെട്ടാൽ ഞാൻ എന്റെ അഭിപ്രായം തിരുത്തും എന്ന് സ്നേഹിതന്മാർ അവകാശപ്പെട്ടു. ജൂലിയെ ആരെങ്കിലും ബലാൽസംഗം ചെയ്ത് വധിച്ചാൽ എന്റെ പ്രതികരണം എന്തായിരിക്കും? ഏപ്രിൽ 19 -ാം തീയതി വരെയും ഞാൻ എന്റെ അഭിപ്രായങ്ങളിൽ ഉറച്ചു നിന്നു.

ആ ബോംബ് സ്ഫോടനം കഴിഞ്ഞ് ആദ്യത്തെ നാലഞ്ച് ആഴ്ചകളിൽ, പ്രതികാരേഛ, കോപം, വേദന, വിദ്വേഷം ആദിയായവ എന്റെ മനസ്സിൽ നിറഞ്ഞിരുന്നു. കുറ്റം നടത്തിയവരെ വളരെ സുരക്ഷിതമായി കൊണ്ടുപോകുന്നതിന്റെ കാരണം അപ്പോൾ മാത്രമാണ് എനിക്ക് മനസ്സിലായത്. എന്നേപ്പോലെ ദുഃഖാർത്തരായവർ അവരെ വധിക്കുവാൻ ശ്രമിക്കും.

1995 അവസാനമായപ്പോഴേക്കും ഞാൻ വല്ലാത്ത ഒരു അവസ്ഥയിലായി. വളരെയധികം മദ്യപിക്കുകയും ഒരു ദിവസം മൂന്നു പാക്കറ്റ് സിഗററ്റ് വലിക്കുകയും ചെയ്യുവാൻ ഞാൻ തുനിഞ്ഞു. ഏപ്രിൽ 19 -ാം തീയതി എനിക്ക് കടുത്ത മാനസികാഘാതം ആണ് ഉണ്ടായത്. അതിൽ നിന്ന് വിമുക്തി നേടുവാൻ എനിക്ക് സാധിച്ചില്ല. ഇതിനോടനുബന്ധിച്ചാണ് ആ ബോംബ് സ്ഫോടനം നടന്ന സ്ഥലത്തേക്ക് പോകുവാൻ ഞാൻ ഒരുമ്പെട്ടത്.

ജനുവരി മാസത്തെ തണുപ്പുള്ള ഒരു മദ്ധ്യാഹ്നം ആയിരുന്നു അത്. Murrah യൂണിവേഴ്സിറ്റി കെട്ടിടം നിലകൊണ്ടിരുന്ന സ്ഥലത്തുനിന്ന് ചുറ്റുംകെട്ടിയിരുന്ന വേലിക്ക് പുറത്തു കൂടി നിരവധി ആളുകൾ നടന്നുപോകുന്നത് നോക്കിക്കൊണ്ട് ഞാൻ അവിടെ നിന്നു. വധശിക്ഷയെക്കുറിച്ച് ഞാൻ ആ സമയം ചിന്തിച്ചു. അതോടൊപ്പം തന്നെ ആ സ്ഫോടനത്തിന് കാരണക്കാരനായിരുന്ന തിമോത്തി മക്‌വേ വധശിക്ഷയ്ക്ക് വിധിക്കപ്പെടണമെന്ന് ഞാൻ ആഗ്രഹിച്ചു. എന്നാൽ അയാൾ വധശിക്ഷയ്ക്ക് വിധിക്കപ്പെടുന്നതിൽ കൂടി എനിക്ക് യഥാർത്ഥ സമാധാനം ലഭ്യമാകുമോ എന്നതിനെക്കുറിച്ചും ഞാൻ ചിന്തിച്ചു. ഓരോ സമയവും ഞാൻ ഇത് ചോദിക്കുന്ന അവസരത്തിൽ ഇല്ല എന്ന ഒരു

ഉത്തരം മാത്രമാണ് എനിക്ക് ലഭ്യമായത്. ക്രിയാത്മകവും ഉത്തമവും ആയ യാതൊന്നും അതുകൊണ്ട് എനിക്ക് ലഭ്യമാകയില്ല. ആ വിധി ജൂലിയെ തിരിച്ചുകൊണ്ടുവരികയില്ല. യഥാർത്ഥത്തിൽ പ്രതികാരേ ഛയും വിദ്വേഷവും ആണ് ആ വിധത്തിൽ ചിന്തിക്കുവാൻ എന്നെ പ്രേരിപ്പിക്കുന്നത്. അതേ കാരണങ്ങളാലാണ് 167 പേരോടൊപ്പം ജൂലി കൊല്ലപ്പെട്ടത്..."

ഈ ഒരു ബോധോദയത്തിന്റെ വെളിച്ചത്തിൽ ബഡ് വധശിക്ഷ യ്ക്കെതിരെയുള്ള തന്റെ പൂർവ്വ ചിന്താഗതിയിലേക്കു മടങ്ങിയെന്നു മാത്രമല്ല വധശിക്ഷയെ ശക്തിയുക്തം എതിർക്കുന്ന ഒരു വ്യക്തിയായി മാറുകയും ചെയ്തു. വിവിധ സ്ഥലങ്ങളിലെ ദേവാലയങ്ങളിലും, വിദ്യാ ലയങ്ങളിലും, സർവ്വകലാശാലകളിലും മറ്റു പൊതു സ്ഥലങ്ങളിലും വധശിക്ഷയുടെ അർത്ഥശൂന്യതയെക്കുറിച്ചുള്ള പ്രസംഗ പരമ്പരകൾ തന്നെ അദ്ദേഹം നടത്തുകയുണ്ടായി. ബഡ് വളരെ തിരക്കുള്ള വ്യക്തി യായി മാറി. എന്നാൽ തിമത്തിയുടെ (Timothy) യുടെ പിതാവിനെ നേരിൽ കാണുവാനിടയായത് ഏറ്റവും വലിയ ഒരു സംഗതിയായി അദ്ദേഹം ഇപ്പോഴും കരുതുന്നു.

"എന്നേപ്പോലെ തന്നെ ദുഃഖം അനുഭവിക്കുന്ന ഒരു വ്യക്തിയാണ് ബിൽ മക്വേയ് (Bill Mcveigh) അദ്ദേഹവും അദ്ദേഹത്തിന്റെ കുടുംബവും ഇപ്പോൾ അനുഭവിക്കുന്ന വേദനയെക്കുറിച്ച് എനിക്ക് ഊഹിക്കുവാൻ കൂടെ സാധിക്കുന്നില്ല. എനിക്ക് ഒരു മകൾ നഷ്ടമായി. തിമത്തി വധ ശിക്ഷയ്ക്ക് വിധിക്കപ്പെടുന്നുവെങ്കിൽ ബില്ലിന് ഒരു പുത്രൻ ആണ് നഷ്ടപ്പെടുന്നത്. എനിക്ക് ഒരു പുത്രൻ ഉണ്ട്. ആ പുത്രൻ 168 പേരെ സ്ഫോടനത്തിൽ കൂടി വധിക്കുന്നുവെങ്കിൽ ഞാൻ അത് എങ്ങനെ സ്വീകരിക്കും. തന്റെ ദുഃഖത്തോടു കൂടി ബില്ലിന് ആജീവനാന്തം വരെയും ജീവിക്കേണ്ടി വരും.

ബോംബ് സ്ഫോടനത്തിന് ശേഷം ചില ദിവസങ്ങൾ കഴിഞ്ഞ് ഒരു റ്റി.വി. പ്രോഗ്രാമിൽ ആണ് ഞാൻ ആദ്യമായി ബിൽ മക് വേയ് (Bill Mc Veigh) എന്ന വ്യക്തിയെ കണ്ടത്. ബിൽ തന്റെ തോട്ടത്തിൽ ജോലി ചെയ്യുന്നതായിട്ടാണ് ആ പ്രോഗ്രാമിൽ കണ്ടത്. രണ്ടു നിമിഷ ങ്ങൾക്കകം ബിൽ T.V. ക്യാമറായിലേക്ക് നോക്കിയപ്പോൾ അഗാധമായ വേദനയനുഭവിക്കുന്ന ഒരു പിതാവിന്റെ നനഞ്ഞ നയനങ്ങളെയാണ് ഞാൻ ദർശിച്ചത്. അതേ തരത്തിലുള്ള അനുഭവങ്ങളിൽ കൂടി കടന്നു





പോയതു കൊണ്ടു മാത്രമാണ് ആ വേദന മനസ്സിലാക്കുവാൻ എനിക്ക് സാധിച്ചത്. എന്നെങ്കിലും ബില്ലിനെ നേരിൽ കണ്ട് അദ്ദേഹത്തിന്റെ വികാരങ്ങളെ പങ്കുവെയ്ക്കണമെന്ന് ഞാൻ ആഗ്രഹിച്ചു.

അങ്ങനെയാണ് അദ്ദേഹത്തെ കാണുവാൻ ഞാൻ തയ്യാറായത്. ഞാൻ അദ്ദേഹത്തിന്റെ ഭവനത്തിൽ ചെന്നപ്പോൾ അദ്ദേഹം തോട്ട ത്തിൽ പണി എടുക്കുകയായിരുന്നു. അദ്ദേഹം കള പറിക്കുകയും മറ്റു ജോലികളിൽ ഏർപ്പെടുകയും ചെയ്യുന്നതിനോടൊപ്പം ഞങ്ങൾ അര മണിക്കൂറോളം സംസാരിച്ചു കൊണ്ടിരുന്നു. അതിനുശേഷം മാത്രമാണ് ഞങ്ങൾ ഭവനത്തിലേക്ക് പ്രവേശിക്കുകയും അദ്ദേഹത്തിന്റെ 24 വയസ്സു പ്രായമുള്ള പുത്രി ജെന്നിഫറിനെ പരിചയപ്പെടുത്തുകയും ചെയ്തു. പ്രവേശിച്ച മുറിയിൽ ചില ചിത്രങ്ങൾ ചുമരിൽ തൂക്കിയിട്ടിരുന്നത് എന്റെ ശ്രദ്ധയിൽപ്പെട്ടു. ആ കുടുംബ ചിത്രങ്ങളിൽ ഏറ്റവും വലിയത് തിമത്തിയുടേതായിരുന്നു. "എന്തൊരു സുന്ദരൻ" എന്ന് ഞാൻ അവ സരത്തിൽ പറഞ്ഞു. തോട്ടത്തിൽ വെച്ച് തന്റെ വികാരങ്ങളടക്കുവാൻ താൻ വളരെയധികം ബദ്ധപ്പെടുന്നുണ്ട് എന്ന് ബിൽ എന്നോടു പറഞ്ഞിരുന്നു. തിമത്തിയെക്കുറിച്ചുള്ള എന്റെ വാക്കുകൾക്ക് മറുപടി യായി ബിൽ പ്രതിവചിച്ചു. "അത് തിമത്തി ഹൈസ്ക്കൂൾ പാസ്സായ പ്പോൾ എടുത്തചിത്രമാണ്" ആ സമയത്ത് അദ്ദേഹത്തിന്റെ കണ്ണുക ളിൽ നിന്ന് കണ്ണുനീർ ധാരധാരയായി പൊഴിഞ്ഞു.

വീണ്ടും ഏകദേശം ഒന്നരമണിക്കൂറോളം ഞങ്ങൾ സംസാരിച്ചു കൊണ്ടിരുന്നു. യാത്ര ചോദിക്കുന്നതിനു ഞാൻ എന്റെ കൈകൾ നീട്ടി ബില്ലിന് ഹസ്തദാനം നൽകി തുടർന്ന് ഹസ്തദാനത്തിനായി ജെന്നി ഫറിന്റെ നേരെയും എന്റെ കൈകൾ നീട്ടി. എന്നാൽ ജെന്നിഫർ ഹസ്ത ദാനത്തിന് മുതിരാതെ എന്നെ ആലിംഗനം ചെയ്ത് കെട്ടിപുണർന്നു. ആരാണ് ആദ്യം കരഞ്ഞത് എന്നറിവാൻ പാടില്ല. ഞങ്ങൾ രണ്ടുപേരും കണ്ണുനീരിൽ കുളിച്ചു. അവസാനം ഞാൻ സംസാരിച്ചു. "മകളെ നാം തുല്യ ദുഃഖിതരാണ്. നമ്മുടെ ആയുസ്സു തീരുന്നതു വരെയും നാം നമ്മുടെ ദുഃഖം പങ്കുവെയ്ക്കും. പക്ഷെ നിരാശപ്പെട്ടിരിക്കാതെ ഈ അനുഭവത്തിൽ കൂടിയും മെച്ചമായതിലേക്ക് നമുക്ക് ഗമിക്കാം. നിന്റെ സഹോദരന്റെ ഓർമ്മ എക്കാലവും നമുക്ക് നിലനിർത്തണം." ആ അവ സരത്തിൽ ദൈവത്തോട് ഏറ്റവും സാമീപ്യം എനിക്ക് അനുഭവപ്പെട്ടു. എന്റെ ചുമലിലെ ഭാരം നീക്കപ്പെട്ടു."

തന്റെ പുത്രിയുടെ ഘാതകനെ കാണുവാൻ താല്പര്യമില്ല എന്നാണ് ബിൽ പറയുന്നത്. യഥാർത്ഥത്തിൽ താൻ അയാളോടു ക്ഷമിച്ചുവോ എന്നതിനെക്കുറിച്ചും ബില്ലിന് സന്ദേഹം ഉണ്ട്.

“ഞാൻ അയാളോടു ക്ഷമിച്ചുവോ എന്ന് യഥാർത്ഥത്തിൽ എനിക്ക് അറിവാൻ പാടില്ല. ഞാൻ ഒക്ലഹോമ (Oklahoma) സർവ്വകലാശാലയിൽ പ്രസംഗിക്കുകയായിരുന്നു. ടുൽസ (Tulsa) എന്ന സ്ഥലത്തെ ബിഷപ്പ് അവിടെ സന്നിഹിതനായിരുന്നു. എന്റെ ഉള്ളിലെ പോരാട്ടങ്ങളെക്കുറിച്ച് ഞാൻ അവരോടു പറഞ്ഞു. യഥാർത്ഥത്തിൽ ക്ഷമിച്ചുവോ എന്ന എന്റെ സംശയത്തെക്കുറിച്ചും ഞാൻ അവരുമായി പങ്കു വെച്ചു. ആ സമയം തീർച്ചയായും നിങ്ങൾ അയാളോടു ക്ഷമിച്ചിരുന്നു എന്ന ബിഷപ്പ് ആ അവസരത്തിൽ ഇടയ്ക്കുകയറി പറഞ്ഞു. അതോടൊപ്പം തന്നെ വേദപുസ്തകത്തിൽ നിന്ന് ചില ഉദ്ധരണികളും അദ്ദേഹം ചൂണ്ടിക്കാട്ടി. എന്നെക്കാൾ വിവേകവും അറിവും ഉള്ള അദ്ദേഹത്തെ പറഞ്ഞതാകാം ശരി. ഞാൻ അയാളോടു ക്ഷമകാട്ടിയെന്ന് എന്നെത്തന്നെ ധരിപ്പിച്ചു.

കോപ വികാരങ്ങൾ ഇപ്പോഴും എന്നെ അലട്ടാറുണ്ട്. കാലിഫോർണിയയിൽ (California) ഹൈസ്ക്കൂളിനു സമീപം കൂടി പ്രസംഗത്തിന്നു പോയ ഒരവസരത്തിൽ ജൂലി പഠിച്ചിരുന്ന സ്കൂളിനെക്കുറിച്ചുള്ള ഓർമ്മകൾ എന്റെ മനസ്സിലേക്ക് കടന്നു വന്നു. ആ സമയം ഞാൻ കോപാവേശനായി മാറി. ഒരു ആഡിറ്റോറിയം നിറഞ്ഞു ഇരിക്കുന്ന വിദ്യാർത്ഥി സമൂഹത്തോട് വധശിക്ഷയ്ക്കെതിരായി സംസാരിക്കുവാൻ പോകുന്ന സമയത്തണ് ജൂലീയുടെ ഘാതകനെക്കുറിച്ചുള്ള വികാരം എന്റെ മനസ്സിൽ തിളച്ചു വന്നത്. ‘അയാളെ ജീവിക്കുവാൻ പോലും അനുവദിക്കരുത്’ ഞാൻ എന്നോടു തന്നെ പറഞ്ഞു.

തിമത്തിയെ വധശിക്ഷയ്ക്ക് വിധിക്കുന്നതിനോട് തീർച്ചയായും എനിക്ക് എതിർപ്പാണ്. അയാൾ മരിച്ചാൽപിന്നീട് അയാളോടുള്ള എന്റെ ക്ഷമ അർത്ഥശൂന്യമാകും. അയാൾ ജീവിച്ചിരിക്കുന്നിടത്തോളം കാലം എന്റെ വികാരങ്ങളും ചിന്തകളും എന്നെ പിന്തുടരുകയും ചെയ്യും. എന്റെ ജീവിതത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നുവെങ്കിലും ക്ഷമയുടെ ആവശ്യത്തെക്കുറിച്ച് എനിക്ക് യാതൊരു സംശയവും ഇല്ല. "Closure" – (കേസ് അവസാനിപ്പിക്കുന്നതിനുപയോഗിക്കുന്ന വാക്ക്) എന്ന വാക്ക് ഉപയോഗിക്കുന്നതിന് എനിക്ക് ഭയമാണ്. അതു കേൾക്കുന്നതു തന്നെ





എനിക്ക് വെറുപ്പാണ്. ജൂലിയുടെ ശവസംസ്കാരശേഷം ആണ് ആരോ അതുമായി ബന്ധിപ്പിച്ച് Closure എന്ന പദം പ്രയോഗിച്ചത്. അന്നു ഞാൻ നരകാനുഭവത്തിൽ ആയിരുന്നു. ഒരർത്ഥത്തിൽ ഞാൻ ഇന്നും നരകാനുഭവത്തിൽ തന്നെ. എങ്ങനെ ‘സമാപ്തി’ എന്ന പദം ഉപയോഗിപ്പാൻ എനിക്ക് സാധിക്കും? എന്റെ ഹൃദയത്തിന്റെ ഒരു ഭാഗം നഷ്ടപ്പെട്ടിരിക്കുന്നു.”

ഞാൻ ആദ്യം കാണുമ്പോൾ മുതൽ പിന്നീടുള്ള അവസരങ്ങളിലും ബഡ് എനിക്ക് ഒരു പ്രചോദനമായിരുന്നു. ഓരോ പ്രാവശ്യവും അദ്ദേഹത്തെ കാണുമ്പോൾ ബഡ് തന്റെ വിശ്വാസങ്ങളിലും ലക്ഷ്യങ്ങളിലും കൂടുതൽ കൂടുതൽ ദൃഢമാകുന്നതായിട്ടാണ് ഞാൻ കണ്ടത്. തന്റെ പുത്രിയുടെ ഘാതകന്റെ കുടുംബത്തെ സന്ദർശിക്കുവാൻ ബഡ് തയാറായത് പുത്രിയുടെ വിയോഗത്തിൽ ഉള്ള ദുഃഖം ആയിരുന്നുവെങ്കിൽ അവളുടെ ജീവിതത്തെക്കുറിച്ചുള്ള ഓർമ്മകൾ കാത്തു സൂക്ഷിക്കുന്നതാണ് ഇപ്പോഴത്തെ ജീവിതത്തെ മുമ്പോട്ട് നയിക്കുന്നത്. അദ്ദേഹം ആഗ്രഹിക്കുന്ന രീതിയിലുള്ള സൗഖ്യവും പൂർണ്ണതയും ലഭ്യമായിട്ടില്ല എങ്കിൽ കൂടി അദ്ദേഹത്തിന്റെ ജീവിതയാത്ര പ്രത്യാശയുടേതാണ്.

“ഇതു ഞാൻ കടന്നു പോകേണ്ടുന്ന ഒരു പോരാട്ടമാണ്. ഒരു ദിവസം രാവിലെ എഴുന്നേറ്റ് അന്ന് തീർക്കണ്ട ഒന്നായി ക്ഷമയെ കാണുക അസ്സാദ്ധ്യമാണ്. നിങ്ങളുടെ കോപം, വിദ്വേഷം ഇവയോടു പോരാടി അതിനെ അതിജീവിക്കുന്നടത്തോളം സമയം ആ പോരാട്ടം തുടർന്നു കൊണ്ടിരിക്കും. നേരത്തെ ഉള്ളതിനേക്കാൾ മെച്ചമായി ഓരോദിവസവും ജീവിക്കുവാൻ ശ്രമിക്കുക എന്നതു മാത്രമാണ് കരണീയമായുള്ളത്.”

**അധ്യായം – 15**

# ഓളങ്ങൾ ഉളവാക്കുക

*സ്നേഹത്തെക്കുറിച്ചുള്ള സ്വപ്നങ്ങളെക്കാൾ വൈഷമ്യമേറിയതാണ് സ്നേഹത്തിന്റേതായ പ്രവൃത്തികൾ. സ്വപ്നത്തിലെ സ്നേഹം ഉടനടിയുള്ള പ്രവർത്തിക്കു വേണ്ടി ദാഹിക്കുന്നു. ഏവരുടെയും കരഘോഷങ്ങളുടെ നടുവിൽ സ്വന്തം ജീവൻ ബലിയർപ്പിക്കുവാൻ തയ്യാറാവുന്നത് വേദനകളുടെ കുറവു കൊണ്ടു മാത്രമാണ്. എന്നാൽ പ്രവർത്തകാത്മകമായ സ്നേഹം കഠിന യത്നമാണ്, തീക്ഷണമായ ധൈര്യമാണ്.*

FYDOR DOSTOEVSKY

## ജീൻ പോൾ സംപുറ്റു (Jean Paul Samputu)

റുവാണ്ട (Rawnda) എന്ന പദം കേൾക്കുമ്പോൾ എന്റെ മനസ്സിൽ 1994 ലെ കൂട്ടക്കൊലയാണ് ഓർമ്മ വരിക. അടുത്തകാല ലോക ചരിത്രത്തിലെ ഏറ്റവും വലുതായ കൂട്ടക്കൊലയായിരുന്നു അത്. പല ഗ്രാമങ്ങളും ആ നാളുകളിൽ പൂർണ്ണമായി നശിപ്പിക്കപ്പെട്ടു. എന്നാൽ ഇന്ന് ആ പദം 'റുവാണ്ട' ക്ഷമയുടെ പര്യായമായി മാറിക്കഴിഞ്ഞു. മനുഷ്യ ചരിത്രത്തിലെ ഏറ്റവും അന്ധകാരപരമായ അദ്ധ്യായങ്ങളെയും മാറ്റി മറിക്കാമെന്ന് അത് കാട്ടുന്നു. ആ വ്യതിയാനം എന്നിൽ വരുത്തിയത് 2008-ൽ ആണ് ജീൻ പോൾ സംപുറ്റു (Jean Paul Samputu) എന്ന വ്യക്തിയെ കണ്ടതു മുതലാണ്.

ജീൻ പോൾ ഏറ്റവും മികച്ച ഒരു ഗായകനാണ്. ഏറ്റവും തിരക്കുപിടിച്ച പരിപാടികളാണ് അദ്ദേഹത്തിനുള്ളത്. ആഫ്രിക്കൻ വനാന്തരങ്ങൾ മുതൽ ന്യൂയോർക്കിലെ ലിങ്കൻ സെന്റർവരെ അദ്ദേഹത്തിന്റെ ഗാനമാധുരിയുടെ മാറ്റൊലി ശ്രവിക്കാം. നിരവധി ബഹുമതികളും അദ്ദേഹത്തെ തേടിയെത്തുകയുണ്ടായി. എന്നാൽ അദ്ദേഹത്തിന്റെ സംഗീതം അല്ല എന്ന സ്വാധീനിച്ചിട്ടുള്ളത്. പ്രത്യുത വിദ്വേഷത്തിന്റെ ആത്മാവിൽ നിന്നും ക്ഷമയുടെ ആത്മാവിലേക്കുള്ള ജൈത്രയാത്രയാണ് എന്നെ ആകർഷിച്ചത്.

"ആലോചിച്ചു നോക്കുക. പത്തു ലക്ഷം പേർ തൊണ്ണൂറു ദിവസം കൊണ്ട് വധിക്കപ്പെട്ടു. സ്നേഹിതർ സ്നേഹിതരെയും, സഹോദരന്മാർ സഹോദരന്മാരെയും സഹോദരിമാർ സഹോദരിമാരെയും കുട്ടികൾ മാതാപിതാക്കളെയും വധിച്ചു. മാതാപിതാക്കൾ കുട്ടികളെയും ഭർത്താക്കന്മാർ ഭാര്യമാരേയും വധിച്ചു.





ആ സമയത്ത് ഞാൻ ബാറുണ്ടി, യുഗാണ്ടാ ഈ സ്ഥലങ്ങളിൽ സഞ്ചരിക്കുക ആയിരുന്നു. റുവാണ്ടയിൽ ഞാൻ പ്രശസ്തനായിരുന്നതിനാൽ ഞാൻ രക്ഷപെട്ടുകൊൾവാൻ എന്റെ പിതാവ് എന്നെ ഉപദേശിച്ചു. പക്ഷെ 1994 ജൂലൈ മാസം കൂട്ടക്കൊലയുടെ അന്ത്യത്തിൽ ഞാൻ അവിടെ കടന്നുചെന്നു.

എന്റെ മാതാപിതാക്കൾ വധിക്കപ്പെട്ടു എന്ന് എനിക്ക് അറിയാമായിരുന്നു. തലസ്ഥാന നഗരിയുടെ തെക്കുവശത്തുള്ള ഞങ്ങളുടെ ഗ്രാമം ബുട്ടാറെയിൽ വെച്ചാണ് അവർ കൊല്ലപ്പെട്ടത്. എന്റെ മൂന്ന് സഹോദരന്മാരും എന്റെ ഏക സഹോദരിയും കൊല്ലപ്പെട്ടു. 34 വയസ്സു പ്രായമുണ്ടായിരുന്ന എന്റെ സഹോദരിയുടെ മരണം ദാരുണമായിരുന്നു.

ഞങ്ങൾ റ്റുറ്റ്സി എന്ന ഗോത്രത്തിലെ അംഗങ്ങളായിരുന്നു. പക്ഷെ എന്റെ സഹോദരിയെ വിവാഹം ചെയ്തത് ഹുട്ടു എന്ന ഗോത്രത്തിലായിരുന്നു. അവൾ സുരക്ഷിതമായിരിക്കുമെന്ന് ഞാൻ കരുതി. എന്നാൽ ആ ധാരണ തെറ്റായി ഭവിച്ചു. അവളെ അവർ മൂന്നു ദിവസം കൊണ്ട് ഇഞ്ചിഞ്ചായി വധിച്ചു. പലതും പറവാൻ എനിക്ക് വിഷമമാണ്.

റുവാണ്ടയിൽ ഞാൻ തിരിച്ചെത്തിയപ്പോൾ ബുട്ടാറെ എന്ന സ്ഥലത്തുള്ള എന്റെ പിതാവിന്റെ ഭവനത്തിലേക്ക് ഞാൻ കടന്നുചെന്നു. ആ ഭവനം വിജനമായിരുന്നു. ഞാൻ അയൽക്കാരെ അന്വേഷിച്ചു. അവരാരും തന്നെ അവിടെയുണ്ടായിരുന്നില്ല. ശവശരീരങ്ങൾ എല്ലായിടത്തും ചിതറിക്കിടന്നു. അതിന്റെ ദുർഗന്ധം അവിടെയെല്ലാം വമിച്ചു. ഈ കൂട്ടക്കൊലയിൽ നിന്ന് രക്ഷപ്പെട്ട കുറച്ചുപേരെ ഞാൻ കാണുകയുണ്ടായി. അവരിൽ നിന്ന് എന്റെ പിതാവിനെ വധിച്ചത് ആരാണ് എന്ന് ഞാൻ മനസ്സിലാക്കി. എന്റെ ബാല്യകാല സുഹൃത്തായിരുന്ന വിൻസെന്റ് ആണ് എന്റെ പിതാവിനെ വധിച്ചത്. ഞങ്ങൾ ഒരുമിച്ച് കളിച്ചുവളർന്നവരാണ്. ഈ അറിവ് എന്നെ പൂർണ്ണമായി തളർത്തി.

1994 ലെ കൂട്ടക്കൊലയിൽ ടുറ്റ്സി ഗോത്രത്തിലെ ഓരോ കുടുംബത്തിനും അവരുടെ അംഗങ്ങളെ നഷ്ടമായി. പക്ഷെ എന്റെ ഏറ്റവും ഉത്തമ സുഹൃത്ത് എന്റെ പിതാവിനെ വധിച്ചു എന്നത് എനിക്ക് താങ്ങു

ന്നതിലും അപ്പുറമായിരുന്നു. എന്റെ മനസ്സ് മരവിച്ചു. മദ്യപാനത്തിനും മയക്കുമരുന്നുകൾക്കും ഞാൻ അടിമയായി തീർന്നു. വാറഗി എന്ന പേരിൽ അറിയപ്പെടുന്ന ഒരു ആഫ്രിക്കൻ മദ്യം ഒരു കുപ്പി ദിവസേന ഞാൻ അകത്താക്കുമായിരുന്നു. എന്തു കൊണ്ട് ഞാൻ കൊല്ലപ്പെട്ടില്ല എന്ന് ചിന്തിച്ച് ഞാൻ എന്റെ വിധിയെ പഴിച്ചു. എന്നാൽ പിന്നീട് എന്റെ തുടർന്നുള്ള ജീവിതത്തിന്റെ അർത്ഥം എനിക്ക് മനസ്സിലായി.

തുടർന്നുള്ള ഒൻപതു വർഷക്കാലം ഞാൻ മരിച്ചു ജീവിച്ചു. കോപം, വിദ്വേഷം, വേദന, അമർഷം ഇവയെല്ലാം എന്നെ അലട്ടിയിരുന്നു. എന്റെ മനസ്സിൽ ഒരു പോരാട്ടം തന്നെ നടന്നു. അതെന്നെ വലിച്ചുകീറി. എന്റെ മദ്യപാനം നിമിത്തം എനിക്ക് പാടുവാൻ സാധിച്ചില്ല. എന്റെ കോൺട്രാക്ട് ഓരോന്നായി നഷ്ടപ്പെട്ടുകൊണ്ടിരുന്നു. എനിക്ക് സ്റ്റേജിൽ കയറുവാൻ സാധിച്ചില്ല.

അതിനുശേഷം ഞാൻ യുഗാണ്ടായിൽ ചെന്നു. അവിടെയുള്ള എന്റെ സ്നേഹിതർ എന്നെ സഹായിക്കുവാൻ ശ്രമിച്ചു. അവർ എന്നെ മന്ത്രവാദികളുടെ അടുത്തേക്ക് മാറി മാറിക്കൊണ്ടു പോയി. പക്ഷെ യാതൊരു ഗുണവും ഉണ്ടായില്ല. ഞാൻ എന്നോടു തന്നെയും ദൈവത്തോടും കോപാകുലനായി. “ദൈവമേ നീ എവിടെ?” ഞാൻ വീണ്ടും വീണ്ടും ചോദിച്ചു. ഇതൊക്കെയും ദൈവം എന്തുകൊണ്ട് അനുവദിക്കുന്നു?

ഈ സമയം എന്റെ ഭാര്യ ക്ലോഡിയ എന്ന കുട്ടിയെ പ്രസവിച്ചു. ആ കുട്ടി അംഗവൈകല്യം സംഭവിച്ചവളായിരുന്നു. ഇത് എന്നെ കൂടുതൽ കുപിതനാക്കി. ഞാൻ ദൈവത്തെ കുറ്റം പറഞ്ഞു. ഞാനും ഭാര്യയും അങ്ങോട്ടും ഇങ്ങോട്ടും പഴിചാരി.”

1998-ൽ സാംപുറ്റു (Samputu) കാനഡായിലേക്ക് കുടിയേറിപ്പാർത്തു. മോൺട്രിയോൾ പട്ടണം റുവാണ്ടയിൽ നിന്നുള്ള നിരവധി അഭയാർത്ഥകളെ സ്വീകരിച്ചിരുന്നു. കുറച്ചു കാലം കഴിഞ്ഞ് അവർക്ക് മറ്റൊരു കുട്ടി ജനിച്ചു. എന്നാൽ 2000 -ൽ അവർ വേർപിരിഞ്ഞു. ജീൻ പോൾ ആഫ്രിക്കയിലേക്ക് മടങ്ങി.

ഞാൻ യുഗാണ്ടയിലേക്കാണ് പോയത്. അവിടെ ഞാൻ ഒരു അറിയപ്പെട്ട ഗായകനായിരുന്നു. ഒരു വലിയ സംഗീത കച്ചേരി ഞാൻ അവിടെ സംഘടിപ്പിച്ചു. എനിക്ക് വീണ്ടും പണം ധാരാളമായി. പക്ഷെ എന്റെ മദ്യാസക്തിയും, മയക്കുമരുന്നു ഉപയോഗവും എന്നെ വീണ്ടും വീണ്ടും





ജയിലഴികൾക്കുള്ളിലാക്കി. അവിടെയുള്ള എല്ലാ ജയിലുകളും എനിക്ക് സുപരിചിതമായി.

അവസാനം എന്റെ ഒരു സഹോദരൻ വളരെയധികം പണം നൽകി എന്നെ ജയിൽ മുക്തനാക്കി. അദ്ദേഹം താമസിച്ചിരുന്നത് കെനിയായിൽ ആയിരുന്നതിനാൽ അദ്ദേഹത്തോടൊപ്പം ഞാൻ അവിടെ താമസമാക്കി. ആ സഹോദരന്റെ ഭാര്യയുടെ ഒരു കുടുംബ സ്നേഹിതൻ ഞങ്ങളെ സന്ദർശിക്കുവാൻ അവിടെ കടന്നുവന്നു. ഒരു സുവിശേഷകനായിരുന്ന അദ്ദേഹത്തിന്റെ നാമധേയം മോസസ് എന്നായിരുന്നു. എന്നെ കാണുന്നതിന് ദൈവം വെളിപ്പെടുത്തി എന്നും അതു കൊണ്ടു മാത്രമാണ് താൻ അവിടെ വന്നത് എന്നും അദ്ദേഹം എന്നോടു പറഞ്ഞു.

അദ്ദേഹം പറഞ്ഞതിലൊന്നും തന്നെ എനിക്ക് താല്പര്യം തോന്നിയില്ല എങ്കിലും അദ്ദേഹം പറഞ്ഞത് ശ്രദ്ധിച്ചു. അദ്ദേഹത്തിന്റെ പ്രാർത്ഥനയിൽ പങ്കുചേർന്നു. യഥാർത്ഥത്തിൽ എന്തിനും ഞാൻ തയാറായിരുന്നു. പ്രാർത്ഥനയല്ലാതെ മറ്റുമാർഗ്ഗങ്ങളൊന്നും തന്നെ എന്റെ മുമ്പിൽ അവശേഷിച്ചിരുന്നില്ല.

മോസസിന്റെ പ്രാർത്ഥന വളരെ ശക്തിയേറിയതായിരുന്നു. എന്നിൽ ഉൾക്കൊണ്ടിരുന്ന സാത്താനോട് ഇറങ്ങിപ്പോകുവാൻ തർജ്ജനം ചെയ്ത് ആവശ്യപ്പെട്ടതിൽ കൂടി മദ്യാസക്തിയിൽ നിന്നും മയക്കുമരുന്നുകളുടെ പിടിയിൽ നിന്നും രക്ഷപ്പെടുന്നതിന് എന്നെ സഹായിച്ചു. “യേശുവിന്റെ നാമത്തിൽ ഞാൻ ആജ്ഞാപിക്കുന്നു സാത്താനേ നീ അവനിൽ നിന്നും ഇറങ്ങി വരിക”. യേശുവിന്റെ നാമം ഉച്ചരിക്കുമ്പോഴൊക്കെ ഏതോ ശക്തി എന്റെ ഉള്ളിൽ അനുഭവപ്പെട്ടു. പലപ്പോഴും ഞാൻ മറിഞ്ഞുവീണു. ചില സമയം ഞാൻ ഛർദ്ദിച്ചു. പറഞ്ഞറിയിക്കാൻ പാടില്ലാത്ത വിധത്തിലുള്ള അനുഭവങ്ങളാണ് എനിക്ക് ഉണ്ടായത്. ഈ മനുഷ്യന്റെ പ്രാർത്ഥന അതിശക്തമത്തായിരുന്നു എന്നു മാത്രമേ എനിയ്ക്ക് പറവാനുള്ളൂ.

“നിങ്ങളാണ് ഞാൻ കണ്ടതിൽ വെച്ച് ഏറ്റവും വലിയ മന്ത്രവാദി” എന്ന് ഞാൻ അയാളോടു പറഞ്ഞു. അദ്ദേഹം ചിരിച്ചു കൊണ്ടു മറുപടി പറഞ്ഞു. “ഞാൻ മന്ത്രവാദി അല്ല”. ഞാൻ അയാൾക്ക് നന്ദി രേഖപ്പെടുത്തിയതിനു മറുപടിയായി അദ്ദേഹം പറഞ്ഞു, “താങ്കൾ എനിക്ക് നന്ദിപറയേണ്ട ആവശ്യമില്ല. ഞാനല്ല യേശുവാണ് നിങ്ങളെ സൗഖ്യ

മാക്കിയത്." ഇതിനെ തുടർന്ന് യേശുവിനെക്കുറിച്ച് കൂടുതലായി അറിയണമെന്ന ആഗ്രഹം എനിക്കുണ്ടായി. മൂന്നു മാസത്തിനു ശേഷം മദ്യപാനത്തിൽ നിന്നും മയക്കുമരുന്നുകളുടെ ഉപയോഗത്തിൽ നിന്നും എനിക്ക് പൂർണ്ണ വിടുതൽ ലഭിച്ചു.

2003-ൽ ഞാൻ യുഗാണ്ടയിലേക്ക് മടങ്ങി. ഞാൻ മാനസ്സാന്തരപ്പെട്ട് ഒരു ക്രിസ്ത്യാനി ആയി. ഇത് ഒരു വലിയ പത്രവാർത്തയായി മാറി. ഞാൻ ജയിലിൽ അടയ്ക്കപ്പെട്ടത് വലിയ വാർത്തയായിരുന്നു. സംപുറ്റു മാനസ്സാന്തരപ്പെട്ടു. സംപുറ്റു പ്രാർത്ഥനയിൽ വിശ്വസിക്കുന്നു ഇത്യാദി തലക്കെട്ടുകളോടു കൂടി പത്രവാർത്തകൾ പ്രത്യക്ഷപ്പെട്ടു. അതിനെ തുടർന്ന് യുഗാണ്ടയിലെ പ്രാർത്ഥനയുടെ പ്രസിദ്ധമായ Sseguku എന്ന പ്രാർത്ഥനാ പർവ്വത്തിലേക്ക് പോയി. ദൈവസന്നിധിയിൽ ഇരിക്കുന്നതിനു വേണ്ടി ഏവരും പോകുന്ന സ്ഥലമാണത്. യേശുവിനെ കണ്ടെത്തുന്നതിനായി ഞാൻ മൂന്നു മാസക്കാലം അവിടെ ചിലവഴിച്ചു.

സ്സെഗുക്കു (Sseguku) മലമുകളിൽ അനേകമണിക്കൂറുകൾ പ്രാർത്ഥനയ്ക്കും ധ്യാനത്തിനുമായി ചിലവഴിച്ചു. എന്റെ ചോദ്യങ്ങളെല്ലാം തന്നെ ഞാൻ ദൈവസന്നിധിയിൽ സമർപ്പിച്ചു. എല്ലായ്പ്പോഴും എനിക്ക് ഉത്തരവും ലഭിച്ചു. സ്വപ്നങ്ങളിൽ കൂടിയും അല്ലാതെയും ശബ്ദരൂപത്തിൽ ഒരു വാക്ക് എന്റെ കർണ്ണങ്ങളിൽ ആവർത്തിച്ചു പതിഞ്ഞു. ഈ അനുഭവം ഓരോ രാത്രികളിലും ആവർത്തിച്ചു. എന്നാൽ എനിക്ക് ലഭിച്ച സന്ദേശം എല്ലായ്പോഴും ഒന്നു തന്നെ ആയിരുന്നു. 'ക്ഷമിക്കുക'.

ആ മലമുകളിലുള്ള ഒരു ദേവാലയത്തിൽ ഞാൻ പതിവായി പോയിരുന്നു. അവിടെയും ഈ സന്ദേശം പ്രസംഗരൂപേണ പലതവണ ഞാൻ ശ്രവിച്ചു. അതിൽ നിന്നും രക്ഷപെടേണമെന്ന് ഞാൻ ആഗ്രഹിച്ചുവെങ്കിലും അത് എന്നെ പിന്തുടർന്നു. ഉറക്കത്തിലും ആ സന്ദേശത്തിന്റെ ധ്വനികൾ എന്റെ കാതുകളിൽ മുഴങ്ങി. "ക്ഷമിക്കുക, എങ്കിൽ മാത്രമേ നിനക്ക് സൗഖ്യം ലഭ്യമാകൂ". പക്ഷെ ഒരു വർഷത്തോളം ഞാൻ ആ സ്ഥിതിയിൽ തന്നെ കഴിഞ്ഞു കൂടി.

ഇപ്പോൾ ഞാൻ ഒരു ക്രിസ്ത്യാനി ആണ്. മദ്യപാനത്തിൽ നിന്നും മയക്കുമരുന്നുകളുടെ ഉപയോഗത്തിൽ നിന്നും എനിക്ക് വിടുതൽ ലഭ്യമായി. പക്ഷെ എനിക്ക് പൂർണ്ണ സൗഖ്യം ലഭ്യമായിരുന്നില്ല. എന്റെ ഉള്ളിൽ കയ്പ് നിറഞ്ഞിരുന്നു. എന്നാൽ പ്രശ്നം കൂടുതൽ സങ്കീർണ്ണമാണ്. പേരിന് ഒരു ക്രിസ്ത്യാനി ആയതുകൊണ്ടോ ബൈബിൾ മുഴുവൻ പഠിച്ചതു കൊണ്ടോ മാത്രം ഒരാൾ ക്രിസ്ത്യാനി ആകുന്നില്ല. അത് പദ്ധതിയുടെ പകുതി മാത്രമാണ്. സത്യത്തിൽ വിശ്വസിക്കുക മാത്രം പോര അതിനനുസരിച്ച് ജീവിക്കുകയും വേണം.





എനിക്ക് വേണ്ടിയത് ഒന്നുമാത്രമാണ്. എന്റെ പാപങ്ങളെ ഏറ്റുപറഞ്ഞ് മറ്റുള്ളവരോടുള്ള എന്റെ കടങ്ങളെ തീർക്കുക. മറ്റുള്ളവരെ വേദനിപ്പിച്ചതിന് അവരോടു ക്ഷമ യാചിക്കുക. വിൻസന്റിനോടു ഞാൻ ക്ഷമിക്കേണ്ടിയിരിക്കുന്നു. അതുപോലെ എന്റെ ഭാര്യയോടും ഞാൻ ക്ഷമിക്കേണ്ടിയിരിക്കുന്നു.

അത് ഏറ്റവും വലിയ ഒരു പോരാട്ടം തന്നെ ആയിരുന്നു. അനേക മാസങ്ങൾ നീണ്ടുനിന്ന ഒരു പോരാട്ടം. എന്റെ മനസ്സ് മറുതലിച്ച് വേണ്ടാ, വേണ്ട എന്നു ഞാൻ ആവർത്തിച്ചു. പക്ഷെ ആ പോരാട്ടം അത്യുഗ്രമായ നിലയിലായി. അവസാനം എനിക്ക് അടിയറ പറയേണ്ടി വന്നു. എനിക്ക് വിൻസന്റിനോട് ക്ഷമിക്കണം എന്ന് ഞാൻ എന്നോടു തന്നെ പറഞ്ഞു. അതോടു കൂടി എനിക്ക് സൗഖ്യം ലഭ്യമായി. പഴയതിൽ നിന്നെല്ലാം എനിക്ക് പൂർണ്ണ വിടുതൽ ലഭിച്ചു. എന്റെ ഹൃദയത്തിൽ സമാധാനം നിറഞ്ഞു കവിഞ്ഞു. ആ ദിവ്യ ശബ്ദത്തെ അനുസരിച്ചതുകൊണ്ടാണ് എനിക്ക് ഇതെല്ലാം ലഭ്യമായത്. ഞാൻ എന്റെ ഭാര്യയെ വിളിച്ചു. അതിനുശേഷം വിൻസന്റിനു വേണ്ടിയുള്ള തിരച്ചിൽ നടത്തി. ആ സമയം അയാൾ ജയിലഴികൾക്കുള്ളിൽ അടയ്ക്കപ്പെട്ടിരുന്നു. പക്ഷെ അയാളുടെ ഭാര്യ റെജീനയെ ഞാൻ കണ്ടെത്തി. വിൻസന്റിനോട് ഞാൻ പൂർണ്ണമായി ക്ഷമിച്ചിരിക്കുന്നു എന്നത് അറിയിക്കണം എന്ന് ആവശ്യപ്പെട്ടു."

തന്റെ പഴയ സ്നേഹിതനോടു ക്ഷമിക്കുവാൻ പ്രേരിപ്പിച്ച പ്രധാന ഘടകം എന്താണ് എന്ന് ഞാൻ ജീൻ പോളിനോടു ചോദിച്ചു. താൻ ഒരു കുലപാതകി ആയിത്തീരുമോ എന്ന ഭയമാണ് പ്രധാനമായും ക്ഷമിക്കുന്നതിനു വേണ്ടി തന്നെ പ്രേരിപ്പിച്ചത് എന്നായിരുന്നു അതിന് എനിക്ക് ലഭ്യമായ ഉത്തരം.

വിൻസന്റിനെ നേരത്തെ കണ്ടുമുട്ടാഞ്ഞത് ഒരു ഭാഗ്യമായി ഞാൻ കരുതുന്നു. ഞാൻ ഒരവസ്സരത്തിലും ആരെയും ഉപദ്രവിച്ചിട്ടില്ല. പക്ഷെ വിൻസന്റിനെ വധിക്കണമെന്ന ആഗ്രഹം എനിക്ക് ഉണ്ടായി. പ്രതികാരേച്ഛയാണ് എന്റെ ഉള്ളിൽ ജ്വലിച്ചത്. എനിക്ക് തനിയെ അത് സാധിച്ചില്ല എങ്കിൽ മറ്റാരെയെങ്കിലും കൂലിയ്ക്കെടുക്കുവാൻ ഞാൻ തയ്യാ

റാകുമായിരുന്നു. വിദ്വേഷത്തിന്റെയും വൈരാഗ്യത്തിന്റെയും അനന്ത രഫലമാണിത്. എങ്ങിനെയാണ് കുലചെയ്യേണ്ടത് എന്ന് അറിഞ്ഞു കൂടാ എങ്കിലും ഒരു കുലയാളി ആയി മാറുന്ന അവസ്ഥ.

അവസാനം ഞാൻ വിൻസന്റിനോട് ക്ഷമിച്ചുവെങ്കിലും അത് വിശ്വ സിക്കുവാൻ അവന് വൈഷമ്യം നേരിട്ടു. അവൻ തന്റെ ഭാര്യയോടു പറഞ്ഞു. 'പ്രത്യേകിച്ചും ഞാൻ അവനോട് ഇത്ര ക്രൂരമായി വർത്തിച്ച തിനു ശേഷം അവന് എങ്ങിനെ എന്നോട് ക്ഷമിക്കുവാൻ സാധിക്കും?' ഇത് ഒരു രാഷ്ട്രീയ സൂത്രമായോ കെണിയായോ ആണ് അവൻ കരു തിയത്. പക്ഷെ അവന്റെ ഭാര്യ അവനോട് ഇപ്രകാരം പറഞ്ഞു.

'ഞാൻ സംപുറ്റുവിനോടു സംസാരിച്ചു. നിങ്ങൾ അവന്റെ ക്ഷമ സ്വീകരിക്കുന്നില്ല എങ്കിൽ അത് നിങ്ങളുടെ മാത്രം പ്രശ്നമാണ്. പക്ഷെ ഒരു സംഗതി ഞാൻ ചൂണ്ടിക്കാട്ടി കൊള്ളട്ടെ. യഥാർത്ഥത്തിൽ അവ നല്ല നിങ്ങളോടു ക്ഷമിക്കുന്നത്. ദൈവം ആണ് നിങ്ങളോടു ക്ഷമിക്കു ന്നത്. ദൈവത്തിന്റെ കൃപ.'

അവസാനം വിൻസന്റ് എന്നെ വിശ്വസിച്ചു. അതിന്റെ അനന്തര ഫലം മനോഹരമായി ഭവിച്ചു. അവന്റെ ഭാര്യ അവനെ ഭവനത്തിൽ കയറ്റുകയില്ലായിരുന്നു. അനുതപിക്കാത്ത ഒരു കുലയാളിയുടെ കൂടെയുള്ള ജീവിതം അവൾക്ക് ദുഷ്കരമായി അനുഭവപ്പെട്ടു. എന്നാൽ വിൻസന്റ് എന്റെ ക്ഷമ സ്വീകരിച്ചു കഴിഞ്ഞപ്പോൾ അവൻ സ്വയം അനു തപിച്ച് സ്വയം ക്ഷമിച്ചു. അതിന്ശേഷം റെജീനയും അവനോടു ക്ഷമിച്ചു. അവൾ പറഞ്ഞു. സംപറ്റുവിൽ കൂടെ ദൈവത്തിന് നിങ്ങ ളോടു ക്ഷമിക്കുവാൻ സാധിക്കുമെങ്കിൽ എനിക്ക് നിങ്ങളോടു ക്ഷമി ക്കുവാൻ സാധിക്കണം. അതിനെ തുടർന്ന് അവരുടെ കുട്ടികളും അയാ ളോടു ക്ഷമ കാട്ടി. വിൻസന്റ് ഇപ്പോൾ ഭവനത്തിൽ ആണ് വസിക്കു ന്നത്. കുടുംബം ഒരുമിച്ച് ജീവിക്കുന്നു. അവിടെ പോകുമ്പോൾ ഞാൻ അവരുമൊത്ത് ഭക്ഷണം കഴിക്കുന്നു. ക്ഷമയുടെ ആത്മാവ് പ്രവർത്തി ക്കുന്നത് ഈ രീതിയിലാണ്.

ജീൻ പോളിന്റെ മാനസാന്തരം അയാളുടെ കുടുംബത്തെയും സംയോജിപ്പിച്ചു. 2005 ൽ അയാൾ തന്റെ ഭാര്യയും കുഞ്ഞുങ്ങളും വസിക്കുന്ന കാനഡായിൽ ഒരുമിച്ചു ചേർന്നു.

അതിനുശേഷം നിരവധി അത്ഭുതങ്ങൾ എന്റെ ജീവിതത്തിൽ ഉണ്ടാ യിട്ടുണ്ട്. ഞങ്ങളുടെ അംഗവൈകല്യമുള്ള കുട്ടിയെ പരിചരിക്കുന്നവ





രിൽ കൂടി ഞങ്ങളുടെ കുട്ടിമുടന്തിയല്ല ഒരു ദൈവ ദൂതനാണ് എന്ന് ഞങ്ങൾക്ക് വെളിപ്പെടുത്തി. അവർ പറഞ്ഞു "ക്ലോഡിയായെ ദൈവം ആണ് സൃഷ്ടിച്ചത്. ദൈവദൃഷ്ടിയിൽ അവൾക്ക് യാതൊരു കുഴപ്പവും ഇല്ല. അതുപോലെ ഒരു കുട്ടിയുള്ളത് നല്ലതല്ല എന്ന് ഒരു പക്ഷെ നിങ്ങൾക്ക് തോന്നിയേക്കാം. നിങ്ങൾക്ക് അതിനെ കാണുന്നത് അസ്സ ഹനീയമാകാം. പക്ഷെ നിങ്ങൾ അവളെച്ചൊല്ലി അഭിമാനിക്കേണ്ട താണ്."

അടുത്ത തവണ ക്ലോഡിയായെ സന്ദർശിക്കുവാൻ പോയപ്പോൾ (അവൾ ഒരു ഭവനത്തിലെ അന്തേവാസിയാണ്) ഞാൻ കരഞ്ഞു. എന്തി നാണ് ഞാൻ കരയുന്നത് എന്ന് എന്റെ പുത്രൻ എന്നോടു ചോദിച്ചു. അതിനുശേഷം ഞങ്ങൾ ഒരുമിച്ചു പ്രാർത്ഥിച്ചു. "ദൈവം ഈ പൈത ലിനെ ഞങ്ങൾക്ക് തന്നു" എന്നു മാത്രമാണ് എനിക്ക് പറയുവാൻ സാധിച്ചത്.

ക്ലോഡിയായുടെ പരിചാരികയിൽ കൂടിയാണ് അവൾ യഥാർത്ഥ ത്തിൽ ഒരു അനുഗ്രഹമാണെന്ന വസ്തുത ഞങ്ങൾ മനസ്സിലാക്കി യത്. അവളുടെ സ്ഥിതിയെച്ചൊല്ലി അന്യോന്യം പഴിപറയുന്നതിനു പകരം അവളെ ദിവ്യ സമ്പത്തായി ഞങ്ങൾ കരുതുന്നു. മദ്യപാനവും മയക്കുമരുന്നുകളും കൊണ്ട് തന്നത്താൻ നശിപ്പിക്കുവാൻ ശ്രമിച്ചുവെ ങ്കിലും ഞാൻ മരിക്കാതെ ജീവിച്ചിരിക്കുന്നതിന്റെ കാരണം ഇപ്പോൾ മാത്രമാണ് മനസ്സിലാകുന്നത്. ഒരു പിതാവായിരിപ്പാൻ വേണ്ടി ദൈവം എന്നെ രക്ഷിച്ചു.

## റുവാണ്ടായിലെ നിരപ്പിന്റെ ഗ്രാമം (Rwandas Reconsiliation Village)

ക്ഷമ എന്നത് വ്യക്തിപരമായ ഒന്നാണ് എന്ന് ജീൻ പോളിന്റെ ജീവി തത്തിൽ നിന്നും ഈ പുസ്തകത്തിൽ വിവരിച്ചിരിക്കുന്ന മറ്റു പലരു ടെയും ജീവിതത്തിൽ നിന്നും മനസ്സിലാക്കുവാൻ സാധിക്കുന്നു. നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിൽ നമ്മോടു തന്നെയും മറ്റുള്ളവ രോടുമുള്ള ക്ഷമ വളരെ പ്രാധാന്യം അർഹിക്കുന്നു. എന്നാൽ മറ്റൊരു തലത്തിലും ക്ഷമയ്ക്ക് വളരെ പ്രസക്തിയുണ്ട്. പ്രധാനമായും ക്ഷമ എന്നത് വ്യക്തികളെ തമ്മിൽ ബന്ധിപ്പിക്കുന്നു എങ്കിലും അതിന്റെ ഫലം ദൂരവ്യാപകമാണ്. അതിന്റെ ഓളങ്ങൾ സമീപത്തേക്കും വ്യാപി ക്കുന്നു എന്നു മാത്രമല്ല സമൂഹത്തിന് ആകമാനം വ്യത്യാസം വരു

ത്തുന്ന ഒരു ഘടകവും ആയി അത് മാറുന്നു.

ചരിത്രപരമായി വീക്ഷിക്കുമ്പോൾ മാർട്ടിൻ ലൂഥർ കിംഗിന്റെ നയങ്ങളും ഇന്ത്യയിൽ മഹാത്മാഗാന്ധിയുടെ സ്വാതന്ത്ര്യസമരം ഇവയൊക്കെയും ഇതിന്റെ പ്രധാന ഉദാഹരണങ്ങളാണ് എങ്കിലും അതുപോലെയുള്ള പലതും എവിടെയും ദർശിക്കാവുന്നതാണ്. 1990-കളിൽ സൗത്ത് ആഫ്രിക്കയിൽ ഉണ്ടായിരുന്ന Truth and Reconciliation Commission ന്റെ ആഭിമുഖ്യത്തിൽ വർണ്ണ വിവേചനത്തിന്റെതായ പശ്ചാത്തലത്തിൽ നടന്ന സംഭവങ്ങളുടെ തെളിവെടുപ്പുകളെക്കുറിച്ചുള്ള വിവരങ്ങൾ എഴുതിയാൽ തീരാത്തവയാണ്. സമൂഹത്തിന്റെ പരിവർത്തനത്തിനുതകുന്ന പ്രസ്ഥാനങ്ങളാണ് ഇവയെല്ലാം.

1999 -ലും പിന്നീട് 2000 ത്തിലും ഞാനും എന്റെ ഭാര്യയും വടക്കേ അയർലന്റിൽ നടന്ന സമാധാന യാത്രകളിൽ പങ്കെടുത്തു. ആ സമയങ്ങളിൽ മുതിർന്നവരും കുട്ടികളും ആയ നിരവധി പേർ കത്തോലിക്കരും പ്രോട്ടസ്റ്റന്റ് വിഭാഗങ്ങളും തമ്മിലുള്ള സമാധാനത്തിന് അതിവ്യഗ്രതയോടെ പങ്കിട്ടിരുന്നത് സന്തോഷകരമായ ഒരു അനുഭവമായിരുന്നു.

പത്തുവർഷത്തിനുശേഷം അത് റുവാണ്ടായിൽ സംഭവിച്ചു. കിഗ്ലിയ്ക്ക് തെക്കുവശമുള്ള ഒരു ചെറിയ പട്ടണമാണ് ന്യാമതാ (Nyamata) 1994 ലെ കൂട്ടക്കൊലയുടെ സമയത്ത് റ്റുറ്റിസി ഗോത്രക്കാരനായിരുന്ന മുക്കാമാനാ (Mukamana) എന്ന യുവതിയും ഹുട്ടു ഗോത്രക്കാരനായിരുന്ന അസിരി (Aziri) എന്ന കൃഷിക്കാരനും വ്യത്യസ്ഥ ചേരികളിലായിരുന്നു.

ഒരു ദിവസം വെള്ളം കോരുവാൻ കിണറിന്റെയടുത്തു പോയതിനുശേഷം മടങ്ങിവന്നപ്പോൾ തന്റെ കുടുംബാംഗങ്ങളെയെല്ലാം വെട്ടി കൊലപ്പെടുത്തിയിക്കുന്നതായാണ് അവൾ കണ്ടത്. അവൾ വയലിൽ ഒളിച്ചിരുന്നതിനുശേഷം ബറുണ്ടിയിലേക്ക് (Burundi) ഓടി രക്ഷപ്പെട്ടു.

ആ നരഹത്യയിൽ പങ്കില്ലായിരുന്നുവെങ്കിലും ആ പ്രദേശത്തെ മറ്റു പലരെയും കൊലപ്പെടുത്തിയതായി അസിരി എന്ന കൃഷിക്കാരൻ വെളിപ്പെടുത്തി.

ഇന്ന് അവർ രണ്ടുപേരും അയൽക്കാരാണ് എന്നു മാത്രമല്ല ഒരേ ദേവാലയത്തിൽ ആരാധനയ്ക്കു പോകുകയും ചെയ്യുന്നു. "ഞങ്ങൾ അന്യോന്യം സഹായിക്കുന്നു" എന്ന് അസിരിന്റെ ഐക്യരാഷ്ട്ര സഭ





യിലെ വാർത്താ ലേഖകരോട് പറയുകയുണ്ടായി. "ഒരാളുടെ കുടുംബത്തിൽ ആർക്കെങ്കിലും അസുഖം വരുമ്പോൾ ഞങ്ങൾ അന്യോന്യം സഹായിക്കും. ഞങ്ങളുടെ കുട്ടികൾ സ്നേഹിതരാണ്."

മറ്റു നാല്പതു കുടുംബങ്ങളോടൊപ്പം ന്യാമതാ എന്ന സ്ഥലത്ത് മുക്കാമനയുടെയും അസിരിയുടെയും കുടുംബങ്ങൾ കൂട്ടക്കൊലയിൽ നിന്ന് രക്ഷപ്പെട്ടവരുടെ പുനരധിവാസത്തിനുള്ള ഒരു സമൂഹത്തിന്റെ അംഗങ്ങളായി സൗഭാഗ്യ പൂർവ്വം കഴിയുന്നു. ഇമിഡിഗുഡോ (Imidugudo) അഥവ അനുരഞ്ജന ഗ്രാമം എന്നറിയപ്പെടുന്ന ഈ പുനരധിവാസ കേന്ദ്രം സ്റ്റീവൻ ഗാഹിഗി (Steven Guhigi) എന്ന ആംഗ്ലിക്കൻ പട്ടക്കാരനാൽ സ്ഥാപിതമായതാണ്. ഇദ്ദേഹത്തിന്റെ മാതാപിതാക്കളും സഹോദരങ്ങളും 1994 ലെ കൂട്ടക്കൊലയിൽ കുരുതി കഴിക്കപ്പെട്ടവരാണ്.

ക്ഷമിക്കുവാനുള്ള തന്റെ കഴിവുകൾ പൂർണ്ണമായും നഷ്ടപ്പെട്ടു എന്നാണ് ഗാഹിഗി ധരിച്ചിരുന്നത്. എന്നാൽ ഞാൻ സ്ഥിരം പ്രാർത്ഥിച്ചുകൊണ്ടിരുന്നു. എന്നാൽ ഒരു ദിവസം രാത്രി കുരിശിൽ കിടക്കുന്ന യേശു ക്രിസ്തുവിന്റെ രൂപം എന്റെ മനസ്സിൽ വരുകയും യേശുക്രിസ്തു എപ്രകാരം തന്റെ ശത്രുക്കളോടു ക്ഷമിച്ചു എന്നതിനേക്കുറിച്ചും യേശുവിന് ഇത് സാധിക്കുന്നുവെങ്കിൽ അത് അവന്റെ അനുയായികളായവർക്കും ബാധകമാണല്ലോ എന്ന് ചിന്തിക്കുകയും ചെയ്തു. ഈ ദർശനത്തിന്റെ അനന്തരഫലമായി ഗാഹിഗി ക്ഷമയെക്കുറിച്ച് പ്രസംഗിക്കുവാൻ തുടങ്ങി. ന്യാമതായിൽ മാത്രമല്ല ഹുട്ടു ഗോത്രത്തിലെ ജയിലിൽ വിചാരണയ്ക്ക് കാത്തുകിടക്കുന്നവരുടെ ഇടയിലും അദ്ദേഹം പ്രസംഗിച്ചു. (2003 -ാം ആണ്ട് ജയിൽ നിറഞ്ഞു കവിഞ്ഞിരുന്നതുകൊണ്ട് ഗവൺമെന്റ് പലരെയും തുറന്നുവിടുകയുണ്ടായി.)

ക്ഷമിക്കുവാൻ പഠിക്കുക എന്നത് അത്ര എളുപ്പമുള്ളതല്ല എന്നാണ് ഗ്രാമവാസികൾ പറയുന്നത്. "എനിക്ക് ഒരിക്കലും ക്ഷമിക്കുവാൻ സാദ്ധ്യമല്ല" എന്ന് ഞാൻ വളരെ കാലം ചിന്തിച്ചിരുന്നു. എന്നാൽ പഴയതിനെ സത്യസന്ധമായി നേരിടുവാൻ സാധിക്കുന്നുവെങ്കിൽ പഴയ മുറിവുകൾ ഉണങ്ങി അത്ഭുതകരങ്ങളായി പലതും പ്രത്യാശിക്കാം. ഇമിഡിഗുഡിയിൽ (Imidugudi) ഇതാണ് ഉണ്ടായത്. 1994 -ലെ കൂട്ടക്കുരുതിയെക്കുറിച്ചും അതിൽ ഓരോരുത്തരുടെയും പങ്കിനെക്കുറിച്ചും തങ്ങളുടെ സന്താനങ്ങളോടു പറയുവാൻ മടിക്കാത്തതിന്റെ ചേതോവികാരം ഈ

ക്ഷമിക്കുവാനുള്ള സന്മനസ്സിൽ നിന്ന് ഉളവാകുന്നതാണ്. "കൂട്ടക്കുരുതിയിൽ പങ്കാളികളായവർക്കും അതിൽ നിന്ന് രക്ഷപ്പെട്ടവർക്കും ആ അനുഭവം വിലയേറിയ പാഠങ്ങളാണ് നൽകിയിട്ടുള്ളത്. "എന്നാണ് അതിൽ പങ്കാളിയായ സേവ്യർ നമേയ് (Xavier Namay) ഇങ്ങനെ അവകാശപ്പെടുന്നത്." "ഞാൻ എന്തു ചെയ്തു എന്ന് എന്റെ മക്കൾ മനസ്സിലാക്കണം. ആ വിധത്തിൽ മാത്രമേ ഈ നാടുനന്നാക്കുവാൻ സാധിക്കുകയുള്ളൂ."

ഇതുപോലെയുള്ള സംഭവങ്ങൾ ലോകത്തിന്റെ പലഭാഗത്തും കണ്ടുവരുന്നു. ഇസ്രായേൽ, ഇൻഡോനേഷ്യ, ബാഗ്ദാദ്, ബാൾക്കൻ പ്രദേശങ്ങൾ ഇവിടെയെല്ലാം. ക്രിസ്തീയ സമാധാന സേനകൾ, (Christia Peace Maker Teams American Friends Service Committee) മുതലായ സംഘടനകൾ അനുരഞ്ജനത്തിനും സമൂഹങ്ങൾ തമ്മിലുള്ള രഞ്ജിപ്പിനും വേണ്ടി ശ്രമിക്കുന്നു. പലയിടത്തും അവരുടെ വിജയം വളരെ പരിമിതമാണ്. ചിലയിടത്ത് പരാജയങ്ങളും അനുഭവപ്പെടുന്നു. ഉദാഹരണമായി റുവാണ്ടയിൽ ഫെബ്രുവരി 2004 -ൽ സമാധാനത്തിനു വേണ്ടിയുള്ള ഒരു സമ്മേളനത്തിൽ ഞാൻ പങ്കെടുക്കുകയുണ്ടായി. പുതിയ ഒരു സമൂഹം കെട്ടി ഉയർത്തുന്നതിന് തങ്ങളുടെ ചോരയും നീരും നൽകുന്ന അനേകരെ അവിടെ കാണുവാൻ എനിയ്ക്ക് സാധിച്ചു. എന്നാൽ അനുരഞ്ജനം എന്നത് ഒരു ദിവാസ്വപ്നം ആണ് എന്ന് ചിന്തിക്കുന്നവർ അതിനേക്കാൾ വളരെ കൂടുതലാണ് എന്നതാണ് നഗ്ന സത്യം. അവരിൽ പലരും പ്രത്യക്ഷമായിട്ടു തന്നെയും കൂട്ടക്കുരുതിയ്ക്ക് കളമൊരുക്കിയ പലപഴയ തത്വ സംഹിതകളിലും വിശ്വസിക്കുന്നവരും ആണ്. ഈ തരത്തിലുള്ള യാഥാർത്ഥ്യങ്ങളുടെ പശ്ചാത്തലത്തിൽ ജീൻ പോളും അതുപോലെയുള്ളവരും ജീവിക്കുന്നു.

"അക്രമങ്ങളുടെ ചക്രം അവസാനിക്കുന്നില്ല. ഓരോ സംഭവവും മറ്റൊന്നിലേക്ക് നയിക്കുകയാണ് ചെയ്യുന്നത്. ഓരോ വ്യക്തിക്കും ഗ്രൂപ്പിനും അവരുടെ ശത്രുക്കൾ ഉണ്ട്. പലപ്പോഴും ആ ശത്രുക്കൾ അപ്രത്യക്ഷമായി കഴിഞ്ഞിരിക്കും. നാം ഏവരും നേരിടുന്ന കോപം, വിദ്വേഷം എന്നിവയാണ് യഥാർത്ഥത്തിലുള്ള ശത്രുക്കൾ. രാത്രിയിൽ ഉറക്കത്തിലും നാം അവയെ കൊണ്ടു നടക്കും. മറ്റുള്ളവരെ നമുക്ക് ആവശ്യമില്ല. നാം നമ്മെത്തന്നെ നശിപ്പിക്കുകയാണ്.





കോപം, ഭയം, അവിശ്വാസം, പ്രതികാരം, സംശയം ആദിയായ വികാരങ്ങൾക്ക് അടിമപ്പെട്ടാണ് പലരും ജീവിക്കുന്നത്. എതിർപ്പും കയ്പും വിദ്വേഷവും ഇന്നും നിലനിൽക്കുന്നു. 1994-ലെ കൂട്ടക്കുരുതിയിലേക്ക് നയിച്ച തത്വശാസ്ത്രങ്ങളൊക്കെയും ഇന്നും ദർശിക്കാവുന്നതാണ്. അവയിൽ ചിലതൊക്കെ വിദ്യാലയങ്ങളിൽ പഠിപ്പിക്കുകയും ചെയ്യുന്നു. നിരവധി വർഷം ജയിലുകളിൽ കഴിഞ്ഞവർ മടങ്ങി ഭവനത്തിലേക്ക് വരുന്നു. അവരിൽ ചിലർ ഒരു പക്ഷെ നിങ്ങളുടെ അടുത്ത ഒരു ചാർച്ചക്കാരനെ, സഹോദരൻ, സഹോദരി, അമ്മ, അപ്പൻ ഇങ്ങനെയൊരാളെയെങ്കിലും വധിച്ചിട്ടുണ്ട് എങ്കിൽ അവരോട് എപ്രകാരം വർത്തിക്കുവാൻ സാധിക്കും. അവരുമായി ബന്ധപ്പെടുക എന്നത് സ്നേഹമില്ലാതെ തികച്ചും അസ്സാധ്യമാണ്. പഴയ വിദ്വേഷങ്ങളിൽ നിന്നും ബന്ധനങ്ങളിൽ നിന്നും നമ്മെ വിടുവിക്കുവാൻ സാധിക്കുന്നത് സ്നേഹത്താൽ മാത്രമാണ്. യഥാർത്ഥത്തിൽ സൗഖ്യം നൽകുന്നത് സ്നേഹമാണ്.

റുവാണ്ടായിൽ മാത്രമല്ല ലോകമെമ്പാടും ഇതുപോലെയുള്ള മുറിവുകൾ നിലനിൽക്കുന്നു. നിർഭാഗ്യവശാൽ ഇതിൽ നിന്നും വിടുതൽ ലഭ്യമല്ല എന്ന രീതിയിൽ പലരും വർത്തിക്കുന്നു. അനിഷ്ട സംഭവങ്ങൾ ദിനംപ്രതി ഉളവാകുന്നു. ലോകത്തിന്റെ ഗതി അതാണ് എന്ന രീതിയിൽ അതിനെ അംഗീകരിക്കുന്നു. എന്നാൽ അതിന്റെ പരിഹാരമായ ക്ഷമയെക്കുറിച്ച് ആരും ഒന്നും തന്നെ പറയുന്നില്ല. ക്ഷമയുടേതായ ഒരു സംസ്കാരത്തിന് മാത്രമേ നിരാശയിൽ നിന്നും ഭീകരപ്രവർത്തനങ്ങളിൽ നിന്നും മനുഷ്യന് വിടുതൽ നൽകി പ്രത്യാശയുടെയും സ്നേഹത്തിന്റെയും മാർഗ്ഗത്തിൽ കൂടി നയിക്കുവാൻ സാധ്യമാകൂ.

എന്നാൽ ഇത് ഒരു രാത്രികൊണ്ട് സംഭവിക്കുന്നതല്ല. ക്ഷമ എന്നത് വ്യക്തിപരമായ തിരഞ്ഞെടുപ്പാണ് ആത്മാവിന്റെ ഉള്ളിലേക്കുള്ള അന്വേഷണമാണ്. ഇതിന് ആത്മ പരിശോധന ആവശ്യമാണ്. ക്ഷമയ്ക്കു വേണ്ടി പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയെ മറ്റുള്ളവരെ ബോധ്യമാക്കേണ്ടതാണ്. ക്ഷമയെക്കുറിച്ചുള്ള ഹൃദയസ്പർശകമായ കഥകൾ അവർ ശ്രവിക്കേണ്ടതാണ്. ക്ഷമയെക്കുറിച്ചുള്ള ദർശനങ്ങൾ കണ്ട് പ്രത്യാശ അവർക്ക് ലഭ്യമാകേണ്ടതാണ്.

അറുപതുകളിൽ ഞാൻ ശ്രവിച്ച ഒരു ഗാനത്തിന്റെ പ്രധാന ആശയം ഈ ദർശനമാണ്. ആ ഗാനത്തിന്റെ വരികൾ ഇപ്രകാരം ആണ് രചിക്കപ്പെട്ടിരിക്കുന്നത്.

"ഒരു മനുഷ്യന്റെ കൈകൾകൊണ്ട് ജയിലഴികൾ തുറക്കുവാൻ സാദ്ധ്യമല്ല/

രണ്ടു മനുഷ്യരുടെ കൈകൾകൊണ്ട് ഒരു ജയിൽ പൊളിക്കുവാൻ സാദ്ധ്യമല്ല/

പക്ഷെ ഇതു രണ്ടും രണ്ടുമായി ഒരു ലക്ഷം ആയിത്തീർന്നാൽ/

അങ്ങനെയുള്ള ഒരു ദിവസത്തിനുവേണ്ടി നമുക്ക് പ്രതീക്ഷിക്കാം".

ഈ പ്രത്യാശയാണ് കൊസെവൊയിലെ ഗ്രാമങ്ങളിൽ കൂട്ടക്കുരുതി നടത്തിയവരും അതിൽ നിന്ന് രക്ഷപ്പെട്ടവരും ഒരുമിച്ച് സമൂഹ കൃഷി ത്തോട്ടങ്ങളിൽ പണിയെടുക്കുന്നതിന്റെ പ്രേരകാശക്തി. ഈ പ്രത്യാശയാണ് 1998-1999 ൽ ഇൻഡോനേഷ്യയിലെ മാലുക ദീപ സമൂഹങ്ങളിൽ തങ്ങളുടെ ഭവനങ്ങൾ തീവെച്ചു നശിപ്പിക്കുകയും അമ്മപെങ്ങന്മാരെ ഉപദ്രവിക്കുകയും ചെയ്തവരോടു ക്രിസ്ത്യൻ സമുദായത്തിൽ പെട്ടവർ കാട്ടിയ ക്ഷമ.

ഈ പ്രത്യാശ തന്നെയാണ് മറ്റു പല പ്രസ്ഥാനങ്ങളുടെയും പ്രചോദനം. 2008-ൽ യിസ്രായേലിലെ യഹൂദന്മാരെയും അറബികളായ മുസ്ലിം മതസ്ഥരെയും ഒരുമിച്ച് ചേർത്തു ഒരു നാടക ട്രൂപ്പ് പിറ്റ്സ്ബർഗ് എന്ന സ്ഥലത്ത് സംഘടിപ്പിക്കുകയുണ്ടായി. അന്യോന്യം മറ്റുള്ളവരുടെ സ്ഥാനത്ത് എപ്രകാരം വർത്തിക്കും എന്ന രീതിയിലുള്ള ഒരു അഭിനയ പഠനം അതിൽ കൂടി നടത്തപ്പെട്ടു. ആശയങ്ങൾ അവർ പകർന്നു. ആ ആശയങ്ങൾ പഠിക്കുകയും സമാധാനത്തിന് വേണ്ടി ജീവിതത്തിൽ പകർത്തപ്പെടുകയും ചെയ്തു.

അതിന്റെ ഡയറക്ടർ ആയിരുന്ന റോണി ഓസ്ഫീൽഡ് പറയുന്നു "വളരെയധികം ഭയം, തെറ്റിദ്ധാരണകൾ, മുറിവുകൾ ഇവനിലനിൽക്കുന്നു. ഇത് തികച്ചും വേദനാജനകമാണ്. എന്നാൽ എതിരാളികളുമായി ആശയവിനിമയത്തിനുള്ള വാതിലുകൾ തുറന്നിടുകയാണെങ്കിൽ അത് അവരുടെ ഹൃദയത്തെ സ്പർശിക്കുകയും അവിടെ നിന്ന് സമാധാനത്തിന്റെ ആത്മാവ് പുറപ്പെടുകയും ചെയ്യും എന്ന് നമുക്ക് പ്രതീക്ഷിക്കാം.

എന്തുകൊണ്ട് ആയിക്കൂടാ? മാർഗ്ഗറ്റ് മീഡ് (Margaret Mead) എന്ന നരവംശ ശാസ്ത്രജ്ഞ പറയുന്നു. "ഒരു ചെറിയ ഗ്രൂപ്പിന് അവർക്ക് ആത്മാർത്ഥതയും അർപ്പണ ബോധവും ഉണ്ടെങ്കിൽ ലോകത്തെ മാറ്റി മറിക്കാം." മാർഗററ്റിന്റെ വാക്കുകൾ കുറെ വർഷങ്ങൾക്ക് മുമ്പ് ആമിഷ്





സ്കൂളിലെ (Amish School) കൂട്ടക്കൊലയിൽ യാഥാർത്ഥ്യമായിത്തീർന്നു.

## ആമിഷ് സ്ക്കൂളിലെ കൂട്ടക്കൊല (Amish School Massacre)

2006 -ാം ആണ്ട് ഒക്ടോബർ മാസം രണ്ടാം തീയതി ചാൾസ് റോബർട്ട്സ് എന്ന് പേരുള്ള ഒരു ഡ്രൈവർ (പാൽ കൊണ്ടുപോകുന്ന വാഹനം) പെൻസിൽവേനിയയിലുള്ള അമീഷ് സങ്കടത്തിന്റെ സ്കൂളിൽ (ഒരു മുറി മാത്രം ഉള്ള സ്കൂൾ) കയറ്റി. അവിടുത്തെ ആൺ കുട്ടികളും അദ്ധ്യാപകനും പുറത്തുപോകുവാൻ ആവശ്യപ്പെട്ടു. അതിനുശേഷം ആ മുറിക്കകത്തുള്ള പെൺകുട്ടികളെ കെട്ടിയിട്ട് താൻ ആ പ്രവർത്തിക്കായി കൊണ്ടു വന്ന നാനൂറ് റൗണ്ട് കതിനകളുമായി അവരെ വെടിവെച്ച് കൊല്ലുവാൻ ഒരുമ്പെട്ടു.

ആ കൂട്ടത്തിൽ ഏറ്റവും മുതിർന്ന പെൺകുട്ടിക്ക് പതിമൂന്നു വയസ്സു പ്രായമുണ്ടായിരുന്നു. തന്നെ വധിച്ചതിനുശേഷം ബാക്കിയുള്ളവരെ ഉപദ്രവിക്കാതെ വെറുതെ വിടണമെന്ന് അവൾ റോബേർട്സിനോട് യാചിച്ചു. എന്നാൽ അത് വകവെയ്ക്കാതെ അവൻ അവരെ ഓരോരുത്തരായി വെടിവെച്ചുകൊണ്ടിരുന്നു. അതിൽ അഞ്ചു പേർ കൊല്ലപ്പെടുകയും മറ്റുള്ളവർക്ക് മുറിവ് ഏൽക്കുകയും ചെയ്തു. പോലീസ് വന്ന് ആ കെട്ടിടത്തിനുള്ളിലേക്ക് പ്രവേശിക്കുവാൻ തുടങ്ങുന്നതിനുമുമ്പായി അയാൾ തന്നത്താൻ വെടിവെച്ച് മരിക്കുകയും ചെയ്തു.

റോബോർട്ട്സിന്റെ യഥാർത്ഥ ഉദ്ദേശം എന്തായിരുന്നു എന്ന് ആർക്കും അറിവാൻ പാടില്ലായിരുന്നു എങ്കിലും തന്റെ പൈതലിനെ വർഷങ്ങൾക്കു മുമ്പ് ദൈവം എടുത്തതിനു ദൈവത്തോടുള്ള വൈരാഗ്യം തീർക്കുന്നതിനായിട്ടു അവരെ കൊല്ലുന്നു എന്നാണ് റോബേർട്ട്സ്ആ പെൺകുട്ടികളോട് പറഞ്ഞത്.

കുറച്ചു മണിക്കൂറുകൾക്കുള്ളിൽ ഈ വാർത്ത ലോകമെങ്ങും പ്രചരിച്ചു. വൈകുന്നേരമായപ്പോഴേക്കും നിക്കൽ മൈൻസ് എന്നറിയപ്പെടുന്ന ആ ഗ്രാമത്തിലേക്ക് റ്റി.വി. ചാനൽ പ്രവർത്തകർ എത്തി. ആ കൊലയാളിയെയും കൊല്ലപ്പെട്ട പെൺകുട്ടികളെയും സംസ്ക്കരിച്ചതിനു ശേഷം മാത്രമാണ് അവർ അവിടെ നിന്നു പോയത്.

വളരെ ക്രൂരമായ ഈ അദ്ധ്യായത്തിന് ഒരു മറ എന്നതുപോലെ ക്ഷമയുടേതായ മറ്റൊരു അദ്ധ്യായം കൂടിയുണ്ട്. തങ്ങളുടെ പ്രിയ മക്കളെ വധിച്ച ആ നിഷ്ഠൂരനോട് ക്ഷമിക്കുവാനായി അവിടെയുള്ള

മാതാപിതാക്കൾക്ക് കഴിഞ്ഞത് ഒരു ആത്മീയ സമൂഹത്തിന്റെ പ്രേരണയാലാണ്. ആ സമൂഹത്തിലെ അംഗങ്ങൾ കൊല്ലപ്പെട്ട കുട്ടികളുടെ മാതാപിതാക്കളെയും കൊലപാതകിയുടെ ഭാര്യയെയും സന്ദർശിച്ച് തങ്ങളുടെ അനുശോചനങ്ങൾ അറിയിച്ച് അവരെ സമാധാനിപ്പിക്കുവാൻ ശ്രമിച്ചു. അത് സംസാരത്തിൽ ഒതുങ്ങിനിൽക്കാതെ അതിലും ഉപരിയായി അവർക്കുവേണ്ടി പല സഹായങ്ങളും നൽകുകയും ചെയ്തു. കൊലപാതകിയുടെ ഭാര്യയ്ക്കും മക്കൾക്കും വേണ്ടി ഒരു ഫണ്ട് രൂപീകരിക്കുകയും അവർക്കു വേണ്ടി ഭക്ഷണം ശേഖരിക്കുകയും ചെയ്തു. കൊലപാതകം നടന്ന ദിവസം തന്നെ ഈ രീതിയിലുള്ള സമീപനം ദൃശ്യമായി. മരണപ്പെട്ട കുട്ടികളുടെ ദുഖാർത്തരായ കുടുംബാംഗങ്ങൾ പലരും കുലപാതകിയുടെ അടക്കത്തിലും പങ്കുകൊണ്ടു എന്നത് ഏറ്റവും ശ്രദ്ധാർഹമാണ്.

ആമിഷ് സമൂഹത്തെ പുറത്തുള്ളവർ വിലമതിച്ചിരുന്നുവെങ്കിലും അവരുടെ ഈ പ്രതികരണത്തെ മനസ്സിലാക്കുവാൻ പലർക്കും സാധിച്ചില്ല. ഒരു റ്റി.വി. റിപ്പോർട്ടർ ഇപ്രകാരം പറഞ്ഞു. "എല്ലാ മതങ്ങളും ക്ഷമിക്കുവാൻ പഠിപ്പിക്കുന്നു. പക്ഷെ ആമിഷുകൾ ക്ഷമിക്കുന്നതു പോലെ വേറെ ആരും അത് ചെയ്യുന്നില്ല എന്നതാണ് വ്യത്യാസം.

പൂർണ്ണമായി ക്ഷമിക്കുക എന്നത് ആമിഷ് സമൂഹാംഗങ്ങൾക്ക് എളുപ്പമായിരുന്നില്ല. ആ സമൂഹത്തിലുള്ള പലരെയും പ്രത്യേകിച്ച് കുഞ്ഞുങ്ങൾ നഷ്ടപ്പെട്ട മാതാപിതാക്കളെയും എനിക്കറിയാം. അവർ മറ്റാരേക്കാളും വിശുദ്ധരല്ല. ക്ഷമിക്കുക എന്നത് ഒരു നൈമഷിക തീരുമാനമല്ല. ദൈനദിന ജീവിതത്തിലെ പോരാട്ടങ്ങളും അതിൽ കൂടെയുള്ള പ്രതിഷ്ഠയുമാണ്. അന്ന് വെടിയേറ്റ ഒരു കുട്ടി മാസങ്ങൾ മരണത്തോടു മല്ലടിച്ചു അബോധാവസ്ഥയിൽ ജീവിച്ചു. മറ്റു ചിലരുടെ തലച്ചോറിന് മുറിവേറ്റ് ആയുസ്സു മുഴുവൻ മറ്റുള്ളവരുടെ പരിചരണത്തിൽ കഴിയേണ്ടുന്ന അവസ്ഥയിലായി. കുട്ടികളെ സ്കൂളിൽ വിടുവാനുള്ള ഭയം നിമിത്തം മറ്റു ചില മാതാപിതാക്കൾ തങ്ങളുടെ കുഞ്ഞുങ്ങളെ സ്വന്തം ഭവനത്തിൽ തന്നെ പഠിപ്പിച്ചു. ഈ സംഭവവും ആയി ബന്ധപ്പെട്ട ഏവരും തങ്ങളുടെ ജീവിതകാലം മുഴുവൻ പലതരത്തിലുള്ള ഭയങ്ങളുമായി കഴിയേണ്ടി വന്നേക്കാം.

പക്ഷെ, ജീവിതത്തിൽ എക്കാലവും നീണ്ടു നിന്നേക്കാവുന്ന പക, വിദ്വേഷം, കോപം, പ്രതികാരം ഇത്യാദി നിഷേധാത്മകങ്ങളായതും





സ്വയം നശീകരണശക്തിയുള്ളതുമായ വികാരങ്ങളെ ഇല്ലാതെയാക്കുവാൻ ആമിഷ് സമൂഹത്തിന് സാധിച്ചു എന്നത് പ്രസക്തമാണ്. യേശുക്രിസ്തുവിന്റെ അനുയായികളായ അവരുടെ ഏക ഉത്തരം കുരിശിൽ കിടന്നുള്ള കർത്താവിന്റെ വാക്കുകളാണ്. "പിതാവെ ഇവർ ചെയ്യുന്നത് എന്ത് എന്ന് അറിയായ്കയാൽ ഇവരോട് ക്ഷമിക്കേണമേ".

യേശുക്രിസ്തുവിന്റെ ഈ സമീപനം ഒട്ടും തന്നെ ജനപ്രീതിയുള്ളതായി കരുതുവാൻ സാദ്ധ്യമല്ല. പ്രത്യേകിച്ചും ഈ കാലയളവിലെ സഭയിൽ ഇതു കാണുക അസ്സാദ്ധ്യം തന്നെ. ആചിന്താഗതിയെ വിരളമായ അവസ്സരങ്ങളിൽ പ്രകാശിപ്പിക്കുമ്പോൾ അതിന്റെ പ്രാവർത്തികതയെക്കുറിച്ച് ആശങ്കയും പ്രകടിപ്പിക്കും. 2005-ൽ സെർബിയൻ ഓർത്തഡോക്സ് സഭ (Serbian Orthodox Church) Miloseviec's ഭരണകൂടത്തിന് പിന്തുണ പ്രഖ്യാപിച്ചപ്പോൾ നിരീക്ഷകർ അത്ഭുതപ്പെട്ടുപോയി. "ഞങ്ങൾ ആൽബേനിയായിലെ സഹപൗരന്മാരോടു അന്യോന്യം ഉള്ള ക്ഷമയും അനുരഞ്ജനവും ആവശ്യപ്പെടുന്നു." എന്നായിരുന്നു അവരുടെ പൊതുപ്രഖ്യാപനത്തിന്റെ ആദ്യവാക്കുകൾ.

ഇതു ഒരു രാഷ്ട്രീയ കരുനീക്കമായി വ്യാഖ്യാനിക്കപ്പെട്ടു എങ്കിലും മറ്റു പലരും അന്യോന്യം സംഭാഷണത്തിനും ഉത്തമ ബന്ധങ്ങൾക്കും ഒരു തുടക്കമായി ഇതിനെ കാണുകയുണ്ടായി. ഇതിന്റെ അനന്തരഫലം എന്തായിരുന്നാൽ തന്നെയും ദശവർഷങ്ങളായി തുടർന്നു വരുന്ന വിദ്വേഷത്തിനും പ്രതികാരേച്ഛയ്ക്കും ഇത് വിരാമം ഇട്ടു എന്നതിന് തർക്കമില്ല.

ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആയിരുന്ന കെവിൻ റഡ് (Kevin Rudd) 2008-ൽ ഓസ്ട്രേലിയൻ ആദിവാസികളോടു മുൻകാലങ്ങളിൽ ചെയ്തിട്ടുള്ള അപരാധത്തിന് മാപ്പ് പറഞ്ഞതിനെ ചോദ്യം ചെയ്തുവെങ്കിലും മറ്റു പലരും പ്രധാനമന്ത്രിയുടെ വാക്കുകളെ സ്വാഗതം ചെയ്യുകയാണുണ്ടായത്. ഫാ. മൈക്കൾ ലാപ്സലി (Fr. Michael Lapsley) യുടെ വാക്കുകൾ ശ്രദ്ധിക്കുക.

"ചരിത്രത്തിലെ കഴിഞ്ഞുപോയ യാഥാർത്ഥ്യങ്ങളെ ഇല്ലാതാക്കുവാൻസാധ്യമല്ല. ഓസ്ട്രേലിയയിലെ ആദിവാസികളുടെ വേദനകളും അവർ അനുഭവിച്ച യാതനകളുടെ ഓർമ്മകളും തലമുറകളായിത്തന്നെ നീണ്ടു നിൽക്കും. എന്നിരുന്നാലും സമൂഹത്തിന്റെ പ്രതിനിധികളുടെ ഭാഗത്തു നിന്ന് തെറ്റുകളെ സമ്മതിക്കുവാനും തിരുത്തുവാനും തയാ

റാകുന്നത് മുറിവുകൾക്ക് ആശ്വാസകരവും നീതിയും സൗഭാഗ്യവും ലഭ്യമാകുന്നതിനു വേണ്ടിയുള്ള ഒരു വഴിത്തിരിവും ആകും."

ഫാ. ലാപ്സലി (Fr.Lapsley) ഒരു നിരീക്ഷകൻ എന്ന നിലയിൽ മാത്ര മല്ല തന്റെ അഭിപ്രായം പറഞ്ഞത്. സൗത്ത് ആഫ്രിക്കയിലെ വർണ്ണ വിവേചനത്തിനെതിരായി പോരാടി ലോക പ്രശസ്തി നേടുകയും ആ രാജ്യത്തിനു പുറത്താക്കപ്പെടുകയും ഒരു ബോംബ് അപകടത്തിൽ രണ്ടു കൈകളും നഷ്ടപ്പെടുകയും ചെയ്ത ഒരു പുരോഹിതനാണ് ലാപ്സലി അദ്ദേഹം തന്റെ അനുഭവത്തിന്റെ വെളിച്ചത്തിലാണ് ഈ പ്രസ്താവന ചെയ്തത്. അദ്ദേഹത്തിന്റെ ചിന്തയിൽ ഒരു മാപ്പപേക്ഷ അനുരഞ്ജനത്തിന്റെ ആദ്യ പടിമാത്രമാണ്. ഒരു തുടക്കം എന്നതി നെക്കവിഞ്ഞ് അന്ത്യവാക്കാകുന്നില്ല. അതിൽ നിന്നാണ് ചർച്ചകളും അത്യന്തിക ക്ഷമയും ഉളവാകുന്നത്.

ചുരുക്കിപറഞ്ഞാൽ ഈ പ്രവർത്തനത്തിന്റെ ഭാഗമായി അക്രമത്തിന് ഇരയായവരെ ശ്രദ്ധാപൂർവ്വം ശ്രവിക്കുന്നവനും അവരുടെ വികാരങ്ങളെ ഉത്തമവും ക്രിയാത്മകവും ആയ രീതിയിൽ നയിക്കുന്നവനും ഇതിന്റെ ഭാഗമത്രെ. അനുരഞ്ജനത്തിലേക്ക് നയിക്കുന്നതും ക്ഷമയുടെ അർത്ഥ ത്തെക്കുറിച്ച് പറഞ്ഞു മനസ്സിലാക്കുന്നതും പ്രാധാന്യം അർഹിക്കുന്നു. ഈ ലോകത്തിലെ വിവിധ വർണ്ണങ്ങളും ജാതികളും സംസ്കാരങ്ങളും അംഗീകരിക്കപ്പെടേണമെന്നും എല്ലാ മനുഷ്യരും ദൈവത്തിന്റെ മുമ്പിൽ വിലയേറിയവരും ആത്മീയ ചൈതന്യമുള്ളവരും ആണ് എന്നതും നാം മറന്നു കളയരുത്. അവസാനമായി മുൻകാലശത്രുക്കൾ അവരുടെ പഴയ കാലചരിത്രത്തിന്റെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കേണ്ടതാണ് എന്ന തിനോടൊപ്പം ഓരോ വ്യക്തിയും അക്രമിയും അക്രമത്തിനിരയും ആയിത്തീരാവുന്നതാണ് എന്നതും നാം വിസ്മരിക്കരുത്.

ആ വിധത്തിലുള്ള ഒരു കാഴ്ചപ്പാടും അതുപോലെ ഒരുവൻ അയാ ളുടെ തന്നെ ഏറ്റവും വലിയ ശത്രു ആയിത്തീരാമെന്ന സാധ്യതയും - വളരെ ദുഷ്കരമായ ഒരു ചിന്തയാണ്. പക്ഷെ ആ ചിന്ത നമ്മെ യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്ക് നയിക്കുന്നു. ഈ പുസ്തകത്തിലെ ഓരോ അധ്യായവും വിവരിക്കുന്നതുപോലെ പോരാട്ടമില്ലാതെ വിജയം സാദ്ധ്യമല്ല. പശ്ചാത്തപമില്ലാതെ വീണ്ടെടുപ്പും, വേദനയില്ലാതെ സൗഖ്യവും അസ്സാദ്ധ്യം. ശരത്കാലം വസന്തകാലത്തിന്റെ മുന്നോടി യാണ്. സുവിശേഷത്തിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നതുപോലെ കോത





മ്പുമണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ ഫലം കായിക്കുന്നില്ല.

ധൃതഗതിയിൽ ഗമിക്കുന്ന ഇന്നത്തെ ലോക സാഹചര്യത്തിൽ വർണ്ണ പകിട്ടുകളുടെ നിവൃതിയിൽ ഉന്മൂലനാശം ഭവിച്ച ഒരു ചെറു ഗ്രാമത്തിന്റെ പുനരുദ്ധന പ്രവർത്തനങ്ങൾക്ക് വലിയ വാർത്താ പ്രാധാന്യം നൽകപ്പെടുന്നില്ല. എന്റെ അനുഭവത്തിൽ നിന്നു തന്നെ ക്ഷമയെക്കുറിച്ചും സഹനശക്തിയെക്കുറിച്ചും സ്കൂളുകളിലും പല സമ്മേളനങ്ങളിൽ സംസാരിക്കുന്നത് പത്രവാർത്തയാകുന്നില്ല. എന്ന് എനിക്ക് പറയുവാൻ സാധിക്കും. പക്ഷേ ഒരു സ്കൂളിൽ ഒരു വെടി വെയ്പ് നടന്നാൽ അത് ധാരാളം പത്രപ്രവർത്തകരെ ആകർഷിക്കു കയും ചെയ്യും. വാർത്തയെ അടിസ്ഥാനമാക്കിയല്ല യഥാർത്ഥ വിജയം നിലകൊള്ളുന്നത്.

എന്റെ ഒരു പരിചയക്കാരി ആയ ഡൊറോത്തി ഡേ (Dorothy Day) പതിറ്റാണ്ടുകളായി ന്യൂയോർക്ക് നഗരത്തിലെ പാവപ്പെട്ടവരുടെ ഇട യിൽ പ്രവർത്തിച്ചുവരുന്നു. അവരുടെ അഭിപ്രായത്തിൽ ഏറ്റവും വലിയ പ്രതിബന്ധം മറ്റു വ്യക്തികളോ സ്ഥാപനകളോ അല്ല പ്രത്യുത നമ്മുടെ സ്വന്തം അപര്യാപ്തതാ ബോധവും ഭയങ്ങളും ആണ്. "ഈ ലോകത്തെ നമുക്ക് ഒരളവിൽ വ്യതിയാനപ്പെടുത്താം." അവർ ഒരു പത്രത്തിൽ എഴുതി "ഒരു കല്ല് ഒരു കുളത്തിൽ ഇടുമ്പോൾ ഉത്ഭവിക്കുന്ന അല കൾ അവസാനം കുളത്തിന്റെ കരവരെയും പോകുന്ന സ്വാധീനം ആണ് നമുക്ക് ചെലുത്തുവാൻ സാധിക്കുന്നത്".

വിദ്വേഷത്തിന്റെയും പ്രതികാരത്തിന്റെയും കഥകളെക്കാൾ വളരെ ക്കൂടുതൽ കഥകൾ സ്നേഹത്തെയും ക്ഷമയെയും കുറിച്ചാണ്. നിങ്ങ ളുടെ ശബ്ദം കേൾപ്പിക്കപ്പെടുവാൻ എത്രനാൾ കാത്തിരിക്കണം? ഓള ങ്ങളുടെ അലകൾ വ്യാപിക്കുവാൻ നാം ഒരു ചെറിയ കല്ലെങ്കിലും കുളത്തിലേക്ക് ഇടുവാൻ ഒരുമ്പെടുമോ?

❖ ❖ ❖ ❖